1927

Δ2xM63
32F7

13 32F7
WARAN
(V.K)
in-
MUL
066799

**Madras University Library.**

DOCTRINA · VIM · PROMOVET INSITAM

Call Number Δ2x Mb3 32F7

Accession Number 66799

Available for loan from

This book should be returned on or before the date last marked below.

- 2 FEB 1959

14 APR 1959

- 5 JAN 1965

12 DEC 1969

061

# അദ്ധ്യാത്മചിന്താമണി.

—:o:—

ശ്രീവിവേകാനന്ദസ്വാമികളുടെ

## ആയിരത്തിനാല് ഉപദേശങ്ങൾ.

—:o:—

ഗ്രന്ഥകർത്താ,

വടയാററുകോട്ട **കെ. പരമേശ്വരൻപിള്ള.**

പ്രകാശകൻ,

വി. എൻ. രാമൻപിള്ള,—കൊല്ലം.

—o::—

"ശ്രീരാമവിലാസം" പ്രസ്സ്,

കൊല്ലം—തിരുവിതാംകൂർ.

—:o:—

൧-ാംപതിപ്പ് കാപ്പി—൧൦൦൦.

൧൧൦൨.

പകർപ്പവകാശം പ്രകാശകന്.

66799
A2 [illegible] M63
32P7



സ്വാമി വിവേകാനന്ദൻ.

UNIVERSITY LIBRARY
11 MAR 1932
MADRAS

ശ്രീ.

ആത്മാവിനെ അറിയുകയാണു്, പരമോൽകൃഷ്ടമായ ആൎയ്യധൎമ്മം; ആ ധൎമ്മത്തെ അഭിമുഖീകരിച്ചു ജീവിക്കുന്നവനാകുന്നു യഥാൎത്ഥ മനുഷ്യൻ. യഥാൎത്ഥ മനുഷ്യത്വത്തെ പ്രാപിക്കുമ്പോഴല്ലാതെ ഏതൊരാളും മുക്തിയ്ക്കു് അധികാരിയായി ഭവിക്കുന്നില്ല; ഇതുതന്നെയാണു് സൎവ്വ വേദവേദാന്തസിദ്ധാന്തസംഗ്രഹം. ലോകഗുരു വിവേകാനന്ദസ്വാമികളുടെ ഉപദേശവചസ്സുകളിൽ സാൎവ്വത്രികമായി നിഴലിച്ചു കാണുന്ന തത്വവും ഇതുതന്നെയാകുന്നു. അപ്രകാരമുള്ള ആയിരത്തിനാലു ദിവ്യോപദേശങ്ങൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ഉപദേശങ്ങൾ അധികവും സ്വാമികൾ, അമേരിക്കയിലെ തന്റെ പാശ്ചാത്യശിഷ്യന്മാൎക്കുനൽകിയിട്ടുള്ളവയാണു്. തന്റെ സ്വദേശികളായ ഭാരതീയൎക്കു നൽകീട്ടുള്ള ഉപദേശങ്ങളും, ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു്. ആത്മനിർവൃതിയെ കാംക്ഷിക്കുന്ന ഏതൊരാളും—ഹിന്ദുവോ, അഹിന്ദുവോ ആയിക്കൊള്ളട്ടെ—വിവേകാനന്ദദിവ്യോപദേശങ്ങൾക്കു സ്വാഗതം നൽകുകതന്നെ വേണം. അത്ര മഹത്തരമായ ഈ ഉപദേശരത്നങ്ങളെ കേരളീയദൃഷ്ടിക്കു വിഷയീഭവിക്കണമെന്നു തോന്നിയ പ്രകാശകന്റെ ഔചിത്യബുദ്ധി അഭിനന്ദനീയമായിരിക്കുന്നു.

പ്രകാശകന്റെ നിരന്തര പ്രേരണയും അലട്ടലും ഉണ്ടായിക്കൊണ്ടിരുന്നിട്ടും, കൃത്യാന്തരപരതന്ത്രനായ എനിക്കു് ഇപ്പുസ്തകം നിർദ്ദിഷ്ടാവധിക്കു് എഴുതിത്തീർക്കാൻ സാധിക്കാതെ വന്ന അപരാധത്തെ, പരസ്യം കണ്ടു കാലേക്കൂട്ടി പുസ്തകത്തിനു് ആവശ്യപ്പെട്ടു് എഴുതിഅയച്ചിരുന്ന മാന്യന്മാർ സദയം ക്ഷമിക്കണമെന്നു പ്രാൎത്ഥിക്കുന്നു. വശ്യവാക്കായ കേരളകാളിദാസൻ അഭിപ്രായപ്പെട്ടതുപോലെ, "തിരമാറിക്കടലാടാൻ" സാധിക്കുകയില്ലെന്നുകണ്ടു്, പുസ്തകത്തിന്റെ അച്ചടിയും എഴുത്തും ഒന്നിച്ചുനടത്തിത്തുടങ്ങി. തന്നിമിത്തം എഴുതിത്തീർക്കുന്ന കടലാസ്സുകൾ, പിന്നീടൊന്നു വായിച്ചു നോക്കുകപോലും ചെയ്യാതെ, അപ്പപ്പോൾ അച്ചുക്കൂടത്തിൽ ഏല്പിക്കേണ്ടിവന്നതിനാൽ, ഭാഷാവിഷയകമായ പരിഷ്കാരങ്ങൾക്കു് എനിക്കു സൌകൎയ്യം ലഭിച്ചിട്ടില്ല. എന്നല്ല, പലഭാഗത്തും സാഹിത്യമൎയ്യാദകളെ ലംഘിച്ചിട്ടുണ്ടെന്നും വന്നേയ്ക്കാം. എന്നാൽ സാഹിത്യമൎയ്യാദകളെയും സ്വാമികളുടെ ഗഹനഗംഭീരമായ ആശയങ്ങളെയും ഏകത്ര ആദരിക്കാൻ പ്രയാസമാണെന്നു് എനിക്കൊരു അഭിപ്രായം ഇല്ലാതില്ല. ഈ അഭിപ്രായത്തോടു് ആ

നക്രല്യം കാണിക്കാത്തവരുണ്ടെങ്കിൽ, ആ മാന്യന്മാർ, ഇതേവരെ മലയാളഭാഷയിൽ സംക്രമിച്ചിട്ടുള്ള, സ്വാമികളുടെയോ താദൃശന്മാരായ ഇതരമഹാത്മാക്കളുടെയോ ഗ്രന്ഥങ്ങളുടെ, തർജ്ജമകൾ സൂക്ഷ്മം വീക്ഷിക്കണമെന്ന് ഒരപേക്ഷയുണ്ട്.

“ശ്രീവിവേകാനന്ദവീരഗർജ്ജനം” എന്ന പേരിൽ ഈ ഗ്രന്ഥത്തിന്റെ ഒടുവിൽ അനുബന്ധിച്ചിരിക്കുന്ന പ്രബന്ധം, കേരളീയരെ ദേശാഭിമാനത്താൽ രോമാഞ്ചകഞ്ചുകിതരാക്കുമെന്നു പ്രക[illegible] അഭിപ്രായപ്പെട്ടതനുസരിച്ച്, എന്റെ പഴയ കുറിപ്പിൽനിന്നും എടുത്തുചേർത്തിട്ടുള്ളതാകുന്നു.

പതിവുപോലെ, ഈ ഗ്രന്ഥത്തെയും സജ്ജനസമക്ഷം സമർപ്പിച്ചുകൊണ്ട്,

| | | |
|---|---|---|
| കൊല്ലം. | } | സഹൃദയവിധേയനായ |
| ൧൧൦൨ തുലാം ൧൩. | } | ഗ്രന്ഥകർത്താ. |

# അദ്ധ്യാത്മചിന്താമണി.

ശ്രീവിവേകാനന്ദസ്വാമികളുടെ

## ആയിരത്തിനാല് ഉപദേശങ്ങൾ.

MAR. 1932

---

൧. ഏററവും സമീപകാലത്തിൽ കണ്ടുപിടിക്കപ്പെട്ട ശാസ്ത്രങ്ങളും ഏതൊന്നിൻെറ പ്രതിദ്ധ്വനികളായി അറിയപ്പെടുന്നുവോ, ആ വേദാന്തതത്വജ്ഞാനത്തിൻെറ വിശിഷ്ടമായ ആത്മീയ സോപാനങ്ങൾ മുതൽ ബഹുധാ വ്യത്യസ്തങ്ങളായ പുരാണ കഥകളോടുകൂടിയ വളരെത്താഴ്ന്ന വിഗ്രഹാരാധനാസിദ്ധാന്തങ്ങൾ, ബൌദ്ധന്മാരുടെ സംശയവാദം, ജൈനന്മാരുടെ നാസ്തിക്യം മുതലായവവരെ ഓരോന്നിനും ഹിന്ദുവിൻെറ മതത്തിൽ ഒരു സ്ഥാനമുണ്ട്.

൨. ശോധനയത്രേ ഒരു സിദ്ധാന്തത്തിനു ശരിയായ പ്രമാണം.

൩. സഹോദരന്മാരെ! അമൃതാനന്ദത്തിന് അഹന്മാർ എന്ന ആ മനോഹരമായ പദംകൊണ്ട് നിങ്ങളെ അഭിസംബോധനം ചെയ്യാൻ എനിക്ക് അനുവാദം തരിക! അതേ,ഹിന്ദുവായഒരുവൻ നിങ്ങളെ പാപികളെന്നു വിളിക്കാൻ അറയ്ക്കുന്നു. നിങ്ങൾ ഈശ്വരൻെറ സന്താനങ്ങൾ; അമൃതാനന്ദത്തിൻെറ ഓഹരിക്കാർ; പരിശുദ്ധതയും പരിപൂൎണ്ണതയും തികഞ്ഞവൎക്കാർ. ഭൂമിയിൽ ഈശ്വരന്മാരായ നിങ്ങൾ പാപികളോ? മനുഷ്യനെ അങ്ങനെ വിളിക്കുന്നതുതന്നെ ഒരു പാപമാണ്. അതു് മനുഷ്യത്വത്തിൽ ആരോപിക്കപ്പെട്ട ഒ[illegible] ശാശ്വതജു[illegible]യായി ഭവിക്കും. ഹേ കേസരികളേ വരുവിൻ! നിങ്ങൾ ആടുകളാണെന്നു ധരിച്ചുവച്ചിരിക്കുന്ന ഭ്രാന്തിയെ മാററുവിൻ! നിങ്ങൾ അഴിവററ ആത്മാക്കൾ; മുക്താത്മാക്കൾ; ഭാഗ്യവാന്മാർ; നിത്യന്മാർ; നിങ്ങൾ ജഡമല്ല; ശരീരമല്ല; ജഡം നിങ്ങളുടെ ദാസൻ; നിങ്ങൾ ജഡത്തിനു ദാസന്മാരല്ല.

൪. ഈ ബന്ധം ഈശ്വരകൃപകൊണ്ടു മാത്രം പേർപെടണം; ആ കൃപ പരിശുദ്ധമനുഷ്യരിൽ മാത്രം ഉണ്ടാകുന്നു. അതിനാൽ പരിശുദ്ധതയത്രേ ഈശ്വരകൃപാലാഭത്തിന് ഒരു മാൎഗ്ഗം.

൫. ശാസ്ത്രമെന്നതു്, ഐക്യത്തെ കണ്ടുപിടിക്കുകയല്ലാതെ മറെറാന്നുമല്ല.

൯. മൂഢഭക്തി, മനുഷ്യന് ഒരു വലിയ ശത്രു; എന്നാൽ മൂഢമായ മക്കടമുഷ്ടിയാകട്ടെ, അതിനെക്കാൾ ദുഷ്ടം.

൧൦. ഒരു മനുഷ്യനു തൻെറ ദൈവികത്വത്തെ ഒരു വിഗ്രഹത്തിൻെറ സഹായത്താൽ അനുഭവത്തിൽ അറിവാൻ കഴിയുന്നുവെങ്കിൽ അതിനെ പാപമെന്നു പറവാൻ ന്യായമുണ്ടോ? ആ പടികടന്നതിൽപിന്നീട് ആ മനുഷ്യനുതന്നെയും അതു തെററാണെന്നു പറവാൻ പാടില്ല. ഹിന്തുവിൻെറ അഭിപ്രായത്തിൽ മനുഷ്യൻ തെററിൽ നിന്നും പരമാത്ഥത്തെ അഭിമുഖീകരിച്ചു ചെല്ലുന്നില്ല. എന്നാൽ പരമാത്ഥത്തിൽനിന്ന് പരമാത്ഥത്തിലേക്കു—താഴ്ന്ന പരമാത്ഥത്തിൽ നിന്ന് ഉയന്ന പരമാത്ഥത്തിലേക്കു—പോകുന്നു.

൧൧. ലോകത്തിന് ആകമാനം പൊതുവേ ഒരുമതം ഉണ്ടായിരിക്കണമെങ്കിൽ അതു സ്ഥലത്തെയാകട്ടെ, കാലത്തെയാകട്ടെ ആധാരമാക്കിയിട്ടില്ലാത്തതായിരിക്കണം; ഏതൊരു ദൈവത്തെഅതു വെളിപ്പെടുത്തുന്നുവോ ആദൈവത്തെപ്പോലെഅഖണ്ഡമായിരിക്കണം. അതു കൃഷ്ണൻെറ ഭക്തന്മാരിലും ക്രിസ്തുവിൻെറ ശിഷ്യന്മാരിലും സാധുക്കളിലുംചണ്ഡാളരിലും ഒരേതരത്തിൽവ്യാപിക്കും; അതു ബ്രാഹ്മണരുടേതോ,അഥവാ ബൌദ്ധന്മാരുടേതോ, അല്ലെങ്കിൽ ക്രിസ്ത്യാനികളുടേതോ, അതുമല്ലെങ്കിൽ മുഹമ്മദീയരുടേതോ ആയിരിക്കയില്ല; എന്നാൽ ഇതെല്ലാം ചേന്നതായിരിക്കും. മാത്രമല്ല, അഭിവൃദ്ധിക്ക് അതിരററസ്ഥലമുള്ളതായിരിക്കും. അതു് അതിൻെറ ഉദാരതയാൽ മൃഗങ്ങളിൽനിന്നും അധികം വ്യത്യാസമില്ലാത്ത ഏററവും താഴ്ന്ന പടിയിലുള്ള കാട്ടാളൻ മുതൽ അറിവു, പ്രേമം മുതലായ ഗുണ വിശേഷങ്ങളാൽ മനുഷ്യസമുദായത്തിൻെറ അഗ്രകോടിയിൽ അഭിലസിക്കുന്ന അത്യുൽകൃഷ്ടപുരുഷൻ വരെ ഓരോമാനുഷവഗ്ഗത്തെയും തൻെറ വിപുലമായ കൈകളെക്കൊണ്ട് അണച്ചാശ്ലേഷിച്ച് അവയ്ക്കു സ്ഥലം കൊടുത്തു്, ആ അത്യുൽകൃഷ്ടപുരുഷനെക്കണ്ടുജനസമുദായം ഭയഭക്തിയോടുകൂടി അവൻെറ മനുഷ്യത്വത്തിൽ അവക്ക് സംശയം ജനിക്കുമാറാക്കിച്ചെയ്യും. ക്രൂരതയ്ക്കാകട്ടെ, അക്ഷമയ്ക്കാകട്ടെ, അതിൽ സ്ഥലമുണ്ടായിരിക്കയില്ല, അതു് ഓരോ പുരുഷനിലും സ്ത്രീയിലുമുള്ള ഈശ്വരഭാവത്തെ ഗ്രഹിക്കും. അതു തൻെറ സവ്വശക്തിയും, മനുഷ്യവർഗ്ഗം തന്നിൽ അടങ്ങിക്കിടക്കുന്ന സ്വീയവും പാരമാത്ഥികവുമായ ഈശ്വരഭാവത്തെ അനുഭവത്തിൽ അറിവാനുള്ളശ്രമത്തിൽ സഹായിക്കാനായി മാത്രം പ്രയോഗിക്കും.

൧൨. വിശന്നുകിടക്കുന്ന ജനങ്ങൾക്കു മതോപദേശം ചെയ്യുന്നതു് അവരെ നിന്ദിക്കുന്നതിനു തുല്യമാണു്; വിശന്നുകിടക്കുന്ന ഒരു മ

നഷ്യന്ന തത്വജ്ഞാനം ഉപദേശിക്കുകയെന്നുള്ളതു് അവനെ നിന്ദിക്കുകയായിരിക്കും.

൧൦. യഹൂദന്മാർ യേശുക്രിസ്തുവിനെ അധിക്ഷേപിച്ചു; മാത്രമല്ല, അദ്ദേഹത്തെക്കുരിശിൽ തറയ്ക്കുകയും ചെയ്തു. ഹിന്തുക്കൾ ശാക്യമുനിയെ ഈശ്വരനായിസ്വീകരിച്ചു പൂജിക്കുന്നു.

൧൧. ബുദ്ധന്റെ ഉൽകൃഷ്ടമായ മഹത്വം, അദ്ദേഹംഓരോരുത്തരിലും, പ്രധാനമായി പാമരന്മാരിലും എളിയവരിലും പ്രകടിപ്പിച്ച ആശ്ചര്യകരമായ പ്രേമത്തിൽ അന്തർഭവിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ചിലർ ബ്രാഹ്മണരായിരുന്നു. ബുദ്ധന്റെ ഉപദേശകാലത്തു ഭാരതത്തിൽ സംസ്കൃതഭാഷ, സംസാരഭാഷയല്ലാതായി ഭവിച്ചു. ബുദ്ധന്റെ ബ്രാഹ്മണശിഷ്യന്മാരിൽ ചിലർ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ സംസ്കൃതത്തിൽ രേഖപ്പെടുത്താൻ ഉദ്യമിച്ചു. എന്നാൽ അദ്ദേഹം അവരോട് "ഞാൻ എളിയവക്കായിട്ടു് പൊതുജനങ്ങൾക്കായിട്ടു ജീവിക്കുന്നു. ഞാൻ പൊതുജനങ്ങളുടെ ഭാഷയിൽ സംസാരിക്കട്ടെ" എന്നു തുറന്നു പ്രസ്താവിച്ചു. അതുകൊണ്ടു ഇന്നേവരെ അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ പരിഭാഗവും ഭാരതത്തിൽ അക്കാലത്തു നടപ്പിലിരുന്ന പൊതുഭാഷയിലാണുള്ളതു്.

൧൨. തത്വജ്ഞാനത്തിന്റെ നില യാതൊന്നായാലും ശരി, ജഡാതീതജ്ഞാനത്തിന്റെ നില എന്തുതന്നെയായാലും ശരി, മരണമെന്നു് ഒന്നുള്ളെടത്തോളം മനുഷ്യഹൃദയത്തിൽ ബലഹീനതയെന്നു് ഒന്നുള്ളെടത്തോളം മനുഷ്യന്റെ ഹൃദയത്തിൽ നിന്നും ബലഹീനതയാലുള്ള ഒരു ശബ്ദം വെളിയിൽ പുറപ്പെട്ടുകൊണ്ടിരിക്കുന്നെടത്തോളം ഈശ്വരൻ ഒരുവൻ ഉണ്ടെന്നുള്ള ഒരു വിശ്വാസം നിലനില്ക്കുകതന്നെ ചെയ്യും.

൧൩. ഹിന്തുമതത്തിനു ബുദ്ധമതമില്ലാതെ വർത്തിക്കാൻ സാധിക്കുകയില്ല; ബുദ്ധമതത്തിനു ഹിന്തുമതമില്ലാതെ കഴിഞ്ഞുകൂടാനും നിവൃത്തിയില്ല. അങ്ങനെ വരുമ്പോൾ വ്യത്യാസം, നമ്മെ ധരിപ്പിക്കുന്നതേതൊന്നിനേയൊ അതിനെ—ബൌദ്ധന്മാർ ബ്രാഹ്മണരുടെ അറിവും ജ്ഞാനവുമില്ലാതെ കഴിഞ്ഞുകൂടാൻ സാധിയില്ലെന്നുള്ളതിനെ, അപ്രകാരംതന്നെ ബ്രാഹ്മണനു ബുദ്ധന്റെ ഹൃദയമില്ലാതെ കഴിയുവാൻ നിവൃത്തിയില്ലെന്നുള്ളതിനെ—ഗ്രഹിക്കുവിൻ! ബൌദ്ധന്മാർക്കും ബ്രാഹ്മണർക്കുമുണ്ടായ ഈ ഭിന്നിപ്പാണു ഭാരതത്തിന്റെ അധഃപതനത്തിനു ഹേതു. അതുകൊണ്ടത്രേ ഇന്ത്യ മുപ്പതുകോടി നിർദ്ധനന്മാരാൽ നിവസിക്കപ്പെട്ടിരിക്കുന്നതു്; അതിനാലാണു്, കഴിഞ്ഞ ആയിരം സംവത്സരകാലമായി ഭാരതം വിജയികൾക്കു് അടിമപ്പെട്ടുവരുന്നതു്. അങ്ങനെയാണെങ്കിൽ നമു

ക്ക്, ബ്രാഹ്മണന്റെ വിസ്മയനീയമായ ബുദ്ധിശക്തിയെയും ബുദ്ധ ന്റെ ഹൃദയത്തെയും ഉൽകൃഷ്ടമായ ആത്മാവിനെയും അത്ഭുതകര മായ അനുഗ്രഹശക്തിയെയും ഒന്നിച്ചുചേക്കാം.

൧൪. മനുഷ്യൻ എവിടെയിരുന്നാലും ശരി. അവൻ ഒരുവി ശ്വാസത്തെ അഭിവൃദ്ധമാക്കിക്കൊള്ളണം. അവൻ തന്റെ മതബു ദ്ധിയെ വളത്തിക്കൊള്ളണം.

൧൫. നിന്റെ ശരീരം മരണംപ്രാപിക്കാം; എന്നാൽ നി ന്റെ ആത്മാവ് ഒരിക്കലും മരിക്കുന്നില്ല.

൧൬. പുനജ്ജന്മസിദ്ധാന്തം ആത്മാവിന്റെ സ്വാതന്ത്ര്യ ത്തെ ദൃഢവൽകരിക്കുന്നു. ആദ്യമാദ്യമായിട്ട് ഒരു ആത്മം ഉണ്ടായി രുന്നതായി വിചാരിക്കുക! അങ്ങനെയാണെങ്കിൽ മനുഷ്യനിലുള്ള അശുദ്ധതാപമാകുന്ന ചുമടുമുഴുവൻ ഈശ്വരന്റെ കൈകളിൽ ആ രോപിക്കപ്പെടുന്നു. പരമകൃപാലുവായ പിതാവ്, ലോകത്തിലെ പാപങ്ങൾക്ക് ഉത്തരവാദിയായി ഭവിക്കുന്നു. പാപത്തിന്റെ അ വസ്ഥ ഇപ്രകാരമാണെങ്കിൽ ഒരുവൻ മററാരുവനേക്കാൾ ദുഃഖമ നുഭവിക്കുന്നതെന്തിന്? പരമദയാനിധിയായ ദൈവത്തിൽ നിന്നും പാപം ഉത്ഭവിക്കുകയാണെങ്കിൽ. അങ്ങനെപക്ഷപാതമെന്തിന്? ലക്ഷോപലക്ഷം ജനങ്ങൾ എന്തിനായിട്ടു ചുവട്ടടിയിലിട്ടു മർദ്ദിക്ക പ്പെടണം? പട്ടിണികിടക്കത്തക്കവണ്ണം യാതൊരിക്കലും യാതൊ ന്നും ചെയ്തിട്ടില്ലാത്ത ജനങ്ങൾ എന്തിനു പട്ടിണികിടക്കുന്നു? അവ ർ അതിലേക്കു കാരണ. തന്മാരല്ലെങ്കിൽ ദൈവം അതിന് ഉത്തര വാദിയായിത്തീരണമെന്നുള്ളതു നിശ്ചയം. അതിനാൽ അതിന്റെ ശരിയായ ന്യായം ഒരുവൻ അനുഭവിക്കുന്ന ദുഃഖങ്ങൾക്ക് അവൻത ന്നെ ഉത്തരവാദിയെന്നുള്ളതാണ്. ഞാൻ ചക്രത്തെ ചലനത്തി നു വിനിയോഗിക്കുകയാണെങ്കിൽ അതിന്റെ ഫലത്തിനു ഞാനാ ണ് ഉത്തരവാദി. എനിക്കു ദുഃഖത്തെ വരുത്താൻ കഴിയുമെങ്കിൽ എനിക്ക് അതിനെ മാററാനും സാധിക്കും.

൧൭. ഹൃദയശുദ്ധിയുള്ളവരത്രേ ഭാഗ്യവാന്മാർ. എന്തുകൊ ണ്ടെന്നാൽ അവർ ഈശ്വരനെക്കാണുന്നു. നമുക്കു ഈശ്വരനെ കാണാൻ സാധിക്കുമോ? സാധിക്കയില്ലെന്നു തീർച്ചതന്നെ. നമു ക്കു ഈശ്വരനെ അറിവാൻ കഴിയുമോ? കഴികയില്ലെന്നു നിശ്ചയം. ഈശ്വരൻ അറിയപ്പെടത്തക്കവനാണെങ്കിൽ അതിനപ്പുറം അദ്ദേ ഹം ഈശ്വരനല്ല. അറിവ് എന്നതു് അതിർത്തിക്കകത്തു് ഉൾപ്പെ ട്ടതാണ്.

൧൮. ഒരുമനുഷ്യൻ ലോകത്തിൽ ഏററവും വലിയ തത്വ ശാസ്ത്രജ്ഞനായിരിക്കാം; എന്നാൽ മതവിഷയത്തിൽ അവൻ ഒരു ശിശുവാണെന്നുവരാം.

൧൯. പുസ്തകങ്ങൾ ഒരിക്കലും മതങ്ങളെ ഉണ്ടാക്കീട്ടില്ല. എന്നാൽ മതങ്ങളാണ് പുസ്തകങ്ങളെ ഉണ്ടാക്കുന്നത്.

൨൦. ഒരു മനുഷ്യന് ലോകത്തിലുള്ള എല്ലാദേവാലയങ്ങളിലും വിശ്വാസം വച്ചുകൊണ്ടിരിക്കാം; ഇതേവരെ എഴുതപ്പെട്ടിട്ടുള്ള പരിശുദ്ധഗ്രന്ഥങ്ങളെ എല്ലാം അവന് തലമേൽ ചുമന്നുനടക്കാം; അവന് ലോകത്തിലുള്ള എല്ലാനദികളിലും സ്നാനം ചെയ്യാം. എന്തൊക്കെത്തന്നെയായാലും, അവന് ഈശ്വരദൎശനമില്ലാതിരുന്നാൽ, ഞാൻ അവനെ ഒരു വണ്ണിച്ചനാസ്തികനെന്നേ പറയുകയുള്ളു. ഒരു മനുഷ്യൻ ഒരു കോവിലിനകത്താകട്ടെ, അല്ലെങ്കിൽ പള്ളിയിലാകട്ടെ ഒരു പ്രാവശ്യമെങ്കിലും കയറിയിട്ടില്ല; യാതൊരുകൎമ്മവും ചെയ്തിട്ടുമില്ല; എന്നാൽ അവൻതന്റെ ഹൃദയത്തിൽ ഈശ്വരനെ അറിഞ്ഞു് ലോകത്തിന്റെ മിഥ്യാത്വത്തിൽനിന്നും ഉൽപതിക്കുന്നുവെങ്കിൽ, നീഅവനെ ഏതുപേരിൽ വിളിച്ചാലും, ആ മനുഷ്യൻ ഒരു പരിശുദ്ധപുരുഷൻതന്നെയാണ്; ഒരു മഹാത്മാവാണ്.

൨൧. മനുഷ്യവൎഗ്ഗത്തിൽ എല്ലാററിലും അഭേദമായ സ്നേഹവും ദയയുമാണ് യഥാൎത്ഥമായ മതശ്രദ്ധയുടെ മാനദണ്ഡം.

൨൨. ഒരു ദേവാലയത്തിൽ ജനിക്കുന്നതു നന്മ; എന്നാൽ അവിടെ മരിക്കുന്നതു തിന്മ.

൨൩. പലവൎഷത്തിനു മുമ്പ്, ഞാൻ ഞങ്ങളുടെ നാട്ടിൽ ഒരു മഹാനെ—ഏററവും പരിശുദ്ധനായ ഒരു പുരുഷനെ—ചെന്നു കണ്ടു. ഞങ്ങൾ ഞങ്ങളുടെ വേദങ്ങളെപ്പററിയും, നിങ്ങളുടെബൈബിളിനെപ്പററിയും, കുറാനെപ്പററിയും പൊതുവേ അത്തരത്തിലുള്ള ഇതരഗ്രന്ഥങ്ങളെപ്പററിയും സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ സംഭാഷണം അവസാനിക്കാറായ ഘട്ടത്തിൽ മേശപ്പുറത്തിരുന്ന ഒരു പുസ്തകമെടുക്കാൻ ആ വിശിഷ്ടപുരുഷൻ എന്നോട് ആജ്ഞാപിച്ചു. പല വിഷയങ്ങൾക്കും പുറമെ, അക്കൊല്ലത്തിൽ വൎഷിക്കാനിരിക്കുന്ന മഴയുടെ കണക്കുംകൂടി രേഖപ്പെടുത്തിയ ഒരു പുസ്തകമാണ് അതു്. 'അതു വായിക്കുക!' എന്ന് അദ്ദേഹം എന്നോട് ആവശ്യപ്പെട്ടു. ഞാൻ ആ മഴയുടെ കണക്കു വായിച്ചു. അതിനുശേഷം 'ഇനി ആ പുസ്തകത്തെ കൈകൊണ്ടുപിഴിയുക!' എന്നുപറഞ്ഞു; ഞാൻ അപ്രകാരം പ്രവൎത്തിച്ചു. അദ്ദേഹം ചോദിച്ചു:—"എന്റെ കുട്ടി! എന്തുകൊണ്ട് ഒരു തുള്ളിവെള്ളംപോലും അതിൽനിന്നും വീണില്ല?" ജലം ഉണ്ടാകുന്നവരെ അതുവെറും പുസ്തകം തന്നെ. നിന്റെ മതം നീ ഈശ്വരനെ അനുഭവപ്പെട്ടുത്താതിരിക്കുന്നേടത്തോളം അതു ഫലമില്ലാത്തതാണ്. മതത്തിനായിട്ടു ഗ്ര

സ്ഥങ്ങളെ വായിക്കുന്നവൻ, തന്റെ മുതുകിൽ ഒരു വലിയ ശക്കരച്ചുമടു ഭേസികൊണ്ടു നടന്നിട്ടും, ശക്കരയുടെ മാധുര്യം അറിയാത്ത കഴുതയുടെ കഥയെ അനുസ്മരിപ്പിക്കുന്നു.

൧൪. മുറിക്കകം ഇരുട്ടായിരുന്നാൽ, നീ 'ഇരുട്ട് ഇരുട്ട്' എന്നു നിലവിളിച്ചു നെഞ്ചിൽ അടിച്ചുംകൊണ്ടു ചുററിക്കറങ്ങുമോ? ഇല്ലതന്നെ. വെളിച്ചം കിട്ടാനുള്ള ഏകമാൎഗ്ഗം വിളക്കുകൊളുത്തുക യെന്നുള്ളതാണ്. അപ്പോൾ ഇരുട്ട് ഓടിഒളിക്കും. നിന്നിലുള്ള പ്രകാശത്തെ അനുഭവത്തിൽ അറിവാനുള്ള മാൎഗ്ഗം, നിന്റെ ഉള്ളിലുള്ള ആത്മദീപത്തെ കൊളുത്തുകയാകുന്നു; അപ്പോൾ പാപമാകുന്ന അന്ധകാരവും അശുദ്ധവും പമ്പകടക്കും.

൧൫. സ്വതന്ത്രമായിട്ടുള്ളത് എന്ത്? നമ്മുടെ ശരീരമല്ല. എന്തെന്നാൽ അതു ബാഹ്യാവസ്ഥകളോട് സംബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ മനസ്സും സ്വതന്ത്രമല്ല. എന്തുകൊണ്ടെന്നാൽ അതിന്റെ വിചാരങ്ങൾ കാരണങ്ങളോടുകൂടിയവയാണ്. സ്വതന്ത്രമായിട്ടുള്ളത് ആത്മാവാണ്. ലോകം മുഴുവൻ സ്വാതന്ത്ര്യവും സംബന്ധവും സ്വാതന്ത്ര്യവും അടിമത്തവും ചേൎന്ന ഒരു കലപ്പാണ് എന്ന് വേദങ്ങൾ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ അതിന്റെ അകത്തെല്ലാം, ആത്മാവാകട്ടെ, സ്വതന്ത്രമായി, മരണമററതായി, പരിശുദ്ധമായി, പരിപൂൎണ്ണമായി, ഉൽകൃഷ്ടമായി പ്രകാശിക്കുന്നു. എന്തുകൊണ്ടെന്നാൽ അത് (ലോകം) സ്വതന്ത്രമാണെങ്കിൽ അതു മരിക്കാൻ പാടില്ല. മരണമെന്നത് ഒരു മാററം മാത്രവും അവസ്ഥാന്തരങ്ങൾക്കു അധീനവുമാണ്. അത് (ലോകം) സ്വാതന്ത്ര്യമുള്ളതാണെങ്കിൽ അതിനു പരിപൂൎണ്ണത ഉണ്ടായിരിക്കണം. പരിപൂൎണ്ണതയുടെ കുറവും ഒരവസ്ഥയാണ്. അതിനാൽ (ലോകം മററൊന്നിന്) അധീനമാണ്.

൧൬. മതമെന്നത് ആത്മവികാസമാണ്. ആത്മവികാസമാകട്ടെ, ആത്മാനുഭൂതിയുമാണ്.

൧൭. സുഖം മനുഷ്യന്റെ ലക്ഷ്യമല്ല; ജ്ഞാനമാണ്.

൧൮. ലൌകികമായ അല്ലെങ്കിൽ വൈദികമായ അറിവുകൾ മനുഷ്യന്റെ മനസ്സിൽതന്നെയുള്ളതാണ്.

൧൯. ഒരു തുണ്ടു "ചക്കിമുക്കി"ക്കല്ലിനുള്ളിൽ (തീപ്പെട്ടിയില്ലാതിരുന്ന കാലത്തു് അതിന്റെ ആവശ്യം നിവൎത്തിച്ചുകൊണ്ടിരുന്ന ഒരു തരം കല്ല്) തീ ഉള്ളതുപോലെ, ജ്ഞാനം മനസ്സിനകത്തുതന്നെയുണ്ട്. ആലോചനയത്രേ അതിനെ വെളിയിൽ കൊണ്ടുവരാനുള്ള ആയുധം.

൩൦. നീ ഒരുവന്റെ നടത്തയെക്കുറിച്ച് വാസ്തവത്തിൽ ന്യായംപറവാൻ വിചാരിക്കുന്നുവെങ്കിൽ, അവന്റെ ഒട്ടുവളരെ പ്രവൃത്തികളെപ്പററി ചിന്തിക്കരുതു്. ഒരു മൂഢൻ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഒരു വീരനായി വന്നേയ്ക്കാം. ഒരു മനുഷ്യന്റെ സാധാരണ പ്രവൃത്തികളെ ശ്രദ്ധിക്കുക! ഒരുവന്റെ യഥാൎത്ഥമായ സ്വഭാവത്തെ നിങ്ങളെ ധരിപ്പിക്കുന്നതു് വാസ്തവത്തിൽ ആ പ്രവൃത്തികളാണു്. ഏററവും താണപടിയിലുള്ള മനുഷ്യരെയും ഏതാണ്ടൊരു ഗൌരവത്തെ അൎഹിപ്പിക്കുന്ന സന്ദൎഭം ഉണ്ടായേയ്ക്കാം. എന്നാൽ ഏതൊരുവന്റെ നടത്ത എല്ലാപ്പോഴും സഗൌരവമായും എല്ലായിടത്തും ഒരേ മാതിരിയിലും കാണപ്പെടുന്നുവോ അവനത്രേ യഥാൎത്ഥത്തിൽ വലിയവൻ.

൩൧. ലോകത്തിൽ നാംകാണുന്ന പ്രവൃത്തികളെല്ലാം, മനുഷ്യസമുദായത്തിലുള്ള ചലനങ്ങളെല്ലാം, നമ്മുടെചുററും കാണപ്പെടുന്നകരകൌശലങ്ങളെല്ലാം വിചാരത്തിന്റെപ്രകാശങ്ങളാണു്; മനുഷ്യസങ്കല്പത്തിന്റെ പ്രകടനങ്ങളാണു്.

൩൨. ഒരുവൻ എന്തെങ്കിലും ഒന്നു സമ്പാദിച്ചാലല്ലാതെ, അവനു് അതിനെ ലഭിക്കാൻ കഴിയുന്നില്ല. ഇതു് ഒരു ശാശ്വതനിയമമാണു്. അങ്ങിനെയല്ലെന്നു ചില സന്ദൎഭങ്ങളിൽനമുക്കുതോന്നാം. എന്നാൽ ഒടുവിൽ അതു പരമാൎത്ഥമാണെന്നു നാം ഗ്രഹിക്കുന്നു.

൩൩. യാതൊരുപ്രകാരത്തിലുള്ള സ്വാൎത്ഥോദ്ദേശ്യവുമില്ലാതെ, പിൻകാലത്തെപ്പററിയാകട്ടെ, മോക്ഷത്തെപ്പററിയാകട്ടെ, ശിക്ഷയെപ്പററിയാകട്ടെ, അല്ലെങ്കിൽ അപ്രകാരമുള്ള ഏതൊന്നിനെയും കുറിച്ചാകട്ടെ, ലേശവും ഗണിക്കാതെ അഞ്ചുദിവസങ്ങളോ അല്ലെങ്കിൽ അഞ്ചു നിമിഷങ്ങളോ പ്രവൎത്തിക്കാൻ കഴിയുന്ന ഒരു മനുഷ്യൻ, ശക്തിയേറിയ ധൎമ്മശൂരനാകുന്നതിനു യോഗ്യനായി ഭവിക്കുന്നു.

൩൪. മൂഢജനങ്ങൾ രഹസ്യം അറിയുന്നില്ല. എന്നിരുന്നാലും അവർ മനുഷ്യവൎഗ്ഗത്തെ ഭരിക്കാൻ ആഗ്രഹിക്കുന്നു. അവൻ പ്രവൎത്തിച്ചുകൊണ്ടു ക്ഷമിച്ചിരുന്നാൽ, മൂഢനും ലോകത്തെ മുഴുവൻ ഭരിച്ചു എന്നുവരാം. അവൻ ഭരണം നടത്തേണമെന്നുള്ള ആ മൂഢോദ്ദേശ്യത്തെ പലകാലം ഉള്ളിൽ അടക്കിക്കൊണ്ടു് കാത്തിരിക്കട്ടെ; ആ ഉദ്ദേശ്യം മുഴുവൻ നശിച്ചാൽ അവൻ ലോകത്തിൽ ഒരു ശക്തിയായി ഭവിക്കുന്നു.

൩൫. ഏതൊരുവൻ മഹാമൌനത്തിലും ഏകാഗ്രതയിലും, ഏററവും പ്രസരിപ്പിനെ കാണുന്നുവോ, ഏററവും പ്രസരിപ്പിനിട

യിൽ വിപിനത്തിലെ മൌനത്തെയും ഏകാന്തതയെയും കാണുന്നു
വോ അവനത്രേ മാതൃകാപുരുഷൻ.

൧൬. ഓരോ മനുഷ്യനിലും മൂന്നു ശക്തികളുണ്ടു്. ചില
പ്പോൾ തമോഗുണം വെളിപ്പെടുന്നു. (അപ്പോൾ) നാം മടിയന്മാ
രായിരിക്കുന്നു; നമുക്കു അനങ്ങാൻ കഴിയുന്നില്ല; ചില വിചാരങ്ങ
ളാൽ അല്ലെങ്കിൽ കേവലം മന്ദതയാൽ ബന്ധിക്കപ്പെട്ടവരായി പ്ര
സരിപ്പില്ലാത്തവരായിരിക്കുന്നു. മറെറാരിക്കൽ പ്രസരിപ്പു വെളി
പ്പെടുന്നു. മററുചിലപ്പോൾ രണ്ടിന്റെയും പ്രശാന്തതയാകുന്ന
സാത്വികത്വം ഉണ്ടാകുന്നു. കൂടാതെ ഓരോ മനുഷ്യരിലും ഈ ശ
ക്തികളിലോരോന്നു പ്രധാനമായി അടങ്ങിയിരിക്കുന്നു ഒരുവ
ന്റെ ലക്ഷണം, പ്രസരിപ്പില്ലായ്മയും മന്ദബുദ്ധിയും മടിയുമാകുന്നു.
മറെറാരുവന്റെ ലക്ഷണം, പ്രസരിപ്പും ചുണയും സാമർത്ഥ്യവുമ
ത്രേ. വേറൊരുവനിൽ പ്രവൃത്തിയും പ്രതിപ്രവൃത്തിയും സമനില
യിലാക്കിയതിനാലുള്ള ആനന്ദവും ശാന്തതയും രുചിയും കാണപ്പെ
ടുന്നു. ഇപ്രകാരം, സർവ്വസൃഷ്ടിയിലും —മൃഗങ്ങളിലും വൃക്ഷങ്ങളിലും,
മനുഷ്യരിലും–നാം ഈ വിഭിന്നശക്തികളുടെമാതൃകാലക്ഷണങ്ങളെ
സുലഭമായി കാണുന്നു.

൧൭. നമ്മുടെ പ്രാഥമിക കർത്തവ്യം നാം നമ്മേത്തന്നെ
അവിശ്വസിക്കാതിരിക്കുകയാകുന്നു. നമുക്കു മുന്നേററമുണ്ടാകണ
മെങ്കിൽ, ആദ്യം നമ്മളിലും പിന്നീട്ടു് ഈശ്വരനിലും നമുക്കു വി
ശ്വാസമുണ്ടാകണം. തന്നിൽതന്നെ വിശ്വാസമില്ലാത്തവനു് ഈ
ശ്വരനിൽ ഒരിക്കലും വിശ്വാസം ഉണ്ടാകുന്നതല്ല.

൧൮. ബുദ്ധൻ തന്റെ സിംഹാസനത്തെ വെടിഞ്ഞു ത
ന്റെ അന്തസ്സിനെ ത്യാഗംചെയ്തു. അതത്രേ യഥാർത്ഥമായ ത്യാ
ഗം. ത്യാഗം ചെയ്വാൻ യാതൊന്നും തന്റേതായിട്ടില്ലാത്ത ഒരു
എളിയവനെസംബന്ധിച്ച ത്യാഗത്തെപ്പററി യാതൊരു ചോദ്യത്തി
നും അവകാശമില്ല.

൧൯. അത്യുൽകൃഷ്ടമായ ലക്ഷ്യം എതിർക്കാതിരിക്കലാണെ
ന്നു് അറിയുന്നവനും, ഈ എതിർക്കാതിരിക്കൽ, ശക്തിയുടെ നിർമ്മ
ലമായ മൂർദ്ധന്യതയെ യഥാർത്ഥമായി സ്വായത്തമാക്കുകയാണെന്നും
തീയതിനെ എതിർക്കുകയെന്നുള്ളതു്, എതിർക്കാതിരിക്കലാകുന്ന ഈ
ഉൽകൃഷ്ടശക്തിയുടെ മൂർദ്ധന്യതയെ ലക്ഷ്യമാക്കിയുള്ള യാത്രയിൽ ഒ
രു പടി മാത്രമാണെന്നും അറിയുന്നവനുമത്രേ കർമ്മയോഗി. ഈ
ഉയന്ന ലക്ഷ്യത്തെ പ്രാപിക്കുന്നതിനുമുമ്പു മനുഷ്യന്റെ കർത്തവ്യം
തീയതിനെ എതിർക്കുകയാകുന്നു. അവൻ വേല ചെയ്യണം; അ
വൻ യുദ്ധം നടത്തണം; ഭുജത്തിനു നേരേ ലക്ഷ്യം വച്ചു പ്ര

ഹരിക്കണം. അപ്പോഴാണ്—എതിർക്കാനുള്ള ശക്തിയെ അവൻ പ്രാപിക്കുമ്പോഴാണ്—എതിർക്കാതിരിക്കൽ ഒരു പുണ്യമാകുന്നതു്.

൪൦. ഈ വ്യത്യാസങ്ങൾ എന്നുമിരിക്കട്ടെ; അതു ജീവിതത്തിന്റെ സാരാംശമാണ്. നമുക്ക് എല്ലാപേക്കും എന്നും ഇങ്ങനെ കളിക്കാം. നീ ധനികനായിരിക്കും; ഞാൻ നിർദ്ധനനായിരിക്കും; നീ ബലവാനായിരിക്കും, ഞാൻ ബലഹീനനായിരിക്കും; നീ പണ്ഡിതനായിരിക്കും; ഞാൻ പാമരനായിരിക്കും; നീ വലിയ ആത്മജ്ഞാനിയായിരിക്കും, ഞാൻ ആ വിഷയത്തിൽ വളരെ പിന്നോക്കമായിരിക്കും. എന്നാൽ അതുകൊണ്ടെന്തു്? നമുക്കു അങ്ങനെയിരിക്കാം. നീ എന്നേക്കാൾ ശരീരത്തിലോ അഥവാ ബുദ്ധിയിലോ ബലമുള്ളവനെന്ന കാരണത്താൽ നിനക്ക് എന്നെക്കാൾ കൂടുതൽ ബാദ്ധ്യതകൾ ഉണ്ടായിരിക്കാൻ പാടില്ല. നിനക്ക് എന്നേക്കാൾ ഐശ്വര്യം ഉണ്ടെന്നുള്ളതു് നീ എന്നേക്കാൾ വലിയവനാണെന്നു കരുതപ്പെടാൻ കാരണമായിത്തീൎന്നുകൂട. എന്തുകൊണ്ടെന്നാൽ, വ്യത്യസ്താവസ്ഥകളുണ്ടായിരുന്നാലും അതു് ഇവിടെ ഒരു ഭാവം മാത്രമാണ്.

൪൧. ചൂല്പം പിടിച്ചു തെരുവു തൂക്കുന്നവൻ, ചെങ്കോലുമേന്തി സിംഹാസനത്തിലിരിക്കുന്ന രാജാവിനോളം പെരുമയും മേന്മയുമുള്ളവനാണ്. രാജാവിനെ സിംഹാസനത്തിൽനിന്നുമിറക്കി, തെരുവുതൂക്കുന്നവന്റെ ജോലിയിലേപ്പെടുത്തുവിൻ! അവൻ ആ ജോലി എങ്ങനെ നിർവ്വഹിക്കുന്നു എന്നുനോക്കുവിൻ! തെരുവു തൂക്കുന്നവനെ ഉയൎത്തി രാജ്യം ഭരിക്കാൻ നിയോഗിച്ചാൽ അവൻ അതു് എങ്ങനെ നിറവേററുന്നുവെന്നു കാണുവിൻ! ലോകത്തിൽനിന്നും അകന്നു വസിക്കുന്നവൻ, ലോകത്തിൽ വസിക്കുന്നവനേക്കാൾ വലിയവനാണെന്നു പറയുന്നതിൽ അൎത്ഥമില്ല. ലോകത്തെ വെടിഞ്ഞിട്ടു സ്വതന്ത്രമായ ലഘുവായ ജീവിതത്തെ നിർവ്വഹിക്കുന്നതിനേക്കാൾ ലോകത്തിൽ ജീവിച്ചുകൊണ്ടു് ഈശ്വരനെ ഭജിക്കാൻവളരെ പ്രയാസമുണ്ടു്.

൪൨. ജനസമൂഹം ഒരുവനെ പുകഴ്ത്തുമ്പോൾ മൂഢനാണെന്നിരുന്നാലും അവനു വീരത്വത്തെ പ്രകടിപ്പിക്കാൻ കഴിയും. എന്നാൽ മനുഷ്യൻ തന്റെ സഹോദരന്മാരുടെ പുകഴ്ത്തലിനെ ലേശവും ലക്ഷ്യമാക്കാതെ അവിച്ഛിന്നമായി നന്മയെ പ്രവൎത്തിച്ചുകൊണ്ടിരിക്കുകയാണു, യഥാൎത്ഥത്തിൽ അവൻ ചെയ്യേണ്ടതായ ഉത്തമത്യാഗം.

൪൩. പെററവരെനോക്കി ഒരിക്കലും കടുമൊഴി പറയാത്ത കുട്ടികളത്രെ സത്സന്താനങ്ങൾ.

൪൪. മനുഷ്യൻ വലിയ വലിയ കഷ്ടതകളിലും ബുദ്ധിമുട്ടുകളിലും അകപ്പെട്ടുകൊണ്ടിരുന്നാലും കളത്രത്തോടു കോപിക്കാൻ പാടില്ല.

൪൫. ഒരുവൻ ക്രിസ്ത്യനൊ, അപരനൊ, ഏവനൊ ആയിരിക്കട്ടെ, അതിൽ കാൎയ്യമില്ല; നീ നിസ്സ്വാൎത്ഥനാണൊ? അതേയുള്ളു ചോദ്യം.

൪൬. വിഷയങ്ങളെ അറിവാൻ പ്രവൎത്തിക്കത്തക്കവണ്ണം ഉള്ളിലുള്ള ഗുരുവിനെ ഉണൎത്താനുള്ള ആലോചനയെമാത്രം വെളിയിലുള്ള ഗുരു നൽകുന്നു.

൪൭. നാം പ്രപഞ്ചത്തിന്റെ ഒരുഭാഗത്തെമാത്രം കാണുന്നതുപോലെ നാം ദൈവത്തിന്റെ ഒരുവശംമാത്രമെ കാണുന്നുള്ളു. മറേറഭാഗങ്ങളെല്ലാം മനുഷ്യന്റെ അറിവിന്നു് അപ്പുറമുള്ളവയാണു്.

൪൮. ദൈവത്തെയും പ്രപഞ്ചത്തെയും അറിയുന്നതിനുള്ള ഏകമാൎഗ്ഗം യുക്തിയെ കടന്നു്, അറിവിനെ കടന്നു്, അപ്പുറത്തു ചെല്ലുകയാകുന്നു.

൪൯. ഒരു മനുഷ്യൻ എഴുന്നേററുനിന്നു "ഞാൻപാപി" എന്നിങ്ങനെ പറയുകയാണെങ്കിൽ അവൻ പൊളി പറയുകയായിരിക്കും; എന്തുകൊണ്ടെന്നാൽ അവൻ തന്നെത്താൻ അറിയുന്നില്ല.

൫൦. ജയത്തിന്റെ രഹസ്യമെല്ലാം ഇവിടെയാണു്. ഫലത്തിൽ എത്രകണ്ടു ശ്രദ്ധപതിപ്പിക്കണമൊ, അത്രകണ്ടു ശ്രദ്ധ ആ ഫലത്തെ പ്രാപിപ്പിക്കുന്ന ഉപായത്തിലും ചെലുത്തണം.

൫൧. ഭൂമിയെക്കുറിച്ചു ധ്യാനിക്കുക. ഭൂമിയെക്കുറിച്ചു ധ്യാനിക്കുമ്പോൾ, ഭൂമിയിലുള്ളതു തന്നിലുള്ളതാണെന്നു അറിയുക! രണ്ടും ഒന്നുതന്നെയെന്നു ധരിക്കുക! ശരീരത്തെ ഭൂമിയോടും ആത്മാവിനെ ആത്മാവിനോടും യോജിപ്പിക്കുക.

൫൨. പ്രകൃതിയുടെ പൊതുപ്പരിവൎത്തനങ്ങൾക്കു് അപ്പുറത്തുള്ള ആ പരമാത്മാവത്രെ ഈശ്വരൻ, ജഗന്നാഥൻ, ദൈവം എന്നു പറയപ്പെടുന്നതു്.

൫൩.- നാം അറിയുന്ന ഈ പ്രപഞ്ചം, അതിൎത്തിക്കെട്ടപ്പെട്ട ഈ വിരിപ്പു്, ആത്മാവിന്റെ ലക്ഷണമായ ആ പരമാൎത്ഥവസ്തുവിന്റെ പ്രതിഫലനം മാത്രമാകുന്നു

൫൪. പുരുഷൻ മനസ്സുമല്ല, ജഡവുമല്ല. നമ്മാൽ അറിയപ്പെടുന്നതെല്ലാം അതിന്റെ പ്രതിഫലനമാകുന്നു. അതു സൎവ്വവ്യാപിയാകയാൽ അതിന്നു മരണവുമില്ല, ജനനവുമില്ലയെന്നു നമുക്കു ദൃഢമായ അറിവുണ്ടു്. പ്രകൃതി അതിന്മേൽ തന്റെ ഛായയെ,

ജനനമരണചക്രായയെ, വീശികൊണ്ടിരിക്കുന്നു. എന്നാൽ അതുസ്വതവേ പരിശുദ്ധമാകുന്നു.

൪൫. ഞാൻ ഈ നാട്ടിൽ (അമേരിക്കയിൽ) വന്നു ചിക്കാഗോ കമ്പോളത്തിൽക്കൂടി നടന്നുകൊണ്ടിരിക്കുമ്പോൾ പിന്നിൽനിന്നും ഒരു മനുഷ്യൻ എന്റെ തലപ്പാവു പിടിച്ചു വലിച്ചു. ഞാൻ തിരിഞ്ഞുനോക്കി; അയാൾ ഉയന്നതരത്തിൽ വസ്ത്രധാരണം ചെയ്ത ഒരു പരിഷ്കാരിയായി കാണപ്പെട്ടു. ഞാൻ അയാളോടു സംസാരിച്ചു. എനിക്കു് ഇംഗ്ലീഷുഭാഷ അറിയാമെന്നു മനസ്സിലായ ഉടനെ അയാൾ ലജ്ജിച്ചു. മററൊരിക്കൽ, ആ കമ്പോളത്തിൽവച്ചു തന്നെ വേറെയൊരുവൻ എന്നെ പിടിച്ചു തള്ളി. ഞാൻ അയാളോടു കാരണം ചോദിച്ചപ്പോൾ അയാളും ലജ്ജിതനായി. "നീ എന്തിനു് ഈ വേഷമെടുത്തു?" എന്നു ചോദിച്ചുകൊണ്ടു ക്ഷമാപണംചെയ്തു. ഈ മനുഷ്യരുടെ അനുകമ്പ അവരുടെ സ്വഭാഷയുടെയുംസ്വന്തം വസ്ത്രധാരണ രീതിയുടെയുംപരിധികളുള്ളിൽ അടങ്ങിയതാണു്.

൪൬. തനിക്കു് അനുയോജ്യമല്ലാത്ത ഒരു അന്തസ്സിനെ ബഹുകാലം തൃപ്തികരമായി വച്ചുകൊണ്ടിരിക്കാൻ ഏതൊരാളിനുംസാധിക്കുന്നതല്ല.

൪൭. കത്തവ്യത്തെ നിർദ്ദേശിക്കാൻ പ്രയാസമാണു്. എന്നാൽ സൂക്ഷ്മം ആലോചിച്ചാൽ കത്തവ്യമെന്നു് ഒന്നുണ്ടെന്നു കാണാം.

൪൮. നമ്മെ ഈശ്വരനിലേക്കു നയിക്കുന്ന ഏതു പ്രവൃത്തിയും സൽപ്രവൃത്തിതന്നെ. അതത്രെ നമ്മുടെ കത്തവ്യം. നമ്മെ കീഴ്പോട്ടിറക്കുന്ന ഏതു പ്രവൃത്തിയും ദുഷ്പ്രവൃത്തിയാണു്. അതു നമ്മുടെ കത്തവ്യം അല്ല.

൪൯. വ്യക്തിപരവും സാമുദായികവുമായ പലേ പ്രകാരത്തിലുള്ള പ്രവൃത്തികളിൽ മനുഷ്യവ്യക്തിയുടെ മനഃശുദ്ധിയേയുംസദാചാരത്തെയും ആഭിജാത്യവും ഉദാത്തതയും വെളിപ്പെടുത്തുന്നു. അതുകൊണ്ടു നാം ഏതൊരു സമുദായത്തിൽ ജനിച്ചുവൊ ആ സമുദായത്തിന്റെ ലക്ഷ്യങ്ങൾക്കും ഉദ്യമങ്ങൾക്കും യോജിച്ച, നമ്മെ അഭിവൃദ്ധിയിൽ കൊണ്ടുവരത്തക്ക, പ്രവൃത്തി യാതൊന്നൊ അതിനെ ചെയ്യേണ്ടതു നമ്മുടെ കടമയാകുന്നു.

൫൦. രണ്ടുസംഗതികൾ മനുഷ്യന്റെ നടപടിക്കു ാരണങ്ങളാകുന്നു; ഒന്നു ബലവും മററതു ദയയും. ബലത്തെ ഉപയോഗിക്കുന്നതു സ്വാത്മത്തെ ഉപയോഗിക്കുകയായിരിക്കും.

൫൧. ദയ,മോക്ഷംതന്നെയാകുന്നു. നാമെല്ലാവരും നല്ലവരാകണമെങ്കിൽ ദയയുള്ളവരായിരിക്കണം. ന്യായവും അവകാശവും പോലും ദയയിൽ ഊന്നിനിൽക്കണം.

൱൨. താനും പ്രപഞ്ചവും ഒന്നാണെന്ന് ഓരോ മനുഷ്യനും കരുതുന്ന സമയങ്ങളുണ്ട്- അവൻ അറിഞ്ഞോ അറിയാതെയോ അതിനെ വെളിപ്പെടുത്താൻ മുമ്പോട്ടു വരികയും ചെയ്യുന്നു.

൱൩. ഐകമത്യത്തിൻെറ ഈ വിജൃംഭണത്തെയാണ് നാം പ്രേമമെന്നും, അനുതാപമെന്നും മററും പറയുന്നത്.

൱൪. അറിഞ്ഞോ അറിയാതെയോ ഓരോ മനുഷ്യനും ആ ദൈവികഭാഗത്തെ വെളിപ്പെടുത്താനത്രെ പ്രയത്നിക്കുന്നത്.

൱൫. ഏററവും ജീവകാരുണ്യത്തോടുകൂടിയ വിചാരങ്ങൾ ജനസാമാന്യത്തിൻെറ കൈകളിൽ എവിടെയെല്ലാം വീഴുന്നുവോ അവിടെയെല്ലാം വിനയപ്രകടനം ആദ്യഫലമായി നിങ്ങൾക്കു കാണാൻ കഴിയും. വിഷയങ്ങളെ ദൃഢീകരിച്ചുവയ്ക്കുന്നതു പഠിപ്പും ബുദ്ധിയുമാകുന്നു.

൱൬. അതുകൊണ്ടു പററററിരിക്കുക; വിഷയങ്ങൾ പ്രവത്തിക്കട്ടെ; തലച്ചോറിൻെറ മദ്ധ്യഭാഗം വേലചെയ്യട്ടെ; തുടൻവേല ചെയ്യുവിൻ! എന്നാൽ ലേശംപോലും മനസ്സിനെ ജയിക്കണ്ട. ഈ ഭൂമിയിൽ നീ ഒരു അന്യനെപ്പോലെ—(സത്യത്തിൽ) തങ്ങിയവൻ എന്നപോലെ—വിചാരിച്ചു വേലചെയ്യുക; ഇടവിടാതെപ്രവത്തിക്കുക! എന്നാൽ നിങ്ങളെ നിങ്ങൾതന്നെ ബന്ധപ്പെടുത്താതിരിക്കുവിൻ! ബന്ധമെന്നതു ഭയങ്കരമായിട്ടുള്ളതാണ്.

൱൭. ഈ ഉപദേശത്തിൻെറ അത്ഥം, നീ യജമാനനെപ്പോലെവേലചെയ്യണമെന്നാണ്. അടിമയെപ്പോലെ വേലചെയ്യരുത്. തുടൻവേലചെയ്യണം; എന്നാൽ അടിമയുടെ വേലചെയ്യരുത്.

൱൮. സ്വാതന്ത്ര്യം ലഭിക്കുന്നിടത്തോളം സ്നേഹം ഒരു നിമിഷനേരത്തേക്കുമുണ്ടാകുന്നില്ല. അടിമയിൽ യഥാത്ഥമായ സ്നേഹത്തിനു സ്ഥാനമില്ല.

൱൯. നാം കാണുന്ന സകല ദുഃഖങ്ങൾക്കും, തീയതായിട്ടുള്ള സവ്വത്തിനും, മാതാവ് അജ്ഞാനം ഒന്നുമാത്രമാകുന്നു. മനുഷ്യർ ജ്യോതിസ്സിനെ പ്രാപിക്കട്ടെ; അവർ പരിശുദ്ധരായും ആത്മബലമുള്ളവരായും പഠിപ്പുള്ളവരായും ഭവിക്കട്ടെ; അപ്പോൾ മാത്രമെ ലോകത്തിൽ ദുഃഖം നീങ്ങുകയുള്ളു; അതിനുമുമ്പ് ഇല്ല തന്നെ.

൰. എവിടെയെങ്കിലും എന്തെങ്കിലും നന്മയെ ചെയ്യാത്ത ഒരു ജോലിയും നമുക്കു ചെയ്യാതിരിക്കാൻ സാധിക്കയില്ല; എവിടെയെങ്കിലും എന്തെങ്കിലും തിന്മയെ ചെയ്യാത്ത യാതൊരു ജോലിയും ഉണ്ടാകുന്നതുമല്ല.

൰൧. തലയും കാലും അകത്തേക്കുവലിച്ച ആമയെ കൊല്ലുകയൊ കഷണം കഷണമായി വെട്ടിനുറുക്കിക്കളകയൊ

ചെയ്യുക! എന്നാലും അതുവെളിയിൽ കാണിക്കയില്ല. അതുപോലെ വിചാരങ്ങളെയും ഇന്ദ്രിയങ്ങളെയും അടക്കിയവൻെറ നടപടി നിർവ്വികാരമായി, സ്ഥിരമായി ഭവിക്കുന്നു. അവൻ തൻെറ ആന്തരശക്തികളെ അടക്കിക്കൊള്ളുന്നു. അവയെ അവൻെറ മനസ്സിന്നുവിരോധമായി യാതൊന്നിനും വശീകരിക്കാൻ സാധിക്കുകയില്ല.

൨൮. ഈ കർമ്മയോഗോപദേശത്തെ സ്വയം അനുഷ്ഠിച്ചു കാണിച്ച ഒരാളിനെപ്പററി അവസാനമായി ഞാൻ അല്പം പ്രസ്താവിക്കാം. അദ്ദേഹമാണു ബുദ്ധൻ. ഇതിനെ തികച്ചും അനുഷ്ഠാനത്തിൽ കൊണ്ടുവന്ന ആൾ ബുദ്ധൻ ഒരാൾ മാത്രമാണ്. ബുദ്ധനെക്കഴികെ, ലോകത്തിൻെറ ദീർഘദർശികൾ ആകമാനം നിസ്സ്വാർത്ഥമായ പ്രവൃത്തിയിലേക്കു തങ്ങളെ പ്രേരിപ്പിക്കാൻ ബഹിർമുഖങ്ങളായ ഉദ്ദേശ്യങ്ങൾ ഉള്ളവരായിരുന്നു.

൨൯. ബുദ്ധനൊഴികെയുള്ള ലോകത്തിലെ ദീർഘദർശികളെയെല്ലാം രണ്ടുതരക്കാരായി വേർതിരിക്കാം. ഒരുതരക്കാർ, തങ്ങൾ ഈശ്വരാവതാരങ്ങളായി ഭൂലോകത്തിലേക്ക് ഇറങ്ങിവന്നവരാണെന്നു കരുതിയവരും രണ്ടാമത്തെക്കൂട്ടർ, തങ്ങൾ ഈശ്വരൻെറ അടുക്കൽനിന്നുംവന്ന ദൂതന്മാരാണെന്നു കരുതിയവരുമാകുന്നു.

൩൦. നാം യാതൊരുദ്ദേശ്യവുംകൂടാതെ ചെയ്യുന്ന ഓരോപ്രവൃത്തിയും, ഒരു പുതിയ ചങ്ങല പൂട്ടുന്നതിനുപകരം, ഉള്ള ചങ്ങലയുടെ ഓരോ കണ്ണികളെ പൊട്ടിച്ചെറിയും. പ്രത്യുപകാരത്തെ ഇച്ഛിക്കാതെ നാം ലോകത്തിലേക്ക് അയയ്ക്കുന്ന ഓരോസദ്വിചാരവും അവിടെ സംഭരിച്ചുവയ്ക്കപ്പെട്ട്, ചങ്ങലയിലുള്ള കണ്ണികളെ പൊട്ടിച്ചെറിയുന്നതിനുപുറമേ, മുനിയന്മാരുടെകൂട്ടത്തിൽനിന്നും ഏററവും പരിശുദ്ധന്മാരാകുന്നതുവരെ നമ്മേ പടിപ്പടിയായി വളർത്തിക്കൊണ്ടിരിക്കയുംചെയ്യും.

൩൧. ഭീരുത്വം ബലഹീനതയുടെ അടയാളമാകുന്നു. ലോകം പരിഹസിക്കുന്നതിനെയും കളിയാക്കുന്നതിനെയും ഗൌനിക്കാതെ മനുഷ്യൻ തൻെറ കടമകളെ നിവർത്തിക്കണം.

൩൨. പണംസമ്പാദിക്കുന്നതിനായി തീവ്രയത്നം ചെയ്യാത്ത ഗൃഹസ്ഥൻ ധർമ്മഭ്രഷ്ടനായിഭവിക്കുന്നു; മടിയും മന്ദതയുംപൂണ്ട ജീവിതത്തിൽ സംതൃപ്തനാകയാൽ അവൻ ആചാരഭ്രഷ്ടനായിത്തന്നെ തീരുന്നു എന്തുകൊണ്ടെന്നാൽ അവനെ (ഗൃഹസ്ഥംനെ) സംബന്ധിച്ചവരായിട്ട് അനേകംപേരുണ്ട്. (സാധുക്കളെ സംരക്ഷിക്കേണ്ടഭാരം ഗൃഹസ്ഥനാണ്. അതിലേയ്ക്ക് ഗൃഹസ്ഥൻ ധനംസമ്പാദിക്കേണ്ടതു് ആവശ്യവും അതു് അവൻെറധർമ്മവും ആകുന്നു. ആ ധർമ്മത്തെ ശരിക്ക് നിർവ്വഹിക്കാതെ—ധനസമ്പാദനാർത്ഥം തൊഴിൽ

ചെയ്യാതെ — മടിപൂണ്ടിരിക്കുന്നുവെങ്കിൽ ആ ഗൃഹസ്ഥൻ ധർമ്മഭ്രഷ്ടനാണു്.)

൭. ഈ നാട്ടിൽ ധനികന്മാരും ധനികന്മാരാകാൻ പ്രയത്നിക്കുന്നവരുമായ അനേകംപേർ ഇല്ലായിരുന്നാൽ ഈ പരിഷ്കാരവും വലിയവലിയ കെട്ടിടങ്ങളും ഹോസ്പിറ്റലുകളും എങ്ങനെ ഉണ്ടാകാനാണു്?

൮. മരണത്തിന്റെ മുനമ്പിൽവച്ചും ചോദ്യം ചെയ്യാതെ ഏവർക്കും സഹായത്തെ ചെയ്യുക! ലക്ഷോപലക്ഷം പ്രാവശ്യം ചതി പററിയാലും യാതൊരു ചോദ്യവും ചോദിക്കരുതു്. നീ ചെയ്യുന്നതിനെപ്പററി ഒരിക്കലും ചിന്തിക്കരുതു്. നീ എളിയവർക്കായി ചെയ്യുന്ന ദാനധർമ്മങ്ങളെക്കുറിച്ചു് ഒരിക്കൽപോലും പുകഴ്ത്തരുതു്. അവരുടെ കൃതജ്ഞതയെ പ്രതീക്ഷിക്കയുമരുതു്. നേരെമറിച്ചു് നിനക്കു ധർമ്മത്തെ ചെയ്യുന്നതിലേക്കു സന്ദർഭം നൽകിയതിനായി നീ അവരുടെ പേരിൽ നന്ദിയുള്ളവനായിരിക്കണം.

൯. "ഞാൻ പാപിയെ വിരോധിക്കുന്നില്ല; ഞാൻ പാപത്തെ വിരോധിക്കുന്നു." എന്നു മൂഢവിശ്വാസമുള്ളവർ വളരെ ലഘുവിൽ പറയുന്നതു നിങ്ങൾ കേൾക്കുന്നുണ്ടു്. എന്നാൽ പാപത്തിനും പാപിക്കുമുള്ള വ്യത്യാസത്തെ വ്യക്തമായി വെളിപ്പെടുത്താൻ കഴിവുള്ള മനുഷ്യന്റെ മുഖം കാണാൻ എത്രദൂരം ചെല്ലണമെങ്കിലും ഞാൻ തയാറാണു്. ആ പറച്ചിൽ സുലഭമാണു്. ഗുണത്തിനും പദാർത്ഥത്തിനുമുള്ള വ്യത്യാസം നമുക്കു നല്ലപോലെ കാണാൻ കഴിയുന്നുവെങ്കിൽ നാം പരിപൂർണ്ണമനുഷ്യരായിത്തീരാം. അതത്ര എളുപ്പമല്ല.

൧൦. ഈ ലോകം ഒരു പട്ടിയുടെ ചുരുണ്ടവാൽപോലെയാണു്. അനേകായിരം വർഷങ്ങളായി അതിനെ നിവർത്തു ശരിപ്പെടുത്താൻ ജനങ്ങൾ പ്രയത്നിച്ചുവരുന്നു. എന്നാൽ അവർ അതിലെ പിടി വിടുന്ന മാത്രയിൽ അതു വീണ്ടും ചുരുണ്ടുപോകുന്നു.

൧൧. തിന്മചെയ്യുന്നതുകൊണ്ടു നാം നമ്മെയും അന്യന്മാരെയും ദുഃഖപ്പെടുത്തുന്നു. നന്മചെയ്യുന്നതിനാൽ നമുക്കും അന്യന്മാർക്കും നന്മയുണ്ടാകുന്നു. മനുഷ്യനിലുള്ള മറെറല്ലാശക്തികളെയും പോലെ നന്മയും തിന്മയുമാകുന്ന ഈ ശക്തികളും പുറമെ നിന്നും ബലത്തെ ഒരുക്കൂട്ടുന്നു.

൧൨. സൽപ്രവൃത്തിയിൽ അല്പമാത്രം തിന്മയും ദുഷ്പ്രവൃത്തിയുടെയുള്ളിൽ ലേശമെങ്കിലും നന്മയുമുള്ളതായി ഏതൊരുവൻ കാണുന്നുവോ അവനത്രേ കർമ്മരഹസ്യത്തെ അറിഞ്ഞവൻ.

വ്ന. പരിപൂർണ്ണജീവിതമെന്നതു് ഉദ്ദേശിച്ചു പോരുന്ന അർത്ഥത്തിലുള്ളതല്ല. നാമും പുറമേയുള്ള ഓരോ വസ്തുക്കളും തമ്മിൽ ഇടവിടാതെ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമരമാണു് ജീവിതം.

വ്ര. ജീവിതം സാധാരണമായി നിർബ്ബാധമായി കഴിഞ്ഞുകൂട്ടുന്ന ഒരു വിഷയമല്ല. അതു് ഒരു വ്യാപാരസംഘാതമാണു്. ഉള്ളിലുള്ളഏതോ ഒന്നിനും പുറമേയുള്ള ലോകത്തിനും തമ്മിൽ സംഭവിക്കുന്ന ഈ കുഴഞ്ഞപോരാട്ടത്തിനാണു് നാം ജീവിതം എന്നു പറയുന്നതു്.

വ്ഠ. നീ ഇക്കാണുന്നതെല്ലാം, ദുഃഖങ്ങളും കഷ്ടതകളും, ഈ ലോകത്തിൻെറ അവശ്യനിബന്ധനകളാണു്. ദാരിദ്ര്യവും ഐശ്വര്യവും സുഖവുമെല്ലാം ക്ഷണികങ്ങളാണു്. അവ നമ്മുടെ യഥാർത്ഥമായ ലക്ഷണത്തോടു സംബന്ധിച്ചവയല്ല.

വ്ന്യ. പററററ അവസ്ഥയാണു് എല്ലാ യോഗങ്ങൾക്കും അസ്ഥിവാരം. ഗൃഹവാസം ആഡംബരമായ വസ്ത്രധാരണം, സ്വാദിഷ്ടമായ ഭക്ഷണം, ഇതെല്ലാം ത്യജിച്ചു കാട്ടിൽ കയറിയവനും വളരെ വളരെ പററുള്ളവനായിരുന്നേയ്ക്കാം.

വ്വ. നിസ്സംഗത എന്നു പറഞ്ഞാൽ നമ്മുടെ സ്ഥൂലശരീരസംബന്ധമായ യാതൊരു പ്രവൃത്തിയെയും സംബന്ധിച്ചതല്ല. അതു മാനസികധർമ്മമാണു്.

വ്വ്യ. ഈശ്വരനിൽ വിശ്വാസമുള്ളവക്കു് അത്ര പ്രയാസമില്ലാത്ത മറെറാരു മാർഗ്ഗമുണ്ടു്. അവർ കർമ്മത്തിൻെറ ഫലങ്ങളെ ഈശ്വരനിൽ സമർപ്പിച്ചുകൊള്ളുന്നു. അവർ വേലചെയ്താലും ഫലങ്ങളോടു് ഒരിക്കലും പററുള്ളവരായിരിക്കുന്നില്ല. അവർ കാണുന്ന, ഉണ്ണുന്ന, കേൾക്കുന്ന, അല്ലെങ്കിൽ ചെയ്യുന്നതെല്ലാം ഈശ്വരനായിട്ടാണു്. നാം ഏതൊരു നല്ല പ്രവൃത്തി ചെയ്താലും നാം അതിൻെറ കീർത്തിയെയാകട്ടെ പ്രതിഫലത്തെയാകട്ടെ പ്രതീക്ഷിച്ചുകൂടാ. അതു് ഈശ്വരൻേറതാണു്. അദ്ദേഹത്തിനായി ഫലത്തെ ത്യാഗംചെയ്യുക!

വ്ൻ. മനുഷ്യർ ലോകത്തിൽവന്നു് അവക്കു് ഏററവും പററുള്ളതിനായിട്ടോ, വേറെ എന്തെങ്കിലും വിഷയത്തിനായിട്ടോ പോർ നടത്തുന്നു. അവർ എന്തിനായിട്ടു് അങ്ങനെ ചെയ്യുന്നുവെന്നു് അവരോടു ചോദിക്കുക! "അതൊരു കടമ"യാണെന്നു് അവർ പറയും. ധനത്തിനും ലാഭത്തിനുമായിട്ടുള്ള അന്ധമായ ആശയാണു് കാരണം. അവർ അതിനെ ഒരു പുഷ്പത്താൽ മറയ്ക്കാൻ ശ്രമിക്കുന്നു. (ആ പരമാർത്ഥത്തെ പുറംപൂച്ചുകൊണ്ടു മറയ്ക്കാൻനോക്കുന്നുഎന്നു് സാരം)

൯൦. കടമയെന്നതുതന്നെ എന്താണ്? അതു പരമാൎത്ഥത്തിൽ ശരീരപ്പററിൻെറ പ്രേരകമാകുന്നു. ഒരു പററു ബലപ്പെട്ടാൽ അതിനെ നാം കടമയെന്നു പറയുന്നു.

൯൧. നീ നിർബദ്ധനാകരുതു്. എന്തിനായിട്ടു നിർബദ്ധനാകണം? നിർബന്ധത്തിൻപേരിൽ നീ പ്രവൎത്തിക്കുന്ന ഓരോന്നും ബന്ധത്തെ ഉണ്ടാക്കുകതന്നെ ചെയ്യുന്നു.

൯൨. ലോകത്തിൽ ഏററവും ഉൽകൃഷ്ടന്മാരായ പുരുഷന്മാർ യാതൊരുത്തരുടെയും അറിവിൽപ്പെടാതെതന്നെ കഴിഞ്ഞിരിക്കുന്നു. നാം അറിയുന്ന ബുദ്ധന്മാരെയും ക്രിസ്തുക്കളെയും ലോകം അറിഞ്ഞിട്ടില്ലാത്ത ആ ഉൽകൃഷ്ടപുരുഷന്മാരോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഇവർ രണ്ടാംതരത്തിൽപ്പെട്ട വീരന്മാരാണെന്നുവേണം പറവാൻ. യാതൊരുത്തരാലും അറിയപ്പെടാതെ പോയിട്ടുള്ള ആ വീരന്മാരിൽ അനേകംപേർവീതം ഓരോ ദേശത്തും മൌനമായി വേലചെയ്തു ജീവിച്ചിട്ടുണ്ടു്.

൯൩. ഏതൊരുവൻെറ മനസ്സുമുഴുവൻ ആത്മാവിൻെറ അകത്തു കടന്നു് ഐക്യപ്പെട്ടുന്നുവോ ഏതൊരുവൻെറ ആശകൾ ആത്മാവിൽ ഒതുക്കപ്പെട്ടുന്നുവോ, ഏതൊരുവൻ എല്ലായ്പോഴും ആത്മാവിൽ കലന്നിരിക്കുന്നുവോ അവനു കമ്മം ഇല്ലതന്നെ.

൯൪. കമ്മത്തിൻെറ ഫലങ്ങളെയെല്ലാം വിട്ടുകളയുക! നന്മയെ നന്മയ്ക്കായിട്ടു ചെയ്യുവിൻ! അപ്പോൾ മാത്രമേ പൂൎണ്ണമായ പററററ അവസ്ഥ ഉണ്ടാകയുള്ളു.

൯൫. മനുഷ്യൻെറ മനശ്ശക്തിക്കു് അതിരില്ല. അതു് എത്രകണ്ടു് ഏകാഗ്രപ്പെടുത്തുന്നുവോ. അത്രകണ്ടു് അധികശക്തി ഒരു വിഷയത്തിൽ ചെലുത്താൻ അതിനു സാധിക്കുന്നു.

൯൬. മനസ്സു ശരീരത്തിൻെറ ഒരു സൂക്ഷ്മഭാഗം മാത്രമാണെന്നും മനസ്സു ശരീരത്തെ ബാധിക്കുന്നുവെന്നും നാം വിശ്വസിച്ചാൽ ശരീരം മനസ്സിനെയും പ്രതിബാധിക്കണമെന്നുള്ളതു ന്യായമാകുന്നു. ശരീരം രോഗബാധിതമായാൽ മനസ്സിനെയും രോഗം ബാധിക്കുന്നു. മനുഷ്യനു കോപമുണ്ടാകുമ്പോൾ മനസ്സിനു കുഴപ്പം നേരിടുന്നു. അതുപോലെതന്നെ മനസ്സിനു കുഴപ്പം നേരിടുമ്പോൾ ശരീരത്തിനും കുഴപ്പമുണ്ടാകുന്നു.

൯൭. കാരണം എപ്പോഴും സൂക്ഷ്മമായിട്ടുള്ളതാകുന്നു. കാൎയ്യം സ്ഥൂലവുമാണു്.

൯൮. ജീവിതത്തിൻെറ പ്രധാനമായ വഴി ചൂണ്ടി ബലമാകുന്നു. മറെറല്ലാ സംഗതികളിലും എന്നപോലെ മതത്തിലും നിന്നെ ബലഹീനതപ്പെടുത്തുന്ന എല്ലാററിനെയും നീക്കംചെയ്യുക! ബലഹീനതയ്ക്കും നിനക്കും യാതൊരു സംബന്ധവും പാടില്ല. ര

ഹസ്യത്തിന്റെ പിന്നാലെ ഓടുക മനുഷ്യന്റെ തലച്ചോറിനെ ബലഹീനപ്പെടുത്തുകയാണ്.

൯൯. താഴ്ന്ന സൃഷ്ടിയിൽ ഉൾപ്പെട്ട മൃഗം മന്ദമായിട്ടുള്ളതാകുന്നു. കൂടുതലും തമോഗുണത്തിൽനിന്നും രൂപവൽകരിക്കപ്പെടുന്ന മൃഗങ്ങൾക്ക ഉയർന്ന വിചാരങ്ങൾ ഉണ്ടാകാൻ പാടില്ല. ദേവദൂതന്മാർ, അഥവാ ദേവന്മാർ മനുഷ്യജന്മം എടുക്കാതെ നേരെ മുക്തിയെ പ്രാപിക്കാൻ സാധിക്കയില്ല അതുപോലെ, മനുഷ്യസമുദായത്തിൽ അളവററ ഐശ്വര്യം അല്ലെങ്കിൽ അളവററ ദാരിദ്ര്യം, ആത്മാവിന്റെ അഭിവൃദ്ധിക്ക് ഒരു വലിയ പ്രതിബന്ധകമാകുന്നു മദ്ധ്യനിലയിൽനിന്നുമാണു ലോകത്തിനു മഹാന്മാർലഭിക്കപ്പെടുന്നതു്.

൧൦൦. നിങ്ങൾ അന്യന്മാരാൽ ബാധിക്കപ്പെട്ടാൻ എത്രമാത്രം അനുകൂല്യമുള്ളവരായിരിക്കുന്നു എന്ന സംഗതിയിൽ സത്രുദ്ധന്മാരായിരിക്കുവിൻ! നിങ്ങൾ അറിയാതെതന്നെ അന്യന്മാരെ നിങ്ങൾ താഴ്ചയിലേക്ക കൊണ്ടുവരുന്നു എന്ന സംഗതിയിൽ ശ്രദ്ധാലുക്കളായിരിക്കുവിൻ! ചിലർ തങ്ങളുടെ ഉന്നവിന്ന് ഒരു പുതിയ ഗതിയെ നൽകി അല്പകാലം അനേകംപേർക്ക നന്മയെ ചെയ്യുന്നതിൽ വിജയം സമ്പാദിക്കുന്നു. എന്നാൽ അതേസമയത്തുതന്നെ അവർ അറിയാതെ പരത്തുന്ന ആലോചനകളാൽ, സ്ത്രീപുരുഷന്മാരെ ഒന്നുപോലെ ആത്മാവില്ലാത്തവരാക്കിച്ചെയ്യത്തക്ക ആ മന്ദമായ, ശാന്തമായ മായാവസ്ഥയിൽ ഉയർത്തി ലക്ഷോപലക്ഷം ജനങ്ങളെ നശിപ്പിക്കുന്നു. അതുകൊണ്ട്, മൌഢ്യത്തോടുകൂടി, തങ്ങളെ അനുകരിക്കണമെന്നു് ഉപദേശിക്കുന്നവർ, തങ്ങളുടെ ഉയർച്ചയുള്ള ചിത്തത്തിന്റെ മരണശക്തിക്ക കീഴ്പെടുത്തി തങ്ങളുടെ പിന്നാലെ വരത്തക്കവണ്ണം ജനങ്ങളെ വശീകരിക്കുന്നവർ ആരായിരുന്നാലും, അവർ സ്വയം അറിയുന്നില്ലെങ്കിലും, മനുഷ്യസമുദായത്തിനു തിന്മയെ ചെയ്യുന്നവരാണു്.

൧൦൧. വെറും വാക്കുകളെയെല്ലാം വിട്ടുകളയുക! സ്വാനുഭവം സിദ്ധിച്ചമഹാത്മാക്കളാൽരചിക്കപ്പെട്ട ഗ്രന്ഥങ്ങളെമാത്രം പഠിക്കുക! ആദ്യം ശ്രവണം ചെയ്യുക! പിന്നീടു ഗ്രഹിക്കുക! തദനന്തരം ചലനങ്ങളെ നിശ്ശേഷം ഒകെവെടിഞ്ഞു്, ബഹിർമ്മുഖവശ്യശക്തികൾക്കു മനസ്സു കീഴ്പെടുമാറു വിട്ടയക്കാതെ, ഉള്ളിലുള്ള പരമാത്മാവിനെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ മാത്രം ജീവിതകാലത്തെ മുഴുവൻ വിനിയോഗംചെയ്യണം.

൧൦൨. ഏതൊരുവനു് ഒരേ ചിന്തയാൽ ബുദ്ധിഭ്രമം നേരിട്ടുമോ, അവനത്രേ ജ്യോതിസ്സിനെ കാണുന്നവൻ. അങ്ങിങ്ങായി അല്പാല്പം സ്വീകരിക്കുന്നവൻ ഒന്നിനെയും ഒരിക്കലും പ്രാപിക്കുന്നില്ല.

൧൦൩. നീ ധൈര്യമുള്ളവനായിരുന്നാൽ, നീ ഒരു പരിപൂർണ്ണയോഗിയായിത്തീരും.

൧൦൪. ജയം പ്രാപിക്കണമെങ്കിൽ, നിനക്കു് അതിയായ അഹർന്നിശപ്രയത്നവും നിസ്സീമമായ ദൃഢശക്തിയും ആവശ്യമാണു്. അഹർന്നിശപ്രയത്നവാൻ, "ഞാൻ സമുദ്രത്തെ കുടിച്ചുവററിക്കും; ഞാൻ വിചാരിക്കുന്ന മാത്രയിൽ മലകളെല്ലാം ധൂളീകരിക്കപ്പെടും" എന്നു പ്രഖ്യാപനം ചെയ്യും.

൧൦൫. ഒരു ഉദ്ദേശ്യത്തെ സ്വീകരിക്കുക; ഒരു ഉദ്ദേശ്യത്തെ നിൻെറ ജീവിതലക്ഷ്യമാക്കിക്കൊൾക! അതിനെ മാത്രം വിചാരിക്കുക! അതിനെപ്പററി സ്വപ്നം കാണുക! ആ ഉദ്ദേശ്യത്തിൽതന്നെ ജീവിക്കുക!

൧൦൬. ജീവിതത്തിൻെറ അത്ഥത്തെപ്പററിയും അതിൻെറ രഹസ്യത്തെക്കുറിച്ചും ചോദിക്കപ്പെടുന്ന ചോദ്യമല്ലെങ്കിൽപിന്നെന്താണു് മനസ്സ്?

൧൦൭. "സ്വാതന്ത്ര്യമേ! സ്വാതന്ത്ര്യമേ! ഹേ സ്വാതന്ത്ര്യമേ! അല്ലയോ സ്വാതന്ത്ര്യമേ!" ഇതത്രെ ആത്മീയഗാനം. അഹോ! സൃഷ്ടിയെസ്സംബന്ധിച്ച ബന്ധം അതിൻെറ തലയിലെഴുത്താണെന്നു തോന്നുന്നു.

൧൦൮. ഈശ്വരൻ എല്ലായ്പോഴും ബന്ധമുക്തനായിരുന്നു് ഇടവിടാതെ വേലചെയ്യുന്നു.

൧൦൯. നീ ഏതെങ്കിലും ജോലി ചെയ്യുമ്പോൾ തദന്യമായ യാതൊന്നിനെയുംകുറിച്ചു ചിന്തിക്കരുതു്. അതു പൂജയെന്നുകരുതി, അത്യുൽകൃഷ്ടമായ പൂജയാണെന്നു ധരിച്ചുചെയ്യുക! ആ അവസരത്തിൽ നിൻെറ മനസ്സു മുഴുവൻ അതിലതന്നെ ഉഴന്നുക!

൧൧൦. ഈശ്വരനിൽ ഭക്തിയുളവാക്കുവാൻ ആഗ്രഹിക്കുന്നവൻ വലിയ മോഹങ്ങളെയെല്ലാം പരിത്യജിക്കണം. ഈശ്വരനെ ഒഴിച്ചു മറെറാന്നിനെയും ആശിക്കാൻ പാടില്ല.

൧൧൧. പരിശുദ്ധമായ ആഹാരം സ്വീകരിക്കുന്നതായാൽ, മനസ്സു വിഷയങ്ങളെ ഉള്ളിൽ ഏടുത്തു് അവയുമായുള്ള ബന്ധമോ, അസഹിഷ്ണുതയോ, മയക്കമോ ഉണ്ടാകാതെ വിചിന്തനം ചെയ്വാൻ ശക്തമായി ഭവിക്കുന്നു. പിന്നീടു മനസ്സു പരിശുദ്ധമാകുന്നു. അപ്പോൾ ആ മനസ്സിൽ ഈശ്വരനെക്കുറിച്ചു അനുസ്യൂതധ്യാനം ഉണ്ടാകുന്നു.

൧൧൨. മനുഷ്യരിൽ രണ്ടു വകക്കാർ ഈശ്വരനെ മനുഷ്യനായിപൂജിക്കുന്നില്ല. ഒരു കൂട്ടർ മതമേ ഇല്ലാത്ത മനുഷ്യമൃഗങ്ങളാണു്. രണ്ടാമത്തെ തരക്കാർ മനുഷ്യസമുദായത്തിൻെറ പരിധിയെ കടന്ന—മനസ്സിനെയും ശരീരത്തെയും തള്ളിച്ചെറിഞ്ഞു സൃഷ്ടിയുടെ അതിരിനെകടന്ന—പരമഹംസന്മാരാണു്. സൃഷ്ടിമുഴുവൻ അവരുടെ ആത്മാവായി ഭവിച്ചത്രേ. അവക്കു മനസ്സുമില്ല, ശരീരവുമില്ല. അവക്കു് ഒരു യേശുക്രിസ്തുവിനെപ്പോലെ, അല്ലെങ്കിൽ ബുദ്ധനെപ്പോലെ,

ദൈവത്തെ ദൈവമായി പൂജിക്കാൻ കഴിയും. ഈ രണ്ടു കൂട്ടരും ഈശ്വരനെ മനുഷ്യനായി പൂജിക്കുന്നില്ല.

൧൧൩. വിദ്യാഭ്യാസമെന്നാൽ എന്താണു്? പുസ്തകപരിശീലനമോ? അല്ല. ബഹുമുഖമായ അറിവാണോ? അതുമല്ല. മനസ്സിന്റെ ഗതിയും പ്രകടനവും നിലച്ചു ഫലപ്രാപ്തിയിൽ എത്തിക്കുന്ന പരിശീലനം യാതൊന്നോ അതത്രേ വിദ്യാഭ്യാസം.

൧൧൪. ധീരനു—ആ ഒരാളിനു—തന്നെ എതിൎക്കാൻ സാധിക്കും.

൧൧൫. ഇച്ഛയോടുകൂടിയ കൎമ്മം—കാമ്യകൎമ്മം—ആണു്, ഇച്ഛയററ കൎമ്മത്തിനു—നിഷ്കാമകൎമ്മത്തിനു—കാരണം. ഇച്ഛ ആദ്യം ഇല്ലെങ്കിൽ ഇച്ഛാത്യാഗം സാദ്ധ്യമാണോ?

൧൧൬. ഹേ, ഭാരതമേ! ഇപ്രകാരം അന്യന്മാരെ നിന്ദിച്ചും അന്യന്മാരെ ഇത്രത്തോളം അപഹാസ്യമായ നിലയിൽ അനുകരിച്ചും ഇപ്രകാരം അന്യന്മാരോടു കെട്ടിയും ഈ അടിമത്തത്തോടുകൂടിയ ബലഹീനതയെ പുലൎത്തിക്കൊണ്ടും ഈ നിന്ദ്യമായ വെറുക്കത്തക്ക ക്രൌൎയ്യത്തോടുകൂടി, പരിഷ്കൃതവും ഉൽകൃഷ്ടവുമായ അത്യുച്ചശിഖരത്തെ പ്രാപിക്കുവാൻ നിനക്കു കഴിവുണ്ടോ? നിന്റെ അപമാനകരമായ ഭീരുത്വത്താൽ, ധീരന്മാരാലും വീരന്മാരാലുംമാത്രം പ്രാപിക്കപ്പെടത്തക്ക ആ സ്വാതന്ത്ര്യത്തെ സമ്പാദിക്കാൻ നിനക്കു സാധിക്കുമോ? അല്ലയോ, ആൎയ്യാവൎത്തമേ! നിന്റെ സ്ത്രീത്വത്തിന്റെ ലക്ഷ്യം സീത, സാവിത്രി, ദമയന്തി എന്നിവരാണെന്ന വസ്തുത നീ വിസ്മരിക്കരുതു്! നിന്നാൽ പൂജിക്കപ്പെടുന്ന ഈശ്വരൻ എല്ലാ ത്യാഗികളിലും വെച്ചു മഹാത്യാഗി; സൎവ്വസംഗപരിത്യാഗിയായ ശങ്കരൻ; ഉമാനാഥൻ. അതു നീ മറക്കരുതു്. നിന്റെ വിവാഹം, നിന്റെ ഐശ്വൎയ്യം, നിന്റെ ജീവിതം ഇന്ദ്രിയഭോഗങ്ങൾക്കായിട്ടല്ല—നിന്റെ സ്വന്തം സുഖത്തിനായിട്ടല്ല—എന്നുള്ളതു നീ വിസ്മരിക്കരുതു്. മാതാവിന്റെ ബലിപീഠത്തിൽ ത്യാഗം ചെയ്യപ്പെടുവാൻതക്ക ബലിയായിട്ടത്രേ നീ ജനിച്ചിരിക്കുന്നതെന്ന പരമാൎത്ഥത്തെ നീ മറക്കരുതു്. നിന്റെ സമുദായാദൎശം അകണ്ഡമിരാണ്മാതൃത്വത്തിന്റെ പ്രതിഫലമാണെന്ന വസ്തുത നീ മറക്കരുതു്. അധഃകൃതർ, അറിവില്ലാത്തവർ, എളിയവർ, പഠിപ്പില്ലാത്തവർ, ചണ്ഡാളർ, വഴിതൂപ്പുകാർ എന്നിവർ നിന്റെ സ്വന്തം രക്തവും മാംസവുമാണെന്നുള്ളതു്—അവർ നിന്റെ സഹോദരന്മാരാണെന്നുള്ളതു്—നീ ഒരിക്കലും വിസ്മരിക്കരുതു്. ഹേ ധീരാ! ധൈൎയ്യത്തോടിരിക്കുക! ദൃഢതയെ സ്വീകരിക്കുക! നീ ഒരു ഭാരതീയനായിരിക്കുന്നതിനെക്കുറിച്ചു് അഭിമാനിക്കുക. "ഞാൻ ഭാരതീയൻ; ഓരോ ഇന്ത്യനും എന്റെ സഹോദരനാത്രേ!" എന്നു് അഭിമാനപൂൎവ്വം മുരശടിക്കുക! "അറിവില്ലാത്തവനായ ഭാരതീയൻ, എളിയവനാം നി

സ്വാധായനരമായ ഭാരതീയൻ, ബ്രാഹ്മണനായ ഭാരതീയൻ, പറയനായ ഭാരതീയൻ എന്റെ സഹോദരനാണ്" എന്നു പ്രഖ്യാപനം ചെയ്യുക. അരയെ മറച്ച പഴന്തുണി ഉടുത്തിരിക്കുന്ന നീ ഉച്ചൈസ്വരത്തിൽ, "ഇന്ത്യനത്രെ എന്റെ സഹോദരൻ; ഇന്ത്യതന്നെ എന്റെ ജീവിതം; ഇന്ത്യയുടെ ദൈവവും ദേവിയുമത്രെ എന്റെ ദൈവം; ഭാരതസമുദായം എന്റെ ശൈശവത്തിലെ തൊട്ടിൽ; എന്റെ യൌവനത്തിലെ ഉദ്യാനം; പരിപൂതധാമമന്ദിരം; വാർദ്ധക്യത്തിലെ കാശി" എന്നു സാഭിമാനം പറയപ്പെടുക്കുക! സഹോദര! "ഭാരതഭൂമിയത്രേ, എനിക്കു അത്യുൽകൃഷ്ടമായ മോക്ഷലോകം. ഇന്ത്യയുടെ നന്മയത്രെ എന്റെ നന്മ" എന്നു പ്രഖ്യാപിക്കുക! "അല്ലയോ, ഗൌരീപതേ! ഹേ, ജഗന്മാതാ! എനിക്കു പൌരുഷത്തെ ദാനം ചെയ്യുക! അല്ലയോ ശക്തിയുടെ മാതാവേ! എന്റെ അശക്തതയെ നീക്കുക! എന്റെ പൌരുഷഹീനതയെ മാററുക! എന്നെ ഒരു ആൺകുട്ടിയാക്കുക!" എന്നിങ്ങനെ പ്രാർത്ഥിച്ചുകൊണ്ടു രാപ്പകൽ ജപിക്കുക!

൧൧൭. സന്മാർഗ്ഗശാസ്ത്രങ്ങളെല്ലാം, മനുഷ്യപ്രവൃത്തികളെല്ലാം, മനുഷ്യവിചാരങ്ങളെല്ലാം, സ്വാർത്ഥരഹിതമായ ചിന്തയിൽ തുങ്ങിക്കിടക്കുന്നു. മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യമെല്ലാം നിസ്സ്വാർത്ഥതയെന്ന ആ ഒരു വാക്കിൽ സ്ഥാപിക്കാം.

൧൧൮. സാധാരണമനുഷ്യൻ, താൻ ഏററവും താണവനെന്നു കരുതിക്കൊള്ളുന്നു; എന്തുകൊണ്ടെന്നാൽ അറിയപ്പെടേണ്ടതു് അതിവിപുലമായി അവനു തോന്നുന്നു.

൧൧൯. അറിവു വിപുലമായാൽ അറിയപ്പെടേണ്ടതു ചെറുതായി ഭവിക്കുന്നു.

൧൨൦. സൃഷ്ടിമുഴുവൻ ഈശ്വരോപാസനയാകുന്നു. എവിടെയെല്ലാം ജീവിതമുണ്ടോ, അവിടെയെല്ലാം സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ അന്വേഷണവുമുണ്ടു്. ആ സ്വാതന്ത്ര്യം ഈശ്വരനു സമമാകുന്നു.

൧൨൧. ഈശ്വരൻ പ്രകാശിക്കുന്നതിനാൽ ഈശ്വരനെത്തുടന്നു സർവ്വവും പ്രകാശിക്കുന്നു.

൧൨൨. ഈശ്വരൻ ഉപാസനകളുടെയെല്ലാം പിന്നിൽ നിൽക്കുന്നു. നാം അറിഞ്ഞാലുംശരി, ഇല്ലെങ്കിലും ശരി, അദ്ദേഹത്തിന്റെ ആജ്ഞപ്രകാരമാണ് അതു സംഭവിക്കുന്നതു്.

൧൨൩. നാം പറയുന്ന നിർഗ്ഗുണദൈവം പരസ്പരസംബന്ധത്തോടുകൂടിയ ദൈവമല്ല. അതുകൊണ്ടു് അതു നല്ലതു് അല്ലെങ്കിൽ ചീത്ത എന്നു തീർത്തുപറവാൻ സാധിക്കുന്നതല്ല. അതു് അതീതമായ ഒന്നാണു്. എന്തുകൊണ്ടെന്നാൽ അതു നല്ലതുമല്ല, ചീത്തയുമല്ല. എന്നിരുന്നാലും നന്മ, തിന്മയേക്കാൾ അതിനെ ഏററവും സമീപിച്ച പ്രകടനമാണു്.

൱൭൮. അജ്ഞാനം അല്ലെങ്കിൽ മായ ഈ സവ്വദൃശ്യങ്ങൾക്കും കാരണമായിരിക്കുന്നു. അഖണ്ഡവസ്തു—നിവ്വികാരവസ്തു—തന്നെ ഈ പ്രത്യക്ഷപ്രപഞ്ചമായിരിക്കുന്നതു്. മായ എന്നതു് കേവലശൂന്യമല്ല, ഇല്ലാത്തതല്ല; അതു സത്തുമല്ല, അസത്തുമല്ല; എന്നു വിവരിക്കപ്പെട്ടിരിക്കുന്നു. അതു സത്തല്ല. എന്തുകൊണ്ടെന്നാൽ ആ ലക്ഷണം അഖണ്ഡവസ്തുവിനെപ്പററി മാത്രമെ, നിവ്വികാരവസ്തുവിനെപ്പററി മാത്രമെ, നിവ്വചനം ചെയ്യാൻ പാടുള്ളു. അങ്ങനെ പറയുന്നവർ മായ അസത്താണെന്ന്. എന്നാൽ അതു് അസത്തെന്നു പറവാനും പാടില്ല. എന്തെന്നാൽ അസത്താണെങ്കിൽ അതിനു കാൎയ്യത്തെ ഉണ്ടാക്കാൻ ഒരിക്കലും സാധിക്കയില്ല. അതുകൊണ്ടു് അതു സത്തുമസത്തുമല്ലാത്ത ഏതോ ഒന്നാണു്. വേദാന്തശാസ്ത്രത്തിൽ അതു അനിവ്വചനീയമെന്നു പറയപ്പെടുന്നു.

൱൭൯. മനസ്സും മഹത്തത്വവും സത്താമാത്രമായ ആ ഏകവസ്തുവിന്റെ പ്രകടനങ്ങൾമാത്രമാകുന്നു.

൱൮൰. നാമരൂപങ്ങളെക്കൊണ്ടാണു് ഒരു വസ്തുവിനെ മറെറാരുവസ്തുവിൽനിന്നും നാം വേർപെടുത്തുന്നതു്. നാമരൂപങ്ങളത്രെ വ്യത്യാസത്തിനു കാരണം. യഥാൎത്ഥത്തിൽ അവ ഒന്നു തന്നെയാണു്.

൱൮൧. സത്തു് അത്രെ സവ്വസാധാരണമായ ഘടകം.

൱൮൨. മനുഷ്യൻ, ഒരു ചെറിയപെട്ടിയ്ക്കകത്തു വളച്ചുവയ്ക്കപ്പെട്ടതും അവസാനമില്ലാത്തതുമായ ഒരു ബലത്ത വില്ലാണു്. ആ ബലത്ത വില്ലു് തന്നെത്താൻതുറക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു. നാം കാണുന്ന സാമുദായികമത്സരമെല്ലാം ഈപ്രകാരം തുറക്കാൻ ശ്രമിക്കുന്നതിന്റെ ഫലങ്ങളാണു്.

൱൮൩. ആദ്യം ഈ സ്ഥൂലശരീരം; പിന്നിടു സൂക്ഷ്മശരീരം; അതിനുള്ളിൽ യഥാൎത്ഥമനുഷ്യനായ ജീവൻ.

൱൮൪. പ്രകൃതി നിത്യമായിട്ടുള്ളതാണു്. എന്നാൽ പരിണാമത്തോടുകൂടിയ നിത്യതയാണു് അതിനുള്ളതു്. പ്രകൃതിയുടെ പദാൎത്ഥമാകുന്ന പ്രാണനും ആകാശവും നിത്യമാണു്. എന്നാൽ അതു് എന്നും വേറെ വേറെ രൂപത്തിൽ പരിണമിച്ചു വരുന്നു.

൱൮൫. ഏതൊന്നു് സംഘടനയുടെ ഫലമായി ഉണ്ടാകുന്നില്ലയോ അതു് ഒരിക്കലും അഴിക്കപ്പെടുവാൻ സാധിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അഴിവു് എന്നതു് കാരണങ്ങളെ അഭിമുഖീകരിച്ചു ചെയ്യുന്നതുതന്നെയാണു്. സ്ഥൂലശരീരമാകട്ടെ ആകാശവും പ്രാണനും ചേൎന്നതാകുന്നു. അതുകൊണ്ടു് അതു് അഴിവിനെ പ്രാപിക്കും.

൱൮൬. ഏകവസ്തുവായിട്ടുള്ളതിനു് ഒരിക്കലും ജന്മത്തെ സ്വീകരിക്കാൻ സാധിക്കുന്നതല്ല.

൧൩൬. സംഘടിതമായിട്ടുള്ളതു യാതൊന്നോ അതിനു മാത്രമേ ജന്മത്തെ പ്രാപിക്കുവാൻ കഴിയുന്നുള്ളൂ.

൧൩൭. സൂര്യൻ വേറേ വേറേ ജലാശയങ്ങളിൽ പ്രതിബിംബിച്ചു വേറേ വേറേയായി കാണപ്പെടുന്നുവെങ്കിലും, ലക്ഷോപലക്ഷം ജലാശയങ്ങളിൽ അത്രയും സൂര്യന്മാർ പ്രതിബിംബിക്കുന്നുണ്ടെങ്കിലും —ഓരോ ജലാശയത്തിലും സൂര്യന്റെ പരിപൂർണ്ണബിംബം തോന്നിക്കപ്പെടുന്നുവെങ്കിലും—ഒരൊറ്റ സൂര്യൻമാത്രമേയുള്ളൂ.

൧൩൮. ഞാൻ ഒരിക്കലും ജനിച്ചിട്ടുമില്ല, ഒരു കാലത്തും ജനിക്കുന്നുമില്ല. എനിക്ക് ഒരിക്കലും മാതാപിതാക്കന്മാരുമില്ല, സ്നേഹിതന്മാരുമില്ല, ശത്രുക്കളുമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ അഖണ്ഡസച്ചിദാനന്ദ വസ്തുവാണ്. ഞാൻതന്നെ അവൻ. ഞാൻ അവൻ തന്നെ. ഈ ജ്ഞാനം സമ്പാദിച്ചവർ ജഗത്തുമായി ഐക്യപ്പെട്ടവരാകുന്നു. അവർക്ക് സ്വർഗ്ഗലോകങ്ങളെല്ലാം—ബ്രഹ്മലോകംകൂടിയും —നാശത്തെ പ്രാപിക്കുന്നു. സ്വപ്നംമുഴുവൻ മറഞ്ഞുപോകുന്നു. അവർ തങ്ങളെ ജഗത്തിന്റെ നിത്യനാഥന്മാരായിക്കൊള്ളുന്നു. അവർ അഖണ്ഡജ്ഞാനത്തോടും ആനന്ദത്തോടുംകൂടിയ തങ്ങളുടെ സ്വന്തവ്യഷ്ടിത്വത്തെ സ്വീകരിക്കുന്നു; മുക്തന്മാരായിഭവിക്കുന്നു. ചെറിയവിഷയസുഖങ്ങളെ മാറുന്നു. നാം ഈ ചെറിയ ശരീരത്തിൽ ഈ ചെറിയ വ്യഷ്ടിത്വത്തിൽ സുഖത്തെ കാണുന്നു ഈ ജഗത്തു മുഴുവൻ എന്റെ ശരീരമാകുമ്പോൾ എത്ര വലുതായസുഖം ഉണ്ടാകുന്നു! ഒരു ശരീരത്തിൽ സുഖമുണ്ടായിരുന്നാൽ, എല്ലാശരീരങ്ങളും എന്റേതാകുമ്പോൾ എത്രവളരെ സുഖമുണ്ടാകണം! അപ്പോഴാണു മുക്തി അടയുന്നത്. ഇതാണ് അദ്വൈതവേദാന്തതത്വം.

൧൩൯. "ഈ ലോകത്തിൽ രണ്ടുകോടിജനങ്ങളിൽ ഒരാളിനു പോലും ദൈവത്തിൽ വിശ്വാസമില്ല" എന്ന് ഒരു മഹാത്മാവ് ഒരിക്കൽ എന്നോടു പറഞ്ഞു. ഞാൻ, "അതെന്തുകൊണ്ട്?" എന്നു അദ്ദേഹത്തോടുചോദിച്ചു. അദ്ദേഹം എന്നെനോക്കി "ഈ മുറിയിൽ ഒരു കള്ളനുണ്ടെന്നും അടുത്തമുറിയിൽ കുറെ സ്വർണ്ണക്കട്ടിയുണ്ടെന്നുള്ള വസ്തുത അവൻഗ്രഹിച്ചിരിക്കുന്നുവെന്നും വിചാരിക്കുക! രണ്ടുമുറിയുടെ മദ്ധ്യത്തിൽ വളരെക്കുറഞ്ഞ ഒരു തട്ടിയേ ഉള്ളൂവെന്നുംകരുതുക! ആ കള്ളന്റെ വിചാരമെന്തായിരിക്കും?" എന്നുചോദിച്ചു. ഞാൻ "അവൻ ലേശം ഉറങ്ങുകയില്ല. അവന്റെ മനസ്സ് ആ സ്വർണ്ണത്തെ ലഭിക്കാനുള്ള ഉപായത്തിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കും. അവൻ മറ്റൊന്നിനെയും കുറിച്ചു ചിന്തിക്കുകയില്ല" എന്നു പറഞ്ഞു. അതുകേട്ട് അദ്ദേഹം, "ഒരുവൻ ദൈവത്തിൽ വിശ്വസിച്ച് അദ്ദേഹത്തെ പ്രാപിക്കുന്നതിലേക്കുള്ള ശ്രമത്തിൽ ഭ്രാന്തുപിടിപെടാതെ കഴിവാൻ സാധിക്കുമെന്നു നീ വിശ്വസിക്കുന്നുവോ? ആ മഹത്തായ അഖണ്ഡാനന്ദഫലം ഉണ്ടെന്നും അ

ത്തുലഭിക്കപ്പെടത്തക്കതാണെന്നും ഒരു മനുഷ്യൻ പരമാത്ഥമായി വിശ്വസിച്ചാൽ അവന്ന് അതിനെ ലഭിക്കാനുള്ള പ്രയത്നത്തിൽ ഭ്രാന്തു പിടിക്കാതിരിക്കുമോ?" എന്നു ചോദിച്ചു.

൧൩൧. ഇന്ത്യയിൽ ചില എണ്ണച്ചക്കുകളിൽ കാളകളെ ഉപയോഗിക്കുന്നു. അവ എണ്ണ ആട്ടുന്നതിലേക്കു ചുററിക്കറങ്ങിക്കൊണ്ടിരിക്കുന്നു. കാളയുടെ കഴുത്തിൽ നുകത്തടിയുണ്ട്. നുകത്തിൽനിന്നും ഒരു തടി നീണ്ടുനില്ക്കുന്നു. അതിൽ കുറേ വയ്ക്കോൽ കെട്ടിത്തൂക്കുന്നു. ആ കാളയുടെ നോട്ടം മുമ്പോട്ടു മാത്രം പററത്തക്കവിധത്തിൽ അതിന്റെ കണ്ണു കെട്ടിയിരിക്കും. അതിനാൽ മുമ്പിൽ കാണുന്ന വയ്ക്കോലിനെ കടിക്കുന്നതിനായി അതു മുമ്പോട്ടു കഴുത്തു നീട്ടുന്നു. അങ്ങനെ ചെയ്യുന്നതു് ആ തടിയെ അതു മുമ്പോട്ടു നീക്കുകയായിരിക്കും. വീണ്ടും അപ്രകാരം യത്നിക്കുന്നു. അതേ ഫലം തന്നെ നേരിടുന്നു. പിന്നെയും ശ്രമിക്കുന്നു; അപ്പോഴും ആ ഫലം തന്നെയുണ്ടാകുന്നു. എന്നാൽ അതു് ഒരിക്കലും വയ്ക്കോലിനെ സ്പർശിക്കുന്നില്ല. അതിനെ കടിക്കാമെന്നുള്ള വിശ്വാസത്തോടെ ചുററി ചുററിക്കറങ്ങുന്നു, അങ്ങനെ പ്രവൎത്തിച്ചു് എണ്ണ ആട്ടുന്നു. അതു പോലെ തന്നെ ജനനാൽ അടിമകളായ് നീയും ഞാനും ധനത്തിനും ഐശ്വൎയ്യത്തിനും പെണ്ണിനും പിള്ളയ്ക്കുമായി എപ്പോഴും ഒരു പിടി വയ്ക്കോലിനെ—കേവലം ഇന്ദ്രജാലത്തോന്നലിനെ പിന്തുടൎന്ന് ഓടിക്കൊണ്ടും, നമ്മുടെ ഉദ്ദേശ്യത്തെ പ്രാപിക്കാതെയും കണക്കററ ജന്മങ്ങളിൽ കൂടെ കഴിഞ്ഞു കൂടുന്നു.

൧൩൨. സോളമാനെയും ക്രിസ്സുവിനെയും സംബന്ധിച്ച കഥ നിങ്ങൾക്കു് ഓൎമ്മയുണ്ടോ? രാജാവു് ആ മഹാത്മാവിനെനോക്കി "ചെറിയ ഏഷ്യ വളരെ ആനന്ദകരമായ സ്ഥലം" എന്നു് അഭിപ്രായപ്പെട്ടു. മഹാത്മാവു് ആ രാജാവിനെനോക്കി, "ഏററവും ആനന്ദത്തോടുകൂടിയ മനുഷ്യൻ ആരാണു? ഞാൻ ആരെയും കണ്ടിട്ടില്ല." എന്നു പറഞ്ഞു. "സാഹസവാക്ക! ലോകത്തിൽ ഏററവും ആനന്ദത്തോടുകൂടിയ മനുഷ്യൻ ഞാനുണ്ടു്?" എന്നു രാജാവ് "മഹാരാജാവേ! അങ്ങയുടെ ജീവിതാന്ത്യഘട്ടത്തോളം ക്ഷമിച്ചിരിക്കണമെന്നു അപേക്ഷയുണ്ടു്." എന്നു പറഞ്ഞു മഹാത്മാവു തന്റെ വഴിക്കുപോയി. കാലാന്തരത്തിൽ ആ രാജാവു് പാരസീകന്മാരാൽ ജയിക്കപ്പെട്ടു. അവർ രാജാവിനെ ജീവനോടെ ദഹിപ്പിക്കാൻ വിധിച്ചു. അഗ്നികുണ്ഡം തയാറാക്കി. സാധുവായ ക്രിസ്സു അതുകണ്ടു് "സോളമാൻ! സോളമാൻ!" എന്നു ഉറക്കെ വിളിച്ചു. അപ്പോൾ അതുകേട്ടു് പാരസീകരാജാവു് സോളമാനോടു് അയാൾ ആരാണെന്നു ചോദിക്കുകയും സോളമാൻ തന്റെ വസ്തുസ്ഥിതി ധരിപ്പിക്കുകയാൽ രാജാവിന്നു് അനുകമ്പയുണ്ടായി സോളമാന്റെ ജീവനെ രക്ഷിക്കുകയും ചെയ്തു.

൧൮൯. മനസ്സ് നമ്മുടെ നിയന്ത്രണത്തിൽ അടങ്ങാതെ ചലിക്കുന്നതായി തോന്നുന്നു. ഈ ഇരിക്കുന്ന നമ്മളിൽ ആർക്കുംതന്നെ മനസ്സിനെ അടക്കാൻ സാധിക്കുന്നില്ല. അതു തനിക്കു തോന്നിയവഴിക്കു പോകുന്നു. എന്നാൽ അഭ്യാസത്താൽ മനസ്സിനെ മനുഷ്യൻ തന്റെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവന്ന്, സാവധാനത്തിലോ വേഗത്തിലോ ഇഷ്ടംപോലെ ചലിക്കുമാറ് അഥവാ നിശ്ചലനായി നിലകൊള്ളുമാറ് അടക്കിച്ചെയ്യുവാൻ കഴിയും.

൧൯൦. മനുഷ്യന്റെ മനസ്സ് വേല ചെയ്യുന്ന രണ്ടു ഭാഗങ്ങളോടുകൂടിയതാണ്. ആദ്യം അറിവോടുകൂടി ചെയ്യുന്ന ഭാഗമാകുന്നു. ആ ഭാഗം ഏതു ജോലിയും എല്ലായ്പോഴും ‘ഞാൻ” എന്ന ഉണർവോടുകൂടി ചെയ്യുന്നു. ഏതൊരു ഭാഗം “ഞാൻ” എന്ന ഉണർവോടുകൂടി ചെയ്യുന്നില്ലയോ, ആ ഭാഗം, അറിയാതെ ചെയ്യുന്ന ജോലിയോടുകൂടിയതാണ്. “ഞാൻ” എന്ന ഉണർവോടെ ചെയ്യുന്ന ഭാഗം അറിഞ്ഞു ചെയ്യുന്ന ജോലിയോടുകൂടിയതുമത്രേ. താഴ്ന്നതരം മൃഗങ്ങളിലുള്ള അറിയാതെ ചെയ്യുന്ന ഈ ജോലിക്ക് ഉള്ളുണർവ് എന്നു പറയപ്പെടുന്നു. ഉയർന്നതരം മൃഗങ്ങളിലും, എല്ലാ മൃഗങ്ങളിലും, എന്നുവേണ്ട ഏറ്റവും ഉയർന്ന മനുഷ്യരിലും അറിഞ്ഞുചെയ്യപ്പെടുന്ന ജോലിയത്രെ വെളിപ്പെടുന്നതു്.

൧൯൧. എന്നാൽ അതുകൊണ്ട് അവസാനിക്കുന്നില്ല. മനസ്സ് വേല ചെയ്യുന്നതായ ഉയർന്ന ഭൂമി ഇനിയും ഒന്നുണ്ട്. പ്രജ്ഞയ്ക്കും അപ്പുറത്താണതു്.

൧൯൨. മനുഷ്യപ്രകൃതി എല്ലാറ്റിന്റെയും ലക്ഷ്യമായിട്ടുള്ള ആ മുക്തിയെ സ്വാർത്ഥരഹിതമായ കർമ്മത്താൽ പ്രാപിക്കുന്നതിനത്രേ കർമ്മയോഗമെന്നു പറയപ്പെടുന്നതു്. അതിനാൽ എല്ലാ സ്വാർത്ഥപരമായ പ്രവൃത്തിയും നമ്മുടെ ലക്ഷ്യത്തെത്തടയുന്നു. സ്വാർത്ഥരഹിതമായ പ്രവൃത്തികൾ ഓരോന്നും ലക്ഷ്യത്തിലേക്കു നയിക്കുന്നു. സ്വാർത്ഥത്തോടുകൂടിയതു് ഏതൊന്നോ അതു് അനാചാരവും സ്വാർത്ഥരാഹിത്യത്തോടുകൂടിയതു് ഏതൊന്നോ അതു് ആചാരവുമത്രേ.

൧൯൩. ഒരു സന്ദർഭത്തിൽ ഒരു പ്രവൃത്തി സ്വാർത്ഥമറ്റതായിരിക്കാം; അതേപ്രവൃത്തി മറ്റൊരു സന്ദർഭത്തിൽ കേവലം സ്വാർത്ഥപരമായിരിക്കയും ചെയ്യാം.

൧൯൪. നീ ഈ ലോകത്തിലുള്ള മനുഷ്യരിൽ പലതരക്കാരെ കാണുന്നു. ഒന്നാമത്തു ദൈവികപുരുഷന്മാർ. ഇവരുടെ ത്യാഗമാകട്ടെ, പരിപൂർണ്ണമാകുന്നു; ഇവർ തങ്ങളുടെ ജീവനെപ്പോലും ത്യജിച്ചിട്ടു പരന്മാർക്കു നന്മയെ ചെയ്യുന്നു. ഇവരത്രെ ഉൽകൃഷ്ടപുരുഷന്മാർ. ഏതെങ്കിലും ദേശത്തു് അത്തരക്കാർ നൂറു് ആളുകൾ തികച്ചുണ്ടെ

ങ്കിൽ ആ ദേശം ഒരിക്കലും തേടിക്കേണ്ട ആവശ്യമില്ല. എന്നാൽ അവരുടെ സംഖ്യ ഇലോകം ചുരുങ്ങിയേ കാണപ്പെട്ടിട്ടുള്ളു. രണ്ടാമത്, തങ്ങൾക്കു ദുഃഖം നേരിടാതിരിക്കുന്നതുവരെ അന്യന്മാൎക്കു നന്മയെ ചെയ്യുന്ന ഒരുതരം സൽപുരുഷന്മാരുണ്ട്. പിന്നീട്ട് തങ്ങൾക്കു നന്മയെ ചെയ്യുന്നതിന്നായിട്ട് അന്യന്മാരെ സങ്കടപ്പെടുത്തുന്ന മൂന്നാമതൊരു കൂട്ടരുണ്ട്. "അന്യന്മാരെമനഃപൂൎവ്വം സങ്കടപ്പെടുത്തുന്ന,പേർ പറവാൻ പാടില്ലാത്ത, നാലാമതൊരു തരക്കാർകൂടെയുണ്ട്" എന്നൊരു സംസ്കൃതപണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഒരുകോടിയിൽ നന്മയ്ക്കായിട്ടു നന്മയെച്ചെയ്യുന്ന അത്യുൽകൃഷ്ടന്മാരുള്ളതുപോലെ,മറ്റൊരുകോടിയിൽ ദുഃഖിപ്പിക്കേണമെന്നാവേണമെന്നുള്ള മനഃപൂൎവ്വവിചാരത്തോടെ, അന്യന്മാൎക്കു തിന്മയെ ചെയ്യുന്ന ഒരു തരക്കാർ ഉണ്ട്. അവൎക്ക് അതിൽനിന്നും യാതൊരു ലാഭവും ഉണ്ടാകുന്നില്ല. എന്നാൽ തിന്മയെ ചെയ്യുക അവരുടെ സ്വഭാവമാകുന്നു.

൱൰൫. കടമ രുചികരമായിരിക്കുന്നതു പ്രയാസം. അതിന്റെ ചക്രങ്ങളിൽ സ്നേഹമായ കൊഴുപ്പു പുരട്ടുമ്പോൾ അതു സുകരമായി ഓടുന്നു. ഇല്ലെങ്കിൽ അതു കൎക്കശമായിരിക്കും.

൱൰൬. കടമപ്രേമത്താൽ രുചികരമായി ഭവിക്കുന്നു. പ്രേമം സ്വാതന്ത്ര്യം ഒന്നിനാൽ മാത്രം പ്രകാശിക്കുന്നു.

൱൰൭. പുരുഷന്മാൎക്കാകട്ടെ, സ്ത്രീകൾക്കാകട്ടെ, അവ്യഭിചാരകത്വം ഒരു സൽഗുണമാകുന്നു. എത്രതന്നെ സന്മാൎഗ്ഗത്തിൽനിന്നു തെറ്റിയവനായാലും പ്രേമവും സമാധാനവും സതീത്വവുമുള്ള പത്നിയാൽ സന്മാൎഗ്ഗത്തിലേക്കു ആനയിക്കപ്പെടാൻ കഴിയാത്തപുരുഷൻ വാസ്തവത്തിൽ ദുൎല്ലഭമായിരിക്കും.

൱൰൮. സ്ത്രീയെ ഈശ്വരന്റെ മാതൃഭാവത്തിന്റെ പ്രതിനിധിയായികരുതാൻ കഴിവുള്ളമനുഷ്യൻ യഥാൎത്ഥത്തിൽ ഭാഗ്യവാനത്രെ. പുരുഷൻ ഈശ്വരന്റെ പിതൃഭാവത്തെ സൂചിപ്പിക്കുന്നു എന്നു കരുതുന്നസ്ത്രീ ഭാഗ്യവതിയുമാകുന്നു. തങ്ങളുടെമാതാപിതാക്കന്മാരെ ലോകത്തിലെ പ്രത്യക്ഷമായ ഈശ്വരഭാവന്മാരാണെന്നു കരുതുന്ന സന്താനങ്ങൾ ഭാഗ്യമുള്ളവരുമാണു.

൱൰൯. ലേശവും തെറ്റാത്ത യഥാൎത്ഥസമത്വം,അതായതു്, മുന്നേറ്റത്തിന്നായി പ്രയത്നിക്കുന്ന ശക്തികളെല്ലാററിലും പരിപൂൎണ്ണമായ സമത്വം, ഈ ലോകത്തിൽ ഒരു കാലത്തും സംഭവിക്കുന്നതല്ല.

൱൨൦ മനുഷ്യനും മനുഷ്യനും തമ്മിൽ വ്യത്യാസത്തെജനിപ്പിക്കുന്നതു് എന്താകുന്നു? കൂട്ടത്തിലും തലച്ചോറിലുമുള്ള വ്യത്യാസമാകുന്നു. നാം എല്ലാവരും ഒരേ പ്രകാരത്തിലുള്ള ബുദ്ധിശക്തിയോടുകൂടി

ജനിച്ചവരാണെന്നു് ഈക്കാലത്തു ഭ്രാന്തന്മാരല്ലാതെ മററാരും പറയുക യില്ല.

൧൪൧. വ്യത്യാസം വേരോടെ നശിക്കുകയെന്നതു മരണമാണു്. ഈ ലോകം ഉള്ളതുവരെ വ്യത്യാസം നിലനില്ക്കുകതന്നെ ചെയ്യും; നില നില്ക്കുകതന്നെ വേണം.

൧൪൨. നാം എല്ലാവരും ഈ ബ്രഹ്മാണ്ഡമായ കുഴപ്പത്തോടു കൂടിയ ലോകയന്ത്രത്തിനാൽ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിൽനിന്നു മോചിക്കപ്പെടാൻ രണ്ടേരണ്ടു മാർഗ്ഗങ്ങളാണുള്ളതു്. ഒന്നാമത്തേമാർഗ്ഗം യന്ത്രത്തോടുള്ള സകല ബന്ധത്തെയും വിടുക; വിട്ടുംവച്ചു് ഒതുങ്ങിനില്ക്കുക; നമ്മുടെ ആശകളെല്ലാം വിട്ടുകളയുക. പറവാൻ വളരെ എളുപ്പം; എന്നാൽ പ്രവൃത്തിയിൽ കൊണ്ടുവരാൻ വളരെ പ്രയാസം. രണ്ടുകോടി മനുഷ്യരിൽ ഒരാളിനെങ്കിലും അങ്ങനെ ചെയ്വാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. രണ്ടാമത്തേതു് ലോകത്തിന്റെ അഗാധത്തിൽ താഴ്ന്നു് കർമ്മരഹസ്യത്തെ അറിയുകയാണു്. അതു തന്നെ കർമ്മയോഗമാർഗ്ഗം. ലോകത്തിന്റെ ചക്രങ്ങളിൽ നിന്നും ഒതുങ്ങി ഓടാതെ, അതിന്റെ ഉള്ളിൽ നിന്നു കർമ്മരഹസ്യത്തെ അറിഞ്ഞാലും!

൧൪൩. പ്രവൃത്തി വളരെ നല്ലതാണു്. അതു് ആലോചനയിൽ നിന്നും ഉണ്ടാകുന്നു. മാംസത്തിൽനിന്നും വെളിപ്പെടുന്ന ശക്തിയുടെ ചെറിയ പ്രകടനങ്ങളത്രെ പ്രവൃത്തി എന്നു പറയപ്പെടുന്നതു്. എന്നാൽ എവിടെ ആലോചനയില്ലയോ, അവിടെ പ്രവൃത്തിയുമില്ല. അതുകൊണ്ടു് ഉൽകൃഷ്ടവിചാരങ്ങളായ ഉയർന്ന ലക്ഷ്യങ്ങളാൽ ബുദ്ധിയെ നിറച്ചുകൊൾക. രാത്രിയും പകലും നിന്റെ മുമ്പിൽ അവയെ വച്ചുകൊൾക! അതിൽനിന്നും വലിയ പ്രവൃത്തിയുണ്ടാകും. അശുദ്ധത്തെപ്പററി പ്രസംഗിക്കരുതു്; എന്നാൽ നാം പരിശുദ്ധന്മാരെന്നു പറയുക!

൧൪൪. നാം ഏതു സ്ഥിതിയിൽ വർത്തിക്കുന്നുവോ, ആ സ്ഥിതിയിൽ ലോകത്തെ കാണുന്നു. ഒരു മുറിയിൽ ഒരു കുട്ടിയിരിക്കുന്നുവെന്നും ആ അറയിൽ ഒരു മേശയുടെ പുറത്തു് സ്വർണ്ണം നിറച്ച ഒരു മടിശ്ശീലയിരിക്കുന്നുവെന്നും ഒരു കള്ളൻ കടന്നു് ആ സ്വർണ്ണത്തെ മോഷ്ടിക്കുന്നു എന്നും വിചാരിക്കുക! ആ സ്വർണ്ണത്തെ അപഹരിക്കപ്പെടുന്നു എന്നു് ആ ശിശു അറിയുന്നുണ്ടോ? നമ്മുടെ ഉള്ളിൽ ഉള്ളതിനെയത്രെ നാം വെളിയിൽ നോക്കുന്നതു്. ശിശുവിന്റെ ഉള്ളിൽ കള്ളനില്ല. വെളിയിലും കള്ളനെ കാണുന്നില്ല.

൧൪൫. മരണമെന്നവലുതായ ഒരുവിഷയമുണ്ടു്. ലോകമുഴുവൻ മരണത്തെ നോക്കിച്ചെല്ലുന്നു. ഓരോന്നും മരിക്കുന്നു. നമ്മുടെ അഭിവൃദ്ധി, നമ്മുടെ ഗർവ്വം, നമ്മുടെ പരിഷ്കാരങ്ങളും, നമ്മുടെ ഡംഭം,

നമ്മുടെ ഐശ്വൎയ്യം, നമ്മുടെ അറിവ് ഇവയ്ക്ക് ഓരോന്നിനും മരണം എന്നു പറയുന്ന ആ ഒരവസാനമുണ്ട്. നിശ്ചയമായിട്ടുള്ളത് അതുമാത്രം. നഗരങ്ങൾ ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നു. ചക്രവൎത്തികൾ ആവിൎഭവിക്കയും അന്തൎദ്ധാനം ചെയ്കയും ചെയ്യുന്നു. ഗ്രഹങ്ങൾ തുണ്ടംതുണ്ടമായി പൊട്ടിത്തെറിക്കുന്നു. അനാദികാലംമുതൽ ഇപ്രകാരം സംഭവിച്ചുകൊണ്ടിരിക്കുന്നു. മരണംതന്നെ ഓരോ വസ്തുവിന്റെയും അവസാനം. മരണമത്രെ ജീവിതത്തിന്റെ, സൌന്ദൎയ്യത്തിന്റെ, ഐശ്വൎയ്യത്തിന്റെ, അധികാരത്തിന്റെ, സൽഗുണത്തിന്റെപോലും അവസാനം. മഹാത്മാക്കൾ മരിക്കുന്നു; പാപികളും മരിക്കുന്നു. അരചന്മാർ മരിക്കുന്നു; യാചകന്മാർ മരിക്കുന്നു. അവരെല്ലാവരും മരണത്തെ ലക്ഷ്യമാക്കിച്ചെല്ലുന്നു. എന്നാൽ ജീവിതത്തിലത്രേ ഈ വലുതായ ബന്ധം. എന്തുകൊണ്ടോ, ഈ ബന്ധം ഇങ്ങനെ ഉണ്ടായിരിക്കുന്നതു എന്തുകൊണ്ടാണെന്നു നമുക്ക് അറിഞ്ഞുകൂടാ. നാം ജീവിതത്തെപ്പറ്റിപ്പിടിക്കുന്നു. നമുക്ക് അതിനെ വിട്ടുകളവാൻ കഴിയുന്നില്ല. ഇതുതന്നെ മായ.

൪൭. മാതാവ് ശിശുവിനെ അത്യന്തശ്രദ്ധയോടെ പോറ്റിപ്പുലൎത്തുന്നു. അവളുടെ മനസ്സുമുഴുവൻ, അവളുടെ ജീവിതം മുഴുവൻ, ആ ശിശുവിലിരിക്കുന്നു. ശിശു വളൎന്നു മനുഷ്യനാകുന്നു. ഒരു പക്ഷേ അവൻ ദുരാഗ്രഹനായും മൃഗബുദ്ധിയായും ഭവിക്കുന്നു; ആ മാതാവിനെ എല്ലാപ്പോഴും അലട്ടുകയും അടിക്കുകയും ചെയ്യുന്നു. എന്നാൽ മാതാവ് തന്മകന്റെ മേൽ ആൎദ്രഹൃദയയായി ഭവിക്കുന്നു. അവൾക്കു ന്യായം തോന്നുമ്പോൾ അവൾ അതിനെ പ്രേമത്താൽ പൊതിയുന്നു. അതു പ്രേമമല്ലെന്നും തന്നാൽ വേർപെടുത്താൻ പാടില്ലാത്തവണ്ണം തന്റെ ഞരമ്പുകളിൽ കലൎന്നിരിക്കുന്ന ഏതോ ഒന്നാണെന്നും അവൾക്കു കരുതാൻ സാധിക്കുന്നില്ല. അവൾ എത്രതന്നെ ശ്രമിച്ചാലും അവളെ വരിഞ്ഞുമുറുക്കിയിരിക്കുന്ന ബന്ധത്തെ അവൾക്കു വേർപെടുത്താൻ കഴിയുന്നില്ല—അതുതന്നെ മായ.

൪൮. നാമെല്ലാവരും പൊൻമാനിനെ പിൻപറ്റി ഓടിക്കൊണ്ടിരിക്കുന്നു. നാം ഓരോരുത്തരും അതു നമുക്കു കിട്ടുമെന്നു കരുതുന്നു. ഒരുപക്ഷേ രണ്ടുകോടിയിൽ ഒരാളിനുമാത്രമേ വിജയം സമ്പാദിക്കാൻ സാധിക്കൂ എന്നു ബുദ്ധിമാന്മാർ ഗ്രഹിക്കുന്നു. എന്നിരുന്നാലും ഓരോരുത്തരും അതിനെ പ്രാപിക്കാൻ ശ്രമിക്കുന്നു. ഇതുതന്നെ മായ.

൪൯. മരണമെന്നതു് നമ്മുടെ ഈ ലോകത്തിൽ ചുറ്റിസ്സഞ്ചരിക്കുന്നു. എന്നാൽ നാമാകട്ടെ "എന്നും ജീവിച്ചിരിക്കും" എന്നു

കരുതിക്കൊള്ളുന്നു. "ഈ ലോകത്തിൽ ഏററവും ആശ്ചര്യകരമായ വിഷയം ഏതു്?" എന്നു യുധിഷ്ഠിരനോടു ഒരു ചോദ്യംചെയ്തു. അതിനു് ആ രാജാവു്, "ദിനംപ്രതി നമ്മുടെ ചുററും ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു; എന്നിട്ടും മനുഷ്യർ തങ്ങൾ ഒരിക്കലും മരിക്കുകയില്ലെന്നു കരുതുന്നു" എന്നു് ഉത്തരംപറഞ്ഞു. ഇതുതന്നെ മായ.

൧൪൯. ജ്ഞാനത്തിൻെറയും അജ്ഞാനത്തിൻെറയും ഇടയ്ക്കുള്ള ഈ അവസ്ഥയെ, ഈ രഹസ്യമായ മന്ദാന്ധകാരത്തെ, സത്യത്തിൻെറയും മിഥ്യയുടെയും ഈ സംയോഗത്തെ, അതു് എവിടെ സംബന്ധിക്കുന്നു എന്നുള്ളതിനെ ആരും അറിയുന്നില്ല. നാം ഒരു സ്വപ്നമദ്ധ്യത്തിൽ, പകുതിഉറങ്ങിയും പകുതിഉറങ്ങാതെയും നമ്മുടെ ജീവിതകാലത്തെ ഒരുമയക്കത്തിൽ കഴിച്ചുകൂട്ടുന്നു. ഇതത്രേ സകലഇന്ദ്രിയജ്ഞാനങ്ങളുടേയും വിധി. ഇതു സവ്തത്വശാസ്ത്രങ്ങളുടെയും ആത്മപ്രശംസചെയ്യുന്ന മററുശാസ്ത്രങ്ങളുടെയും ആത്മപ്രശംസചെയ്യുന്ന മനുഷ്യരുടെ എല്ലാ അറിവിൻേറയും വിധിയാണു്. ഇതു തന്നെ പ്രപഞ്ചം.

൧൫൦. നീ ജഡമെന്നോ ആത്മാവെന്നോ അല്ലെങ്കിൽ മനസ്സെന്നോ എന്തുതന്നെ പറഞ്ഞാലും പരമാൎത്ഥം ഒന്നുതന്നെയാണു്. അവ ഉണ്ടെന്നും നമുക്കു പറവാൻ സാധിക്കയില്ല, ഇല്ലെന്നുംപറവാൻ നിവൃത്തിയില്ല. അവ ഒന്നാണെന്നും നമുക്കു പറഞ്ഞുകൂട. അവ അനേകമാണെന്നും പറവാൻ സാധിക്കയില്ല. ഇരുട്ടും വെളിച്ചവും എന്നും ഇങ്ങനെകളിക്കുന്നതു്—പിരിവററതായി, അഭേദ്യമായി, അവ എല്ലായ്പോഴും ഉണ്ടെന്നുള്ളതു—വാസ്തവം; എന്നാൽ അതു വാസ്തവമല്ല; ജാഗ്രത്തു്. എന്നാൽ നിദ്രയുമാണു്. ഇതു പരമാൎത്ഥത്തിൻെറ വിളയാട്ടമാണു്. ഇതുതന്നെമായ.

൧൫൧. ലോകത്തിൽ ജനിച്ചരീതിയിൽ തന്നെ ജീവിക്കാൻ തൃപ്തിതോന്നുന്നവരുടെ വിധി ദുഃഖമാണു്.

൧൫൨. രൂപമുള്ള ഓരോന്നും, നിൻെറമനസ്സിൽ ഒരു വിചാരത്തെജനിപ്പിക്കുന്ന ഓരോന്നും, മായയ്ക്കകത്തുള്ളതാണു്. എന്തുകൊണ്ടെന്നാൽ, കാലദേശനിമിത്തങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നഓരോന്നുംമായയ്ക്കകത്തുള്ളതാണു്.

൧൫൩. അന്യരെ കൊല്ലാതെ ഒരുവിനാഴികനേരം ജീവിക്കാൻ ആൎക്കു സാധിക്കും? അനേകായിരം ജീവന്മാരെ നശിപ്പിക്കാതെ ഒന്നു ശ്വാസിക്കാൻ നിനക്കു സാധിക്കുമോ? നീ ജീവിക്കുന്നു; ലക്ഷോപലക്ഷം ജീവികൾ മരിക്കുന്നു. നിൻെറ ജീവിതംകൊണ്ടു്, ഓരോ വിനാഴികയിലും, നിൻെറ ഓരോശ്വാസത്തിലും, അനേകലക്ഷം ജീവികൾക്കു മരണം നേരിടുന്നു. നിൻെറ ഓരോചലനവും അനേകാ

സിരം മരണമാണ്. നീ ഉണ്ണുന്ന ഓരോ ഉരുളയും അനേകലക്ഷം മരണത്തിനു കാരണമാകുന്നു. അവ എന്തിനു മരിക്കണം? അവയെല്ലാററവും താഴ്ന്ന പ്രാണികളാണെന്ന് ഒരു പഴഞ്ചൊല്ലുണ്ട്. അവ അപ്രകാരംതാഴ്ന്നവയെന്നുതന്നെയിരിക്കട്ടെ; എന്നാൽ ഈ സംഗതി വാദവിഷയം. എറുമ്പു മനുഷ്യനെക്കാൾ വലുതാണോ? അല്ലെങ്കിൽ മനുഷ്യൻ എറുമ്പിനെക്കാൾ വലുതാണോ? ഇതാർക്ക് അറിയാം? ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഇതിനെ ആർക്കു സമർത്ഥിക്കാൻകഴിയും?

൧൩൪. മതത്തെ അന്തർഭൂതമാക്കിയതും, മതത്തെ ഓരോഗൃഹത്തിന്റെയും പടിവാതുക്കൽ കൊണ്ടുചെന്നുകൊടുത്തതുമായ വിശാലഹൃദയത്തെയും അതിനുററ സമാധാനത്തെയും നാം ബുദ്ധനിൽ കണ്ടു. ഓരോന്നിലും യുക്തിപൂർവ്വം, ജ്വലിക്കുന്ന പ്രകാശത്തെ പരത്തുന്ന മഹത്തായ ബുദ്ധിശക്തിയെ ശ്രീശങ്കരാചാര്യരിൽ കണ്ടു. ഇന്നു നാം ആ ബുദ്ധിശക്തിയാകുന്ന പ്രകാശമേറിയ ആദിത്യനെ ബുദ്ധന്റെ ഹൃദയത്തോട്, പ്രേമവും അനുകമ്പയും വിളയുന്ന വിസ്മയനീയവും സീമാതീതവുമായ ഹൃദയത്തോട്, സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ സംഘടനം നമുക്ക് അത്യുൽകൃഷ്ടമായ തത്വജ്ഞാനത്തെ പ്രദാനംചെയ്യും. ശാസ്ത്രവും മതവും യോജിച്ചു കൈപിടിക്കും. കാവ്യവും തത്വജ്ഞാനവും സുഹൃത്തുക്കളായി ഭവിക്കും. ഇതു ഭാവിമതമാണ്. നാം ഇങ്ങനെ പ്രവർത്തിച്ചുകൊള്ളുമെങ്കിൽ ഇതു എല്ലാക്കാലത്തും എല്ലാജനങ്ങൾക്കുമായി ഭവിക്കുമെന്നു നമുക്ക് സാദ്ധ്യംവിശ്വസിക്കാം.

൧൩൫. മനുഷ്യർ എന്തിനായിട്ട് ആചാരമുള്ളവരായിരിക്കണം? ആചാരമാണ് മുക്തിക്കു മാർഗ്ഗമായിട്ടുള്ളത്. ആചാരമില്ലായ്മ ബന്ധത്തിൽ തള്ളുന്നു.

൧൩൬. നമുക്ക് അമൃതം കിട്ടാതെ പോയതുകൊണ്ട് അതിനു പകരം വിഷംകുടിച്ചു എന്നുവെച്ചു കാര്യം നടക്കുമോ? നമുക്ക് ഉടനടി സത്യത്തെ അറിവാൻ കഴിഞ്ഞില്ലെന്നു വെച്ച് അന്ധകാരകുഹരത്തിൽ കടന്നു ബലഹീനതയ്ക്കും മൂഢവിശ്വാസത്തിനും പാത്രമായാൽ നമുക്ക് എന്തെങ്കിലും ആനുകൂല്യം സിദ്ധിക്കുമോ?

൧൩൭. ബലമാണ് ആവശ്യം. ലോകവ്യാധിക്കു ബലമത്രേ ഔഷധം. ധനികന്മാരുടെ നിഷ്ഠൂരതയ്ക്കു പാത്രമാകുമ്പോൾ എളിയവർക്കു വേണ്ട ഔഷധം ബലമാണ്. പഠിപ്പുള്ളവരുടെ നിർദ്ദയമായ പെരുമാററത്തിനു പാത്രമാകുമ്പോൾ പാമരന്മാർക്കു വേണ്ട ഔഷധവും അതുതന്നെ. അന്യ പാപികളുടെ ക്രൂരമായ പെരുമാററത്തിനു പാത്രീഭവിക്കുമ്പോൾ, പാപികൾക്കുവേണ്ടതും ബലമാകുന്ന ഔഷധമത്രെ. ഈ അദ്വൈതചിന്തയെപ്പോലെ മറെറാന്നും തത്തുല്യമായ ഫലം നൽകുന്നില്ല.

൩൮. നിന്നിൽ ചമതലചമത്തുന്ന മാത്രയിൽ നീ നിന്റെ ദുഷ്ടചിന്തനങ്ങളെയെല്ലാം പോകവിടുന്നു; അതോടുകൂടി നിന്റെ നടപടികളു മുഴുവൻ മാററം നേരിടും.

൩൯. "എനിക്കു മരണവുമില്ല, ഭയവുമില്ല. എനിക്കു ജാതിയുമില്ല, കക്ഷിയുമില്ല. എനിക്കു പിതാവുമില്ല, മാതാവുമില്ല ജനനവുമില്ല, മരണവുമില്ല. ശത്രുവുമില്ല, മിത്രവുമില്ല. എന്തുകൊണ്ട്? ഞാൻ അഖണ്ഡസച്ചിദാനന്ദവസ്തു. ഞാൻ ആനന്ദമയൻ. പുണ്യത്താലാകട്ടെ, പാപത്താലാകട്ടെ, സുഖത്താലാകട്ടെ, ദുഃഖത്താലാകട്ടെ ഞാൻ ബന്ധിക്കപ്പെട്ടവനല്ല. വേദപാഠങ്ങളും ഗ്രന്ഥങ്ങളും ചടങ്ങുകളും എന്നെ ബന്ധിക്കാൻ ഒരിക്കലും സാധിക്കുന്നതല്ല. എനിക്കു വിശപ്പുമില്ല, ദാഹവുമില്ല. ശരീരം എന്റേതല്ല. ശരീരത്തിനുണ്ടാകുന്ന മൂഢവിശ്വാസങ്ങളും നാശവും എന്നെ ബാധിക്കുന്നതല്ല. ഞാൻ അഖണ്ഡസച്ചിദാനന്ദസ്വരൂപി, ഞാൻ ആനന്ദമയൻ! ഞാൻ ആനന്ദമയൻ!!"

൪൦. വേദങ്ങളെല്ലാം ഏതൊന്നിനെ ഘോഷിക്കുന്നുവോ, തപസ്സുകളെല്ലാം ഏതൊന്നിനെ മുദ്രകുത്തിക്കുന്നുവോ, ഏതൊന്നിനെ ലക്ഷ്യമാക്കി ജനങ്ങൾ ബ്രഹ്മചര്യത്തെ ആചരിക്കുന്നുവോ, അതിനെ 'ഓം' എന്നു ഞാൻ ഒരൊററ വാക്കിൽപ്പറയാം.

൪൧. അണുവിലും അണുവായും മഹത്തിൽ വച്ചു മഹത്തായുമുള്ള ആ സമസ്തനാഥൻ ഓരോ മനുഷ്യഹൃദയത്തിന്റെ ഉള്ളിലും സ്ഥിതിചെയ്യുന്നു. പാപരഹിതന്മാർ ദുഃഖങ്ങളിൽനിന്നും ഒഴിഞ്ഞുമാറി, ഈശ്വരന്റെ കൃപയാൽ അദ്ദേഹത്തെ ദർശിക്കുന്നു. അദ്ദേഹം ശരീരത്തിൽ വസിക്കുന്ന ആളാണെങ്കിലും, ദേഹരഹിതനാണ്; ദേശത്തോടുകൂടിയ ആളാണെന്നു തോന്നിക്കുന്നുണ്ടെങ്കിലും അദ്ദേഹം ദേശരഹിതനാണ്. അഖണ്ഡൻ; സർവ്വവ്യാപി; ആത്മാ; ഇപ്രകാരം അറിയുന്നതിനാൽ മഹാത്മാക്കൾ ഒരിക്കലും ദുഃഖം അനുഭവിക്കുന്നില്ല.

൪൨. ഈ ആത്മാവിനെ വാചാലത്വംകൊണ്ടാകട്ടെ, ബുദ്ധിവൈഭവംകൊണ്ടാകട്ടെ വേദപഠനത്താലാകട്ടെ പ്രാപിക്കാൻ കഴിയുന്നില്ല.

൪൩. സർവ്വശബ്ദങ്ങളുടെയും സർവ്വദൃശ്യങ്ങളുടെയും സർവ്വരൂപങ്ങളുടെയും അപ്പുറത്ത് അഖണ്ഡമായി, സ്പർശങ്ങൾക്കും അപ്പുറത്ത് അഖണ്ഡമായി, ആദ്യന്തങ്ങളില്ലാത്തവനായി, പ്രകൃതിക്കും അതീതനായി, പരിണാമമില്ലാത്തവനായിരിക്കുന്ന "അദ്ദേഹ"ത്തെ ഏവനൊരുത്തൻ അനുഭവത്തിൽ അറിയുന്നുവോ, അവനത്രെ മരണത്തിന്റെ വായിൽനിന്നും തന്നെത്താൻ മോചിക്കപ്പെടുന്നത്.

൪൪. സർവ്വോപനിഷത്തുകളിലും കലർന്നുകിടക്കുന്ന ഒരു മധുരമായ സ്ഥാനഭൂതിയാകുന്നു.

൧൭൫. പരിപൂർണ്ണത്വം എപ്പോഴും അഖണ്ഡമാകുന്നു. നാം ആദ്യമേ ഈ അഖണ്ഡാവസ്ഥയായിട്ടിരിക്കുന്നു. ആ അഖണ്ഡഭാവത്തെ വെളിപ്പെടുത്താൻ നാം ശ്രമംചെയ്തുവരുന്നു. നീയും ഞാനുംഎല്ലാജീവരാശികളും അതിനെ വെളിപ്പെടുത്താൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. അതു വേണ്ടതുമാണ്.

൧൭൬. പരിപൂർണ്ണപ്രകടനം എന്നതിൻെറ അർത്ഥമെന്തു്?പരിപൂർണ്ണഭാവമെന്നതു അഖണ്ഡഭാവം എന്നർത്ഥമാകുന്നു.

൧൭൭. ത്യാഗമത്രെ നമ്മെ അഭിവൃദ്ധിയിലേക്കു കൊണ്ടുപോകുന്നതു്. ത്യാഗമാണു നമ്മുടെ യഥാർത്ഥജീവിതത്തിനു് ആധാരം. നാം അനുഭവിക്കുന്ന സുഖത്തിലും, യഥാർത്ഥജീവിതത്തിലും, ഓരോ വിനാഴികയിലും നാം നമ്മേപ്പററി ഓർക്കാതിരിക്കുമ്പോഴാണു് ഈ ചെറിയ പൃഥഗ്ജീവൻ മരിക്കേണ്ടതു്. അപ്പോൾ, വാസ്തവത്തിൽ നാം ഉണ്ടെന്നും, നാം ആ പരമാത്മാവിൻെറ അംശമാണെന്നും, അദ്ദേഹമാണ് നമ്മുടെ യഥാർത്ഥഭാവമെന്നും അദ്ദേഹം എപ്പോഴും നമ്മളിലും നമ്മുടെകൂടെയും ഉണ്ടെന്നും നാം കാണുന്നു. നമുക്കു് അദ്ദേഹത്തിൽ വസിച്ചു് അദ്ദേഹത്തിൽ നിൽക്കാം. അതുതന്നെയാണു് ജീവിതത്തിൻെറ ആനന്ദകരമായ നില. ജ്ഞാനഭൂമിയിലെ ജീവിതംതന്നെ ജീവിതം. നമുക്കു എല്ലാപേർക്കും ഈ സ്വാനുഭൂതിയെ സമ്പാദിക്കാൻ പ്രയത്നിക്കാം.

൧൭൮. ലക്ഷ്യം അഖണ്ഡാവസ്ഥയിൽത്തന്നെ, അഖണ്ഡമായുള്ള ആ ഒന്നിൽതന്നെ പതിയണം. നമ്മെച്ചുററിയുള്ള ഏകമായ അഖണ്ഡാവസ്ഥ എന്താണെന്നാൽ നമ്മുടെ ഉള്ളിൽ ഉള്ളതുതന്നെ; നമ്മുടെ സ്വന്തം ആത്മാവുതന്നെ. ശരീരം, അല്ലെങ്കിൽ മനസ്സ് അഥവാ നമ്മുടെ വിചാരങ്ങൾപോലും അല്ലെങ്കിൽ നമ്മുടെ ചുററും നാംകാണുന്ന ലോകം അഖണ്ഡമല്ല.

൧൭൯. ഇവിടെയുള്ളതു് അവിടെയുമുണ്ടു്, അവിടെയുള്ളതു ഇവിടെയുമുണ്ടു്. നാനാത്വത്തെ ഏതൊരുവൻ കാണുന്നുവോ അവൻ മരണത്തിൽനിന്നും മരണത്തിലേക്കു പോകുന്നു.

൧൮൦. ഓരോ മനുഷ്യനും ആത്മീയലോകത്തിലെന്നപോലെ ശാസ്ത്രീയലോകത്തിലും അത്യന്താനുഭൂതിയോടെ ജീവിക്കേണ്ട ഒരു കാലം നേരിടും. അപ്പോൾ ആ യോജിപ്പു്, യോജിപ്പിൻെറ സമാധാനഭാവം ലോകംമുഴുവൻ വ്യാപിക്കും. മനുഷ്യർ എല്ലാവരും ജീവന്മുക്തന്മാരായി ഭവിക്കും; ഈ ജന്മത്തിൽതന്നെ മുക്തന്മാരായിത്തീരും.

൧൮൧. എല്ലാററിലും "എന്തിനു്?" എന്നുള്ളതിനെ മാത്രം ഞാൻ ഇച്ഛിക്കുന്നു. "എങ്ങനെ?" എന്നുള്ളതിനെ കുട്ടികൾക്കായിവിട്ടിരിക്കുന്നു.

൧൱൨. സ്വാതന്ത്ര്യമായിട്ടുള്ളത് ഒരിക്കലും ഭീരുതയോടുകൂടിയതാകാനിടയില്ല. അതു വാസ്തവത്തിൽ ഭീരുതയോടുകൂടിയതായിരുന്നാൽ അതിന്റെ സ്വാതന്ത്ര്യഭാവം ഒരു ഭ്രമംമാത്രമായിരിക്കും.

൧൱൩. എന്നാൽ ഒട്ടധികലത്തവനും അത്യുത്തമനുമായ നീ ഖേദിക്കേണ്ട ആവശ്യമില്ല. നീ ഈ ചടങ്ങുകളിൽകൂടി ചെല്ലേണ്ട ആവശ്യമില്ല. നിന്റെ ചക്രവർത്തിത്വത്തെ വീണ്ടും എങ്ങനെ സമ്പാദിക്കുമെന്നുള്ളതിനെപ്പററി നീ ചിന്തിക്കേണ്ട. എന്തുകൊണ്ടെന്നാൽ നീ ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ല. നീ നഷ്ടപ്പെട്ടിട്ടില്ലാത്തതിനെ അന്വേഷിച്ച് ചെല്ലുന്നതെന്തിന്? നീ ആദ്യമേ പരിശുദ്ധൻ; നീ ആദ്യമേതന്നെ മുക്തൻ, നീ സ്വാതന്ത്ര്യൻ. ഇങ്ങനെ കരുതിക്കൊണ്ടാൽ നീ ഈ നിമിഷത്തിൽതന്നെ സ്വാതന്ത്ര്യൻ. നീ ബദ്ധനെന്നു കരുതിയാൽ നീ ബദ്ധനായിഭവിക്കും.

൧൱൪. മരണമെന്നത് പുറമേയുള്ള ഏതോ ഒരു കാരണത്താൽ ഉണ്ടായിത്തീർന്ന ഒരു കാര്യമാണ്.

൧൱൫. സ്വാതന്ത്ര്യമെന്നത് പുറമേയുള്ള ഏതൊന്നിനെയും സംബന്ധിക്കാതിരിക്കുകയാകുന്നു. അതായത് അതിന്റെ വെളിയിലുള്ള യാതൊന്നും ഒരു കാരണമായിനിന്ന് അതിന്മേൽ പ്രവർത്തിക്കാൻ പാടില്ല.

൧൱൬. വേദങ്ങൾ ദൈവികജ്ഞാനത്തെ സംബന്ധിച്ച മൊഴികളാകുന്നു. ദൈവം നിത്യമെന്നതുപോലെ ദൈവികജ്ഞാനവും നിത്യമായിട്ടുള്ളതാകുന്നു. അതിനാൽ വേദവും നിത്യമാണ്.

൧൱൭. 'ഓരോ ദുഷ്പ്രവൃത്തിയും ആത്മാവിന്റെ ലക്ഷണത്തെ പുതുക്കുന്നു; ഓരോ സൽപ്രവൃത്തിയും അതിനെ വികസിപ്പിക്കുന്നു.'

൧൱൮. "കത്തിജ്ജ്വലിക്കുന്ന അഗ്നിയിൽനിന്നും അതേലക്ഷണത്തോടുകൂടിയ ലക്ഷോപലക്ഷം കണങ്ങൾ തെറിക്കുന്നതുപോലെ, ദൈവമാകുന്ന ഈ അഖണ്ഡവസ്തുവിൽനിന്നും ഈ ആത്മാക്കൾ ആവിർഭവിക്കുന്നു."

൧൱൯. പ്രപഞ്ചത്തിൽ ദൈവമില്ലാത്ത ഒരു അണുവുമില്ല; ഒരു ധൂളിയുമില്ല.

൧൱൰. സർവ്വവ്യാപകവസ്തുവായ നമ്മെ ദുഃഖിപ്പിക്കാൻ ആർക്കു കഴിയും? ബലഹീനതയെല്ലാം നമ്മളിൽനിന്നും പമ്പ കടന്നിരിക്കുന്നു. നാം ചെയ്യേണ്ടതായിട്ടുള്ളത്, നമ്മുടെ സഹോദരങ്ങളിൽ ഈ ബോധത്തെ ഉദ്ദീപിപ്പിക്കുക ഒന്നു മാത്രമാകുന്നു'

൧൱൰൧. പാരമാർത്ഥികങ്ങളെല്ലാം നിത്യങ്ങളാണ്. സത്യം യാതൊരുത്തന്റെയും സ്വത്തല്ല. ഏതൊരു ജാതിക്കും ഏതൊരു മനുഷ്യവ്യക്തിക്കും അതു തനിക്കുമാത്രമായിട്ടുള്ളതാണെന്നു പറവാൻ സാധിക്കയില്ല.

൧൮൨. അങ്ങനെയാണെങ്കിൽ അവനവനാം എന്തൊന്നാണ്? അതിന് ഉത്തരം — സമഷ്ടിപരമായ ആ ആത്മാ നീ തന്നെ. നീ അതിന്റെ ഒരു ഭാഗമല്ല; പിന്നെയോ അതു മുഴുവൻ നീ തന്നെയാണ്. നീ തന്നെ ദൈവം മുഴുവൻ. അങ്ങനെയാണെങ്കിൽ ഈ വ്യത്യാസങ്ങളെല്ലാം എന്താവാം?

൧൮൩. ദുഃഖത്തിന്റെ ഒരു പ്രധാന കാരണം ഭയമാണ്. ഒരുവൻ എന്തിനായിട്ട് മറ്റൊരുവനെ ഉപദ്രവിക്കണം? എന്തിനെന്നാൽ, അവൻ (ഉപദ്രവിക്കുന്നവൻ) തനിക്ക് ആവശ്യമുള്ള ഭോഗം തികച്ചും ലഭിക്കുകയില്ലെന്നു ഭയപ്പെടുന്നു. തനിക്കു വേണ്ടുവോളം പണമില്ലെന്നു മറ്റൊരുവൻ ഭയപ്പെടുന്നു. ആ ഭയം അന്യന്മാരെ ഉപദ്രവിച്ചു കൊള്ളനടത്താൻ അവനു കാരണമായിത്തീരുന്നു. ഒരേ വസ്തുവായിരുന്നാൽ ഭയം എങ്ങനെയുണ്ടാകാനാണ്? എന്റെ തലയിൽ ഇടിവീണാൽ, ആ ഇടി ഞാൻതന്നെ. എന്തുകൊണ്ട്? ഉള്ള വസ്തു ഞാൻ ഒരുവൻ മാത്രം. വിഷൂചിക പിടിപെട്ടാലും അതു ഞാൻതന്നെ. പുലി വന്നു ചാടിയാൽ അതും ഞാൻതന്നെ. മരണം നേരിട്ടാൽ അതും ഞാൻതന്നെ. ഞാനത്രേ മരണവും വാഴ്ച്ചയും.

൧൮൪. മതത്തെ അനുഭവത്തിൽ കൊണ്ടുവരിക! പ്രസംഗം പോരാ; ഇതത്രേ വേദാന്തപ്രഖ്യാപനം.

൧൮൫. നമ്മുടെ ആത്മാവിൽ സ്വാനുഭൂതിയുടെ ആരംഭമുണ്ടാകുമ്പോൾ മതം ഉദയംചെയ്യുന്നു. അതുതന്നെ മതത്തിന്റെ ഉത്ഭവം. അപ്പോഴാണ് നാം ആചാരമുള്ളവരായിത്തീരുന്നതു്.

൧൮൬. റോമപുരിയിലെ ധനികനെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കാം. ഒരു ദിവസം തന്റെ സ്വത്തിൽ "പത്തുലക്ഷം പവൻ ബാക്കിയുള്ളൂ" എന്നു അയാൾ അറിഞ്ഞു. തൽക്ഷണം അയാൾ ആത്മഹത്യചെയ്തു. പത്തുലക്ഷം പവൻ അയാൾക്കു ദാരിദ്ര്യമത്രേ!

൧൮൭. സമുദ്രത്തിൽ ഒരു തിര ഉണ്ടാകുന്നു. തിര തീർച്ചയായും സമുദ്രസമാനം തന്നെ. എന്നിരുന്നാലും അതു തിരയാണെന്നും സമുദ്രത്തിൽനിന്നും വ്യത്യാസപ്പെട്ടതാണെന്നും നാം കാണുന്നു. ഈ വ്യത്യാസത്തെ ഉണ്ടാക്കുന്നതു് എന്തൊന്നാണ്? നാമവും രൂപംതന്നെ. മനസ്സിലുള്ള വിചാരവും രൂപവുമാണ്. നമുക്ക് ഒരു തിരയുടെ രൂപത്തെ സമുദ്രത്തിൽനിന്നും വ്യത്യസ്തമായ ഒന്നായി ഓർക്കാൻ സാധിക്കുമോ? ഒരിക്കലും സാധിക്കയില്ല. അതു് എപ്പോഴും സമുദ്രത്തിന്റെ ഓർമ്മയോടു കലർന്നു നില്ക്കുന്നു. തിര അടങ്ങുമ്പോൾ രൂപം ആ നിമിഷത്തിൽ മറഞ്ഞുപോകുന്നു. എങ്കിലും രൂപം ഭ്രാന്തിയല്ല. തിരയുള്ളതുവരെ രൂപവും അവിടെ ഉണ്ടായിരുന്നു. നാമരൂപങ്ങളെ നോക്കാൻ നിർബന്ധനായി—ഇതുതന്നെ മായ.

൯൮. "വിശാലമായ ഈ ലോകത്തിലെ എല്ലാവസ്തുക്കളിലൂടെയും ആ ഒരു വസ്തുതന്നെ ഓടിക്കൊണ്ടിരിക്കുന്നു." എന്നു ഏതൊരുവൻ കാണുന്നുവോ, മരണശീലമായ ഈലോകത്തിൽ ആ ഒരു അഖണ്ഡജീവിതത്തെ ഏതൊരുത്തൻ വീക്ഷിക്കുന്നുവോ, ജഡത്വവും അജ്ഞാനവും നിറഞ്ഞ ഈ ലോകത്തിൽ ആ ഏകജ്യോതിസ്സിനെയും ജ്ഞാനത്തെയും ഏതൊരാൾ ദർശിക്കുന്നുവോ, അവന്നത്രേ നിത്യശാന്തി സ്വായത്തമാകുന്നതു്. വേറെ യാതൊരുത്തനുമില്ല; ഇല്ല തന്നെ.

൯൯. ഒരു ചിന്തയുണ്ടെന്നു വിശ്വസിക്കുക! അതിനെ നിന്ദിച്ചാൽ ആ നിന്ദനം അതിനെ മാററുന്നില്ല. വേറെ വിധത്തിൽ നീ പ്രവർത്തിക്കാൻ തയ്യാറാകണം. ആദ്യമായിട്ടു കാരണം കണ്ടുപിടിക്കുക; പിന്നീടതിനെ നീക്കുക; അപ്പോൾ കാര്യവും നീങ്ങും.

൧൦൦. വിജയത്തിനായിട്ടു്, സത്യത്തിനായിട്ടു്, മതത്തിനായിട്ടു പ്രയത്നിക്കാൻ ഉദ്യമിക്കുന്നവർ ന്യായവീഥിയിൽ വർത്തിക്കുന്നു; വേദങ്ങൾ ഉദ്ബോധിപ്പിക്കുന്നതും അതുതന്നെ. "ഭയത്തിൽനിൽക്കൊള്ളിൻ! ഖഡ്ഗമൂർച്ചയിൽ നടക്കുന്നതിനോടു തുല്യമായ മാർഗ്ഗം അതികർക്കശമാണു്. എന്നിരുന്നാലും ഭീരുത്വമുണ്ടാകരുതു്. എഴുന്നേൽക്കുക! കണ്ണു തുറക്കുക! ലക്ഷ്യത്തെ നോക്കുക!"

൧൦൧. വിശാലഹൃദയത്തിന്റെയും ബുദ്ധിയുക്തിയുടെയും സംയോഗമാണു് ഇപ്പോൾ വേണ്ടതു്. അഖണ്ഡപ്രേമത്തിന്റെയും അഖണ്ഡജ്ഞാനത്തിന്റെയും സംയോഗമാണു് ഇപ്പോൾ ഉണ്ടാകേണ്ടതു്. ദൈവം അഖണ്ഡസത്തു്; അഖണ്ഡജ്ഞാനം; അഖണ്ഡാനന്ദം. വേദാന്തിയായ ഒരുവൻ ഈമൂന്നു ലക്ഷണങ്ങളെല്ലാമല്ലാതെ ദൈവത്തിനു നൽകുന്നില്ല. അവൻ ഈമൂന്നിനെയും ഏകമായി കരുതുന്നു. ചിത്തും ആനന്ദവുമില്ലാത്ത സത്തുണ്ടാവാനിടയില്ല. ആനന്ദമില്ലാത്ത ചിത്തും ചിത്തില്ലാത്ത ആനന്ദവും ഉണ്ടായിരിക്കുന്നതല്ല. നാം അഭിലഷിക്കുന്നതു് അഖണ്ഡസച്ചിദാനന്ദൈക്യത്തെയാണു്. എന്തു കൊണ്ടു? അതത്രേ നമ്മുടെ ലക്ഷ്യം.

൧൦൨. നാം എല്ലാററിനെയും ഈശ്വരനെക്കൊണ്ടു പൊതിയണം. തെററായ വിശ്വാസത്തോടുകൂടി പൊതിയാൻ പാടില്ല. ചീത്തയെ നോക്കാതെ നമ്മുടെ കണ്ണുകളെ അടയ്ക്കുന്നതുകൊണ്ടായില്ല. പ്രത്യുത, ഏതൊന്നിലും ഈശ്വരനെ യഥാർത്ഥത്തിൽ കാണണം. ഇപ്രകാരം നാം ലോകത്തെ ത്യാഗംചെയ്യണം. ലോകം ത്യജിക്കപ്പെടുമ്പോൾ, ബാക്കി എന്തുണ്ടു്? ഈശ്വരൻ മാത്രം. എന്താണു് അർത്ഥം? നിന്റെ ഭാര്യയെ സ്വീകരിച്ചുകൊൾക! നീ അവളെ ഉപേക്ഷിക്കണമെന്നു് അർത്ഥമാക്കേണ്ട. നീ നിന്റെ ഭാര്യയിൽ ഈശ്വരനെക്കാണണം. "നീ നിന്റെ കുട്ടികളെ ഉപേക്ഷിക്കുക." എന്താ

ണ്. ഇതിന്റെ അത്ഥം? ഓരോ ദേശത്തിലും ചില മനുഷ്യമൃഗങ്ങൾ പ്രവൎത്തിക്കുന്നതുപോലെ പടിക്കുപുറത്തു തള്ളുകയെന്നോ? ഒരിക്കലുമല്ല. അതു തെററായ ആദശം. അതു മതമല്ല. എന്നാൽ നിന്റെ കുഞ്ഞുങ്ങളിൽ ദൈവത്തെക്കാണുക! അപ്രകാരംതന്നെ ഓരോന്നിലും. ജനനത്തിലും മരണത്തിലും സുഖത്തിലും ദുഃഖത്തിലും ഈശ്വരൻ ഒരേനിലയിൽ വൎത്തിക്കുന്നു. ലോകംമുഴുവൻ ഈശ്വരൻ നിറഞ്ഞിരിക്കുന്നു. നിന്റെ കണ്ണുകളെത്തുറന്നു് അദ്ദേഹത്തെ നോക്കുക! ഇതുതന്നെ വേദാന്തോല്‍ബോധനം.

൨൦൩. "നാം ബദ്ധന്മാരല്ല; ആദ്യമേതന്നെ മുക്തന്മാരായിരിക്കുന്നു" എന്നു വേദാന്തം സമൎത്ഥിക്കുന്നു. എന്നുമാത്രമല്ല, നാം ബദ്ധന്മാരാണെന്നു വിചാരിക്കുന്നതു് അല്ലെങ്കിൽ പറയുന്നതു്, ആപൽക്കരമാണുപോൽ! അങ്ങനെ പറയുന്നതു തെററു്. അതു മൌഢ്യം. "ഞാൻ ബദ്ധൻ", "ഞാൻ ബലഹീനൻ", "ഞാൻ അനാഥൻ" എന്നു നീ പറയുന്നമാത്രയിൽ നിനക്കു് ആപത്തു് എത്തിക്കൂടുന്നു; നിന്നെ നീതന്നെ മറെറാരു ശൃംഖലകൊണ്ടു കെട്ടിയിടുന്നു. അങ്ങനെ പറയരുതു്! അപ്രകാരം വിചാരിക്കരുതു്! കാട്ടിലിരുന്നു് "ശിവോഹം" (ഞാൻ ശിവസ്വരൂപി) എന്നു ധ്യാനംചെയ്തുവന്ന ഒരുപുരുഷനെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു്. ഒരുദിവസം ഒരു പുലി അദ്ദേഹത്തെ കൊല്ലുന്നതിനായി പുറത്തുചാടിവീണു പിടികൂടി. നദിയുടെ മറുകരയിൽ നിന്നിരുന്ന ജനങ്ങൾ അതുകണ്ടു. അദ്ദേഹത്തിനു ശബ്ദമുണ്ടായിരുന്നതുവരെ പുലിയുടെ വായിൽനിന്നുപോലും "ശിവോഹം" എന്നു അദ്ദേഹം പുറപ്പെടുവിച്ച ശബ്ദം അവർ കേട്ടു. അത്തരത്തിലുള്ളവർ അനേകംപേരുണ്ടു്. കഷണം കഷണം വെട്ടിനുറുക്കുമ്പോഴും അങ്ങനെ പ്രവൎത്തിക്കുന്ന ആളുകളെ ആശീൎവ്വദിച്ച ജനങ്ങളുമുണ്ടു്. "ഞാൻതന്നെ അവൻ; ഞാൻതന്നെ അവൻ. നീയും അങ്ങനെതന്നെ ഞാൻ പരിശുദ്ധനായും പരിപൂൎണ്ണനായുമിരിക്കുന്നു. അപ്രകാരംതന്നെ എന്റെ ശത്രുക്കളുടെയും അവസ്ഥ. നീയത്രേ അവൻ. അതുപോലെതന്നെ ഞാനും" ഇതത്രേ ബലത്തിന്റെ അവസ്ഥ.

൨൦൪. 'ഈ ലോകത്തിൽ സൎവ്വദുഃഖത്തിനും കാരണമായിരിക്കുന്നതു ബലഹീനതയാണു'' എന്നു വേദാന്തം പറയുന്നു. അതേ ദുഃഖത്തിനു കാരണം ബലഹീനതതന്നെ. നാം ബലഹീനന്മാരായിരിക്കുന്നതുകൊണ്ടാണു നാം ദുഃഖിക്കുന്നതു്. ബലഹീനന്മാരായതുകൊണ്ടാണു് നാം അസത്യംപറയുന്നതും മോഷ്ടിക്കുന്നതും. നാം കൊലപാതകം നടത്തുന്നതും, അന്യകുററങ്ങൾ ചെയ്യുന്നതും അതുകൊണ്ടുതന്നെ. ബലഹീനന്മാരായതുകൊണ്ടാണു നാം സങ്കടം അനുഭവിക്കുന്നതു്. നാം മരിക്കുന്നതിനും കാരണം അതുതന്നെ. നമ്മെ ബലഹീനന്മാരാക്കുന്നതിനു യാതൊന്നുമില്ലെങ്കിൽ നമുക്കു മരണവുമില്ല, ദുഃഖവുമില്ല.

൨൦൫. കാരണം കാൎയ്യത്തിനു തുല്യമാണ്. കാൎയ്യം, മറെറാരു രൂപത്തിൽ വെളിപ്പെടുന്ന കാരണമാണ്. ഈ ജഗത്തു മുഴുവൻ ശൂന്യത്തിൽനിന്നും ഉല്പന്നമാകാൻ പ്രയാസമുണ്ട്. കാരണമില്ലാതെ യാതൊന്നുമുണ്ടാകുന്നില്ല. കാരണത്തിന്റെ രൂപാന്തരമാണു കാൎയ്യം.

൨൦൬. ഒരു മനുഷ്യവ്യക്തിയെ എടുക്കാം. അവനിൽ ഒന്നാമതായി, മാററമില്ലാത്ത പ്രകൃതിയുടെ ഒരംശമുണ്ട്. അവനിലുള്ള ആ ജഡപ്രകൃതിയാകട്ടെ, സമഷ്ടിജ്ഞാനത്തിന്റെ ഈ സൂക്ഷ്മാണുവാകട്ടെ, മഹത്തായിട്ടു പരിണമിക്കുന്നു. അവനിലുള്ള സമഷ്ടിജ്ഞാനത്തിന്റെ ഈ അണു അഹങ്കാരമായിട്ടുമാറുന്നു. പിന്നീടു ജ്ഞാനേന്ദ്രിയങ്ങളായിത്തീരുന്നു. ഈ സൂക്ഷ്മാണുക്കൾ ചേൎന്ന് ഈ ശരീരത്തെ ഉണ്ടാക്കുന്നു.

൨൦൭. നാം ശുദ്ധഭാവത്തെ പ്രാപിക്കാൻ അത്യദ്ധ്വാനം ചെയ്തുംകൊണ്ടിരിക്കുന്നു; അതുതന്നെ അഖണ്ഡഭാവം. അതത്രേ മനുഷ്യവ്യക്തിയുടെ യഥാൎത്ഥ ലക്ഷണം. ഏതൊരുവന്റെ ജീവിതം ജഗത്തു മുഴുവൻ വ്യാപിക്കുന്നുവോ, അവൻ ഒരുവൻ മാത്രം ജീവിക്കുന്നു. നമ്മെ ബന്ധിച്ചിരിക്കുന്ന വസ്തുക്കളിന്മേൽ നമ്മുടെ ജീവിതത്തെ എത്രകണ്ടു ശ്രദ്ധമൂലമാക്കിച്ചെയ്യുന്നുവോ, അത്രകണ്ടു നാം മരണത്തെ ലക്ഷ്യമാക്കിച്ചെല്ലുന്നു. നമ്മുടെ ജീവിതകാലം പ്രപഞ്ചത്തിൽ എപ്പോൾ അന്യന്മാരിലിരിക്കുന്നുവോ, അപ്പോൾ നാം ജീവിക്കുന്നവരായി ഭവിക്കുന്നു. ഈ ചെറിയ ജീവിതം നയിക്കുക, മരണം തന്നെയാണ്. അതുകൊണ്ടാണു മരണഭയമുണ്ടാകുന്നതു്. ഈ പ്രപഞ്ചത്തിൽ ഒരു ജീവൻഉള്ളതുവരെ മാത്രമേ, ജീവിക്കുന്നതായി മനുഷ്യൻ അനുഭവത്തിൽ അറിയുമ്പോൾ മാത്രമേ, മരണഭയത്തെ ജയിക്കാൻ സാധിക്കുകയുള്ളൂ. "ഞാൻ ഓരോന്നിലും ഓരോരുത്തരിലും വസിക്കുന്നു. ഞാൻ എല്ലാജീവികളിലുമുണ്ട്. ഞാൻ പ്രപഞ്ചമായിരിക്കുന്നു." അന്ന് അവൻ പറയുമ്പോൾമാത്രമേ, അമിരുതത്വം ഉണ്ടാവുകയുള്ളൂ.

൨൦൮. മനുഷ്യൻ പ്രകൃതിയെക്കടന്ന് അപ്പുറം പോകാൻതീവ്രയത്നം ചെയ്യുന്നതുവരെ അവൻ മനുഷ്യൻതന്നെ.

൨൦൯. ഒരു വലിയരാജാവ് വേട്ടയ്ക്കായി ഒരുകാട്ടിൽപോയി. അവിടെ ഒരു മഹാത്മാവിനെക്കാണാൻ രാജാവിനു സംഗതിവന്നു. സംഭാഷണാനന്തരം സന്തുഷ്ടചിത്തനായ രാജാവ് തന്നിൽനിന്നും ഏതെങ്കിലും ഒരു പാരിതോഷികത്തെ സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. അതിനു മഹാത്മാവ് "വേണ്ടാ; ഞാൻ എന്റെ നിലയിൽ അത്യന്തം സംതൃപ്തനായിരിക്കുന്നു. എനിക്കു ഭക്ഷണത്തിനുവേണ്ട പഴങ്ങൾ ഈ വൃക്ഷങ്ങൾ തരുന്നു. എനിക്കുതീൎത്ഥം ഈ മനോഹരങ്ങളും പരിശുദ്ധങ്ങളുമായ നദികൾ നൽകുന്നു. ഞാൻഈ ഗുഹകളിൽ ഉറങ്ങു

ന്നു. അങ്ങ് ചക്രവൎത്തിയാണെന്നിരുന്നാലും അങ്ങയുടെ പാരിതോഷികം എനിക്കു ഗ്രാഹ്യമാകുമോ?" എന്നുപറഞ്ഞു. ചക്രവൎത്തി "എന്നെ പരിശുദ്ധനാക്കുന്നതിന്, എന്നെ കൃതാൎത്ഥനാക്കുന്നതിന്, എന്റെ എന്തെങ്കിലും സംഭാവന സ്വീകരിച്ചുംകൊണ്ട് നാട്ടിലേക്കു വരണം" എന്നു വീണ്ടും അപേക്ഷിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതെ മഹാത്മാവ് ചക്രവൎത്തിയുടെ ഒന്നിച്ചുപോകാമെന്നു സമ്മതിച്ചു. ചക്രവൎത്തി അദ്ദേഹത്തെ കൊട്ടാരത്തിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. അവിടെ സ്വൎണ്ണവും നവരത്നങ്ങളും ആഭരണങ്ങളും വേറെയും അത്ഭുതകരമായ അനേകവസ്തുക്കളും ഉണ്ടായിരുന്നു. ഐശ്വൎയ്യവും അധികാരവും എവിടെയും നടനം ചെയ്തുകൊണ്ടിരുന്നു. ചക്രവൎത്തി അദ്ദേഹത്തെ ഒരു നിമിഷനേരത്തേക്കു തനിയേ ഇരിക്കാൻ അപേക്ഷിച്ചുംവെച്ച് ഈശ്വരപ്രാൎത്ഥനയ്ക്കുപോയി. അദ്ദേഹം ഒരു മൂലയിൽചെന്ന് "അല്ലയോ ദൈവമേ! എനിക്ക് ഇനിയും കൂടുതലായ ഐശ്വൎയ്യത്തെയും ഇനിയും വളരെ സന്താനങ്ങളെയും ഇനിയും അനേകം രാജ്യങ്ങളെയും നൽകേണമേ!" എന്നു പ്രാൎത്ഥിച്ചുതുടങ്ങി. ഇതിനിടയിൽ മഹാത്മാവു വെളിയിൽഇറങ്ങി നടകൊണ്ടു. ചക്രവൎത്തി അതു കണ്ടു പിറകാലെ ഓടിച്ചെന്ന്, "സ്വാമിൻ! നിൽക്കണേ! എന്റെ സംഭാവന സ്വീകരിക്കുംമുമ്പ് പുറത്തിറങ്ങിപ്പോകുന്നുവല്ലോ" എന്നുപറഞ്ഞു. മഹാത്മാവ് അതുകേട്ടു തിരിഞ്ഞുനോക്കി ഇപ്രകാരം അരുളിച്ചെയ്തു:—"ഞാൻ ഇരപ്പാളിയോട് ഇരക്കുന്നവനല്ല; നിന്നെക്കൊണ്ട് എന്തു തരാൻസാധിക്കും? നീതന്നെഎപ്പോഴും ഇരന്നുംകൊണ്ടിരിക്കുന്നു."

൨൱൰. സ്നേഹംഎന്നതു് എല്ലായ്പ്പോഴും കൊടുക്കുന്നതാണു്; എടുക്കുന്നതല്ല.

൨൱൰൧. സ്നേഹം ഭയത്തെ അറിയുന്നില്ല.

൨൱൰൨. ഈശ്വരൻ ശിക്ഷിക്കുന്ന ആൾ, അല്ലെങ്കിൽ സമ്മാനിക്കുന്ന ആൾ എന്നീഭയങ്കര സിദ്ധാന്തങ്ങൾ കാട്ടുജാതികളുടെ ഹൃദയങ്ങളിൽപോലും ഭയത്തെജനിപ്പിക്കുമെങ്കിലും സൎവ്വഭയങ്ങളെയും വലിച്ചെറിയുവിൻ! ചില ആളുകൾ—വലിയ ബുദ്ധിമാന്മാർപോലും ആത്മജ്ഞാനവിഷയത്തെ സംബന്ധിച്ചിടത്തോളം കാട്ടുജാതികളായി കാണപ്പെടുന്നു. ഈ സിദ്ധാന്തങ്ങൾ അവൎക്കു് അനുകൂലമായിരുന്നേയ്ക്കാം. എന്നാൽ ആത്മീയപുരുഷന്മാൎക്കു്, മതത്തെ ചേൎന്നുനിൽക്കുന്ന പുരുഷന്മാൎക്കു്, അന്തൎദൃഷ്ടിയുള്ളവൎക്കു് ഈ വക സിദ്ധാന്തങ്ങൾ കേവലം ബാലിശങ്ങളായിരിക്കും; കേവലം മൌഢ്യമായിരിക്കും. അപ്രകാരമുള്ള മഹാന്മാർ ഭയത്തെസ്സംബന്ധിച്ച സകല ചിന്തകളെയും നിരസനം ചെയ്യുന്നു.

വ. ൫൮. വേണ്ടതു് എന്താണെന്നാൽ, എല്ലാമതങ്ങളും ഒന്നു ചേൎന്നുനിൽക്കുകയോ, പതിക്കുകയോ ചെയ്യാതെയും അന്യോന്യവിരുദ്ധങ്ങളായ മതങ്ങളുടെ ഉള്ളിൽ ഒരു സഹോദരസ്നേഹമാണു് ആ ഉണൎവ്വ് പരസ്പര ബഹുമാനത്താലും പരസ്പരാദരത്താലും ഉണ്ടാകേണ്ടതാണു്.

വ. ൫൯. ഈ സമാധാനം ഉണ്ടാകുന്നതിനു് ഇതുരണ്ടും (പരസ്പരബഹുമാനാദരങ്ങൾ) ചിലപ്പോൾ ക്രൂരതലായ എന്നല്ല, പലപ്പോഴും വലുതായ ദുഃഖത്തെ സഹിച്ചും പാലിക്കപ്പെടണം. അങ്ങനെവരുമ്പോൾ ആ ത്യാഗംനിമിത്തം ഓരോന്നും അഭിവൃദ്ധിയെയും ശ്രേയസ്സിനെയും പ്രാപിക്കും. ഒടുവിൽ കാലദേശാവധികൾക്കു് അധീനമായ അറിവു്, ആ രണ്ടിന്റെയും അപ്പുറത്തുള്ളതും മനസ്സിനും ഇന്ദ്രിയങ്ങൾക്കും എത്താത്തതുമായ അഖണ്ഡാനന്ദൈകമേവാദ്വിതീയവസ്തുവിനെ സമീപിച്ചു് അതിൽ ഐക്യപ്പെടും.

വ. ൬൦. ഉദാഹരണത്തിനായി കാട്ടിൽവസിക്കുന്നമനുഷ്യനെ എടുക്കാം. അവനുമനസ്സിനെ അഭിവൃദ്ധമാക്കാൻ അറിഞ്ഞുകൂട. അവനു പുസ്തകം വായിക്കാൻ കഴിവില്ല. എഴുത്തു് എന്നൊന്നു് ഉണ്ടെന്നുപോലും അവൻ കേട്ടിട്ടില്ല. അവനു കഠിനരോഗം നേരിട്ടാൽ വളരെ വേഗത്തിൽ സ്വാസ്ഥ്യം ലഭിക്കുന്നു. നേരെമറിച്ചു നാമാണെങ്കിൽ ഒരു ചെറിയപനി പിടിച്ചാൽ മരിച്ചുപോകുന്നു. യന്ത്രങ്ങൾ പദാൎത്ഥങ്ങളെ സുലഭങ്ങളാക്കി അഭിവൃദ്ധിക്കുകാരണങ്ങളായിരിക്കുന്നു. എന്നാൽ ഒരുവൻ ധനികനാകുന്നതിനു് അനേകായിരംപേർ മൎദ്ദിക്കപ്പെടുന്നു. അതേ സമയത്തുതന്നെ അനേകായിരം ആളുകൾ പിന്നെയും പിന്നെയും ദരിദ്രന്മാരായിത്തീരുന്നു മനുഷ്യവൎഗ്ഗം കൂട്ടംകൂട്ടമായി അടിമകളാക്കപ്പെടുന്നു.

വ. ൬൧. മാൎഗ്ഗം മായയോടു ചേൎന്നുചെല്ലുന്നതല്ല; അതിനു വിരുദ്ധമായി ചെല്ലുകയാകുന്നു. നാം പ്രകൃതിക്കു സഹായികളായി ജനിച്ചവരല്ല. നാം പ്രകൃതിയോടു പൊരുതാനായി ജനിച്ചിരിക്കുന്നു. നാം അതിന്റെ യജമാനന്മാരാണു്. നാംതന്നെ നമ്മെ വരിഞ്ഞുകെട്ടി ബദ്ധന്മാരാകുന്നു. ഇവിടെ ഈ വീടുകൾ എന്തിനായിട്ടു്? പ്രകൃതിയല്ല അതിനെ ഉണ്ടാക്കിയതു്. പ്രകൃതി "കാട്ടിൽചെന്നുപാൎക്കുക" എന്നു ശാസിക്കുന്നു. "ഞാൻ ഒരു വീടുണ്ടാക്കി യുദ്ധം ചെയ്യും" എന്നു മനുഷ്യൻ പറയുന്നു; അവൻ അങ്ങനെ പ്രവൎത്തിക്കയും ചെയ്യുന്നു. അതു് 'മനുഷ്യവൎഗ്ഗത്തിന്റെ ചരിത്രം മുഴുവൻ പ്രകൃതിയുടെ നിയതിക" ളാണെന്നു പറയപ്പെടുന്നതിനു വിരുദ്ധമായി സംഭവിക്കുന്ന ഒരു അനുസ്യൂതസമരമാണു്; മനുഷ്യർതന്നെ ഒടുവിൽ ജയിക്കുന്നു.

വ. ൬൨. "മതവിഷയത്തിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം" എന്ന മഹത്തായ വിചാരം ഇന്ത്യയിൽ എന്നുമുണ്ടു്. വളൎച്ചയുടെ

ഒന്നാമത്തെ ഉപാധി സ്വാതന്ത്ര്യമാണെന്നു നിങ്ങൾക്ക് എപ്പോഴും ഓർമ്മയുണ്ടായിരിക്കണം. നിങ്ങൾ ഏതൊന്നിനെ സ്വതന്ത്രമാക്കുന്നില്ലയോ, അതിന് ഒരിക്കലും വളർച്ച ഉണ്ടാകയില്ല. ഗുരുവിന്റെ സ്വാതന്ത്ര്യത്തെ നീ സ്വീകരിച്ചുംകൊണ്ട് അന്യന്മാരെ വളർത്താനും അവരുടെ വളർച്ചയിൽ സഹായിക്കാനും അവരെ എല്ലായ്പ്പോഴും സന്മാർഗ്ഗത്തിൽ നയിക്കാനും നിങ്ങൾക്കു സാധിക്കുമെന്നു കരുതുന്നതു മൌഢ്യമാണ്. അതു ഭയങ്കരമായ ഒരബദ്ധമാകുന്നു. അതു് ഈ ലോകത്തിൽ അനേകം ജീവികളുടെ വളർച്ചയെത്തടയുന്നു. മനുഷ്യൻ സ്വാതന്ത്ര്യജ്യോതിസ്സിനെ സമ്പാദിക്കട്ടെ. വളർച്ചയ്ക്ക് അതു് ഒന്നുമാത്രമാണു പ്രാധാന്യം.

൨൭൮. (പാശ്ചാത്യരായ) നിങ്ങൾ മതവിഷയത്തിൽ ഒരിക്കലും ഒരു പ്രകാരത്തിലുള്ള സ്വാതന്ത്ര്യവും സ്വീകരിച്ചിട്ടില്ല. എന്നാൽ തീയുടെയും ഖഡ്ഗത്തിന്റെയും സഹായത്തോടുകൂടി നിങ്ങളുടെ വിശ്വാസങ്ങളെ ബലാൽകാരേണ നിഷ്കാസനം ചെയ്തിരിക്കുന്നു. അതിന്റെ ഫലം പാശ്ചാത്യമനസ്സിൽ മതം ലുപ്തപ്രായമായ വളർച്ചയെ പ്രാപിച്ചതാണ്. ഇന്ത്യയിൽ ജനസമുദായത്തിന്റെ വിലങ്ങുകളെ ഖണ്ഡിക്കണം. യൂറോപ്പിൽ ആത്മീയാഭിവൃദ്ധിയുടെ കാലുകളിൽനിന്നും വിലങ്ങുകളെ വെട്ടിമുറിക്കണം.

൨൭൯. മോക്ഷത്തിലുള്ള ദൈവം പ്രകൃതിയിലുള്ള ദൈവമായിരിക്കുന്നു; പ്രകൃതിയിലുള്ള ദൈവം പ്രകൃതിയാകുന്ന ദൈവമായിരിക്കുന്നു; പ്രകൃതിയാകുന്ന ദൈവം ഈ ശരീരത്തിലുള്ള ദൈവമായി ഭവിക്കുന്നു; ശരീരക്ഷേത്രത്തിലെ ദൈവം ഒടുവിൽ ക്ഷേത്രമായിത്തന്നെ തീരുന്നു; ജീവനും മനുഷ്യനുമായി ഭവിക്കുന്നു. അവിടെവെച്ചു താൻ ബോധിക്കേണ്ടതായ അവസാനവാക്കുകളെ പ്രാപിക്കുന്നു.

൨൮൦. നീ ലഭിച്ച ആ സ്വാതന്ത്ര്യലക്ഷ്യം ശരിതന്നെയാണ്. എന്നാൽ നീ അതിനെ നിന്റെ വെളിയിൽ തലനീട്ടിച്ചു. അത്രേയുള്ളൂ നിന്റെ തെറ്റ്. അതു് എപ്പോഴും നിന്റെ ഉള്ളിൽത്തന്നെ ഇരുന്നുവെന്ന്, നിന്റെ ആത്മാവിന്റെ ആത്മാവായിരുന്നുവെന്ന്, നീ കാണുന്നതുവരെ അതിനെ മേൽക്കുമേൽ സമീപത്തിൽ കൊണ്ടുവരിക. ആ സ്വാതന്ത്ര്യം നിന്റെ സ്വന്തലക്ഷണമാണ്. ഈ മായ നിന്നെ ഒരിക്കലും ബന്ധിച്ചിട്ടില്ല. പ്രകൃതിക്ക് ഒരിക്കലും നിന്റെമേൽ അധികാരമില്ല. അതു നിന്റെ കഴുത്തിൽ കുത്തിപ്പിടിച്ചു ഞെരിച്ചുകൊണ്ടിരുന്നുവെന്ന്, ഭയപ്പെട്ടുത്തപ്പെട്ട ശിശുവിനെപ്പോലെ, നീ സ്വപ്നം കണ്ടിരുന്നു. ഈ ഭയത്തിൽനിന്നും മോചിക്കപ്പെടുകയെ

ന്നുള്ളതാണ് ലക്ഷ്യം. അതിനെ ബുദ്ധിശക്തികൊണ്ടു കാണുകമാത്രമല്ല, നാം ഈ ലോകത്തെ കാണുന്നതിലും ദൃഢമായി പ്രത്യക്ഷത്തിലാക്കി ദർശിക്കേണ്ടതാണ്. അപ്പോൾ നാം മുക്തന്മാരാണെന്നുള്ള വസ്തു ഗ്രഹിക്കും. അപ്പോൾമാത്രമേ കഷ്ടതകളെല്ലാം വിട്ടുമാറുകയുള്ളു. അപ്പോൾ ഹൃദയത്തിന്റെ കുഴപ്പങ്ങൾ മാറി ശാന്തമാകും. എല്ലാ വളവുകളും നിവൎക്കപ്പെടും. ആ ഘട്ടത്തിൽ നാനാത്വവും പ്രകൃതിയുമാകുന്ന ഭ്രാന്തി ഒഴിഞ്ഞുമാറും. മായ, അവിശ്വസനീയവും ഭയങ്കരവുമായ ഒരു സ്വപ്നമായി ഇപ്പോൾ കാണപ്പെടുന്നതിനു പകരം അപ്പോൾ മനോഹരമായി ഭവിക്കും. ഈ ഭൂമി ഒരു കാരാഗൃഹമായിരിക്കുന്നതിനു പകരമായി നമ്മുടെ കളിപ്പന്തലായിത്തീരും. അപായങ്ങളും കഷ്ടതകളുംപോലും—സകല ദുഃഖങ്ങളും—ദൈവികഭാവത്തിൽ മാറും. നമ്മുടെ യഥാൎത്ഥ ലക്ഷണത്തെ നമുക്കു കാണിച്ചുതരും. ഓരോന്നിന്റെയും പിറകേ എല്ലാററിന്റെയും വസ്തുവായി "അദ്ദേഹം" നിൽക്കുന്നുവെന്നും അദ്ദേഹം ഒരാൾ മാത്രമാണ് പരമാൎത്ഥമായ ആത്മാവെന്നും നമുക്കു കാട്ടിത്തരും.

൨൨൧. അഖണ്ഡവസ്തുവാകട്ടെ, മനസ്സിനാൽ ബന്ധിക്കപ്പെട്ടാൽ അതു് അഖണ്ഡവസ്തുവാകുന്നില്ല. അതു അന്തമുള്ളതായിത്തീരുന്നു. മനസ്സിനാൽ ബന്ധിക്കപ്പെടുന്ന ഓരോന്നും അന്തമുള്ളതായി ഭവിക്കുന്നു. അതിനാൽ അഖണ്ഡവസ്തുവിനെ അറിയുക എന്നതു് ആ വാക്കിന്റെ വിപരീതാൎത്ഥമാണ്. അതുകൊണ്ടുതന്നെയാണ് ഈ ചോദ്യത്തിന് ഒരിക്കലും ഉത്തരം കിട്ടാത്തതു്. എന്തുകൊണ്ടെന്നാൽ, അതിന് ഉത്തരം കിട്ടിയാൽ അഖണ്ഡവസ്തു എന്നൊന്ന് ഉണ്ടായിരിക്കയില്ല. ദൈവം അറിയപ്പെട്ടാൽ, അതിനപ്പുറം അദ്ദേഹം ദൈവമല്ല; അദ്ദേഹം നമ്മളിൽ ഒരാളിനെപ്പോലെ അവസാനമുള്ള ആളായിത്തീരുന്നു. അദ്ദേഹം അറിയപ്പെടാത്ത ആളാണ്; എപ്പോഴും അറിയപ്പെടാത്ത ആളായിരിക്കുന്നു.

൨൨൨. നീ വേണ്ടത്ര ആഴത്തിൽ ചെന്നാൽ സകലത്തും ആ ഒന്നിന്റെ വ്യത്യസ്തഭാവങ്ങളാണെന്നു കാണും. ഈ ഏകത്വഭാവം പ്രാപിച്ചവന് അതിനപ്പുറം ഭ്രാന്തിയേയില്ല. അവനെ ഏതൊന്നിനു മയക്കാൻ സാധിക്കും? അവൻ ഓരോന്നിന്റെയും രഹസ്യത്തെ അറിയുന്നു. അവന് അതിനപ്പുറം ദുഃഖമെവിടെ? അവൻ ആഗ്രഹിക്കുന്നതു് എന്തു്? അവൻ, ഓരോന്നിന്റെയും പരമാൎത്ഥതയ്ക്കു കാരണം ഈശ്വരനാണ്, മദ്ധ്യപ്പൊരുളാണ്, ഓരോന്നിന്റെ ഐക്യഭാവമാണ് എന്നു കാണുന്നു. അതത്രേ നിത്യസത്തു്; നിത്യചിത്തു്; നിത്യാനന്ദം. അവിടെ മരണവുമില്ല; വ്യാധിയുമില്ല; ദുഃഖവുമില്ല; കഷ്ടതയുമില്ല; അതൃപ്തിയുമില്ല. എല്ലാം പരിപൂൎണ്ണൈക്യവും പരിപൂൎണ്ണാ

നന്ദവുമത്രേ. അങ്ങിനെ വരുമ്പോൾ, അവൻ ആൎക്കായിട്ടു വ്യസനിക്കേണം? പരമാൎത്ഥത്തിൽ മരണമില്ല; ദുഃഖമില്ല. പരമാൎത്ഥവസ്തുവിൻ മേപരിൽ വ്യസനിപ്പാൻ ആരുമില്ല, ദുഃഖിക്കാൻ ആരുമില്ല.

൮൮൧. അദ്വൈതം ഇന്ത്യയെ 'ജഡത്വ'ത്തിൽനിന്നും രണ്ടു പ്രാവശ്യം രക്ഷിച്ചിട്ടുണ്ടു്. ബുദ്ധനുമുമ്പു്, 'ജഡത്വം' ഭയങ്കരമായി വ്യാപിച്ചിരുന്നു. അതു വളരെ വളരെ ഭയപ്പാടിന്നു കാരണമായിരുന്നു. അതു് ഇക്കാലത്തേതുപോലെയല്ല. ഇതിനെക്കാൾ ബീഭത്സമായിരുന്നു. ഒരു പ്രകാരത്തിൽ ഞാൻ 'ജഡത്വ'വാദിയാണു്. എന്തുകൊണ്ടെന്നാൽ "ഒന്നേയുള്ളു" എന്നു ഞാൻ വിശ്വസിക്കുന്നു. "അതിനെത്തന്നെ നീ വിശ്വസിക്കണം" എന്നു ജഡത്വവാദി ഇച്ഛിക്കുന്നു. എന്നാൽ അവൻ അതിനെ ജഡമെന്നു പറയുന്നു; ഞാൻ അതിനെ ദൈവമെന്നു പറയുന്നു.

൮൮൨. ക്രൈസ്തവമതം ഒന്നുമാത്രമേ ലോകത്തിൽ യഥാൎത്ഥമതമായിരിക്കാൻ കാരണമുള്ളു! എന്തുകൊണ്ടെന്നാൽ ക്രിസ്തീയജനസമുദായം ധനാഢ്യതയുള്ളവരായിരിക്കുന്നു! എന്നാൽ ആ അവസ്ഥ തന്നിക്കുതന്നെ നേർവിരുദ്ധമായിട്ടുള്ളതാണു്. എന്തെന്നാൽ ക്രിസ്തീയസമുദായത്തിന്റെ (പണത്തിന്റെ) പെരുപ്പു് ക്രിസ്തീയരല്ലാത്ത സമുദായക്കാരുടെ നിൎഭാഗ്യാവസ്ഥയെ സംബന്ധിച്ചതാണു്. മുന്നേററത്തിന്നു് ആരുടെയെങ്കിലും താങ്ങൽവേണം. ലോകംമുഴുവൻ ക്രിസ്ത്യാനികളായിത്തീരുന്നു എന്നു വിചാരിക്കുക! അന്നു ക്രിസ്തീയസമുദായം താണനിലയിലെത്തും. കാരണം, ആ ഘട്ടത്തിൽ മുന്നേററത്തിന്നു താങ്ങലായി അന്യസമുദായം ഉണ്ടായിരിക്കയില്ല. ഇതിൽനിന്നും അവരുടെ ന്യായം അതിനെത്തന്നെ കൊല്ലുന്നു എന്നു മനസ്സിലാകുന്നു. മൃഗങ്ങൾ ചെടികളെ ഭക്ഷിക്കുന്നു; മനുഷ്യർ മൃഗങ്ങളെക്കൊന്നുതിന്നുന്നു; ഇതിനെക്കെക്കാൾ നികൃഷ്ടമായനിലയിൽ, മനുഷ്യനെ മനുഷ്യൻകൊന്നുതിന്നുന്നു. ബലവാന്മാർ ബലഹീനരെക്കൊന്നു ജീവിക്കുന്നു. ഇതു് എവിടെയും സംഭവിച്ചുവരുന്നു. ഇതുതന്നെ മായ. ഇതിനു നീ എന്തുപരിഹാരം കാണുന്നു? നാം പ്രതിദിനം പലേ ന്യായങ്ങൾ കേൾക്കുണ്ടു്. ഒടുവിൽ എല്ലാം നന്മയിലാണെന്നു പറയപ്പെടുന്നു.

൮൮൩. നമുക്കു പുഞ്ചിരിയെ ഉണ്ടാക്കുന്നശക്തി ഏതൊരിടത്തുണ്ടോ, അവിടെ കണ്ണീരിനെ ഉണ്ടാക്കുന്നശക്തി അടങ്ങിയിരിപ്പുണ്ടു്. സുഖത്തെജനിപ്പിക്കുന്നതിനുള്ളശക്തി എവിടെയെങ്കിലും ഉണ്ടെങ്കിൽ, നമ്മെ ദുഃഖിതന്മാരാക്കുന്നശക്തി മറെറവിടെയെങ്കിലും മറഞ്ഞുകിടക്കുന്നുണ്ടാവും.

൮൮൪. മരണമില്ലാത്ത ജീവിതവും ദുഃഖമില്ലാത്ത സുഖവും അസംഗതങ്ങളാണു്; ഒന്നുംതന്നെ തനിയെ കാണപ്പെടുകയില്ല. എ

ന്തുകൊണ്ടെന്നാൽ അവയിൽ ഓരോന്നും ഒരേവസ്തുവിന്റെ വ്യത്യസ്തരൂപങ്ങളാണു്. ഇന്നലെ ഏതൊന്നിനെ ഞാൻ നല്ലതെന്നു കരുതിയോ, അതിനെത്തന്നെ ഇപ്പോൾ ചീത്തയെന്നു കരുതുന്നു.

൧൧൬. ഇന്ദ്രിയങ്ങളാകുന്ന കുല്യകളിൽക്കൂടി എല്ലായ്പോഴും വെളിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരുതരം വിചാരങ്ങൾ നമ്മുടെ മനസ്സിലുണ്ടു്. അതിന്റെ പിറകേ അതിസൂക്ഷ്മമായ ഒരു ശബ്ദമുണ്ടു്. അതു് ക്ഷീണവും ബലഹീനവുമായിരിക്കാം. അതു "വെളിയിൽ പോകരുതു്" എന്നു വിളിക്കുന്നു. ഈ ദർശനങ്ങൾക്കുതക്ക രണ്ടു മനോഹരങ്ങളായ സംസ്കൃതപദങ്ങളുണ്ടു്. പ്രവൃത്തിയും നിവൃത്തിയും; മുമ്പിൽ ചുററുന്നതും അന്തർമുഖമായി ചുററുന്നതുമാകുന്നു. മതം, ഈ അന്തർമുഖമായി ചുററുന്നതിൽനിന്നും ആരംഭിക്കുന്നു. മതം, ഈ "ചെയ്യരുതേ!" എന്നുള്ളതിൽനിന്നും തുടങ്ങുന്നു; ആത്മജ്ഞാനം "ചെയ്യരുതേ!" എന്നതിൽനിന്നും ആരംഭിക്കുന്നു. "ചെയ്യരുതേ!" എന്നതു് അവിടെയില്ലെങ്കിൽ മതം ആരംഭിക്കുന്നില്ല. ഈ "ചെയ്യരുതേ!" എന്നതു മനുഷ്യരുടെ വിചാരങ്ങൾ വളരുന്നതിനു കാരണമായിത്തീരുന്നു.

൧൧൭. ഓരോ ശ്വാസത്തിലും, ഹൃദയത്തിന്റെ ഓരോ സ്പന്ദനത്തിലും, നമ്മുടെ ഓരോ ചലനത്തിലും നാം സ്വതന്ത്രന്മാരാണെന്നു വിചാരിക്കുന്നു; അതേ നിമിഷത്തിൽ നാം സ്വതന്ത്രന്മാരല്ലെന്നും കരുതുന്നു. ബദ്ധന്മാരായ അടിമകൾ; പ്രകൃതിയുടെ അടിമകൾ; ശരീരത്തിലെ — മനസ്സിലെ — നമ്മുടെ എല്ലാ വിചാരങ്ങളിലും, എല്ലാ ഉണർവുകളിലും അടിമത്തം അനുഭവിക്കുന്നവർ. ഇതത്രെ മായ.

൧൧൮. തന്റെ ശിശു ജന്മനാ മഹാമേധാവിയാണെന്നും, ഒരു അസാധാരണ ശിശുവാണെന്നും വിചാരിക്കാത്ത അമ്മമാർ ഇല്ല. അവൾ തന്റെ ശിശുവിനെ ഓമനിച്ചു് ആഹ്ലാദിക്കുന്നു; അവളുടെ സർവാത്മാവും ആ ശിശുവിൽ പ്രവർത്തിക്കുന്നു. ശിശുവിനെ അവൾ വളർത്തുന്നു; ഒരു പക്ഷേ, ശിശു മദ്യപാനിയായി മൃഗപ്രായനായിത്തീരുന്നു; മാതാവിന്റെ നേരെ കർക്കശസ്വഭാവത്തോടെ പെരുമാറുന്നു. അവൻ എത്രകണ്ടു കർക്കശസ്വഭാവത്തോടെ ആ മാതാവിനോടു പെരുമാറുന്നുവോ, അത്രകണ്ടു് അവളുടെ സ്നേഹവും വർദ്ധിക്കുന്നു. ലോകം, മാതാവു് ജന്മനാ അടിമയാണെന്നും അവൾക്കു് അതിൽനിന്നും വേർപെടാൻ കഴിവില്ലെന്നും ഉള്ളതിനെ മറന്നു്, മാതാവു സ്വാർത്ഥമററ സ്നേഹമുള്ളവളാണെന്നു ഘോഷിക്കുന്നു. ആയിരംപ്രാവശ്യം വേണമെങ്കിലും ആ ഭാരത്തെ അവൾ വലിച്ചെറിയുമായിരുന്നു; എന്നാൽ അവൾക്കു് അതിനു സാധിക്കുന്നില്ല. ഇതുതന്നെ മായ.

൨൩൦. ഓരോന്നിനും പ്രതികാരം ചെയ്യുന്ന കാലൻ വരുന്നു; ഒന്നിനെയും വിടുന്നില്ല. അവൻ സാധുവിനെയും ചണ്ഡാളനെയും, രാജാവിനെയും പ്രജയെയും, സുരൂപനെയും കുരൂപനെയും വിഴുങ്ങിക്കളയുന്നു. അവൻ ഒന്നിനെയും വിടുന്നില്ല. ഓരോന്നും നശിക്കലാകുന്ന ആ ഒരൊററ ലക്ഷ്യത്തെ ലാക്കാക്കി വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. നമ്മുടെ അറിവ്, നമ്മുടെ കലകൾ, നമ്മുടെ ശാസ്ത്രങ്ങൾ ഇവ ഓരോന്നും അതിനെ ലക്ഷ്യമാക്കിഓടിക്കൊണ്ടിരിക്കുന്നു. ആർക്കും തിരയെ നിർത്താൻ സാധിക്കയില്ല; ആർക്കും അതിനെ ഒരു നിമിഷനേരത്തേക്കുപോലും പിന്നോക്കം പിടിച്ചുനിർത്താൻ സാധിക്കയില്ല. പ്ലേഗ് വ്യാധിയാൽ പീഡിതമായ ഒരു നഗരത്തിൽ, അതിനെ ഓർക്കാതിരിക്കുന്നതിനായി മദ്യപാനം, നർത്തനം, മററു വിനോദങ്ങൾ എന്നിവ നടത്തുന്നതുപോലെ, നമുക്ക് അതിനെ മറന്നുകളവാൻ ശ്രമിക്കാം. നാംഅതിനെ മറക്കാൻ ശ്രമിക്കുന്നു. സകലവിധമായ, ഇന്ദ്രിയസുഖങ്ങളാലും വിസ്മൃതിയെ ഉണ്ടാക്കാൻ ശ്രമിക്കുന്നു

൨൩൧. "എന്റെ ഈ മായ ദൈവികമാണ്; ഗുണങ്ങളെക്കൊണ്ടു ജനിപ്പിച്ചതു്; കടന്നുപോകാൻ പ്രയാസമേറിയതു്. എന്നിരുന്നാലും എന്നെ പ്രാപിക്കുന്നവർ ജീവിതനദിയെകടക്കുന്നു."

൨൩൨. "അത്യദ്ധ്വാനംചെയ്യുന്നവരും, വൻചുമടു വഹിച്ചിരിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ! ഞാൻ വിശ്രമം നൽകാം." നമ്മെ മുമ്പോട്ടുനയിക്കുന്ന ശബ്ദം ഇതാണ്. മനുഷ്യൻ ഇതുകേട്ടിട്ടുണ്ട്; എത്രയോയുഗങ്ങളായി ശ്രവിച്ചുവരുന്നു. സകലതും നശിച്ചതുപോലെയും വിശ്വാസം അസ്തംഗതമായതുപോലെയും തോന്നുന്ന ഘട്ടത്തിൽ, തന്റെ ശക്തിയിൽ ഉറച്ചുനില്ക്കുന്ന ആ നില്പിനു വിഘാതം നേരിടുന്ന ഘട്ടത്തിൽ ജീവിതം അവിശ്വസനീയവും നിഷ്ഫലവുമാണെന്നു കാണുന്ന ഘട്ടത്തിൽ, മനുഷ്യനു് ഈ ശബ്ദം ഉണ്ടാകുന്നു. അവൻ അതുകേൾക്കുന്നു. ഇതുതന്നെ മതം എന്നു പറയപ്പെടുന്നതു്.

൨൩൩. നാം വാസ്തവത്തിൽ ആഗ്രഹിക്കുന്നതു യാതൊന്നിനെയെന്നാൽ തലച്ചോറിന്റെയും ഹൃദയത്തിന്റെയും സംയോഗത്തെയാണ്. ഹൃദയം, യഥാർത്ഥത്തിൽവിശാലമാണ്; ജീവിതത്തിലെ വലിയ സ്വേദങ്ങളെല്ലാം ഹൃദയത്തിൽനിന്നുമാണുണ്ടാകുന്നതു്. തീരെ ഹൃദയമില്ലാതെ ഒരു വലിയ ബുദ്ധിയുള്ളവനായിരിക്കുന്നതിനെക്കാൾ, ലേശം തലച്ചോറില്ലാതെ ഒരു ചെറിയ ഹൃദയത്തോടുകൂടിയവനായിരിക്കാൻ ഞാൻ നൂറിരട്ടി ആഗ്രഹിക്കും. ഹൃദയമുള്ളവനു ജീവിതം സാദ്ധ്യമാണ്; അഭിവൃദ്ധിസാദ്ധ്യമാണ്. എന്നാൽ ഹൃദയത്തെമാത്രം പാ

ലിച്ചുകൊണ്ടുപോകുന്നവന് അനവധി കഷ്ടപ്പാടുകൾ സഹിക്കേണ്ട തായിട്ടുണ്ടെന്നുള്ള വസ്തുത നാം അറിയുന്നു. അവൻ അടിക്കടി കാൽ വഴുതി കുഴികളിൽ വീഴുന്നവനാണു. അതുകൊണ്ടു ഹൃദയത്തിന്റെ യും ബുദ്ധിയുടെയും ഐക്യത്തെയാണു നാം ആശിക്കുന്നതു. ഒരു വൻബുദ്ധിക്കായിട്ടു ഹൃദയത്തെ വിട്ടുകൊടുക്കണമെന്നോ, ഹൃദയത്തി നായിട്ടു ബുദ്ധിയെവിട്ടുകൊടുക്കണമെന്നോ, ഞാൻപറയുന്നില്ല. എ ന്നാൽ ഓരോരുത്തനും അളവററ ഹൃദയവും ഉണർവ്വും ഉണ്ടാകട്ടെ! അതോടുകൂടെത്തന്നെ അളവററ യുക്തിയും ഉണ്ടാകട്ടെ!

൧൩൪. മനുഷ്യൻ എല്ലായ്പോഴും മനുഷ്യനിൽകൂടെ ദൈവത്തെ പൂജിക്കുന്നു. അവൻ മനുഷ്യനായിരിക്കുന്നിടത്തോളം അങ്ങനെത ന്നെയാണു ചെയ്യേണ്ടതും. അതിനുവിരോധമായി കണ്ഠക്ഷോഭം ചെ യ്യാം; അത്യന്തം ശ്രമിക്കാം; എന്നാൽ ഈശ്വരനെ അനുഭവത്തിൽ അറിവാൻ ശ്രമിക്കുന്ന മാത്രയിൽ ഈശ്വരനെ മനുഷ്യനെപ്പോലെ തന്നെ കരുതണമെന്നു സൃഷ്ടിയിലേയുള്ള ഉദ്ദേശ്യത്തെ അവൻ കാണും.

൧൩൫. ഈശ്വരപ്രീതിയുണ്ടാകുന്ന തൃഷ്ണയോടുകൂടി, ആശയോ ടുകൂടി, യഥാർത്ഥമായ ഭക്തിജനിക്കുന്നു. ആശ ആർക്കുണ്ട്? എന്നാണു ചോദ്യം.

൧൩൬. മനുഷ്യവർഗ്ഗത്തിനു പൊതുവെ ചില അനുഷ്ഠാന ങ്ങളെ അനുഭവസാദ്ധ്യമല്ലാതാക്കിച്ചെയ്യുന്ന കാരണങ്ങൾ രണ്ടാണു്. ഒന്നു്—സാധാരണജനങ്ങൾ—അതിനെ അനുഭവത്തിൽ കൊണ്ടുവരു വാൻ പ്രാപ്തരല്ലെന്നു് ആചാര്യന്മാർ കരുതുന്നു. ഇതിൽ അല്പവാസ്ത വം ഉണ്ടായിരിക്കാം. എന്നാൽ അങ്ങനെ വിധിക്കാൻ കൂടുതലും ഗ ർവ്വമാണു കാരണമായി നിൽക്കുന്നതു്. രണ്ടു് ബുദ്ധിമുട്ടു സഹിക്കേ ണ്ടി വരുമെന്ന ഭയം. ദൃഷ്ടാന്തത്തിനു്, ഈ നാട്ടിലെ ഒരുവിഷയം ത ന്നെയാകട്ടെ. ഇന്നാട്ടിൽ ഒരുവൻ, പരസ്യമായി പ്രാണായാമംചെ യ്യാൻ മടിക്കുന്നു. എന്തെന്നാൽ അവൻ ഒരു വിനോദമനുഷ്യനായി കരുതപ്പെടും. ഇന്നാട്ടിൽ അതു പതിവില്ല. നേരെമറിച്ചു് ഇന്ത്യയി ൽ ഒരുവൻ "ഇന്നു് എനിക്കു് ആഹാരത്തിനു വക തരേണമേ" എന്നു പ്രാർത്ഥിച്ചാൽ ജനങ്ങൾ അവനെ അപഹസിക്കും, "ദേവലോക ത്തിലുള്ള എന്റെ പിതാവു്" എന്നു പറയുന്നതും ഹൈന്ദവമനസ്സി നു മഹാ മൌഢ്യമായി തോന്നും. ഒരു ഹിന്ദു ഉപാസനാനേരത്തുമ്പോ ൾ, ഈശ്വരൻ തന്റെ ഉള്ളിൽതന്നെയുണ്ടെന്നു് ഓർക്കുന്നു.

൧൩൭. ഈ പ്രപഞ്ചത്തിൽ കാണുന്നതെല്ലാം പ്രാണന്റെ ചലനത്താൽ വിജൃംഭിക്കപ്പെട്ടവയാണു്. ചലനത്തിന്റെ ഏററവും

ഉയൎന്നഫലം വിചാരമാത്രമാണ്. അതില്പംനിന്ന് ഉയൎന്നതു് ഒന്ന് ഉണ്ടെങ്കിൽ നമുക്ക് അതിനെക്കുറിച്ചു ചിന്തിക്കാൻ കഴിയുന്നില്ല.

൨൩൮. ജീവിതം എന്നതു് ചലനമാകുന്നു.

൨൩൯. മനുഷ്യനു യുദ്ധംചെയ്യാനും അത്യധികമായ ദേഹാദ്ധ്വാനംചെയ്യുന്നതിനും സാധിക്കുന്നതിനാൽ മനുഷ്യൻ വിശിഷ്ടനായി വൎത്തിക്കുന്നു എന്നു കരുതുന്നു. സ്ത്രീകളുടെ ബലഹീനതയ്ക്കും യോദ്ധൃശീലരാഹിത്യത്തിനും വിരുദ്ധമായിട്ടുള്ളതാണിതു്. ഇതു നീതിയല്ല. സ്ത്രീയും പുരുഷനെപ്പോലെ ധൈൎയ്യമുള്ളവൾതന്നെ. ഓരോരുത്തരും തത്തന്മാൎഗ്ഗങ്ങളിൽ തുല്യയോഗ്യന്മാരാണ്. സ്ത്രീയെപ്പോലെ അത്ര ക്ഷമയോടും സഹനത്തോടും സ്നേഹത്തോടുംകൂടി ഒരു ശിശുവിനെ വളൎത്താൻ ഏതൊരു പുരുഷനുകഴിയും? പുരുഷൻ പ്രവൃത്തിശക്തിയെ അഭിവൃദ്ധമാക്കിക്കൊണ്ടിരിക്കുന്നു. സ്ത്രീയാകട്ടെ, കഷ്ടതകളെ സഹിക്കാനുള്ള ശക്തിയെ വളൎത്തിക്കൊണ്ടിരിക്കുന്നു. സ്ത്രീക്കു പ്രവൃത്തിശക്തിയില്ലെന്നാണെങ്കിൽ, പുരുഷനു കഷ്ടതകളെ സഹിക്കാനുള്ളശക്തിയുമില്ലെന്നു സമാധാനമുണ്ടു്.

൨൪൦. ഞാൻ ലണ്ടനിൽ പ്രസംഗിച്ചുകൊണ്ടിരുന്നകാലത്തു്, എന്റെ സ്നേഹിതൻ ഒരാൾ, വലിയ ബുദ്ധിമാൻ, അടിക്കടി എന്നോടു തൎക്കിക്കും. ഒരു ദിവസം എനിക്കു വിരോധമായി അദ്ദേഹത്തിന്റെ സകല ആയുധങ്ങളെയുംപ്രയോഗിച്ചതിനുശേഷം പെട്ടെന്ന് അദ്ദേഹം ഇങ്ങനെ ചോദിച്ചു:—"എന്നാൽ നിങ്ങളുടെ ഋഷികൾ ഞങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനായി എന്തുകൊണ്ടു് ഇംഗ്ലണ്ടിൽവന്നില്ല?" അതിന് എന്റെ സമാധാനം "അവർ വരുന്നതിനു് അന്ന് ഇംഗ്ലണ്ടേയില്ലല്ലോ അവർ കാടുകളെ ഉദ്ബോധിപ്പിക്കണോമെന്നോ?" എന്നായിരുന്നു.

൨൪൧. ഭാരതചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ, മനുഷ്യനെയും അവന്റെ മനസ്സിനെയും സംബന്ധിച്ച ഓരോ വിഷയവും ജനങ്ങളുടെ ശ്രദ്ധയെ ആകൎഷിച്ചു. അതു മനസ്സിനു വളരെ ഹിതകരമായിരുന്നു. എന്തെന്നാൽ അവരുടെ ലക്ഷ്യങ്ങളെ പ്രാപിക്കാൻ, അതുതന്നെ സുഗമമായ മാൎഗ്ഗമായി തോന്നി. ഇപ്പോഴാണെങ്കിൽ, മനസ്സിനു നിയന്ത്രണാവരണം ഏതൊന്നും ചെയ്യാൻ കഴിയുമെന്നു ഭാരതബുദ്ധിക്കുതോന്നിയിരിക്കുന്നു .മനസ്സിന്റെ ശക്തികൾ, അന്വേഷണത്തിനു വല്ലതായ വിഷയമായിത്തീൎന്നു. മന്ത്രവാദങ്ങളിലും മഹേന്ദ്രജാലങ്ങളിലും മറവുള്ളശക്തികളിലും, അസാധാരണമായി ഒന്നും തന്നെയില്ല; എന്നാൽ അതിനുമുമ്പ് അവർ ജഡതത്വശാസ്ത്രങ്ങളെ ഉദ്ബോധിച്ചതുപോ

ലെ, അവ ലഘുവിൽ ഉദ്ബോധിക്കപ്പെടാൻ അർഹങ്ങളായശാസ്ത്രങ്ങളായിഭവിച്ചു. ജഡതത്വശാസ്ത്രംമിക്കവാറുംമരിക്കത്തക്കവണ്ണം, ഈവിഷയത്തിൽ ഒരു ദൃഢാസക്തി ജനിച്ചു. അവരുടെ മുമ്പിൽ അങ്കുരിച്ച ഒരു വിഷയം ഇതു തന്നെ. ഓരോതരത്തിലുള്ള യോഗികൾ സകലവിധത്തിലുള്ള പരിശോധനകളും നടത്താൻ ആരംഭിച്ചു. ചിലർ ജ്യോതിസ്സിനെ ശോധനചെയ്തു. പല വർണ്ണത്തിലുള്ള ജ്യോതിസ്സുകൾ ശരീരത്തിൽ പല പ്രകാരത്തിലുള്ള വർണ്ണവ്യത്യാസങ്ങളെ വരുത്തുന്നതെങ്ങനെയെന്നു കണ്ടുപിടിക്കാൻ ശ്രമിച്ചു. അവർ ഒരു മാതിരിനിറമുള്ള വസ്ത്രം ധരിച്ചു. ഒരു മാതിരി നിറത്തിന്റെ ചുവട്ടിൽ താമസിച്ചു. ചില നിറമുള്ള ആഹാരങ്ങളെ ഉപയോഗിച്ചു. ഇത്തരത്തിൽ ബഹുവിധപരിശോധനകൾ നടത്തി. ചിലർ ചെവികൾ അടച്ചും തുറന്നും ഇരുന്നു് ശബ്ദത്തെ പരിശോധിച്ചു. മററു ചിലർ ഗന്ധത്തെ ശോധിച്ചു.

൨൪൨. ആശ—അതേ, തൃഷ്ണ—തന്നെ സർവ്വദുഃഖങ്ങളുടെയും പിതാവു്. ആശകൾ, ജയവും തോൽമയുമാകുന്ന ഉപാധികളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ആശകൾ ദുഃഖത്തെത്തന്നെ വിളയിക്കും.

൨൪൩. പരമാർത്ഥമായ ജയം സമ്പാദിക്കുന്നതിന്, യഥാർത്ഥമായ ആനന്ദം ലഭിക്കുന്നതിന്, ഒരു വലിയരഹസ്യം,പ്രതിഫലേച്ഛയില്ലാത്ത മനുഷ്യൻ, തികച്ചുംസ്വാർത്ഥമററ മനുഷ്യൻ, വലിയജയശീലനായിരിക്കുന്നതിൽനിന്നും ഗ്രഹിക്കാം.

൨൪൪. എടുക്കുന്നതിലും കൊടുക്കുന്നതിലും നീ ഒരു യന്ത്രംമാത്രമാണു്. കൊടുക്കുന്നതിനായിട്ടത്രേ നീ എടുക്കുന്നതു്. അതിനാൽ പ്രതിഫലം യാതൊന്നും ആവശ്യപ്പെടരുതു്. എങ്കിൽ നീ എത്രകണ്ടു് അധികംകൊടുക്കുന്നുവോ, അത്രകണ്ടു് അധികം നിനക്കുകിട്ടും. ഈ മുറിയിൽനിന്നും നീ എത്രകണ്ടുവേഗത്തിൽവായുവിനെ ഇല്ലാതാക്കുന്നുവോ, അത്രകണ്ടു വേഗത്തിൽ മുറിയ്ക്കകം വെളിയിലുള്ള വായുവിനാൽ നിറയപ്പെടും. നീ എല്ലാവാതലുകളെയും എല്ലാദ്വാരങ്ങളെയും അടച്ചുകളഞ്ഞാൽ, അകത്തുള്ള വായു അവിടെത്തന്നെ നിൽക്കും. എന്നാൽ വെളിക്കുള്ളതു് ഒരു പ്രകാരത്തിലും അകത്തു കടക്കുകയില്ല. അകത്തുള്ളതു് അവിടെത്തന്നെനിന്നു ദുഷിച്ചു വിഷമയമായിഭവിക്കും. നദി അനുസ്യൂതമായി സമുദ്രത്തിൽ ചെന്നുചേർന്നുകൊണ്ടിരിക്കുന്നു. അതേ സമയത്തുതന്നെ ഇടവിടാതെ ജലപൂർണ്ണമായിരിക്കയും ചെയ്യുന്നു. സമുദ്രത്തിലേപതനത്തെ നീ തടുക്കരുതു്. അങ്ങനെ ചെയ്താൽ, ആനിമിഷത്തിൽ മരണംനിന്നെ പിടികൂടുന്നു.

൨൪൫. അബദ്ധവും ധാരാളമുണ്ടെന്നുള്ളതിൽ സന്ദേഹമില്ല. എന്നാൽ നീ അബദ്ധത്തെ നോക്കുമ്പോഴെല്ലാം, അബദ്ധം ഏതോ ഒരു സുബോധത്തിൻെറ കൃത്രിമമാണെന്നു നീ പറയേണ്ടിവരുന്നു. കൃത്രിമം ചെയ്യുന്നതിന് എവിടെയെങ്കിലും എന്തെങ്കിലും ഒരു അകൃത്രിമമുണ്ടായിരിക്കണം. നിനക്കു ശൂന്യതയെ കൃത്രിമമാക്കാൻ സാധിക്കയില്ല.

൨൪൬. പതിവായി കൊള്ളചെയ്യുന്നവൻ, മോഷ്ടിക്കുന്നവൻ, കള്ളംപറയുന്നവൻ, ന്യായംവിട്ടുപ്രവർത്തിക്കുന്നവൻ, അക്രമം ചെയ്യുന്നവൻ ഇപ്പറഞ്ഞവർ, തങ്ങൾ ആ നിലയിലാകണമെന്ന് ആഗ്രഹിക്കുന്നില്ലെങ്കിലും അങ്ങനെയെല്ലാം പ്രവർത്തിക്കുന്നവരായിത്തീരുന്നു. ഇതു വാസ്തവത്തിൽ വളരെ മനോധർമ്മം ചെലുത്തേണ്ട ഒരു വിഷയമാണ്. നാം മനുഷ്യനെ നല്ലജ്യോതിസ്സോടെ കാണണം. നല്ലവനായിരിക്കാൻ അത്ര എളുപ്പമല്ല. നിങ്ങൾ സ്വതന്ത്രന്മാരാകുന്നതുവരെ, നിങ്ങൾ യന്ത്രങ്ങളല്ലാതെ മറ്റെന്താണ്? നിങ്ങൾ നല്ലവരായിരിക്കുന്നു എന്ന കാരണത്താൽ നിങ്ങൾക്കു ഗർവ്വം ഉണ്ടാകണമെന്നുണ്ടോ? വേണ്ടതന്നെ. നിങ്ങൾ നല്ലവരായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, നിങ്ങൾക്കു വേറെ പ്രകാരത്തിലാകാൻ സാധിക്കയില്ല. മറ്റവൻ ദുഷ്ടനായിരിക്കുന്നു. എന്തുകൊണ്ട്? അവനു വേറെ പ്രകാരത്തിലാകാൻ നിവൃത്തിയില്ല. നീ അവൻെറ നിലയിലായിരുന്നാൽ, നിൻെറ സ്ഥിതി എന്തായിരിക്കുമെന്ന് ആര് അറിയുന്നു? വേശ്യാസ്ത്രീ, അല്ലെങ്കിൽ കാരാഗൃഹത്തിൽ കിടക്കുന്ന കള്ളൻ, നീ സദ്വൃത്തനാകായിട്ടു ബലിനൽകപ്പെട്ട ക്രിസ്തുവാണ്. അതുപോലെയാണു സമതാനിയതി. കള്ളന്മാരും, കൊള്ളക്കാരും, ഘാതുകന്മാരും, അക്രമികളും, ബലഹീനന്മാരും എല്ലാവരും എൻെറ യേശുക്രിസ്തുമാരാണ്. ഞാൻ ദേവക്രിസ്തുമാരെയും അസുരക്രിസ്തുമാരെയും പൂജിക്കുവാൻ കടപ്പെട്ടവനാണ്. അതത്രേ എൻെറ ആദർശം. എനിക്കു മററു പ്രകാരത്തിൽ കഴിഞ്ഞുകൂടാൻ സാധിക്കയില്ല. സജ്ജനങ്ങളുടെ, മഹാത്മാക്കളുടെ പാദങ്ങളിലും, ദുഷ്ടന്മാരുടെയും പൈശാചികബുദ്ധികളുടെയും പാദങ്ങളിലും എൻെറ നമസ്കാരം എത്തുന്നു. അവർ എല്ലാവരും എൻെറ ആചാര്യന്മാരാണ്; എൻെറ ജ്ഞാനപിതാക്കളാണ്; രക്ഷകന്മാരാണ്.

൨൪൭. വാക്കും വിചാരവും അന്യോന്യം വേർപെടാത്തവയാണ്. നിങ്ങൾക്ക് ആവശ്യമെങ്കിലും അവയെ വേർപെടുത്താൻ സാധിക്കുമോ എന്നു ശ്രമിക്കുക! നിൻെറ വാക്കുകൾ നിൻെറ വിചാരങ്ങളിൽനിന്നുമുണ്ടാകുന്നു. ഒന്നു മറ്റൊന്നിനെകൊണ്ടു വരുന്നു. വിചാരം വാക്കിനെകൊണ്ടുവരുന്നു; വാക്കു വിചാരത്തെകൊണ്ടു വരുന്നു.

൧൪൮. ഭൂതകാലത്തെയും ഭാവികാലത്തെയും അവഗണിക്കുന്നവൻ, അപ്രകാരം അവഗണിച്ചു വർത്തമാനകാലത്തോടു കലരാൻ ശ്രമിക്കുന്നവൻ, ഒരു ഭ്രാന്തനാണു്. മാതാവിനെയും പിതാവിനെയും അവഗണിച്ചിട്ടു കുട്ടിയുണ്ടെന്നു പറയുന്നതുപോലെയാണിതു്. ഇതു തർക്ക കോലാഹലത്തിനു വകയുള്ള ഒരു വിഷയമാണു്. ഭൂതത്തെയും ഭാവിയെയും അവഗണിക്കണമെങ്കിൽ വർത്തമാനകാലത്തെയും ശരിക്കു് അവഗണിക്കുകതന്നെവേണം. ഇതു് ഒരു നില; പരിവർത്തനകാരകന്മാരുടെ നില. ഒരു നിമിഷനേരത്തേക്കെങ്കിലും ഒരു യഥാർത്ഥ പരിവർത്തനകാരകനാകാൻ യോഗ്യതയുള്ള ഒരു മനുഷ്യനെ ഞാൻ ഒരിക്കൽ പോലും കണ്ടിട്ടില്ല പറവാൻ വളരെ എളുപ്പം. വേറെയൊരു നിലയുണ്ടു്; ന്യായം തേടുക; പരമാർത്ഥത്തെ അന്വേഷിക്കുക: ക്ഷണഭംഗുരമായ ഈ ലോകത്തിൽ ഉള്ള പരമാർത്ഥം ഏതൊന്നോ, അതിനെ ആരായുക. ജഡാണുക്കൾ ഒരു കൂനായിത്തീർന്ന ഈ ശരീരത്തിൽ പാരമാർത്ഥികമായ ഒന്നു് എന്തെങ്കിലുമുണ്ടോ? മനുഷ്യന്റെ മനസ്സിനെ അധികരിച്ചുള്ള ചരിത്രത്തിൽ, ഈ നോട്ടം അന്തർഭവിച്ചിരിക്കുന്നു.

൧൪൯. ഒരുവൻ പരമാർത്ഥത്തെ അറിയാതെ, ലോകത്തിന്റെ മൌഢ്യദപ്പാളികളിൽ മുഴുകി തലകീഴ് മറിയുന്നുവെങ്കിൽ, അവൻ തന്റെ ചുവടിനെ നഷ്ടപ്പെട്ടവനായി ഭവിക്കുന്നു; അവനു ലക്ഷ്യത്തിൽ ചെന്നെത്താൻ സാധിക്കയില്ല. ഒരുവൻ ലോകത്തെ ശപിച്ചുവെച്ചു്, കാട്ടിൽകയറി തന്റെ ശരീരത്തെ നോവിച്ചു പട്ടിണികിടന്നു്, അല്പാല്പമായി, തന്നെ കൊല്ലുന്നുവെങ്കിൽ തന്റെ ഹൃദയത്തെ ഒരു മരുഭൂമിയാക്കി, എല്ലാ ഉണർവുകളെയും കൊന്നു്, ക്രൂരനും മുരടനും ശുഷ്കിതനുമായി ഭവിക്കുമെങ്കിൽ—അവനും വഴിതെററിയവനായിത്തീരുന്നു. ഇവ രണ്ടു മുനകളാണു്; രണ്ടു് അററത്തുമുള്ള രണ്ടു തെററുകളാണു്. രണ്ടുപേരും വഴിവിട്ടുകളഞ്ഞു. രണ്ടാളും ലക്ഷ്യം തെററിച്ചുകളഞ്ഞു.

൧൫൦. ഞാൻ എന്റെ ശിശുപ്രായംമുതൽക്കേ, ഈശ്വരൻ എവിടെയും എല്ലാററിലും വർത്തിക്കുന്നതു കാണണമെന്നും അപ്പോൾ എനിക്കു ലോകത്തെ പരമാർത്ഥമായി മനസ്സിലാക്കാൻ കഴിയുമെന്നും കേട്ടിട്ടുണ്ടു്. എന്നാൽ ഞാൻ ലോകത്തോടു കലർന്നു്, അതിൽനിന്നും ചില അടികൾ ഏററ ഉടനേ ആ ഉദ്ദേശ്യം മറന്നുപോകുന്നു. ഓരോ മനുഷ്യനിലും ദൈവം ഉണ്ടെന്നു വിചാരിച്ചുംകൊണ്ടു ഞാൻ റോഡ്ഡിൽ നടക്കുന്നു; ബലിഷ്ഠനായ ഒരു മനുഷ്യൻ നേരെവന്നു് എന്നെ പിടിച്ചുതള്ളുന്നു; ഞാൻ ആ പാതയിൽ വീഴുന്നു; കൈകുത്തി വേഗത്തിൽ എഴുന്നേൽക്കുന്നു; രക്തം എന്റെ തലയിൽ കയറു

ന്നു; എനിക്കു ബുദ്ധിഭ്രമം നേരിടുന്നു; സകലതും മറക്കുന്നു. ഞാൻ ഈശ്വരനെക്കാണുന്നതിനു പകരം പൈശാചികത്തെക്കാണുന്നു.

൨൬൮. നമ്മിൽ ചൂണ്ടിത്തരുന്ന ശക്തി ഒന്നുള്ളതു് വിചാരമാണു്. ഉൽകൃഷ്ടവിചാരങ്ങളാൽ മനസ്സിനെ നിറയ്ക്കുക! ദിവസന്തോറും അവയെ ശ്രവണംചെയ്യുക! മാസംതോറും അവയെപ്പററി മനനംചെയ്യുക! തെററുകളെക്കുറിച്ചു് ഒരിക്കലും ചിന്തിക്കരുതു്. അവ സ്വാഭാവികമാണു്; അവ ഈ അബദ്ധമായ ജീവിതത്തിനു് അലങ്കാരങ്ങളാണു്. അവയില്ലെങ്കിൽ ജീവിതം എന്തായിരിക്കും? അത്യദ്ധ്വാനത്താൽ അവ ലഭിക്കപ്പെടുന്നില്ലെങ്കിൽ, അവ ലഭിക്കപ്പെടാൻ യോഗ്യങ്ങളല്ല. ജീവിതത്തിന്റെ കാവ്യം എവിടെയാണു്? കഠിനപ്രവൃത്തികളെ ഒരിക്കലും ലക്ഷ്യമാക്കരുതു്; അബദ്ധങ്ങളെ ലക്ഷീകരിക്കരുതു്. പശു കള്ളംപറഞ്ഞു ഞാൻ ഒരിക്കലും കേട്ടിട്ടില്ല; എന്നാൽ അതു് ഒരു പശുവാണു്; ഒരിക്കലും മനുഷ്യനല്ല. അതുകൊണ്ടു് ഈ തെററുകളെ, ഈ ചെറിയ തെററുകളെ ഒരിക്കലും ലക്ഷ്യമാക്കരുതു്. ലക്ഷ്യത്തെ ഒരായിരം പ്രാവശ്യം വേണമെങ്കിലും സ്വീകരിച്ചുകൊൾക! നിങ്ങൾ ആയിരം പ്രാവശ്യം തോറ്റാൽ വീണ്ടും ഒന്നു ശ്രമിക്കുക! മനുഷ്യന്റെ ലക്ഷ്യം, ഓരോ വസ്തുവിലും ഈശ്വരനെ കാണുകയാകുന്നു. എന്നാൽ നിങ്ങൾക്കു്, അദ്ദേഹത്തെ ഓരോ വസ്തുവിലും കാണ്മാൻ സാധിച്ചില്ലെങ്കിൽ, ഒരു വസ്തുവിൽ, നിങ്ങൾ ക്കുടുതലായി ഇഷ്ടപ്പെടുന്ന ഒരുവസ്തുവിൽ, അദ്ദേഹത്തെ കാണുക! പിന്നീടു മറെറാന്നിൽ കാണുവിൻ! ഇങ്ങനെ നിങ്ങൾക്കു പുരോഗമനം ചെയ്യാം. ആത്മാവിന്റെമുമ്പിൽ അഖണ്ഡജീവിതമുണ്ടു്. നിങ്ങൾക്കു വേണ്ടകാലത്തെ സ്വീകരിച്ചുകൊൾക! നിങ്ങൾക്കു നിങ്ങളുടെ ലക്ഷ്യത്തെ പ്രാപിക്കാൻ സാധിക്കും.

൨൬൯. സർവ്വജീവിതവും പ്രപഞ്ചംമുഴുവനും ഈ ആത്മാവിൽ കാണപ്പെടുമ്പോൾ, മാത്രമേ, മനുഷ്യർ രഹസ്യത്തെ പ്രാപിച്ചവനാകുന്നുള്ളു.

൨൭൰. അജ്ഞാനം അഖിലദുഃഖത്തിന്റെയും ഉത്ഭവസ്ഥാനമാകുന്നു; അജ്ഞാനമൂലമാകട്ടെ, താൻ നശ്വരവസ്തുവെന്നുള്ള കരുതലാകുന്നു. അമൃതങ്ങളായവരൊത്ത, എന്നും പരിശുദ്ധന്മാരായ, പരിപൂർണ്ണാത്മാവായ, നാം ഇടുങ്ങിയ മനസ്സുകളാണെന്നു്, ചെറിയ ശരീരങ്ങളാണെന്നു്, കരുതുന്ന ആ കരുതലാണു് അജ്ഞാനത്തിന്റെ അടിസ്ഥാനം. സ്വാർത്ഥങ്ങൾക്കു മാതാവാണതു്. ഞാൻ ഒരു ചെറിയ ശരീരമാണെന്നു് എന്നാൽ കരുതപ്പെടുന്നമാത്രയിൽ, ഞാൻ അതിനെ രക്ഷിക്കുന്നതിനു്, അന്യശരീരങ്ങളെ പിഡിപ്പിച്ചിട്ടെങ്കിലും അതിനെ പുലർത്തുന്നതിനു്, അതിനെ സുരക്ഷിതമാക്കിവയ്ക്കുന്നതിനു ഞാൻ

അനുഗ്രഹിക്കുന്നു; അതുവഴി നീയും ഞാനും രണ്ടല്ലായിത്തീരുന്നു. ഈ ഭേദബുദ്ധി ജനിക്കുന്ന നിമിഷത്തിൽ, അതു സകല തിന്മകൾക്കും വാതിൽ തുറന്നുകൊടുത്തിട്ടു ഭയാനുഭൂതിക്കു പാത്രമാക്കിച്ചെയ്യുന്നു.

## ൨൭൪. സത്യം പുരാതനമോ ആധുനികമോ ആയ ഏതൊരു സമുദായത്തെയും വണങ്ങുന്നില്ല. ജനസമുദായം സത്യത്തെ വണങ്ങണം; അല്ലെങ്കിൽ മരിക്കണം.

൨൭൫. ജനസമുദായദുർഗ്ഗം സത്യത്തിന്മേൽ കെട്ടിയുറപ്പിക്കണം. സത്യം സമുദായത്തോടു സഹകരിക്കാൻ സാധിക്കുന്നതല്ല. സത്ത്വരാഹിത്യത്താലോ മറ്റോ, ഉൽകൃഷ്ടമായ സത്യം സമുദായത്തിൽ അനുഷ്ഠിക്കപ്പെടാൻ സാധിക്കുന്നില്ലെങ്കിൽ, മനുഷ്യൻ സമുദായത്തെ വിട്ടുവെച്ചു കാട്ടിനുള്ളിൽ കയറുന്നതു് ഉത്തമം. അവനാണു വൈരാഗ്യമുള്ളവൻ. ധൈര്യം രണ്ടുപ്രകാരത്തിലുണ്ടു്. ഒന്നു്, പീരങ്കിയെ എതിർത്തുനില്ക്കുന്ന ധൈര്യം. മറ്റൊന്നു്, ആത്മീയധൈര്യം. ഇന്ത്യയെ ആക്രമിച്ച ഒരു ചക്രവർത്തി ഇന്ത്യയിലെ മഹർഷിമാരിൽ ചിലരെ ചെന്നുകാണണമെന്നു് തന്റെ ആചാര്യനാൽ നിയോഗിതനായി. ചക്രവർത്തി വളരെനാളം ആരാഞ്ഞലഞ്ഞതിനുശേഷം ഒരു പാറപ്പുറത്തു് ഒരു വയോധികൻ ഇരിക്കുന്നതുകണ്ടു. കുറഞ്ഞൊന്നു സംസാരിച്ച മാത്രയിൽ, ചക്രവർത്തിക്കു് അദ്ദേഹത്തിന്റെ ജ്ഞാനത്തിൽ അതിയായ ആശ്ചര്യം ജനിച്ചു. ചക്രവർത്തി ആ മഹാത്മാവിനെ തന്റെ ഒന്നിച്ചു നാട്ടിലേക്കു ക്ഷണിച്ചു. അദ്ദേഹം അതിനു്, "ഇല്ല; ഞാൻ ഇവിടെ എന്റെ കാട്ടിൽ തൃപ്തിയോടുകൂടി കഴിയുന്നു" എന്നു പറഞ്ഞു. ചക്രവർത്തി, "ഞാൻ അങ്ങേയ്ക്കു പണവും ഐശ്വര്യവും സ്ഥാനമാനങ്ങളും തരാം; ഞാൻ ചക്രവർത്തിയാണു്" എന്നു വീണ്ടും പറഞ്ഞു. "ഇല്ല. എനിക്കു് ആ വകവിഷയങ്ങളിലൊന്നും അഭിലാഷമില്ല" എന്നു മഹാത്മാവു്. രാജാവു് അതുകേട്ടു്, "അങ്ങു വന്നില്ലെങ്കിൽ ഞാൻ അങ്ങയെ നിഗ്രഹിക്കും" എന്നു ഭയപ്പെടുത്തി. ആ മഹാപുരുഷൻ പുഞ്ചിരിതൂകിക്കൊണ്ടു് "ഹേ, ചക്രവർത്തിൻ! അങ്ങിതിരെ മൂഢമായ വാക്കു് ഉച്ചരിച്ചു; എന്നെക്കൊല്ലുവാൻ അങ്ങേയ്ക്കു സാധിക്കുന്നതല്ല; ഖഡ്ഗത്താൽ എന്നെ വധിക്കാൻ പ്രയാസമാണു്. ഞാൻ ജനനം അററവനാണു്; മരണമററവനുമാകുന്നു; എന്നുമുള്ളവനും സർവ്വശക്തിയുമാർന്നവനും അത്രേ. സർവ്വവ്യാപ്തമായ ആത്മാവു ഞാൻതന്നെ" എന്നരുളിച്ചെയ്തു. ഇതത്രേ ആത്മധൈര്യം. മററതു് ഒരു സിംഹത്തിന്റെ, അല്ലെങ്കിൽ ഒരു പുലിയുടെ ധൈര്യം. ക്രൈസ്തവാബ്ദം

66799

൧൮൫൭-ൽ നടന്ന 'ശിപായിലഹള'ക്കാലത്തു് ഒരു മഹാത്മാവുണ്ടായിരുന്നു. ലഹളക്കാരിൽ ഒരു മുഹമ്മദീയൻ അദ്ദേഹത്തെ നിഷ്ഠുരമായി കുത്തേല്പിച്ചു. ലഹളയിലുൾപ്പെട്ട ചില ഹിന്തുക്കൾ അവനെ പിടിച്ചുകൊണ്ടുവന്നു് അദ്ദേഹത്തിന്റെ മുമ്പിൽനിർത്തി, അവനെ വധിക്കാൻ ഉദ്യമിക്കവെ, അമ്മഹാൻ പ്രശാന്തമായ മുഖപത്മത്തെ സാവധാനത്തിൽ ഉയർത്തി, ആ സാഹസികന്മാരെനോക്കി "എന്റെ സഹോദര! നീ തന്നെ അവൻ. അവൻതന്നെ നീ" എന്നു് അരുളിച്ചെയ്തിട്ടു തന്റെ ദേഹിയെ ദേഹത്തിൽനിന്നും മോചിപ്പിച്ചു. നിങ്ങൾക്കു സത്യത്തെ നിങ്ങളുടെ സമുദായത്തിൽ ഉറപ്പിക്കാൻ സാധിച്ചില്ലെങ്കിൽ, അത്യുൽകൃഷ്ടമായ സത്യം വിളയാടുന്ന ഒരു സമുദായവർഗ്ഗത്തെ കെട്ടിപ്പടുത്താൻ നിങ്ങൾക്കു സാധിച്ചില്ലെങ്കിൽ, നിങ്ങളുടെ കായബലത്തെപ്പററിയും നിങ്ങളുടെ പാശ്ചാത്യസ്ഥാപനങ്ങളുടെ മഹത്വത്തെക്കുറിച്ചും നിങ്ങൾ ഘോഷിക്കുന്നതിൽ എന്താണുഫലം? ഈ ധൈര്യം അനുഭവത്തിൽ കൊണ്ടുവരാൻ സാധിക്കുകയില്ല" എന്നു നിങ്ങൾ എഴുന്നേററുനിന്നു പറയുകയാണെങ്കിൽ, നിങ്ങളുടെ പെരുമയെയും മേന്മയെയുംപററി ആത്മപ്രശംസ ചെയ്യുന്നതിൽ എന്തുഫലം? പവനും ഷില്ലിങ്ങും പെനിയും ഒഴിച്ചു മറെറാന്നും അനുഭവത്തിൽ കൊണ്ടുവരുവാൻ സാധിക്കയില്ലേ? അങ്ങനെയാണെങ്കിൽ, നിങ്ങളുടെ സമുദായത്തെപ്പററി ആത്മപ്രശംസചെയ്യുന്നതിന് എന്തർത്ഥമാണ്? ഏതുസമുദായത്തിൽ ഉൽകൃഷ്ടമായ സത്യങ്ങൾ അനുഭവികമായിഭവിക്കുന്നുവോ, ആ സമുദായംതന്നെ ഏററവും ഉയർന്നതു്.

൨൬. കാലം മനസ്സോന്നിച്ചു് ആരംഭിക്കുന്നു. സ്ഥലം മനസ്സിനെ സംബന്ധിച്ചിരിക്കുന്നു. കാരണം കാലത്തോടുകൂടാതെ കാണപ്പെടുകയില്ല. അതിനാൽ കാലവും സ്ഥലവും കാരണവും മനസ്സിനോടു സംബന്ധപ്പെട്ടിരിക്കുന്നു. ഈ ആത്മാവു് മനസ്സിന്റെ അപ്പുറത്തുള്ളതും രൂപമററതുമായിരിക്കുന്നതുകൊണ്ടു്, അതു കാലത്തിനും ദേശത്തിനും അതീതവും കാരണത്തെക്കടന്നതുമായിരിക്കണം. അപ്രകാരം, കാലദേശകാരണങ്ങൾക്കു് അതീതമാണെങ്കിൽ അതു് അഖണ്ഡവുമായിരിക്കണം.

൨൭. കൃത്രിമമനുഷ്യൻ കാലദേശകാരണാവധിയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിനാൽ അവർ ബന്ധിതന്മാരാകുന്നു. അഥവാ, നമ്മുടെ തത്വജ്ഞാനികളിൽ ചിലരുടെ ഭാഷയിൽ പറയുകയാണെങ്കിൽ, "അവർ ബന്ധിതന്മാരായി തോന്നിക്കപ്പെടുന്നു." വാസ്തവത്തിൽ നിബന്ധിതന്മാരല്ല. ഇതുതന്നെ— ഈ സർവ്വവ്യാപിത്വംതന്നെ— ഈ ആത്മീയലക്ഷണംതന്നെ— ഈ അഖണ്ഡഭാവംതന്നെ —നമ്മുടെ ആത്മാക്കളിൽ പരമാർത്ഥത്തിലുള്ളതു്. ഓരോ ആത്മാ

വും അഖണ്ഡമാണ്; ജനനമരണത്തെസ്സംബന്ധിച്ച ശബ്ദത്തിനേ അവകാശമില്ല. ചില വിദ്യാർത്ഥികളെ പരീക്ഷിച്ചു; പരീക്ഷകൻ കട്ടുത്ത ചോദ്യങ്ങൾ ചോദിച്ചു. അക്കൂട്ടത്തിൽ "ഭൂമി എന്തുകൊണ്ടു വീഴുന്നില്ല?" എന്നൊരു ചോദ്യംകൂടെ ഉൾപ്പെട്ടിരുന്നു. പരീക്ഷകൻ, ആകർഷണശക്തിയെ സംബന്ധിച്ച ഉത്തരം കിട്ടാൻ ആഗ്രഹിച്ചു. വിദ്യാർത്ഥികളിൽ അധികംപേർക്കും ഉത്തരമേ ഉണ്ടായിരുന്നില്ല. അല്പം ചിലർ "ആകർഷണശക്തികൊണ്ടു, അല്ലെങ്കിൽ ഏതോ ഒരു ശക്തി കൊണ്ടു" എന്നു ഉത്തരം പറഞ്ഞു. ബുദ്ധിമതിയായ ഒരു പെൺകുട്ടി "അതു എവിടെ വീഴണം?" എന്നൊരു പ്രതിപ്രശ്നത്താൽ ഉത്തരംസാധിച്ചു. ചോദ്യമേ മൂഢമാണ്. ഭൂമി എവിടെ വീഴണം? ഭൂമിക്കു പതനവുമില്ല, ഉൽപതനവുമില്ല. അഖണ്ഡദേശത്തിൽ മേലുമില്ല, കീഴുമില്ല. അതു അന്യോന്യസംബന്ധത്തിൽ ഉള്ളതാണ്. അഖണ്ഡഭാവത്തിനു ഗമനമെവിടെ? ആഗമനമെവിടെ?

൨൭. പരിവർത്തനം, അതിർത്തിയിൽ അടങ്ങിയ വസ്തുക്കൾക്കു മാത്രമേ ഉണ്ടാകാൻപാടുള്ളൂ. "അഖണ്ഡവസ്തുവിന് ഏതെങ്കിലും വിധത്തിലെങ്കിലും മാററമുണ്ടാക"മെന്നു പറയുന്നതു മൂഢത്വമാണ്. അതിന് അങ്ങനെ മാററം ഉണ്ടാകാൻ പ്രയാസമാണ്. നിനക്കു ചലനമുണ്ടാകാം. എനിക്കുമതു ഉണ്ടാകാം. നീയും ഞാനും അതിർത്തിയിൽ അടങ്ങിയ ശരീരങ്ങളാണ്. ഈ ലോകത്തിലുള്ള ഓരോ അണുവും അനസ്യൂതപരിവർത്തനത്തോടുകൂടിയതാകുന്നു. എന്നാൽ പ്രപഞ്ചത്തെ ആകമാനമെടുത്താൽ, പ്രപഞ്ചസമഷ്ടിയെടുത്താൽ, അതിനു ചലനമില്ലെന്നു കാണാം. അതു പരിവർത്തനത്തെ പ്രാപിക്കുന്നതല്ല.

൨൮. സന്മാർഗ്ഗശാസ്ത്രം ഉറച്ചുനിൽക്കുന്നതിനുള്ള ആധാരം ത്യാഗമാകുന്നു. ത്യാഗത്തെ ആധാരമാക്കാതെ, സന്മാർഗ്ഗം ഇതുവരെ ഉദ്ബോധിപ്പിക്കപ്പെട്ടിട്ടില്ല.

൨൯. സന്മാർഗ്ഗശാസ്ത്രം എല്ലായ്പോഴും "ഞാനല്ല; എന്നാൽ നീ തന്നെ" എന്നു ഉച്ചരിക്കുന്നു. അതിന്റെ ആദർശം, "അഹംഭാവമല്ല; എന്നാൽ അഹമല്ലാത്തതാണ്. മനുഷ്യൻ ആ അഖണ്ഡശക്തിയെ, അഥവാ, ആ അഖണ്ഡാനന്ദത്തെ, ഇന്ദ്രിയദ്വാരാ അനുഭവിക്കാൻ യത്നിക്കുമ്പോൾ, മനുഷ്യനെ ബാധിക്കുന്ന അഹങ്കാരചിന്തകളെ നിഷ്കാസനം ചെയ്യപ്പെടണം" എന്നാണ്. ഇതത്രേ സന്മാർഗ്ഗശാസ്ത്രം ഉദ്ബോധനം ചെയ്യുന്നതു്. നീ നിന്നെ പിന്നിലും അന്യരെ മുമ്പിലും നിർത്തേണ്ടിയിരിക്കുന്നു. ഇന്ദ്രിയങ്ങൾ ആദ്യമായി "ഞാൻ മുന്നിൽ" എന്നു പറയുന്നു. സന്മാർഗ്ഗശാസ്ത്രമാകട്ടെ, "ഞാൻ എന്നെ പിന്നിൽ നിർത്തണം" എന്നു പ്രഖ്യാപനം ചെയ്യുന്നു. ഇപ്രകാ-

ങ്ങ സന്മാർഗ്ഗത്തെസ്സംബന്ധിച്ച തത്വങ്ങളെല്ലാം ഈ ത്യാഗത്തെത്തന്നെ അസ്ഥിഭാരമാക്കിയിരിക്കുന്നു. ജഡമണ്ഡലത്തിൽ അഹങ്കാരത്തെ വിളയിക്കുകയല്ല, നശിപ്പിക്കുക എന്നുള്ളതിനെ ആധാരമാക്കിയിരിക്കുകയാണു ചെയ്തിരിക്കുന്നതു്. അഖണ്ഡവസ്തു ജഡമണ്ഡലത്തിൽ ഒരുകാലത്തും പ്രകടിതമാകുന്നില്ല; അതു സാദ്ധ്യമല്ല, അതു വിചാരിക്കാനും പാടില്ല.

൨൱൭. അടിക്കടി ഓരോ കർമ്മങ്ങൾക്കും ചിഹ്നങ്ങൾക്കും വിരോധികളായിരുന്ന പരിഷ്കാരകാരകന്മാർ എല്ലാമതത്തിലുമുണ്ടായിട്ടുണ്ടു്. എന്നാൽ അവരുടെ എതിർപ്പ് നിഷ്ഫലമായിട്ട് അവസാനിക്കുകയാണുണ്ടായിട്ടുള്ളതു്. മനുഷ്യൻ ഈ നിലയിൽ വർത്തിക്കുന്നിടത്തോളം, തങ്ങൾക്കു മുറുകെപ്പിടിക്കാൻ ബലമായ ഒന്നിനെ, തങ്ങളുടെ ഉദ്ദേശ്യങ്ങളെ ഉറപ്പിച്ചുവയ്ക്കുന്നതിന് ഏതെങ്കിലും ഒന്നിനെ, തങ്ങളുടെ വിചാരരൂപങ്ങളുടെ എല്ലാം മദ്ധ്യസ്ഥാനത്തിന് അർഹമായ ഒന്നിനെ എല്ലായ്പോഴും ആഗ്രഹിക്കുന്നുണ്ടായിരിക്കും. മുഹമ്മദീയരുടെയും പ്രൊട്ടസ്റ്റാന്റു ക്രിസ്ത്യാനികളുടെയും മഹത്തായ പ്രയത്നങ്ങൾ, "കർമ്മങ്ങളെല്ലാം ഉപേക്ഷിക്കപ്പെടണം" എന്ന ആ ഒരുലക്ഷ്യത്തിന്മേൽ ചെലുത്തപ്പെടുന്നു. എന്നിരുന്നിട്ടും, അവരിൽപോലും കർമ്മങ്ങൾ കടന്നുകൂടിയിട്ടുള്ളതു നാം കാണുന്നു.

൨൱൮. മനസ്സുകളെല്ലാം ഒന്നുതന്നെയാണു; ഒരേ മനസ്സിന്റെ ഓരോ ഭാഗങ്ങളാണു്. ഒരു കളിമൺകട്ടയെ അറിഞ്ഞവൻ ലോകത്തിലുള്ള എല്ലാ കളിമണ്ണുകളെയും നിഷ്പ്രയാസം മനസ്സിലാക്കുന്നു. ഏതൊരുവൻ തന്റെ മനസ്സിനെ അറിഞ്ഞടക്കി ഭരിക്കുന്നുവോ, അവൻ ഓരോ മനസ്സിന്റെയും രഹസ്യത്തെ അറിയുന്നതിനും പുറമെ ഓരോ മനസ്സിന്റെയും മേൽ സ്വാധീനശക്തിയുള്ളവനായും ഭവിക്കുന്നു.

൨൱൯. ഒരു മനുഷ്യൻ വരുന്നു; അദ്ദേഹം ഒരു വലിയ വിദ്വാനാണെന്നു നിനക്കറിയാം; അദ്ദേഹത്തിന്റെ ഭാഷ മനോഹരമായിരിക്കുന്നു; നീ അദ്ദേഹത്തോടു് ഒരു മണിക്കൂർ സംസാരിക്കുന്നു; എന്നാൽ അദ്ദേഹത്തിന്റെ സംസാരം നിന്റെ മനസ്സിൽ ഒരു പ്രകാരത്തിലും പതിയുന്നില്ല. മറ്റൊരാൾ വരുന്നു; ആ ആൾ ഒന്നുരണ്ടു വാക്കുകളെ പറയുന്നുള്ളു; ആ വാക്കുകൾ ശരിക്കു രൂപവൽക്കരിക്കപ്പെട്ടതല്ല; ഒരു പക്ഷേ, വ്യാകരണത്തെറ്റാണെന്നും വന്നേയ്ക്കാം. എന്തുതന്നെയായാലും അദ്ദേഹത്തിന്റെ വാക്കുകൾ നിന്റെ മനസ്സിൽ ദൃഢമായി പതിയുന്നു. നിങ്ങളിൽ അനേകംപേർക്കു് ഇതു് അനുഭവമാണു്. ഇതിൽനിന്നും മനസ്സിൽ ദൃഢമായ 'പതിപ്പി'നെയുണ്ടാക്കാൻ വാക്കുകൾ മാത്രം ഒരിക്കലും സാധിക്കുകയില്ലെന്നു വ്യക്തമാകുന്നു. വാക്കുകൾക്കു വിചാരങ്ങൾപോലും 'പതിപ്പി'നെ ഉണ്ടാക്കുന്നതിൽ മൂന്നിലൊരുഭാഗം

അധികാരവാക്കിനും രണ്ടുഭാഗം മനുഷ്യനമാണു്. മനുഷ്യശക്തി എന്നു നിങ്ങൾ ഏതൊന്നിനെ പറയുന്നുവോ, അതത്രേ വെളിൽവന്നു നിങ്ങളിൽ ദൃഢമായ 'പതിപ്പി'നെ ഉണ്ടാക്കുന്നതു്.

൨൱൪. എല്ലാം വിദ്യയുടെയും, എല്ലാം പഠിപ്പിന്റെയും ലക്ഷ്യം മനുഷ്യസൃഷ്ടിയായിരിക്കണം. എന്നാൽ നേരേമറിച്ചു്, ബഹിർഭാഗത്തെ സുന്ദരമാക്കുന്നതിനായി നാം ശ്രമിച്ചുവരുന്നു. അന്തർഭാഗമില്ലാതിരിക്കെ ബഹിർഭാഗത്തെ മനോഹരമാക്കിച്ചെയ്യുന്നതിൽ എന്തു ഫലം? വിദ്യാഭ്യാസത്തിന്റെ എല്ലാം ലക്ഷ്യവും ഉദ്ദേശ്യവും മനുഷ്യന്റെ അഭിവൃദ്ധിയാണു്. അന്യന്മാരിൽ സ്വാധീനശക്തി ചെലുത്തുന്ന മനുഷ്യൻ, തന്റെ സഹോദരവർഗ്ഗത്തിനു തന്റെ വൈശിഷ്ട്യത്തെ വെളിപ്പെടുത്തി അവരെ തന്റെ ഇഷ്ടപ്രകാരം നടത്താൻ സാമർത്ഥ്യമുള്ള മനുഷ്യൻ അപാരശക്തിയുള്ളവനാകുന്നു. ആ മനുഷ്യൻ തയ്യാറാകുമ്പോൾ, അവനാൽ അനുഷ്ഠാതവ്യമായ സർവ്വവും അവനു ചെയ്യാൻ കഴിയും.

൨൱൫. ശക്തിയെന്നുവച്ചാൽ എന്താണു്? ജഡത്തെ ചലിപ്പിക്കുന്നതാണു്. ജഡമെന്നുവച്ചാലെന്താണു്? ശക്തിയാൽ ചലിപ്പിക്കപ്പെടുന്നതുതന്നെ.

൨൱൬. “തലയില്ലാത്തലവേദന” എന്നു സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ടു്. അതാണു് മായയുടെ അവസ്ഥ. അതിനു സത്യവുമില്ല, അസത്യവുമില്ല. അതു സത്യമാണെന്നു പറവാൻ നിനക്കു സാധിക്കയില്ല. ഏതൊന്നു കാലത്തെയും ദേശത്തെയും കടന്നു നില്ക്കുന്നുവോ, ഏതൊന്നു സത്താമാത്രമായിരിക്കുന്നുവോ, അതു് ഒന്നു മാത്രമാണുള്ളതു്. എന്നിരുന്നാലും ഈ ലോകം നമ്മുടെ പരമാർത്ഥോദ്ദേശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നു. അതുകൊണ്ടു് അതിനൊരു കൃത്രിമവാസ്തവമുണ്ടു്.

൨൱൭. സുഖമായ ജീവിതത്തെ നയിച്ചുകൊണ്ടു്, ആത്മാവിനെ അനുഭവത്തിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നവൻ, നദിയെ കടക്കാൻ മുതലയെ പൊങ്ങുതടിയെന്നു കരുതി കെട്ടിപ്പിടിക്കുന്ന മൂഢനെപ്പോലെയാണു്. “ആദ്യം ദേവലോകത്തെപ്രാപിക്കുക! സർവ്വവും നിങ്ങൾക്കു ലഭിക്കും.” ഇതൊന്നാണു് മഹത്തായ ധർമ്മം; ഇതത്രേ ത്യാഗം. ഒരു ലക്ഷ്യത്തെ മുൻനിർത്തി ജീവിക്കുക; മറ്റൊന്നിനും മനസ്സിൽ സ്ഥലം കൊടുക്കരുതു്. ഒരിക്കലും തെറ്റാത്തതേതൊന്നോ, ആ ആത്മീയപൂർണ്ണഭാവത്തെ പ്രാപിക്കാൻ നമ്മുടെ സർവ്വശക്തിയെയും നമുക്കു ഒന്നിച്ചുചേർക്കാം. സ്വാനുഭൂതി ലഭിക്കണമെന്നു പരമാർത്ഥമായ ആശ നമുക്കുണ്ടെങ്കിൽ, നാം കഷ്ടപ്പെടണം. അതിപ്രയത്നത്താൽ നമുക്കു് അഭിവൃദ്ധിയുണ്ടാകും. നാം തെറ്റു ചെയ്യു

ക്കാം. എന്നാൽ നാം അറിയാതെതന്നെ അവ ദേവദൈവത്വങ്ങളായിരുന്നേയ്ക്കാം.

വസ്തവ്യം. ഒരിക്കൽ, ഭാരതത്തിൽ ഓരോ വർഗ്ഗക്കാരുടെയും പ്രതിനിധികൾ ഒന്നിച്ചു ചേൎന്നു തൎക്കത്തിന് ആരംഭിച്ചു. "ശിവനാണദൈവം" എന്ന് ഒരാൾ വാദിച്ചു. "വിഷ്ണുവാണദൈവം" എന്നു മററൊരാൾ തൎക്കിച്ചു. ഇങ്ങനെ ഓരോരുത്തരും ഓരോ അഭിപ്രായം പുറപ്പെടുവിച്ചുവന്നു. അവരുടെ വാദത്തിന് അവസാനം ഉണ്ടാകാതിരുന്നു. ഒരു മഹാത്മാവ് അതുവഴി കടന്നു പോകാനിടയായി. മതവാദികൾ തങ്ങളുടെ തൎക്കം തീൎക്കുന്നതിനു മാദ്ധ്യസ്ഥം വഹിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം "ശിവനാണദൈവ"മെന്നു വാദിച്ചു കൊണ്ടിരുന്ന മനുഷ്യനെ നോക്കി, "നീ ശിവനെ കണ്ടിട്ടുണ്ടോ? നിനക്ക് അദ്ദേഹത്തെ പരിചയമുണ്ടോ? ഇല്ലെങ്കിൽ അദ്ദേഹമാണ് ഉൽകൃഷ്ടദൈവമെന്നു നീ എങ്ങനെ അറിഞ്ഞു?" എന്നു ചോദിച്ചു. എന്നിട്ടു വിഷ്ണുഭക്തനോട് "നീ വിഷ്ണുവിനെക്കണ്ടിട്ടുണ്ടോ?" എന്നു ചോദ്യം ചെയ്തു. ഇങ്ങനെ ഓരോരുത്തരോടും ഇതേ പ്രകാരത്തിൽ ചോദിച്ചതിൻെറ ഫലമായി അവരിൽആൎക്കും ദൈവത്തെക്കുറിച്ച് ഒന്നുംതന്നെ അറിവാൻ പാടില്ലെന്ന് അദ്ദേഹത്തിനു മനസ്സിലായി. അതുകൊണ്ടുതന്നെയാണ് അവർ ഇങ്ങിനെ തൎക്കിച്ചുകൊണ്ടിരുന്നത്. അവർ പരമാൎത്ഥത്തിൽ ദൈവത്തെ അറിഞ്ഞിരുന്നാൽ അവൎക്കു തൎക്കം തന്നെ നേരിടുകയില്ല. ഒരു കുടം വെള്ളത്തിൽ താഴുമ്പോൾ അതു് ശബ്ദം പുറപ്പെടുവിക്കുന്നു. വെള്ളം നിറഞ്ഞു കഴിഞ്ഞാൽ ശബ്ദമേയില്ല.

വസ്തൻ. "ഈശ്വരനെ ആഗ്രഹിക്കുന്നതാര്?" എന്നാണു ചോദ്യം. ലോകത്തിലുള്ള ഈ മനുഷ്യവർഗ്ഗങ്ങളെല്ലാം ഈശ്വരനെ ആഗ്രഹിക്കുന്നുവെന്നും, എന്നിട്ട് അദ്ദേഹത്തെ പ്രാപിക്കാൻ കഴിയുന്നില്ലെന്നും വിചാരിക്കുന്നുവോ? അങ്ങനെ വരാനിടയില്ല. നാം ആഗ്രഹിക്കുന്നതു പുറമേ വസ്തുവോടു കൂടാത്ത ആ 'അതിനെ'യാണ്. മനുഷ്യർ ശ്വാസിക്കാനിച്ഛിക്കുന്നു; അതിലേക്ക് അവൎക്കു വായുവുണ്ട്. മനുഷ്യൻ ആഹരിക്കാനിച്ഛിക്കുന്നു; ആഹാരത്തിനു ഭക്ഷണമുണ്ട്. ഈ ഇച്ഛകളെ സാധിക്കുന്നതു് എന്തൊന്നാണു? പുറമേയുള്ള വസ്തുക്കളത്രേ. കണ്ണുകളെ ഉണ്ടാക്കിയതു വെളിച്ചമാണ്; കാതുകളെ ഉണ്ടാക്കിയതു ശബ്ദമാണ്. ഇങ്ങനെ മനുഷ്യരിലുള്ള ഓരോ ആഗ്രഹങ്ങളെയും ആദ്യമേതന്നെ വെളിയിലുള്ള ഏതോ ഒന്നിനാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. പരിപൂൎണ്ണഭാവത്തെ പ്രാപിക്കണമെന്നുള്ള ആഗ്രഹത്തെ, ലക്ഷ്യത്തെ പ്രാപിക്കാനുള്ള ആ ആഗ്രഹത്തെ പ്രകൃതിയെക്കടന്നു ചെല്ലണമെന്നുള്ള ആ ആഗ്രഹത്തെ ഏതോ ഒന്ന് അങ്കുരിപ്പിച്ചു മനുഷ്യൻെറ ഉള്ളിൽ അമുഴ്ത്തി അവിടെ ഇരിക്കത്തക്കവണ്ണം ചെയ്യാം

ല്ലാതെ, അതു് അവിടെ ഇരിക്കുന്നതെങ്ങനെ? അതിനാൽ ഏതൊരുവനിൽ ഈ ആഗ്രഹം ഉണ്ടാകുന്നുവോ, അവൻ ലക്ഷ്യത്തെ പ്രാപിക്കുന്നു.

൨൦. എല്ലാ പാപകർമ്മങ്ങളിലും എല്ലാ പുണ്യകർമ്മങ്ങളിലും ആ നിത്യപ്രേമം കലൎന്നുകിടക്കുന്നു. ന്യൂയാൎക്കിലെ സാധുക്കൾക്കായി ഒരാൾ ആയിരം ഡോളറിന്റെ ഒരു ചെക്കെഴുതുന്നു എന്നു വിചാരിക്കുക! അതേസമയത്തുതന്നെ അതേമുറിയിൽവച്ചു മറ്റൊരുവൻ തന്റെ സ്നേഹിതന്റെ ഒപ്പിട്ടു ഒരു കള്ളപ്രമാണം ചമയ്ക്കുന്നു. ആ രണ്ടാൾക്കും എഴുതുന്നതിനു സഹായിച്ച വെളിച്ചം ഒന്നാണ്. എന്നാൽ രണ്ടുപേരും ആ വെളിച്ചത്തെ വിനിയോഗിച്ചമാതിരിയിൽ ഉത്തരവാദികളാണ്. സ്തുതിക്കേണ്ടതും നിന്ദിക്കേണ്ടതും വെളിച്ചത്തെ അല്ല. ബന്ധമറ്റതായി, എന്നാൽ ഏതൊന്നിലും പ്രകാശിക്കുന്നതായി, പ്രപഞ്ചത്തിന്റെ ഉദ്ദേശ്യസാദ്ധ്യമാകുന്ന പ്രേമം ഒന്നുണ്ട്; അതില്ലെങ്കിൽ പ്രപഞ്ചം, വിനാഴികയ്ക്കുള്ളിൽ ശിഥിലീകൃതമായിഭവിക്കും. ഈ പ്രേമമത്രേ ദൈവം.

൨൧. എന്റെ പ്രിയ രാജൎഷി ഗാനംചെയ്തതാവിതു്:—"ഹേ, പ്രേമഭാജനമേ! നിന്റെ കപോലങ്ങളിൽ ഒരു ചുംബനം. നിന്നെ ചുംബിക്കാനിടയായാൽ നിന്റെ പേരിലുള്ള തൃഷ്ണപ്രതിദിനം വളരുന്നു; ദുഃഖങ്ങളെല്ലാം നീങ്ങുന്നു; ഭൂതഭവിഷ്യദ്വൎത്തമാനകാലങ്ങളെ മറക്കുന്നു; നിന്നെത്തന്നെ നിനയ്ക്കുന്നു." ഇതുതന്നെ കാമുകന്റെ ഭ്രാന്തു്. ആ ഘട്ടത്തിൽ ആഗ്രഹങ്ങളെല്ലാം വിസ്മൃതങ്ങളാകുന്നു. "മോക്ഷത്തെ ലക്ഷ്യമാക്കുന്നതാരു്? രക്ഷിക്കപ്പെടണമെന്നു ആഗ്രഹിക്കുന്നതാരു്? പരിപൂൎണ്ണനായിരിക്കണമെന്നു് ഉദ്ദേശിക്കുന്നതാരു്? മുക്തിയെ ലക്ഷ്യമാക്കുന്നതാരു്?" എന്നു കാമുകൻ ചോദിക്കുന്നു.

൨൨. പ്രേമത്തിനു സമ്മാനം പ്രേമംതന്നെ. എത്ര മഹത്തായ സമ്മാനമാണതു്! ഇതു് സകലദുഃഖങ്ങളെയും നശിപ്പിക്കുന്നതാണ്. ഏതൊന്നു് ഒരൊററ പ്പാത്രമളവുകുടിച്ചാൽ ഈ ലോകത്തിലെ സകല ദുഃഖങ്ങളും പ്രശമിക്കുന്നു, ആ ഒന്നു് ഇതുതന്നെ. (അതു കുടിക്കുമ്പോൾ) മനുഷ്യനു് ഈശ്വരഭ്രാന്തു പിടിപെടുന്നു; താൻ മനുഷ്യനാണെന്നുള്ളതു് മറന്നുകളയുന്നു.

൨൩. "ബൌദ്ധന്മാർ ഏതെങ്കിലും ഒരു ദൈവത്തിൽ, അല്ലെങ്കിൽ ആത്മാവിൽ വിശ്വാസം ഉറപ്പിക്കുന്നില്ലെങ്കിൽ, അവരുടെ മതം ഈ ഇന്ദ്രിയാതീതസ്ഥിതിയിൽനിന്നും എങ്ങനെ ഉണ്ടാകുന്നതാണു്?" എന്നൊരു ചോദ്യത്തിനു് അവകാശമുണ്ടു്. അതിന്റെ സമാധാനമിതാണു്:—"ബൌദ്ധന്മാരും ഒരുനിത്യസന്മാൎഗ്ഗനിയതിയെയക്കാ

ണനണ്ടു്. ആ സന്മാൎഗ്ഗനിയതി, ആ പദത്തിനു നാം കല്പിക്കുന്ന അൎത്ഥത്തിൽ, നിൎമ്മിക്കപ്പെട്ടതല്ല; ബുദ്ധൻ അതിനെ ഇന്ദ്രിയാതീതസ്ഥിതിയിൽതന്നെ കണ്ടുപിടിച്ചതാണു്."

൰൬. ഏതിനെല്ലാം രൂപമുണ്ടോ അതെല്ലാം അണുക്കളുടെ സംയോഗ ഫലങ്ങളായിരിക്കും. അവയെ ചലിപ്പിക്കാൻ അവയുടെ പിറകേ ഏതോ ഒന്നു് ഉണ്ടായിരിക്കണം.

൰൭. ആകർഷണശക്തിക്കു ലോകംവലിയ കുന്നുകളേയുംധൂളീകൃതമാക്കിച്ചെയ്യാൻ കഴിയും. എന്നാലും അതു് അചിത്തു തന്നെയാണു്. അചിത്തിനെപ്പോലെ ഭാവിക്കുന്നതിൽ എന്തൊരു മാഹാത്മ്യമാണുള്ളതു്? എന്നിട്ടും നമ്മളെല്ലാവരും അതിനെ ലഭിക്കാൻ ശ്രമിക്കുന്നു. ഇതുതന്നെ മായ.

൰൮. ഇന്ദ്രിയങ്ങൾ മനുഷ്യജീവനെ വെളിയിലേക്കു വലിക്കുന്നു. സുഖം ഏതൊരിടത്തു് ഒരിക്കലും ലഭിക്കപ്പെടുന്നില്ലയോ, അവിടെ മനുഷ്യൻ സുഖത്തെയും ആനന്ദത്തെയും അഭിലഷിക്കുന്നു. അതുകൊണ്ടു ഫലമുണ്ടാകുന്നില്ലെന്നും, അതു വ്യൎത്ഥയത്നമാണെന്നും അനേകയുഗങ്ങളായി നാമെല്ലാം സമൎത്ഥിച്ചിട്ടുമുണ്ടു്. അവിടെ ആനന്ദം ഇല്ലതന്നെ. എന്നാൽ നമുക്കു് അതു മനസ്സിലാക്കാൻ കഴിയുന്നില്ല. നമ്മുടെ അനുഭവംകൊണ്ടല്ലാതെ നമുക്കു് അതു ഗ്രഹിക്കാൻ സാധിക്കുകയില്ല; നാംപ്രയത്നിക്കുന്നു; ഒരടിയുംകിട്ടുന്നു. അപ്പോഴെങ്കിലും നാം അറിയുന്നുണ്ടോ? ഒരിക്കലുംഇല്ല. അഗ്നിയിൽ പതിക്കുന്നശലഭങ്ങളെപ്പോലെ, "ഇന്ദ്രിയഭോഗങ്ങളെക്കൊണ്ടു തൃപ്തിപ്പെടാം" എന്നുവിശ്വസിച്ചു പിന്നെയും പിന്നെയും നാം അതിൽ ചെന്നുവീഴുന്നു. വീണ്ടും പുതിയശക്തിയോടുകൂടി തിരിയെവരുന്നു. ഇങ്ങനെ നാം കഷ്ടതഅനുഭവിച്ചു വഞ്ചിതന്മാരായി മരിക്കുന്നു. ഇതു തന്നെമായ.

൰൯. "പ്രപഞ്ചരഹസ്യങ്ങളെ കണ്ടുപിടിക്കണം" എന്ന ആശയിൽ നമുക്കു ചോദ്യം ചെയ്യാതിരിക്കാൻ സാധിക്കുകയില്ല. "നമുക്കു് അറിയുകതന്നെവേണം" എന്നു നാം നിശ്ചയിക്കുന്നു. "ഇനിയാതൊരറിവും ലഭിക്കേണ്ടതായിട്ടില്ല" എന്നു വിശ്വസിക്കാൻ പാടില്ല. ഒന്നുരണ്ടടി മുമ്പോട്ടുവയ്ക്കുമ്പോഴ്, നമുക്കു കടക്കാൻ സാധിക്കാത്ത കാലമാകുന്ന ഭിത്തിപൊങ്ങുന്നു. ഒന്നുരണ്ടടി നടന്നാൽ അതിരില്ലാത്ത സ്ഥലമാകുന്ന മറ്റൊരു ഭിത്തിഉയരുന്നു. സകലതും ആ കാരണകാൎയ്യങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. നമുക്കു് അവയെക്കടന്നു ചെല്ലാൻസാധിക്കുന്നില്ല. എന്നിട്ടും നാം തീവ്രമായി യത്നിക്കുന്നു. ഇതുതന്നെമായ.

ര.വ്യ. നാം ഓരോ ശ്വാസത്തിലും ഓരോ ഹൃദയസ്പന്ദനത്തിലും നമ്മുടെ ഓരോ ചലനങ്ങളിലും നാം സ്വതന്ത്രന്മാരെന്നു കരുതുന്നു. അതേ അവസരത്തിൽ നാം സ്വതന്ത്രന്മാരല്ലെന്നും വിചാരിക്കുന്നു. ഇതുതന്നെ മായ.

രൻ അറിവ് ആദ്യമായി സ്ഥിരീകരിക്കുന്നതാണ്.

ര.ൃ൦. വിഭിന്നതയെസ്സംബന്ധിച്ച ഏതൊരു വിചാരവും ഭയങ്കരമാകുന്നു. അദ്ദേഹം(ഈശ്വരൻ)സമീപത്തിലും സമീപമാണ്. ഏകത്വമെന്ന പദമല്ലാതെ, ഈ സാമീപ്യത്തെ വെളിപ്പെടുത്താൻ ഒരു ഭാഷയിലും വാക്കുകളില്ല. ദ്വൈതി അദ്വൈതിയുടെ ആദർശങ്ങളെ കണ്ടു ഞെട്ടി, "അത് ദൈവനിന്ദനമാണ്" എന്നു കരുതുന്നു.

ര.വ്യ.മ. നിനക്കു വേണ്ടതെല്ലാം നീ സ്വീകരിച്ചുകൊൾക! കുറെ കൂടുതലുമിരിക്കട്ടെ. പരമാർത്ഥത്തെ മാത്രം ഗ്രഹിച്ചുകൊള്ളണം. അതിനെ അനുഭവത്തിൽ കൊണ്ടുവരണം. ഐശ്വര്യം ആരുടേയും സ്വന്തമല്ല. സ്വന്തക്കാരൻ എന്ന വിചാരത്തെ, അവകാശത്തെപ്പററിയ വിചാരത്തെ, വച്ചുകൊണ്ടിരിക്കരുത്. നിനക്കു മതിപ്പില്ല; എനിക്കും മതിപ്പില്ല; ആക്കും മതിപ്പില്ല. സർവ്വം ഈശ്വരന്റെ സ്വന്തം. എല്ലാററിലും ഈശ്വരനെക്കാണണമെന്നു ശാസ്ത്രം വിധിക്കുന്നു. ഈശ്വരൻ നീ അനുഭവിക്കുന്ന ഐശ്വര്യത്തിലിരിക്കുന്നു. അദ്ദേഹം നിന്റെ മനസ്സിൽ കയറാനുള്ള ആഗ്രഹത്തോടുകൂടിയിരിക്കുന്നു. നിന്റെ ആശയനിവൃത്തിക്കായി നീ സ്വീകരിക്കുന്ന വസ്തുക്കളിലിരിക്കുന്നു. അദ്ദേഹം നിന്റെ മനോഹരമായ വസ്ത്രത്തിൽ, അലങ്കാരമേറിയ ആഭരണങ്ങളിൽ, സ്ഥിതിചെയ്യുന്നു. ഇതത്രേ ചിന്തിക്കേണ്ടമാർഗ്ഗം. നീ വസ്തുക്കളെ ഈ നിലയിൽ നോക്കാൻ ആരംഭിച്ചാൽ എല്ലാററിനും ഒരു പരിവർത്തനം ഉണ്ടാകും. നിന്റെ ഓരോ ചലനത്തിലും—നിന്റെ സംഭാഷണത്തിലും നിന്റെ രൂപത്തിലും എന്നുവേണ്ട ഓരോന്നിലും—നീ ഈശ്വരനെ പ്രതിഷ്ഠിച്ചാൽ, ദൃശ്യങ്ങൾക്കെല്ലാം പരിവർത്തനം നേരിടുന്നു. ലോകം, ദുഃഖമയമായിരുന്നതിന്നു പകരം ഒരു സ്വർഗ്ഗലോകമായി കാണപ്പെടും.

ര.വ്യ.ര. ദുഃഖത്തിന് ഒരു കാരണമാണുള്ളത്. നാം പററുള്ളവരായിരിക്കുന്നു. ഗീത പറയുന്നു:—ഇടവിടാതെ പ്രവർത്തിക്കുവിൻ! പ്രവർത്തിക്കുവിൻ! എന്നാൽ ബന്ധം ഉണ്ടാകരുത്. അകപ്പെട്ടുപോകരുത്. ഒരു വസ്തു എത്രതന്നെ പ്രിയപ്പെട്ടതായിരുന്നാലും, ആത്മാവ് അതിനെ എത്രതന്നെ ആഗ്രഹിക്കുന്നുണ്ടായിരുന്നാലും, വേർപാ

ട്ടിൽ എത്രതന്നെ ദുഃഖാധിക്യം നേരിടുവിക്കുന്നതായിരുന്നാലും, അവസ്ഥയിൽനിന്നും നിന്നെ വേർപെടുത്താനുള്ള ശക്തി നിനക്ക് ഉണ്ടായിരിക്കണം; വിചാരിക്കുമ്പോൾ അതിനെ ഉപേക്ഷിക്കാനുള്ള ശക്തി നിനക്ക് ഉണ്ടായിരിക്കട്ടെ. ഇവിടെ, ഈ ലോകത്തിൽ, അഥവാ ഏതു ലോകത്തിലും, ബലഹീനന്മാർക്ക് സ്ഥാനമില്ല. ബലഹീനത അടിമത്തത്തിലേക്കു നയിക്കുന്നു. ബലഹീനത, ദൈഹികവും മാനസികവുമായ പലേ പ്രകാരത്തിലുള്ള തുമ്പങ്ങൾക്കിടയാക്കുന്നു. ബലഹീനത മരണംതന്നെയാണ്. നമ്മുടെ ചുററും ലക്ഷോപലക്ഷം ശലഭങ്ങളുണ്ട്. എന്നാൽ നാം ബലഹീനന്മാരായിത്തീർന്നാലല്ലാതെ, ശരീരം അവയുടെ പീഡനങ്ങൾ ഏല്ക്കുന്നതിനു സജ്ജമായാലല്ലാതെ, നമ്മെ ഉപദ്രവിക്കാൻ അവയ്ക്കു സാധിക്കുകയില്ല. നമ്മേ ചുററി കോടാനുകോടി ദുഃഖശലഭങ്ങൾ ഉണ്ടാകുന്നുണ്ടെന്നുവരാം. അവയെ ശൂന്യമാക്കരുതു! അവ നമ്മെ സമീപിക്കാൻ ധൈര്യപ്പെടുകയില്ല. മനസ്സ ബലഹീനമായാലല്ലാതെ, നമ്മെപ്പിടികൂടാൻ അവയ്ക്കു ശക്തിയില്ല ഇതാണ് വലുതായ വാസ്തവം. ബലം തന്നെ ജീവിതം· ബലഹീനതതന്നെ മരണം. ബലമത്രേ ആനന്ദം; നിത്യജീവിതം; അമൃതം. ബലഹീനമത്രേ അവിച്ഛിന്നദുഃഖം; അതുതന്നെ മരണവും.

൨. വൃന. ബന്ധം നമ്മുടെ സകലദുഃഖങ്ങളുടെയുംഉല്പത്തിസ്ഥാനമാകുന്നു നാം നമ്മുടെ സ്വജനങ്ങളിലും സ്നേഹിതന്മാരിലും ബന്ധമുള്ളവരായിരിക്കുന്നു. നാം നമ്മുടെ മാനസികവും കായികവുമായ ജോലികളിൽ ബന്ധമുള്ളവരായിരിക്കുന്നു. നമുക്ക് സുഖത്തെ സമ്പാദിക്കാമെന്ന കരുതലോടുകൂടി പുറമേയുള്ള വസ്തുക്കളിൽ നാം ബന്ധമുള്ളവരായിരിക്കുന്നു. ഈ ബന്ധങ്ങൾക്കു പുറമേ ദുഃഖത്തെ വിളയിക്കാൻ വേറെ എന്താണു വേണ്ടതു? നാം ആനന്ദത്തെ അനുഭവിക്കുന്നതിനായി നമ്മെ നാംതന്നെ അവയിൽനിന്നും വേർപെടുത്തേണ്ടിയിരിക്കുന്നു. ഉദ്ദേശിക്കുന്ന മാത്രയിൽ നമുക്കു നമ്മേ വേർപെടുത്താനുള്ള ശക്തിയുണ്ടായിരുന്നാൽ ദുഃഖമേ ഉണ്ടായിരിക്കയില്ല. ഏതൊരുവൻ ഒരു വിഷയത്തിൽ, തന്റെ മുഴുവൻ ശക്തിയോടുംകൂടിബന്ധപ്പെട്ടിരിക്കയും ആ ബന്ധത്തെ പൊട്ടിക്കണമെന്നു തോന്നുന്നമാത്രയിൽ അങ്ങനെ പ്രവൎത്തിക്കുന്നതിനുള്ള ശക്തിയുള്ളവനായിരിക്കയും ചെയ്യുന്നുവോ, അവൻ ഒരുവൻ മാത്രമേ സർവോൽകൃഷ്ടതയേ പ്രാപിക്കുന്നുള്ളൂ. എത്ര വലിയ ശക്തി ബന്ധത്തിനുണ്ടോ, അത്രവലിയ ശക്തി അതിനെ വേർപെടുത്താനും ഉണ്ടായിരിക്കണം. യാതൊന്നിനാലും യാതൊരിക്കലും ആകർഷിക്കപ്പെടാത്ത ചിലരുണ്ട്. അവരാൽ ഒരിക്കലും സ്നേഹിക്കപ്പെടാൻ സാധിക്കയില്ല. അവർ കഠിനഹൃദയന്മാരാണ്; അനുകമ്പയില്ലാത്തവരാണ്. അവർ ഒട്ടേറെ ജീവിതദുഃഖങ്ങളിൽ നിന്നും

മിക്കവാറും മോചിക്കപ്പെടുന്നു. എന്നാൽ ഭിത്തിയാകട്ടെ, ഒരിക്കലെങ്കിലും ദുഃഖത്തെ അറിയുന്നില്ല; ആ ഭിത്തി ഒരിക്കലും സ്നേഹിക്കുന്നില്ല. അതു ദുഃഖിപ്പിക്കപ്പെടുന്നുമില്ല. അങ്ങനെയുള്ള ഒരു ഭിത്തിയാകുന്നതിനേക്കാൾ, നിശ്ചയമായും ബന്ധത്തിൽ അകപ്പെട്ടു ജീവിക്കുന്നതാണ് ഉത്തമം. അതിനാൽ ഒരിക്കലും സ്നേഹിക്കാത്ത മനുഷ്യൻ—കഠിനമായ, കല്ലിനൊത്ത മനസ്സുള്ള മനുഷ്യൻ—ഒട്ടുവളരെ ജീവിതദുഃഖങ്ങളിൽനിന്നും മോചിക്കപ്പെട്ടവനായാലും അതിന്റെ സുഖങ്ങളിലുംനിന്നു മോചിക്കപ്പെടുന്നു. നാം അങ്ങനെ ആഗ്രഹിക്കുന്നില്ല; അതു ബലഹീനതയാണ്; മരണംതന്നെ. ബലഹീനതയെ ഒരിക്കലും അറിയാത്ത, ദുഃഖത്തെ ഒരിക്കലും അറിയാത്ത, ജീവൻ ഉണ്ടായിട്ടില്ലെന്നു തന്നെ പറയണം; അതു് ഉത്തരവാദിത്വമില്ലാത്ത ഒരു നിലയാണ്. നാം അതിനെ ആഗ്രഹിക്കുന്നില്ല.

൧൦൪. നമ്മൾ എല്ലാവരും യാചകന്മാരാണ്, നാം ഏതൊന്നു ചെയ്താലും അതിനു പ്രതിഫലത്തെ ഇച്ഛിക്കുന്നു. നമ്മൾ എല്ലാവരും വ്യാപാരികളാണ്. നാം ജീവിതത്തിൽ വ്യാപാരികൾ; നാം പുണ്യത്തിൽ വ്യാപാരികൾ; നാം മതത്തിൽ വ്യാപാരികൾ. അഹോ! നാം സ്നേഹത്തിലും വ്യാപാരികളായിരിക്കുന്നു.

൧൦൫. ജീവിതാരംഭം മുതൽക്കേ, ദയാശീലന്മാരായും സ്നേഹമുള്ളവരായും സാധാരണന്മാരായും നിഷ്കപടഹൃദയന്മാരായും കഴിഞ്ഞുവന്ന മനുഷ്യർ പലർ വാർദ്ധക്യത്തിൽ വ്യാജവേഷധാരികളാകുന്നതു നാം കണ്ടിട്ടുണ്ട്. അവരുടെ മനസ്സ് കുഴപ്പത്തിന്റെ കൂടായിരിക്കും. ആ മനസ്സിൽ മിരട്ടുധാരാളം അടങ്ങിയിരിക്കും. അവർ തള്ളപ്പെടുന്നത ലാക്കാക്കുന്നവരോട്ടുകൂടിയവരല്ല. അവർ സംസാരിക്കുന്നില്ല. എന്നാൽ അവരുടെ സംസാരം നന്നായിരിക്കും. അവരുടെ ഹൃദയം മരിച്ചതായിരിക്കും. അതുകൊണ്ടു് അവർ സംസാരിക്കാത്തതാണ് അവർ ശപിക്കുന്നില്ല, ദ്വേഷിക്കുന്നുമില്ല. എന്നാൽ അവർ ദ്വേഷിക്കുന്നതു നന്നാണ്; ശപിക്കുന്നതു് അതിലും നന്നാണ്. പക്ഷേ, അവർക്ക് അതിനു കഴിവില്ല. ഹൃദയത്തിൽ മരണം സംഭവിച്ചുപോയി; കല്ലുമയമുള്ള കരങ്ങൾ അതിനെ പിടികൂടി. അതിനു് ഇനിമേൽ പ്രവർത്തിക്കാൻ സാധിക്കയില്ല. ശപിക്കാൻ ശക്തിയില്ല. ഒരു കഠിനമായ വാക്ക് ഉച്ചരിക്കാൻതന്നെയും കഴിവില്ല.

൧൦൬. നാം ഏതൊന്നിനു യോഗ്യന്മാരാകുന്നുവോ, അതിനെത്തന്നെ പ്രാപിക്കുന്നു. നാം നമ്മുടെ ഗർവ്വത്തെ വെടിഞ്ഞിട്ടു്, "ദുഃഖം, അതിനു് അവകാശപ്പെട്ടവർക്കല്ലാതെ ഒരിക്കലും കിട്ടുന്നതല്ല" എന്നു ധരിക്കണം. ഒരിക്കൽപോലും അവകാശമില്ലാത്ത പ്രഹരം ലഭിക്കുകയില്ല. ഞാ

എന്റെ സ്വന്തം കൈകൊണ്ടു വഴിതെളിക്കപ്പെടാത്ത ദുഃഖം എന്നെ ഒരു കാലത്തും ബാധിക്കുന്നതല്ല. നാം ഇതു് എപ്പോഴും ഓക്കണം. നിന്നെനീതന്നെ വിശകലനം ചെയ്തറിയുക! നിനക്കുകിട്ടിയ ഓരോ തല്ലും നീ നിന്നെ അതിലേക്കുതയാറാക്കിയതുകൊണ്ടു് ലഭിച്ചതാണെന്നു നിനക്കുകാണാൻകഴിയും. നീപകുതി പ്രവത്തിച്ചു; ബാഹ്യലോകം പിന്നത്തെപകുതി പ്രവത്തിച്ചു. തല്ലുകൊണ്ടതു് ഈവിധത്തിലാണു്. ഈ ബോധംനമ്മെ സമാധാനപ്പെടുത്തും. ഈ വിഭാഗത്തിൽനിന്നും വിശ്വാസധ്വനി ആവിർഭവിക്കും. വിശ്വാസധ്വനിയാകട്ടെ, "ബാഹ്യലോകംഎനിക്കുകീഴ്പ്പെട്ടില്ല; എന്നാൽഎന്നിലുള്ളതും എന്റെ ഏററവും സമീപത്തുള്ളതുമായലോകം എന്റെ സ്വന്തമാണു്. എനിക്കുകീഴ്പ്പെട്ടതാണു്. രണ്ടുംയോജിക്കേണ്ട ആവശ്യമുണ്ടെങ്കിൽ, എന്നെ ഒന്നടിക്കുന്നതിനു രണ്ടുംചേരണമെന്നുണ്ടായിരുന്നാൽ, എനിക്കു കീഴ്പ്പെട്ടിരിക്കുന്ന ഒന്നിനെ ഞാൻ വിട്ടുകൊടുക്കുന്നതല്ല. അങ്ങനെ വരുമ്പോൾ, അടി എവിടെനിന്നു വരാനാണു്. ഞാൻ എന്നെ വാസ്തവത്തിൽ അടക്കുന്നുവെങ്കിൽ അടി ഒരിക്കലും ഉണ്ടാകുന്നതല്ല." എന്നാണു്.

൨൮൭. നാം ഏതൊന്നിനു് അർഹന്മാരാകുന്നുവോ, അതിനെ പ്രാപിക്കുന്നു. ലോകംചീത്തയെന്നും നാം നല്ലവരാണെന്നും നാം പറയുന്നതായാൽ അതൊരു കള്ളമായിരിക്കും. ഒരിക്കലും അങ്ങനെ വരാനിടയില്ല. നമ്മെസ്സംബന്ധിച്ചു നാംതന്നെപറയുന്ന ഭയങ്കരമായ ഒരു കള്ളമാണതു്.

൨൮൮. ഒന്നാമതായി പഠിക്കേണ്ടപാഠമിതാണു്. പുറമെയുള്ള യാതൊന്നിനെയും ശപിക്കുകയില്ലെന്നും യാതൊരാളിലും കുററംചുമത്തുകയില്ലെന്നും തീച്ചപ്പെടുത്തുക! മനുഷ്യനായി വത്തിക്കുക! നിന്നിൽതന്നെ കുററംചുമത്തുക! അതു വാസ്തവമാണെന്നു് എപ്പോഴും നിനക്കു കാണാം.

൨൮൯. ഇന്നിന്ന ദീർഘദർശികളാൽ ഉദ്ബോധിപ്പിക്കപ്പെട്ട പുരാണകഥകളെ മനുഷ്യൻ വിശ്വസിക്കണമെന്നു മിക്ക മതങ്ങളും അനുശാസിക്കുന്നു എന്ന കാരണത്താൽ മതത്തെ നോക്കി ജനങ്ങൾ അപഹസിക്കുന്നുവെങ്കിൽ, ഇക്കാലത്തെ ജനങ്ങളെനോക്കി അവർ അതിലധികം അപഹസിക്കേണ്ടിവരും. ഇക്കാലത്തു്, ഒരുവൻ മോസസ്സിനെയോ, ബുദ്ധനെയോ, അല്ലെങ്കിൽ ഒരു ക്രിസ്തുവിനെയൊ പ്രമാണമാക്കിയാൽ അവൻ അപഹസിക്കപ്പെടുന്നു. എന്നാൽ അവൻതന്നെ, ഹക്സ്‌ലി, ഡിൻറാൾ, ഡാർവിൻ മുതലായവരുടെ പേരുകൾഉച്ചരിക്കട്ടെ; അതിനെ ആ മാത്രയിൽ സ്വീകരിച്ചുകൊള്ളും.

൨൯൦. അതു് മതവിഷയമായ ഒരു മൂഢവിശ്വാസം; കലകളെസ്സംബന്ധിച്ച ഒരു മൂഢവിശ്വാസം; ഈമൂഢവിശ്വാസത്തിൽ

നിന്നും ആത്മജ്ഞാനത്തിന്ന പ്രതിബന്ധകമായ വിചാരങ്ങൾ ഉണ്ടായി; അതുവഴി കാമക്രോധാദികൾ ദൃഢീഭൂതങ്ങളായി. ഈമൂഢവിശ്വാസം നിഷിദ്ധമായ പണത്തിന്റെ, കീർത്തിയുടെ, അല്ലെങ്കിൽ അധികാരത്തിന്റെ ഉപാസനയാകുന്നു. ഇതാണു വ്യത്യാസം.

൨൱൬. ഹിന്തുക്കളുടെ സമുദായത്തിൽ ഒരു ഉന്നതാദർശമായ പാതിവ്രത്യധർമ്മത്തെ ദൃഢമൂലമാക്കുന്നതിനായി ശൈശവവിവാഹത്തെ അനുവദിച്ചിരിക്കുന്നു. അതു സമുദായത്തെ അധഃപതിപ്പിക്കയാണുചെയ്തതു്. എന്നാൽ ഈ ശൈശവവിവാഹം സമുദായത്തിന്റെ പാതിവ്രത്യത്തെസ്സംബന്ധിച്ചിടത്തോളം വളരെ സഹായിക്കുന്നുണ്ടെന്നുള്ളതിനെ ഞാൻ നിഷേധിക്കുന്നില്ല നിങ്ങൾക്കു എന്താണുവേണ്ടതു്? സമുദായത്തിൽ പാതിവ്രത്യം പാലിക്കപ്പെടണമെന്നു നിങ്ങൾ ഇച്ഛിക്കുന്നുണ്ടോ? എന്നാൽ, ശൈശവവിവാഹം സ്ത്രീപുരുഷന്മാരെ ബലഹീനരാക്കിച്ചെയ്യുന്നു. ഇംഗ്ലണ്ടിൽ നിങ്ങൾ ഇതിനെക്കാൾ ഉയർന്നനിലയിൽ വർത്തിക്കുകയാണോ? ഇല്ല. പാതിവ്രത്യം ഒരു സമുദായത്തിന്റെ ജീവനാകുന്നു. ഒരു സമുദായത്തിന്റെ ആഢ്യത്വത്തെ മരണചിഹ്നം പാതിവ്രത്യരാഹിത്യമാണെന്നു നിങ്ങൾ ചരിത്രത്തിൽ കണ്ടിട്ടില്ലേ? അതു സമുദായത്തിൽ കടന്നുകൂടിയാൽ സമുദായത്തിന്റെ അവസാനം കണ്ടുതുടങ്ങും. അങ്ങനെ വരുമ്പോൾ ഈ സങ്കടത്തിന്നു് ഒരു പരിഹാരം നമുക്കു് എവിടെക്കിട്ടും? മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കു ഭാര്യാഭർത്താക്കന്മാരെ തിരഞ്ഞെടുക്കുന്നുവെങ്കിൽ ഈ ദോഷത്തിന്നു കുറവുണ്ടാകും. ഇന്ത്യയിലെ സ്ത്രീകൾ ഉണർവും അന്തശ്ശക്തിയുമുള്ളവരാണു്. എന്നാൽ അവരുടെ ജീവിതത്തിൽ കാര്യരുചി വളരെ കുറവാണു്. ഇനിയും പുരുഷന്മാരും സ്ത്രീകളും ഭാര്യാഭർത്താക്കന്മാരെ സ്വയം തിരഞ്ഞെടുക്കുകതന്നെ ചെയ്യുമെങ്കിൽ അത്ര സുഖകരമായിരിക്കുമെന്നു തോന്നുന്നില്ല. ഇന്ത്യയിലെ സ്ത്രീകൾ സാമാന്യമായി സന്തുഷ്ടജീവിതം നയിക്കുന്നു; ഭാര്യാഭർത്താക്കന്മാരുടെ ഇടയിൽ വലിയ കുഴപ്പങ്ങൾക്കൊന്നും ഇടയില്ല. എന്നാൽ അമേരിക്കയിലെ സ്ഥിതിയാകട്ടെ അത്ര തൃപ്തികരമല്ല ഇവിടെ വലിയ സ്വാതന്ത്ര്യം നടമാടുന്നു. സന്തോഷം കാലൂന്നാത്ത ഗൃഹങ്ങളുടെയും വിവാഹങ്ങളുടെയും തുക വർദ്ധിച്ചിരിക്കുന്നു. സന്തോഷം ഇവിടെയും അവിടെയും എവിടെയും വേണ്ടതാണു്.

൨൱൭. മതം മായയോടുകൂടിയതല്ല. പ്രത്യുത, അതിന്നു വിരുദ്ധമായിട്ടുള്ളതാണു്.

൨൱൮. ഒരു പൂർണ്ണ മതവും തത്വജ്ഞാനവുമുള്ളതാണെന്നിരിക്കട്ടെ; അതിന്നു് ഒരു ഗോപ്രപഞ്ചവും ജീവിതരീതിയെസ്സംബന്ധിച്ച

ഒരു ഗോസിദ്ധാന്തവും ഉണ്ടാകണം. എന്നാൽ അതു നമ്മുടെ ഈശ്വരനെ കാണുമെന്നുള്ളതു സാദ്ധ്യമല്ല. പൂച്ചകൾ തത്വജ്ഞാനികളാകുന്നു എന്നു വിചാരിക്കുക! അതു് ഒരു മാൎജ്ജാരപ്രപഞ്ചത്തെക്കാണും. മാത്രമല്ല, പ്രപഞ്ചപ്രശ്നങ്ങളെ അധികരിച്ചു് ഒരു മാൎജ്ജാരസിദ്ധാന്തവും ഉണ്ടാകും; ഒരു പൂച്ച അതിനെ ഭരിച്ചു എന്നും പറയേണ്ടതാം. ഇതിൽനിന്നും പ്രപഞ്ചന്യായങ്ങൾ പൂൎണ്ണന്യായങ്ങൾ അല്ലെന്നു കാണാം. നമ്മുടെ നോട്ടം ജഗത്തു മുഴുവൻ വ്യാപിക്കുന്നില്ല. മനുഷ്യസ്വാൎത്ഥനിലയെ അംഗീകരിക്കുന്നതു ബീമാബദ്ധമാകുന്നു. ജഗദ്വിചാരങ്ങളെസ്സംബന്ധിച്ചു നാം പുറമേ നിന്നും സിദ്ധാന്തത്തെ സ്വീകരിക്കുന്നതു ശ്രമാവഹമാണു്. ആദ്യമായി നാം കാണുന്ന പ്രപഞ്ചം, നമ്മുടെ സ്വന്തം പ്രപഞ്ചമാണു്; ഒരു പ്രത്യേകപ്രപഞ്ചമാണു്; സത്യത്തെ അധികരിച്ച നമ്മുടെ സ്വന്തം അഭിപ്രായമാണു്. ആ സത്യത്തെ നമുക്കു് ഇന്ദ്രിയങ്ങളെക്കൊണ്ടു് അറിവാൻ പ്രയാസമാണു്. പഞ്ചേന്ദ്രിയങ്ങളുടെ അനുഭവത്തിൽ നിന്നുമാണു നാം ജഗത്തെ അറിയുന്നതു്. നാം മറ്റൊരു ഇന്ദ്രിയങ്ങളെ സ്വീകരിക്കുന്നു എന്നിരിക്കട്ടെ; ജഗത്തു മുഴുവൻ മാറേണ്ടിവരും.

൨൯൪. നാം വൃത്തത്തിന്റെ മദ്ധ്യത്തോടു എത്ര കണ്ടു സമീപിച്ചിരിക്കുമോ, അത്ര കണ്ടു മദ്ധ്യവരകളും നമ്മെ സമീപിച്ചിരിക്കുന്നു. നാം മദ്ധ്യത്തിൽ നിന്നും എത്ര കണ്ടു ദൂരത്തിൽ സ്ഥിതിചെയ്യുന്നുവോ മദ്ധ്യരേഖകളും അത്ര കണ്ടു് അകലത്തിൽ കാണപ്പെടുന്നു. നാം കാണുന്ന ബാഹ്യലോകം ദൃശ്യസമൂഹത്തിന്റെ ഒരംശം മാത്രമാകുന്നു.

൨൯൫. ഈ പരമാൎത്ഥം ഗ്രഹിക്കാൻ വളരെ പ്രയാസമാണു്. അടിക്കടി അതിനെ ശ്രവണം ചെയ്തിട്ടും മനസ്സിൽ പതിയുന്നില്ല. ഉപദേഷ്ടാവു് ഒരത്ഭുതപുരുഷനായിരിക്കണം; ഉപദേശിക്കപ്പെടുന്നവരും ആ നിലയിലുള്ളവരായിരിക്കണം. ആചാൎയ്യൻ വിസ്മയനീയനായിരിക്കണം. ശിഷ്യന്മാരും ആ സ്ഥിതിയിലുള്ളവരായിരിക്കണം. മനസ്സു വൃഥാവാദത്താൽ ചലിപ്പിക്കപ്പെടരുതു്. എന്തെന്നാൽ അനുഭോഷം അതു വാദവിഷയമാകുന്നില്ല. നമുക്കു വിശ്വാസം ഉണ്ടായിരിക്കണമെന്നു് എല്ലാമതങ്ങളും അവിച്ഛിന്നമായി ഉപദേശിക്കുന്നതു നാം കേൾക്കുന്നുണ്ടു്.

൨൯൬. മനസ്സിനു വൃഥാവാദത്താൽ കുഴപ്പം നേരിടരുതു്; വാദം ഈശ്വരനെ അറിവാൻ നമുക്കു് അനുകൂലമായിരിക്കും. ആ വിഷയത്തെസ്സംബന്ധിച്ച ചോദ്യം വൃഥാ വാദത്തെസംബന്ധിച്ച ചോദ്യമല്ല.

൨൯൭. എല്ലാ അറിവും വിഷയങ്ങളുടെ ദർശനത്തിന്റെ പുറത്തു നിൽക്കണം. അതിന്റെ മുകളിൽ നാം നമ്മുടെ ബുദ്ധിയെ കെട്ടിനിൎത്തണം.

൨൯൮. ബാഹ്യശാസ്ത്രത്തിലെന്നപോലെ മതത്തിലും അഭിമുഖമായി കാണപ്പെടേണ്ട ചില വിഷയങ്ങളുണ്ട്; മതത്തെ അവയിൽ കെട്ടി ഉറപ്പിക്കണം. "നിങ്ങൾ ഒരുമതത്തിന്റെ ഓരോസിദ്ധാന്തത്തെയും വിശ്വസിക്കണം" എന്നുപറയുന്നത് മനുഷ്യന്റെ മനസ്സിനെ അധഃപതിക്കുകയായിരിക്കും. സകലത്തും വിശ്വസിക്കണമെന്നു നിങ്ങളോട് ഉപദേശിക്കുന്നവൻ, തന്നെത്താൻ അധഃപതിക്കുന്നതിനും പുറമേ — നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ— —നിങ്ങളെ അധഃപതിപ്പിക്കുകയും ചെയ്യുന്നു.

൨൯൯. ഇന്ത്യയിൽമുപ്പതുകോടി വേദാന്തികൾ ഉണ്ടെന്നു പറയുന്നു. എന്നാൽ മതത്തിൽ സ്വാനുഭൂതിയുള്ളവർ ആയിരത്തിൽ ഒരാൾവീതം ഉണ്ടായിരുന്നാൽ ഈ ലോകത്തിനു് എളുപ്പത്തിൽ വലുതായ മാററം നേരിടും. നാം എല്ലാവരും നാസ്തികന്മാർതന്നെയാണു്. എന്നാൽ അതിനെ സമ്മതിക്കുന്ന ഒരുവനോടു നാം കലഹിക്കുന്നു. നമ്മളെല്ലാവരും അന്ധകാരത്തിൽ കിടക്കുന്നു; നമ്മുടെ മതം വെറും ബുദ്ധിയെ സംബന്ധിച്ചതായി, വൃഥാ പ്രസംഗമായി, വിലയില്ലാത്തതായിരിക്കുന്നു. എന്നാൽ അതല്ല മതം. "പദങ്ങളെ ഘടിപ്പിക്കുന്നതിലുള്ള വൈഭവം, വാചാലത്വം, പുരാതന മൂലഗ്രന്ഥങ്ങളെ പലപ്രകാരത്തിൽ വ്യാഖ്യാനിക്കുക മുതലായവ വിദ്വജ്ജനമോദനീയങ്ങളാണു്; മതമല്ല"

൩൦൦. ഇന്ദ്രിയഭോഗങ്ങൾ ചിലപ്പോൾ അപകടകരവും അനുശോചനത്തിനിടയാക്കുന്നതുമായ ഒരു നിലയെ പ്രാപിക്കുന്നു. ജീവിതദുഃഖങ്ങളെല്ലാം നീങ്ങി, അതിലെ സുഖഭോഗങ്ങൾ മാത്രം ശേഷിച്ച്, ഈ ലോകം ഒരു സ്വൎഗ്ഗലോകമായിത്തീരുന്ന ഒരു കാലം വരുമെന്നു പ്രാചീനകാലംമുതൽക്കേ ഓരോ മതത്തിലും ഒരു ദീർഘദർശനം അടങ്ങിയിട്ടുണ്ടെന്നു നിങ്ങൾ പലപ്പോഴും ശ്രവിച്ചിരിക്കാം. ഞാൻ അതു വിശ്വസിക്കുന്നില്ല. ഈ ലോകം എന്നും ഈ ലോകമായിട്ടുതന്നെയിരിക്കും. അതിനെപ്പററിയുള്ള പ്രസംഗം ഭയങ്കരമായിട്ടുള്ള ഒന്നാണു്; എന്നിരുന്നാലും എനിക്കു അതിൽനിന്നും ഒഴിഞ്ഞുമാറാൻ മാർഗ്ഗം കാണുന്നില്ല. ലോകത്തിലെ ദുഃഖം, ശരീരത്തിലെ സ്ഥായിയായ വാതരോഗംപോലെയാണു്. ഒരു ഭാഗത്തുനിന്നും അതിനെ നീക്കുക; മറെറാരുഭാഗത്തു തല പൊക്കും. അവിടുന്നുംമാററുക; വേറൊരിടത്തു് ഉയരും. നിങ്ങൾ എന്തൊക്കെത്തന്നെ ചെയ്താലും അതു വിട്ടുമാറുന്നതല്ല.

൩൯൯. അതു് എത്രതന്നെ സൂക്ഷ്മമായിട്ടുള്ളതായാലും കാലത്തിലും ദേശത്തിലുംനിന്നു് ആരംഭിച്ചതായിരിക്കണം; പ്രപഞ്ചത്തെ ഉണ്ടാക്കുന്നതിനു് ആവശ്യകമായ വസ്തുക്കൾ ദേശത്തിലുണ്ടു്. സ്ഥലത്തെ കൂടാതെ പ്രപഞ്ചത്തെപ്പററി ചിന്തിക്കാൻ ശ്രമിക്കുക; അതു സാധിക്കുകയില്ല. പ്രപഞ്ചത്തെ ഉണ്ടാക്കുന്ന വസ്തുക്കളിൽ ഒന്നാണു സ്ഥലം. ഇതു് ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു. ദേശവും സ്ഥലവും മായയിൽ വർത്തിക്കുന്നു. ഇതിന്റെ അർത്ഥം "ഇവിടെയുള്ളതു് അവിടെയുമുണ്ടു്." എന്ന ചൊല്ലിൽ അടങ്ങിയിരിക്കുന്നു

൩൦൧. ററിബററു് എന്ന രാജ്യത്തു് വിവാഹസമ്പ്രദായമില്ല; അവിടെ അസഹിഷ്ണുതയുമില്ല. എന്നിരുന്നാലും വിവാഹം ഒരു ഉയർന്ന നിലയാണെന്നു നമുക്കറിയാം. അത്ഭുതകരമായ സുഖത്തെ, പാതിവ്രത്യത്തിന്റെ പുണ്യോൽക്കർഷത്തെ, പതിവ്രതയായ ഒരു ഭാര്യയെ, അല്ലെങ്കിൽ അപ്രകാരമുള്ള ഒരു പുരുഷനെ അനുഭവിക്കുന്നതിൽനിന്നു സിദ്ധിക്കുന്ന ആനന്ദത്തെ ററിബററുകാർ അറിയുന്നില്ല; അവർക്കു് അതു് അറിവാൻ സാധിക്കുന്നില്ല. അവർ പാതിവ്രത്യമുള്ള സ്ത്രീയുടെ, അല്ലെങ്കിൽ പുരുഷന്റെ അസഹിഷ്ണുതയെ, അഥവാ ഇരുകൂട്ടർക്കും ഉണ്ടാകാവുന്ന അവിശ്വാസജന്യമായ അന്തസ്താപത്തെ അറിയുന്നില്ല. അതുപോലെതന്നെ പാതിവ്രത്യത്തിൽ വിശ്വാസമുള്ളവർ അനുഭവിക്കുന്ന ഹൃദയാഹ്ലാദത്തെയും അവർ അറിയുന്നില്ല.

൩൦൨. എന്റെ ബാല്യകാലത്തു്, ഒരു ചെറുപ്പക്കാരന്റെ പിതാവു്, അവനെ ഒരു കുടുംബത്തിന്റെ രക്ഷാധികാരിയാക്കി ദരിദ്രാവസ്ഥയിൽ വിട്ടുംവെച്ചു ദിവംഗതനായി. ആ പിതാവിന്റെ സ്നേഹിതന്മാർക്കു് ആ മകനെ സഹായിക്കാൻ മനസ്സുണ്ടായില്ല. അവൻ ഒരു പാതിരിയോടു സംസാരിച്ചുംകൊണ്ടിരുന്നപ്പോൾ പാതിരി "അതൊക്കെ നന്മയ്ക്കാണു്; എല്ലാം നമ്മുടെ നന്മയ്ക്കായിട്ടു് ഏർപ്പെടുത്തുന്നതാണു്" എന്നുപറഞ്ഞു സമാധാനപ്പെടുത്തി. അതു് ഒരു പഴയപുണ്ണിൽ സ്വർണ്ണത്തകിടിടാൻ ഉദ്യമിക്കുന്ന ഒരു പഴയ ഉപായമാണു്. അതു ബലഹീനതയെയും മൌഢ്യത്തെയും സമ്മതിക്കുകയാണു്. യുവാവു് അവന്റെ വഴിക്കുപോയി. ആറുമാസം കഴിഞ്ഞു പാതിരിക്കു് ഒരു കുട്ടിജനിച്ചു. പാതിരി ഒരു വിരുന്നുസൽക്കാരം നടത്തി; ആ യുവാവിനെക്കൂടി ക്ഷണിച്ചിരുന്നു. പാതിരി, "ഈശ്വരന്റെ കൃപയ്ക്കായി അനുഗ്രഹത്തെ നമുക്കു സ്തോത്രംചെയ്യാം." എന്നു് അവിടെക്കൂടിയിരുന്നവരോടു് ആവശ്യപ്പെടുകയും സ്തോത്രം നടത്തുകയും ചെയ്തു. യുവാവു് ഉടനെ എഴുന്നേററു്, "ഇതൊക്കെ ദുഃഖമാണു്." എന്നുപറഞ്ഞു. "എന്തുകൊണ്ടു?" എന്നു പാതിരിചോദിച്ചു. അതിനു യുവാവിന്റെ സമാധാനം "എ

ന്റെ പിതാവു മരിച്ചപ്പോൾ അതുസംബന്ധിച്ചുണ്ടായ ദുഃഖം നന്മയ്ക്കായിട്ടാണെന്നു നിങ്ങൾ ഉപദേശിച്ചില്ലേ? അതുകൊണ്ടു് ഇന്നു നിങ്ങൾക്കു് ഉണ്ടായിരിക്കുന്ന സന്തോഷം ദുഃഖത്തിനായിട്ടാണെന്നു് എനിക്കു തോന്നുന്നു" എന്നായിരുന്നു. ലോകദുഃഖത്തെ ശമിപ്പിക്കാൻ ഇതുതന്നെ മാർഗ്ഗം. നല്ലവനായി ജീവിക്കുക! ദുഃഖിതന്മാരിൽ കരുണ കാട്ടുക.

൩൰൪. ഈ ലോകം സുഖദുഃഖസമ്മിശ്രമാണ്. ദുഃഖം സുഖത്തെ പിൻതുടരുന്നു. എന്നാൽ ഈ പ്രകടനങ്ങളുടെയെല്ലാം മുമ്പും പിമ്പും വേദാന്തം ആ ഏകത്വത്തെ കണ്ടുപിടിക്കുന്നു. "ദുഃഖത്തെ വെടിയുക; സുഖത്തെയും വെടിയുക" എന്നു വേദാന്തം അനുശാസിക്കുന്നു. അങ്ങനെയാണെങ്കിൽ ബാക്കിയുള്ളതെന്താണ്? സുഖത്തിന്റെയും ദുഃഖത്തിന്റെയും പിറകെ, ഓരോ ദുഃഖത്തിന്റെയും അപ്പുറത്തു്, ഓരോ സുഖത്തിന്റെയും അപ്പുറത്തു്, നിന്റേതായിട്ടുള്ള ഏതോ ഒന്നു്, പരമാർത്ഥമായ 'നീ' വർത്തിക്കുന്നു. സുഖത്തെയും ദുഃഖത്തെയും വെളിപ്പെടുത്തുന്നതു് അതുതന്നെയാണ്. അതിനെ ആദ്യം അറിയുക! അപ്പോൾമാത്രമേ നീ ഒരു യഥാർത്ഥവിശ്വാസമുള്ളവനാകുന്നുള്ളു. അതിനു മുമ്പു് അങ്ങനെയല്ല. എന്തുകൊണ്ടെന്നാൽ, അപ്പോൾ നീ ഓരോന്നിനെയും അടക്കുന്നതിനു ശക്തിയുള്ളവനായിത്തീരുന്നു. ഈ പ്രകടനങ്ങളെ അടക്കുവിൻ! നിങ്ങൾക്കു് സത്യമായ "നിന്നെ" വെളിപ്പെടുത്താൻ സാധിക്കും.

൩൰൫. ഈ ജീവിതം ഒരു കർക്കശമായ വാസ്തവമാണ്. നിന്റെ മാർഗ്ഗം ദുഷ്പ്രാപമായിരുന്നാലും ധീരസാഹസം അതിൽക്കൂടി ചരിക്കുക! തരക്കേടില്ല. ആത്മാവു ശക്തിയുക്തമാണ് അതു നിസ്സാരതകളിൽ ഉത്തരവാദിത്വത്തെ ചുമത്തുന്നില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങൾക്കു ദുരദൃഷ്ടത്തെ വിളയിക്കുന്നതു നിങ്ങൾ തന്നെയാണ്. നിങ്ങളല്ലാതേ നിങ്ങളെ പീഡിപ്പിക്കുന്നതു്. നിങ്ങളല്ലാതേ സുഖത്തെയും ദുഃഖത്തെയും വിളയിക്കുന്നതു്. സ്വന്തം കൈകൊണ്ടു കണ്ണുപൊത്തിയിട്ടു് അന്ധകാരമയമായിരിക്കുന്നുവെന്നു പറയുന്നവരും നിങ്ങൾതന്നെ. കൈകളെ മാററിയും വച്ചു പ്രകാശത്തെ നോക്കുവിൻ. നിങ്ങൾ പ്രകാശമുള്ളവരാണ്. പണ്ടുതന്നെ, ആദ്യംമുതൽക്കേ, നിങ്ങൾ പരിപൂർണ്ണന്മാരാണ്. "ഇവിടെ നാനാത്വത്തെ ഏതൊരുവൻ കാണുന്നുവോ അവൻ മരണത്തിൽനിന്നും മരണത്തിലേക്കു ചെല്ലുന്നു, ഏകത്വത്തെ ദർശിച്ചു മുക്തനാവുക!" എന്ന അമിയുക്തവചനത്തെ നാം ഇപ്പോൾ അറിയുന്നു.

൩൰൬. അത്യുൽകൃഷ്ടമായ മോക്ഷസാമ്രാജ്യം നമ്മുടെ ആത്മാവിൽതന്നെയുണ്ടു്. പൂജിക്കപ്പെടാൻ അത്യുത്തമമായ ക്ഷേത്രം മനുഷ്യന്റെ ആത്മാവാണ്. അതു് എല്ലാ സ്വർഗ്ഗലോകങ്ങളിലുംവ

ച്ച മഹത്താണെന്നു വേദാന്തം സിദ്ധാന്തിക്കുന്നു. കാരണം ഈശ്വരചിത്തത്തിലെപ്പോലെ, നമ്മുടെ ആത്മാവിലെന്നപോലെ, വേറെ ഏതൊരു ലോകത്തിലും എവിടെയും പരമാത്ഥത്തെ അത്ര തെളിവായും വെളിവായും നമുക്കറിവാൻ സാധിക്കുന്നില്ല.

൩൦൭. ആത്മാവിനാൽ ഇന്ദ്രിയങ്ങൾ അടിമകളാക്കപ്പെട്ടു്, മനസ്സിനെ ചലിപ്പിക്കാനുള്ള ശക്തി അവയ്ക്കു നഷ്ടപ്പെട്ടപ്പോൾ യോഗി ലക്ഷ്യത്തെ പ്രാപിക്കുന്നു.

൩൦൮. എനിക്കു സ്പഷ്ടമായിത്തോന്നുന്നതും ഓരോ ദേശത്തിലും ഓരോ മതത്തിലും ഉള്ള അന്ധവിശ്വാസപരമ്പരകളിൽക്കൂടി വെളിപ്പെടുന്നതുമായ ഒരു മഹത്തായ തത്വം ഇതാണു:--"മനുഷ്യൻ ഈശ്വരഭാവത്തോടുകൂടിയവനാണ്. അതുതന്നെയാണു നമ്മുടെ ലക്ഷണം." ഇതു് ഒരു മഹത്തായ തത്വംതന്നെ.

൩൦൯. സ്വാതന്ത്ര്യവും പരിശുദ്ധതയും ഓരോ ആത്മാവിന്റെയും ലക്ഷണങ്ങളാകുന്നു; ഗുണങ്ങളല്ല. ഗുണങ്ങളെ സമ്പാദിക്കാൻ കഴിയും. അതുകൊണ്ടു് അവയെ നഷ്ടപ്പെടാനും സാധിക്കും. ആത്മാവു സ്വാതന്ത്ര്യത്തോടു കലന്നിരിക്കുന്നു; ആത്മാവു് സത്തുമായി ഐക്യപ്പെട്ടിരിക്കുന്നു. ആത്മാവു് ചിത്തുമായി ചേന്നിരിക്കുന്നു. ഈ സച്ചിദാനന്ദമത്രെ ആത്മാവിന്റെ ലക്ഷണം; ജന്മാവകാശം. നാം കാണുന്ന പ്രകടനങ്ങളെല്ലാം അതിന്റെ സ്ഫുരണങ്ങൾ ആകുന്നു. അതു് മങ്ങിയോ പ്രകാശത്തോടുകൂടിയോ വെളിപ്പെടുന്നു. മരണവും ആ യഥാത്ഥവസ്തുവിന്റെ ഒരു പ്രകടനമാകുന്നു. ജനനവും മരണവും, ജീവിതവും നാശവും, ഉച്ചയും, താഴ്ചയും ആ ഏകത്വത്തിന്റെ പ്രകടനങ്ങളത്രെ. അറിവു് അജ്ഞാനമായിട്ടോ വിദ്യാഭ്യാസമായിട്ടോ ഏതു രൂപത്തിൽ വെളിപ്പെട്ടാലും അതു് ചിത്തിന്റെ പ്രകാശമാകുന്നു. വ്യത്യാസം അളവിൽ മാത്രമാണ്, രീതിയിൽ ഇല്ല. നമ്മുടെ ചുവട്ടിലിഴയുന്ന പുഴുക്കൾക്കും ലോകത്തെ സൃഷ്ടിക്കാൻ കഴിയുന്ന ഉൽകൃഷ്ട മേധാവികൾക്കും തമ്മിൽ അറിവിനെ സംബന്ധിച്ചുള്ള വ്യത്യാസം അളവിൽ മാത്രമാണു്; മാതിരിയിലല്ല.

൩൧൦. കാരണമില്ലാതെ യാതൊന്നും ഉണ്ടാകുന്നില്ല. കാരണത്തിന്റെ മറെറാരു രൂപമാണു കാര്യം.

൩൧൧. വിരാട്ചൈതന്യമത്രേ ഈശ്വരൻ. വേറെ ഏതൊരു പേരിൽ അഭിസംബോധനം ചെയ്താലും ആദ്യമായി, ആ അഖണ്ഡ ചൈതന്യം ഉണ്ടായിരുന്നു എന്നുള്ളതിനു തക്കമില്ല. ഈ ചൈതന്യം സ്വയം അടങ്ങി വത്തിക്കുന്നു. പിന്നീടു വിജൃംഭിച്ചു പരിപൂർണ്ണപുരുഷനായി, ക്രിസ്തുവായി, ബുദ്ധനായി ഭവിക്കുന്നു. അനന്തരം അതു് (വിജൃംഭിക്കപ്പെട്ട അതു്) തന്റെ ഉല്പത്തിസ്ഥാനത്തിലേക്കു മടങ്ങിച്ചെല്ലുന്നു. അതുകൊണ്ടാണു്, "നാം അദ്ദേഹത്തിൽ ജീവിക്കുന്നു;

ചലിക്കുന്നു; വസിക്കുന്നു.'' എന്നു ശാസ്ത്രം ഉദ്ബോധിപ്പിക്കുന്നതു്. അതുകൊണ്ടത്രേ "നാം ഈശ്വരനിൽനിന്നും വന്നു; ഈശ്വരനിലേക്കു തിരിച്ചുചെല്ലുന്നു'' എന്നു ശാസ്ത്രം വാദിക്കുന്നതു്. നീണ്ട പടങ്ങൾ കണ്ടു നിങ്ങൾ ഭയപ്പെടരുതു്; പടങ്ങൾ നിങ്ങളെ ഭയപ്പെടുത്തുമെങ്കിൽ, നിങ്ങൾ തത്വജ്ഞാനികളാവാൻ യോഗ്യരല്ല.

൩൱൮. ജഡം, വിചാരം, ശക്തി, ജ്ഞാനം മുതലായവയും പല പ്രകാരത്തിലുള്ള രൂപങ്ങളും ആ ചൈതന്യവസ്തുവിന്റെ, അഥവാ ആ പരമേശ്വരന്റെ വിജൃംഭണങ്ങളാണെന്നു നാം കാണുന്നു. നീ കാണുന്ന, നീ അറിയുന്ന, നീ കേൾക്കുന്ന ഓരോന്നും എന്നുവേണ്ട പ്രപഞ്ചം മുഴുവനും അദ്ദേഹത്തിന്റെ സൃഷ്ടിതന്നെയാണു്; ഒന്നുകൂടി വെളിപ്പെടുത്തിപ്പറഞ്ഞാൽ, അദ്ദേഹത്തിന്റെ വിജൃംഭണങ്ങളാണു്; ഇനിയും തുറന്നുപറഞ്ഞാൽ അദ്ദേഹംതന്നെയാണു്. ആദിത്യനായും നക്ഷത്രങ്ങളായും പ്രകാശിക്കുന്നതു് അദ്ദേഹമാണു്. അദ്ദേഹം പൂർണ്ണാത്മാവാകുന്നു. അദ്ദേഹംതന്നെ സമുദ്രം. പ്രശാന്തമായിപ്പൊഴിയുന്ന മഴത്തുള്ളികളും അദ്ദേഹംതന്നെ. നാം ശ്വസിക്കുന്ന വായുവും മറ്റാരുമല്ല. നമ്മുടെ ശരീരത്തിൽ ശക്തിയോടുകൂടി പ്രവർത്തിക്കുന്നതും ഈശ്വരനാണു്. പറയുന്ന വാക്കുകളും അദ്ദേഹംതന്നെ. പറയുന്നതും അദ്ദേഹമത്രേ. ഈ സദസ്സും ഈശ്വരൻതന്നെ. ഞാൻ നില്ക്കുന്ന പ്രസംഗപീഠവും അദ്ദേഹമാണു്. നിങ്ങളുടെ മുഖം കാണുന്നതിനു എനിക്കു് അനുകൂലമായി നില്ക്കുന്ന വെളിച്ചവും ഈശ്വരനാണു്. ഈ പ്രപഞ്ചത്തിന്റെ നിമിത്തകാരണവും ഉപാദാനകാരണവും അദ്ദേഹംതന്നെ. സൂക്ഷ്മമായ സുഷിരത്തിൽ ഒതുങ്ങിനിന്നു മറ്റൊരു ദ്വാരത്തിൽക്കൂടി പുറത്തുവന്നു വീണ്ടും ഈശ്വരനാകുന്നതും അദ്ദേഹമത്രേ. സൂക്ഷ്മാണുവായി സ്വലക്ഷണത്തെ വെളിപ്പെടുത്തിയിട്ടു വീണ്ടും, താനായിഭവിക്കുന്നതും അദ്ദേഹംതന്നെ. ഇതത്രേ പ്രപഞ്ചരഹസ്യം.

൪൱൯. ഈ മനസ്സിന്റെ പിറകേ ഒന്നുണ്ടെന്നുള്ളതു നമുക്കു് എങ്ങനെ അറിയാം? സ്വയംപ്രകാശമായും അറിവിന്നു് ആധാരമായുമുള്ള ജ്ഞാനമാകട്ടെ, ജഡത്തിന്റെ സ്വന്തമാണെന്നു വരാനിടയില്ല. യാതൊരു ജഡപദാർത്ഥവും അറിവിനെ തന്റെ സാരാംശമാക്കിയിരുന്നതായി കാണപ്പെട്ടിട്ടില്ല. മരിച്ചജഡത്തിനു സ്വയമേവ പ്രകാശിപ്പിക്കാനുള്ള ശക്തിയില്ല. സകല ജഡങ്ങളെ പ്രകാശിപ്പിക്കുന്നതും ജ്ഞാനം ഒന്നാണു്.

൰൱ർ. കടംവാങ്ങിയ വെളിച്ചത്തിന്നു് അഭാവംനേരിടും.

൰൱൯. ശരീരം—ബാഹ്യദേഹം—പ്രകാശത്തെ തന്റേതാക്കിച്ചെയ്തിട്ടില്ലെന്നും അതു് സ്വയംജ്യോതിസ്സല്ലെന്നും അതിന്നുതന്നെത്താൻ അറിവാൻ സാധിക്കുകയില്ലെന്നും മനസ്സിന്റെ സ്ഥിതിയും അതു

ന്നെയാണെന്നും നാം അറിയുന്നു. എന്തുകൊണ്ട് മനസ്സിന് ആ ശക്തിയില്ല? മനസ്സ് വളരുന്നതും കുറയുന്നതുമാണ്. അത് ഒരിക്കൽ ബലിഷ്ഠവും മറ്റൊരിക്കൽ ബലഹീനവുമാകുന്നു. അത് എല്ലാററിനാലും ബാധിക്കപ്പെടുവാൻ കഴിവുള്ളതാണ്. അതുകൊണ്ട് മാനസദ്വാരാ പ്രകാശിക്കുന്ന ജ്യോതിസ്സ് അതിന്റെ സ്വന്തമല്ല. അങ്ങനെ വരുമ്പോൾ ആ ജ്യോതിസ്സ് ആരുടേതാവാം? അത് അതിനെ തന്റേതാക്കിയിരിക്കുന്നതിന്റെ സ്വന്തമാണ്. അങ്ങനെയാണെങ്കിൽ അത് ഒരിക്കലും നശിക്കുന്നതുമല്ല; മരിക്കുന്നതുമല്ല; ബലിഷ്ഠമാകുന്നതുമല്ല; ബലഹീനമാകുന്നതുമല്ല. അതു സ്വയം ജ്യോതിസ്സാണ്; അതത്രെ ജ്യോതിസ്സ്. ആത്മാ അറിയുന്നു എന്നുവരാനിടയില്ല; അറിവ് അതു തന്നെയാണ്. ആത്മാവിനു വർത്തിപ്പുണ്ടെന്നു വരാനിടയില്ല; ആത്മാവുതന്നെയാണ് സത്താ. ആത്മാവ് ആനന്ദമായിരിക്കുന്നു എന്നു വരാനിടയില്ല; ആത്മാവുതന്നെയാണ് ആനന്ദം.

൩൬൯. ആത്മാവില്ലാത്തകാലമേ ഇല്ല. ആത്മാവില്ലെങ്കിൽ കാലംതന്നെ എവിടെ? കാലം ആത്മാവിലടങ്ങിയതാണ്. ആത്മാവു തന്റെ ശക്തിയെ മനസ്സിന്മേൽ പ്രവർത്തിപ്പിക്കുമ്പോൾ മനസ്സ് വിചാരിക്കവെ കാലമുണ്ടാകുന്നു. ആത്മാവില്ലെങ്കിൽ വിചാരമില്ല; വിചാരമില്ലെങ്കിൽ കാലവുമില്ല. കാലം ആത്മാവിലിരിക്കെ, ആത്മാവു കാലത്തിലിരിക്കുന്നു എന്ന് എങ്ങനെ പറയാം? ആത്മാവിനു മരണവുമില്ല ജനനവുമില്ല. എന്നാൽ അത് ഈ എല്ലാ അവസ്ഥകളിലൂടെയും ചരിച്ചുകൊണ്ടിരിക്കുന്നു.

൩൭൦. അദ്ദേഹത്തിന്റെ സൂര്യൻ, ബലഹീനന്മാൎക്കും ബലമുള്ളവൎക്കും പ്രകാശിക്കുന്നു. അദ്ദേഹത്തിന്റെ കാററ് സാധുവിന്മേലും ചണ്ഡാളന്റെ പുറത്തും ഒരേപ്രകാരത്തിൽ വീശിക്കൊണ്ടിരിക്കുന്നു. അദ്ദേഹമത്രെ എല്ലാവൎക്കും നാഥൻ. അദ്ദേഹം സകലരുടെയും പിതാവ്; കരുണാനിധി; നിഷ്പക്ഷപാതി. സൃഷ്ടികൎത്താവായ അദ്ദേഹം നമ്മുടെ ജീവിതസംബന്ധികളായ നിസ്സാരവിഷയങ്ങളെ നമ്മെപ്പോലെ നോക്കുന്നു എന്നു നീ വിചാരിക്കുന്നുവൊ? എന്നാൽ അത് ഈശ്വരനെസ്സംബന്ധിച്ച, എത്ര താണപടിയിലുള്ള ഒരു വിചാരമാണത്! നാം ഇവിടെ ലൌകികപ്രയത്നങ്ങളിൽ ഏൎപ്പെട്ടും ഈശ്വരനം അക്കാൎയ്യങ്ങളിൽ നമ്മെപ്പോലെതന്നെ ശ്രദ്ധ പതിപ്പിക്കുമെന്നു തെററിദ്ധരിച്ചും പട്ടിക്കുട്ടികളെപ്പോലെ കഴിഞ്ഞുകൂടുന്നു. പട്ടിക്കുട്ടികളുടെ കളിപ്പരിഷം എന്താണെന്ന് അദ്ദേഹത്തിന് അറിയാം. അദ്ദേഹത്തെ അനുഗ്രഹകൎത്താവും നിഗ്രഹകൎത്താവുമാക്കിച്ചെയ്തു, കുററമെല്ലാം അദ്ദേഹത്തിൽ കൊണ്ടുചെന്നു ചുമത്തുന്നതു ഒരു വമ്പിച്ച മൂഢതയാണ്. അദ്ദേഹം ആരെയും ശിക്ഷിക്കുന്നില്ല; അനുഗ്രഹിക്കുന്നുമില്ല. അദ്ദേഹത്തിന്റെ അഖണ്ഡകൃപ എല്ലാകാലത്തും എല്ലാടത്തും എല്ലാവ

സ്ഥയിലും തെററിപ്പോകുന്നതല്ല; വ്യതിചലിക്കുന്നതല്ല. എല്ലാവക്കും തുല്യസ്വാതന്ത്ര്യംപോലെയാണതു്. നാം അതു് എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളതു് നമ്മെ സംബന്ധിച്ച സംഗതിയാണു്. മനുഷ്യനെയാകട്ടെ, ദൈവത്തെയാകട്ടെ, അഥവാ ലോകത്തിൽ ഏതെങ്കിലുമൊരുവനെയാകട്ടെ കുററം പറയരുതു്. നീ ദുഃഖിക്കുമ്പോൾ നിന്നെത്തന്നെ നീ കുററപ്പെടുത്തുക!

[illegible] മനുഷ്യരുടെ അറിവുകളെല്ലാം അനുഭവത്തിൽനിന്നും ഉണ്ടാകുന്നു. അനുഭവത്തിൽനിന്നല്ലാതെ നമുക്ക് യാതൊന്നും അറിവാൻ കഴിയുന്നില്ല. നമ്മുടെ യുക്തികളെല്ലാം സമഷ്ടിപരമായ അനുഭവത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ അറിവുകളെല്ലാം ഏകീകരിക്കപ്പെട്ട അനുഭവമാണു്.

[illegible] കാര്യം, വെളിപ്പെടുത്തപ്പെട്ട കാരണമാകുന്നു. കാരണത്തിനും കാര്യത്തിനും വലിയ വ്യത്യാസമില്ല.

[illegible] ഏതൊരാത്മാവിനും നിത്യദുഃഖിതനും ഉണ്ടാകാനിടയില്ല.

[illegible] മനുഷ്യാത്മാവു് കാരണകാര്യനിയതിയെക്കടന്നു നില്ക്കുന്നതിനാൽ അതു് ഒരു കൃത്രിമവസ്തുവല്ല. അതു് എന്നും സ്വതന്ത്രമാണു്. നിയതിയിലടങ്ങിയ സകലത്തിന്റെയും രാജാവാണതു്. ആത്മാവു് ഒരിക്കലും മരിക്കുന്നില്ല. മരണം എന്ന വാക്കിനു്, ഘടിപ്പിക്കുന്ന പദാർത്ഥങ്ങൾ വേർപെട്ടുപോയി അതതിന്റെ മൂലസ്ഥാനത്തോടു ചേരുക എന്നതാണു്. കലർപ്പില്ലാത്ത വസ്തു (വിയുക്തവസ്തു) ഒരിക്കലും മരിക്കാനിടയില്ല. അതു മരിക്കുന്നു എന്നു പറയുന്നതു വെറും മൂഢത്വമാണു്.

[illegible] ജനനവും മരണവും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാകുന്നു. ജനനം മരണത്തിന്റെ മറെറാരു പേരാണു്. മരണം ജനനത്തിന്റെ നാമാന്തരവുമത്രെ.

[illegible] നിങ്ങൾ പാപികളാണെന്നു് അല്പന്മാരായ മൂഢന്മാരാണു നിങ്ങളോടു പറയുന്നതു്. നിങ്ങൾ ഒരു മൂലയിലിരുന്നു കരയുന്നു. നിങ്ങൾ പാപികളാണെന്നു പറയുന്നതു മൂഢത്വമാണു്, മഹാവിഡ്ഢിത്തമാണു്. നിങ്ങൾ എല്ലാപേരും ഈശ്വരന്മാരാകുന്നു. നിങ്ങൾ ദൈവത്തെനോക്കി മനുഷ്യൻ എന്നു വിളിക്കുന്നില്ലേ? നിങ്ങൾക്കു് സാമർത്ഥ്യമുണ്ടെങ്കിൽ അതിൽ ഉറച്ചുനിൽക്കുവിൻ! അതിന്മേൽ നിങ്ങളുടെ ജീവിതദുർഗ്ഗത്തെ കെട്ടിപ്പടുത്തുവിൻ! ഒരുവൻ നിങ്ങളുടെ കഴുത്തറുത്താൽ "അരുതു്" എന്നു വിലക്കാതിരിക്കുവിൻ! അങ്ങനെ ചെയ്യുന്നതു നിങ്ങൾതന്നെ നിങ്ങളുടെ കഴുത്തറുക്കുകയായിരിക്കും. നിങ്ങൾ ഒരു എളിയവനെ സഹായിച്ചാൽ അൽപമാത്രമായ ഗർവ്വംപോലും നിങ്ങൾക്കു് ഉണ്ടാകാതിരിക്കട്ടെ! അതു് നിങ്ങൾക്കു് ഒരു ഉപാ

സനയാണ്. അതു് ഗർവ്വത്തിന്ന കാരണമാകുന്നില്ല. പ്രപഞ്ചം മുഴുവൻ നിങ്ങൾതന്നെ അല്ലേ? നിങ്ങളല്ലാത്ത ഒരുവൻ എവിടെയുണ്ടു്? നിങ്ങൾതന്നെ ഈ പ്രപഞ്ചത്തിന്റെ ആത്മാവു്. നിങ്ങൾതന്നെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും. എങ്ങും പ്രകാശിക്കുന്നതു നിങ്ങളാണ്. നിങ്ങൾ ആരെ ദ്വേഷിക്കുന്നു? ആരോടു പൊരുതുന്നു? എല്ലാവരും നിങ്ങൾതന്നെ. ഈ നിലയിൽ നിന്റെ ജീവിതത്തെ സജ്ജീകരിക്കുക. എപ്പോൾ അവൻ ഇതിനെ അറിഞ്ഞു തന്റെ ജീവിതത്തെ തദനുസരണം സജ്ജീകരിക്കുന്നുവോ അവൻ അന്ധകാരത്തിൽ കുടുങ്ങാൻ ഇടയാകുന്നതല്ല.

൩൨൪. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവും രക്ഷകർത്താവുമായ ഈശ്വരൻ പ്രകൃതിയിൽനിന്നും, മനുഷ്യാത്മാവിൽനിന്നും വേർപെട്ട ആളാണെന്ന ദ്വൈതികൾ വിശ്വസിക്കുന്നു. ഈശ്വരൻ നിത്യൻ; പ്രകൃതിയും നിത്യമാണ്. അതുതന്നെ എല്ലാജീവന്മാരുടെയും അവസ്ഥ. പ്രകൃതിയും ജീവന്മാരും വെളിപ്പെട്ടു മറയുന്നു എന്നാൽ ഈശ്വരൻ ഒരേ നിലയിൽ വർത്തിക്കുന്നു. മാത്രമല്ല, ദ്വൈതികളുടെ വാക്കിൽ ഈശ്വരൻ സഗുണനാകുന്നു; അദ്ദേഹത്തിന്ന ശരീരമുണ്ടെന്നല്ല, ഗുണങ്ങളുണ്ടെന്നാണ്. ഈശ്വരന്ന മനുഷ്യലക്ഷണങ്ങളുണ്ടു്. അദ്ദേഹം ദയാലുവാകുന്നു. അദ്ദേഹം ന്യായവാനാണ്; ശക്തനാണ്; പോരാ സർവ്വശക്തനാണ്. അദ്ദേഹത്തിന്റെ സമീപത്തിൽ ചെല്ലാൻ കഴിയും. അദ്ദേഹത്തോട്ട് അപേക്ഷിച്ചു ചോദിക്കാനും സാധിക്കും. അദ്ദേഹത്തെ പ്രേമിക്കാനും കഴിയും. അദ്ദേഹം പ്രേമത്തിന്ന പകരം പ്രേമത്തെ തരുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ അദ്ദേഹം മനുഷ്യലക്ഷണങ്ങളോടുകൂടിയ ദൈവമാണ്. എന്നാൽ മനുഷ്യനെക്കാൾ അനന്തമടങ്ങു വലിയവനാണ്. മനുഷ്യനിലുള്ള ദുർഗ്ഗുണങ്ങൾ യാതൊന്നും അദ്ദേഹത്തിലില്ല. “അദ്ദേഹം അഖണ്ഡകല്യാണഗുണൈകാധാരം.” ഇതാണ് ദ്വൈതികൾ അദ്ദേഹത്തിന്ന ചെയ്തിരിക്കുന്ന ലക്ഷണം.

൩൨൫. ബന്ധം എന്തു്? ജനിപ്പാനും മരിപ്പാനും നേരിടുന്ന ആവശ്യം.

൩൨൬. മനുഷ്യർ “ഞാൻ; എന്റേതു്” എന്നുള്ളതില്ലാത്ത അവസ്ഥയിൽ എത്തുമ്പോൾ, സർവ്വും ഈശ്വരനിൽ സമർപ്പിക്കുമ്പോൾ, സർവ്വഭൂതങ്ങളെയും ഒരുപോലെ സ്നേഹിച്ചു പ്രതിഫലത്തെ ഇച്ഛിക്കാതെ ജീവനെപ്പോലും ത്യജിക്കാൻ തയാറാകുമ്പോൾ, അവന്റെ ഹൃദയം പരിശുദ്ധമായി ഭവിക്കുന്നു. ഹൃദയം പരിശുദ്ധമാകുമ്പോൾ ആ ഹൃദയത്തിൽ ഈശ്വരഭക്തി ജനിക്കും.

൩൨൭. മനുഷ്യൻ ഏതൊന്നിനെ ഇച്ഛിച്ചാലും ഈശ്വരൻ നൽകുന്നു.

൩൮൮. എല്ലായ്പ്പോഴും ഒന്നിനെ ആശ്രയിച്ചു നിൽക്കുന്ന ബലഹീനമായ ലതകളെപ്പോലെയാണ് നമ്മുടെ അവസ്ഥ. ഒരു "സുഖകരമായ മതം" വേണമെന്നു ഞാൻ എത്രപ്രാവശ്യം ചോദിച്ചിട്ടുണ്ട്! വളരെ ചുരുക്കംപേരേ പരമാർത്ഥത്തെ ആഗ്രഹിക്കുന്നുള്ളു. അതിലും ചുരുക്കംപേരേ അതിനെ അന്വേഷിക്കുന്നുള്ളു. ഏററവും ചുരുക്കംപേരേ അതിനെ അനുഭവത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നുള്ളു. അതു് അവരുടെ കുററമല്ല. തലച്ചോറിന്റെ ബലഹീനതയാണ് അതിനു കാരണം. ഏതൊരു പുതിയ ചിന്തയും—വിശേഷിച്ചും ഉന്നതരം പുതിയചിന്ത—ഒരു കലക്കത്തെ ഉണ്ടാക്കുന്നു. ഒരു നവീന പ്രവാഹമാർഗ്ഗത്തെ ഉണ്ടാക്കാൻ ശ്രമിക്കുന്നു. അതു് സമാധാനത്തെ നശിപ്പിച്ചു മനുഷ്യരെ ഇളക്കിമറിക്കുന്നു. അവർ ഏതാണ്ടു പരിതഃസ്ഥിതികളുമായി പഴകിയവരാണ്. പുരാതനമായ ഒരു മൂഢവിശ്വാസത്തിനെ, പൂർവികന്മാരുടെ മൂഢവിശ്വാസങ്ങളെ, വർഗ്ഗീയാന്ധവിശ്വാസങ്ങളെ, ദേശീയമൂഢവിശ്വാസങ്ങളെ, അന്ധമായ പൌരവിശ്വാസങ്ങളെ, ഇതിനൊക്കെപ്പുറമേ വ്യക്തിപരമായ ആന്തരമൂഢവിശ്വാസങ്ങളെ ജയിക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും, പരമാർത്ഥത്തെ കണ്ടുപിടിക്കാൻ ശ്രമിക്കുന്നവരും പരമാർത്ഥത്തെ അംഗീകരിക്കാൻ മതിക്കുന്നവരും അതിനെ അവസാനത്തോളം അനുഗമിക്കാൻ ഉദ്യമിക്കുന്നവരുമായി അപൂർവം ചിലരില്ലാതില്ല.

൩൮൯. രോഗശയ്യയെ അഭയം പ്രാപിച്ച ഒരു രോഗി, ചിലപ്പോൾ കതകിൽ തട്ടുന്നശബ്ദം കേൾക്കാം. അവൻ എഴുന്നേററുചെന്നു കതകുതുറക്കുന്നു; അവിടെ ആരെയും കാണുന്നില്ല. അവൻ മടങ്ങിച്ചെന്നു കിടക്കയെ ആശ്രയിക്കുന്നു. വീണ്ടും കതകിൽ തട്ടുന്ന ശബ്ദംകേൾക്കുകയും എഴുന്നേററുചെന്നു കതകുതുറക്കുകയും ചെയ്യുന്നു. അപ്പോഴും അവൻ ആരെയും കാണുന്നില്ല. ഒടുവിൽ, കതകിൽ തട്ടുന്ന ശബ്ദംപോലെ കേട്ടതു് തന്റെ ഹൃദയസ്പന്ദനമാണെന്ന് അവൻ മനസ്സിലാക്കുന്നു അതുപോലെ മനുഷ്യർ പലദേവതകളെയും ആരാഞ്ഞു വൃഥാ ചുററിത്തിരിയുന്നു. അവസാനം, എവിടെ നിന്നും പുറപ്പെട്ടുവോ, അവിടെ-ആത്മാവിൽ—കറങ്ങിയെത്തുന്നു. വെളിയിലും മലയിലും തന്നാൽ അന്വേഷിക്കപ്പെട്ട ദൈവം, നദിയിലും ക്ഷേത്രത്തിലും അന്വേഷിക്കപ്പെട്ട ദൈവം, സ്വർഗ്ഗത്തിലും കോവിലിലും അന്വേഷിക്കപ്പെട്ടദൈവം, ആകാശത്തിലിരുന്നുംകൊണ്ടു ലോകത്തെ ഭരിക്കുന്നതായി തന്നാൽ സങ്കല്പിക്കപ്പെട്ട ദൈവം, തന്റെ സ്വന്തം ആത്മാവാണെന്നു ഗ്രഹിക്കുന്നു. ഞാനത്രേ ദൈവം. അദ്ദേഹം തന്നെ ഞാൻ. എന്നിൽ നിന്നും അന്യമായ ഒരു ദൈവമില്ല. ഇച്ചെറിയ "ഞാൻ" ഒരിക്കലും ഉള്ളതല്ല.

൩൩൦. "പരമാത്മാവിനെ അറിഞ്ഞു നൊടിക്കിടയിൽ മുക്തനായിത്തീരുക" അന്ധകാരങ്ങളെല്ലാം അപ്പോൾ നീങ്ങും. മനുഷ്യൻ പ്രപഞ്ചത്തിന്റെ അഖണ്ഡവസ്തുവും താനും ഒന്നാണെന്നു കാണുമ്പോൾ, വ്യത്യാസങ്ങളെല്ലാം അസ്തംഗതമാകുമ്പോൾ, എല്ലാ പുരുഷന്മാരും സ്ത്രീകളും എല്ലാ ദൈവങ്ങളും ദേവദൂതന്മാരും എല്ലാമൃഗങ്ങളും ചെടികളും പ്രപഞ്ചം മുഴുവനും ഏകത്വത്തിൽ ലയിച്ചു കഴിഞ്ഞാൽ, അപ്പോൾ ഭയമെല്ലാം ഓടി ഒളിക്കുന്നു. എനിക്ക് എന്നെത്തന്നെ അലട്ടാൻ സാധിക്കുമോ? എനിക്ക് എന്നെത്തന്നെ നിഗ്രഹിക്കാൻ സാധിക്കുമോ? എനിക്ക് എന്നെത്തന്നെ വേദനിപ്പിക്കാൻ കഴിയുമോ? ഞാൻ ആരെക്കണ്ടാണ് ഭയപ്പെടേണ്ടത്? നിന്നെക്കണ്ടു നിനക്കു ഭയപ്പെടാൻ സാധിക്കുമോ? എങ്കിൽ ദുഃഖങ്ങളൊക്കെ മണ്ടിമറയും.

൩൩൧ "പരന്മാർക്കു നന്മയെ ചെയ്യുക" എന്ന് ഓരോരുത്തരും അനുശാസിക്കാൻ കാരണമെന്ത്? അതിന് എന്തു ന്യായം? വലിയ ആളുകളെല്ലാം മാനുഷികമായ സാഹോദര്യത്തെ എങ്ങനെ ഉദ്ബോധനം ചെയ്തു? മററു ചില വലിയ ആളുകൾ സാർവ്വത്രികമായ സാഹോദര്യത്തെ ഉദ്ബോധിപ്പിക്കാനുണ്ടായ കാരണമെന്ത്? പറയാം; അവർ അറിഞ്ഞോ അറിയാതെയോ, അവരുടെ ശക്തിമത്തായ അന്ധവിശ്വാസങ്ങളുടെയെല്ലാം ഉള്ളിൽ, ആത്മാവിന്റെ നിത്യപ്രകാശം, നാനാത്വത്തെ വിസ്മരിപ്പിച്ചു പ്രപഞ്ചൈകത്വത്തെ അനുസ്മരിപ്പിച്ചുകൊണ്ടു മറഞ്ഞു സ്ഥിതിചെയ്തിരുന്നു.

൩൩൨. മനുഷ്യശരീരത്തിൽ ജഡമല്ലാത്തതു ആത്മാവ് ഒന്നുമാത്രം. ജഡമല്ലാത്തതുകൊണ്ടുതന്നെ സംഘടിതവസ്തുവായിരിക്കാനിടയില്ല. സംഘടിതവസ്തുവല്ലാത്തതിനാൽ അതു കാരണകാര്യനിയതിക്കു കീഴ്പെടുന്നില്ല. അതുകൊണ്ടു ആത്മാവ് അഴിവററതാകുന്നു.

൩൩൩. അഴിവററ ഒന്നിന് ആദി ഉണ്ടാവാനിടയില്ല. ആദിയുള്ള ഏതൊന്നിനും അന്തം ഉണ്ടായിരിക്കണം. ആതു് (ആദിയില്ലാത്തതു്) രൂപമില്ലാത്തതായിരിക്കണമെന്നും സിദ്ധിക്കുന്നു. ജഡമില്ലെങ്കിൽ ഒരു രൂപവും ഉണ്ടായിരിക്കയില്ല. രൂപമുള്ളതിനെല്ലാം ഒരു ആദിയും ഒരു അന്തവുമുണ്ടായിരിക്കും.

൩൩൪. തന്റെ വായിൽനിന്നും നൂലുണ്ടാക്കി അതുകൊണ്ടു കൂടുനിർമ്മിച്ച് ഒടുവിൽ അക്കൂട്ടിൽ അകപ്പെട്ടുപോകുന്ന ചിലന്തിയെപ്പോലെ, നാം നമ്മുടെ കർമ്മങ്ങളാൽ ബദ്ധന്മാരായിരിക്കുന്നു. നമ്മുടെ ചുററും നമ്മുടെ കർമ്മങ്ങൾ വല വീശിയിരിക്കുന്നു. നമുക്ക് അതിൽനിന്നും മോചിക്കാൻ പ്രയാസമായി നാം കാണുന്നു.

൩൩൫. ആഗ്രഹം ഉള്ളതുവരെ, അതുതന്നെ അപൂർണ്ണതയുടെ ലക്ഷണമാണ്. പരിപൂർണ്ണമായ സ്വതന്ത്രവസ്തുവിന്ന് യാതൊരു ഇച്ഛയും ഉണ്ടായിരിക്കുന്നതല്ല. ദൈവത്തിന്നു യാതൊന്നും ആഗ്രഹിക്കുവാൻ പാടില്ല. ഇച്ഛിച്ചാൽ അദ്ദേഹത്തിന് ഈശ്വരനായിരിക്കുവാൻ സാധിക്കയില്ല; അദ്ദേഹം അപൂർണ്ണനായിരിക്കും. ഈശ്വരൻ അതുമിതും ആഗ്രഹിക്കുന്ന ആളാണെന്നും കോപവും സന്തോഷവും അദ്ദേഹത്തിന്നുണ്ടെന്നും പറയുന്നതു ബാലിശബുദ്ധിയെ വെളിപ്പെടുത്തുകയാണ്. അതിന് അർത്ഥവും ഇല്ല. "യാതൊന്നിനെയും ആഗ്രഹിക്കരുത്; എല്ലാ ആഗ്രഹങ്ങളെയും കൈവിടുക! പരിപൂർണ്ണതൃപ്തനായിരിക്കുക!" എന്നു സകല ആചാര്യന്മാരും അനുശാസിക്കുന്നു.

൩൩൬. ശക്തിയുടെ ഓരോ വിജൃംഭണവും പ്രാണന്മാരാകുന്നു.

൩൩൭. മരണത്തിന്നു നാം ഗ്രഹിക്കുന്ന അർത്ഥമെന്ത്? വേർപെടുക; സംഘടനയുടെ ഫലമായുണ്ടാകുന്ന വസ്തുക്കൾക്കേ ആ ധർമ്മമുള്ളൂ. രണ്ടോ അതിലധികമോ പദാർത്ഥങ്ങളാൽ സംഘടിതമായ ഏതൊന്നും വേർപെടുകതന്നെ വേണം. സംഘടിതമല്ലാത്തതിന്നേ ഒരിക്കലും വേർപാടില്ലാതുള്ളൂ; അതിന് മരണമില്ല. അതു മരണമററതാണ്. അതു എന്നും നിലനിൽക്കുന്നു. അതു സൃഷ്ടിക്കപ്പെടാത്തതാകുന്നു.

൩൩൮. വേദാന്തശാസ്ത്രപ്രകാരം മനുഷ്യനാണു പ്രപഞ്ചത്തിൽ ഏററവും ഉൽകൃഷ്ടജീവി. ഈ കർമ്മലോകമത്രെ അതിൽ ഉൽകൃഷ്ടമായ സ്ഥലം. മനുഷ്യർ പരിപൂർണ്ണരാകുന്നതിന്നു വളരെ വളരെ സൌകര്യങ്ങളും, ശ്രേഷ്ഠമായ സൌകര്യങ്ങളും ഇവിടെയുണ്ട്. ദേവദൂതന്മാർ, അഥവാ ദൈവങ്ങൾ, നിങ്ങൾ അവരെ ഏതുപദംകൊണ്ടു വിളിച്ചാലും ശരി, അവർ പരിപൂർണ്ണന്മാരാകണമെങ്കിൽ എല്ലാവരും മനുഷ്യരാകേണ്ട ആവശ്യമുണ്ട്.

൩൩൯. ശരീരത്തെ കാണുന്നവൻ മനസ്സിനെ കാണുന്നില്ല. മനസ്സിനെ കാണുന്നവൻ ആത്മാവിനെ കാണുന്നില്ല. ആത്മാവിനെ കാണുന്നവൻ ശരീരത്തെയും മനസ്സിനെയും മറന്നവനാകുന്നു. ചലനത്തെ കാണുന്നവൻ ശാന്തിയെ കാണുന്നില്ല. ശാന്തിയെ കാണുന്നവൻ ചലനത്തെ മറന്നവനത്രെ.

൩൪൦. ഈശ്വരനെ പൂജിക്കുമ്പോൾ നാം എപ്പോഴും നമ്മുടെ ഉള്ളിൽ മറഞ്ഞുനിൽക്കുന്ന ആത്മാവിനെത്തന്നെ പൂജിക്കുന്നു.

൩൪൧. ഏതൊരുവൻ മറെറാരുവനിൽ 'പാപി'യെക്കാണുന്നു അവൻതന്നെ പാപി.

൩൪൨. ഒരിക്കൽ, ഞാൻ പടിഞ്ഞാറെ ഇന്ത്യയിൽ 'ഇൻഡ്യൻ മഹാസമുദ്ര'ത്തിന്റെ തീരത്തിലുള്ള വനപ്രദേശങ്ങളിൽക്കൂടി സഞ്ച

തിക്കയുണ്ടായി. വനങ്ങളിൽകൂടി അനേകദിവസം ഒന്നിച്ചു കാൽനടയായി സഞ്ചരിക്കുക പതിവാണ്. ഓരോ ദിവസവും മനോഹരങ്ങളായ തടാകങ്ങളും അവയുടെ ചുററും നിൽക്കുന്ന വൃക്ഷങ്ങളും വൃക്ഷഛായകളും കണ്ടു ഞാൻ ആശ്ചര്യപ്പെട്ടിട്ടുണ്ട്. "എത്ര അത്ഭുതകരമായ കാഴ്ച! ജനങ്ങൾ ഇതിനെ വനപ്രദേശമെന്നു പറയുന്നുവല്ലൊ!" എന്നു ഞാൻ തന്നെത്താൻ ഉച്ചരിച്ചുപോയി. ഈ രമണീയങ്ങളായ തടാകങ്ങളെല്ലാം വൃക്ഷങ്ങളും കണ്ടുകൊണ്ട് ഒരു മാസം ഞാൻ സഞ്ചരിച്ചു. ഒരു ദിവസം എനിക്കു കൂടുതലായ ദാഹം നേരിട്ടു. വെള്ളം കുടിച്ചു ദാഹം അടക്കാനായി തടാകത്തെ ലക്ഷ്യമാക്കി നടന്നു. ഞാൻ തടാകത്തെ സമീപിച്ചതും അതു മറഞ്ഞതും ഒന്നിച്ചു കഴിഞ്ഞു. പെട്ടെന്ന് ഒരു മിന്നൽപിണർ എന്റെ മസ്തിഷ്കപിണ്ഡത്തെ ഭേദിച്ചതുപോലെ തോന്നി. "എന്റെ ആയുഷ്കാലം മുഴുവൻ ഞാൻ പഠിച്ച മൃഗതൃഷ്ണ ഇതുതന്നെ" എന്ന ഓർമ്മ എനിക്കുണ്ടായി. അതുമുതൽ ഒരു മാസം മുഴുവൻ ഞാൻ ഈ മൃഗതൃഷ്ണികയെ കണ്ടുകൊണ്ടായിരുന്നു. എന്നിട്ടു ഞാൻ അതു് അറിഞ്ഞതേ ഇല്ല. അടുത്ത ദിവസത്തെ യാത്രയിലും ഞാൻ തടാകങ്ങൾ കണ്ടു. എന്നാൽ അതിൽ കണ്ണെത്തിയ മാത്രയിൽ മൃഗതൃഷ്ണയുടെ ഓർമ്മ എനിക്കുണ്ടായി. ഇതുതന്നെയാണു പ്രപഞ്ചവസ്ഥയും.

൩൪൬. ഈ ലോകത്തിലുള്ള സ്ത്രീപുരുഷന്മാരിൽ, കോടിയിൽ ഒരാൾവീതം "നിങ്ങൾ എല്ലാവരും ഈശ്വരന്മാരാണ്. അല്ലയോ, ജനങ്ങളെ! ഹേ, മൃഗങ്ങളെ! ജീവരാശികളെ! നിങ്ങൾ എല്ലാല്ലാവരും ഒരേ ദൈവത്തിന്റെ പ്രകടനങ്ങളാണു" എന്നു പറയുന്നുവെങ്കിൽ അരമണിക്കൂറിനുള്ളിൽ ലോകത്തിനുമുഴുവൻ ഒരു മാററം സംഭവിക്കും.

൩൪൭. വേദാന്തശാസ്ത്രം, വനാന്തരത്തിലിരുന്നു ധ്യാനിച്ചതിന്റെ മാത്രം ഫലമല്ലെന്നും, ലൗകികജീവിതത്തിൽ ചുണയോടെ പ്രവർത്തിച്ചുകൊണ്ടിരുന്ന തലച്ചോറുകളുടെ ചിന്താഫലങ്ങളായി അതിൽ പല ഭാഗങ്ങളുണ്ടെന്നും പല ഉപനിഷത്തുകളിൽനിന്നും നാം ഗ്രഹിക്കുന്നു.

൩൪൮. വേദാന്തം ലക്ഷ്യത്തെ ഉദ്ബോധിപ്പിക്കുന്നു. ലക്ഷ്യം അനുഭവത്തിൽനിന്നും, യഥാർത്ഥ നിലയിൽനിന്നും, എല്ലായ്പോഴും വളരെ ദൂരത്തിലാണെന്നു നമുക്കറിയാം. മനുഷ്യനു സ്വാഭാവികമായി രണ്ടു വാസനകളുണ്ട്. ഒന്ന്, ലക്ഷ്യത്തെ ജീവിതത്തോടു യോജിപ്പിക്കുകയും മറേറാന്ന്, ജീവിതത്തെ ലക്ഷ്യത്തോട് ഉയർത്തുകയുമാകുന്നു. ഇതു മനസ്സിലാക്കിയിരിക്കേണ്ട ഒരു വലിയ വിഷയമാണ്. ആദ്യത്തെ വാസന നമ്മുടെ ജീവിതത്തിന്റെ വഴികാട്ടിയാകുന്നു.

൧൮൬. ജഗത്തിലെ സർവ്വശക്തിയും ആദ്യമേതന്നെ നമ്മുടേതാണ്. നാം നമ്മുടെ കൈകളെക്കൊണ്ടുതന്നെ നമ്മുടെ കണ്ണുകളെ മറച്ചുംകൊണ്ടു് അന്ധകാരത്തിന്റെ പേരുംപറഞ്ഞു നിലവിളിക്കുന്നു. നമ്മുടെ ചുററും അന്ധകാരമേ ഇല്ലെന്നു നിങ്ങൾ വിശ്വസിക്കുവിൻ! കൈ എടുക്കുക! ആദ്യമേയുള്ള പ്രകാശം ഉണ്ടുതന്നെ. അന്ധകാരം ഒരിക്കലും ഉണ്ടായിരുന്നില്ല. ബലഹീനത ഒരിക്കലും ഉണ്ടായിരുന്നില്ല. മൂഢന്മാരായ നാം ബലഹീനന്മാരെന്നു മുറവിളികൂട്ടുന്നു. മൂഢന്മാരായ നാം അശുദ്ധന്മാരെന്നു കണ്ഠക്ഷോഭം ചെയ്യുന്നു.

൧൮൭. ശരീരപ്രവൃത്തികളെ ഉൽകൃഷ്ടലക്ഷ്യത്തോടു സംഘടിപ്പിക്കുന്നതുപോലെ, മനുഷ്യന്റെ സ്ഥാനത്തേക്ക് ഈശ്വരനെ കീഴ്പോട്ടു വലിക്കുന്ന മൂഢത്വം ഏതൊരിടത്തുണ്ടോ അവിടെ നാശം സംഭവിക്കുന്നു. മനുഷ്യനെ ഈശ്വരനിലേക്ക് ഉയർത്തുകയാണു വേണ്ടതു്.

൧൮൮. മററാരെയും കുററംപറയരുതു; നിനക്കു കഴിയുമെങ്കിൽ നീ ഉപകാരംചെയ്യുക! നിനക്കു് അതിനു കഴിവില്ലെങ്കിൽ, കൈകൾ ഉയർത്തി നിന്റെ സഹോദരങ്ങൾക്ക് ആശിസ്സുനൽകി, അവരെ അവരുടെ വഴിക്കുവിട്ടയയ്ക്കുക! കീഴ്പോട്ടു വലിക്കുന്നതും കുററംപറയുന്നതും പ്രവൃത്തിമാർഗ്ഗങ്ങളല്ല. പ്രവൃത്തിയെ ആ വിധത്തിൽ ആരുംചെയ്തിട്ടില്ല. അന്യന്മാരെ കുററംപറയുന്നതിൽതന്നെ നാം നമ്മുടെ ശക്തികളെ വ്യയംചെയ്യുന്നു. ഖണ്ഡനവും കുററപ്പെടുത്തലും നമ്മുടെ ശക്തികളെ വൃഥാവ്യയം ചെയ്യുന്നതിലേക്കുള്ള മാർഗ്ഗങ്ങളാകുന്നു. എല്ലാവരും ഒടുവിൽ ഒരേവസ്തുവിനെത്തന്നെ കാണുന്നുഎന്നും മിക്കവാറും ഒരേലക്ഷ്യത്തെ സമീപിച്ചുതന്നെ ചെല്ലുന്നുവെന്നും നമ്മുടെ വ്യത്യാസങ്ങളിൽ ഭൂരിഭാഗവും വാക്കിലെ വ്യത്യാസങ്ങൾ മാത്രമാണെന്നും നാം അറിയുന്നു.

൧൮൯. മതം എപ്പോഴും അനുഭവസാദ്ധ്യമായ ഒരു ശാസ്ത്രമാകുന്നു. വാക്കിൽമാത്രം ജീവിച്ചുപോന്നമതം ഒരിക്കലും നിലനിന്നിട്ടില്ല. അതു് ആദ്യം അനുഭവത്തിലും പിന്നീടു അറിവിലുമാണു്.

൧൯൦. കാരണത്തിന്റെ അവസ്ഥപോലെ തന്നെ കാര്യത്തിന്റെയും അവസ്ഥ. കാരണത്തിനു് അവസാനമുണ്ടെങ്കിൽ കാര്യത്തിനും അവസാനമുണ്ടു്. കാരണം നിത്യമാണെങ്കിൽ കാര്യവും നിത്യമായിരിക്കും. സൽകർമ്മം ചെയ്യുകമുതലായ കാരണങ്ങളെല്ലാം അവസാനമുള്ളവയാണു്. അതുകൊണ്ടു് അവ അവസാനമില്ലാത്ത (നശിക്കാത്ത, അനിത്യമായ) ഫലത്തെ നൽകുന്നില്ല

൧൯൧. പ്രവൃത്തിയെടുക്കുന്നതു്, വിദ്യുച്ഛക്തിയെക്കാൾ, അല്ലെങ്കിൽ മററതൊന്നിന്റെയും വേഗത്തെക്കാൾ പതിന്മടങ്ങു വേഗത്തിൽ ചലിക്കുന്നതു, ഉണർവാണു്. നിനക്കു് ഉണർവുണ്ടോ? എന്നാണു

ഷോല്യം. ഉണ്ടെങ്കിൽ നീ ഈശ്വരനെക്കാണും. നിന്റെ ജ്ഞാനത്തെ ഉണർവുതന്നെ വർദ്ധിച്ച് ഈശ്വരഭാവത്തെ പ്രാപിച്ച് ഏററവും ഉയൎന്നപടിയിലേക്ക് ഉയൎത്തപ്പെട്ട് ഒടുവിൽ അത് ഓരോന്നിനെയും ഗ്രഹിക്കുന്നു; ഓരോന്നിലുമുള്ള ഏകത്വത്തെ നിൎദ്ധരിക്കുന്നു. അവസാനമായി അതു തന്നിലും അന്യരിലുമുള്ള ഈശ്വരനെ അറിയുന്നു. ബുദ്ധികൊണ്ട് അങ്ങനെ പ്രവൎത്തിക്കാൻ കഴിയുന്നില്ല. "സംസാരിക്കുന്നത് ഒരു വിധത്തിൽ; മൂലവാക്യങ്ങളെ വ്യാഖ്യാനിക്കുന്നതൊരു വിധത്തിൽ, ഇവ വകയൊക്കെ വിദ്വാന്മാരെ രസിപ്പിക്കാൻ കൊള്ളാം. മോക്ഷത്തിനു കൊള്ളുകയില്ല."

൩൭൨. ദീൎഘദൎശികളുടെ ശക്തി എവിടെയിരുന്നു എന്നറിഞ്ഞുകൂടെ? അത് എവിടെയിരുന്നു? ബുദ്ധിയിലാണോ? അവരിൽ ആരെങ്കിലും തത്വശാസ്ത്രങ്ങളെ സംബന്ധിച്ചാകട്ടെ തൎക്കശാസ്ത്രത്തിലെ കഠിനമായ യുക്തിന്യായങ്ങളെപ്പററിയാകട്ടെ ഏതെങ്കിലും ഒരു പുസ്തകം എഴുതിയിട്ടുണ്ടോ? അവരിൽ ആരും തന്നെ അങ്ങനെ പ്രവൎത്തിച്ചിട്ടില്ല. അവർ അല്പം സംസാരിക്കമാത്രമേ ചെയ്തിട്ടുള്ളൂ. ക്രിസ്തുവിനെപ്പോലെ ഉണരുവിൻ! നിങ്ങൾ ക്രിസ്തുവായിത്തീരും. ബുദ്ധനെപ്പോലെ ഉണരുവിൻ! ബുദ്ധനായിത്തീരും. ജീവനായി ശക്തിയായി പ്രാണാധാരമായിരിക്കുന്നത് ഉണൎവാണ്. ഈ ഉണൎവില്ലെങ്കിൽ എത്രവലിയ ബുദ്ധിശക്തിയും ഈശ്വരനെ പ്രാപിപ്പിക്കുന്നതല്ല.

൩൭൩. ഉള്ളതൊക്കെയും നീതന്നെയാണ്. നീ അഖണ്ഡവസ്തു; വിഭജിക്കപ്പെടാൻ കഴിയാത്തത്. അതിന് അംശം ഇല്ല. അതുകൊണ്ടു നീ അതിന്റെ അംശമാണെന്നുള്ള ധാരണ, നീ ജീവനാണെന്നുള്ള ധാരണ, ഒരിക്കലും സത്യമായിരിക്കാനിടയില്ല. അതു കേവലം ദിവാസ്വപ്നമാണ്. ഇതു മനസ്സിലാക്കി മുക്തനാവുക! ഇതുതന്നെ അദ്വൈതത്തിന്റെ അവസാനം.

൩൭൪. സൎവ്വപ്രകൃതിയുടെയും ലക്ഷ്യം മുക്തിതന്നെ.

൩൭൫. വേണ്ടടത്തോളം ധനം ഉണ്ടായിരുന്നിട്ടും ഒരു ഗൃഹസ്ഥൻ, തന്റെ ബന്ധുക്കൾക്കും സാധുക്കൾക്കും ഉപകാരം ചെയ്യുന്നില്ലെങ്കിൽ, അവൻ ഒരു മൃഗം മാത്രമാണെന്ന് അറിയുക! അവൻ മനുഷ്യനേയല്ല.

൩൭൬. ഒരു ഗൃഹസ്ഥൻ ശത്രുക്കളെസ്സംബന്ധിച്ചിടത്തോളം ഒരു വീരനായിരിക്കണം. അവൻ ശത്രുവിനെ എതിൎക്കണം. ഗൃഹസ്ഥന്റെ ധൎമ്മമാണത്. അവൻ മൂലയിലൊളിച്ചിരുന്നു കരഞ്ഞുംകൊണ്ട്, എതിൎക്കാതിരിക്കലിനെപ്പററി വല്ല മൂഢത്വവും പുലമ്പരുത്. അവൻ അവന്റെ സ്നേഹിതന്മാരെയും ബന്ധുക്കളെയും സംബന്ധിച്ചിടത്തോളം ആട്ടിൻകുട്ടിയെപ്പോലെ ശാന്തനായിരിക്കണം. ഒ

ഷ്ടന്മാരെ അനുമോദിക്കാതിരിക്കുകയാണു ഗൃഹസ്ഥന്റെ ധൎമ്മം. ലോകത്തിലുള്ള ദുഷ്ടന്മാരിൽ അനുമോദം പ്രകടിപ്പിക്കുന്നുവെങ്കിൽ അവൻ ദുഷ്ടതയെ അനുമോദിക്കുന്നവനായി ഭവിക്കുന്നു. മര്യാദയുള്ളവരെ, സജ്ജനങ്ങളെ അനാദരിക്കുന്നുവെങ്കിൽ, അതൊരുവലുതായ തെററാകുന്നു. ഗൃഹസ്ഥൻ, സ്നേഹത്തിൽ, അതിരിനെ ലംഘിക്കാൻ പാടില്ല. അവൻ വഴിതെററി കാണുന്നിടത്തെല്ലാം സ്നേഹിതന്മാരെ ഉണ്ടാക്കാൻ പാടില്ല. ഒരുവനെ സ്നേഹിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അവന്റെ പ്രവൃത്തികളെയും അവൻ അന്യന്മാരോടു പെരുമാറുന്നമാതിരിയെയും സൂക്ഷ്മം അന്വേഷിച്ചറിഞ്ഞതിൽ പിന്നീടു സ്നേഹിക്കണം. ഗൃഹസ്ഥൻ തന്റെ യശസ്സിനെപ്പററി അന്യന്മാർകേൾക്കെ പുകഴ്ത്തരുത്. അവൻ തന്റെ കീൎത്തിയെയും ശക്തിയെയും കുറിച്ചു പ്രസംഗിക്കരുത്. അവൻ തന്റെ ഐശ്വൎയ്യത്തെപ്പററിയാകട്ടെ, താൻ അറിഞ്ഞ രഹസ്യത്തെപ്പററിയാകട്ടെ സംസാരിക്കരുത്.

൩൬. ഗൃഹസ്ഥനത്രെ ജനസമുദായത്തിന്റെ അസ്ഥിഭാരം. അവൻ സമ്പാദിക്കുന്നവനാണു്. പാവപ്പെട്ടവരും ബലഹീനന്മാരും തൊഴിലില്ലാത്ത സ്ത്രീകളും, എന്നുവേണ്ട എല്ലാവരും ഗൃഹസ്ഥനെ ആശ്രയിച്ചു ജീവിക്കുന്നു. അതുകൊണ്ടു് അവൻ അനുഷ്ഠിക്കേണ്ടതായി ചില ധൎമ്മങ്ങൾ ഉണ്ടായിരിക്കണം. അവൻ അവയെ അനുഷ്ഠിക്കാൻ അധികാരിയാണെന്നു് അവ അവനെ ഉദ്ബോധിപ്പിക്കണം. അവൻ തന്റെ ലക്ഷ്യത്തിൽ താഴ്ന്നപ്രവൃത്തികളെ ചെയ്യുകയാണെന്നു ധരിക്കുമാറു് ആ ധൎമ്മം കാരണമായിത്തീരരുത്. അവൻ എന്തെങ്കിലും ബലഹീനങ്ങളായ പ്രവൃത്തികളെ ചെയ്തുപോയാൽ, വല്ലതെററും പ്രവൎത്തിച്ചുപോയാൽ, അവൻ അതിനെ പരസ്യമാക്കരുത്. അവൻ ഏതെങ്കിലും ഒരു വിഷയത്തിൽ പ്രവൎത്തിക്കുമ്പോൾ; അതിൽ തെററുപററുമെന്നു തീൎച്ചയായാൽ, അവൻ അതിനെക്കുറിച്ചു വെളിയിൽ സംസാരിക്കാൻ പാടില്ല. തന്നെത്താൻ കുററപ്പെടുത്തുന്നതു് അനാവശ്യമാണെന്നുമാത്രമല്ല, അവൻ നിരാശനായിഭവിച്ചു് തന്റെ ജീവിതകാലത്തിൽ അവശ്യം നിവൎത്തിക്കേണ്ടതായിട്ടുള്ള കൎമ്മങ്ങളെ ചെയ്തുതീൎക്കാൻ ശക്തനല്ലാത്തവനായിഭവിക്കുകയും ചെയ്യും. അവൻ ആ സമയത്തെ (തന്നെത്താൻ കുററപ്പെടുത്തുന്ന സമയത്തെ) ആദ്യം അറിവിനായിട്ടും രണ്ടാമതു് ഐശ്വൎയ്യത്തിനായിട്ടും വിനിയോഗിക്കേണ്ടതാണു്. അതാണു് അവന്റെ ധൎമ്മം. അവൻ തന്റെ ധർമ്മത്തെ അനുഷ്ഠിക്കാതിരുന്നാൽ അവനു ലോകത്തിൽ സ്ഥാനമേ ഇല്ല. ഐശ്വൎയ്യത്തിനായി തീവ്രമായി പ്രവൎത്തിക്കാത്ത ഗൃഹസ്ഥൻ ദുൎമ്മാൎഗ്ഗിയത്രെ. മടിയനായി, മടിയന്മാരുടെ ജീവിതത്തിൽ തൃപ്തനായിരുന്നാൽ അവൻ ദുർമ്മാൎഗ്ഗിതന്നെയാണു്. എ

ന്തുകൊണ്ടു്? അവനെ ആശ്രയിച്ചു ജീവിക്കേണ്ടവർ അനേകം പേരുണ്ടു്.

ന.ഭവ്യ. ഈ നാട്ടിൽ ഇത്ര വളരെ ആളുകൾ ധനത്തിനായി പ്രയത്നിക്കുകയും ധനം സമ്പാദിക്കുകയും ചെയ്യാതിരുന്നാൽ, ഈ വലിയ സത്രങ്ങളും രമ്യങ്ങളായ സൗധങ്ങളും പരിഷ്കാരങ്ങളും മററും ഇവിടെ എങ്ങനെ ഉണ്ടാകുന്നതാണു്?

ന.ഭൻ. മനുഷ്യൻ, മററുള്ളവരുടെ പരിഹാസത്തെയും നിന്ദനത്തെയും ഗൌനിക്കാതെ തന്റെ കടമയെ നിർവ്വഹിച്ചു കൊണ്ടു പോകണം.

ന.ന്ഥം. വിചാരത്തിനും യുക്തിക്കും അതീതമായിട്ടുള്ള അവസ്ഥയത്രെ ഏററവും ഉൽകൃഷ്ടമായിട്ടുള്ള അവസ്ഥ. ലോകത്തിലുണ്ടായിട്ടുള്ള വലിയ ആളുകളെല്ലാം—പ്രസംഗത്തിൽ വലിയവരല്ല, ലോകത്തെ ഇളക്കിയവർ, സ്വാൎത്ഥതല്പരത ലേശം ഇല്ലാത്ത മഹാന്മാർ—ഈ ജീവിതം അതീതമായ അഖണ്ഡാവസ്ഥയിലെ ലക്ഷ്യമാക്കിയുള്ള യാത്രയിൽ ഒരു പടി മാത്രമാണെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു. അവർ അങ്ങനെ അഭിപ്രായപ്പെടുക മാത്രമല്ല, എല്ലാവരും അവരെ അനുഗമിക്കത്തക്കവണ്ണം, തങ്ങളുടെ സിദ്ധാന്തങ്ങളെ വിശദീകരിച്ചിട്ടുമുണ്ടു്. വേറെ മാൎഗ്ഗങ്ങൾ ഇല്ല. അന്യ ന്യായങ്ങളുമില്ല.

ന.ന്നക. ഓങ്കാരധ്യാനവും ഈശപരഭക്തിയും മനസ്സിനെ ദൃഢീകരിച്ചു നവീന ശക്തിയെ നല്കും.

ന.ന്ധ്യവ. സത്യശക്തി നിന്നിൽ ദൃഢീഭൂതമായിത്തീർന്നാൽ, അസത്യം സ്വപ്നത്തിൽ പോലും നിന്നെ ബാധിക്കയില്ല. മനസ്സിലും വാക്കിലും പ്രവൃത്തിയിലും നീ സത്യവാനായി ഭവിക്കും. നീ പറയുന്നതൊക്കെ സത്യമായിരിക്കും. നീ ഒരുവനെ നോക്കി, "നിനക്കു് ആനന്ദമുണ്ടാകട്ടെ" എന്നു പറഞ്ഞാൽ അവനു് ആനന്ദം ഉണ്ടാവുകതന്നെ ചെയ്യും. ഒരു രോഗിയെക്കണ്ടു്, "നിനക്കു് സ്വാസ്ഥ്യം ലഭിക്കട്ടെ" എന്നു പറഞ്ഞാൽ അവനു് ഉടനെ സ്വാസ്ഥ്യം ലഭിക്കതന്നെ ചെയ്യും.

ന.ന്യ.ധ. ബ്രഹ്മചാരിയുടെ ബുദ്ധിക്കു നല്ല കരുത്തും അപാരമായ സങ്കല്പശക്തിയുമുണ്ടു്. ബ്രഹ്മചൎയ്യമില്ലെങ്കിൽ ആത്മബലം സിദ്ധിക്കുന്നതല്ല. ഇന്ദ്രിയനിഗ്രഹം മനുഷ്യവൎഗ്ഗത്തെ അടക്കിബ്ഭരിക്കുന്നു. അത്ഭുതശക്തിയെ നൽകുന്നു. ലോകത്തിലെ ആത്മീയനേതാക്കന്മാരെല്ലാം ജിതേന്ദ്രിയന്മാരായിരുന്നു. അവരുടെ ആ ഉന്നതശക്തി ജിതേന്ദ്രിയത്വത്തിൽനിന്നും ലഭിച്ചതാണു്. അതുകൊണ്ടു്, ഒരു യോഗി ഇന്ദ്രിയനിഗ്രഹം ചെയ്തവനായിരിക്കണം.

ന.ന്ദർ. മുക്തിമാൎഗ്ഗം ഖഡ്ഗത്തിന്റെ മൂൎച്ചയോടുകൂടിയതും ദുഷ്പ്രാപമായിട്ടുള്ളതുമാകുന്നു.

൩൯൫. മനുഷ്യൻ രാജാക്കന്മാരുടെയും ദേവന്മാരുടെയും യജമാനനായിഭവിക്കുന്നു.

൩൯൬. സ്വാതന്ത്ര്യം എന്നതു് എന്തു്? അതു നിശ്ചയമായി കാരണകാര്യാതീതമായിരിക്കണം.

൩൯൭. മറ്റെല്ലാശബ്ദങ്ങളും കൃത്രിമങ്ങളാണെന്നു പറയത്തക്കവണ്ണം, ഒരു മൂലധ്വനി, അകൃത്രിമമായ ഒരുശബ്ദംഉണ്ടോ? ഓങ്കാരം അദ്വൈതശബ്ദം; എല്ലാശബ്ദങ്ങളുടെയും അസ്ഥിഭാരം. ആദ്യാക്ഷരമായ അകാരം മൂലശബ്ദമാകുന്നു. താക്കോലിനു തുല്യമാണതു്. നാവിന്റെ യാതൊരുഭാഗവും കണ്ഠവും സ്പർശിക്കാതെ ഉച്ചരിക്കപ്പെടുന്നതാണതു്. മകാരം അധരോഷ്ഠങ്ങൾ അടയ്ക്കുമ്പോൾ ഉണ്ടാകുന്നു. അങ്ങനെ അവസാനശബ്ദം ആവിർഭവിക്കുന്നു. ഉകാരമാകട്ടെ മൂലസ്ഥാനത്തുനിന്നും വായിലെ ശബ്ദസ്ഥാനംവരെ ഉരുണ്ടുകയറുന്നു.

൩൯൮. നിഷ്ഠാപരമായഇരിപ്പാണു് ജീവിതത്തിലെ അത്യുന്നതമായ അവസ്ഥ. ഇച്ഛയുള്ളിടത്തോളം യഥാർത്ഥമായ ആനന്ദം സിദ്ധിക്കുകയേഇല്ല. വിഷയവിചിന്തനംനടത്തി സാക്ഷിമാത്രനായിരുന്നുള്ള മനനംമാത്രമേ യഥാർത്ഥമായ സുഖാനുഭവങ്ങളെ നൽകുന്നുള്ളൂ. മൃഗങ്ങൾക്കു പഞ്ചേന്ദ്രിയങ്ങളിൽ ആനന്ദം. മനുഷ്യനു ബുദ്ധിയിൽ ആനന്ദം. ദേവന്മാർക്കു് ആത്മനിഷ്ഠയിൽ ആനന്ദം.

൩൯൯. യോഗിയായ ഒരുവൻ എപ്പോഴും അനുഷ്ഠാനംനടത്തണം. അവൻ ഏകാന്തവാസത്തിനു് ഉദ്യമിക്കണം. മററുപ്രകാരത്തിലുള്ള ജനങ്ങളുടെ സാഹചര്യം മനസ്സിനെ ചലിപ്പിക്കും. യോഗി അധികം സംസാരിക്കാൻ പാടില്ല. അമിതമായ സംസാരം മനസ്സിനെ ചലിപ്പിക്കും. യോഗി അധികം പ്രവർത്തിക്കാൻപാടില്ല. അമിതപ്രവൃത്തി മനസ്സിനെ ചലിപ്പിക്കും. ദിവസംമുഴുവൻ പ്രവർത്തിച്ചതിനുശേഷം മനസ്സിനെ അടക്കാൻ സാധിക്കയില്ല. ഇപ്പറഞ്ഞ വിധികളെ അനുസരിക്കുന്നവൻ യോഗിയായിത്തീരും.

൪൱. ഞാൻ നിന്നോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ എന്താണു പ്രവർത്തിക്കുന്നതു? പരമാർത്ഥംപറഞ്ഞാൽ ഞാൻ എന്റെ മനസ്സിനെ ഒരുപ്രകാരത്തിൽ ചലനാവസ്ഥയിലേക്കു കൊണ്ടുവരുന്നു. മനസ്സിനെ ആ സ്ഥിതിയിൽ കൊണ്ടുവരുന്നതുനിമിത്തം ഈ പ്രസംഗവിഷയത്തിൽ ഞാൻ എത്രകണ്ടു വിജയംപ്രാപിക്കുന്നുവോ അത്രകണ്ടു് എന്റെ വാക്കുകളാൽനിങ്ങൾ ആകൃഷ്ടരായിത്തീരുന്നു. ഞാൻ ഏതൊരുദിവസം അത്യുത്സാഹിയായിരിക്കുന്നുവോ, ആ ദിവസം നിങ്ങളും എന്റെ പ്രസംഗത്താൽ സന്തോഷമനുഭവിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടു്. ഞാൻ നിരുത്സാഹനായി കാണപ്പെട്ടാൽ നിങ്ങളും നിരുത്സാഹതയെ അനുഭവിക്കും.

൩൧൧. ലോകത്തിൽ രാക്ഷസീയമായ സങ്കല്പശക്തിയുള്ള പുരുഷന്മാർക്ക്, ലോകത്തിന്റെ ചലനകർത്താക്കന്മാർക്ക്, തങ്ങളുടെ പ്രാണങ്ങളെ ഉയർന്ന ചലനാവസ്ഥയിൽ എത്തിക്കാൻ സാധിക്കും: അന്യന്മാരെ ഞൊടികളിടയിൽ ബാധിക്കത്തക്ക ശക്തിയും വ്യാപ്തിയും അതിനുണ്ടായിരിക്കും. അനേകായിരം ആളുകൾ അവരാൽ ആകർഷിക്കപ്പെടുന്നു. അവർ വിചാരിക്കുന്നതുപോലെ ലോകത്തിലെ അർദ്ധഭാഗം ജനങ്ങളും വിചാരിക്കുന്നു. ലോകത്തിലെ വലിയ ദീർഘദർശികൾ പ്രാണങ്ങളെ ഏറ്റവും അത്ഭുതകരമായ വിധത്തിൽ അടക്കിബ്ഭരിച്ചിരുന്നു. അത് അവർക്ക് വലുതായ സങ്കല്പശക്തിയെ പ്രദാനംചെയ്തിരുന്നു. അവർ തങ്ങളുടെ പ്രാണങ്ങളെ അത്യുന്നതമായ ചലനാവസ്ഥയിൽ എത്തിച്ചിരുന്നു. അതാണ് ലോകത്തെ ഭരിക്കാനുള്ള ശക്തി അവർക്ക് നൽകിയത്. അപ്രകാരമുള്ള അടക്കിബ്ഭരണത്തിൽനിന്നുമാണ് ശക്തിയുടെ പ്രകടനങ്ങൾ നേരിടുന്നത്. മനുഷ്യർ രഹസ്യത്തെ അറിയുന്നവരല്ല. അവർ ഉയർന്ന നിലയിൽ എത്താതിരിക്കാനുള്ള കാരണം ഇതുതന്നെ.

൩൧൨. ലോകത്തിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കണം എന്ന വിചാരം നിന്റെ മനസ്സിൽനിന്നും മാറട്ടെ! ലോകം നിന്നിൽനിന്നും യാതൊരു സഹായത്തെയും പ്രതീക്ഷിക്കുന്നില്ല. ഒരു മനുഷ്യൻ താൻ ലോകത്തെ സഹായിക്കാനായി ജനിച്ചവനാണെന്നു വിചാരിക്കുന്നതു മൂഢതയാണ്. അഹങ്കാരമാണത്. അതു സദ്ഗുണമാണെന്നു നടിക്കുന്ന ഒരു സ്വാർത്ഥതയാണ്.

൩൧൩. ഹഠയോഗിയുടെ പ്രധാനോദ്ദേശ്യം, ഏകലക്ഷ്യം, സുഖമായി ജീവിക്കുക എന്നുള്ളതാണ്. “രോഗത്തിൽ വീഴരുത്” എന്ന് അവൻ നിശ്ചയിക്കുന്നു; അവൻ രോഗത്തിൽ വീഴുന്നുമില്ല. അവൻ ദീർഘകാലം ജീവിച്ചിരിക്കുന്നു. നൂറു വർഷം അവന് ഒരു വലിയ കാര്യമല്ല. നൂറ്റിയമ്പതു വയസ്സായാലും ഒരു രോമവും നരയ്ക്കാത്ത യുവാവിനെപ്പോലെ കാണപ്പെടുന്നു. എന്നാൽ അതുമാത്രമേയുള്ളു. അതിന് അപ്പുറമൊന്നും അവനു കിട്ടുന്നില്ല. ഒരു ആൽവൃക്ഷം അയ്യായിരംകൊല്ലം ജീവിച്ചു എന്നുവരാം. എന്നാൽ അതിന് ഒരു ആലിന്റെ അവസ്ഥയല്ലാതെ മറ്റൊന്നുമില്ല. അതുപോലെ ഒരു മനുഷ്യൻ ദീർഘകാലം ജീവിക്കുന്നു എന്നുവച്ച് അവൻ സുഖം അനുഭവിക്കുന്ന ഒരു മൃഗം എന്നല്ലാതെ മറ്റെന്താണു പറവാനുള്ളത്?

൩൧൪. “സ്വഭാവേന ദീർഘകാലംകൊണ്ട് ചെയ്തുതീർക്കാനുള്ള പ്രവൃത്തികൾ, അവയുടെ തിടുക്കത്തിൽ അല്പകാലംകൊണ്ടു ചെയ്തുതീർക്കാം” എന്നു യോഗി പറയുന്നു.

൬൭. ഈശ്വരോപാസന സ്തുതികൊണ്ടും ധ്യാനംകൊണ്ടും ഭക്തികൊണ്ടും സാധിക്കാം.

൬൮. അഗ്നിയുള്ള സ്ഥലത്തും വെള്ളത്തിലും ചതുപ്പുളമായ പ്രദേശത്തും ഉറുമ്പുകളുടെ സഞ്ചാരമുള്ള സ്ഥലത്തും ദുഷ്ടമൃഗങ്ങളുള്ള കാട്ടിലും അപകടമുള്ള സ്ഥലങ്ങളിലും നാല്ക്കൂടിയ മുക്കിലും ക്രമത്തിൽ കൂടുതൽ ശബ്ദമുള്ള പ്രദേശത്തും ദുഷ്ടന്മാരുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലും യോഗത്തെ അന്വേഷിക്കാൻ പാടില്ല.

൬൯. ഒരു ഭ്രാന്തൻ ഈ മുറിയിൽ കടന്നാൽ ഇതിനകത്തു ദേവദൂതന്മാരെ കാണുന്നു എന്നു പറയാം. എന്നാൽ അതു് ഒരു പ്രമാണമല്ല. പ്രമാണമാകണമെങ്കിൽ, ഒന്നാമതു് അതു വാസ്തവമായ അറിവായിരിക്കണം. രണ്ടാമതു് മുമ്പുള്ള അറിവിന്നു് അതു വിരുദ്ധമായിരിക്കാൻ പാടില്ല. മൂന്നാമതു് ആ മനുഷ്യന്റെ നടപടി അതിനോടു യോജിച്ചിരിക്കണം. "ആ മനുഷ്യന്റെ നടത്ത അവന്റെ പ്രസംഗത്തിനു യോജിച്ചതല്ല" എന്നു പറഞ്ഞു കേട്ടിട്ടുണ്ടു്. അവൻ എന്താണു പറഞ്ഞതെന്നു് ആദ്യം നോക്കണം. ഇതു മററു വിഷയങ്ങളെസ്സംബന്ധിച്ചിടത്തോളം സത്യമാണെന്നു വരാം. ഒരുവൻ ദുഷ്ടനായിരുന്നേക്കാം; എന്നാൻ അവൻ വാനശാസ്ത്രസംബന്ധമായ വല്ല കണ്ടുപിടിത്തവും നടത്തി എന്നു വരാം. മതവിഷയത്തെ സംബന്ധിച്ചിടത്തോളം ഈ ന്യായം സാധുവല്ല. അശുദ്ധനായ ഒരു മനുഷ്യനു മതമൈത്രിയിലെത്താൻ ശക്തിയുണ്ടായിരിക്കയില്ല. അതുകൊണ്ടു് ഏതൊരുവൻ താൻ ആപ്തനെന്നു ഘോഷിക്കുന്നുവോ, അവൻ പൂർണ്ണമായി സ്വാതന്ത്ര്യമേററ പരിശുദ്ധപുരുഷനാണോ എന്നുള്ളതിനെപ്പററി ഒന്നാമതായി പരിശോധന നടത്തണം. രണ്ടാമതു്, അവൻ പഞ്ചേന്ദ്രിയങ്ങളെ ജയിച്ചവനാണോ എന്നറിയണം. മൂന്നാമതു് അവന്റെ അഭിപ്രായം മനുഷ്യവർഗ്ഗത്തിന്റെ പൂർവ്വജ്ഞാനത്തിനു വിരുദ്ധമായിട്ടുള്ളതല്ല എന്നു ശ്രദ്ധിക്കണം. നവീനമായി കണ്ടുപിടിക്കപ്പെട്ട യാതൊരു തത്ത്വവും മുമ്പു കണ്ടുപിടിക്കപ്പെട്ടിട്ടുള്ള തത്ത്വത്തിനു നേരെ വിരുദ്ധമായിരിക്കയില്ല. നാലാമതു് പുതുതായി കണ്ടുപിടിക്കപ്പെട്ട തത്ത്വത്തിന്നു പ്രമാണസാധുത്വം ഉണ്ടായിരിക്കണം.

൭൦. ദേവന്മാരും മററും യോഗികൾക്കു മോക്ഷമാർഗ്ഗം ചൂണ്ടിക്കൊടുത്തു് അവരെ കെടുത്താനായിവരും. ആരും പരിപൂർണ്ണമുക്തന്മാരാകരുതെന്നു് അവർക്കു് ഉദ്ദേശ്യമുണ്ടു്. നമ്മെപ്പോലെതന്നെ അവരും അസൂയാലുക്കളാണു്. ചിലപ്പോൾ നമ്മെ അതിശയിച്ചു അസൂയയുള്ളവരായും തീർന്നേക്കാം. അവർ തങ്ങളുടെ സ്ഥാനങ്ങൾക്കു നഷ്ടം നേരിടുമോ എന്നു വളരെ ഭയപ്പെടുന്നു. പരിപൂർണ്ണ

ത്വം സിദ്ധിക്കാത്ത യോഗികൾ മരിച്ചു ദേവന്മാരായിത്തീരുന്നു. നേർവഴിവിട്ടു, വക്രമാർഗ്ഗത്തിൽക്കൂടി ചരിച്ചതുകൊണ്ടാണ് അവർക്ക് ആ സ്ഥാനം ലഭിക്കുന്നത്. അവർ വീണ്ടും ജനിക്കേണ്ടവരാണ്. അതുകൊണ്ടു, ദേവന്മാരുടെ പ്രേരണകളെ എതിർത്തുനില്ക്കാനുള്ള ശക്തിയുണ്ടായി നേരെ ലക്ഷ്യത്തെ അഭിമുഖീകരിച്ചു ചെല്ലുന്നവനാമാത്രമേ മുക്തനാകുന്നുള്ളൂ.

നൻ. വേദാന്തശാസ്ത്രം, ആരണ്യത്തിലെ തപോനിഷ്ഠയുടെ ഫലം മാത്രമല്ലെന്നും, അതിലെ ഉൽകൃഷ്ടഭാഗങ്ങൾ, ലൌകികജീവിതത്തിൽ ചൊടിയോടെ പ്രവർത്തിച്ചുകൊണ്ടിരുന്ന തത്വജ്ഞാനികളുടെ ആലോചനാഫലമാണെന്നും പല ഉപനിഷത്തുകളിലും നമുക്കു കാണാൻകഴിയും. ശ്രേഷ്ഠമായ സാമ്രാജ്യം ചെങ്കോൽ ചെലുത്തുന്ന രാജാവിനെക്കാൾ, അനേകലക്ഷം ജനങ്ങളെ ഭരിക്കുന്ന ഒരു രാജാവിനെക്കാൾ, വിചിന്തനവിചക്ഷണനായ ഒരുവൻ വലിയവനാകുന്നു. എന്നാൽ ഈ രാജാക്കന്മാരിലും അങ്ങനെയുള്ളവരുണ്ടെന്നുള്ളതു വിസ്മരണീയമല്ല.

ന.വ്യ൦ മരണം എന്നതിൽനിന്നും നാം എന്തർത്ഥം ഗ്രഹിക്കുന്നു? പിരിഞ്ഞുപോകുക എന്നാണ്. അതു് സംഘടിതവസ്തുക്കളുടെ ധർമ്മമാകുന്നു. രണ്ടോ അധികമോ വസ്തുക്കൾ സംയോജിച്ചുണ്ടാകുന്ന ഏതൊന്നും പിരിയുകതന്നെ വേണം. സംഘടിതമല്ലാത്തതു് ഏതാണോ അതു് ഒരിക്കലും പിരിക്കപ്പെടാൻ സാധിക്കുന്നതല്ല. അതുകൊണ്ടു് അതു് ഒരുകാലത്തും മരിക്കുന്നതല്ല. അതു് അമരത്വത്തോടുകൂടിയതാണ്. അതു് എന്നും നിത്യമായിത്തന്നെയിരിക്കുന്നു. അതു സൃഷ്ടിക്കപ്പെട്ടതല്ല. സൃഷ്ടിയിൽ അടങ്ങിയ ഏതൊന്നും സംഘടനമാകുന്നു. ശൂന്യത്തിൽനിന്നും സൃഷ്ടിയുണ്ടായതായി ആരും ഒരിക്കലും കണ്ടിട്ടില്ല. ആദ്യമേയുള്ള വസ്തുക്കളുടെ പുതിയരൂപത്തെ പ്രാപിക്കുന്നു എന്നാണു സൃഷ്ടിയെപ്പറ്റി നാം മനസ്സിലാക്കുന്നത്.

ന.വ്യഫ. ഈ പ്രപഞ്ചത്തെമുഴുവൻ ശൂന്യത്തിൽനിന്നും സൃഷ്ടിക്കാൻ സാധിക്കുന്നതല്ല. കാരണമില്ലാതെ ഒന്നും ഉണ്ടാകയില്ല. കാരണം, രൂപാന്തരപ്പെടുന്നതാണു കാര്യം.

ന.വ്യ൨. കാര്യം, കാരണത്തിന്റെ വിജൃംഭണമാണ്. കാര്യത്തിനും കാരണത്തിനും ഗണ്യമായ വ്യത്യാസം യാതൊന്നുമില്ല.

ന.വ്യന. അഹങ്കാരത്തെക്കുറിച്ചു് ഒട്ടൊന്നു ചിന്തിക്കപോലും ചെയ്തിട്ടില്ലാത്തവരാണു ലോകത്തിൽ അമോഘങ്ങളായ പ്രവൃത്തികളെ ചെയ്തിട്ടുള്ളതു്. തന്നാൽ സ്നേഹിക്കപ്പെടുന്നവസ്തു നിസ്സാരമല്ലെന്നു്, മരിക്കുന്നതല്ലെന്നു കാണുമ്പോൾ മാത്രമേ മനുഷ്യൻ അതിനെ സ്നേ

ഹിക്കുന്നുള്ളൂ. തന്നാൽ സ്നേഹിക്കപ്പെടുന്നവസ്തു മൺകട്ടയല്ലെന്നും, ദൈവമാണെന്നും കാണുമ്പോൾ മാത്രമേ മനുഷ്യൻ സ്നേഹിക്കുന്നുള്ളൂ.

വൃർ. പാപംഉണ്ടെന്നു വേദാന്തം സമ്മതിക്കുന്നില്ല. അങ്ങനെ പറയുന്നതിലുള്ള തെറ്റിനെ മാത്രമാണു വേദാന്തം സമ്മതിക്കുന്നതു്. നീ ബലഹീനനും പാപിയും ദുഃഖജീവിയും ആണെന്നും, നിനക്കു് ഒന്നും ചെയ്യാൻ ശക്തിയില്ലെന്നും പറയുന്നതു് ഒരു വലിയ തെററാണെന്നു വേദാന്തം അഭിപ്രായപ്പെടുന്നു. നീ ഇപ്പറഞ്ഞതുപോലെ കരുതുന്തോറും ഓരോ പ്രാവശ്യവും, നിന്നെ ബന്ധിച്ചു കീഴ്പോട്ടിടുന്ന ചങ്ങലയിൽ ഓരോ കണ്ണികൂടി അനുബന്ധിക്കുകയായിരിക്കും. നിന്റെ ആത്മാവിനു മറെറാരു മായാതിരസ്കരണി കൂടി നിർമ്മിക്കുകയായിരിക്കും. അതുകൊണ്ടു്, ഏതൊരുവൻ താൻ ബലഹീനനാണെന്നു വിചാരിക്കുന്നുവോ അവൻ തെററു ചെയ്യുന്നവനായിത്തീരുന്നു. ഏതൊരുവൻ താൻ അശുദ്ധനാണെന്നു വിചാരിക്കുന്നുവോ അവൻ അബദ്ധം പ്രവർത്തിച്ചവനായി ഭവിക്കുന്നു. അവൻ ലോകത്തിൽ ഒരു ചീത്തവിചാരത്തെ പരത്തുകയാണു്.

നവൃ൩. കൊടുങ്കാടുകളിലായാലും ഗുഹകളിലായാലും ഇതു് (മേല്പറഞ്ഞ വേദാന്തവിധി) അനുഭവത്തിൽകൊണ്ടുവരാൻ സാധിക്കുമെന്നു മാത്രമല്ല, ലോകത്തിലെ എല്ലാവിധ സാധ്യാവസ്ഥകളിലുമുള്ള മനുഷ്യർക്കും അനുഭവത്തിൽകൊണ്ടുവരാൻ സാധിക്കുമെന്നും വേദാന്തം അഭിപ്രായപ്പെടുന്നു. ഈ പരമാർത്ഥത്തെ അറിഞ്ഞവർ ഗുഹകളിലും വനങ്ങളിലും വസിച്ചുകൊണ്ടിരുന്നില്ലെന്നും, എന്നാൽ അവർ ലൗകികജീവിതത്തിലെ സാമാന്യവ്യാപാരങ്ങളെ സ്വീകരിച്ചിരുന്നില്ലെന്നും ചൊടിയോടുകൂടിയ ജീവിതത്തെ കൈക്കൊണ്ടിരിക്കയായിരുന്നുവെന്നും, സിംഹാസനത്തിലിരുന്നു സൈന്യശേഖരം ചെയ്തു ലക്ഷോപലക്ഷം ജനങ്ങളുടെ നന്മയെ ശ്രദ്ധിച്ചുകൊണ്ടിരുന്നുവെന്നും, ഇതിനൊക്കെ വിശ്വസനീയമായ തെളിവുകളുണ്ടെന്നും നമുക്കു് അറിവുള്ളസംഗതികളാണു്. സദ്വിഷയങ്ങളെപ്പററി ചിന്തിച്ചു് അനുഭവത്തിൽ കൊണ്ടുവന്നു, മനുഷ്യവർഗ്ഗത്തിനു് ഉപദേശിക്കാൻ സമയംചെലവു ചെയ്യുന്നതിനു് അവർക്കു സാധിച്ചു.

നവൃന്ന. ജീവനുള്ള ദൈവം നിന്റെ ഉള്ളിൽ ഇരിക്കുന്നു. എന്നിരുന്നിട്ടും നിങ്ങൾ ഭജനമഠങ്ങളും കോവിലുകളുംമററും നിർമ്മിച്ചും നാനാവിധത്തിലുള്ള മൂഢകല്പിതങ്ങളെ വിശ്വസിച്ചുംവരുന്നു. പൂജിക്കപ്പെടേണ്ട ഏകദൈവമാകട്ടെ, മനുഷ്യശരീരത്തിനകത്തു സ്ഥിതിചെയ്യുന്ന മനുഷ്യാത്മാവാകുന്നു. എല്ലാമൃഗങ്ങളും ക്ഷേത്രങ്ങളാണെന്നു

ളതിൽ സന്ദേഹമില്ല. എന്നാൽ മനുഷ്യനാണ് അത്യുൽകൃഷ്ടമായ ക്ഷേത്രം. ക്ഷേത്രങ്ങളിൽ "താജ്മഹാൾ" എന്ന ക്ഷേത്രത്തിൽ എനിക്ക പൂജനടത്താൻ സാധിച്ചില്ലെങ്കിൽ മറ്റൊരു ക്ഷേത്രവും യാതൊരു ഫലവും നൽകാൻ ശക്തമല്ല. ഓരോമനുഷ്യക്ഷേത്രത്തിലും ഈശ്വരൻ ഉണ്ടെന്നു ഞാൻ അനുഭവത്തിൽ അറിയുന്ന നിമിഷത്തിൽ, ഓരോ മനുഷ്യൻെറയും മുമ്പിൽ ഭക്തിപൂർവ്വം നിന്നു ഈശ്വരനെ കാണുന്നനിമിഷത്തിൽ; ഞാൻ ബന്ധത്തിൽനിന്നും മോചിക്കപ്പെട്ടവനായിത്തീരുന്നു; ബന്ധിച്ചിരുന്ന ഓരോന്നും പൊട്ടിവീഴുന്നു; ഞാൻ മുക്തനായിഭവിക്കുന്നു.

൩൮൬. ആത്മാവിനെസ്സംബന്ധിച്ച ഏററവും പുരാതനമായ സിദ്ധാന്തം, 'അഹമേകത്വ'മാകുന്ന അസ്ഥിഭാരത്തിൽ ഉറച്ചുനിൽക്കുന്നു എന്നുള്ളതുനിർവ്വിവാദമാണ്; "ഞാൻ ഞാനായിത്തന്നെ നിൽക്കുന്നു." ഇന്നലത്തെ 'ഞാൻ'തന്നെ ഇന്നത്തെ 'ഞാൻ'. ഇന്നത്തെ 'ഞാൻ'തന്നെ നാളത്തെ 'ഞാ'നും. ശരീരത്തിന് എത്രയോ മാററങ്ങൾ സംഭവിച്ചാലും 'ഞാൻ' ഒരേ 'ഞാൻ' തന്നെ.

൩൮൮. എല്ലാനന്മകളുടെയും എല്ലാ സൽപ്രവൃത്തികളുടെയും പ്രധാനശബ്ദം 'ഞാൻ' എന്നല്ല; 'നീ' എന്നാണ്. സ്വർഗ്ഗം എന്ന് ഒന്നുണ്ടോ? നരകം എന്നൊന്നുണ്ടോ? ഇതിനെപ്പററി ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ആത്മാവ് എന്ന് ഒന്നുണ്ടോ ഇല്ലയോ എന്ന് ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ? പരിവർത്തനമില്ലാത്തവസ്തു ഒന്നുണ്ടോ ഇല്ലയോ എന്ന് ആരെങ്കിലും ആരായുന്നുണ്ടോ? ഇതാ, ലോകം വർത്തിക്കുന്നു! അതു ദുഃഖപൂർണ്ണമാണ്. ബുദ്ധനെപ്പോലെ ആ ദുഃഖത്തെ കുറയ്ക്കുവാൻശ്രമിക്കുക; അല്ലെങ്കിൽ ആ ശ്രമത്തിൽ മരിക്കുക! നിങ്ങളെ നിങ്ങൾതന്നെ മറക്കുക. നീ ആസ്തികനായാലുംശരി, നാസ്തികനായാലും ശരി, നീ സംശയവാദിയായാലുംശരി, വേദാന്തിയായാലും ശരി, നീ ക്രിസ്ത്യാനിയായാലുംശരി, മുഹമ്മദീയനായാലും ശരി, നീ ഗ്രഹിച്ചിരിക്കേണ്ട ഒന്നാമത്തെ പാഠം, എല്ലാവർക്കും സുഗ്രഹമായ പാഠം, ചെറിയ'ഞാൻ' എന്നതിനെ നശിപ്പിച്ച്, പരമാത്ഥമായ ആത്മാവിനെ സ്ഥിരീകരിക്കുകയാകുന്നു.

൩൮൯. നമ്മളിൽ നമുക്കുതന്നെ വിശ്വാസമുണ്ടാകുന്നതിന് നാം എന്തിനായിട്ട് ഈ ബുദ്ധിമുട്ടുകളെ സഹിക്കണം? മനുഷ്യനും മനുഷ്യനുമുള്ള വ്യത്യാസം തന്നെത്താൻ വിശ്വാസമുണ്ടായിരിക്കുകയും ഇല്ലാതിരിക്കയും ചെയ്യുന്നതിനാലാണ്. നമ്മളിൽ നമുക്കുതന്നെ വിശ്വാസമുണ്ടായാൽ അതിന് എല്ലാററിനും ശക്തിയുണ്ടായിരിക്കും. ഞാൻ എൻെറ സ്വന്തജീവിതത്തിൽ അതു് അനുഭവത്തിൽ അറിഞ്ഞിട്ടുണ്ട്; ഇപ്പോഴും അറിഞ്ഞുവരുന്നു. എനിക്കു പ്രായംചെല്ലുംതോറും

ആ വിശ്വാസം ഒന്നിനൊന്നു ദൃഢീഭൂതമായിക്കൊണ്ടിരിക്കുന്നു. തന്നിൽതന്നെ വിശ്വാസം ഉറപ്പിക്കാത്തവൻ നാസ്തികനാകുന്നു. ഈശ്വരനിൽ വിശ്വാസമില്ലാത്തവൻ നാസ്തികനാണെന്നു പഴയമതങ്ങളം അഭിപ്രായപ്പെടുന്നു. തന്നിൽതന്നെ വിശ്വാസമില്ലാത്തവൻ നാസ്തികനാണെന്നു പുതിയമതം അഭിപ്രായപ്പെടുന്നു. എന്നാൽ ആ വിശ്വാസം സ്വാർത്ഥവിശ്വാസമാകരുത്. വേദാന്തം ഏകത്വസിദ്ധാന്തപരമാണ്. എല്ലാവരെയും വിശ്വസിക്കുകയെന്നതാണ് അതിന്റെ അർത്ഥം. എന്തുകൊണ്ടെന്നാൽ എല്ലാം നിങ്ങൾതന്നെയാകുന്നു.

൩൯൦. ഈ ലോകത്തിൽ നമ്മുടെ അറിവുകളെല്ലാം എവിടെനിന്നു സിദ്ധിച്ചു? നമ്മുടെ ഉള്ളിൽനിന്നുതന്നെ. ഏതൊരറിവു വെളിയിലുണ്ട്? ഒന്നുംതന്നെയില്ല. അറിവു ജഡത്തിലില്ല. അതു മനുഷ്യനിലാണുള്ളത്. യാതൊരുത്തനും യാതൊരിക്കലും അറിവിനെ സൃഷ്ടിച്ചിട്ടില്ല. മനുഷ്യൻ അതിനെ ഉള്ളിൽനിന്നും കൊണ്ടുവരുന്നു. അതു് അവിടെ കിടപ്പുണ്ട്.

൩൯൧. സൃഷ്ടിക്കലിനു ശരിയായ ആയുധം സ്നേഹത്തിലുണ്ട്. തിന്മയുക്തകളെയുധം നിസ്സ്വാർത്ഥതയിലുണ്ട്.

൩൯൨. നമ്മുടെ ആദർശം സമ്മതിക്കുകയാണ്; വിസമ്മതിക്കുകയല്ല. ഉദാരതയുമല്ല; ഉദാരത ഒരു പ്രകാരത്തിൽ നിന്ദനമാകുന്നു. എനിക്കു് അതിൽ വിശ്വാസമില്ല. ഞാൻ സമ്മതിക്കുകയെന്ന ധർമ്മത്തെ വിശ്വസിക്കുന്നു. ഞാൻ എന്തിന് ഉദാരനായിരിക്കണം? നീ കുറ്റംചെയ്തു എന്നു ഞാൻ ഗ്രഹിച്ചിട്ടും "അതു് അങ്ങനെകിടക്കട്ടെ" എന്നു തള്ളിക്കളയുകയാണു് ഉദാരത. നീയും ഞാനും അങ്ങനെ കരുതുന്നതു നിന്ദനമല്ലേ? ഞാൻ മുമ്പേയുള്ള എല്ലാ മതങ്ങളെയും വിശ്വസിക്കുന്നു. എല്ലാമതങ്ങളിൽകൂടിയും ദൈവത്തെ ആരാധിക്കുന്നു. ആ മതങ്ങളും ഏതെല്ലാം ക്രമത്തിൽ ദൈവത്തെ ആരാധിക്കുന്നുവോ ആ ആരാധനാക്രമങ്ങളെയെല്ലാം ഞാൻ അനുകരിക്കുന്നു. ഞാൻ മഹമ്മദീയരുടെ പള്ളിയിൽ പോകും. ഞാൻ ക്രിസ്ത്യാനികളുടെ പള്ളിയിൽ ചെന്നു കുരിശിന്റെ മുമ്പിൽ മുട്ടുകുത്തും. ഞാൻ ബൗദ്ധക്ഷേത്രങ്ങളിൽകയറി ബുദ്ധനെയും ബുദ്ധനിയമത്തെയും ശരണം പ്രാപിക്കും. ഞാൻ കാട്ടിൽ കടന്നു്, എല്ലാഹൃദയങ്ങളെയും പ്രകാശിപ്പിക്കുന്ന പരംജ്യോതിസ്സിനെ ദർശിക്കാനായി പ്രയത്നിക്കുന്ന ഹിന്ദുക്കളോടുചേർന്നു ധ്യാനിച്ചിരിക്കും.

൩൯൩. പുരുഷൻ എന്നുവെച്ചാൽ പ്രജ്ഞയല്ല; എന്തെന്നാൽ പ്രജ്ഞ ഒരു സംഘടിതവസ്തുവാകുന്നു. എന്നാൽ പ്രജ്ഞയിൽ പ്രകാശമായും സുഖമായുമുള്ളതെല്ലാം പുരുഷനെ സംബന്ധിച്ചവയാണ്. പുരുഷൻ പ്രജ്ഞയുള്ളവനല്ല. എന്നാൽ അറിവിൽ പ്രകാ

ശത്തോടുകൂടി അടങ്ങിയിരിക്കുന്നതു് ഏതൊന്നോ, അതു പുരുഷനെ സംബന്ധിച്ചതാണു്. എന്നാൽ പുരുഷനിൽ അറിവുള്ളവനല്ല; അറിയുന്നവനുമല്ല. പുരുഷൻ അടങ്ങിയിരിക്കുന്ന ചിത്തും പ്രകൃതിയും ചേർന്നതിനെയാണു് നാം നമ്മുടെ ചുററും കാണുന്നതു്. ജഗത്തിൽ സുഖമായും ആനന്ദമായും പ്രകാശമായും ഉള്ളതെല്ലാം പുരുഷനെ സംബന്ധിച്ചവയാണു്. എന്നാൽ അതു (ജഗത്തു്) ഒരു സംഘടിതവസ്തുവാകുന്നു; അതു പുരുഷനും പ്രകൃതിയും ചേർന്നതാണു്. "എവിടെ അല്പം സുഖംഉണ്ടോ, എവിടെ അല്പം ആനന്ദമുണ്ടോ; അവിടെ ദൈവം എന്ന അമൃതത്വത്തിന്റെ ഒരു പൊരിയുണ്ടു്." പുരുഷൻ ജഗത്തിനു് ആകർഷകമാകുന്നു. ജഗത്തിനാൽ സ്പർശിക്കപ്പെടാതെയും ജഗത്തുമായി സംബന്ധിക്കാതെയുമിരിക്കുന്നുവെങ്കിലും അതു ജഗത്തിനെ മുഴുവൻ ആകർഷിക്കുന്നു.

൩൱൪. നൂറുജന്മങ്ങളെ ത്യാഗംചെയ്തിട്ടെങ്കിലും ഒരു ചെറിയ ജീവിക്കു് ഉപകാരംചെയ്യാൻ കഴിയുന്നതായാൽ, അങ്ങനെ ചെയ്തിട്ടുള്ള പൂർവ്വകാലത്തെ ആ പഴയ ദീർഘദർശികളിലും മഹാത്മാക്കളിലും ചിലരെപ്പോലെ അധികം സന്മാർഗ്ഗനിഷ്ഠന്മാരായ പുരുഷന്മാരെ ലോകത്തിൽ കാണാൻ ഞാൻ ആഗ്രഹിക്കുന്നു. സന്മാർഗ്ഗത്തെയും പരോപകാരത്തെയും പററിയുള്ള പ്രസംഗം, ഇക്കാലത്തെ മൂഢപ്രസംഗമാണത്രേ!

൩൱൫. ഞാൻ ഉണ്ണുമ്പോൾ, ഞാൻ ഉണ്ണുന്നുവെന്നു് എന്നെത്തന്നൊടോർക്കുന്നു; ഞാൻ ഉദരമായി സംഘടിക്കുന്നു. ഞാൻ ഓടുമ്പോഴും, ഞാനും ഓട്ടവും രണ്ടല്ല.

൩൱൬. ഞാൻ എന്നെ ശരീരമായി വിചാരിക്കുമ്പോൾ, ഞാൻ ഒരു ശരീരംതന്നെയാണു്; അപ്പോൾ ഞാൻ മറെറന്തെങ്കിലും ഒന്നാണെന്നു പറയുന്നതായാൽ അതിൽ അർത്ഥം ഇല്ല. ഞാൻ എന്നെ ആത്മാവായി കരുതുമ്പോൾ ശരീരത്തെ മറന്നുപോകുന്നു; ശരീരപ്രതീതി വിട്ടുമാറുന്നു. ശരീരപ്രതീതി മാറിയാലല്ലാതെ ആത്മദർശനം സിദ്ധിക്കുന്നതല്ല.

൩൱൭. ഹൃദയദ്വാരാ ഈശ്വരൻ ദർശിക്കപ്പെടുന്നു; ബുദ്ധിയിൽകൂടി ദർശിക്കപ്പെടുന്നില്ല. ബുദ്ധി, വഴിതൂപ്പുകാരനെപ്പോലെയാണു്. അതു നമ്മുടെ മാർഗ്ഗത്തെ തൂത്തുവെടിപ്പാക്കുന്നു. ബുദ്ധി ഒരു പോലീസുകാരനെപ്പോലെയുമാണു്. ജനസമുദായത്തിന്റെ അഭിവൃദ്ധിക്കു പോലീസുകാരന്റെ ആവശ്യമില്ല. അവൻ വിപ്ലവത്തെ അടക്കാൻ, കുററങ്ങളെ കണ്ടുപിടിക്കാൻ ഏർപ്പെടുത്തപ്പെട്ടവനാണു്; അത്രമാത്രമേ ബുദ്ധിയും ചെയ്യേണ്ടതായിട്ടുള്ളു. ബുദ്ധി കുരുടനാണു്; അതിനു സ്വയംചലിക്കാൻ ശക്തിയില്ല. അതിനു കൈയുമില്ല. കാലുമില്ല.

൯൯൮. പ്രപഞ്ചത്തിന്റെ ഏകത്വത്തെയും ആത്മവിശ്വാസത്തെയും ഒഴിച്ചാൽ മതവിഷയമായി ഉൽബോധനം ചെയ്വാൻ മറെറന്താണുള്ളതു്? കഴിഞ്ഞ അനേകായിരം വർഷങ്ങളായി മനുഷ്യവർഗ്ഗത്തിന്റെ പ്രവൃത്തികളെല്ലാം ഈ ലക്ഷ്യത്തെ ലാക്കാക്കിയവയാണു്.

൯൯൯. ഏകത്വത്തെ നിമന്ത്രിക്കുന്നതു സത്യമാണു്. സ്നേഹം തന്നെ സത്യം; വിരോധം അസത്യവും. പക അനേകം തത്വങ്ങളെ വെളിപ്പെടുത്തുന്നു. മനുഷ്യനിൽനിന്നു മനുഷ്യനെ അകററുന്നതു പകയാണു്. അതുകൊണ്ടു് അതു തെററാണു്; അസത്യമാണു്. അതു പിരിവിനെയുണ്ടാക്കുന്ന ഒരു ശക്തിയാണു്. അതു പിരിച്ചു നശിപ്പിക്കുന്നു.

൧൦൦൦. വേദാന്തം ലക്ഷ്യത്തെ ഉൽബോധനം ചെയ്യുന്നു. ലക്ഷ്യം എപ്പോഴും പരമാത്ഥത്തിനു്, അനുഭസാവ്യത്തിനു് അനുഗുണമായിരിക്കുമെന്നു നമുക്കു അറിയാം. മനുഷ്യസ്വഭാവത്തിനു രണ്ടു ഭാവങ്ങളുണ്ടു്. ഒന്നു് ലക്ഷ്യത്തെ ജീവിതത്തോടു സംബന്ധിപ്പിക്കുക; മറെറാന്നു് ജീവിതത്തെ ലക്ഷ്യത്തോളം ഉയത്തുക.

൧൦൦൧. ഏററവും ഉയന്ന ലക്ഷ്യത്തിന്റെ സ്ഥാനത്തുനിന്നു കൊണ്ടുനോക്കിയാൽ, തുലോം താഴ്ന്ന മൃഗവും മനുഷ്യനും ഒന്നായിട്ടു കാണപ്പെടും. ഈശ്വരൻ ഒരാൾ ഉണ്ടെന്നു നീ വിശ്വസിച്ചാൽ, മൃഗങ്ങളും വളരെ ഉയന്ന ജീവികളും നിന്നെ സംബന്ധിച്ചിടത്തോളം വിഭിന്നമായിരിക്കണം. മനുഷ്യരെന്നു വിളിക്കപ്പെടുന്ന കുട്ടികളിൽ സൌമ്യതയും മൃഗങ്ങളെന്നു വിളിക്കപ്പെടുന്ന കുഞ്ഞുങ്ങളിൽ ക്രൂരതയും പ്രകടിപ്പിക്കുന്ന ഒരു ദൈവം പിശാചിനെക്കാൾ നികൃഷ്ടമാണു്. അത്തരം ഒരു ദൈവത്തെ പൂജിക്കുന്നതിനെക്കാൾ ആത്മഹത്യ ചെയ്യാൻ ഞാൻ ഇഷ്ടപ്പെടും. എന്റെ ജീവിതം മുഴുവൻ ഞാൻ അപ്രകാരമുള്ള ദൈവത്തെ എതിക്കും. വ്യത്യാസമില്ലതന്നെ. വ്യത്യാസമുണ്ടെന്നു പറയുന്നതു് ഉത്തരവാദിത്വമില്ലാത്ത ഹൃദയത്തോടു കൂടിയവരാണു്; അജ്ഞന്മാരാണു്. അനുഭവസാദ്ധ്യത്തെ തെററായ അത്ഥത്തിൽ ഉപയോഗിച്ചുവരുന്നതിനു് ഒരു ഉദാഹരണമുണ്ടു്. "ഞാൻ മാംസഭക്ഷണത്തിൽ നിർബന്ധമുള്ളവനല്ല എന്നാൽ ഞാൻ ലക്ഷ്യത്തെ അറിയുന്നുണ്ടു്. ഞാൻ മാംസം ഭക്ഷിക്കുമ്പോൾ, അതു തെററാണെന്നു് എനിക്കറിയാം. ചിലപ്പോൾ അതു ഭക്ഷിക്കേണ്ടതായി വന്നാൽ പോലും അതു പാപമാണെന്നു് എനിക്കു് അറിയാം." ഞാൻ എന്റെ ലക്ഷ്യത്തെ അനുഭവത്തിലേക്കു വലിച്ചു കൊണ്ടുവന്നുവച്ചു്, എന്റെ ഈ ബലഹീനമായ നടത്തയെപ്പററി ക്ഷമാപണം ചെയ്വാൻ പാടില്ല. ലക്ഷ്യം, മാംസത്തെ ഭ

ക്ഷിക്കാതിരിക്കയാകുന്നു: യാതൊരു പ്രാണിയെയും ഹിംസിക്കാതിരിക്കയാകുന്നു. എല്ലാമൃഗങ്ങളും എന്റെ സഹോദരങ്ങളാണു്. നിനക്കു് അവയെ നിന്റെ സഹോദരങ്ങളായി വിചാരിക്കാൻ കഴിയുമെങ്കിൽ, സർവ്വജീവസാഹോദരമാർഗ്ഗത്തിൽ അല്പദൂരം മുമ്പോട്ടു കടന്നതായി വിചാരിക്കാം. മനുഷ്യസഹോദരത്വത്തെപ്പററിയുള്ള പ്രസംഗം ബാലപാഠമാത്രം.

൪൦൨. നീ മുക്തനായിത്തീർന്നാൽ, മററുള്ളവരും ഉടനടി അല്ലെങ്കിൽ പിന്നീടെങ്കിലും ആ സ്ഥിതിയിലെത്തുമെന്നു് നീ അറിഞ്ഞിരിക്കേണ്ടതാണു്. നീ മുക്തനായിക്കഴിഞ്ഞാൽ, അന്യത്വത്തെ നിനക്കു കാണാൻ കഴിയുന്നതെങ്ങനെ? നീ പരമാർത്ഥത്തിൽ ശുദ്ധനായി ഭവിച്ചാൽ അശുദ്ധതയെ നീ എങ്ങനെ കാണും? ഉള്ളിലുള്ളതാണു വെളിയിലും ഉള്ളതു്. ഉള്ളിൽ അശുദ്ധതയെ വച്ചുകൊണ്ടിരുന്നാൽ മാത്രമേ അശുദ്ധതയെ കാണാൻ കഴിയുന്നുള്ളൂ.

൪൦൩. പരിപൂർണ്ണസമത്വം നമുക്കു നാശത്തെ ഉണ്ടാക്കുകതന്നെ ചെയ്യും.

൪൦൪ എല്ലാമതത്തിലും മൂന്നു് അംശങ്ങളുണ്ടു്; തത്വജ്ഞാനം, പുരാണം, കർമ്മം ഇവയാകുന്നു. ഓരോമതത്തിന്റെയും സാരാംശം തത്വജ്ഞാനമാണെന്നുള്ളതു് നിരാക്ഷേപമാകുന്നു. പുരാണം, പൌരാണികമഹാന്മാരുടെ ചരിത്രങ്ങളെയും അത്ഭുതകഥകളെയും കൂട്ടിയിണക്കി ദൃഷ്ടാന്തരൂപേണ വിവരിക്കുന്നതാണു്. കർമ്മം, തത്വശാസ്ത്രത്തെ എല്ലാവരും വിശ്വസിക്കത്തക്കവണ്ണം അതിനു് ഒരു സ്ഥൂലരൂപത്തെ നൽകുന്നു.

൪൦൫. ഭാഷ ഒരു ഉടമ്പടിയുടെ തീരുമാനമല്ല. ജനങ്ങൾ ചില വിചാരങ്ങളെ ചില വാക്കുകളാൽ വെളിപ്പെടുത്താൻ ശ്രമിച്ചതിന്റെ ഫലവുമല്ല. ഒരിക്കലും യുക്തപദമില്ലാതെ ഒരു വിചാരംപോലും ഉണ്ടായിട്ടില്ല. വിചാരമില്ലാതെ വാക്കുകളുമില്ല. വാക്കും വിചാരവും പ്രകൃത്യാ വേർപെടുത്തപ്പെടാൻ കഴിയാത്തവയാണു്.

൪൦൬. എല്ലാവരും പ്രപഞ്ചത്തിൽ കർമ്മം ചെയ്യണം. ഏതൊരുവൻ ആത്മാവിൽ പരിപൂർണ്ണതൃപ്തനായിരിക്കുന്നുവോ, ഏതൊരുവന്റെ ആഗ്രഹം ആത്മാവിനെക്കടന്നു ചെല്ലുന്നില്ലയോ, ഏതൊരുവന്റെ മനസ്സു് ഒരിക്കലും ആത്മാവിനെവിട്ടു് അകലുന്നില്ലയോ, ഏതൊരുവനു സമസ്തവും ആത്മാവായിരിക്കുന്നുവോ, അവൻ മാത്രം കർമ്മം ചെയ്യുന്നില്ല. മററുള്ളവർ കർമ്മം ചെയ്യുകതന്നെവേണം.

൪൦൭. നമ്മുടെ അറിവുകളെല്ലാം അനുഭവത്തെ ആധാരമാക്കിയവയാണു്.

൪൦൮. രാത്രി പകലാകാൻപോകുന്ന സമയത്തും പകൽരാത്രിയാകാൻപോകുന്നനേരത്തും പരസ്പരസംബന്ധമുള്ള ഒരു ശാന്തി

ഏൎപ്പെടുന്നു. പ്രഭാതവും അസ്തമയവും ശാന്തിയുടെ രണ്ടുകാലങ്ങളാകുന്നു.

൪൰൯. നിങ്ങളിൽ കഴിവുള്ളവർ ഈ അഭ്യാസത്തിനായിട്ടുമാത്രം ഒരു പ്രത്യേകമുറി ഏൎപ്പെടുത്തേണ്ടതാവശ്യമാണ്. ആ മുറിയിൽ ഉറങ്ങരുതു്. അതു പരിശുദ്ധമായിരിക്കണം. നീ കുളിച്ചു ശരീരശുദ്ധിയും മനഃശുദ്ധിയും ഉണ്ടെങ്കിലല്ലാതെ ആ മുറിയിൽ കടക്കാൻ പാടില്ല. ആ മുറിയിൽ എപ്പോഴും പുഷ്പം വിതറണം. (അതു ഒരു യോഗിക്കു വേണ്ടതാണ്.) മനസ്സിനു സന്തോഷത്തെ നൽകുന്ന പടങ്ങളെ തൂക്കുകയും വേണം. ഉദയത്തിലും അസ്തമയത്തിലും സുഗന്ധദ്രവ്യങ്ങളെ പുകയ്ക്കണം. ആ മുറിയിൽവെച്ചു വഴക്കുകൂടരുതു്. കോപത്തിന് അതിനകത്തു സ്ഥലം അനുവദിക്കരുതു്. അവിടെവെച്ചു് അശുദ്ധവിചാരങ്ങൾ ബാധിക്കുകയുമരുതു്. നിന്നെപ്പോലെ ഏകചിന്തയോടുകൂടിയവരെ മാത്രമേ ആ മുറിക്കകത്തു കടത്തിവിടാൻ പാടുള്ളൂ. ഇങ്ങനെ പ്രവൎത്തിച്ചുവന്നാൽ കാലക്രമേണ ആ മുറിയുടെ ഉള്ളിൽ ഒരു പരിശുദ്ധാന്തരീക്ഷം ആവിർഭവിക്കും. അതിപ്രയത്നത്താലോ, അന്തസ്താപംകൊണ്ടോ, ഭയംകൊണ്ടോ അല്ലെങ്കിൽ മററു വല്ല കാരണത്താലോ നിന്റെ മനസ്സു ക്ഷോഭിച്ചിരിക്കുന്ന ഘട്ടങ്ങളിൽ, നീ ആ മുറിക്കകത്തു കടക്കുന്നമാത്രയിൽ അതു നിന്നെ പ്രശാന്തമനസ്കനാക്കിച്ചെയ്യും. ക്ഷേത്രങ്ങളേയും കോവിലുകളേയും മററും ഏൎപ്പെടുത്തിയതിന്റെ രഹസ്യം ഇതുതന്നെ.

൫൰. ഏതൊരുവൻ എല്ലാബന്ധങ്ങളെയും, എല്ലാഭീതികളെയും, എല്ലാകോപത്തെയും ത്യജിക്കുന്നു, ഏതൊരുവന്റെ ആത്മാവു മുഴുവൻ ഈശ്വരനിൽ പ്രവൎത്തിക്കുന്നു, ഏതൊരുവൻ ഈശ്വരനെ ശരണീകരണീയനാക്കിയിരിക്കുന്നു, ഏതൊരുവന്റെ ഹൃദയം പരിശുദ്ധമായിഭവിച്ചു, അവൻ ഏതൊരിച്ഛയോടെ ഈശ്വരനെ സമീപിച്ചാലും, ആ ഇച്ഛകളെ ഈശ്വരൻ അവനു നിവൃത്തിച്ചുകൊടുക്കും. അതുകൊണ്ടു്, അദ്ദേഹത്തെ ജ്ഞാനമാൎഗ്ഗത്തിലോ, സ്നേഹമാൎഗ്ഗത്തിലോ ത്യാഗമാൎഗ്ഗത്തിലോ പൂജിക്കുക.

൫൰൧. നാരദൻ എന്നപേരിൽ ഒരു വലിയ ദേവർഷി ഉണ്ടായിരുന്നു. മനുഷ്യവൎഗ്ഗത്തിൽ മഹാന്മാർ, വലിയയോഗികൾ ഉള്ളതുപോലെ, ദേവന്മാരിലും വലിയയോഗികളുണ്ടു്. നാരദൻ ഒരു നല്ല യോഗിയാണ്; വലിയമഹാനാണ്. അദ്ദേഹം എവിടെയും സഞ്ചരിക്കും. ഒരിക്കൽ അദ്ദേഹം ഒരു വനാന്തരത്തിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, അവിടെ തപോനിഷ്ഠയിലിരിക്കുന്ന ഒരു ഋഷിയെക്കണ്ടു. അദ്ദേഹത്തെച്ചുററി ചിതലുകൾ പുററുവളൎത്തിയിരുന്നു.

ആ നിലയിൽ അദ്ദേഹം ദീർഘകാലമായി ഇരിക്കുകയായിരുന്നു. അദ്ദേഹം നാരദനെനോക്കി, "അങ്ങ് എങ്ങോട്ടുപോകുന്നു?" എന്നു ചോദിച്ചു. ഞാൻ "ബ്രഹ്മലോകത്തേക്കു പോകുന്നു" എന്നു നാരദൻ മറുപടിപറഞ്ഞു. അതുകേട്ട തപോധനൻ, 'അങ്ങ് ബ്രഹ്മലോകത്തിലെത്തിയാൽ ദൈവത്തിന് എന്റെ പേരിൽ എപ്പോൾകൃപ ഉദിക്കുമെന്നും എനിക്ക് എപ്പോൾ മുക്തിയുണ്ടാകുമെന്നും ദൈവത്തോടു ചോദിച്ചറിഞ്ഞുംകൊണ്ടുപോരണം" എന്നപേക്ഷിച്ചു. നാരദൻ അപ്രകാരം സമ്മതിച്ച് അവിടുന്നു തിരിച്ചു. കുറെ കഴിഞ്ഞു മറ്റൊരാളിനെ അദ്ദേഹംകണ്ടു. ആ താപസൻ തുടിപ്പുകൊട്ടി ആടിപ്പാടി നൃത്തം ചെയ്യുകയായിരുന്നു. നാരദനെക്കണ്ടയുടനെ "ഹേ; നാരദമഹർഷേ! അങ്ങ് എങ്ങോട്ടാണുപോകുന്നത്?" എന്നു ചോദിച്ചു. അദ്ദേഹത്തിന്റെ സ്വരവും ഭാവവും പരുഷമായിരുന്നു. "ഞാൻ ബ്രഹ്മലോകത്തേക്കു പോകുന്നു" എന്നു നാരദൻപറഞ്ഞതുകേട്ട്, "എനിക്ക് എപ്പോൾ മുക്തികിട്ടുമെന്നു ഈശ്വരനോടു ചോദിച്ചുകൊണ്ടു പോരണം' എന്നാവശ്യപ്പെട്ടു. നാരദൻ അപ്രകാരം സമ്മതിച്ച് അവിടുന്നും യാത്രയായി. പലനാൾകഴിഞ്ഞ് അതുവഴി മടങ്ങിവന്നു. അങ്ങോട്ടുള്ള യാത്രയിൽ ആദ്യം കണ്ടതാപസൻ നാരദനെനോക്കി, 'നാരദമഹർഷേ! എന്നെപ്പററി ഈശ്വരനോടു ചോദിച്ചുവോ?" എന്നു പ്രശ്നം ചെയ്തു. "ഓഹോ! ചോദിച്ചു" എന്നു നാരദൻ പറഞ്ഞതിന് "എന്തായിരുന്നു മറുപടി?" എന്ന് അക്ഷമയോടെ ചോദിക്കുകയും നാരദൻ "ഇനിയും നാലുജന്മംകൂടി കഴിഞ്ഞാൽ അങ്ങേക്കു മുക്തികിട്ടുമെന്നു ദൈവം എന്നോടുപറഞ്ഞു" എന്നു സമാധാനം പറയുകയും ചെയ്തു. താപസൻ അതുകേട്ടു "ചുററും പുററുവളരുവോളം ഞാൻ ഒരേ ഇരുപ്പിൽ ഇരുന്നു ഈശ്വരനെ ധ്യാനിച്ചിട്ടും ഇനിയും നാലുജന്മം കൊണ്ടേ എനിക്കു മുക്തി ലഭിക്കുകയുള്ളു?" എന്ന് അന്തസ്താപപ്പെട്ടു. നാരദൻപോയി. മാർഗ്ഗമദ്ധ്യേ മുൻപോന്ന രണ്ടാമത്തെ സന്ന്യാസിയെക്കണ്ടു. "ഞാൻ പറഞ്ഞ വസ്തുത ദൈവത്തോടു ചോദിച്ചുവോ?" എന്ന് അദ്ദേഹം നാരദനോടു ചോദിച്ചു. "ചോദിച്ചു; ഇതാ ഒരു പുളിമരം നില്ക്കുന്നില്ലേ? ഈ വൃക്ഷത്തിൽ എത്ര ഇലകൾ ഉണ്ടോ അത്രയും ജന്മങ്ങൾ ഇനിയും എടുക്കണം. അതിനുശേഷമേ അങ്ങേക്കു മുക്തികിട്ടൂ." എന്നായിരുന്നു നാരദന്റെ മറുപടി. അതുകേട്ട് "ഹാ! ഇത്ര വേഗത്തിൽ എനിക്കു മുക്തികിട്ടുമോ?" എന്നു ചോദിച്ചുംകൊണ്ട് ഒരു ഭ്രാന്തനെപ്പോലെ അദ്ദേഹം ആനന്ദനൃത്തം ചെയ്തു. അതേസമയത്ത് "കുഞ്ഞേ! നിനക്ക് ഇപ്പോൾതന്നെ മുക്തികിട്ടും" എന്നൊരു ശബ്ദംകേട്ടു. താപസന്റെ അനസ്യൂതപ്രയത്നത്തിനുള്ള സമ്മാനമായിരുന്നു അത്. പുളിമരത്തിലുള്ള ഇലകളുടെ എണ്ണത്തോളം ജന്മംഎടുത്തു പ്രവർത്തിക്കാൻ അദ്ദേഹം സസന്തോഷം സന്നദ്ധനായി.

അല്ലോഹത്തിന് അത്രനിമിത്തം ആധി ഉണ്ടായില്ല. എന്നാൽ ആദ്യത്തെ താപസനു് നാലുജന്മങ്ങൾപോലും ഭയങ്കരമായിട്ടുതോന്നി. കണക്കററ ജന്മങ്ങൾ എടുത്തുപ്രയത്നിക്കാൻ തയ്യാറായ രണ്ടാമത്തെ താപസൻെറ അനസ്യൂത പ്രയത്നമാണ് ഉത്കൃഷ്ടഫലത്തെ പ്രദാനം ചെയ്യുന്നതു.

൪൫൨. അറിവുതന്നെ ശക്തി; നാം ഒരു വൃക്ഷത്തെ അറിഞ്ഞുതുടങ്ങുമ്പോൾ നമുക്ക് അതിൻെറമേൽ ശക്തിയുണ്ടാകുന്നു. അതുപോലെതന്നെ മനസ്സ് പലവിഷയങ്ങളെപ്പററി ചിന്തിച്ചുതുടങ്ങുമ്പോൾ, മനസ്സിന് അവയുടെമേൽ ശക്തി ജനിക്കുന്നു.

൪൫൩. സന്തോഷകരമായ ഉണവ് സാത്വികലക്ഷണമാകുന്നു. സാത്വികനായ പുരുഷനു സർവ്വം സന്തോഷകരമായിരിക്കും. ഈ അവസ്ഥ നിനക്ക് ലഭിക്കുമ്പോൾ നീ യോഗത്തിൽ അഭിവൃദ്ധിയെപ്രാപിക്കുന്നുവെന്ന് അറിയുക! ദുഃഖങ്ങൾ തമോഗുണത്താൽ ഉണ്ടാകുന്നു. അതുകൊണ്ടു നീ തമോഗുണത്തെ ഒഴിച്ചുമാററണം. മടിപൂണ്ടിരിക്കുക, തമോഗുണത്തിൻെറ ഫലങ്ങളിലൊന്നാണ്. ബലവാന്മാർ, ഉറച്ചശരീരമുള്ളവർ, യുവാക്കന്മാർ, അരോഗികൾ, ധീമന്മാർ എന്നിവരാണ് യോഗികളാകുവാൻ യോഗ്യന്മാർ. യോഗിക്ക് എല്ലാം ആനന്ദംതന്നെ. അവൻ കാണുന്ന ഓരോ മനുഷ്യമുഖവും അവന് ആനന്ദത്തെ നൽകുന്നു. അതു സൽപുരുഷലക്ഷണമാണ്. ദുഃഖം പാപത്തിൽനിന്നും ഉണ്ടാകുന്നു; മററൊന്നും ദുഃഖത്തിനു കാരണമല്ല. വാടിയമുഖത്തോടുകൂടി നിനക്ക് എന്തൊരുപ്രവൃത്തിയാണുള്ളതു്? വാടിയമുഖം ഭയങ്കരമാണു്. നിൻെറ മുഖം വാടിയിരുന്നാൽ അന്നു നീ വെളിയിൽ പോകരുതു്. നിൻെറ മുറിക്കകത്തു് ഒതുങ്ങിയിരിക്കുക.

൪൫൪. ഞാൻ ഒരിക്കൽ കാശിയിൽവച്ചു്, ഒരുവശത്തു് ഒരു വലിയ കുളവും മറെറാരുവശത്തു് ഉയരംകൂടിയ ഭിത്തിയുമുള്ള ഒരുവഴിയിൽകൂടി നടക്കാനിടയായി. അവിടെ അനവധി കുരങ്ങുകൾ ഉണ്ടായിരുന്നു. കാശിപ്പട്ടണത്തിലെ കുരങ്ങന്മാർ വലിയ മൃഗങ്ങളാണ്. ചിലപ്പോൾ മഹാശല്യക്കാരുമാണു്. എന്നെ തങ്ങളുടെ സങ്കേതസ്ഥലത്തുകൂടി കടത്തി വിടരുതെന്ന് അവ നിശ്ചയിച്ചു. അവ ഭയങ്കരസഹജമായ ശബ്ദത്തോടുകൂടി എന്നെ സമീപിച്ചു; ഞാൻ ഓടിത്തുടങ്ങി. എന്നാൽ ഞാൻ എത്രകണ്ടു വേഗത്തിൽ ഓടിയോ അത്രകണ്ടു വേഗത്തിൽ അവ എൻെറ അടുത്തെത്തി ചുററും വളഞ്ഞു; കടി എല്പിച്ചു തുടങ്ങി. രക്ഷപ്പെടുന്ന കാര്യം പ്രയാസമാണെന്നു തോന്നി. ഈ സന്ദർഭത്തിൽ അല്പം അകലെ നിന്ന് ഒരാൾ എന്നോട് "മൃഗങ്ങളെ എതിർക്കുക!" എന്ന് ഉപ

ദേശിച്ചു, ഞാൻ തിരിഞ്ഞു കുരങ്ങന്മാരെ എതിൎത്തു നിന്നു. ആ മാത്രയിൽ അവ ഓടിപ്പോയി. ഇതു തന്നെ ആയുഷ്കാലത്തിലേക്കു് ഒരു വലിയ പാഠം. ഭയങ്കരമായതിനെ എതിൎത്തു നില്ക്കുക! ധൈൎയ്യപൂൎവ്വം എതിൎത്തു നില്ക്കുക! നാം ജീവിതകഷ്ടതകളിൽനിന്നു ഓടാതെ എതിൎത്തു നിൽക്കുമ്പോൾ, അവ കുരങ്ങന്മാരെപ്പോലെ പിന്തിരിഞ്ഞോടും.

൪൧. ഒരുവൻ ജനസമുദായത്താൽ അഭിനന്ദിക്കത്തക്കവണ്ണം യോഗ്യനായിരുന്നാലും, അവൻെറ പൂൎവ്വികന്മാർ മൃഗപ്രായന്മാരോ, കൊള്ളക്കാരോ ആയിരുന്നാൽ—അവർ മഹാധനികന്മാരായിരുന്നാലും ശരി—ജനങ്ങൾ അവനെ അയോഗ്യന്മാരുടെ സന്തതിയാണെന്നു് അപമതിക്കും; മനുഷ്യൻെറ അജ്ഞാനം ആ നിലയിലാണു്.

൪൨. ഒരുവൻ, ഏറ്റവും ശ്രേഷ്ഠമായ നിലയിൽ എത്തിക്കഴിഞ്ഞാൽ—പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസത്തെയോ വൎണ്ണഭേദത്തെയോ, ജാതിയെയോ, ആഭിജാത്യത്തെയോ യാതൊന്നിനെയും കരുതാത്ത അതീതമായ നിലയിൽ എത്തി, ഓരോമനുഷ്യവ്യക്തിയിലുമുള്ള ഈശ്വരതത്വത്തെ കണ്ടുപിടിക്കുമ്പോൾ—അവൻ സൎവ്വസാഹോദൎയ്യത്തെ പ്രാപിച്ചവനായി ഭവിക്കുന്നു; അപ്പുരുഷനത്രേ വേദാന്തി.

൪൩. പ്രൊഫസ്സർ മാക്സ് മുള്ളർ തൻെറ ഒരു ഗ്രന്ഥത്തിൽ ഒരു പഴയ ഗ്രീക്കുകഥയെ വൎണ്ണിച്ചിട്ടുള്ളതു ഞാൻ ഓൎക്കുന്നു. ഏതൻസ് എന്ന പട്ടണത്തിൽവച്ചു, ഒരു ബ്രാഹ്മണൻ സാക്രട്ടീസ്സിനെക്കണ്ടു സംസാരിച്ച സംഗതി അതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ബ്രാഹ്മണൻ ചോദിച്ചു: "ഏറ്റവും ശ്രേഷ്ഠമായ അറിവെന്തു്?" സാക്രട്ടീസ്സു പറഞ്ഞു:—"മനുഷ്യനെ അറിയുന്നതാണു് എല്ലാ അറിവിൻെറയും അവസാനം." "എന്നാൽ ദൈവത്തെ അറിയാതെ നിങ്ങൾക്കു മനുഷ്യനെ അറിവാൻ എങ്ങനെ കഴിയും?" എന്നു വീണ്ടും ബ്രാഹ്മണൻ ചോദിച്ചു. ആധുനികമായ ഗ്രീക്കുപക്ഷം മനുഷ്യനെപ്പററിയ അറിവിനു പ്രാധാന്യം നൽകുന്നു. ലോകത്തിലെ പഴയമതങ്ങളാകട്ടെ, ഈശ്വരനെപ്പററിയ അറിവിനു പ്രാധാന്യം നൽകുന്നു. ഒരുവൻ പ്രകൃതിയിൽ ഈശ്വരനെക്കാണുന്നു, മററൊരുവൻ ഈശ്വരനിൽ പ്രകൃതിയെക്കാണുന്നു.

൪൪. സൃഷ്ടി എന്നു വച്ചാൽ, വീണ്ടും മുക്തിയെപ്രാപിപ്പിക്കുന്നതിനായി ചെയ്യുന്ന ഒരു പ്രവൃത്തിയെന്നേ അൎത്ഥമുള്ളു.

൪൫. ഈ ജഗത്തു് ഏതിൽനിന്നു ഉണ്ടാകുന്നു? ഏതൊന്നിൽ ഉള്ളതു്? തിരിച്ചു് ഏതിൽ ചെല്ലുന്നു? ഇങ്ങനെ പലചോദ്യങ്ങളും ചോദിക്കുന്നുണ്ടു്. അവയ്ക്കുത്തരം:-"സ്നേഹത്തിൽനിന്നും ഉണ്ടാകു

കുന്നു” “സ്നേഹത്തിൽ ഉള്ളതു്,” “വീണ്ടും സ്നേഹത്തിലേക്കുതന്നെ ചെല്ലുന്നു.”

൪൨൦. ഈശ്വരനെ അറിവാൻ, പഠിച്ച വിദ്വാന്മാർ കണ്ടേ ആവശ്യമില്ല. ഒരിക്കൽ ഒരു മഹാത്മാവു് എന്നോടു്, “അന്യന്മാരെ കൊല്ലണമെങ്കിൽ മനുഷ്യനു ഖഡ്ഗവും കുന്തവും മററും ആവശ്യമാണു്. എന്നാൽ തന്നെത്തന്നെ കൊല്ലുന്നതിനു് ഒരു സൂചിമാത്രംമതി. അതുപോലെ അന്യന്മാരെ ഉദ്ബോധിപ്പിക്കുന്നതിനു് വലിയ ബുദ്ധിയും പഠിപ്പും വേണം. എന്നാൽ നിനക്കു സ്വാനുഭൂതിയുണ്ടാകുന്നതിനു് അവയുടെ ആവശ്യം ഇല്ല” എന്നു് അഭിപ്രായപ്പെട്ടു.

൪൨൧. ഈ അമേരിക്കയിൽ ഒരു മനുഷ്യന്റെ വിശിഷ്ടതയെപ്പററി യാതൊന്നും ചോദിക്കാറില്ല. മനുഷ്യനായിരുന്നാൽ മതി; ആ ആളിനെ തങ്ങളുടെ ഹൃദയങ്ങളിൽ ചുമക്കുന്നു. ലോകത്തിൽ മറെറങ്ങും കണ്ടിട്ടില്ലാത്ത ഒരു പുതുമയാണിതു്.

൪൨൨. ഈ ബ്രഹ്മമനുഷ്യന്മാർ, തങ്ങളുടെ ശ്വാസകോശങ്ങൾക്കു മാത്രം ശ്വസിക്കാൻ ശേഷിയുള്ള ഉയരങ്ങളിൽ കയറിച്ചെന്നിരുന്നുവെന്നും ആ പ്രദേശങ്ങളിൽ അന്യപ്രാണികളുടെ ശ്വാസകോശങ്ങൾ വെടിക്കുമെന്നും പ്രൊഫസ്സർ മാക്സ് മുള്ളർ യുക്തിയുക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഈ ധീരന്മാർ തങ്ങളുടെ യുക്തി ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം “എന്തെങ്കിലുമാകട്ടെ” എന്ന മനഃസ്ഥിതിയോടുകൂടി അതിനെ പിന്തുടർന്നു ചെന്നിരുന്നു. മൂഢവിശ്വാസങ്ങൾ ശിഥിലീകൃതമാക്കപ്പെട്ടിട്ടും അവർ അതിനെ വകവച്ചില്ല. ജനസമുദായം തങ്ങളെക്കുറിച്ചു് എന്തു വിചാരിക്കും? എന്തു പറയും? എന്നൊന്നും അവർ ശങ്കിച്ചതേ ഇല്ല. അവർ ഏതൊന്നു ശരിയെന്നും ഏതൊന്നു ന്യായമെന്നും ധരിച്ചിരുന്നുവോ, അതിനെ ഉപദേശിക്കയും പ്രസംഗിക്കുകയും ചെയ്തു.

൪൨൩. ലോകത്തിനു് ഉപകാരം ചെയ്യണമെന്നുള്ള മൂഢോദ്ദേശ്യങ്ങളെ ദൂരത്തുതള്ളുക! നിന്റെയോ എന്റെയോ സഹായത്തെ ലോകം പ്രതീക്ഷിച്ചിരിക്കുന്നില്ല; എന്നാൽ നാം നിരന്തരമായി നന്മയെ ചെയ്തുകൊണ്ടിരിക്കണം. എന്തിനെന്നാൽ, അതിൽ നിന്നും നമുക്കു തന്നെ നന്മ കിട്ടും. നാം പരിപൂർണ്ണന്മാരാകുന്നതിനു് ആ ഒരു മാർഗ്ഗമേയുള്ളു.

൪൨൪. “ഹേ, പ്രഭോ! എനിക്കായിട്ടു് ഈ സൂര്യനെയും ചന്ദ്രനെയും അങ്ങു സൃഷ്ടിച്ചിരിക്കുന്നു” എന്നു പ്രാർത്ഥിക്കണമെന്നു് ചില മൂഢന്മാരായ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നു. ഈ കുട്ടികൾക്കു് ഓരോ വസ്തുക്കളെ സൃഷ്ടിച്ചുകൊടുക്കുകയല്ലാതെ ദൈവ

തിനു വേറെ ഒരു ജോലിയില്ല പോലും! നിങ്ങളുടെ കുട്ടികളെ ഈ അസംബന്ധമായ മണ്ടത്തരമൊന്നും പഠിപ്പിക്കരുതേ! ഇനി മറെറാരു തരം മൂഢന്മാരുണ്ട്; "നമുക്കു് കൊന്നു ഭക്ഷിക്കാനായിട്ടാണ് ഈ മൃഗങ്ങളെ എല്ലാം സൃഷ്ടിച്ചിരിക്കുന്നതു്" എന്നും 'ഈ പ്രപഞ്ചം മനുഷ്യന്റെ ഭോഗത്തിനായിട്ടുള്ളതാണ്." എന്നും അവർ നമ്മെ ഉപദേശിക്കുന്നു. ഇതൊക്കെ മഹാവിഡ്ഢിത്തമല്ലാതെ മറെറാന്നുമല്ല.

൪൨൭. ഈ ലോകത്തിൽ ഏതെങ്കിലും ഒരു വിഷയത്തെപ്പററിയുള്ള അറിവിൽ അനുഭൂതിയുണ്ടായാൽ, ആ അനുഭൂതി അതിനു മുമ്പ് അനവധി പ്രാവശ്യം സുസാധ്യമായിട്ടുണ്ടെന്നും എന്നും സാധ്യമാകുമെന്നും കാണപ്പെടുന്നു. പ്രകൃതിയുടെ കർക്കശമായ നിയതി ഒരേ രീതിയിലാണ്; ഒരിക്കൽ സംഭവിച്ചതു് എപ്പോഴും സംഭവിക്കും.

൪൨൮. ദൈവത്തിന്റെ പേരും പറഞ്ഞു് ഇത്ര വളരെ കലക്കവും കലഹവും തമ്മിത്തല്ലുമെന്തിന്? മററു കാരണങ്ങളെക്കാൾ ഈശ്വരന്റെ പേരും പറഞ്ഞാണു കൂടുതൽ രക്തം ചൊരിഞ്ഞിട്ടുള്ളതു്. ജനങ്ങൾ ഒരിക്കലും ഉൽപത്തിസ്ഥാനത്തു മടങ്ങി ചെന്നിട്ടില്ല. അവർ തങ്ങളുടെ പൂർവികന്മാരുടെ ആചാരങ്ങളെ മനസാ സമ്മതിക്കുന്ന വിഷയത്തിൽ തൃപ്തിയുള്ളവരായിരുന്നു; മററുള്ളവരും അതിനെ സമ്മതിക്കണമെന്നു് ആശിച്ചിരുന്നു. ആത്മാവിനെ അറിയാതിരുന്നാൽ, തനിക്കു് ആത്മാവു് എന്നൊന്നു് ഉണ്ടെന്നാകട്ടെ, ഈശ്വരനെ ദർശിക്കാതിരുന്നാൽ ഈശ്വരൻ ഉണ്ടെന്നാകട്ടെ പറവാൻ മനുഷ്യനു് എന്തവകാശമാണു്? ഈശ്വരൻ എന്നു് ഒരാൾ ഉണ്ടെങ്കിൽ നാം അദ്ദേഹത്തെ കാണണം. ഇല്ലെങ്കിൽ വിശ്വസിക്കാതിരിക്കുന്നതു നല്ലതാണു്. ആസ്തിക വ്യാജേന നടക്കുന്നതിൽ ഭേദം ഒരു തികഞ്ഞ നാസ്തികനായിരിക്കുന്നതാണു്.

൪൨൯. അനാചാരങ്ങളെ മാററാനുള്ള ഏകമാർഗ്ഗം സദാചാരസ്വീകരണമാകുന്നു. സംസ്കാരങ്ങളെ അപലപിക്കുന്ന ദുരാചാരങ്ങളെ സദാചാരങ്ങളെക്കൊണ്ടു് അടക്കണം. നന്മയെ ചെയ്യുവിൻ! പരിശുദ്ധവിഷയങ്ങളെപ്പററി ഇടവിടാതെ ചിന്തിക്കുക! നിന്ദ്യമായ ആചാരങ്ങളെ അകററാൻ ഇതാണുമാർഗ്ഗം. യാതൊരാളിനെയും, വിശ്വാസമില്ലാത്തവൻ എന്നു് ഒരിക്കലും പറയരുതു്. എന്തുകൊണ്ടെന്നാൽ; നവീനസദാചാരങ്ങളാൽ അടക്കപ്പെടാവുന്നദുരാചാരക്കൂട്ടങ്ങളെയാണ്-നടത്തയെയാണ്-അവൻപ്രകടിപ്പിക്കുന്നതു്. അനുസ്യൂതമായ അനുഷ്ഠാനരീതിയെയാണ് നടത്തയെന്നുപറയുന്നതു്. അനുസ്യൂതാനുഷ്ഠാനങ്ങൾക്കുമാത്രമേ നടത്തയെ പരിഷ്കരിക്കാൻ സാധിക്കൂ.

൪൫൭. ദേവന്മാരുടെ രാജാവായ ഇന്ദ്രൻ ഒരിക്കൽ പന്നിയായി ചേററിൽ ജീവിച്ചുപോന്നു എന്നൊരു കഥയുണ്ട്. ഇന്ദ്രനു ഭാൎയ്യയായി ഒരു പെൺപന്നിയും സന്താനങ്ങളായി അഞ്ചെട്ടുപന്നിക്കുട്ടികളും ഉണ്ടായിരുന്നു. എല്ലാവരും സുഖമായി ജീവിച്ചുപോന്നു. ദേവന്മാൎക്കു തന്റെ രാജാവിന്റെ സ്ഥിതികണ്ടു് സന്താപം ഉണ്ടാവുകയാൽ അവർ അദ്ദേഹത്തിന്റെ സമീപത്തുചെന്നു് "അങ്ങു ദേവന്മാരുടെ രാജാവാണു്; ദേവന്മാരെല്ലാം അങ്ങയുടെ ആജ്ഞയിൻകീഴിൽ വൎത്തിക്കുന്നു. അപ്രകാരമുള്ള അങ്ങു് എന്തിനായിട്ടു് ഈ ചെളിയിൽവന്നുകിടക്കുന്നു?" എന്നു ചോദിച്ചു. ദേവേന്ദ്രൻ ഇങ്ങനെ പറഞ്ഞു:—"അതിന്നുതരക്കേടില്ല. എനിക്കു് ഇവിടെ വളരെ സുഖമാണു്. എനിക്കു്, ഈ പെൺപന്നിയും കുട്ടികളും ഉള്ളതുവരെ ദേവലോകം നിസ്സാരമാണു്." ദേവന്മാർ ഗത്യന്തരമില്ലാതെ മടങ്ങിപ്പോയി. കുറേക്കാലം കഴിഞ്ഞു്, പന്നികളെ ഓരോന്നായി കൊന്നുമുടിക്കണമെന്നു് ദേവന്മാർ നിശ്ചയിച്ചു. ഓരോന്നിനെയായിപ്പിടിച്ചുകൊന്നുതുടങ്ങി. എല്ലാം ചത്തൊടുങ്ങിയപ്പോൾ ഇന്ദ്രൻ അന്തസ്താപത്തോടെ പരിദേവനംചെയ്തുതുടങ്ങി. ദേവന്മാർ അദ്ദേഹത്തെയും പിടിച്ചുപിളൎന്നു; പന്നിശ്ശരീരം രണ്ടായിപിളൎക്കപ്പെട്ടമാത്രയിൽ സാക്ഷാൽ ഇന്ദ്രൻ അതിൽനിന്നും വെളിപ്പെട്ടു; പെട്ടെന്നു താൻകണ്ട ഭയങ്കരമായ സ്വപ്നത്തെ ഓൎക്കുകയും പൊട്ടിച്ചിരിക്കുകയുംചെയ്തു. ദേവന്മാരുടെ രാജാവായ ഇന്ദ്രൻ, വരാഹജീവിതത്തെക്കാതിച്ചു! മാത്രമല്ല, പ്രപഞ്ചംമുഴുവൻ വരാഹജീവിതമയമായിത്തീരണമെന്നു ആഗ്രഹിക്കയും ചെയ്തു.

൪൫൮. ഓരോ ആത്മാവും ആന്തരമായ ഈശ്വരത്വംതികഞ്ഞതാണു്. അകത്തും പുറത്തുമുള്ള പ്രകൃതിയെ അടക്കുമ്പോൾ ഉള്ളിലുള്ള ഈശ്വരത്വം വെളിവാകുന്നു. കൎമ്മംകൊണ്ടോ ഉപാസനകൊണ്ടോ യോഗംകൊണ്ടോ ജ്ഞാനംകൊണ്ടോ, അല്ലെങ്കിൽ ഇവ എല്ലാംകൊണ്ടോ മേൽപ്രകാരം പ്രവൎത്തിച്ചു മുക്തനാവുക! ഇതത്രേ മതം.

൪൬൦. "മനസ്സിനെ അടക്കുന്നവൻ ജഗത്തിനെയും അടക്കുന്നു" എന്നു യോഗി പറയുന്നു.

൪൬൧. അന്തൎമ്മുഖപ്രകൃതിയെ ജയിച്ചവൻ ജഗത്തിനെ മുഴുവൻ അടക്കി ബ്ഭരിക്കുന്നു. ജഗത്തു് അവന്റെ ദാസ്യം വഹിക്കുന്നു.

൪൬൨. ഭീരുക്കൾ ഒരിക്കലും ജയംപ്രാപിക്കുന്നില്ല.

൪൬൩. ശാന്തതയുള്ളപുരുഷൻ മന്ദനായമനുഷ്യനല്ല.

൪൬൪. ആഹാരത്തെസ്സംബന്ധിച്ചു് ചില നിയമങ്ങൾ ആവശ്യമാണു്. പരിശുദ്ധമായ മനസ്സിനെ നല്കുന്നആഹാരം യാതൊന്നോ അതിനെ മാത്രമേ ഭക്ഷിക്കാൻ പാടുള്ളൂ! ഒരു മൃഗപ്രദ

ർശനശാലയിൽ ചെന്നാൽ നിനക്കു് ഇതു് ഉടനെ മനസ്സിലാകും. ആന ഭീമാകാരമുള്ള ഒരു വലിയ ജന്തുവായിരുന്നിട്ടും അതു ശാന്തതയും അടക്കവും ഉള്ളതായി നീ കാണുന്നു. സിംഹങ്ങളും പുലികളും കിടക്കുന്ന കൂട്ടിന്റെ സമീപത്തു ചെന്നാൽ അവ ക്രൂരതയോടുകൂടി നിൽക്കുന്നതു നിനക്കു കാണാം. ആഹാരത്തിൽനിന്നു സ്വഭാവത്തിനു് എന്തുമാത്രം വ്യത്യാസമുണ്ടാകുന്നു എന്നു ഇതിൽനിന്നും ഗ്രഹിക്കാം. ഈ ശരീരത്തിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ശക്തികളെല്ലാം ആഹാരത്തിൽനിന്നു ഉണ്ടാകുന്നവയാണു്; നാം ഇതു ദിവസംപ്രതി കണ്ടുവരുന്നതാണു്. നീ പട്ടിണികിടന്നുതുടങ്ങിയാൽ നിന്റെ ശരീരം ബലഹീനമായിവരും; സ്ഥൂലശക്തികൾ ക്ഷയിക്കും. കാലക്രമേണ മനശ്ശക്തിയും കുറയും. ആദ്യമായി ഓൎമ്മശക്തി തെറ്റും. അതിനുശേഷം ആലോചിക്കാൻ കഴിവില്ലാത്ത, വിശേഷിച്ചും ഒന്നും ചെയ്വാൻ സാധിക്കാത്ത ഒരു അവസ്ഥയുണ്ടാകും. അതുകൊണ്ടു്, ആരംഭത്തിലേ നാം ഭക്ഷിക്കുന്ന ആഹാരത്തിൽ നമുക്കു ശ്രദ്ധയുണ്ടായിരിക്കണം. നമുക്കു വേണ്ട ബലം സിദ്ധിച്ചുകഴിഞ്ഞാൽ, നമ്മുടെ അനുഷ്ഠാനങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചുകഴിഞ്ഞാൽ, നാം ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണം. ചെടിയെ വളൎത്തുമ്പോൾ അതിനു് ഉപദ്രവം നേരിടാതിരിക്കത്തക്കവണ്ണം അതിന്റെ ചുറ്റും വേലികെട്ടി സൂക്ഷിക്കണം. എന്നാൽ അതു മരമായിക്കഴിഞ്ഞാൽ വേലി പൊളിച്ചുകളയേണ്ടതാണു്. അപ്പോൾ അതിനു സകല ഉപദ്രവങ്ങളെയും തടുത്തുനിൽക്കാനുള്ള ബലമുണ്ടാകുന്നു.

൪൫൭. ഈ അമേരിക്കയിൽവച്ചു 'മോമൻ' എന്ന ജാതിയിലുൾപ്പെട്ട ഒരാളിനെ കണ്ടുമുട്ടാൻ എനിക്കിടയായി. ആ മനുഷ്യൻ തന്റെ മതത്തിൽ ചേരാൻ എന്നെ പ്രേരിപ്പിച്ചു. ഞാൻ ചോദിച്ചു: "നിങ്ങളുടെ അഭിപ്രായങ്ങളിൽ എനിക്കു വളരെ ബഹുമാനമുണ്ടു്; എന്നാൽ ചില സംഗതികളിൽ നമുക്കു തമ്മിൽ യോജിപ്പില്ല. ഞാൻ സന്യാസത്തെ സ്വീകരിച്ചവനാണു്. നിങ്ങൾ അനേകം ഭാൎയ്യമാരെ സ്വീകരിക്കുന്ന ആദൎശത്തിൽ വിശ്വസിക്കുന്നു. അതിരിക്കട്ടെ, നിങ്ങൾ മതോപദേശം ചെയ്വാൻ ഇന്ത്യയിൽ വരാത്തതെന്തു്?" ആ മനുഷ്യൻ അത്ഭുതപാരവശ്യത്തോടെ എന്നെ നോക്കി, "എന്തു് നിങ്ങൾ വിവാഹത്തെ വിശ്വസിക്കുന്നതേയില്ലെന്നോ? ഞങ്ങൾ അനേകം ഭാൎയ്യമാരെ സ്വീകരിക്കുന്നവരാണു്. ആ സ്ഥിതിക്കു് എന്നെ നിങ്ങളുടെ നാട്ടിലേക്കു ക്ഷണിക്കുന്നതു് എന്തു പ്രയോജനത്തിനാണു്?" എന്നു ചോദിച്ചു. എന്റെ സമാധാനം, "മതസിദ്ധാന്തങ്ങൾ ഏതു നാട്ടിൽനിന്നു വന്നതായാലും എന്റെ നാട്ടുകാർ അവയ്ക്കു ചെവികൊടുക്കും. നിങ്ങൾ ഇ

ന്ത്യയിൽ ചെല്ലണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി അനേകപിരിവുകൾ ഉണ്ടാകുന്നതിൽ സന്തോഷമുള്ളവനാണു ഞാൻ. രണ്ടാമതു്, ഇപ്പോഴുള്ള പിരിവുകളിൽ തൃപ്തിയില്ലാത്ത ജനങ്ങൾ ഇന്ത്യയിൽ അനേകംപേരുണ്ടു്. ഈ അതൃപ്തിനിമിത്തം അവർ മതത്തെപ്പോലും ഉപേക്ഷിച്ചു. അവരിൽ ചിലർ നിങ്ങളെ അനുഗമിച്ചു എന്നുവരാം."

൪൩൬. നാം വിചാരിക്കുന്നതുപോലെതന്നെ മറ്റുള്ളവരും എന്തിനായിട്ടു വിചാരിക്കണം? എനിക്കു മനസ്സിലാകുന്നില്ല. ഞാൻ ബുദ്ധിയുള്ളവനാണെങ്കിൽ, ഞാൻ വിചാരിക്കുന്നതുപോലെ മറ്റുള്ളവർ വിചാരിക്കാത്തതിൽ, എനിക്കു സന്തോഷമാണുണ്ടാകേണ്ടതു്. ശവക്കുഴിക്കു തുല്യമായ ഒരു ലോകത്തിൽ വസിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മനുഷ്യർ വസിക്കുന്ന ലോകത്തിൽ ഒരു പുരുഷനായി ജീവിക്കാനാണു ഞാൻ ആഗ്രഹിക്കുന്നതു്. തലച്ചോറുള്ള ജന്തുക്കൾക്കു് അഭിപ്രായവ്യത്യാസമുണ്ടായിരിക്കതന്നെ വേണം. അഭിപ്രായവ്യത്യാസമാണു് ആലോചനയുടെ ആദ്യത്തെ അടയാളം. ഞാൻ ആലോചനയുള്ളവനാണെങ്കിൽ, അഭിപ്രായവ്യത്യാസമുള്ള ആലോചനാപുരുഷന്മാരുടെ നടുവിൽ പാർക്കാൻ ഇച്ഛിക്കണം.

൪൩൭. മനുഷ്യൻ സ്വയം ഏർപ്പെടുത്തുന്ന നിയതികളെയല്ലാതെ, അന്യമായ യാതൊരു നിയതിയെയും സ്വീകരിക്കുന്നില്ല.

൪൩൮. ഈ പ്രകടനങ്ങൾക്കു വിപരീതമായുള്ള ഏതൊരു പ്രവൃത്തിയും ചീത്തയാകുന്നു; അതുപോലെതന്നെ വിചാരങ്ങളും. ജീവൻ തന്റെ യഥാർത്ഥഭാവത്തെ വെളിപ്പെടുത്തുന്നതിനു് അനുകൂലമായി നില്ക്കുന്ന ഓരോ പ്രവൃത്തിയും ഓരോ വിചാരവും നല്ലതുതന്നെ.

൪൩൯. ഹാ, ഈ ലോകം വർത്തിക്കുന്നു! ഈശ്വരൻ ഇല്ല എന്നു പറയുന്ന മനുഷ്യൻ മൂഢൻതന്നെയാണു്. ലോകം എന്നു് ഒന്നുണ്ടെങ്കിൽ അതിനു് ഒരു കാരണം ഉണ്ടായിരിക്കണം. അതു തന്നെ ദൈവം എന്നു പറയപ്പെടുന്നതു്. കാരണം ഒന്നു് ഉണ്ടെന്നു് അറിഞ്ഞില്ലെങ്കിൽ, നിനക്കു കാര്യം ഒന്നുംതന്നെ ഉണ്ടാകുന്നതല്ല. ഈ ലോകം മറയുമ്പോൾ മാത്രമേ ദൈവം മറയുകയുള്ളു. അപ്പോൾ നീ തന്നെ ദൈവമായി ഭവിക്കും. അതിനുപിന്നെ ഈ ലോകം നിനക്കില്ല.

൪൪൦. മതവിഷയങ്ങളിൽ ഹിന്തുക്കൾ എപ്പോഴും അമിതവാദത്തെത്തന്നെ സ്വീകരിക്കുന്നു. കൈകൾ വാടിമരിച്ചു വീഴുന്നതുവരെ, അവർ കൈകളെ ഉയർത്തിപ്പിടിച്ചുകൊണ്ടു നിൽക്കുന്ന മനുഷ്യരെ നി

ങ്ങൾക്കു കാണാം. കാലുകൾക്കു വീക്കംതട്ടുന്നതുവരെ നിൽക്കുന്ന മനുഷ്യരുമുണ്ട്. അവർ ജീവിച്ചിരുന്നാൽ ആ നിലയിൽ കാലുകൾ മരവിക്കും; അതിനുശേഷം അവർക്ക് ആ കാലുകളെ വളയ്ക്കുവാൻ സാധിക്കുകയില്ല; തങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ അതേ നിലയിൽ നിൽക്കേണ്ടതായിവരും. ഇങ്ങനെ കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്ന ഒരു മനുഷ്യനെ ഞാൻ ഒരിക്കൽ കണ്ടു. അദ്ദേഹം ആദ്യം അങ്ങനെ ഉയർത്തിപ്പിടിച്ചു തുടങ്ങിയപ്പോഴത്തെ അവസ്ഥ എന്തായിരുന്നുവെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അതു ഭയങ്കരമായ ഒരു ആത്മഹത്യയ്ക്കു തുല്യമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഒരു നദിക്കരയിൽ ചെന്നു വെള്ളത്തിൽ ഇറങ്ങി നിൽക്കത്തക്കവണ്ണം അതു് അദ്ദേഹത്തെ എരിപൊരിക്കൊള്ളിച്ചു. വെള്ളത്തിൽ ഇറങ്ങി നിന്നപ്പോൾ അല്പം ശാന്തതയുണ്ടായി. ഒരു മാസത്തിനു ശേഷം അതുവലിയ കഷ്ടത അനുഭവിക്കേണ്ടിവന്നില്ല. അത്ര കഷ്ടപ്പെട്ടു പ്രയത്നിച്ചു സിദ്ധികളെ സമ്പാദിക്കണം.

൪൭. “നല്ല സംസ്കാരങ്ങളെക്കൊണ്ട് അപാരമായ ശക്തിയെ സമ്പാദിക്കാൻ കഴിവുള്ളവർ മരിക്കേണ്ടതായി വരികയി”ല്ലെന്നും “ഈ ജന്മത്തിൽത്തന്നെ അവരുടെ മനുഷ്യശരീരങ്ങളെ ദേവശരീരങ്ങളാക്കാൻ സാധിക്കു”മെന്നും യോഗികൾ അഭിപ്രായപ്പെടുന്നു.

൪൮. നാം യാതൊന്നിനെയും കണ്ണുമടച്ചുകൊണ്ട് പിന്തുടരരുത്. യോഗി വിവാദാവസ്ഥയെക്കടന്നു പറയപ്പെടാത്ത അചഞ്ചലാവസ്ഥയെ പ്രാപിക്കുന്നു. അവന്റെ പിന്നത്തെ ഉദ്യമം ആ നിലയെ ദൃഢീഭൂതമാക്കുകയാകുന്നു. വല്ലവരും വാദിക്കാനായി നിന്റെ സമീപത്തുവന്ന് ഉപദ്രവിച്ചാൽ, “വാദിക്കരുത്; മൗനത്തെ അവലംബിക്കുക!” എന്നു യോഗി അഭിപ്രായപ്പെടുന്നു. യാതൊരു ന്യായത്തിനും സമാധാനം പറയരുത്. ശാന്തതയോടെ പൊയ്ക്കൊൾക! എന്തുകൊണ്ടെന്നാൽ വാദം മനസ്സിനെ കലക്കുകയത്രേ ചെയ്യുന്നുള്ളു. അത്യാവശ്യമായി വേണ്ട ഒരു സംഗതി ബുദ്ധിയെ അഭ്യസിപ്പിക്കുകയാകുന്നു. നേരമെറിച്ച് അതിനെ നിഷ്പ്രയോജനമായി ചെലവഴിക്കുന്നതുകൊണ്ട് എന്തുഫലം? ബുദ്ധി ഒരു ബലഹീനമായ ആയുധമാണ്. ഇന്ദ്രിയവിഷയങ്ങളായ അറിവിനെ മാത്രമേ അതു നമുക്കു തരുന്നുള്ളു. യോഗിയാകട്ടെ ഇന്ദ്രിയങ്ങളെക്കടന്നു ചെല്ലുവാൻ യതിക്കുന്നു. അതുകൊണ്ട്, അവനു ബുദ്ധിയുടെ സഹായം വേണ്ട.

൪൯. നിന്റെ മനസ്സിലുള്ള ഓരോ വിചാരത്തിനും മറ്റൊരു ഭാഗത്ത് ഓരോ വാക്കുമുണ്ട്. വാക്കും വിചാരവും പിരിക്കപ്പെടാൻ

പാടില്ലാത്തവയാണ്. ഒരു വിഷയത്തിന്റെ ബഹിർഭാഗത്തെ നാം പദം എന്നു പറയുന്നു; അന്തർഭാഗത്തെ വിചാരമെന്നും പറയുന്നു. ഏതൊരു വിഭജനക്രിയകൊണ്ടും വിചാരത്തെ വാക്കിൽനിന്നും വേർപെടുത്താൻ ഏതൊരുവനും സാധിക്കുന്നതല്ല. "ഭാഷയാകട്ടെ മനുഷ്യനാൽ സൃഷ്ടിക്കപ്പെട്ടതാണ്; ചില മനുഷ്യർ യോജിച്ചിരുന്നു വാക്കുകളെ സൃഷ്ടിച്ചതാണ്." ഈ അഭിപ്രായം തെററാണെന്നു സമർത്ഥിച്ചു കഴിഞ്ഞു. മനുഷ്യൻ ഉണ്ടായപ്പോൾ തുടങ്ങി ഭാഷയും നിലനിന്നുപോരുന്നു. വിചാരത്തിനും വാക്കിനും തമ്മിൽ എന്തു സംബന്ധം? എപ്പോഴും ഒരു വിചാരത്തോടുകൂടി ഒരു വാക്കും ഉണ്ടായിരിക്കതന്നെ വേണമെന്നു നാം ഗ്രഹിക്കുന്നതായാലും ആ വിചാരത്തിനു ആ പദംതന്നെ വേണമെന്ന നിർബന്ധം അനാവശ്യമായിരിക്കും. നാട് ഇരുപതായാലും വിചാരം ഒന്നുതന്നെ; ഭാഷ പലതും.

൪൪൭. ഒരുവൻ എപ്പോഴെങ്കിലും ഒരു ഉയർന്ന പടിയിലെത്തിയാൽ, എല്ലാവർക്കും അതിനു സാധിക്കുമെന്നുള്ളതിന് അതുതന്നെ ദൃഷ്ടാന്തമാണ്.

൪൪൮. പുസ്തകവുമായി പിരിയാതിരിക്കുക മനുഷ്യമനസ്സിനെ അധഃപതിപ്പിക്കുകയായിരിക്കും.

൪൪൯. യോഗശാസ്ത്രം ഉദ്ബോധിപ്പിക്കുന്നതെന്തു? ഈ അറിവുകളെല്ലാം ന്യായവാദത്തിന്റെ അപ്പുറത്തുനിന്നും ഉണ്ടാകുന്നതാണെന്നും, അവയുടെ ഉത്ഭവസ്ഥാനം താങ്കളുടെ ഹൃദയമാണെന്നും യോഗികൾ അഭിപ്രായപ്പെടുന്നതു ശരിയാണെന്നാണ്.

൪൫൦. മനുഷ്യനിലുള്ള ശക്തികളിൽവച്ചു ഏതൊന്നിനെ "ഓജസ്സ്" എന്നു യോഗികളാൽ വിധിക്കപ്പെടുന്നുവോ, അതുതന്നെ ഏററവും ശ്രേഷ്ഠമായിട്ടുള്ളതെന്ന് അവർ അഭിപ്രായപ്പെടുന്നു. ഇപ്പോൾ ഈ ഓജസ്സിനെ തലച്ചോററിൽ ചേർത്തു വയ്ക്കുന്നു. ഒരു മനുഷ്യന്റെ തലച്ചോററിൽ എത്രകണ്ടു ഓജസ്സുണ്ടോ, അത്രകണ്ടു അവൻ ശക്തനായി ഭവിക്കുന്നു; അത്രകണ്ടു അവൻ ബുദ്ധിമാനായി ഭവിക്കുന്നു; അത്രകണ്ടു അവൻ ആത്മശക്തിയുള്ളവനായിത്തീരുന്നു. ഒരുവൻ മനോഹരങ്ങളായ വിചാരങ്ങളെപ്പററി മനോഹരമായ ഭാഷയിൽ സംസാരിക്കാം; എന്നാൽ ജനങ്ങളുടെ മനസ്സിൽ അവ ദൃഢമായി പതിയുന്നില്ല. മറെറാരുത്തൻ പ്രസംഗിക്കുന്ന ഭാഷ മനോഹരമല്ലെന്നുവരാം; എന്നിരുന്നാലും അവന്റെ വാക്കുകൾ പരിഭ്രമിപ്പിക്കത്തക്കവയായിരിക്കും. അവന്റെ ഓരോ പ്രവൃത്തിയും ശക്തിയുക്തമായിരിക്കും. അതുതന്നെ 'ഓജ'സ്സിന്റെ ശക്തി.

൪൮൮. മനുഷ്യശക്തിയിൽനിന്നും ഇന്ദ്രിയദ്വാരേണ പുറത്തു പോകുന്ന ശക്ത്യംശങ്ങളെ അടക്കിബ്ഭരിക്കുമ്പോൾ അതു് 'ഓജസ്സാ'യി പരിണമിക്കുന്നു.

൪൮൯. ഓജസ്സിനെ തലച്ചോറിൽ കൊണ്ടുചെന്നെത്തിക്കാൻ ജിതേന്ദ്രിയന്മാർക്കു മാത്രമേ സാധിക്കൂ. അതിനാലത്രേ ബ്രഹ്മചര്യം തുലോം ഉൽകൃഷ്ടമെന്നു കരുതപ്പെടുന്നതു്.

൪൯൦. കുണ്ഡലിനീശക്തിയെ ഉൽപതിപ്പിക്കുകയാണു്, ഈശ്വരനെ പ്രാപിക്കാൻ, പ്രജ്ഞാതീതദർശനം സിദ്ധിക്കുവാൻ, ആത്മാനുഭൂതിയുണ്ടാകാനുള്ള ഏകമാർഗ്ഗം. അപ്രകാരം കുണ്ഡലിനിയെ ഉണർത്താൻ പലപ്രകാരത്തിൽ സാധിക്കും. ഈശ്വരഭക്തികൊണ്ടും, പരിപൂർണ്ണന്മാരായ മഹാത്മാക്കളുടെ കൃപാകടാക്ഷത്താലും, അഥവാ തത്വജ്ഞാനിയുടെ വിഭജനശക്തികൊണ്ടും സാധിക്കാം.

൪൯൧. ഒരു മനുഷ്യനു പ്രാണനെ പൂർണ്ണമായിഅറിഞ്ഞു് അടക്കാൻ സാധിക്കുമെങ്കിൽ ഭൂമിയിൽ ഏതൊരു ശക്തിയാണു് അവനേറ്റതല്ലാത്തതായിട്ടുള്ളതു്? സൂര്യനെയും നക്ഷത്രങ്ങളെയും സ്ഥാനഭ്രഷ്ടങ്ങളാക്കാൻ അവനുശക്തിയുണ്ടായിരിക്കും; പരമാണുമുതൽ സൂര്യഗോളംവരെയുള്ള പ്രപഞ്ചത്തിലെ സകലവസ്തുക്കളെയുംഅടക്കി ബ്ഭരിക്കാനുള്ള ശക്തി അവനു് ഉണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ അവനു പ്രാണനെ അടക്കാൻ കഴിയും; ഇതത്രെ പ്രാണായാമത്തിന്റെ അവസാനം.

൪൯൨. പ്രാണനെ അറിഞ്ഞവൻ പ്രപഞ്ചത്തിലുള്ള മാനസികശക്തികളെ, അഥവാ സ്ഥൂലശക്തികളെയെല്ലാം അറിഞ്ഞവനായിത്തീരുന്നു. പ്രാണനെ അടക്കിയവൻ, തന്റെ മനസ്സിനെയും പ്രപഞ്ചത്തിലുള്ള എല്ലാ മനസ്സുകളെയും അടക്കിയവനായി ഭവിക്കുന്നു. പ്രാണനെ അടക്കിയവൻ, തന്റെ ശരീരത്തെയും മററുള്ള സകലശരീരങ്ങളെയും അടക്കിയവനായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ പ്രാണൻ ശക്തിയുടെ പൊതു പ്രകടനമാകുന്നു.

൪൯൩. "ജാതിയുടെനാശം സമുദായനാശത്തിനു കാരണമായിത്തീരും" എന്നുപറയുന്നു; ദീർഘകാലമായി നിലനിന്നുപോരുന്ന സമുദായചരിത്രത്തെ അവർ സധൈര്യം തെളിവുതരുന്നു.

൪൯൪. ഒരുരാജാവു് ഉണ്ടായിരുന്നു. ആ രാജാവിന്റെ മുമ്പിൽ മുഖസ്തുതികൊണ്ടു് ജീവിച്ചുപോന്ന പലരുമുണ്ടായിരുന്നു. അവരി

ൽ ഓരോരുത്തരും, തന്റെ രാജാവിനുവേണ്ടി ജീവനെപ്പോലും ബലി കൊടുക്കാൻ താൻ തയ്യാറാണെന്നും താൻ ഒരുവൻമാത്രമാണു് രാജാവിന്റെ വിശ്വസ്തനായ സേവകനെന്നും ഘോഷിച്ചുപോന്നു. അങ്ങനെയിരിക്കെ ഒരുദിവസം ഒരു സന്ന്യാസി രാജാവിന്റെ അടുക്കൽ ചെല്ലുന്നതിനിടയായി തന്റെ പാർഷദന്മാരെപ്പോലെയുള്ള യോഗ്യന്മാർ രാജാക്കന്മാരിൽ മററാർക്കും ഇതുവരെ കിട്ടിയിട്ടില്ലെന്നു രാജാവു സന്ന്യാസിയോടു് അഭിപ്രായപ്പെട്ടു. സന്ന്യാസി, താൻ അതു വിശ്വസിക്കുന്നില്ലെന്നു മന്ദഹാസത്തോടുകൂടി രാജാവിനോടു പറഞ്ഞു. "എന്നാൽ നമുക്കൊന്നു പരീക്ഷിച്ചുകളയാം" എന്നായി രാജാവു്. സന്ന്യാസി അപ്രകാരം സമ്മതിച്ചു; താൻ ഒരു യാഗം നടത്താൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതു രാജാവിന്റെ ശ്രേയസ്സിനു് ദൈർഘ്യം നൽകുമെന്നും എന്നാൽ രാജാവിന്റെ പാർഷദന്മാർ എല്ലാവരും ഒരു നിബന്ധനയെ അനുസരിക്കണമെന്നും ഒരു ചെറിയ കുളം വെട്ടി, ഓരോരുത്തരും ഓരോ കുടം പാൽവീതം അർദ്ധരാത്രിയിൽ ആ കുളത്തിൽ കൊണ്ടുചെന്നു് ഒഴിക്കണമെന്നും ആവശ്യപ്പെട്ടു. രാജാവു് അതുകേട്ടു് "ഇതാണോ നിബന്ധന! ഇതെത്ര നിസ്സാരം" എന്നു പറഞ്ഞു്, തന്റെ പാർഷദന്മാരെയെല്ലാം വിളിച്ചുവരുത്തി വിവരം ധരിപ്പിച്ചു. അവർ സന്തോഷപുരസ്സരം, അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു മടങ്ങിപ്പോയി. അപ്പോൾത്തന്നെ കുളം കുഴിച്ചു തയ്യാറാക്കി. പാർഷദന്മാർ അർദ്ധരാത്രിയിൽ ഓരോരുത്തരായി ഓരോ കുടം പാൽവീതം കൊണ്ടുപോയി കുളത്തിൽ ഒഴിച്ചു. പക്ഷേ, അടുത്ത ദിവസം രാവിലെ നോക്കിയപ്പോൾ വെള്ളമല്ലാതെ പാലിന്റെ ലാഞ്ഛനംപോലും ഉണ്ടായിരുന്നില്ല. രാജാവു് ഉടനെ എല്ലാവരെയും വിളിച്ചുകൂട്ടി വിവരം ചോദിച്ചു. ആർക്കും സമാധാനമുണ്ടായില്ല. "അനവധി ആളുകൾ കൊണ്ടുചെന്നു ഒഴിക്കുന്ന പാലിന്റെ കൂട്ടത്തിൽ എന്റെ ഒരു കുടം വെള്ളം എങ്ങനെ തിരിച്ചറിയാനാണു്, എന്നു് ഓരോരുത്തരും വിചാരിച്ചതല്ലാതെ മറെറാന്നും ഉണ്ടായില്ല" എന്നു സന്ന്യാസി സമാധാനം പറഞ്ഞു.

൪൭൩. ഹൃദയം ലക്ഷ്യത്തിൽ ചെന്നുചേരുന്നു. ഹൃദയത്തെ പിന്തുടരുക! പരിശുദ്ധമായ ഹൃദയം ബുദ്ധിക്കു് അപ്പുറത്തു നോക്കുന്നു; അതു സ്നേഹത്തെ സമ്പാദിക്കുന്നു. ബുദ്ധിക്കു് അറിവാൻ കഴിയാത്ത വിഷയങ്ങളെ ഹൃദയം അറിയുന്നു. പരിശുദ്ധമായ ഹൃദയവും ബുദ്ധിയും തമ്മിൽ കലഹം നേരിട്ടുവിച്ചാൽ, ഹൃദയത്തിന്റെ പ്രവൃത്തി ന്യായരഹിതമാണെന്നു വിചാരിച്ചാൽത്തന്നെയും, നീ എപ്പോഴും പരിശുദ്ധ ഹൃദയത്തിന്റെ ഭാഗത്തു നിൽക്കുക.

൪൭൪. "ഈശ്വരൻ ഉണ്ടെന്നുള്ളതിനു് പ്രമാണമെന്തു്?" പ്രത്യക്ഷദർശനമാണു്.

൪൰൭. ദേവന്മാക്ക് കർമ്മം ഇല്ല; മനുഷ്യൻമാത്രമേ കർമ്മം ചെയ്യുന്നുള്ളു. കർമ്മം, കാര്യത്തെ ഉണ്ടാക്കുന്ന പ്രവൃത്തിയാകുന്നു. ഒരുവൻമരിച്ചു ദേവനായിക്കഴിഞ്ഞാൽ അവനു സുഖാനുഭവത്തിനുമാത്രാകാലം ഉണ്ടായിരിക്കും; അപ്പോൾ അവൻ പുതിയകർമ്മംചെയ്യുന്നില്ല. മുമ്പേചെയ്തകർമ്മങ്ങളുടെ ഫലമാണ് അപ്പോൾ അനുഭവിക്കുന്നതു്. സൽകർമ്മത്തിന്റെ ഫലംമുഴുവൻ അവിടെ അങ്ങനെ അനുഭവിച്ചുതീന്നാൽ, അപരകർമ്മം ഫലത്തെ വിളയിച്ചുതുടങ്ങുന്നു; അവൻ ഭൂമിയിൽ വന്നുചേരുന്നു; വീണ്ടും അവൻ മനുഷ്യനാകുന്നു. അവൻ ഉൽകൃഷ്ടകർമ്മങ്ങളാൽ, തന്നെ പരിശുദ്ധനാക്കിച്ചെയ്യുന്നുവെങ്കിൽ, അവനു ബ്രഹ്മലോകത്തിൽ ചെന്നുചേരാം; മടങ്ങിവരേണ്ടാ.

൪൰൮. നിർഗ്ഗുണബ്രഹ്മോപാസന എന്നുവച്ചാൽ എന്താണ്? "ഹേ! പ്രഭോ! ഞാൻ യാതൊന്നുമില്ലാത്തവനാണ്; എന്നിൽ കൃപയുണ്ടാകണം" ഇത്തരം അടിമത്തം അവിടെയില്ല. ഇംഗ്ലീഷിൽ തർജ്ജമചെയ്തിട്ടുള്ള പഴയപാരസികകവിത നിങ്ങൾക്കു പരിചയമുണ്ടായിരിക്കാം. "ഞാൻ എന്റെ പ്രേമഭാജനത്തെ കാണാൻവന്നു; കതക് അടച്ചിരുന്നു. ഞാൻ കതകിനുതട്ടി. 'ആരത്?' എന്നൊരു ശബ്ദം ഉള്ളിൽനിന്നും മുഴങ്ങി. ഞാൻ ഇന്നാരാണെന്നു വിളിച്ചുപറഞ്ഞു. കതകുതുറന്നില്ല. ഞാൻ മടങ്ങിപ്പോയിട്ടു രണ്ടാമതും വന്നു; കതകിനുതട്ടി. ആദ്യത്തെചോദ്യം വീണ്ടും ഉണ്ടായി. ആദ്യത്തെ സമാധാനംതന്നെ ഞാനും പറഞ്ഞു. കതകുതുറന്നില്ല. മൂന്നാംപ്രാവശ്യവും ഞാൻ വന്നു കതകിനുതട്ടി. 'ആരത്?' എന്ന ചോദ്യം ഈ പ്രാവശ്യവും ഉണ്ടായി. 'എന്റെ പ്രേമഭാജനമേ! ഞാൻ നീതന്നെ' എന്തായിരുന്നു എന്റെ ഈ പ്രാവശ്യത്തെ സമാധാനം. അത്തെനിമിഷത്തിൽ കതകുതുറക്കപ്പെട്ടു." നിർഗ്ഗുണോപാസന സത്യത്തിന്റെ അടിസ്ഥാനമാണ്. സത്യം എന്ത്? "ഞാനത്രേ അവൻ" ഇതത്രേ സത്യം.

൪൰൯. ഒരേഈശ്വരഭാവംതന്നെയാണ് എല്ലാറ്റിന്റേയും പിറകേ കാണപ്പെടുന്നതു്. ഇതിൽനിന്നും സദാചാരത്തിനു മാർഗ്ഗം ലഭിക്കുന്നു. മറെറാരാളിനു ഹിംസ നേരിടുവിക്കരുതു്. എല്ലാവരേയും നിന്നെപ്പോലെ കരുതി സ്നേഹിക്കുക. ജഗത്തുമുഴുവൻ ഒന്നാണ്. ഞാൻ മറൊരാളിനെ ഉപദ്രവിക്കുന്നതു് എന്നെത്തന്നെ ഉപദ്രവിക്കയാണ്; ഞാൻ വേറൊരാളിനെ സ്നേഹിക്കുന്നതു് എന്നെത്തന്നെ സ്നേഹിക്കയാണ്.

൫൰. ശ്വാസം പ്രാണന്റെ ഒരു കാര്യമാകുന്നു.

൫൰൧. നാം ഈശ്വരന്റെ ഒരു ഭാഗം മാത്രമേ കാണുന്നുള്ളൂ.

നാം പ്രപഞ്ചത്തിന്റെ ഒരു ഭാഗംമാത്രം കാണുന്നതുപോലെയാണതു്. മറ്റൊക്കെ അറിവിൽനിന്നും അതീതമാണു്.

ർന്ദ. ശാസ്ത്രങ്ങളെക്കടന്നുചെല്ലുക! പ്രകൃതിവരെ മാത്രമേ തിളങ്ങൾവരെ മാത്രമേ, അവ ഉദ്ബോധനം ചെയ്യുന്നുള്ളു. നാം അവയെക്കടന്നുചെന്നാൽ, സമാധാനത്തെ കാണുന്നു; അതിനു മൃതിയില്ല.

ർ൧ന. നമ്മുടെ ശാസ്ത്രങ്ങളിൽ എവിടെയെല്ലാം 'ഈശ്വരൻ' എന്ന പദത്തെ ഉപയോഗിച്ചിട്ടുണ്ടോ, അവിടെയെല്ലാം ആ പദത്തിന്റെ അർത്ഥം, "മുക്തിയെ പ്രാപിച്ച മനുഷ്യവർഗ്ഗം" എന്നു കപിലൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ർന്ര. മൂന്നു വസ്തുക്കളുണ്ടു്. അഖണ്ഡമായി, എന്നാൽ പരിവർത്തനം ഉള്ളതായി ഇതാ, പ്രകൃതി കാണപ്പെടുന്നു! പ്രകൃതി ആദിയും അന്തവും ഇല്ലാത്തതാണു്. എന്നാൽ അതിനുള്ളിൽ അനേകമാറ്റങ്ങളുണ്ടു്. അനേകായിരം വർഷങ്ങളായി സമുദ്രത്തിൽ ഒഴുകിവീണുകൊണ്ടിരിക്കുന്ന നദിയെപ്പോലെയാണതു്. അതു് എപ്പോഴും ഒരേ നദിതന്നെ; എന്നാൽ, ഓരോ നിമിഷത്തിലും അതു മാറിക്കൊണ്ടിരിക്കുന്നു. ജലകണങ്ങൾ തങ്ങളുടെ സ്ഥാനത്തെ അനസ്യൂതമായി മാറിക്കൊണ്ടിരിക്കുന്നു. പിന്നീടു പരിവർത്തനമില്ലാത്തതായി അധിനായകമായി ദൈവം വർത്തിക്കുന്നു. ദൈവത്തെപ്പോലെ പരിവർത്തനമറ്റതും അധിനായകത്തിന്റെ ഭരണത്തിലുൾപ്പെട്ടതുമായി ആത്മാവു വർത്തിക്കുന്നു. ഒന്നു് യജമാനനും മറ്റതു ഭൃത്യനും. മൂന്നാമതു പ്രകൃതി.

ർന്ര൭. പുസ്തകങ്ങൾ ഒരു കാലത്തും മതങ്ങളെ ഉണ്ടാക്കിയിട്ടില്ല. എന്നാൽ മതങ്ങൾ പുസ്തകങ്ങളെ ഉണ്ടാക്കുന്നു നമുക്കു് അതു മറക്കുവാൻ പാടില്ല. യാതൊരു പുസ്തകവും യാതൊരിക്കലും ഈശ്വരനെ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഈശ്വരനാണു് എത്ര വലിയ ഗ്രന്ഥങ്ങൾക്കും ആശയം കൊടുത്തതു്. ഏതൊരു ഗ്രന്ഥവും ആത്മാവിനെ സൃഷ്ടിച്ചിട്ടില്ല. നാം അതു മറന്നുകൂട. സകലമതങ്ങളുടെയും ലക്ഷ്യം ആത്മാവു് ഈശ്വരാനുഭൂതിയെ പ്രാപിക്കുക എന്നുള്ളതാണു്. അതു മാത്രമാണു് സർവ്വസമതപമതം.

ർന്ന്ന. ഒരുവൻ ലോകത്തിലുള്ള എല്ലാ ദേവാലയങ്ങളിലും വിശ്വാസമുള്ളവനായിരിക്കാം. ഇതേവരെ രചിക്കപ്പെട്ടിട്ടുള്ള പരിശുദ്ധഗ്രന്ഥങ്ങളെ എല്ലാം അവൻ തന്റെ തലയിന്മേൽ ചുമന്നു നടക്കുന്നുണ്ടാവാം. ലോകത്തിലുള്ള പരിശുദ്ധ നദികളിലെല്ലാം കുളിച്ചിട്ടു

ണ്ടെന്നും വരാം. എന്നിരുന്നാലും, അവന് ഈശ്വരദർശനം സിദ്ധിച്ചിട്ടില്ലെങ്കിൽ, ഞാൻ അവനെ ഒരു മുഴുത്തനാസ്തികനെന്നേ പറയുകയുള്ളൂ.

൪൫൭. യഥാർത്ഥമായ ഉപദേശത്തിന്റെ പ്രഥമലക്ഷണം ആ ഉപദേശം ന്യായവിരോധമായിരിക്കയില്ലെന്നുള്ളതാണ്.

൪൫൮. യുക്തിക്ക് അല്പദൂരമേ ചെല്ലാൻ സാധിക്കൂ; പിന്നീട് നില ഉറപ്പിക്കും. അതിനപ്പുറം പോകാൻ സാധിക്കയില്ല; അവിടുന്നു മുമ്പോട്ടു നടത്താൻ ശ്രമിച്ചാൽ വലിയ കുഴപ്പത്തിനിടയാകും. യുക്തി, യുക്തിയല്ലാത്തതായിത്തീരും. തർക്കം ചുററി ചുററി വന്ന് വാദപ്രതിവാദമായിത്തീരും.

൪൫൯. ജഡം എന്നതു് എന്തു്? ശക്തിയാൽ ബാധിക്കപ്പെടുന്നതു്; ശക്തി എന്തു്? ജഡത്തെ ബാധിക്കുന്നതു്.

൪൬൦. നമ്മെ രൂപമുള്ളവരാക്കിത്തീർത്തിരിക്കുന്നതെന്തു്? വ്യത്യാസം. പരിപൂർണ്ണസമത്വം നമ്മുടെ നാശമായിത്തീരും.

൪൬൧. ഈ പ്രപഞ്ചത്തിൽ വ്യത്യസ്തതനടമാടാൻ കാരണമെന്തു്? സമത്വമില്ലായ്മ. ഈ പ്രപഞ്ചം ഒടുങ്ങിയാൽ മാത്രമേ ഒരേ ഭാവം ഉണ്ടാവുകയുള്ളൂ; ഇല്ലെങ്കിൽ അതു സാദ്ധ്യമല്ല.

൪൬൨. സഹായം വെളിയിൽനിന്നും കിട്ടുന്നില്ല; നമ്മുടെ ഉള്ളിൽനിന്നുതന്നെ അതുണ്ടാകുന്നു. പ്രപഞ്ചത്തിലുള്ള സകലദൈവങ്ങളെയും നോക്കി നിലവിളിക്കുവിൻ! ഞാൻ വളരെനാൾ അങ്ങനെ കരഞ്ഞിട്ടുണ്ടു്. ഒടുവിൽ എനിക്കു സഹായംലഭിച്ചതായിക്കണ്ടു; പക്ഷെ, സഹായം ഉള്ളിൽനിന്നുമാണു സിദ്ധിച്ചതു്.

൪൬൩. എല്ലാ അറിവുകളും പ്രതിപ്രവൃത്തികളാൽ രൂപവൽകരിക്കപ്പെടുന്നു.

൪൬൪. സൃഷ്ടിക്ക് ആദി ഉണ്ടായിരിക്കാനിടയില്ല; അതു് ഒരു നിത്യപ്രസ്ഥാനമാണു്.

൪൬൫. ലക്ഷോപലക്ഷം ജനങ്ങൾ ചവിട്ടടിയിലിട്ടു മർദ്ദിക്കപ്പെടുന്നതെന്തിന്? അവർ പട്ടിണികിടക്കാൻ കാരണമെന്തു്? ഇവർ ഇങ്ങനെ കഷ്ടപ്പെടത്തക്കവണ്ണം ഒരു തെററും ചെയ്തിട്ടില്ലല്ലോ. ഇതിന് ഉത്തരവാദി ആര്? എനിക്ക് അതിൽ ഉത്തരവാദിത്വമില്ലെങ്കിൽ നിശ്ചയമായി ദൈവംതന്നെ ഉത്തരവാദിയാകണം. അതുകൊ

ണ്ടു്, ശരിയായ ന്യായം ഞാൻ അനുഭവിക്കുന്ന കഷ്ടതകൾക്കു ഞാൻ തന്നെ ഉത്തരവാദി എന്നുള്ളതാണു്. ഞാൻ ചക്രത്തെ ചലിപ്പിച്ചു കഴിഞ്ഞാൽ അതിന്റെ ഫലത്തിനു് ഉത്തരവാദി ഞാൻതന്നെ. എനിക്കു ദുഃഖത്തെ വിളയിക്കാൻ കഴിയുമെങ്കിൽ അതിനെ നശിപ്പിക്കാനും കഴിയും. ഇതിൽനിന്നും ഞാൻ സ്വതന്ത്രനാണെന്നു നിസ്സംശയമായി വെളിപ്പെടുന്നു. വിധി എന്നൊന്നില്ല. നമ്മെ നിർബന്ധിക്കാൻ ഒന്നുമില്ല. ഞാൻ ഉണ്ടാക്കിയതിനെ എനിക്കു കളയാൻ കഴിയും.

൪൬. ഏററവും താഴ്ന്നവസ്ഥകളിൽപോലുമുള്ള 'ആനന്ദം' "അവ"ന്റെ പ്രതിഫലനമാണു്. നല്ലതായിട്ടുള്ളതെല്ലാം 'അവ'ന്റെ പ്രതിഫലനമാണു്. ആ പ്രതിഫലനം ഇല്ലാത്തപ്പോൾ അതു് തീയതെന്നു പറയപ്പെടുന്നു.

൪൭. നാം ഏതൊന്നിനെയും ആത്മാവിന്റെ ആത്മാവായി അനുഭവിക്കുന്നുവെങ്കിൽ ദുഃഖമാകട്ടെ, പ്രതികാരമാകട്ടെ ഉണ്ടാകുന്നതല്ല. അതുതന്നെ പരിപൂർണ്ണമായ ആനന്ദം.

൪൮. പരമാർത്ഥമായിട്ടുള്ളതേതു്? ഒരിക്കലും പരിവർത്തനമില്ലാത്തതു്; മനുഷ്യന്റെ ആത്മാവു്; പ്രപഞ്ചത്തിന്റെ പിറകേയുള്ള ബ്രഹ്മസ്വരൂപം.

൪൯. മലപ്രമാണം കഷ്ടതകൾനേരിട്ടാലും എല്ലാവസ്ഥകളും ഭയങ്കരമായും ദുഃഖകാരണമായും തോന്നിയാലും, അതൊക്കെ മായയാണെന്നു് അറിയണം; ഭയപ്പെടേണ്ട, അതു് ഒഴിഞ്ഞുമാറുന്നതാണു്. അതിന്റെ പുറത്തുകയറിനിന്നു ചവിട്ടുക; അതു മരിച്ചുപോകും; ഭയപ്പെടേണ്ട. പലതവണ തെററി എന്നു വച്ചു് അന്യഥാ ചിന്തിക്കേണ്ട. കാലം അനന്തമാണു്. കുറെക്കൂടി കഴിയട്ടെ; വീണ്ടും വീണ്ടും നിന്നെ ധൈര്യപ്പെടുത്തിക്കൊൾക! ജീവൻ മാത്രമുണ്ടായിരിക്കണം. ലോകത്തിലുള്ള ഓരോരുത്തരോടും നിനക്കു് അപേക്ഷിക്കാം. എന്നാൽ നിന്നെ സഹായിക്കാനായി വരുവാൻ ആരുണ്ടു്? ഒരുത്തരാലും സഹായിക്കപ്പെടാൻ കഴിവില്ലാത്ത മരണത്തിനു് എന്തൊരു നിവൃത്തി? നീതന്നെ നിന്നെ സഹായിക്കണം. സ്നേഹിത! മററാർക്കും നിന്നെ സഹായിക്കാൻ സാധിക്കുകയില്ല. നീതന്നെ നിനക്കു മഹാശത്രുവാണു്. നീതന്നെ നിനക്കു വലിയ സ്നേഹിതനും. അതുകൊണ്ടു്, ആത്മാവിൽചേർന്നു നിൽക്കുക! എഴുന്നേററു നിൽക്കുക! ഭയപ്പെടേണ്ട. എല്ലാ കഷ്ടതകളുടെയും ബലഹീനതകളുടെയും മദ്ധ്യേ, ആദ്യം മങ്ങിയും മറഞ്ഞും തോന്നിക്കുമായിരിക്കാം; എന്നാൽ അതു വെളിയിൽ വരട്ടേ! നിനക്കു ധൈര്യം സിദ്ധിക്കും; ഒടുവിൽ നീ "അ

തു ഞാൻതന്നെ, അതുഞാൻതന്നെ" എന്നു സിംഹത്തെപ്പോലെ ഗർജ്ജിക്കും. "ഞാൻ പുരുഷനുമല്ല, സ്ത്രീയുമല്ല; ദേവനുമല്ല, പിശാചുമല്ല; മൃഗങ്ങളെയോ ചെടികളെയോ, അഥവാ വൃക്ഷങ്ങളെയോ സംബന്ധിച്ച യാതൊന്നുമല്ല; ഞാൻ നിർധനനുമല്ല, പണക്കാരനുമല്ല; പാമരനുമല്ല, പണ്ഡിതനുമല്ല. എനിക്കുള്ള പരമാത്മസ്ഥിതിയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഈ വസ്തുക്കളെല്ലാം എത്രനിസ്സാരം! 'ഞാൻ അതുതന്നെ' 'ഞാൻതന്നെ അതു്' സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുക! അവയിൽ പ്രകാശിക്കുന്ന ജ്യോതിസ്സ് ഞാനാണു്. അഗ്നിയിൽ മനോഹരമായി കാണപ്പെടുന്ന അംശം ഞാനാണു്. ജഗത്തിൽ ശക്തിയായി വിളങ്ങുന്നതും ഞാൻതന്നെ. എന്തുകൊണ്ടെന്നാൽ, ഞാൻതന്നെ അതു്'. 'ഞാൻഅതുതന്നെ"

൪൭൦. ആ ഏക വസ്തുവിന്റെ നാനാത്വത്തിൽ ഏതൊരുവൻ കാണുന്നുവോ, പരിവർത്തന ശീലത്തോടുകൂടിയ പ്രപഞ്ചത്തിൽ പരിവർത്തനമില്ലാത്ത ആ ഏക വസ്തുവിനെ ഏതൊരുവൻ കാണുന്നുവോ, ഏതൊരുവൻ അതിനെ തന്റെ ആത്മാവിന്റെയും ആത്മാവായി കാണുന്നുവോ, അവനുമാത്രമേ നിത്യശാന്തി ലഭിക്കുന്നുള്ളു; മറ്റാർക്കും സിദ്ധിക്കുന്നതല്ല.

൪൭൧. അവസാനമില്ലാതെ, അതേ അവസാനമില്ലാതെയുണ്ടു്; നമ്മുടെ ജീവിതാവസ്ഥ അതാണു്.

൪൭൨. "ചട്ടത്തെ ലംഘിക്കാൻ കഴിവുള്ളവർ ആരുണ്ടു്?" മനുഷ്യന്റെ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന ചോദ്യം ഇതാണു്. ചട്ടത്തെ ലംഘിക്കാവുന്നവർ ആരെങ്കിലും ഉണ്ടോ എന്നു നാം എപ്പോഴും അന്വേഷിക്കുന്നു. ഇരുമ്പുപാളത്തിൽക്കൂടി യന്ത്രം അതിവേഗത്തിൽ പോകുന്നു. ഒരു ചെറിയ പുഴു ആ മാർഗ്ഗത്തിൽനിന്നും ഇഴഞ്ഞുമാറി വെളിയിൽപോരുന്നു. നാം അതുകണ്ടു്, "യന്ത്രം മരിച്ച ജഡം; പുഴുവിനുജീവനുണ്ടു്" എന്നു വിധിക്കുന്നു. ആ പുഴു ചട്ടത്തെ ലംഘിക്കാൻ ശ്രമിച്ചു യന്ത്രത്തിനു എത്ര വലിയ ശക്തിയുണ്ടായിരുന്നിട്ടും, ചട്ടത്തെ ലംഘിക്കാൻ ഒരിക്കലും കഴിയുന്നില്ല. മനുഷ്യൻ ഉദ്ദേശിക്കുന്ന മാർഗ്ഗത്തിൽ കൂടി പോകത്തക്കവണ്ണം അതിനെ സജ്ജീകരിച്ചിരിക്കുന്നു. അതിനു മറ്റൊരു വഴിയിൽക്കൂടി പോകാൻ സാധിക്കുന്നതല്ല. എന്നാൽ പുഴു എത്ര ചെറുതായിരുന്നിട്ടും ചട്ടത്തെ ലംഘിച്ചു ജീവനെ രക്ഷിക്കാൻശ്രമിച്ചു.

൪൭൩. മതം എന്നുവച്ചാൽ അനുഭൂതിയാണു്, പ്രസംഗമല്ല; ആദർശവുമല്ല; മനോഹരങ്ങളായ സിദ്ധാന്തങ്ങളുമല്ല; അതു് ശ്രു

വർണ്ണവുമല്ല; സമ്മതവുമല്ല. അങ്ങനെയെല്ലാം സംഭവിച്ചുപോവുകയാണ്. ആത്മാവ് പൂർണ്ണമായി ഏതൊന്നിനെ വിശ്വസിക്കുന്നുവോ അതുതന്നെയായിത്തീരുന്നു. അതുതന്നെ മതം.

൪൮൪. ഈ ഏകാഗ്രശക്തി എത്രകണ്ടു കൂടുതലുണ്ടോ, അത്രകണ്ടു കൂടുതൽ അറിവിനെ സമ്പാദിക്കുന്നു. അറിവിനെ ഉണ്ടാക്കാൻ അതുതന്നെ ഏകമാർഗ്ഗം.

൪൮൫. സകലദുഃഖങ്ങളും കഷ്ടതകളും ബന്ധത്തിൽ നിന്നുമുണ്ടാകുന്നു.

൪൮൬. ഈ നാല് (കർമ്മം, ഭക്തി, യോഗം, ജ്ഞാനം) മാർഗ്ഗങ്ങളെക്കൊണ്ടും ശാന്തിയെ പ്രാപിക്കുകയാണ് മതസംബന്ധമായി ഞാൻ സ്വീകരിച്ചിരിക്കുന്ന ലക്ഷ്യം.

൪൮൭. വെളിയിലുള്ള ഗുരുവിന് എന്തുചെയ്യാൻകഴിയും? പ്രതിബന്ധങ്ങളെ അല്പം അകററിത്തരാൻ സാധിക്കും. അതോടുകൂടി അദ്ദേഹത്തിന്റെ കടമ തീരുന്നു. അതിനാൽ, കഴിയുമെങ്കിൽ നീതന്നെ സഹായിക്കുക! എന്നാൽ നശിപ്പിക്കരുത്! നിനക്കു ജനങ്ങളെ ആത്മീയന്മാരാക്കാൻ കഴിയുമെന്നുള്ള വിചാരം വിട്ടുകളയുക.

൪൮൮. നിനക്കു സാധിക്കുമെങ്കിൽ സഹായം ചെയ്യുക; സാധിക്കുകയില്ലെങ്കിൽ കൈകെട്ടി ഒതുങ്ങിനിന്ന്, കാര്യങ്ങൾ എങ്ങനെ നടക്കുന്നുവെന്നു നോക്കുക! നിനക്ക് ഉപകാരം ചെയ്യാൻ സാധിച്ചില്ലെങ്കിലും ഉപദ്രവം ചെയ്യരുത്. ഒരുവൻ ഒരു സിദ്ധാന്തത്തിൽ ദൃഢനിശ്ചയത്തോടുകൂടി പരമാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ, അതിനു വിപരീതമായി ഒരു വാക്കുപോലും പറഞ്ഞുപോകരുത്.

൪൮൯. ഈശ്വരൻ, വേറെ വേറെ പാത്രങ്ങളിൽ നിറയുന്ന ജലം പോലെയാണ്; ഈശ്വരദർശനം പാത്രത്തിന്റെ രൂപത്തിലായിരിക്കും.

൪൯൦. ത്യാഗവും ആത്മജ്ഞാനവും ഇന്ത്യയുടെ രണ്ടു മഹോദ്ദേശ്യങ്ങളാകുന്നു. ഭാരതം ഈ രണ്ടുദ്ദേശ്യങ്ങളെ മുറുകെപ്പിടിച്ചുംകൊണ്ട്, ഉറച്ചു നില്ക്കുന്നതിനാലാണ് അതിന്റെ തെററുകളെല്ലാമൊക്കെ നിസ്സാരമായിപ്പോകുന്നതു്.

൪൯൧. വ്യത്യസ്തത ജീവിതത്തിന്റെ അടയാളമാണ്; അതു് ഉണ്ടായിരിക്കുകതന്നെ ചെയ്യും.

൪൯൨. പരിവർത്തനമെന്നതു്, അടിക്കടി പരിവർത്തിക്കുന്നില്ലാത്ത, അല്ലെങ്കിൽ ചെറിയ പരിവർത്തനത്തോടുകൂടിയ വസ്തുവിനെ സംബന്ധിച്ചാണ്.

൪൯൩. ഓരോ ചെറിയ അംശവും, പ്രപഞ്ചത്തിലുള്ള ഓരോ അണുവും, ഇടവിടാതെ പരിവർത്തനവും ചലനവുമുള്ളതാകുന്നു. എന്നാൽ പ്രപഞ്ചത്തെ ഒന്നാകെ എടുത്താൽ പരിവർത്തനം ഇല്ലാത്തതായി കാണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ചലനം അല്ലെങ്കിൽ പരിവർത്തനം പരസ്പരസംബന്ധമുള്ള വിഷയമാണ്. ചലിക്കാത്ത ഒന്നിനോടു സാദൃശ്യപ്പെടുത്തിയാൽ മാത്രമേ ചലിക്കുന്ന ഒന്നിനെ വിചാരിക്കാൻ സാധിക്കൂ. ചലനത്തെ അറിവാൻ രണ്ടു സംഗതികൾ ആവശ്യമാണ്.

൪൯൪. ആരോ പറഞ്ഞു എന്ന കാരണത്താൽ ഇരുപത്തുകോടി ഈശ്വരന്മാരെ കണ്ണുമടച്ചു വിശ്വസിക്കുന്നതിൽഭേദം, മനുഷ്യവർഗ്ഗം ന്യായത്തെ മുൻനിർത്തി നാസ്തിക്യത്തെ സ്വീകരിക്കുന്നതാണ്. നാം ആഗ്രഹിക്കുന്നത് അഭിവൃദ്ധി, സ്വാനുഭൂതി. ഏതൊരു സിദ്ധാന്തവും ഒരുകാലത്തും മനുഷ്യനെ ഉയർത്തിയിട്ടില്ല. എത്ര പുസ്തകങ്ങൾ വായിച്ചാലും അവയ്ക്കു നമ്മെ പരിശുദ്ധരാക്കാൻ സാധിക്കയില്ല. ഉള്ളതായ ഒരു ശക്തി അനുഭവത്തിലാണ് ഉള്ളത്; അത് നമ്മളിൽ തന്നെ ഉള്ളതാണ്. ആലോചനയിൽനിന്നും ഉണ്ടാകുന്നു. മനുഷ്യർ ആലോചിക്കട്ടെ! ഒരു മൺകട്ട ഒരിക്കലും ആലോചിക്കുന്നില്ല. എന്നാൽ അതു മൺകട്ടയായിട്ടു തന്നെ ഇരിക്കുന്നു. മനുഷ്യൻ ആലോചനാശക്തിയോടുകൂടിയവനെന്നുള്ളതിലാണ് അവന്റെ മാഹാത്മ്യം അടങ്ങിയിരിക്കുന്നത്.

൪൯൫. കാഴ്ചയിൽ നാം വ്യത്യസ്തന്മാരായിരിക്കുന്നു. എന്നാൽ നമ്മുടെ പരമാർത്ഥം ഒന്നാണ്. ആ പരമാർത്ഥവസ്തുവിൽ നിന്നും നാം വേറെയല്ലെന്നു വിചാരിക്കാതിരിക്കുന്നിടത്തോളം നമുക്കു നല്ലതുതന്നെ.

൪൯൬. നാം സമഷ്ടിയിൽ നിന്നും വേറെയാണെന്ന് എത്രത്തോളം കൂടുതലായി കരുതുന്നുവോ, അത്രത്തോളം കൂടുതൽ ദുഃഖം ഉള്ളവരായിത്തീരുന്നു.

൪൯൭. "വിശ്വാസത്തെ കൈവിടുക!" എന്നു വേദാന്തം ഉപദേശിക്കുന്നു. നീ എന്തിനു വിശ്വസിക്കണം? എല്ലാം നിന്നിൽ അടങ്ങിയിരിക്കുന്നു. എല്ലാം നീതന്നെ ആകുന്നു. നീ ഏതിനെ വിശ്വസിക്കുന്നു? ഒരു രാജാവിനു ഭ്രാന്തു പിടിച്ച്, അയാൾ തന്റെ രാജ്യത്തെ രാജാവിനെ അന്വേഷിച്ചു നടന്നാൽ അയാൾക്ക് ഒരിക്കലും കാണാൻ സാധിക്കുന്നതല്ല. എന്തുകൊണ്ട്? രാജാവ് വേറെ ഇല്ലാത്തതുകൊണ്ടുതന്നെ. നാം തന്നെ ദൈവം എന്ന് അറിഞ്ഞിട്ട്, അതിനെ പുറമേ അന്വേഷിച്ച് അലയുന്ന മൂഢതയെ കൈവിടണം. ഈശ്വരൻ നാം തന്നെയാണെന്നു മനസ്സിലാക്കിയാൽ, നമുക്ക് ആനന്ദ

വും തൃപ്തിയും ഉണ്ടാകുന്നു. ഈ ഭ്രാന്തുപിടിച്ചുള്ള അന്വേഷണങ്ങളെ കൈവിടുക! നാടകപ്പന്തലിലെ ഒരു നടനെപ്പോലെ, പ്രപഞ്ചത്തിൽ നിനക്കുള്ള ജോലികളെ ചെയ്യുക!

൯൰൮. വേദാന്തത്തിന്റെ ലക്ഷ്യം ഒരൊററവാക്കിൽ പറയുകയാണെങ്കിൽ, തന്നെത്താൻ അറിയുകയാകുന്നു; "നിന്റെ സഹോദരനായ മനുഷ്യനെ, പ്രത്യക്ഷത്തിൽ കാണപ്പെടുന്ന ആ ദൈവത്തെ, നിനക്കു പൂജിക്കാൻ കഴിയുന്നില്ലെങ്കിൽ, പ്രത്യക്ഷത്തിലില്ലാത്ത ദൈവത്തെ നിനക്ക് എങ്ങനെ പൂജിക്കാൻ സാധിക്കും?" എന്നാണു വേദാന്തം ചോദിക്കുന്നത്.

൯൰൯. നിയതിയെ നിന്റെ ചുവട്ടടിയിലിട്ടു മർദ്ദിക്കുക! മനുഷ്യനു നിയതിയില്ല; വിധിഎന്നൊന്നില്ല. അഖണ്ഡത്തിൽ നിയതി കാണപ്പെടുന്നതെങ്ങനെ? സ്വാതന്ത്ര്യമാണ് അതിന്റെ പല്ലവി. സ്വാതന്ത്ര്യമാണ് ജന്മാവകാശം.

൱. വേദാന്തം പറയുന്നതുപോലെ, ഒരുവനു് ആ ദർശനം സിദ്ധിച്ചുകഴിഞ്ഞാൽ, അവൻ മുക്തനായ്ഭവിക്കുന്നു. ഈ ലോകത്തിൽ വസിപ്പാൻ യോഗ്യൻ അവൻ ഒരുവൻ മാത്രമാണ്; മററുള്ളവർ അതിലേക്ക് അർഹന്മാരല്ല. തിന്മയിലകാണുന്നവന് ഈ ലോകത്തിൽ എങ്ങനെ വസിക്കാൻ കഴിയും? അവന്റെ ജീവിതം ദുഃഖമയമായിരിക്കും. അപായങ്ങളെ കാണുന്നവന്റെ ജീവിതം ദുഃഖപൂർണ്ണമായിരിക്കും. മരണത്തെ കാണുന്നവന്റെ ജീവിതം ദുഃഖമയമായിരിക്കും. മുൻചൊന്നമനുഷ്യനു മാത്രമേ ഈ ലോകത്തിൽ വസിക്കാൻ സാധിക്കൂ. "ഞാൻ ഈ ജീവിതത്തിൽ സുഖിക്കുന്നു; ഞാൻ ഈ ജീവിതത്തിൽ ആനന്ദം അനുഭവിക്കുന്നു" എന്ന്, സത്യത്തെ, ഓരോന്നിലുമുള്ള പരമാർത്ഥത്തെ, കണ്ടവനു മാത്രമേ പറവാൻ സാധിക്കൂ!

൱൧. നമ്മുടെ ഹൃദയത്തിലും, എല്ലാ ജീവരാശികളിലും നമുക്ക് ഈശ്വരനെ കാണാൻ കഴിഞ്ഞില്ലെങ്കിൽ, നാം എവിടെച്ചെന്നാണ് അദ്ദേഹത്തെ കാണുന്നത്? "നീ തന്നെ പുരുഷൻ; നീ തന്നെ സ്ത്രീ; നീ തന്നെ യുവാവു്; നീ തന്നെ യുവതി; വടിയൂന്നി നടക്കുന്ന കിഴവനും നീ തന്നെ; താൻ ശക്തനാണെന്ന് അഹങ്കരിച്ചു നടക്കുന്ന ചെറുപ്പക്കാരനും നീ തന്നെ."

൱൨. ആത്മാവിനെ പ്രാപിച്ചു പരമാർത്ഥത്തെക്കണ്ട മനുഷ്യനിൽശേഷിച്ചുനിൽക്കുന്നതു്, കഴിഞ്ഞ ജന്മത്തിലെ നല്ല സംസ്കാരങ്ങളുടെ അവശേഷമാണു അവൻ ശരീരത്തിലിരുന്നു പ്രവർത്തിക്കുന്നതായാലും, അവന്റെ പ്രവൃത്തികൾ നന്മയ്ക്കായിട്ടായിരിക്കും; അവന്റെ അധരോഷ്ഠങ്ങൾ എല്ലാവൎക്കും ആശീർവാദത്തെ ഉച്ചരിക്കുകയായിരിക്കും; അവന്റെ കരങ്ങൾ സൽകർമ്മങ്ങളെ ചെയ്യുകയായിരിക്കും; അവ

ന്റെ മനസ്സ് സദ്വിഷയത്തെപ്പററി ചിന്തിക്കുകയായിരിക്കും; അവൻ എവിടെപ്പോയാലും ശരി, ജീവിച്ചിരുന്നാൽ അതുതന്നെ ആനന്ദത്തിന്ന കാരണമായിരിക്കും.

൭൰൩. മനുഷ്യമണ്ഡലത്തിലിരുന്നു നോക്കിയാൽ, ഭൂമിയായും സൂൎയ്യനായും ചന്ദ്രനായും നക്ഷത്രങ്ങളായും അതുപോലെയുള്ള മററു വസ്തുക്കളായും കാണപ്പെടുന്നത് ഈ പ്രപഞ്ചം തന്നെയാണ്. ദുഃഖമായ ഈ ഭൂമിയിലിരുന്നു നോക്കിയാൽ, ശിക്ഷ അനുഭവിക്കുന്നതിനുള്ള ഒരു സങ്കേതമായി കാണപ്പെടുന്നത് ഈ പ്രപഞ്ചമാകുന്നു.

൭൰൪. ജഡമില്ലാതെ, ശക്തികൊണ്ടു യാത്ര ചെയ്വാൻ സാധിക്കുകയില്ല.

൭൰൫. കാരണങ്ങളുടെ ഫലമായിട്ടുള്ളവയെല്ലാം നശിക്കുക തന്നെ വേണം.

൭൰൬. അഖണ്ഡമായ ഭാവി നിന്റെ മുമ്പിൽ തന്നെയുണ്ട്. നിന്റെ ഓരോ വാക്കും ഓരോ വിചാരവും നിനക്ക് ഒരു ഭണ്ഡാഗാരത്തെ രൂപവൽക്കരിക്കുന്നുവെന്നും ദുൎവ്വിചാരങ്ങളും ദുഷ്കൎമ്മങ്ങളും പുലികളെപ്പോലെ നിന്റെ ദേഹത്തിൽ പായുന്നതിനും സദ്വിചാരങ്ങളും സൽകൎമ്മങ്ങളും ഒരു ലക്ഷം ദേവദൂതന്മാരുടെ ശക്തിയോടുകൂടി നിന്നെ എപ്പോഴും സഹായിക്കുന്നതിനും തയ്യാറായി നില്ക്കുന്നുവെന്നും നീ സദാ ഓൎമ്മയിൽ വയ്ക്കേണം.

൭൰൭. ഒരേ മാൎഗ്ഗത്തിൽ കൂടിയേ അറിവിനെ സമ്പാദിക്കാൻ സാധിക്കൂ; അനുഭവത്തിൽ നിന്നല്ലാതെ സമ്പാദിക്കാൻ കഴിയുന്നതല്ല. അറിവാൻ വേറെ മാൎഗ്ഗമില്ല തന്നെ.

൭൰൮. ശൂന്യത്തിൽനിന്നും വന്നവൻ വീണ്ടും ശൂന്യത്തിൽ തന്നെ നിശ്ചയമായി ചെന്നുചേരണം. നീയോ ഞാനോ, ഈ ലോകത്തിലുള്ള മററാരെങ്കിലുമോ ശൂന്യത്തിൽനിന്നും വന്നവരല്ല; ശൂന്യത്തിൽ തിരിച്ചുചെന്നു ചേരുകയുമില്ല.

൭൰൯. ഒരുവൻ മരിക്കുമ്പോൾ, അവൻ തനിക്കു ശരീരത്തെ നൽകിയ ഭൂതങ്ങളിൽചെന്നുചേരുന്നു. ഈ ഭൂമി മരിച്ചാൽ, അതു തനിക്കു രൂപത്തെത്തന്ന ഭൂതങ്ങളിൽ മടങ്ങിച്ചെന്നുചേരുന്നു. ഇതാണ് അഴിവ് എന്നു പറയപ്പെടുന്നത്. കാരണത്തിൽ തിരിച്ചുചെന്നു ചേരുക.

൮൰. ജ്യോതിസ്സു പ്രകാശിക്കുന്തോറും തമസ്സു മാറിക്കൊണ്ടിരിക്കും; കെട്ടുകെട്ടായുള്ള അജ്ഞാനം ഒഴിഞ്ഞുമാറും. സൂൎയ്യൻ മാത്രം പ്രകാശിക്കുന്ന ഒരു കാലം അപ്പോൾ ഉണ്ടാകും.

൮൰൧. മതങ്ങളെല്ലാം പ്രകൃതിയെക്കടന്നുചെല്ലാൻ ശ്രമിക്കുന്ന പ്രയത്നങ്ങളാണ്. എല്ലാററിന്റെയും ലക്ഷ്യം ഒന്നുതന്നെ. എല്ലാം ഈ ബന്ധങ്ങളെ പൊട്ടിച്ചുചെല്ലാൻ യത്നിച്ചുകൊണ്ടിരിക്കുന്നു.

൧൱൮. എല്ലാവരുടെയും ജന്മാവകാശമായിട്ടുള്ളതും സ്വാഭാവികമായിട്ടുള്ളതുമായ ആ അഖണ്ഡശക്തിയെ അനുഭവത്തിൽ അറിവാൻ മതം ഒന്നുമാത്രമേ മാർഗ്ഗമായിട്ടുള്ളൂ. അതുകൊണ്ട്, ആ മാർഗ്ഗത്തിൽ കൂടി ശ്രമിക്കുക.

൧൱൯. ഈ ലോകത്തിൽ സുന്ദരിയായ സ്ത്രീ, വിരൂപനായ പുരുഷനെ സ്നേഹിക്കുന്നത് നാം എത്രയോ തവണ കണ്ടിരിക്കുന്നു! സുന്ദരനായ പുരുഷൻ വിരൂപയായ സ്ത്രീയെ സ്നേഹിക്കുന്നത് എത്രയോ പ്രാവശ്യം നാം കണ്ടിരിക്കുന്നു! ഈ ആകർഷണം എന്താവാം? നോക്കുന്നവരുടെ കണ്ണിൽ വിരൂപനായ പുരുഷനെ, അല്ലെങ്കിൽ വിരൂപയായ സ്ത്രീയെ മാത്രമേ കാണുന്നുള്ളൂ. എന്നാൽ കാമുകന്മാരുടെ അവസ്ഥ അതല്ല; അവർ കാമത്തിനു കാരണമായ ആ മനോഹരവസ്തുവിനെ കാണുന്നു. വിരൂപനായ പുരുഷനെ സ്നേഹിക്കുന്ന സ്ത്രീ, തന്റെ ഹൃദയത്തിലുള്ള സൌന്ദര്യമാകുന്ന ലക്ഷ്യത്തെ അവനിൽ എറിയുന്നു. അവൾ പൂജിച്ചു സ്നേഹിക്കുന്നതു വിരൂപനായ പുരുഷനെയല്ല; തന്റെ സ്വന്തം ലക്ഷ്യത്തെയാണ്.

൧൱൰. ഒരു ശിഷ്യൻ തന്റെ ഗുരുവിന്റെ അടുക്കൽ ചെന്ന്, "സ്വാമിൻ! എനിക്ക് ഉപദേശം തന്നാലും!" എന്ന് അപേക്ഷിച്ചു. ഗുരു അവനെ ഒന്നു നോക്കി; മിണ്ടിയില്ല; ഒന്നു പുഞ്ചിരിക്കമാത്രം ചെയ്തു. അവന്റെ യഥാർത്ഥമായ നില അവനെക്കാൾ ഗുരു മനസ്സിലാക്കി. അവൻ അടിക്കടി ചെന്ന് ഉപദേശത്തിനായിട്ട് അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. ഒരിക്കൽ ഉഷ്ണാധിക്യത്തോടുകൂടിയ ഒരു സമയത്ത്, അദ്ദേഹം ഉപദേശം നൽകാനായി അവനെ നദിയിലേക്കു കൂട്ടിക്കൊണ്ടുപോന്നു. ശിഷ്യൻ വെള്ളത്തിൽ ഇറങ്ങി മുങ്ങിക്കൊണ്ടു നിൽക്കുമ്പോൾ ഗുരു അടുത്തുചെന്ന് അവനെപ്പിടിച്ചു വെള്ളത്തിനടിയിൽ അമുഴ്ത്തിക്കൊണ്ടുനിന്നു. അവൻ പിടച്ചു തുടങ്ങിയപ്പോൾ അദ്ദേഹം പിടിവിട്ടും വച്ച്, അവൻ ഏറ്റവും വല്ലാതെ ബുദ്ധിമുട്ടിയത് എന്തിനായിട്ടാണെന്നു ചോദിച്ചു. "ഒരൊറ്റ ശ്വാസത്തിന്" എന്നായിരുന്നു അവന്റെ മറുപടി. ആ വിധത്തിൽ നീ ഈശ്വരനെ ആവശ്യപ്പെടുന്നുണ്ടോ? എങ്കിൽ അടുത്ത നിമിഷത്തിൽ നീ അദ്ദേഹത്തെ കാണും. വെള്ളത്തിനടിയിൽ വച്ച് വായുവിനായി നിനക്കുണ്ടായ തൃഷ്ണ, ഈശ്വരവിഷയത്തിൽ നേരിടുന്നതുവരെ നീ നിന്റെ ബുദ്ധിയുമായി, നിന്റെ പുസ്തകങ്ങളുമായി, അല്ലെങ്കിൽ രൂപങ്ങളുമായി നീ എത്ര [illegible] കഷ്ടപ്പെട്ടാലും നിനക്കു മതത്തെ പ്രാപിക്കാൻ കഴിയുന്നതല്ല; ആ ദാഹം നിനക്കുണ്ടാകുന്നതുവരെ നീ നാസ്തികനോളംതന്നെ അഭിനന്ദനീയനല്ല. നാസ്തികനു പരമാർത്ഥതയുണ്ട്; നിനക്ക് അതുമില്ല.

൧൮൭. പാശ്ചാത്യദേശത്തു വെച്ചു ഞാൻ ഒരു വലിയ ആളിൽനിന്നു ഗ്രഹിച്ച ഒരു കഥ നിങ്ങളെ ധരിപ്പിക്കാം. അതു നേരിൽ കണ്ട സിലോണിലെ ഒരു ഗവർണ്ണരാണു പറഞ്ഞതു്. ഒരു് ഐന്ദ്രജാലികൻ, ഒരു സ്ത്രീയെ മുമ്പിൽ കൊണ്ടുവന്നു്, കമ്പുകൾ അടുക്കി നിർമ്മിച്ച ഒരാസനത്തിലിരുത്തി; കുറേക്കഴിഞ്ഞു കമ്പുകൾ ഓരോന്നായി ഊരിമാററി; ഒടുവിൽ ആസനമേ ഇല്ലന്നായി. സ്ത്രീയാകട്ടെ, അതേ ഇരിപ്പിൽ ഇരിക്കുന്നു; ആകാശത്തിലിരിക്കുന്നു. ഗവർണ്ണർക്കു സംശയം തോന്നി; തന്റെ ഖഡ്ഗം അവരിരിക്കുന്നതിന്റെ അടിയിൽക്കൂടി വലിച്ചെറിഞ്ഞു. അവിടെ യാതൊന്നും ഉണ്ടായിരുന്നില്ല. ഇതെന്താവാം! ജാലവിദ്യയല്ല; അതാണു വിശേഷം.

൧൮൮. ഈ (യോഗ)ശാസ്ത്രത്തിൽ എനിക്കു് അല്പം പരിചയമുണ്ടു്. എന്നാൽ എനിക്കു് അതിൽനിന്നു കിട്ടിയിട്ടുള്ള അല്പലാഭത്തിനായി എന്റെ ആയുഷ്കാലത്തിൽ മുപ്പതു വർഷം ഞാൻ വേല ചെയ്തു. ആറു കൊല്ലമായി ഞാൻ അറിഞ്ഞ 'അല്പ'ത്തെ ജനങ്ങളെപ്പറഞ്ഞു മനസ്സിലാക്കിവരുന്നു. അതു് അറിയുന്നതിനു് എനിക്കു മുപ്പതു സംവത്സരം വേണ്ടിവന്നു. മുപ്പതു വർഷം വട്ടം ബുദ്ധിമുട്ടി. ചിലപ്പോൾ ഇരുപത്തിനാലുമണിക്കൂറിൽ ഇരുപത്തിനാലുമണിക്കൂറും വേലചെയ്തു. ചില രാത്രികളിൽ ഞാൻ ഒരു മണിക്കൂർ മാത്രമേ ഉറങ്ങിയിട്ടുള്ളു. ചിലപ്പോൾ രാത്രി മുഴുവൻ വേലചെയ്തിട്ടുണ്ടു്. ചിലപ്പോൾ ശബ്ദമേ ഇല്ലാത്ത, ശ്വാസോച്ഛ്വാസശബ്ദംപോലും ഇല്ലാത്ത, സ്ഥലങ്ങളിൽ ഇരുന്നിട്ടുണ്ടു്. ചിലപ്പോൾ ഗുഹകളിലും വസിച്ചിരുന്നു.

൧൮൯. നമ്മെ നാം തന്നെ ശുദ്ധിക്കണം. അതു നമുക്കു ചെയ്യാൻ കഴിയും; കുറേക്കാലത്തേക്കു് അന്യന്മാരെ ശുദ്ധിക്കയെന്നുള്ളതു് ഒഴിച്ചുമാറാൻ സാധിക്കും. നമുക്കു 'ഉപായ'ത്തെ പൂർത്തികരിക്കാം. ഫലം, തന്നെത്താൻ ശുദ്ധിച്ചുകൊള്ളും. നമ്മുടെ ജീവിതം നല്ലതും പരിശുദ്ധവുമായിരുന്നാൽ, ലോകം നല്ലതും പരിശുദ്ധവുമായിരിക്കും. അതു് ഒരു കാര്യം; നാം ഉപായവും. അതുകൊണ്ടു്, നമുക്കു നമ്മെ പരിശുദ്ധന്മാരാക്കിക്കൊള്ളുക; നമുക്കു നമ്മെ പരിപൂർണ്ണന്മാരാക്കാം.

൧൯൦. അന്യന്മാരിൽ നമുക്കുള്ള കടമ, പരസഹായം ചെയ്കയാകുന്നു; ലോകത്തിനു നന്മയെ ചെയ്കയാകുന്നു. നാം എന്തിനായിട്ടു ലോകത്തിനു നന്മയെ ചെയ്യുന്നു? ലോകത്തിനു നന്മയെ ചെയ്യുന്നതായി തോന്നുന്നുവെങ്കിലും, ആ ചെയ്യുന്ന വാസ്തവത്തിൽ നമുക്കു നന്മയ്ക്കായിട്ടാണു്

൧൯൧. തന്നെത്താൻ അടക്കപ്പെട്ട മനുഷ്യനെ പുറമേയുള്ള യാതൊന്നിനും ബാധിക്കാൻ സാധിക്കുന്നതല്ല. അതിൽപിന്നെ അവ

ന് അടിമത്തമേ ഇല്ല. അവന്റെ മനസ്സ് മുക്തിയെ പ്രാപിച്ചുകഴിഞ്ഞു. അപ്രകാരമുള്ള പുരുഷനത്രേ ഈ ലോകത്തിൽ വാഴാൻ ഏററവും യോഗ്യൻ.

൫൦. നമ്മുടെ മനസ്സിനും ഇന്ദ്രിയങ്ങൾക്കും അതീതമായ യാതൊന്നും, ഇന്ദ്രിയാതീതമായ പ്രദേശവുമായി മനസ്സിനു സംസർഗ്ഗമില്ലാത്തതിനാൽ, കാരണകാര്യനിയതിയിൽ ഉൾപ്പെട്ടതല്ല.

൫൧. നാം അറിയുന്ന, നമുക്ക് അറിവാൻകഴിയുന്ന, ഏതൊരാളും, കാരണകാര്യനിയതിയിൽ ഉൾപ്പെടണം. കാരണകാര്യനിയതിക്കു കീഴ്പെടുന്നതു സ്വാതന്ത്ര്യമുള്ളതായി വരാൻ ഇടയില്ല.

൫൨. നിരാശയാണ് എല്ലാ യോഗങ്ങളുടെയും അസ്ഥിഭാരം.

൫൩. അണുതുടങ്ങി മനുഷ്യൻവരെ—ജീവനില്ലാത്ത ജഡമായ അണുമുതൽ ലോകത്തിലെ ഏററവും ഉൽകൃഷ്ടജീവിതം ഉള്ള മനുഷ്യൻവരെ—നമ്മുടെ ചുററുംകാണുന്ന ഓരോന്നും മുക്തിയെ പ്രാപിക്കാൻ അഭ്യാസം ചെയ്യുന്നു.

൫൪. ജീവനും മരണവും, വേറെവേറെ നിലകളിൽനിന്നു നോക്കുമ്പോൾ കാണപ്പെടുന്ന, ഒരു വസ്തുവിന്റെ വേറെവേറെ പ്രകടനങ്ങളാണ്. അവ ഒരേ തിരയുടെ ഇറക്കവും കയററവും ആകുന്നു. രണ്ടുംചേർന്നു മുഴുവനാകുന്നു.

൫൫. ധനത്തെയോ, കീർത്തിയെയോ, മറെറന്തെങ്കിലും ഒന്നിനെയോ ലക്ഷ്യമാക്കാതെ പ്രവർത്തിക്കുന്നവന്റെ പ്രവൃത്തിയത്രേ ഉൽകൃഷ്ടമായ പ്രവൃത്തിയാകുന്നുള്ളു. ഒരുവനു അങ്ങനെ പ്രവർത്തിക്കാൻ കഴിയുമ്പോൾ അവൻ ബുദ്ധനാകുന്നു. അവനു ലോകത്തെത്തന്നെ മാററിമറിക്കത്തക്കവണ്ണം പ്രവർത്തിക്കാനുള്ള ശക്തിയുണ്ടാകും. അവൻ കർമ്മയോഗത്തിന്റെ അത്യുൽകൃഷ്ടമായ ലക്ഷ്യത്തെ വെളിപ്പെടുത്തുന്നു.

൫൬. ദുഃഖങ്ങളെല്ലാം ഭയത്തിൽനിന്നും ഉണ്ടാകുന്നു; അല്ലെങ്കിൽ ഭാവമില്ലാത്ത ആശയിൽനിന്നും ഉണ്ടാകുന്നു. മനുഷ്യനു താൻ ഒരിക്കലും മരിക്കുന്നില്ലെന്നു അറിവാൻ കഴിയും; അതിൽപിന്നെ അവനു മരണഭയം ഉണ്ടാകുന്നതല്ല. അവൻ, താൻ പരിപൂർണ്ണനാണെന്നു അറിയുമ്പോൾ ആശകൾ യാതൊന്നും അവനിൽ ശേഷിക്കയില്ല. ആ രണ്ടുകാരണങ്ങളും—മരണഭയവും ആഗ്രഹവും—ഇല്ലാത്തതിനാൽ, അതിനുശേഷം ദുഃഖമില്ല. ഈ ശരീരത്തോടുകൂടി വർത്തിക്കുമ്പോൾതന്നെ പരിപൂർണ്ണാനന്ദം സിദ്ധിക്കും.

൫൭. നാം പ്രകൃതിയുടെ യജമാനന്മാരാകണം; അടിമകളാകാൻ പാടില്ല. മനസ്സോ ശരീരമോ നമ്മുടെ യജമാനനായിരിക്കാൻ പാടില്ല. "ശരീരം എന്റേതു; ഞാൻ ശരീരത്തിന്റേതല്ല" എന്നു ഒരിക്കലും നാം മറക്കാൻ പാടില്ല.

൧൬൯ തന്റെ ശരീരത്തിനു മാററംനേരിടാതെ ഒരു നിമിഷ നേരത്തേക്കെങ്കിലും തടഞ്ഞുനിറുത്താനുള്ള ശക്തിയോടുകൂടി ഒരുവനും ജനിച്ചിട്ടില്ല.

൧൭൦. ശരീരത്തിന്റെ ചലനങ്ങളെല്ലാം പൂൎണ്ണമായി നിയന്ത്രിക്കപ്പെട്ടാൽ, ശരീരംമനശ്ശക്തിയുടെ ഒരു ബ്രഹ്മാണ്ഡഭണ്ഡാഗാരമായിഭവിക്കും. ഈ വലുതായ ശക്തിയെയാണു യോഗി ആഗ്രഹിക്കുന്നതു്.

൧൭൧. യോഗം രണ്ടായി വിഭജിക്കപ്പെടുന്നു. ഒന്നു അഭാവമെന്നും മറെറാന്നു മഹായോഗമെന്നും പറയപ്പെടുന്നു. ആത്മാവു നിൎല്ലക്ഷണമായി, ശൂന്യമായി ധ്യാനിക്കപ്പെടുമ്പോൾ, അതിനെ അഭാവമെന്നുപറയുന്നു. ആത്മാവു് ആനന്ദപൂൎണ്ണമായി, നിർമ്മലമായി, ഈശ്വരനിൽനിന്നു വിഭിന്നമായി കാണപ്പെടുമ്പോൾ മഹായോഗംഎന്നു പറയുന്നു.

൧൭൨ മനുഷ്യൻ എത്രതന്നെ കീഴ്പോട്ടുപോയാലും ഒടുവിൽ ഈശ്വരനാകുന്ന ഉൽപ്പത്തിസ്ഥാനത്തെ ലക്ഷ്യമാക്കി തിരികെ മേല്പോട്ടുപോകണം. മനുഷ്യൻ ആരംഭത്തിൽ ഈശ്വരനിൽനിന്നുംവരുന്നു. മദ്ധ്യേവച്ചു മനുഷ്യനാകുന്നു; ഒടുവിൽ അവൻ ഈശ്വരനിൽ മടങ്ങിച്ചെല്ലുന്നു.

൧൭൩. അറിവു്, ഉണ്ടാക്കപ്പെട്ട ഒന്നാണു്; കൃത്രിമമാണു്. അതു സത്യമല്ല.

൧൭൪. പക, അല്ലെങ്കിൽ നിന്ദ്യമായ ഏതൊരു പ്രതികാരപ്രവൃത്തിയും മനസ്സിനെ നശിപ്പിക്കുന്നതാണു്. ദുശ്ചിന്തകൾ ഓരോന്നും അല്ലെങ്കിൽ പ്രതികാരങ്ങൾഓരോന്നും അടക്കപ്പെട്ടാൽ അവ നമുക്കു് അനുകൂലങ്ങളായിത്തീരും.

൧൭൫. സാക്രട്ടീസ് എന്നദ്ദേഹം ഒരുദിവസം ഏഥൻസ് നഗരത്തിൽ പ്രസംഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഗ്രീസ്സുദേശത്തേക്കു യാത്രചെയ്തിരുന്ന ഒരുബ്രാഹ്മണനെക്കണ്ടുഎന്നും, ആ ബ്രാഹ്മണനോടു മനുഷ്യൻ നടത്തേണ്ടതായ ഏററവും വലിയ അന്വേഷണം മനുഷ്യനെസ്സംബന്ധിച്ചതന്നെ ആയിരിക്കണമെന്നു പറഞ്ഞുവെന്നും കേട്ടിട്ടുണ്ടു്. എന്നാൽ ബ്രാഹ്മണൻ ഉടനടി പറഞ്ഞസമാധാനം ഇതായിരുന്നു:—"നീ ഈശ്വരനെ അറിയാതെ മനുഷ്യനെ അറിയുന്നതെങ്ങനെ?"

൧൭൬. മതം ആകാരത്തിൽ വസിക്കുന്നില്ല; ഒരുഗ്രഹത്തിൽ വസിക്കുന്നില്ല. "മതത്തിന് എന്തു നന്മ ചെയ്വാൻ കഴിയും? ദരിദ്രന്മാരുടെ ദാരിദ്ര്യത്തെ അതു മാററുമോ?" ഈ ആക്ഷേപം നാം പലപ്പോഴും കേൾക്കുന്നുണ്ടു്. മതത്തിന് അപ്രകാരം സഹായിക്കാനു

ള്ള ശക്തിയില്ലെന്നിരിക്കട്ടെ; അതു മതത്തിന്റെ വ്യാജതയെ വെളിപ്പെടുത്തുകയാണെന്നു വരുമോ? നീ വാനശാസ്ത്രത്തിലെ ഒരു സിദ്ധാന്തത്തെ വെളിപ്പെടുത്താൻ ശ്രമിക്കുമ്പോൾ, ഒരു കുട്ടി എഴുന്നേറ്റുനിന്ന് "അതു (വാനശാസ്ത്രം) റൊട്ടി തരുമോ" എന്നു ചോദിക്കുന്നു എന്നുവിചാരിക്കുക; "ഇല്ല, റൊട്ടി അതു തരികയില്ല" എന്നു സമാധാനം പറയും. കുട്ടി അതുകേട്ട് "അങ്ങനെയാണെങ്കിൽ വാനശാസ്ത്രം നിഷ്പ്രയോജനമാണ്" എന്ന് അഭിപ്രായപ്പെട്ടു. കുട്ടികൾ റൊട്ടിലഭിക്കലാകുന്ന നിലയിൽ നിന്നുംകൊണ്ടു പ്രപഞ്ചത്തെ വീക്ഷിക്കുന്നു. അത്രമാത്രമേ പ്രപഞ്ചം കുട്ടികൾക്കു പ്രയോജകീഭവിക്കുന്നുള്ളു.

൩൩൬. ആത്മാവ് ഏകവസ്തു (വിഘടിവസ്തു) ആയതിനാൽ അതു ബന്ധിക്കപ്പെട്ടതായിരിക്കാനിടയില്ല. എന്തെന്നാൽ ബന്ധനം കാലത്തെക്കൊണ്ടോ, സ്ഥലത്തെക്കൊണ്ടോ, കാരണകാര്യങ്ങളെക്കൊണ്ടോ ഉണ്ടാകുന്നു. ആത്മാവ് ഇവയ്ക്ക് അതീതമാകയാൽ അതിനു ബന്ധനമില്ല.

൩൩൭. അദ്ദേഹം തന്നെ ഈ ജഗത്തു്. അദ്ദേഹം ഈ പ്രപഞ്ചത്തിനു നിമിത്തകാരണമെന്നു മാത്രമല്ല, ഉപാദാനകാരണവുമാണ്. കാരണം ഒരിക്കലും കാര്യത്തിൽ നിന്നും അന്യമല്ല. കാര്യം, മറ്റൊരു രൂപത്തിൽ വീണ്ടും കാണപ്പെടുന്ന കാരണമാണ്.

൩൩൮. ഖണ്ഡിക്കപ്പെടാൻ പാടില്ലാത്തതു് അഖണ്ഡ; അതിൽ അംശങ്ങൾ അടങ്ങിയിട്ടില്ല.

൩൩൯. ഒരു മനുഷ്യൻ എഴുന്നേറ്റു നിന്നുംകൊണ്ട്, "ഞാൻ ഈ ശരീരമല്ല. അതുകൊണ്ട് എന്റെ തലവേദന ശമിക്കണം" എന്നു പറയുന്നു: തലവേദന ശരീരത്തിലില്ലാതെ മറ്റെവിടെയാണുള്ളതു? ഒരുആയിരം തലവേദനയും ഒരുആയിരം ശരീരങ്ങളും വരികയോ പോവുകയോ ചെയ്യട്ടെ; അതുകൊണ്ട് എനിക്കെന്താണ്?

൩൪൦. "ഈ മായ എങ്ങനെ ഉണ്ടായി?" ഉത്തരവും മനോഹരം തന്നെ; ഒരു മട്ട ചോദ്യത്തിനു നമുക്ക് ഒരു സമാധാനവും പ്രതീക്ഷിക്കാനില്ലെന്നാണ് ഉത്തരം. ചോദ്യം തന്നെ വാക്കുകളിൽ വച്ച് അസംബന്ധമായിട്ടുള്ളതാണ്. അച്ചോദ്യം ചോദിക്കാൻ നിനക്ക് അധികാരമില്ല. എന്തുകൊണ്ട്? പരിപൂർണ്ണത്വം എന്നാൽ എന്തു്? യാതൊന്ന് കാലദേശങ്ങൾക്കും കാരണകാര്യങ്ങൾക്കും അതീതമായിരിക്കുന്നുവോ അതു തന്നെ. അതത്രേ പരിപൂർണ്ണമായിട്ടുള്ളതു്. "പരിപൂർണ്ണവസ്തു എങ്ങനെ അപൂർണ്ണമായി?" എന്നു ചോദിക്കുന്നു. തർക്കഭാഷയിൽ ആ ചോദ്യം, "കാരണകാര്യനിയതിക്ക് അതീതമായിട്ടു

ള്ളതു് എങ്ങനെ കാൎയ്യമായി?" എന്നീരൂപത്തിൽ ചോദിക്കപ്പെടാം. നീ തന്നെ നിനക്കു വിരോധമായി ചോദിക്കുന്നു. ആദ്യം കാരണകാൎയ്യവ്യവസ്ഥയ്ക്കു് അതീതമാണെന്നു നീതന്നെ ആദ്യം സമ്മതിക്കുകയും പിന്നീടു് അതിനു കാരണമെന്തെന്നു ചോദിക്കുകയും ചെയ്യുന്നു. ഈ ചോദ്യം കാരണകാൎയ്യാവധിക്കകത്തു ചോദിക്കേണ്ടതാണു്.

൭൩. ഒരു മുഹമ്മദീയന്റെ വീട്ടിൽ ഒരു നരികയറി, മേശപ്പുറത്തിരുന്ന ആഹാരപദാൎത്ഥങ്ങളിൽ ഒരംശം കടിച്ചെടുത്തുംകൊണ്ടു പോയി. മുഹമ്മദീയനോ ഒരു ദരിദ്രൻ. അവൻ തനിക്കായിട്ടു പദാൎത്ഥം രുചികരമായി പാകം ചെയ്തു വച്ചിരുന്നു. അതിനെയാണു കറുക്കൻ അശുദ്ധമാക്കിക്കളഞ്ഞതു്. ആ ഉച്ഛിഷ്ടം അവനു ഭക്ഷിക്കാൻ പാടില്ല. അവൻ ഓടി ഒരു പുരോഹിതന്റെ മുമ്പിൽ ചെന്നു്, "എനിക്കു് ഒരപകടം നേരിട്ടു. ഒരു നരി വന്നു് എന്റെ ആഹാരത്തിൽ കുറേ കടിച്ചെടുത്തുംകൊണ്ടുപോയ്ക്കളഞ്ഞു. ഞാൻ എന്തു ചെയ്യാനാണു്? ഞാൻ എന്റെ അവശ്യത്തിനുവേണ്ടതു മാത്രം പാകപ്പെടുത്തിവച്ചിരുന്നു. ആ കറുക്കൻ അതൊക്കെ തകരാറാക്കി." എന്നു സങ്കടം പറഞ്ഞു. പുരോഹിതൻ ഒട്ടൊന്നു് ആലോചിച്ചു. ഒരു വഴി മാത്രമേ അദ്ദേഹം കണ്ടുള്ളു. മുഹമ്മദീയനോടു പുരോഹിതൻ ഇങ്ങനെ പറഞ്ഞു.—"ഒരു തരാററ നിവൃത്തി മാൎഗ്ഗമേ ഞാൻ കാണുന്നുള്ളു; ഒരു പട്ടിയെക്കൊണ്ടു്, ബാക്കിയുള്ള ആഹാരപദാൎത്ഥങ്ങളിൽ അല്പം തീറ്റണം. നായും നരിയും നിത്യശത്രുക്കളാണു്. നരിയുടെ ഉച്ഛിഷ്ടം നിന്റെ വയററിൽ ചെല്ലും; അതു നായുടെ ഉച്ഛിഷ്ടവുമാണല്ലോ. പട്ടി തൊട്ടപ്പോൾ കുറുക്കന്റെ ഉച്ഛിഷ്ടം പരിശുദ്ധമായി" മിക്കവാറും നാം ഈ അവസ്ഥയിലാണു വൎത്തിക്കുന്നതു്. നാം പരിപൂൎണ്ണന്മാരല്ലെന്നുള്ളതു് ഒരു മാതിരി; നാം പരിപൂൎണ്ണന്മാരായിട്ടു് അനുഷ്ഠാനങ്ങൾ നടത്തണമെന്നതു മററൊരുമാതിരി.

൭൪. ഇന്ത്യയിൽ ഗംഗാനദിയുടെ കരയിൽ, കഠിനവെയിലിൽക്കിടന്നുറങ്ങുന്ന ആളുകളുണ്ടു. വൎഷകാലത്തു് ആ നദീജലത്തിൽ ദിവസം മുഴുവൻ പൊന്തിക്കിടക്കുകയും ചെയ്യും. വെയിലും മഴയും മററും അവൎക്കു വകയല്ല. ഹിമാലയത്തിലെ മഞ്ഞുതോററു കഴിഞ്ഞുകൂടുന്നവരുമുണ്ടു്; വസ്ത്രധാരണോദ്ദേശ്യമേ അവൎക്കില്ല. ഉഷ്ണമെന്തു്? ശീതമെന്തു്? എന്തും വരട്ടെ. അല്ലെങ്കിൽ പോകട്ടെ; എന്തായാലും എനിക്കെന്തു്? ഞാൻ ശരീരമല്ല. ഈ പാശ്ചാത്യദേശങ്ങളിൽ ഇതിനെ വിശ്വസിക്കുവാൻ പ്രയാസം. എന്നാൽ ഇതു പരമാൎത്ഥമാണെന്നു് അറിയുന്നതു നന്നാണു്. നിങ്ങളുടെ നാട്ടുകാർ യുദ്ധക്കളത്തിൽ; പീരങ്കിമുഖപ്പിൽ ഓടിക്കയറാൻ ധൈൎയ്യപ്പെടുന്നതു പോ

ലെ, ഞങ്ങളുടെ നാട്ടുകാർ ഞങ്ങളുടെ തത്വശാസ്ത്രങ്ങളെക്കുറിച്ചു വിചിന്തനംചെയ്തു്, തദനുസരണംപ്രവൎത്തിക്കാൻ ധൈൎയ്യപ്പെട്ടു മുമ്പോട്ടു കയറുന്ന അവർ അതിനായി തങ്ങളുടെ ആയുഷ്കാലത്തെ ത്യാഗംചെയ്യുന്നു. "ഞാൻ അഖണ്ഡസച്ചിദാനന്ദവസ്തു; ഞാൻ തന്നെ അവൻ; ഞാനത്രേ അവൻ."

൭൪൩. നീ നിന്നെ, ശരീരമായി നോക്കുമ്പോൾ, നീ ശരീരമല്ലാതെ മറെറാന്നുമല്ല. മനുഷ്യവൎഗ്ഗത്തിൽ ഭൂരിപക്ഷത്തിൻെറയും നോട്ടം അതുതന്നെ. അവർ ആത്മാവിനെക്കുറിച്ചും മനസ്സിനെപ്പററിയും സവ്വവിഷയങ്ങളെസ്സംബന്ധിച്ചും സംസാരിക്കുന്നുണ്ടാവാം എന്നാൽ അവർ കാണുന്നതു സ്ഥൂലരൂപത്തെയത്രേ; രൂപരസസ്പൎശാദികളെത്തന്നെ. വേറെ ചിലർ, ചില പ്രജ്ഞാവസ്ഥകളിൽ തങ്ങളെ ത്തന്നെ ചിന്താവിഷയമാക്കുന്നു.

൭൪൪. പരമാൎത്ഥം പറഞ്ഞാൽ, എതൊരാളും ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല; സ്വൎഗ്ഗവുമില്ല, നരകവുമില്ല, ഈ ലോകവുമില്ല. ഇമ്മൂന്നും ഒരിക്കലും ഉണ്ടായിരുന്നുമില്ല.

൭൪൫. മരണവേളയിലും, അത്യാസന്നമായ ആപൽഘട്ടത്തിലും, യുദ്ധത്തിൻെറ മൂൎദ്ധന്യതയിലും 'ഞാൻ അവൻതന്നെ; ഞാൻ അവൻതന്നെ" എന്നു ഉച്ചരിക്കുക! അഹോരാത്രം 'ഞാൻ അവൻ തന്നെ" എന്നു പറയുക! അതുതന്നെ ഉൽകൃഷ്ടമായ ബലം; അതുതന്നെ മതവും. ബലഹീനന്മാർ ഒരുകാലത്തും ആത്മാവിനെ പ്രാപിക്കുന്നില്ല.

൭൪൬. ഒരു ശിഷ്യൻ അംഗീകരിക്കേണ്ട പ്രധാനമായ നിബന്ധനകൾ, പരിശുദ്ധത, യഥാൎത്ഥമായ ജ്ഞാനതൃഷ്ണ, നിരന്തരപ്രയത്നം ഇവയാകുന്നു.

൭൪൭. ജ്ഞാനക്കോടിയും അജ്ഞാനക്കോടിയും ഉപാസനാദികൎമ്മങ്ങളിലൂടെ കടക്കുന്നില്ല, അജ്ഞാനികൾ തങ്ങളുടെ അജ്ഞതനിമിത്തം പൂജാദികൎമ്മങ്ങൾ അനുഷ്ഠിക്കുന്നില്ല. ജ്ഞാനികൾ—ജീവന്മുക്തന്മാർ—ഈശ്വരനെ അനുഭവത്തിൽ അറിഞ്ഞതുകൊണ്ടു പൂജിക്കുന്നില്ല.

൭൪൮. ജഗത്തു്, നാശമുള്ളഭാഷയിൽ അഖണ്ഡത്തെ ലേഖനം ചെയ്തിരിക്കുന്ന ഒരു ലിഖിതമാകുന്നു.

൭൪൯. ക്രിസ്തീയസാമ്രാജ്യത്തിൻെറ ആവിർഭാവത്തിനും മുമ്പു്, റോമാപുരിയുടെ ഓൎമ്മപോലും ഇല്ലാതിരുന്ന കാലത്തു്, ഇന്നത്തെ യൂറോപ്യന്മാർ കാടുകളിൽ വസിച്ചു ശരീരത്തിൽ ചായം പൂശിക്കൊണ്ടിരിക്കുമ്പോൾ, ഇന്ത്യയിൽ പ്രസരിപ്പു വിളങ്ങിയിരുന്നു. അതിനും മുമ്പു്, ചരിത്രാതീതകാലത്തിൽ, ക്രിസ്തീയസാമ്രാജ്യം ആരംഭിക്കുന്നതിൻെറ സമീപഭൂതകാലത്തു്, ജനപരമ്പര അന്ധകാരത്തിനുള്ളിൽകടന്നു

നോക്കാൻ ഉദ്യമിക്കാതിരുന്നപ്പോഴും, ഇന്ത്യയിൽനിന്നും വചിന്താപ്രഭാകരം വെളിയിലേക്കു നിർഗ്ഗമിച്ചിട്ടുണ്ട്; മുമ്പിൽ ശാന്തിയും പിമ്പിൽ ആശിസ്സും അടങ്ങിയ വാക്കുകളും പുറപ്പെട്ടിട്ടുണ്ട്. ലോകത്തിലുള്ള യാതൊരു ജനസമുദായത്തോടും നാം യുദ്ധംചെയ്തു ജയിച്ചുവരല്ല; അതു നമ്മുടെ ശിരസ്സിന് അനുഗ്രഹമാണ്; അതിനാലത്രെ നാം ജീവിച്ചുപോരുന്നത്. വലുതായ ഗ്രീക്കുപട്ടാളത്തിന്റെ കാലൊച്ചകേട്ടു ലോകം നടുങ്ങിയ ഒരു കാലം ഉണ്ടായിരുന്നു. ഗ്രീക്കുകാരുടെ ആ പുരാതന സമുദായം, ഇനി ഒരു കാലത്തും കേൾക്കപ്പെടാത്തവണ്ണം ഈ ലോകത്തിൽനിന്നും മറഞ്ഞു. റോമാപുരിയുടെ കഴുകടയാളമുള്ളകൊടി ലോകത്തിലെ ഓരോ പദാർത്ഥത്തിന്മേലും പാറിക്കൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു; അന്നു റോമാപുരിയുടെ ശക്തി സർവ്വത്ര കളിയാടിക്കൊണ്ടിരുന്നു. അതു എല്ലാമനുഷ്യസമുദായങ്ങളുടെ ശിരസ്സുകളെയും അടിച്ചൊതുക്കിയിരുന്നു. റോമാപുരിയെന്നു കേൾക്കുമ്പോൾ ലോകം നടുങ്ങുമായിരുന്നു. ഇപ്രകാരമെല്ലാമാണെങ്കിലും ഇന്നു "ക്യാപ്റ്റോലൈൻ" ഇടിഞ്ഞു മറിഞ്ഞു കിടക്കുന്നു; സിസർചക്രവർത്തി വാണരുളിയ സ്ഥാനത്തു ചിലന്തികൾ വലകെട്ടുന്നു. ഇങ്ങനെ കേളികേട്ട അനവധി സമുദായങ്ങൾ, സന്തോഷമായും ചെടിപ്പോടുകൂടിയും അധികാരശക്തി ചെലുത്തി നിഷ്ഠുരമായ ജീവിതത്തെ നയിച്ച്, 'ജലത്തിലെപ്പോളകൾ'എന്നവണ്ണം ഒടുങ്ങി മുടിഞ്ഞിട്ടുണ്ട്.

൧൭൦. എനിക്കു വയസ്സു കൂടുന്തോറും, കാലത്താൽ ഗൌരവം കല്പിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെക്കുറിച്ച് എനിക്കു നല്ല അഭിപ്രായമുണ്ടാകുന്നു. അവയിൽപലതും നിരുപയോഗങ്ങളെന്നും നിഷ്പ്രയോജനങ്ങളെന്നും ഞാൻ ഒരുകാലത്തു കരുതിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രായംകൂടുന്തോറും അവയിലൊന്നിനെപ്പോലും കുററം പറവാൻ എനിക്കു ധൈര്യമുണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ, അവയിൽ ഓരോന്നും അനേകം നൂറാണ്ടുകളിലെ അനുഭവങ്ങളുടെ ക്രോഡീകരമാകുന്നു. ഇന്നു ജനിച്ചു നാളെക്കഴിഞ്ഞു മററന്നാൾ മരിക്കാനിരിക്കുന്ന ഒരു ശിശു എന്റെ സമീപത്തുവന്ന് എന്റെ ഉദ്ദേശ്യങ്ങളെ മാററണമെന്ന് എന്നോട് ആവശ്യപ്പെടുന്നു; ഞാൻ ആ ഉപദേശാനുസരിച്ച് ആ കുട്ടിയുടെ ഇഷ്ടംപോലെ പ്രവർത്തിച്ചാൽ ഞാൻ ഒരു മഠയനാണ്; മററാരും മഠയരല്ല.

൧൭൧. നിങ്ങൾ നിങ്ങളുടെ മതത്തെ പരമാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളുടെ ദേശത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾക്കുള്ള പ്രധാനപ്പെട്ട കടമ ഒന്നാണ്; അടഞ്ഞിരിക്കുന്ന നിങ്ങളുടെ ഗ്രന്ഥങ്ങളെത്തുറന്ന് ഐശ്വര്യങ്ങൾ എടു

ത്ത് അവരെ തലമുറകൾക്കു നൽകണമെന്നുള്ള മഹത്തായ ഉദ്ദേശ്യത്തോടുകൂടി നിങ്ങൾ എഴുന്നേററുനിന്നു തീവ്രമായി വേലചെയ്യണം. ഒരു സംഗതി സവിശേഷമായി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. യുഗയുഗങ്ങളായി ഭയങ്കരമായ ആ അസഹിഷ്ണുത നമ്മളിൽ കുടികൊണ്ടുവരുന്നു. സർവദാ നമ്മൾ ഓരോരുത്തരും പരസ്പരം നോക്കി അസൂയപ്പെടുന്നു: ഇവന് എന്തവകാശം? എനിക്കെന്തുകൊണ്ടില്ല? ഈശ്വരോപാസനയ്ക്കുപോലും നമുക്ക് അവകാശം വേണമത്രേ! ആ നിലയിൽ നാം അടിമത്തത്തിൽ എത്തിയിരിക്കുന്നു. അതു മാററണം. ഇന്ത്യക്ക് എന്തെങ്കിലും മഹാപരാധമുണ്ടെങ്കിൽ, അത് ഈ അടിമത്തം ഒന്നുമാത്രമാണ്. ഓരോരുത്തനും ആജ്ഞാപിക്കാൻ ആഗ്രഹിക്കുന്നു; ഒരുത്തനെങ്കിലും കീഴ്പ്പെടാൻ ആഗ്രഹിക്കുന്നില്ല. ഇതിനു കാരണം, പുരാതനകാലത്തെ അത്ഭുതജനകമായ ബ്രഹ്മചര്യത്തിന്റെ അന്തർദ്ധാനമല്ലാതെ മറെറാന്നുമല്ല. ആദ്യമായി കീഴ്പ്പെടാൻ പഠിക്കുക.

൭൭. നമ്മുടെ ആവശ്യങ്ങൾവരെ കുറയ്ക്കപ്പെട്ട ചുരുങ്ങിയ പ്രാപഞ്ചികം അത്യുൽകൃഷ്ടമായ പാരമാർത്ഥികത്തെ പ്രാപിക്കാൻ പക്വതയില്ലാത്ത നമ്മുടെ സഹോദരന്മാരിൽ പലർക്കും ആനന്ദപ്രദമായിരിക്കും. ഓരോ ദേശത്തിലെ ഓരോ ജനസമുദായത്തിലുമുള്ള ഒരു തെററാണിത്. ഇത് എപ്പോഴും തെളിഞ്ഞുകാണുന്ന ഇന്ത്യയിൽ, അപക്വജനങ്ങളെ ഈ പാരമാർത്ഥികത്തിലേക്കു ബലാൽക്കാരേണ പ്രവർത്തിപ്പിക്കും; ഈ തെററു സമീപകാലത്തിൽ ചെയ്തിട്ടുണ്ട്.

൭൮. സഹോദരങ്ങളേ! നിവൃത്തിമാർഗ്ഗമെന്തെന്നാൽ, നാം ആദ്യമായി ആത്മജ്ഞാനത്തെ മുറുകെപ്പിടിക്കണം. അതൊന്നാണ് നമ്മുടെ പൂർവികന്മാരാൽ നമുക്കു നൽകപ്പെട്ടിരിക്കുന്ന, വിലമതിക്കാൻ പാടില്ലാത്ത സമ്പാദ്യം. രാജവംശത്തെ സംബന്ധിച്ചവർ—എളിയവരെ കൊള്ളയടിച്ചു കൊട്ടാരങ്ങളിൽ പാർത്തുവന്ന പരന്തപന്മാരും കൊള്ളക്കാരുമായ പ്രഭുക്കന്മാരുടെ വംശത്തെ സംബന്ധിച്ചവർ—എന്നു പറയാതെ, അരണ്യവാസികളായ മഹാത്മാക്കളുടെ സന്തതികളാണു തങ്ങൾ, എന്നു പറയുന്ന രാജാക്കന്മാരുള്ള ഒരു രാജ്യത്തെപ്പററി നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? അപ്രകാരമുള്ള ഒരു ഭൂഖണ്ഡത്തെപ്പററി അറിഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഇതുതന്നെ. വിദേശങ്ങളിലെ വലിയവലിയ വൈദികന്മാർ, തങ്ങൾ രാജവംശത്തെ സംബന്ധിച്ചവരാണെന്നു പറവാൻ പാടുപെടുന്നു; പ്രത്യുത, ഇന്നാട്ടിലെ വലിയവലിയ രാജാക്കന്മാർ തങ്ങൾ ഒരു വൈദികന്റെ വംശത്തിൽ പെട്ടവരാണെന്നു പറവാൻ ആഗ്രഹമുള്ളവരായിരിക്കുന്നു. അതിനാൽ, ആത്മജ്ഞാനത്തിൽ നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിലും

ഇല്ലെങ്കിലും സമുദായഗതിക്കുവേണ്ടി ആത്മജ്ഞാനത്തെ മുറുകെപ്പിടിച്ചു് അതിനെ പാലിക്കണം

൧൭൪. പ്രാപഞ്ചികം, ഒരുപ്രകാരത്തിൽ ഇന്ത്യയെ പാലിക്കാനായി ഏറ്റെപ്പെട്ടതാണു്; അതു ജീവിതകവാടങ്ങളെ നല്ലപോലെ തുറന്നിട്ടിരിക്കുന്നു; ജനതിയുടെ വ്യക്തിപരമായ അവകാശങ്ങളെയെല്ലാം നശിപ്പിച്ചുകളഞ്ഞു; അപൂർവ്വം ചിലരുടെകൈയിൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന—അവരും അതിന്റെ ഉപയോഗത്തെ നഷ്ടപ്പെടുകയാണു ചെയ്തതു്—വിലയേറിയ ഐശ്വര്യങ്ങളെ വാദത്തിനായി തുറന്നുകൊടുത്തു. പകുതി മോഷണത്താൽ നഷ്ടപ്പെട്ടു. മറേറ പകുതി, 'താൻ തിന്നുകയുമില്ല, അന്യൻ തിന്നാൻ അനുവദിക്കയുമില്ല' എന്നമട്ടിൽ വൈക്കോലിൽ കയറിക്കിടക്കുന്ന പട്ടികൾക്കു തുല്യന്മാരായ ചില മനുഷ്യരുടെ കൈയിൽ അകപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ നമുക്കു കിട്ടുന്നതിനായി നാം പ്രയത്നിച്ചുപോരുന്ന രാഷ്ട്രീയാവകാശങ്ങൾ, അനേകംവർഷങ്ങളായി യൂറോപ്പിൽ തങ്ങിയിരിക്കുന്നു; സ്ഥാപനങ്ങളും അവകാശങ്ങളും, രാഷ്ട്രീയത്തോടു സംബന്ധമുള്ള എല്ലാംതന്നെ, അനുക്രമമായി നിരുപയോഗങ്ങളാക്കി നിരസിക്കപ്പെട്ടു. യൂറോപ്പ് അസമാധാനത്തിൽ വർത്തിക്കുന്നു; എങ്ങോട്ടുതിരിയണമെന്ന് അറിയുന്നില്ല. പ്രാപഞ്ചികശക്തിയുടെ നൈഷ്ഠുര്യം, അതിനെറിന്നമാത്ര ഒരു രാജ്യത്തിന്റെ ഐശ്വര്യവും ശക്തിയും, യാതൊരു ജോലിയും ചെയ്യാതെ അനേക ലക്ഷം പേരുടെ വേലകളെ ഉപയോഗപ്പെടുത്തിവരുന്ന അപൂർവ്വം ചില മനുഷ്യരുടെ കൈകളിലിരിക്കുന്നു. ആ ശക്തികൊണ്ടു ഭൂമിയെ രക്തത്തിൽ ആറാടിക്കാൻ അവർക്കു കഴിയും. മതവും മററുള്ള സർവ്വ വിഷയങ്ങളും അവരുടെ ചവുട്ടടിയിലാണു്. അവർ ഭരണം നടത്തുന്നു; വലിയവരായിത്തീർന്നിരിക്കുന്നു. പാശ്ചാത്യരാജ്യം, ഒരു പിടിയോളം ഷൈലാക്കിനാൽ (Shylock-കൃപണതാപം) ഭരിക്കപ്പെട്ടുവരുന്നു. നീതിയുക്തമായ ഭരണം, സ്വാതന്ത്ര്യം, ജനസഭ എന്നിങ്ങനെ നിങ്ങൾ കേട്ടുവരുന്ന ഓരോന്നും വിനോദപരങ്ങളാകുന്നു. പാശ്ചാത്യദേശം കൃപണതാപത്തിന്റെ ക്രൂരതയാൽ ക്ലേശിക്കുന്നു; പൌരസ്ത്യദേശമാകട്ടെ, വൈദികന്മാരുടെ ക്രൂരതന്ത്രിത്വം ക്ലേശം അനുഭവിക്കുന്നു, ഒന്നു മററതിനെ അമർത്തണം.

൧൭൫. ഒരു മനുഷ്യൻ എഴുന്നേററു നിന്നു പ്രവർത്തിക്കയോ കുറ്റം ചെയ്യുന്നതെന്തു്? ബലം. ബലം തന്നെ പുണ്യം; ബലഹീനതപാപം. അജ്ഞാനപർവ്വതങ്ങളെ തച്ചുടയ്ക്കത്തക്ക വെടിയുണ്ടയെ നിങ്ങൾ ഉപനിഷത്തുകളിൽ അന്വേഷിക്കുന്നുവെങ്കിൽ, ധൈര്യം എന്ന ആ വെടിയുണ്ട നിങ്ങൾക്കു കണ്ടുകിട്ടും. ഉപദേശിക്കപ്പെടേണ്ട ഒ-

ളൊററ മതം, ധൈര്യമാകുന്ന മതമാകുന്നു. ഈ ലോകത്തിലാകട്ടെ, മതലോകത്തിലാകട്ടെ, അധഃപതനത്തിനും പാപത്തിനും മുഖ്യകാരണം ഭയം ഒന്നാണു്. ദുഃഖത്തെ വിളയിക്കുന്നതു ഭയമാണു്; മരണത്തെ ഉണ്ടാക്കുന്നതും ഭയംതന്നെ. പാപത്തെ ജനിപ്പിക്കുന്നതും ഭയമത്രെ. ഭയത്തിനു കാരണമെന്തു്? നമ്മുടെ സ്വാഭാവികതയിലുള്ള അജ്ഞാനമാകുന്നു.

൭൯. നാം ജലപാത്രത്തെ വലത്തേതുകൈകൊണ്ടോ, ഇടത്തേതുകൈകൊണ്ടോ പിടിച്ചു കുടിക്കുന്നതു്? മൂന്നു പ്രാവശ്യമോ നാലുപ്രാവശ്യമോ കൈ കഴുകുന്നതു്? നാം വായിൽ വെള്ളം കൊള്ളുന്നതു എത്ര പ്രാവശ്യം? ആറുപ്രാവശ്യമോ? ഇങ്ങനെയുള്ള ചോദ്യങ്ങളെ ആസ്പദമാക്കി അനേകായിരം (വയസ്സു കൊണ്ടു) വലിയ ആളുകൾ അനേകം കൊല്ലങ്ങളായി വാദം നടത്തിയതിന്റെ ഫലമായി, കഴിഞ്ഞ അറുനൂറെഴുനൂറു സംവത്സരങ്ങളായി നാം അനുഭവിച്ചുപോരുന്ന അധഃപതനത്തെപ്പററി ചിന്തിക്കുവിൻ! ഇപ്രകാരമുള്ള അവസാനമില്ലാത്ത ചോദ്യങ്ങളെ അധികരിച്ചു വാദംനടത്തി ആയുഷ്കാലത്തെ വ്യയം ചെയ്യുന്ന മനുഷ്യരിൽ നിന്നും നിങ്ങൾക്കു് എന്തു പ്രതീക്ഷിക്കാൻ കഴിയും? അവനെക്കുറിച്ചു പ്രൌഢമായ ഭാഷയിൽ ശാസ്ത്രങ്ങളെ നിർമ്മിക്കുന്നു! മതം അടുക്കളയിൽ കടന്നൊളിച്ചിരിക്കത്തക്കവണ്ണം ആപത്തു നേരിട്ടിരിക്കുന്നു. ഇക്കാലത്തു് നമ്മളിൽ ഭൂരിപക്ഷം ആളുകൾ വേദാന്തികളുമല്ല, പൌരാണികന്മാരുമല്ല, താന്ത്രികളുമല്ല. നാം ഇപ്പോൾ "തൊടരുതു്" എന്ന മതത്തെ സംബന്ധിച്ചവരായിരിക്കുന്നു. നമ്മുടെ മതം അടുക്കളമുറിയായിത്തീർന്നിട്ടുണ്ടു്. നമ്മുടെമതം ചോററുകലം; നമ്മുടെ മതം, "ഞാൻ പവിത്രനാൻ, എന്നെതൊടരുതു്" എന്നുള്ളതാണു്. ഒരു നൂററാണ്ടുകൂടി ഇങ്ങനെ കഴിഞ്ഞുകൂട്ടുമെങ്കിൽ നമ്മളിൽ ഓരോരുത്തരും ഭ്രാന്താശുപത്രികളിലാകും. മനസ്സിനു ജീവിതസംബന്ധമായ ഉയർന്നതരം ചോദ്യങ്ങളെ ഗ്രഹിക്കാൻ, കഴിയാത്തപ്പോൾ, തലച്ചോറിനു മാർദ്ദവം സംഭവിച്ചതായി മനസ്സിലാക്കാം; നൂതനതത്വങ്ങൾക്കു ശൈഥില്യം നേരിടുന്നു; മനസ്സ് അതിന്റെ ശക്തികളെ —പ്രസരിപ്പിനെയും വിചിന്തനശക്തിയെയും— നഷ്ടപ്പെട്ടു്, തന്റെ സങ്കുചിതമായ പരിധികളുള്ളിൽ നിന്നു കറങ്ങുന്നു.

൮൦. സാമുദായികമായ ഒരു ചെറിയ ആചാരത്തെ മാററുകയെന്നു വച്ചാൽ, നീ നിന്റെ മതത്തെ നഷ്ടപ്പെടുക എന്നർത്ഥമല്ല. ലേശംപോലും നഷ്ടപ്പെടുന്നില്ലെന്നുള്ള പരമാർത്ഥം സദാ നിന്റെഓർമ്മയിൽ ഉണ്ടായിരിക്കണം. ഈ ആചാരങ്ങൾ പണ്ടേ തന്നെ മാററപ്പെട്ടിരിക്കുന്നു എന്നും ഓർക്കുക! ഈ ഇന്ത്യയിൽ ഗോമാംസം ഭക്ഷിക്കാതെ, ഒരു ബ്രാഹ്മണനു ബ്രാഹ്മണനായി ജീവിക്കാൻ കഴിയാതിരുന്ന ഒ

രു കാലം ഉണ്ടായിരുന്നു. ഒരു സന്ന്യാസിയോ, ഒരു രാജാവോ, അല്ലെങ്കിൽ ആരെങ്കിലും വലിയ ആളോ അതിഥിയായി ചെന്നാൽ അവരെ സൽക്കരിക്കുന്നതിനായി ആടുമാടുകളെ നിഗ്രഹിച്ചിരുന്നതായി വേദങ്ങളിൽ നിന്നും നമുക്ക് അനുമാനിക്കാം. നാം വ്യവസായികളായതുകൊണ്ട്, പൂജ്യങ്ങളായ കാളകളെ കൊല്ലുക, സമുദായനാശത്തിനു കാരണമാണെന്നു പിൽക്കാലങ്ങളിൽ കണ്ടുപിടിച്ചു എന്നും വേദങ്ങളിൽ നിന്നും മനസ്സിലാക്കാം. കാലഗതിയിൽ, പരിപാടിക്കു വ്യത്യാസം വരുത്തേണ്ടിവന്നു. കാലാന്തരത്തിൽ ഈ പുതിയ പരിപാടിയും മാറേണ്ടതായി വരും; വേറെ സ്മൃതികൾ ഉണ്ടാകും.

൩൭൮. ആനന്ദത്തിൽപോലും നമുക്ക് ഇപ്പോൾ കരയാനുള്ള കാലമല്ല, നാം അത്രത്തോളം കരഞ്ഞുകഴിഞ്ഞു. ഇനി മൃദുവപ്പെട്ടിരിക്കാൻ നമുക്കു സമയമില്ല ഈ മാർദ്ദവത്വം, നമ്മെ പഞ്ഞിക്കെട്ടാക്കിച്ചെയ്തു. നാം ജീർണ്ണിച്ചുവങ്ങളായി ഭവിച്ചിരിക്കുന്നു. നമ്മുടെ നാട്ടിന് ഇപ്പോൾ അത്യാവശ്യമായിരിക്കുന്നത് ഉറച്ചമാംസവും എഴുന്ന ഞരമ്പുകളുമാണ്. യാതൊന്നിനാലും എതിർക്കപ്പെടാൻ പ്രയാസമായിട്ടുള്ളതും പ്രപഞ്ചരഹസ്യങ്ങളിൽക്കൂടി തുളച്ചുകയറാൻ കഴിവുള്ളതും, വേണ്ടിവന്നാൽ സമുദ്രത്തിന്റെ അടിത്തട്ടിൽ ചെന്നു മരണത്തെ എതിർത്തും ഉദ്ദിഷ്ടകാര്യം സാധിക്കാൻ സാമർത്ഥ്യമുള്ളതുമായ രാക്ഷസചിത്തമാണ് ഇന്ന് ഇന്ത്യയ്ക്ക് ആവശ്യമായിട്ടുള്ളത്. അദ്വൈതസിദ്ധാന്തത്തെ, സർവ്വം ഒന്നെന്ന ആദർശത്തെ, അറിഞ്ഞു അനുഭവത്താൽ കൊണ്ടുവരുന്നതിലാണ് ആതിനെ സൃഷ്ടിച്ചു സ്ഥിരപ്പെടുത്താൻ കഴിയുന്നത്. വിശ്വാസം, വിശ്വാസം; നമ്മളിൽ നമുക്കുള്ള വിശ്വാസം. ഈശ്വരനിൽ നമുക്കുള്ള വിശ്വാസം. ഇതത്രേ പ്രശസ്തിയുടെ രഹസ്യം. നിങ്ങളുടെ മുപ്പത്തിമുന്നുകോടി പുരാണദേവതകളിലും അതിനപ്പുറമേ അന്യനാട്ടുകാർ കൊണ്ടുവന്ന് അടിക്കടി നിങ്ങളുടെ മുമ്പിൽ വിടുന്ന എല്ലാ ദൈവങ്ങളിലും നിങ്ങൾക്കു വിശ്വാസം ഉണ്ടായിരുന്നാലും നിങ്ങളിൽ തന്നെ നിങ്ങൾക്കു വിശ്വാസമില്ലാതെ പോയാൽ, നിങ്ങൾക്കു മോക്ഷമില്ല. നിങ്ങളിൽതന്നെ നിങ്ങൾക്കു വിശ്വാസമുണ്ടാകട്ടെ; ആ വിശ്വാസത്തിന്മേൽ ഉറച്ചു നിൽക്കുക. അതത്രെ നമുക്കു വേണ്ടത്.

൩൭൯. നമ്മുടെ പൂർവികന്മാർ ജാതിയെ ലംഘിച്ചവരായിരുന്നു. എന്നാൽ അവർ നമ്മുടെ ഇക്കാലത്തെ മനുഷ്യരെപ്പോലുള്ളവരായിരുന്നില്ല. ജാതിയെ ലംഘിച്ചു എന്നുവെച്ചാൽ, ഒരു സ്ഥലത്തുള്ള എല്ലാ ജനങ്ങളും ഒന്നിച്ചുകൂടിയിരുന്നു മാട്ടിറച്ചിയും ബ്രാണ്ടിയും കുടിച്ചു എന്നോ, മൂഢന്മാരെയും ഭ്രാന്തന്മാരെയും പോലെ ഇഷ്ടപ്പെട്ട സ്ത്രീപുരുഷന്മാരെ വല്ലേടത്തും വച്ചു വിവാഹംചെയ്തു നാട്ടിനെ

ഭ്രാന്താശുപത്രിയാക്കിത്തീർത്തു എന്നോ അർത്ഥമാക്കരുതു്. ഒരു ജനസമുദായത്തിന്റെ അഭിവൃദ്ധി, അതിലെ വിധവകൾക്കു കിട്ടുന്ന സംഖ്യ കണ്ടു തീരുമാനിക്കുകയാണെന്നു് അവർ വിശ്വസിച്ചിരുന്നില്ല. ആ വിധത്തിലുള്ള അഭിവൃദ്ധി സമ്പാദിച്ച ഒരു ജനസമുദായത്തെ ഞാൻ ഇതാ കാണാറാകുന്നു.

൧൯൦. ഈ ഇന്ത്യയിൽ നാം എപ്പോഴും രാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്നു; രാജാക്കന്മാർ നമ്മുടെ പരിപാടി ഏറ്റെടുത്തിരുന്നിട്ടുണ്ടു്. ഇപ്പോൾ ആ രാജാക്കന്മാർ ഇല്ലാതായിരിക്കുന്നു. പൊതുജനാഭിപ്രായത്തിന്റെ വളർച്ച അനുസരിച്ചു രാജ്യഭരണം അതിന്റെ മാർഗ്ഗങ്ങളെ ക്രമീകരിക്കേണ്ടതാവശ്യമാണു്. ആ ശാന്ത്യവും ശക്തിയുക്തവുമായ ഒരു പൊതുജനാഭിപ്രായത്തെ രൂപവൽക്കരിക്കാൻ ദീർഘകാലം കൊണ്ടേ സാധിക്കുകയുള്ളു. അതുവരെ നാം ക്ഷമിച്ചിരിക്കുക തന്നെ വേണം. സമുദായപരിഷ്ക്കാരത്തെ സംബന്ധിച്ച ചോദ്യങ്ങൾക്കു് ഈ പ്രകാരമുള്ള ശൈഥില്യങ്ങൾ നേരിടുന്നു. പരിഷ്കാരം വേണ്ടവർ എവിടെ? ആദ്യം അവരെ സൃഷ്ടിക്കുവിൻ! ഒരു ന്യൂനപക്ഷത്തിന്റെ നിഷ്ഠുരത ലോകം നോക്കിക്കാണുന്ന എല്ലാ നിഷ്ഠുരതകളിലും വച്ചു് അതിനീചമാകുന്നു. ചില സംഗതികൾ ചീത്തയാണെന്നു കരുതുന്ന ഏതാൻ ചിലരെ ഒരു ജനസമുദായത്തെ പ്രവർത്തിപ്പിക്കാൻ സാധിക്കുകയില്ല. ജനസമുദായം എന്തുകൊണ്ടു ചലിക്കുന്നില്ല? ആദ്യമായി ജനസമുദായത്തിനു വിദ്യാഭ്യാസത്തെ നൽകുക! നിയമങ്ങളെ നിർമ്മിക്കുന്നതിനായി നിങ്ങളുടെ സ്വന്തം സമിതിയെ സൃഷ്ടിക്കുക! അപ്പോൾ നിയമങ്ങൾ താനേ ഉണ്ടാകും. ഒന്നാമതായി ശക്തിയെ ഉണ്ടാക്കുക! ചട്ടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട സമ്മതിയെ സമ്പാദിക്കുക! രാജാക്കന്മാർ അവസാനിച്ചു; ജനങ്ങളുടെ പുതിയ ശക്തി എവിടെ? ജനങ്ങളുടെ സമ്മതം എവിടെ? അതിനെ കൊണ്ടുവരിക! എല്ലാംകൊണ്ടും, സമുദായപരിഷ്ക്കാരത്തിനു പോലും പ്രഥമകർത്തവ്യം ജനങ്ങൾക്കു വിദ്യാഭ്യാസത്തെ നൽകുകയാകുന്നു. അതുണ്ടാകുന്നതുവരെ നിങ്ങൾ കാത്തിരിക്കുക തന്നെ വേണം. കഴിഞ്ഞ നൂറ്റാണ്ടിലെ ഫലപ്രാപ്തിക്കായി ചെയ്യപ്പെട്ട പരിഷ്ക്കാരങ്ങളിൽ ഭൂരിഭാഗവും വൃഥാലങ്കാരങ്ങളായിട്ടാണു പരിണമിച്ചിട്ടുള്ളതു്. ഈ പരിഷ്ക്കാരങ്ങളിൽ ഓരോന്നും ആദ്യമായി രണ്ടു ജാതികളെ മാത്രമേ സ്പർശിക്കുന്നുള്ളു.

൧൯൧. ഹേ! ബ്രാഹ്മണരേ! പാരമ്പര്യം അനുസരിച്ചു ചണ്ഡാലന്മാരേക്കാൾ വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ അഭിരുചിയും യോഗ്യതയും നിങ്ങൾക്കുണ്ടെങ്കിൽ, ബ്രാഹ്മണവിദ്യാഭ്യാസത്തിനായി മേലാൽ അധികധനം ചെലവു ചെയ്യേണ്ട ആവശ്യമില്ല. പക്ഷേ, ആ ധനമെല്ലാം ചണ്ഡാലന്റെ വിദ്യാഭ്യാസത്തിനായി വിനിയോഗിക്കുക! ബല

ഹീനന്മാൎക്കു കൊടുക്കുക! അവൎക്കാണു കൊടുക്കേണ്ടതു്. ബ്രാഹ്മണൻ സമൎത്ഥനായിട്ടാണു ജനിച്ചിരിക്കുന്നതെങ്കിൽ, അവൻ പരസഹായമില്ലാതെതന്നെ വിദ്യയെ അഭ്യസിച്ചുകൊള്ളും. മററുള്ളവർ സമൎത്ഥന്മാരല്ലാതെ ജനിച്ചവരാകയാൽ അവൎക്കുവേണ്ടു ഉദ്ബോധനങ്ങളും അദ്ധ്യാപകന്മാരും മററും ഉണ്ടാവുകതന്നെ വേണം. ഇതത്രേ ന്യായവും യുക്തവുമെന്നു് എനിക്കു തോന്നുന്നു.

൧൩൨. ഞാൻ ജാതിയെ നശിപ്പിക്കുന്നോനല്ലെന്നും ആചാരപരിഷ്കാരകനല്ലെന്നും നിങ്ങളോടു തുറന്നുപറയേണ്ടിയിരിക്കുന്നു. നിങ്ങളുടെ "ജാതി"യോടാകട്ടെ, ആചാരപരിഷ്കരണവിഷയത്തോടാകട്ടെ എനിക്കു യാതൊരുസംബന്ധവുമില്ല. നിങ്ങൾ ഇഷ്ടപ്പെടുന്ന ഏതുജാതിയെയും നിങ്ങൾ സ്വീകരിച്ചുകൊള്ളുക. എന്നാൽ, മറെറാരു മനുഷ്യനെയാകട്ടെ, ഒരു ജാതിയെ ആകട്ടെ അപലപിക്കാൻ നിങ്ങൾക്കവകാശമില്ല. ഞാൻ ഉപദേശിക്കുന്നതു പ്രേമത്തെ മാത്രമാണു്. ജഗത്തിന്റെ ആത്മാവു സൎവ്വവ്യാപിതമുള്ളതാണെന്നും, അതു് ഏകമാണെന്നുമുള്ള ഉൽകൃഷ്ടമായ വേദാന്തലക്ഷ്യത്തെ ഞാൻ എന്റെ ഉപദേശത്തിനു് ആധാരമാക്കിയിരിക്കുന്നു. ഏതാണ്ടൊരു നൂറാണ്ടുകാലമായി നമ്മുടെ നാട്ടു് ആചാരപരിഷ്കാരകന്മാരാലും പലപ്രകാരത്തിലുള്ള തൽപ്രേരണാശക്തികളാലും നിറയപ്പെട്ടിരിക്കുന്നു. ഒരു ആചാരപരിഷ്കാരകന്മാരിൽ സ്വയമായി ഞാൻ കുററമാരോപിക്കുന്നില്ല. അവരിൽ ഭൂരിപക്ഷം പേരും സദുദ്ദേശമുള്ളവരാണു്; അവരുടെ ലക്ഷ്യങ്ങൾ ചില വിഷയങ്ങളെ സംബന്ധിച്ചിടത്തോളം തുലോം പ്രശംസനീയങ്ങളായിരിക്കുന്നു; എന്നാൽ ഈ നൂറുവൎഷത്തെ ആചാരപരിഷ്കാരോദ്യമം നാട്ടുകാൎക്കു് ഏകകണ്ഠേന പ്രശംസിക്കത്തക്കസ്ഥിരതയും വിലയുമുള്ള ഫലത്തെ പ്രദാനം ചെയ്തിട്ടില്ലെന്നുള്ളതു സുവിദിതമാണു്. സഭാപ്രസംഗങ്ങൾ ഒക്കെയും കണക്കില്ലാതെ നടന്നു; ഹിന്ദുക്കളുടെ നാഗരികത്വമുള്ള പരിശുദ്ധശിരസ്സുകളിൽ കണക്കററ നിന്ദനങ്ങൾ വാരിച്ചൊരിഞ്ഞു; എന്നിട്ടും, നല്ലഫലങ്ങൾ അനുഭവത്തിൽ ഉണ്ടായിട്ടില്ല. അതിന്റെ കാരണം എവിടെ സ്ഥിതിചെയ്യുന്നു? അതിനെ കണ്ടുപിടിക്കാൻ വലിയ പ്രയാസമൊന്നുമില്ല. അതു നിന്ദനത്തിൽ അന്തൎഭവിച്ചിരിക്കുന്നു.

൧൩൩. ആദ്യമായി നിങ്ങളിൽതന്നെ വിശ്വാസം ഉറപ്പിക്കുക! എന്നിട്ടു് അന്യന്മാരിൽ വിശ്വാസത്തെ ചെലുത്തുക! ഇതത്രെ അദ്വൈതരഹസ്യം. ലോകചരിത്രത്തിൽ നോക്കിയാൽ തന്നിൽതന്നെ വിശ്വാസം ഉറപ്പിച്ച ജനസമുദായമാണു അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതെന്നു നിങ്ങൾക്കു കാണാൻകഴിയും. കേവലം ഒരു ഇംഗ്ല

സ്ഥനായ ഒരു ഇംഗ്ലീഷുകാരൻ ഒരിക്കൽ ഇന്ത്യയിൽ വന്നു, ദാരിദ്ര്യത്താലും മററു ചില കാരണങ്ങളാലും അയാൾ തലയിൽ വെടിവെച്ച് ആത്മഹത്യചെയ്യുന്നതിനു രണ്ടുപ്രാവശ്യം ശ്രമിച്ചു; ആ രണ്ടു ഘട്ടങ്ങളിലും അവൻെറ ഉദ്യമം നിഷ്ഫലമാവുകയാൽ അവൻ തന്നിൽ തന്നേ വിശ്വാസമുള്ളവനായി ഭവിച്ചു; താൻ മഹാകാൎയ്യങ്ങൾ നിവ്വഹിക്കുന്നതിനായിട്ടു ജനിച്ചവനാണെന്നു വിശ്വസിക്കുകയും ചെയ്തു. ആ മനുഷ്യനാണു സാമ്രാജ്യസ്ഥാപകനായ ക്ലൈവു പ്രഭുവായിഭവിച്ചതു്. ആ ഇംഗ്ലീഷുകാരൻ പാതിരിയെവിശ്വസിച്ചു്, "ഹേ, പ്രഭോ! ഞാൻ ബലഹീനൻ, ഞാൻ എളിയവൻ" എന്നു പറഞ്ഞു പറഞ്ഞു തൻെറ ആയുഷ്കാലത്തെ മുഴുവൻ ചെലവുചെയ്തിരുന്നുവെങ്കിൽ അയാൾ എവിടെ ജിവിക്കുമായിരുന്നു? ഭ്രാന്താലയത്തിൽ.

൨൱൮. അതുകൊണ്ടു നിങ്ങളെത്തന്നെ നിങ്ങൾ വിശ്വസിക്കുക! നിങ്ങൾക്കു ലൌകികമായ ഐശ്വൎയ്യം വേണമെങ്കിൽ അതിലേക്കായി വേലചെയ്വിൻ! അപ്പോൾ നിങ്ങൾക്കതു കിട്ടും. നിങ്ങൾ ബുദ്ധിസാമൎത്ഥ്യം വേണമെന്നാഗ്രഹിക്കുന്നുവെങ്കിൽ ബുദ്ധിമണ്ഡലത്തിൽത്തന്നെ പ്രവൎത്തിക്കുവിൻ! നിങ്ങൾ വലിയ മേധാവികളായി ഭവിക്കും. നിങ്ങൾ മുക്തിയെ കാംക്ഷിക്കുന്നുവെങ്കിൽ ജ്ഞാനമണ്ഡലത്തിൽ വേലചെയ്യുവിൻ! നിങ്ങൾ മുക്തന്മാരാകും; ആനന്ദമാകുന്ന നിൎവ്വാണം നിങ്ങൾക്കു സിദ്ധിക്കും.

൨൱൯. സൎവ്വപാപങ്ങളെയും സൎവ്വദുഃഖങ്ങളെയും ബലഹീനത എന്ന ഒററവാക്കിൽ അടക്കാൻ സാധിക്കുമെന്നറിയുക! എല്ലാവിധ തിന്മകൾക്കും കാരണശക്തി, ബലഹീനതതന്നെയാകുന്നു; സ്വാൎത്ഥങ്ങൾക്കെല്ലാം ഉല്പത്തിസ്ഥാനം ബലഹീനതയാണു്; മനുഷ്യനെക്കൊണ്ടു് അന്യന്മാരെ ഹിംസിപ്പിക്കുന്നതും ബലഹീനതയത്രെ. വാസ്തവത്തിൽ തങ്ങളുടെ യഥാൎത്ഥനിലയ്ക്കു വിപരീതമായി മനുഷ്യരെക്കൊണ്ടു പ്രവൎത്തിപ്പിക്കുന്നതു ബലഹീനത ഒന്നു മാത്രമാകുന്നു. എല്ലാവരും തങ്ങളുടെ പരമാൎത്ഥസ്ഥിതി മനസ്സിലാക്കട്ടെ; അവർ തങ്ങളുടെ യഥാൎത്ഥസ്ഥിതിയെ അടിക്കടി ധ്യാനിക്കട്ടെ! "സോഹം"——"ഞാനവൻ തന്നെ, ഞാനവൻതന്നെ" ഇങ്ങനെ ധ്യാനിക്കട്ടെ!

൨൱൰. നിങ്ങൾ ത്യാഗം ചെയ്യുമെങ്കിൽ നിങ്ങൾക്കു മതമുണ്ടു്. നിങ്ങൾക്കതിനു സാധിക്കുകയില്ലെങ്കിൽ—കൎമ്മകാണ്ഡത്തെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ—പൌരസ്ത്യദേശംമുതൽ പാശ്ചാത്യദേശംവരെ ലോകത്തിൽ കാണപ്പെടുന്ന സകലപുസ്തകങ്ങളും നിങ്ങൾ വായിച്ചു പഠിച്ചാലും, ഗ്രന്ഥാലയങ്ങളെ എല്ലാം മനോ

ടെ വിഴുങ്ങിയാലും, വലിയ വലിയ പണ്ഡിതന്മാരായി തീൎന്നാലും യാതൊരു ഫലവുമില്ല; ആത്മജ്ഞാനം സിദ്ധിക്കുകയില്ല. ത്യാഗത്താൽ തന്നെ ആ അമരത്വത്തെപ്രാപിക്കണം. പ്രപഞ്ചം ഒന്നടങ്കപ്പോലും സാരവൽഗണിക്കാത്ത ശക്തി; ഏററവും വലിയ ശക്തി അതുതന്നെ—ത്യാഗം. ലോകം മുഴുവൻ പാറുന്ന ഭാരതക്കൊടിയുടെ അടയാളം അതൊന്നാണ്. നശിച്ചുകൊണ്ടിരിക്കുന്ന ജാതികൾക്കും, സൎവക്രൂരതകൾക്കും ലോകത്തിലുള്ള എല്ലാ നിഷ്ഠുരതകൾക്കും പ്രതിവിധിയായി ഇന്ത്യ ഇടവിടാതെ അയച്ചുകൊണ്ടിരിക്കുന്ന നിത്യചിന്ത അതൊന്നുമാത്രമാണ്. അല്ലയോ ഹിന്ദുക്കളെ! ആ കൊടിയെ കൈവിടാതിരിക്കുവിൻ! അതിനെ ഉയൎത്തിപ്പിടിക്കുവിൻ! നിങ്ങൾ, ത്യാഗത്തെ സ്വാൻപ്രാപ്തന്മാരല്ലാത്തവിധത്തിൽ ബലഹീനന്മാരായിരുന്നാൽതന്നെയും ലക്ഷ്യത്തെ കീഴ്പ്പോട്ടു കൊണ്ടുവരാതിരിക്കുവിൻ!

൩൬൧. പൂൎവകാലങ്ങളിൽ ത്യാഗം ഇന്ത്യയെ ജയിച്ചിട്ടുണ്ട്; ഇനിയും അത് ഇന്ത്യയെ ജയിക്കാൻപോകുന്നു. ആ ത്യാഗം ഭാരതലക്ഷ്യങ്ങളിൽവെച്ച് ഏററവും മഹത്തരവും ശ്രേഷ്ഠവുമായിരിക്കുന്നു. ഭാരതം ബുദ്ധന്റെ ഭൂമി; രാമാനുജന്റെഭൂമി; ശ്രീരാമകൃഷ്ണപരമഹംസന്റെഭൂമി; ത്യാഗഭൂമി; പൂൎവകാലംമുതൽ കൎമ്മകാണ്ഡത്തെ അപലപിക്കുന്ന ഭൂമി. ഈ ഭൂമിയിൽ സൎവസംഗപരിത്യാഗികളായ ജീവന്മുക്തന്മാർ ഒട്ടുവളരെയുണ്ടായിട്ടുണ്ട്. അത്ര മഹത്വമേറിയ ഈ ഭാരതഭൂമി അതിന്റെ ലക്ഷ്യത്തെ കൈവിടുമോ? ഒരിക്കലുമില്ല.

൩൬൨, അടുത്ത അമ്പതുകൊല്ലത്തേക്കു ഇതുതന്നെ - ഉൽകൃഷ്ടമായ ഈ ഭാരതഭൂമി--നമ്മുടെ "പല്ലവി"യായിരിക്കട്ടെ അത്രയുംകാലം മററുള്ള ദേവതകളെല്ലാം നമ്മുടെ മനസ്സിൽനിന്നും അന്തൎദ്ധാനം ചെയ്യട്ടെ! നമ്മുടെ ജാതിയിൽപെട്ട നമ്മുടെ ഭാരതമാതാവത്രെ ഉണൎന്നിരിക്കുന്ന ഏകദൈവം. ആ മാതാവിന്റെ കൈകൾ എവിടെയുമുണ്ട്; ഏതൊരിടത്തും അവരുടെ പാദങ്ങളുണ്ട്; എല്ലാസ്ഥലത്തും അവരുടെ കണ്ണുകളുണ്ട്; അവർ സൎവ്വഭൂതങ്ങളിലും വ്യാപിച്ചിരിക്കുന്നു. മററുള്ള ദേവതകളെല്ലാം ഉറങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ ചുററും സൎവത്ര കാണപ്പെടുന്ന വിരാഡ്പുരുഷനായ ഈശ്വരനെ പൂജിക്കാതെ വേറെ ഏതൊരു ദേവതയുടെ പിറകെയാണു നാം പോകുന്നതു? നാം അതിനെ—ഭാരതത്തെ—ഉപാസിക്കുന്ന മാത്രയിൽ അന്യദേവതകളെ ഉപാസിക്കാൻ നാം സമൎത്ഥന്മാരായി ഭവിക്കുന്നു. അരനാഴിക ദൂരം നടക്കാൻകഴിയും മുമ്പു ഹനുമാനെപ്പോലെ സമുദ്രത്തെ ചാടിക്കടക്കാൻ നാം ആഗ്രഹിക്കുന്നു; അതു സാധിക്കുന്നതല്ല. എല്ലാവരും യോഗികളാവാൻ പോകുന്നു! എല്ലാവരും ധ്യാനനിഷ്ഠയിലിരിക്കാൻ ഒരുങ്ങുന്നു!

അതു സാധിക്കുന്നതല്ല. പകൽ മുഴുവൻ ലോകവ്യമായി, കർമ്മകാണ്ഡവ്യമായി, കലരുകയും വൈകുന്നേരം മൂക്കിൽക്കൂടി ശ്വാസം വലിക്കുകയും ചെയ്യുക സുസാദ്ധ്യമാണോ? നീ മൂന്നു പ്രാവശ്യം മൂക്കിൽക്കൂടി ശ്വാസം ശക്തിയോടുകൂടി വലിച്ചുവിട്ടു എന്നുവെച്ച്, ആകാശത്തിൽക്കൂടി ഋഷികൾ പറന്നുവരണമെന്നുണ്ടോ? അതു കേവലം പരിഹാസയോഗ്യമാണ്; കേവലം മൌഢ്യമാണ്. ആവശ്യമായിട്ടുള്ളതു ചിത്തശുദ്ധി; ഹൃദയശുദ്ധി. അതെങ്ങനെയുണ്ടാകുന്നു? സകല ഉപാസനകളിലും വെച്ചു പ്രാധാന്യത്തെ വഹിക്കുന്നതു വിരാട് ഉപാസനയത്രെ; നമ്മുടെ ചുറ്റും കാണപ്പെടുന്നവയെ പൂജിക്കുകയാകുന്നു. അതിനെ ഉപാസിക്കുക. മനുഷ്യർ, മൃഗങ്ങൾ ഇവയെല്ലാമാണു നമ്മുടെ ഈശ്വരന്മാർ. നമ്മാൽ ഉപാസിക്കപ്പെടേണ്ട ആദ്യത്തെ ഈശ്വരന്മാർ നമ്മുടെ സ്വന്തം ദേശത്തെ ജനങ്ങളാകുന്നു.

൩൯. വിദ്യാഭ്യാസമെന്നതു് നിന്റെ തലച്ചോറിനകത്തു ചെലുത്തപ്പെട്ടു നിന്റെ ജീവിതകാലം മുഴുവൻ ജീർണ്ണിക്കപ്പെടാതെ അവിടെ കലക്കിക്കൊണ്ടിരിക്കുന്ന വിഷയക്കൂട്ടങ്ങളല്ല.

൪൦. ഞാൻ വിചാരിക്കുന്നതു്, നമ്മുടെ ഗ്രന്ഥങ്ങളിൽ ശേഖരിച്ചു വയ്ക്കപ്പെട്ടിട്ടും ഏതാനും ചിലരുടെ കൈകളിലും വീടുകളിലും കാടുകളിലും മറച്ചുവയ്ക്കപ്പെട്ടിരിക്കുന്ന ആത്മീയരത്നങ്ങളെ, ഒന്നാമതായി വെളിയിൽ കൊണ്ടുവരണം എന്നാണു്. അതിനെ ഒളിച്ചുവച്ചിരിക്കുന്നവരുടെ പക്കൽനിന്നു മാത്രമല്ല, എല്ലാവർക്കും സിദ്ധിക്കാൻ കഴിയുന്നവിധത്തിൽ അതിനെ സംഭരിച്ചുവച്ചിരിക്കുന്ന ഭാഷാപേടകത്തിൽനിന്നു് — അനേകനൂറ്റാണ്ടുകളായി മറച്ചുവച്ചിരിക്കുന്ന സംസ്കൃതപേടകങ്ങളിൽനിന്നു് — അവയെ വെളിയിൽ കൊണ്ടുവരികയും വേണം. ചുരുക്കിപ്പറഞ്ഞാൽ, അവയെ പൊതുജനങ്ങൾ ഇഷ്ടപ്പെടുമാറു പ്രാത്തിക്കണമെന്നാണു ഞാനാഗ്രഹിക്കുന്നതു്. ഞാൻ ഈ ഉദ്ദേശ്യത്തെ വെളിപ്പെടുത്തണമെന്നാശിക്കുന്നു. അവ പൊതുസ്വത്താണു്. ഇന്ത്യയിലുള്ള ഓരോ മനുഷ്യനും അവകാശപ്പെട്ടതാണു്. സംസ്കൃതജ്ഞനായാലും ശരി, തദ്ഭാഷാനഭിജ്ഞനായാലും ശരി, അതു് ഓരോരുത്തന്റെയും പൊതുസ്വത്തായിത്തീരണം.

൪൧. എന്നെ അമേരിക്കയിൽ പോകാൻ ഇടയാക്കിയതു് എന്റെ സാമർത്ഥ്യമല്ല; നിങ്ങളുടെ സാമർത്ഥ്യവുമല്ല. പിന്നെയോ? ഇന്ത്യയെ അനുസ്യൂതമായി കാത്തുരക്ഷിക്കുന്ന ഈശ്വരനാണു് എന്നെ അയച്ചതു്. ലോകത്തിലുള്ള എല്ലാ ജനസമൂഹങ്ങളിലേക്കും ഇപ്രകാരം അനേകായിരം ആളുകളെ അയയ്ക്കുന്നതാണു് ലോക

ത്തിലുള്ള ഏതൊരുശക്തിക്കും അതിനെ എതിർക്കാൻ സാധിക്കയില്ല. നിങ്ങൾ നിങ്ങളുടെ മതത്തെ ഉപദേശിക്കുന്നതിനായി പുറമേ പോകേണ്ടതാവശ്യമാണ്. ലോകത്തിലുള്ള ഓരോ ജനസമുദായത്തെയും ഉപദേശിക്കണം; പോരാ, ഓരോ മനുഷ്യനെയും ഉപദേശിക്കണം. ഇതാണ് നിങ്ങളുടെ ഒന്നാമത്തെ കടമ. ആത്മീയമായ അറിവിനെ ഉപദേശിച്ചുകഴിഞ്ഞാൽ അതോടുകൂടി നിങ്ങൾക്കു വേണ്ട ലൌകികജ്ഞാനവും മററുള്ള അറിവുകളും ഉണ്ടായിക്കൊള്ളും. എന്നാൽ ഒരു സംഗതി ഞാൻ നിങ്ങളോടു തുറന്നുപറയുന്നു; നിങ്ങൾ മതമില്ലാത്ത ലൌകികജ്ഞാനത്തെ സമ്പാദിക്കാനു യത്നിച്ചാൽ ഇന്ത്യയിലെ നിങ്ങളുടെ പ്രയത്നങ്ങളെല്ലാം നിഷ്ഫലങ്ങളായി ഭവിക്കും.

൱൨൦. വിദ്യാഭ്യാസമെന്തു? പുസ്തകപ്പഠിപ്പാണോ? അല്ല. നാനാമുഖമായ അറിവുകളാണോ? അതുമല്ല. മനസ്സിൻെറ ഗതിയെയും വിജൃംഭണത്തെയും അടക്കി അതിനെ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള അഭ്യസനമാണു വിദ്യാഭ്യാസം.

൱൨൧. തന്നെ അടക്കാൻ ഒരു ധീരനെക്കൊണ്ടുമാത്രമേ സാധിക്കൂ; ഭീരുവായ ഒരുവന് അതുസാധിക്കുന്നതല്ല.

൱൨൨. സമുദായാഭിവൃദ്ധിയെ മുൻനിറുത്തി, നിൻെറ സ്വേച്ഛയെ നീ എപ്പോൾ ത്യാഗംചെയ്യുന്നുവോ, അപ്പോൾ—ആ മാത്രയിൽ—നീ ബുദ്ധനായി ഭവിക്കുന്നു; നീ മുക്തനായിത്തീരുന്നു.

൱൨൩. ഏതൊരുവൻ തെററുപ്രവർത്തിക്കുന്നുവോ അവനാൽമാത്രം സത്യമാർഗ്ഗം അടയപ്പെടുന്നു.

൱൨൪. ജീവിതത്തിൻെറ വളർച്ചയോടൊന്നിച്ചു മരണത്തിൻെറ ബീജവും വിതയ്ക്കപ്പെടുന്നു. ഇരുട്ടും വെളിച്ചവും സദാ ഒന്നിച്ചു പരിക്കുന്നു.

൱൨൫. എളിയവർ ഈശ്വരൻെറ പ്രതിനിധികളാണ്; കഷ്ടപ്പെടുന്നവരെല്ലാം അദ്ദേഹത്തിൻെറ പ്രതിനിധികളത്രെ.

൱൨൬. ഈശ്വരചിന്ത സ്വാതന്ത്ര്യമുള്ള ഒരു മനുഷ്യന് ഉണ്ടാകുന്നതല്ല. നാം വെളിയിൽവന്ന് എത്രകണ്ട് അന്യന്മാർക്കു നന്മയെ ചെയ്യുന്നുവോ, അത്രകണ്ട് നമ്മുടെ ഹൃദയങ്ങൾ പരിശുദ്ധങ്ങളാകും; ഈശ്വരൻ അവയിൽ വാസംചെയ്യും.

൱൨൭. ഓരോഫലത്തിൻെറയും ആദ്യപങ്ക് എളിയവർക്കു ചെല്ലേണ്ടതാണ്; ബാക്കിയുള്ളതിനുമാത്രമേ നമുക്കവകാശമുള്ളു.

൱൨൮. മരണമെന്നതു പ്രവൃത്തിരാഹിത്യത്തിൻെറ ഫലമാണ്.

൱൨൯. ഭിന്നത, ജീവിതത്തിൻെറ ഉല്പത്തിസ്ഥാനമാണ്; ജീവിതത്തിൻെറ അടയാളമാണ്.

൨൭൪. ശ്രദ്ധമററിരിക്കുക! ഹൃദയത്തിന്റെ പ്രേമം ഒരാളിനു മാത്രം അവകാശപ്പെട്ടതാണ്. ആൎക്ക്? സ്ത്യ്ത്യാസ്മററ ഒരാളിന്, ആ ആൾ ആര? ദൈവമല്ലാതെ മററാരുമല്ല.

൨൭൫. പ്രേമം എവിടെക്കാണപ്പെടുന്നുവോ, ആനന്ദത്തിന്റെ ലക്ഷണം എവിടെ ഉണ്ടാകുന്നുവോ അവിടെ. ഈശ്വരന്റെ സാന്നിധ്യമുണ്ടെന്നറിയുക! എന്തുകൊണ്ടെന്നാൽ, ഈശ്വരൻതന്നെ സുഖവും ആനന്ദവും പ്രേമവും. അതില്ലെങ്കിൽ (ഈശ്വരസാന്നിധ്യമില്ലെങ്കിൽ) അവിടെ പ്രേമത്തിന്നു സ്ഥാനമില്ല.

൨൭൬. ഒരാൾ ഒരു സന്ന്യാസിയെനോക്കി, "സ്വാമിൻ! ഉചിതമായ സ്ഥലം കണ്ടുപിടിച്ചുവോ? ഹിമഗിരിയിൽ എത്രകാലം യാത്ര ചെയ്തു?" എന്നു ചോദിച്ചു. അതിന്നദ്ദേഹത്തിന്റെ സമാധാനം, "ഞാൻ നാല്പതുകൊല്ലം യാത്രചെയ്തു" എന്നായിരുന്നു. മററയാൾ:— "അന്വേഷിച്ചാൽ മനോഹരമായ അനേകം സ്ഥലങ്ങൾ കണ്ടുകിട്ടുമല്ലോ; അങ്ങു് എന്തുകൊണ്ടു് സ്ഥിരമായി ഇരിക്കുന്നതിന് ഒരു സ്ഥലം തേടിപ്പിടിച്ചില്ല"? സന്ന്യാസി:—"ശരിയാം; ഈ നാല്പതുവർഷമായി എന്റെ മനസ്സ് അങ്ങനെചെയ്വാൻ എന്നെ അനുവദിച്ചിട്ടില്ല"—നാം ഓരോരുത്തരും "ശാന്തി അടയണം" എന്നു പറയുന്നു. എന്നാൽ നമ്മുടെ മനസ്സ് അതിലേക്കു നമ്മെ അനുവദിക്കുന്നില്ല.

൨൭൭. ഒരു 'ടാർടാറ' × നെപ്പിടിച്ച മനുഷ്യന്റെ കഥ നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. ഒരു യുദ്ധഭടൻ പട്ടണത്തിനുവെളിയിൽ പോയിരുന്നു. മടങ്ങിവരുമ്പോൾ അവൻ രാജഗൃഹത്തിനുസമീപംവെച്ചു്, "ഞാനൊരു ടാർടാറനെപ്പിടികൂടി" എന്നു് ഉറക്കെവിളിച്ചുപറഞ്ഞു. "അവനെ അകത്തുകൊണ്ടുവാ" എന്നു് ഒരു ശബ്ദം കേൾക്കായി. "അവൻ അകത്തുവരികയില്ലെന്നുപറയുന്നു സാർ". "അങ്ങനെയാണെങ്കിൽ നീ അകത്തുവരിക" "അവൻ എന്നെയും അകത്തോട്ടുവിടുകയില്ലെന്നു പറയുന്നു സാർ" അതുപോലെ നമ്മുടെ മനസ്സിലും നമ്മൾ ഒരു ടാർടാറനെ പിടിച്ചിരിക്കുന്നു. അതിനെ നമുക്കു് അടക്കാൻ കഴിയുന്നില്ല. നാം അടങ്ങാൻ അതു നമ്മതിക്കുന്നുമില്ല. ഇങ്ങനെ

---

× ഏഷ്യയിലെ ടാർടാറി എന്ന ദേശത്തിൽ വസിക്കുന്ന ജനങ്ങളെ ടാർടാർ (Tartar) മാർ, അല്ലെങ്കിൽ ടാർട്ടേറിയന്മാർ എന്നു വിളിക്കുന്നു. അവർ വീണ്ടുവിചാരമില്ലാത്തവരും മഹാകോപിഷ്ഠന്മാരും അപരിഷ്കൃതന്മാരും നല്ല ശക്തന്മാരുമാണ്. അവരെ ആക്രമിച്ചുതന്നെ കീഴ്പെടുത്താൻ സാധിക്കുന്നതല്ല. ഒരു ടാർടാറനുമായി അന്യനായ ഒരുവൻ മല്ലയുദ്ധം നടത്തിയാൽ അവനെ തോല്പിക്കാൻ സാധിക്കയില്ലെന്നു മാത്രമല്ല, അവൻ മറേറയാളിനെ വിട്ടയയ്ക്കുകയുമില്ല. അടുത്തുമുട്ടുന്ന ഒരുവന് ടാർടാറനെ ജയിക്കുകയോ, അവന്റെ പിടിയിൽനിന്നു വേർപെട്ടു രക്ഷപ്പെടുകയോ സാധിക്കുകയില്ല എന്നു താല്പൎയ്യം.

നമ്മളെല്ലാവരും ടാർടാറനെ പിടിച്ചിരിക്കുന്നവരാണു്. ശാന്തമായും സമാധാനമായും മററും ഇരിക്കുക എന്നു് എല്ലാവരും പറയുന്നു. എന്നാൽ ഓരോരുത്തർക്കും അതു പറവാൻ കഴിയും; അങ്ങനെ ചെയ്വാൻ തനിക്കു സാധിക്കുമെന്നു വിചാരിക്കയും ചെയ്യും. എന്നാൽ അതു ഏററവും ദുഷ്കരമായ ഒരു കാര്യമാണു്. ഞാൻ പരീക്ഷിച്ചുനോക്കീട്ടുണ്ടു്. എന്റെ കർത്തവ്യങ്ങളെ എല്ലാം ദൂരേ ഉപേക്ഷിച്ചിട്ടു ഞാൻ പർവതങ്ങളുടെ കൊടുമുടികളെ അഭയം പ്രാപിച്ചു. ഗുഹകളിലും കൊടിയകാടുകളിലും വസിച്ചു. എന്നാലും ഞാനൊരു ടാർടാറനെ പിടിയിൽ വച്ചിട്ടുണ്ടായിരുന്നു. എന്തെന്നാൽ അപ്പോഴെല്ലാം എന്റെ ലോകം എന്നോടുതന്നെ ചേർന്നാണിരുന്നതു്.

൭൨൫. നീ സ്വാർത്ഥമററിരിക്കയാണോ എന്നു നിന്റെ മനസ്സിനോടു ചോദിക്കുക! നീ സ്വാർത്ഥമററിരിക്കുകയാണെങ്കിൽ യാതൊന്നിനെയും ഗണ്യമാക്കേണ്ട; നിന്നെ എതിർക്കാൻ ഒന്നിനും സാധിക്കയില്ല.

൭൨൬. ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ഒന്നിനെപ്പോലെ, നിനക്കു യാതൊന്നും ചെയ്വാൻ സാധിക്കുകയില്ല. നീ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒന്നിനെപ്പോലെ നിനക്കു് ഒന്നും തന്നെ ചെയ്വാൻ കഴിയുന്നതല്ല.

൭൨൭. യന്ത്രങ്ങൾ ഒരിക്കലും മനുഷ്യവർഗ്ഗത്തിനു് ആനന്ദത്തെ ചെയ്തിട്ടില്ല; ചെയ്യുന്നതുമല്ല.

൭൨൮. നീ ഒരു യഥാർത്ഥ പരിഷ്കാരകനാണെങ്കിൽ മൂന്നു വിഷയം ആവശ്യശ്രദ്ധേയങ്ങളായിട്ടുണ്ടു്. നീ ഗ്രഹിക്കുന്നതു നിന്റെ സഹോദരന്മാർക്കായിട്ടു ഗ്രഹിക്കുകയാണോ? ലോകത്തിൽ അത്രകണ്ടു ദുഃഖവും അജ്ഞാനവും മൂഢവിശ്വാസവും നടമാടുന്നുണ്ടെന്നു നീ പരമാർത്ഥത്തിൽ ഗ്രഹിക്കുന്നുണ്ടോ? മനുഷ്യർ നിന്റെ സഹോദരന്മാരാണെന്നു നീ മനസ്സിലാക്കുന്നുണ്ടോ? ആ വിചാരം നിന്റെ ശരീരം മുഴുവൻ വ്യാപിക്കുന്നുണ്ടോ? അതു നിന്റെ രക്തത്തിൽ കലർന്നു സഞ്ചരിക്കുന്നുണ്ടോ? അതു നിന്റെ ഞരമ്പുകളിൽ കൂടി ചരിക്കുന്നുണ്ടോ? നീ ആ അനുതാപവിചാരം നിറഞ്ഞവനാണോ? അങ്ങനെയാണെങ്കിൽ അതു് ഒന്നാമത്തെ പടിയാണു്. എന്തെങ്കിലും നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടോ എന്നുള്ളതിനെപ്പററി നീ പിന്നീടു പര്യാലോചിക്കണം. പഴയവിചാരങ്ങളെല്ലാം മൂഢവിശ്വാസങ്ങളായിരിക്കാം; എന്നാൽ ഈ മൂഢവിശ്വാസങ്ങളുടെ ചുററും സ്വർണ്ണതുണ്ഡങ്ങളും സത്യതുണ്ഡങ്ങളും അടങ്ങീട്ടുണ്ടു്. കളങ്കങ്ങളെയെല്ലാം നീക്കീട്ടു തങ്കത്തെ മാത്രം സൂക്ഷിക്കുന്നതിനുള്ള ഉപായങ്ങൾ നീ കണ്ടുപിടിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു രണ്ടാമത്തെ പടിയാണു്. ഒരു വിഷയംകൂടി ആവശ്യമാണു്. നിന്റെ ലക്ഷ്യമെന്തു്? പൊന്നാശ, യശഃകാംക്ഷ

അഥവാ അധികാരമോ ഇവയാൽ നീ പ്രേരിപ്പിക്കപ്പെടുന്നില്ലെന്നുള്ളതു തീർച്ചയാണോ? ലോകം മുഴുവൻ നിന്നെ ഞെരിച്ചു കളയാൻ ഉദ്യമിച്ചാൽ പോലും, നിനക്കു നിന്റെ ലക്ഷ്യത്തെ പ്രാപിക്കാൻ കഴിയുമെന്നുള്ള പരമാൎത്ഥതയിൽ നിനക്കു തീർച്ചയുണ്ടോ? നിനക്കാവശ്യമുള്ളതു് ഇന്നതാണെന്നു നിനക്കറിവുണ്ടെന്നുള്ളതിലും നിന്റെ കൎത്തവ്യത്തെ നീ നിവൎത്തിക്കുമെന്നുള്ളതിലും നിന്റെ ജീവൻ അപകടത്തിലിരുന്നാലും നീ അതിനെ നിവൎത്തിക്കുമെന്നുള്ളതിലും നനിക്കു് ഉറപ്പുണ്ടോ? ജീവനുള്ളിടത്തോളം, ഹൃദയത്തിൽ ഒരു അനക്കമുള്ളിടത്തോളം, നീ ഇടവിടാതെ പ്രവൎത്തിക്കുമെന്നുള്ളതിൽ നിനക്കു പൂൎണ്ണവിശ്വാസമുണ്ടോ? ഉണ്ടെങ്കിൽ നീ യഥാൎത്ഥപരിഷ്കാരകൻ—ആചാര്യൻ—മനുഷ്യവൎഗ്ഗത്തിനു് ആനന്ദത്തെ നൽകുന്നവൻ.

൩൯൦. നാം ചെയ്യേണ്ടതു കൎമ്മങ്ങളെയാണു്. ഫലങ്ങൾ തന്നെത്താൻ ശ്രദ്ധിച്ചുകൊള്ളട്ടെ.

൩൯൧. ലോകത്തിലുള്ള എല്ലാ ജനസമുദായചരിത്രങ്ങളുടെയും ഏററവും പുരാതനകാലംമുതൽ ഇന്ത്യാ ജ്ഞാനഭൂമിയാണെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. യുഗയുഗങ്ങളായി ഇന്ത്യ, അന്യ ജനസമുദായങ്ങളെ ജയിക്കാൻ ഒരിക്കലും തുനിഞ്ഞിട്ടില്ല. അതിലെ ജനങ്ങൾ ഒരു കാലത്തും യുദ്ധഭടന്മാരായിരുന്നിട്ടില്ല. നിങ്ങളുടെ (പാശ്ചാത്യ)ജനങ്ങളെപ്പോലെ ഇന്ത്യാക്കാർ മാംസം ഭക്ഷിക്കുകയില്ല. മാംസഭക്ഷണമാണു് യുദ്ധഭടന്മാരെ സൃഷ്ടിക്കുന്നതു്; മൃഗങ്ങളുടെ രക്തം നിങ്ങളുടെ സമാധാനങ്ങളെ നശിപ്പിക്കുന്നു; നിങ്ങൾ എന്തും ചെയ്യാൻ തയ്യാറാകുന്നു.

൩൯൨. ബ്രാഹ്മണാധികാരങ്ങളെ വെളിപ്പെടുത്തുന്ന ഏതൊരുവനും ആദ്യം ആത്മജ്ഞാനത്തെ വെളിപ്പെടുത്തിയും പിന്നീടു് അന്യന്മാരെ അതേനിലയിൽ ഉയൎത്തിയും തന്റെ ബ്രാഹ്മണത്വത്തെ സാധൂകരിക്കണം.

൩൯൩. ഹേ, ബ്രാഹ്മണരെ! ഓൎക്കുവിൻ! ഇതു മരണത്തിന്റെ അടയാളമാണു്. എഴുന്നേററുനിന്നു നിങ്ങളുടെ പൌരുഷത്തെ, നിങ്ങളുടെ ബ്രാഹ്മണ്യത്തെ, പ്രകടിപ്പിക്കുവിൻ! നിങ്ങളുടെ ചുററുമുള്ള ബ്രാഹ്മണേതരന്മാരെ—ഗുരുഭാവത്തെ സ്വീകരിക്കാതെ—പാശ്ചാത്യവഞ്ചനയും പൌരസ്ത്യമൂഢവിശ്വാസവും നിറഞ്ഞ അഹങ്കാരമാകുന്ന അഴുകിയ വ്രണമില്ലാതെ—എന്നാൽ ഒരു ദാസന്റെ ഭാവത്തോടുകൂടി—ഉയൎത്തുവിൻ!

൩൯൪. ഏതൊരുവൻ പ്രവൃത്തി സ്വീകരിക്കേണ്ടതു് എപ്പ്രകാരമെന്നറിയുന്നുവോ, അവൻ ഭരിക്കേണ്ടതെങ്ങനെ എന്നറിയുന്നു.

൩൯൫. യാതൊരുത്തരും ഒരിക്കലും യാചിച്ചു യാതൊന്നിനെയും പ്രാപിച്ചിട്ടില്ല. നമ്മുടെ യോഗ്യതയ്ക്കൊത്തതിനെ നാം പ്രാപി

ക്കുന്നു. യോഗ്യത സമ്പാദിക്കാനുള്ള ആദ്യത്തെ പടി ആശിക്കലാണ്. നാം ഏതൊന്നിനെ പ്രാപിക്കാൻ യോഗ്യന്മാരാണെന്നുള്ളതിനെ സ്വയം മനസ്സിലാക്കുമ്പോൾ അതിനെ നാം വിജയത്തോടുകൂടി ഇച്ഛിക്കുന്നു.

൪൯൩. വേദാന്തികളും സന്ന്യാസികളുമാകുന്ന നമ്മളാകട്ടെ, വൈദികകാലത്തിൽ സംസ്കൃതം സംസാരിച്ചുകൊണ്ടിരുന്ന നമ്മുടെ പൂർവികന്മാരെപ്പററി അഭിമാനിക്കുന്നു; ഏററവും പുരാതനമായ നാഗരികത്വത്തോടുകൂടിയവരും തമിഴ്ഭാഷക്കാരുമായ നമ്മുടെ പൂർവികന്മാരെപ്പററി നാം അഭിമാനിക്കുന്നു; മേല്പറഞ്ഞ രണ്ടു വകക്കാരെയും അപേക്ഷിച്ചു പ്രാചീനന്മാരും കാടുകളിൽ വേട്ടയാടി ജീവിച്ചുപോന്നവരുമായ നമ്മുടെ "കാളേറിയൻ" പൂർവികന്മാരെപ്പററി നാം അഭിമാനിക്കുന്നു; * ചക്കിമുക്കിക്കല്ലു തുടങ്ങിയുള്ള ആയുധങ്ങളോടുകൂടിയവരും മനുഷ്യവർഗ്ഗത്തിന്റെ പ്രാഥമികന്മാരുമായ നമ്മുടെ പൂർവികന്മാരെപ്പററി നാം അഭിമാനിക്കുന്നു. അഭിവൃദ്ധിയെന്നതു പരമാർത്ഥമാണെങ്കിൽ നമ്മുടെ മൃഗപൂർവികന്മാരെപ്പററി നാം അഭിമാനിക്കുന്നു; എന്തുകൊണ്ടെന്നാൽ അവർ മനുഷ്യരുടെയും മുൻപുള്ളവരാണ്. ഉണർവുള്ള അല്ലെങ്കിൽ ഉണർവില്ലാത്ത പ്രപഞ്ചത്തിനാകമാനം നാം സന്തതികളാണെന്നഭിമാനിക്കുന്നു. നാം ജനിച്ചു വേല ചെയ്തു കഷ്ടപ്പെടുന്നുവെന്ന് അഭിമാനിക്കുന്നു. കാര്യം അവസാനിക്കുമ്പോൾ, നാം മരിച്ചു ഭ്രാന്തിയില്ലാത്ത പ്രദേശത്തിനുള്ളിൽ പ്രവേശിക്കുന്നു എന്നു നമ്മൾ സർവ്വോപരി അഭിമാനിക്കുന്നു.

൪൯൪. ഒരിക്കലും പ്രവൃത്തിയില്ലാത്ത മടിയനോടു സാമ്യപ്പെടുത്തിനോക്കിയാൽ പ്രവർത്തിച്ചു തെററുന്ന ഒരുവൻ വീരനാണ്.

൪൯൫. ഇന്ത്യ മരിക്കുമോ? അങ്ങനെ മരിക്കുമെങ്കിൽ ലോകത്തിൽനിന്നും ആത്മജ്ഞാനം വേരോടെ നശിക്കും; സദാചാരവും പരിപൂർണ്ണത്വവുമെല്ലാം മുടിയും; മതത്തിന്റെ പേരിലുള്ള സ്വാർത്ഥമായ അനുരാഗമെല്ലാം ഒടുങ്ങും; ലക്ഷ്യങ്ങളെല്ലാം ഇല്ലെന്നാകും; അതിന്റെ സ്ഥാനത്തു കാമമാകുന്ന പുംദേവതയും ആഡംബരമാകുന്ന സ്ത്രീദേവതയും പണമാകുന്ന വൈദികനും ഭരണം നടത്തും; ബലാല്ക്കാരവും ചതിയും ലഹളയും അതിന്റെ ചടങ്ങുകളായിത്തീരും; മനുഷ്യജീവൻ അതിനു ബലിയായി ഭവിക്കും. ഈ പ്രകാരമുള്ള സംഭവങ്ങൾക്ക് ഒരുകാലത്തും കാരണമുണ്ടാകുന്നതല്ല.

൪൯൬. സ്വാതന്ത്ര്യമാണ് അഭിവൃദ്ധിയ്ക്കുള്ള ഒന്നാമത്തെ ഉപകരണം.

---

* തീപ്പെട്ടി നടപ്പില്ലാതിരുന്ന കാലത്ത് അതിന്റെ ആവശ്യത്തെ നിവർത്തിച്ചുപോന്ന ഒരുതരം കല്ല്.

൨൱. നന്മയെ ചെയ്യുകയാണ് ജീവിതനിർവ്വഹണം; നന്മ ചെയ്യാതിരിക്കുക മരണവും.

൨൱൧. പ്രേമത്തെ ചെലുത്തുന്നവനല്ലാതെ മററാരും ജീവിക്കുന്നവരല്ല.

൨൱൨. എന്റെ കുട്ടികളെ! അനുകമ്പ കാട്ടുവിൻ! ഉണരുവിൻ! എളിയവരിലും അജ്ഞന്മാരിലും ചവിട്ടടിയിലിട്ടു മർദ്ദിക്കപ്പെട്ടുന്നവരിലും അനുകമ്പപ്രകടിപ്പിക്കുവിൻ! ഹൃദയസ്പന്ദനം നിന്നു തലച്ചോറു കലങ്ങി ഭ്രാന്തുപിടിക്കുമെന്നു നിങ്ങൾക്കു തോന്നുന്നതുവരെ അനുകമ്പ പ്രകടിപ്പിക്കുവിൻ! അനന്തരം ഈശ്വരന്റെ പാദാരവിന്ദങ്ങളിൽ ആത്മാവിനെ അർപ്പണം ചെയ്യുവിൻ! അപ്പോൾ ശക്തിയും സഹായവും അസാധാരണ ധൈര്യവും നിങ്ങൾക്കുണ്ടാകും.

൨൱൩. ഇവിടെ എനിക്കു ആഹാരത്തെ തരാൻ കഴിവില്ലാത്ത ദൈവം മോക്ഷത്തിൽ നിത്യാനന്ദത്തെ തരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

൨൱൪ ഏതൊരുവൻ സ്വാതന്ത്ര്യത്തെ നൽകുവാൻ തയ്യാറില്ലയോ അവൻ എല്ലാപ്രകാരമുള്ള സ്വാതന്ത്ര്യത്തെയും പ്രാപിക്കാൻ അർഹനല്ല.

൨൱൫. മുഹമ്മദീയരുടെ ഇടയിൽ പരിപൂർണ്ണസമത്വവും സാഹോദര്യവും വേണ്ടതാണെന്നു മുഹമ്മദു തന്റെ ജീവിതംകൊണ്ടു വെളിപ്പെടുത്തി. ജനനം, ജാതി, കക്ഷി, വർണ്ണം, സ്ത്രീപുരുഷവ്യത്യാസം ഇവയെപ്പററി ചോദ്യമില്ല. തുർക്കിസുൽത്താൻ ആഫ്രിക്കൻസന്തതിയിൽ നിന്നു ഒരുവനെ വിലയ്ക്കുവാങ്ങി വിലങ്ങുവച്ചു തുർക്കിയിലേക്കു കൊണ്ടുവരാം; എന്നാൽ അവൻ മുഹമ്മദീയനായി, വേണ്ടുന്ന സാമർത്ഥ്യവും പ്രാശസ്ത്യവും സിദ്ധിച്ചാൽ അവൻ സുൽത്താന്റെ മകളെ വിവാഹംചെയ്യുകയെന്നും വരാം.

൨൱൬. ഓരോ വലിയ ദീർഘദർശികൾക്കും അവരുടെ ജീവിതമത്രെ വ്യാഖ്യാനം.

൨൱൭. ഏഷ്യയുടെ ശബ്ദം മതശബ്ദമായിരിക്കുന്നു. യൂറോപ്പിന്റെ ശബ്ദം രാഷ്ട്രീയശബ്ദമായിരിക്കുന്നു.

൨൱൮. ഇന്നു കാരണമായിട്ടുള്ളതു മുൽക്കാലത്തിൽ കാര്യവും പിൽക്കാലത്തിൽ കാരണവുമാകുന്നു.

൨൱൯. ഒരു ജാതിയെ സൃഷ്ടിക്കുന്നതു് അതിന്റെ മതംതന്നെയാകുന്നു.

൨൱൰. ഭാരതജനസമുദായം കൊല്ലപ്പെടാൻ സാധിക്കുന്നതല്ല. അതു മരണമററു നിൽക്കുന്നു; അതു ഉണർവ്വ് അസ്ഥിഭാരമായി നില്ക്കുന്നതുവരെ, അതിലെ ജനങ്ങൾ തങ്ങളുടെ ആത്മജ്ഞാനത്തെ കൈവിടാതിരിക്കുന്നതുവരെ, അതു നിലനിൽക്കുകതന്നെ ചെയ്യും. അ

വർ യാചകന്മാരും എളിയവരും ദാരിദ്ര്യത്താൽപീഡിപ്പിക്കപ്പെട്ടവരുമായിരിക്കാം; ചളിയും ചേറും ഏതുകാലത്തും നിറഞ്ഞു കിടക്കാം; എന്നാൽ അവർ തങ്ങളുടെ ഈശ്വരനെ കൈവിടാതിരിക്കട്ടെ! തങ്ങൾ മഹർഷിമാരുടെ സന്തതികളാണെന്നുള്ളതു മറക്കാതിരിക്കട്ടെ! പാശ്ചാത്യദേശത്തു തെരുവിൽതിരിയുന്ന ഒരുമനുഷ്യൻപോലും, താൻ അടുത്ത കാലത്തു ജീവിച്ചിരുന്ന ഇന്ന പ്രഭു—അയാൾ ഒരു കൊള്ളക്കാരനായിരിക്കാം—വിന്റെ വംശത്തെ സംബന്ധിച്ചവനാണെന്നു പറവാൻ ആഗ്രഹിക്കുന്നതുപോലെ, ഇന്ത്യയിൽ സിംഹാസനത്തിൽ സ്ഥിതിചെയ്യുന്ന ചക്രവർത്തി താൻ ആരണ്യത്തിൽ വസിച്ചുവന്ന ഒരു നിർദ്ധനനായ ഋഷിയുടെ—മരവുരിയുമുടുത്തു കാട്ടിലെ കനികളുംതിന്നു ഈശ്വരധ്യാനംചെയ്തുകൊണ്ടിരുന്ന ഒരു മനുഷ്യന്റെ—സന്തതിയാണെന്നു പറവാൻ ആശിക്കുന്നു. ഇതുതന്നെയാണു നാം ആശിക്കുന്ന സന്തതിക്രമം. പരിശുദ്ധഭാവം, ഇപ്രകാരം പരമോൽകൃഷ്ടമായി കരുതപ്പെടുന്നതുവരെ ഇന്ത്യ മരിക്കുന്നതല്ല.

൩൧൫. ബ്രാഹ്മണസന്തതിയുടെ രഹസ്യം അവരുടെ ത്യാഗത്തിൽ അടങ്ങിയിരിക്കുന്നു.

൩൧൬. നീ ദേവദൂതന്റെ അറിവോടുകൂടിയവനായിരുന്നാലും ശരി, അഥവാ മൃഗത്തിന്റെ അറിവില്ലായ്മയോടുകൂടിയവനായിരുന്നാലുംശരി, ജീവിതം നിമിഷനേരത്തേക്കേ ഉള്ളു. നീ പഴന്തുണി ഉടുക്കുന്ന ഏററവും എളിയ മനുഷ്യന്റെ ദാരിദ്ര്യത്തോടുകൂടിയവനായിരുന്നാലും ശരി, മഹാധനികന്റെ ഐശ്വര്യത്തോടുകൂടിയവനായിരുന്നാലും ശരി ജീവിതം നിമിഷനേരത്തേക്കേയുള്ളു. നീ പാശ്ചാത്യദേശത്തെ വലിയ പട്ടണങ്ങളിലെ വലിയ തെരുവുകളിൽ കഷ്ടപ്പെട്ടുന്നവനായിരുന്നാലും ശരി, അനേകലക്ഷം ജനങ്ങളെ ഭരിക്കുന്ന കിരീടം ധരിച്ച ചക്രവർത്തിയായിരുന്നാലും ശരി, ജീവിതം നിമിഷനേരത്തേക്കെ ഉള്ളു. നീ നല്ല ശരീരബലത്തോടുകൂടിയവനായിരുന്നാലും ശരി, വ്യാധിപൂണ്ടവനായാലും ശരി, ജീവിതം ക്ഷണഭംഗുരമത്രെ. നീ വളരെ നല്ല ശീലത്തോടുകൂടിയിരുന്നാലും ശരി, ദുർഗ്ഗുണങ്ങളോടുകൂടിയവനായിരുന്നാലും ശരി, ജീവിതം ക്ഷണികമാകുന്നു.

൩൧൭. ചിലർ മാത്രമെ വിചാരശക്തിയെ അറിയുന്നുള്ളു. ഒരുവൻ ഒരു ഗുഹയ്ക്കകത്തുകടന്നു അതിന്റെ പ്രവേശനദ്വാരമടച്ചും കൊണ്ടു വലുതായ ഒരു പരമാർത്ഥവിചാരത്തോടുകൂടിയിരുന്നു, ആ നിലയിൽ മരിക്കുകയാണെങ്കിൽപോലും, ആ വിചാരം ആ ഗുഹയുടെ ഭിത്തികളിൽ തുളഞ്ഞുകയറി കാലാന്തരത്തിൽ വെളിയിലിറങ്ങി ഒടുവിൽ മനുഷ്യസമുദായത്തെ മുഴുവൻ ബാധിക്കുന്നതുമാണു്. വിചാരത്തിന്റെ ശക്തി ഈ വിധത്തിലാകുന്നു. അതുകൊണ്ടു നിങ്ങളുടെ വിചാരങ്ങളെ അന്യന്മാർക്കു നൽകുന്ന വിഷയത്തിൽ ധൃതിവേണ്ട.

൩൧൪. ആദ്യമായി ആദർശത്തെ സൃഷ്ടിച്ചുകൊള്ളുവിൻ! അതുതന്നെയാണു നിങ്ങൾ നിർവഹിക്കേണ്ടതായിട്ടുള്ള ഉയർന്ന കർത്തവ്യം.

൩൧൫. സ്ഥിരവും ഗാഢവുമായ അഭിപ്രായവും പരിശുദ്ധമായ ലക്ഷ്യവും നിശ്ചയമായി വിജയം പ്രാപിക്കും. ന്യൂനപക്ഷക്കാർപോലും ഈ രണ്ടു യുദ്ധങ്ങളെക്കൊണ്ടു വിജയം പ്രാപിച്ചിട്ടുണ്ട്.

൩൧൬. സത്യം, പരിശുദ്ധത, നിസ്സ്വാർത്ഥത, ഇവ ഏതൊരാളിൽ കാണപ്പെടുന്നുവോ ആ ആളിനെ മർദ്ദിക്കാൻ ഏതൊരു ശക്തിയ്ക്കും സാധിക്കുന്നതല്ല. ഇതിനെ ധരിക്കുന്ന ഒരുവൻ പ്രപഞ്ചത്തെ മുഴുവൻ എതിർത്തുനില്ക്കാൻ ശക്തനായിഭവിക്കുന്നു.

൩൧൭. പിറകോട്ടുപിടിച്ചുവയ്ക്കപ്പെട്ടിരിക്കുന്ന കാരണമാകട്ടെ, ഉടനെടിയല്ലെങ്കിൽ പിന്നീടെങ്കിലും കാര്യമായി പ്രകടിക്കും. ഉള്ളിലടങ്ങിയുള്ള വിചാരം ആരംഭത്തിൽ എത്ര അശക്തമായിരുന്നാലും പ്രപഞ്ചപ്രസരിപ്പിൽ ഒരിക്കൽ വിജയം പ്രാപിക്കും.

൩൧൮. ഒരുവന്റെ വളർച്ചയാകട്ടെ, അവൻ തന്റെ ഇന്ദ്രിയങ്ങളെ പിന്നിട്ട്, ഉന്നതാകാശത്തിൽ വസിക്കുന്ന ശക്തിയിൽനിന്നും, അവന്റെ പരിശുദ്ധമായ വിചാരങ്ങളിൽനിന്നും, ആ വിഷയത്തിൽ അവൻ വ്യയം ചെയ്യുന്ന ശക്തിയിൽനിന്നും അനുമാനിക്കാം.

൩൧൯. ആഡംബരങ്ങൾപോലും, വിചാരങ്ങൾക്കും ലക്ഷ്യങ്ങൾക്കും യോജിക്കുമാറു— കഴിവുള്ളിടത്തോളം എത്രവിചാരങ്ങൾക്കു ജീവനെ പ്രതിഫലിപ്പിക്കാൻ കഴിയുമോ അത്രവിചാരങ്ങൾ ജീവനെ പ്രതിഫലിപ്പിക്കത്തക്കവണ്ണം — രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഇതുതന്നെയാണ് "കല" എന്നു പറയപ്പെടുന്നതു്.

൩൨൦. തന്റെ ലക്ഷ്യത്തെ പ്രാപിക്കുന്നതിനു യാതൊന്ന് അനുകൂലമായിരിക്കുന്നുവോ ആ ഒന്നിനെയത്രെ ഓരോ മനുഷ്യനും പരമാർത്ഥം എന്നു പറയപ്പെടുന്നതു്.

൩൨൧. ഏതൊരുവന്റെ ഏകലക്ഷ്യത്തെ-ജീവിതശക്തിയെ-ധനത്തിനായിട്ടോ, കീർത്തിക്കായിട്ടോ, അഥവാ അന്യഭാഗങ്ങൾക്കായിട്ടും ഭേദപ്പെടുത്തുന്നു, ഏതൊരുവനു യുദ്ധവീരന്റെ നടപടിതന്നെ ശക്തിയുടെ പ്രകടനമായിരിക്കുന്നു, ഏതൊരുവന് ഇന്ദ്രിയഭോഗങ്ങൾ ജീവിതത്തിന് ആനന്ദത്തെ പ്രദാനം ചെയ്യുന്നതായിരിക്കുന്നു, അവക്ക് ഇന്ത്യ എല്ലായ്പ്പോഴും ഒരു കൊടുങ്കാടിന്റെ അനുഭവത്തെച്ചെയ്യുന്നതാണ്.

൩൨൨. മനുഷ്യവർഗ്ഗത്തിൽ ഭൂരിപക്ഷത്തിനും, അറിവിനു യോജിച്ചവണ്ണം ശക്തിയെ സ്ഥൂലരൂപത്തിൽ നൽകിയാൽ മാത്രമേ ഗ്രഹിക്കാൻ കഴിവുണ്ടാകയുള്ളൂ.

൩൨൩. ശ്രീചൈതന്യസ്വാമികളുടെ ശിഷ്യന്മാർ സിംഹാസനാധിപതികളായി ഭവിച്ചു. എന്നാൽ അവരാകട്ടെ ഇന്ത്യയിൽ

വീടുകൾതോറും നടന്നുചെന്നു ചണ്ഡാളന്മാരെപ്പോലും ഈശ്വരനിൽ ഭക്തി ചെലുത്തുന്നതിനു അപേക്ഷാപൂർവ്വം ഉദ്ബോധനം ചെയ്യുവിൻ.

൩൨൪. പ്രകൃതി എല്ലായ്പ്പോഴും അടിമകളുടെ നെററിയിൽ കാട്ടുന്ന ലക്ഷ്യത്തെ—അസൂയയാകുന്ന അഴുക്കിനെ—നാം ആദ്യമായി തുടച്ചുകളയേണ്ടതാണ്. യാതൊരാളിനെയും കണ്ടു് അസൂയപ്പെടരുതു്. നന്മചെയ്യുന്ന ഓരോരുത്തനേയും സഹായിക്കാൻ തയ്യാറായിരിക്കുക. മൂന്നുലോകങ്ങളിലുമുള്ള ഓരോവർഗ്ഗക്കാർക്കും സ്വീകാര്യമായ ഒരു നല്ല വിചാരത്തെ അയയ്ക്കുക.

൩൨൫. ഇന്ത്യ ഉയർത്തപ്പെടുന്നതു മാംസശക്തികൊണ്ടല്ല, ആത്മശക്തികൊണ്ടാണു്; നാശമുള്ള കൊടികൊണ്ടല്ല, സമാധാനവും പ്രേമവുമാകുന്ന കൊടികൊണ്ടാണു (ഇതാണു സന്യാസികളുടെ വസ്ത്രം); ഐശ്വര്യശക്തികൊണ്ടല്ല, ഭിക്ഷാപാത്രശക്തികൊണ്ടാണു്. നീ ബലഹീനനാണെന്നു ഭാവിക്കരുതു്. ആത്മാവു സർവ്വശക്തിയും തികഞ്ഞതാണു്. ശ്രീരാമകൃഷ്ണന്റെ ദിവ്യപാദസ്പർശത്താൽ സൃഷ്ടിക്കപ്പെട്ട ആ യുവാക്കന്മാരെ നോക്കുവിൻ! അവർ ആസാം തുടങ്ങി ഹിന്ദുസ്ഥാൻവരെ, ഹിമാലയം തുടങ്ങി കന്യാകുമാരിവരെ ഈ പരമാർത്ഥത്തെ ഉദ്ബോധനം ചെയ്തിരിക്കുന്നു. അവർ ഹിമാലയങ്ങളിലെ മഞ്ഞുകളിൽ നടന്നു് ഇരുപതിനായിരം അടി ഉയരത്തിൽ കടന്നുചെന്നിട്ടുണ്ടു്. അവർ ആഹാരത്തിനായി യാചന നടത്തിട്ടുണ്ടു്. അവർ നഗ്നത മറയ്ക്കാൻ പഴന്തുണി ഉടുത്തിട്ടുണ്ടു്. അവർ പോലീസുകാരാൽ ബന്ധിക്കപ്പെട്ടു് തടവിൽ വയ്ക്കപ്പെട്ടു് അതീവ കഷ്ടപ്പെട്ടിട്ടുണ്ടു്. ഒടുവിൽ നിരപരാധികളാണെന്നു വെളിപ്പെട്ടതിനുശേഷം അവരെ ബന്ധനത്തിൽനിന്നു മോചിപ്പിക്കയും ചെയ്തിട്ടുണ്ടു്.

൩൨൬. ശ്രീരാമകൃഷ്ണപരമഹംസന്റെ ശിഷ്യന്മാർ ഇപ്പോൾ ഇരുപതുപേർ ഉണ്ടു്. അവർ നാളെ രണ്ടായിരംപേരായി ഭവിക്കും. ബംഗാളത്തിലെ യുവാക്കന്മാരേ! നിങ്ങളുടെ രാജ്യം ആവശ്യപ്പെടുന്നു; ലോകം ആവശ്യപ്പെടുന്നു. നിങ്ങളിലടങ്ങിയിരിക്കുന്ന ഈശ്വരത്വത്തെ വെളിയിൽ കൊണ്ടുവരുവിൻ! അതു നിങ്ങളുടെ വിശപ്പിനെയും ദാഹത്തെയും ഉഷ്ണത്തെയും ശീതത്തെയും സഹിക്കാൻ ശക്തന്മാരാക്കിച്ചെയ്യും. ജീവിതസുഖങ്ങളിൽ മുഴുകി ആഡംബരപൂർണ്ണമായ ഹർമ്മ്യങ്ങളിൽ സ്ഥിതിചെയ്തുകൊണ്ടു് അല്പം മതത്തെപ്പററി പ്രസംഗിക്കുക എന്നുള്ളതു് അന്യഭൂമികൾക്കു പററും; ഇന്ത്യയ്ക്കു വലുതായ ഉൾപ്രേരണയുണ്ടു്. അതു് അന്തർഗ്ഗതവേഷത്തെ കണ്ടുപിടിക്കുന്നു; നിങ്ങൾ ത്യാഗംചെയ്യുവിൻ! വലിയവരാകുവിൻ! ഏതൊരു വലിയ ജോലിയും ത്യാഗമില്ലാതെ ചെയ്വാൻ സാധിക്കുന്നതല്ല. 'പുരുഷൻ" ഈ ലോകത്തെ സൃഷ്ടിക്കുന്നതിനു തന്നെത്താൻ ബലികഴിക്കപ്പെട്ടു. നി

ങ്ങളുടെ സൈന്യങ്ങളെ, നിങ്ങളുടെ സുഖങ്ങളെ, നിങ്ങളുടെ പേരുകളെ, നിങ്ങളുടെ കീൎത്തിയെ, നിങ്ങളുടെ അന്തസ്സിനെ, നിങ്ങളുടെ ജീവിതത്തെപ്പോലും, താഴത്തുവച്ചിട്ടു് അനേകലക്ഷംപേർ ഈ സംസാരസാഗരത്തെ കടക്കുന്നതിനു്, മനുഷ്യശൃംഖലകളെക്കൊണ്ടു്, ഒരു പാലത്തെ സൃഷ്ടിക്കുവിൻ! നല്ല ശക്തികളെയെല്ലാം ഒന്നിച്ചുചേൎക്കുവിൻ! നിങ്ങൾ ഏതു കൊടിക്കീഴിൽ വൎത്തിക്കുന്നു എന്നുള്ളതിനെപ്പററി ചിന്തിക്കരുതു്! നിങ്ങളുടെ നിറം പച്ചയോ നീലമോ അഥവാ ചുവപ്പോ എന്നുള്ളതിനെപ്പററിയും നിങ്ങൾ ചിന്തിക്കണ്ട! എന്നാൽ എല്ലാ വൎണ്ണങ്ങളെയും ഒരുക്കൂട്ടി പ്രേമവൎണ്ണമാകുന്ന ആ ഉൽകൃഷ്ടസിതവൎണ്ണത്തെ സൃഷ്ടിക്കുവിൻ! നമ്മുടെ കൎത്തവ്യം, പ്രവൎത്തിക്കുകമാത്രമാകുന്നു. ഫലം തനിയെ താൻ ശ്രദ്ധിച്ചുകൊള്ളും. നിങ്ങളുടെ ഈശ്വരമാൎഗ്ഗത്തിൽ ഏതൊരു സാമുദായികാൎയ്യമാകട്ടെ, പ്രതിബന്ധകമായിരുന്നാലും, അതു് ആത്മശക്തിയുടെ മുൻപിൽ ഒഴിഞ്ഞുമാറും. ഞാൻ ഭാവികാലത്തിനുള്ളിൽ കടന്നു നോക്കുന്നില്ല; നോക്കാനൊട്ടാഗ്രഹിക്കുന്നുമില്ല. എന്നാൽ ജീവിതത്തെപ്പോലെ വ്യക്തമായ ഒരു പ്രതീതിയെ ഞാൻ കാണുന്നു; പൂൎവ്വികമാതാവു് ഇനി ഒരിക്കൽക്കൂടി ഉണൎന്നുകണ്ടാൽ, യൗവനത്തെ പ്രാപിക്കുന്നതായാൽ പൂൎവ്വാധികം പ്രശസ്തിയോടുകൂടി വിളങ്ങും എന്നുള്ളതിനെ സമാധാനത്തോടും ശാന്തിയോടുംകൂടി ലോകമെല്ലാം മുഴക്കിക്കുവിൻ!

൧൨൭. ജ്ഞാനം എന്നതു് ഐക്യത്തെ കണ്ടുപിടിക്കുകയാകുന്നു.

൧൨൮. ഒരു പരിപൂൎണ്ണമനുഷ്യൻ എല്ലാ കല്പനകളെയും കടന്നുനില്ക്കുന്നു. അവന്റെ പരിധി പരിപൂൎണ്ണമാകുന്നു. ഭൂതകാലവും വൎത്തമാനകാലവും സംഘടിതമായി ഭവിക്കുന്നു. സൎവ്വഭ്രാന്തികളും അവനെ വിട്ടൊഴിയുന്നു; അവയ്ക്കു പകരം താൻ പരിപൂൎണ്ണാവസ്ഥ എന്നു അനുഭൂതി സൎവ്വദാ അവനെ ബാധിക്കുന്നു.

൧൨൯. സ്വാതന്ത്ര്യാവസ്ഥ നിൎബ്ബലമാകുക എന്നുള്ളതു് എങ്ങനെ സംഭവിക്കും? താൻ ഒരിക്കലും ബന്ധിക്കപ്പെട്ടിട്ടില്ലെന്നും പ്രത്യുത, എപ്പോഴും സ്വാതന്ത്ര്യനായിട്ടിരിക്കുകയാണെന്നും അദ്വൈതി പറയുന്നു. പല വൎണ്ണത്താലുള്ള പല മേഘങ്ങൾ ആകാശമദ്ധ്യത്തിലാവിൎഭവിക്കുന്നു. അവ അടുത്ത നിമിഷത്തിൽ അവിടുന്നു് അന്തൎദ്ധാനം ചെയ്യുന്നു. ശാശ്വതമായ ആ നീലനിറത്തോടുകൂടിയ ആകാശം മാത്രം അവിടെ നിന്നും മറയുന്നില്ല. മറയുന്നതു മേഘങ്ങളാണു്. അതുപോലെ നീ എല്ലായ്പോഴും പരിപൂൎണ്ണൻ തന്നെയാകുന്നു; നിത്യപരിപൂൎണ്ണനത്രെ.

൧൩൦. ജ്ഞാനയോഗിയുടെ ജീവിതലക്ഷ്യവും ഫലവും ജീവൻമുക്തിപദം ഒന്നാണു്. ഈ ലോകത്തിൽ ബന്ധമററു വസി

കാൻ സാധിക്കുന്നവനാണു ജീവന്മുക്തൻ. വെള്ളത്തിൽ നിൽക്കുന്ന താമര അതിനോടു സംബന്ധിക്കാതിരിക്കുന്നതുപോലെ, അവൻലോകത്തോടു ചേരാതെ വേറെ നില്ക്കുന്നു. മനുഷ്യസമുദായത്തിൽ ഏററവും ഉൽകൃഷ്ടൻ അവനാണ്; എല്ലാവരിലും വെച്ച് അത്യുൽകൃഷ്ടനാണ്. എന്തു കൊണ്ടെന്നാൽ അവൻ, അഖണ്ഡവസ്തുവും താനും ഒന്നാണെന്ന് അനുഭവത്തിൽ അറിഞ്ഞു കഴിഞ്ഞു, ഈശ്വരനും താനും ഒന്നാണെന്ന് അറിഞ്ഞു.

നമ്പർ. ജ്ഞാനം സിദ്ധിക്കാൻ വളരെ പ്രയാസമാണ്. ബുദ്ധിയിലുള്ള വിഗ്രഹങ്ങളെ മാത്രമല്ല, വിഷയങ്ങളിലുള്ള സകല വിഗ്രഹങ്ങളെയും കൂടിയും ഉടച്ചെറിയാൻ തുനിയുന്ന ഏററവും വലിയ ധൈര്യശാലികൾക്കും മഹാധീരന്മാർക്കും മാത്രമേ സിദ്ധിക്കൂ.

നമ്പർ. ഈ ലോകത്തെയും പരലോകത്തെയും ഏതൊരുവൻ ഉപേക്ഷിക്കുന്നുവോ അവനു നാസ്തികനാവതിനവകാശമുണ്ട്.

നമ്പർ. നമ്മുടെ അറിവുകളെല്ലാം മായായവനികയുടെ മറുഭാഗത്തിരിക്കുന്നു. അതിനപ്പുറത്തു സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നു. ആ വലയത്തിനപ്പുറത്താണ് അടിമത്തത്തിന്റെ സ്ഥാനം. ഇതൊക്കെ നിയതിയിലുൾപ്പെട്ടതാണ്; അതിനപ്പുറം നിയതിയല്ല.

നമ്പർ. ഒരു ശിശുവിനോടു പിശാചുക്കളെ സംബന്ധിച്ചു സംസാരിക്കുക! ആ ശിശു അസ്തമയവേളയിൽ പടിക്കുപുറത്തിറങ്ങുന്നു. അവിടെ ഒരു മരക്കുററി നിൽക്കുന്നു. ശിശുവെന്താണു കാണുന്നത്? തന്നെ വിഴുങ്ങുന്നതിനു തയാറായി നിൽക്കുന്ന ഒരു പിശാചിനെയത്രെ. ആ വഴിയിൽക്കൂടി തന്റെ കാമുകയെ അന്വേഷിച്ച് ഒരു കാമുകൻ വരുന്നു എന്നിരിക്കട്ടെ, അവൻ ആ മരക്കുററിയെ തന്നാൽ അന്വേഷിക്കപ്പെട്ട സ്ത്രീയായിട്ടു കാണുന്നു. ഒരുപോലീസുകാരൻ അതുവഴി വരുമ്പോൾ അതിനെ ഒരു കള്ളനായിട്ടു കാണുന്നു. ഒരു കള്ളൻ ഒരു പോലീസുകാരനായിട്ട് അതിനെ കാണുന്നു. പലേ പ്രകാരത്തിൽ കാണപ്പെട്ടതു് ഒരു മരക്കുററിയെ അത്രെ.

നമ്പർ. ആ പരിണാമരഹിതമായ വസ്തുവിനെ വെളിയിൽനിന്നു നോക്കുമ്പോൾ നീ അതിനെ ദൈവമെന്നു പറയുന്നു; നീയതിനെ ഉള്ളിൽ നിന്നു നോക്കുമ്പോൾ അതു നീ തന്നെയാണെന്നു നീ അഭിപ്രായപ്പെടുന്നു.

നമ്പർ. ഈശ്വരൻ നിന്റെ രൂപത്തിലാണ്, "ഈശ്വരൻ തന്റെ രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു" എന്നുള്ള അഭിപ്രായം അബദ്ധമാകുന്നു. മനുഷ്യൻ ഈശ്വരനെ തന്റെ രൂപത്തിൽ സൃഷ്ടിക്കുന്നു അതാണു ശരി.

൩൩൭. നിൻെറ പുറമേയുള്ള ദേവതകളെക്കൊണ്ടു നിനക്കു സഹായമില്ല; നീയത്രെ ജഗത്തിൻെറ സൃഷ്ടികൎത്താവു്. പട്ടുനൂൽപ്പുഴുവിനെപ്പോലെ നീ നിൻെറ ചുററും കൂടുകെട്ടുകയാണ്: നിന്നെ രക്ഷിക്കാനാര്? നിൻെറ കൂടു പൊട്ടിച്ചിട്ടു മനോഹരമായ "വണ്ണാത്തി"പ്പുഴുവിനെപ്പോലെ മുക്തനായി വെളിയിൽ വരിക! അപ്പോൾ മാത്രമേ നീ പാരമാൎത്ഥ്യത്തെ കാണുകയുള്ളു.

൩൩൮. ഒരുവൻ പരിപൂൎണ്ണനായിരുന്നാൽ അവൻ പരന്മാരിലും പരിപൂൎണ്ണതയെ കാണുന്നു. അവൻ ന്യൂനതയെക്കാണുമ്പോൾ അവൻെറ മനസ്സ് ആ നിലയിലായിരിക്കും.

൩൩൯. സൂൎയ്യനെക്കാണുന്നതിനു തീവെട്ടിയുടെ ആവശ്യമില്ല; ആദിത്യനെക്കാണുന്നതിനു മെഴുകുതിരി കൊളുത്തേണ്ട ആവശ്യമില്ല. സൂൎയ്യനുദിച്ചാൽ നാം തന്നെ ആ സംഗതി അറിയുന്നു. ആചാൎയ്യന്മാർ നമ്മെ സഹായിക്കാനായി വരുമ്പോൾ, ആത്മാവു തന്നിൽ സത്യം പ്രകാശിക്കാൻ ആരംഭിച്ചു കഴിഞ്ഞു എന്നു നാം അറിയുന്നു.

൩൪൦. ആത്മീയശക്തിയുടെ പുരോഗതിക്കുള്ള ഏകമാൎഗ്ഗം പ്രേമമാകുന്നു.

൩൪൧. ഈ മനുഷ്യാവതാരങ്ങളിൽക്കൂടിയല്ലാതെ ഏതൊരുവനും ഈശ്വരനെ പരമാൎത്ഥത്തിൽ ദൎശിക്കാൻ കഴിയുകയില്ല.

൩൪൨. ഈ ആത്മാവു ബലഹീനന്മാരാൽ പ്രാപിക്കപ്പെടാൻ സാധിക്കാത്തതാണെന്നു ശ്രുതി പറയുന്നു. സ്ഥൂലബലഹീനതയെയും മനഃശക്തിഹീനതയെയും ആണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. "ബലമുള്ളവർ ദൃഢതയുള്ളവരാകുന്നു." അവരത്രെ യുക്തശിഷ്യന്മാർ. ചെറിയ വസ്തുക്കളാൽ—അല്പവസ്തുക്കളാൽ—ശിഥിലവസ്തുക്കളാൽ—എന്തു ചെയ്യാൻ കഴിയും? ശരീരത്തിൻെറയും മനസ്സിൻെറയും രഹസ്യശക്തികൾ യോഗികളുടെ ഏതെങ്കിലുമൊരഭ്യാസത്താൽ അല്പമാത്രം ഉദ്ദീപ്തമായിക്കഴിഞ്ഞാൽ അവ (മനഃകായങ്ങൾ) ധൂളീകൃതമായി ഭവിക്കും. വിജയത്തിനവകാശികൾ ബലമുള്ളവർ—ചെറുപ്പക്കാർ—സുഖശരീരികൾ—ആണ്. അതുകൊണ്ടു ശരീരബലം ആവശ്യകമാകുന്നു. ബലമുള്ള ശരീരത്തിനുമാത്രമേ ഇന്ദ്രിയങ്ങളെ അടക്കാനുള്ള ശ്രമത്തിൽ എതിർ ശക്തികളുടെ പ്രവൃത്തികളെ തടുത്തുനില്ക്കാൻ സാധിക്കുകയുള്ളു. ഭക്തനാകാൻ ഇച്ഛിക്കുന്നവൻ ബലമുള്ളവനായിരിക്കണം; ശരീരസുഖമുള്ളവനായിരിക്കണം; ഏററവും ബലഹീനന്മാർ യോഗാഭ്യാസങ്ങളിൽ ഏതെങ്കിലും പ്രവൎത്തിച്ചാൽ, ഒരുപക്ഷെ വല്ല തീരാവ്യാധിക്കും പാത്രമായി എന്നുവരും. അഥവാ, അതു് അവരുടെ മനസ്സിനെ ബലഹീനമാക്കുന്നു.

൩൪൩. ലോകത്തിൽ സ്വാൎത്ഥങ്ങളെ സൃഷ്ടിക്കുന്നതു് "ഞാൻ ശരീരമാണെ"ന്നുള്ള ആപൽകരമായ വിചാരമാണ്. നാം നമ്മുടെ ശ

ദിരമാണെന്നുവിചാരിച്ചാൽ അതിനെപാലിക്കാനായി, അതിനുസുഖത്തെ നൽകാനായി, സാദ്ധ്യമായിട്ടുള്ള എല്ലാമാർഗ്ഗങ്ങളിലും നാം പ്രയത്നിക്കേണ്ടിവരുന്നു.

൩൪൭. ഈ ലോകത്തിൽ മരണം എന്നൊന്നു്, നിശ്ചയമായും, ഉള്ളതിനാൽ ഈ ശരീരം ഒരു ദുഷ്കാര്യത്തിനായി മരിക്കാൻ ഇടയാകുന്നതിനെക്കാൾ ഒരു സൽക്കാര്യത്തിനായി മരിക്കുന്നതുശ്ലാഘനീയമാകുന്നു.

൩൪൮. എത്രത്തോളം നാം ഈശ്വരനെ സമീപിക്കുന്നുവോ അത്രത്തോളം, സകലവസ്തുക്കളും അദ്ദേഹത്തിൽ വർത്തിക്കുന്നുവെന്നു നാം കാണുന്നു.

൩൪൯. അകളങ്കമായ ഭക്തി മനുഷ്യന്റെ ഹൃദയത്തിനുള്ളിൽ ഒരു പ്രാവശ്യം ഉണ്ടായിക്കഴിഞ്ഞാൽ അവന്റെ മനസ്സ് ഇടവിടാതെ ഈശ്വരനെ അനുസന്ധിക്കും; മറ്റൊന്നിനെയും അതുവിചാരിക്കുകയില്ല.

൩൫൦. ഒരിക്കൽ ഒരുവലിയ രാജാവു് ഒരുകാട്ടിൽ ചെന്നു് ഒരു മഹാത്മാവിനെക്കണ്ടു. രാജാവു് ആ മഹാത്മാവുമായി അല്പം സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ പരിശുദ്ധതയും ജ്ഞാനവും കണ്ടു് അതീവസന്തുഷ്ടനായി ഭവിച്ചു. അതിന്റെ ഫലമായി തന്റെ പക്കൽ നിന്നും ഒരു സംഭാവന സ്വീകരിച്ചുകൊണ്ടു്, തന്നെ അനുഗ്രഹിക്കണമെന്നു് അരചൻ മഹർഷിയോടു് അപേക്ഷിച്ചു. "അതിനദ്ദേഹം "എനിക്കു കാട്ടിലുള്ള പഴങ്ങൾ ഉചിതാഹാരങ്ങളാണു്; പർവ്വതശിഖരങ്ങളിൽ നിന്നും വീണൊഴുകുന്ന പരിശുദ്ധമായ കാട്ടാറുകളിലെ വെള്ളം എന്റെ ദാഹത്തിനുമതിയാകും; എന്റെ വസ്ത്രധാരണത്തിനു് ഇവിടെ മരവുരികളുണ്ടു്; മലകളിലെഗുഹകൾ എനിക്കു വാസയോഗ്യങ്ങളാണു്. നിങ്ങളുടെ പക്കൽനിന്നാകട്ടെ, മറെറാരാളിന്റെ കൈയിൽനിന്നാകട്ടെ ഞാനെന്തൊരുസംഭാവനയാണു് സ്വീകരിക്കേണ്ടതു്?" എന്നിങ്ങനെ രാജാവിന്റെ അപേക്ഷയെ നിരസിച്ചു. രാജാവു, "എന്നെ കൃതാർത്ഥനാക്കുന്നതിനായിട്ടു കൃപയുണ്ടായി എന്നിൽ നിന്നും എന്തെങ്കിലും ഒരു പാരിതോഷികം അങ്ങു സ്വീകരിക്കണം; മാത്രമല്ല, നാട്ടിൽ എഴുന്നള്ളി അവിടുത്തെ തൃപ്പാദസ്പർശനത്താൽ എന്റെ കൊട്ടാരത്തെ പരിപൂതമാക്കുകയും വേണം" എന്നു വീണ്ടും പ്രാർത്ഥിച്ചു. ഇങ്ങനെ ദീർഘസമയത്തെ നിർബന്ധത്തിൻ പേരിൽ ഗത്യന്തരമില്ലാതെ മഹാത്മാവു് രാജാവിന്റെ അപേക്ഷയെ സ്വീകരിച്ചു കൊട്ടാരത്തിലേക്കെഴുന്നള്ളി. രാജാവാകട്ടെ, മഹർഷിക്കു പാരിതോഷികം നൽകുന്നതിനുമുൻപു തന്റെ പൂജാദികർമ്മങ്ങളെ നടത്തിക്കൊണ്ടു്, "ദൈവമേ! എനിക്കു കൂടുതൽ സന്താനങ്ങളെ നൽകണേ! എനിക്കു് അധികം ഐശ്വര്യംതരണേ! എന്റെ ശരീരത്തിനു സുഖം ല

ഭിക്കണേ" എന്നു പ്രാൎത്ഥിച്ചു. ഈ പ്രാൎത്ഥനകേട്ടുകൊണ്ടിരുന്നമഹാഷിശ്വരൻ പൂജാദികൎമ്മങ്ങളവസാനിക്കും മുൻപ്, ആ മുറിയിൽ നിന്നും എഴുന്നേററു മെല്ലെ വെളിയിൽ പോന്നു; പടിക്കപ്പുറത്തിറങ്ങിനടന്നുകഴിഞ്ഞു; അതുകണ്ടു രാജാവു പരിഭ്രാന്തനായി പിന്നാലെ ഓടിയെത്തി, "സ്വാമിൻ! അങ്ങുമടങ്ങി എഴുന്നെള്ളുന്നുവല്ലോ; എന്റെ പാരിതോഷികം സ്വീകരിച്ചില്ലല്ലോ" എന്നു പറഞ്ഞു. അദ്ദേഹം തിരിഞ്ഞുനോക്കി, "ഞാൻ ഭിക്ഷക്കാരിൽനിന്നും ഭിക്ഷസ്വീകരിക്കാറില്ല. നീ ഭിക്ഷക്കാരനാണു; എനിക്കെന്തെങ്കിലും തരാൻ നിനക്കെങ്ങിനെ സാധിക്കും? നിന്നെപ്പോലെയുള്ള യാചകന്മാരിൽനിന്നും വല്ലതും വാങ്ങാമെന്നു വിചാരിക്കുന്ന ഒരു മൂഢനല്ല ഞാൻ. നീ പൊയ്ക്കോൾക. എന്റെ പിറകെ വരണ്ട" എന്നാജ്ഞാപിച്ചു. കേവലം യാചകന്മാൎക്കും ഈശ്വരന്റെ യഥാൎത്ഥഭക്തന്മാൎക്കുമുള്ള വ്യത്യാസം നല്ലപോലെ ഇവിടെ വെളിപ്പെടുന്നു.

൩൪൮. യാചിച്ചു ചോദിക്കേണ്ടിവന്നാൽ അവിടെ പ്രേമത്തിന്റെ ലക്ഷണമില്ല.

൩൪൯. പ്രേമം സകലഭയങ്ങളെയും ജയിക്കുന്നു. നമ്മുടെ പ്രേമമാസ്തു അത്യുൽകൃഷ്ടലക്ഷ്യമാകുന്നതുവരെ യഥാൎത്ഥമായ പ്രേമം ഒരിക്കലും ഉണ്ടാകുന്നില്ല.

൩൫൦. ഓരോമനുഷ്യന്റെയും ഏററവും ഉയൎന്നലക്ഷ്യം ഈശ്വരസ്ഥാനമാകുന്നു.

൩൫൧. അധികാരമുണ്ടു് എന്നുള്ള വിചാരം, അതൊന്നിച്ചുതന്നെ ഭയത്തെയും ജനിപ്പിക്കുന്നു.

൩൫൨. പ്രേമം, താൻചെന്നെത്തേണ്ടതായ ഉചിതമായ സ്ഥാനത്തു് എത്തുകതന്നെവേണം. പരമാൎത്ഥത്തിൽ അഖണ്ഡപ്രേമക്കടലാകുന്ന ദൈവത്തിൽ അതു ചെന്നുചേരണം.

൩൫൩. മനുഷ്യ! മൌഢ്യമാനുഷാ! നീ ദൈവികപ്രേമത്തെപ്പററി പ്രസംഗിക്കുന്നു; അതേനിമിഷത്തിൽതന്നെ ഈശ്വലോകത്തിലെ വ്യൎത്ഥചിന്തകളെയെല്ലാം ഓൎക്കുന്നതിനു നീ സമൎത്ഥനായും കാണപ്പെടുന്നു. നീ സത്യത്തിൽവൎത്തിക്കുന്നുവോ?" 'രാമൻഉള്ളസ്ഥലത്തുകാമത്തിനുസ്ഥാനമില്ല; കാമമുള്ളസ്ഥലത്തു രാമനുസ്ഥാനമില്ല. ഇതുരണ്ടും ഒരിക്കലും ഒന്നിച്ചുചേരുന്നതല്ല. വെളിച്ചവും ഇരുട്ടുംപോലെ ഇവ ഒന്നിച്ചുചേരുന്നവയല്ല."

൩൫൪. അല്പമായ ധാരാളത്വം, കുറച്ചുമാത്രം അനുഭാവം—മതവിചിന്തനവിഷയത്തിൽ—ഇവിടെ മാത്രമെ, ആൎയ്യന്മാരുടെ ഭൂമിയിൽ മാത്രമെ, അനുഭവത്തിലുള്ളൂ, മറെറങ്ങുമില്ലതന്നെ.

൩൭൫. നാം ലൌകികലോകത്തിൽ എത്രത്തോളം കൂടുതലായി പെരുമാറുന്നുവോ അത്രത്തോളം നമുക്കു, മുൻപുണ്ടായിരുന്ന അല്പമായ ആത്മജ്ഞാനംപോലും നശിക്കുന്നു.

൩൭൬. ആത്മാവിന്റെ ലക്ഷ്യം മുക്തിയാകുന്നു.

൩൭൭. സകലസ്വാർത്ഥങ്ങളെയും നശിപ്പിച്ചു ജ്ഞാനത്തെയും പ്രേമശക്തിയെയും പ്രാപിച്ച് അവയെത്തന്നെ പരത്തുന്നതിനായി ഏതൊരുവൻ ഹൃദയപൂർവ്വം വേല ചെയ്യുന്നുവോ, അവനത്രെ ബ്രാഹ്മണനെങ്കിൽ, ഒരു രാജ്യം അപ്രകാരമുള്ള ബ്രാഹ്മണന്മാരാൽ—ആത്മജ്ഞാനവും സദാചാരവും ഉള്ളവരും സജ്ജനങ്ങളുമായ സ്ത്രീപുരുഷന്മാരാൽ—സമ്പൂരിതമായിരുന്നാൽ, ആ ദേശം എല്ലാനിയമങ്ങൾക്കും അതീതമാകുന്നെന്നു വിചാരിക്കുന്നതിലാശ്ചര്യമെന്തുള്ളു? അവരെ ഭരിക്കാൻ ഏതൊരു പോലീസ്സും ഏതൊരു പട്ടാളവുമെന്താവശ്യം? അവരെ മറ്റാരാൾ എന്തിനു ഭരിക്കണം? അവർ എന്തിനായിട്ടു ഒരു ഭരണകൂടത്തിൻകീഴിൽ വർത്തിക്കണം? അവർ സജ്ജനങ്ങൾ; ഉത്തമന്മാർ; ദൈവികപുരുഷന്മാർ.

൩൭൮. ദേശാഭിമാനികളായിത്തീരുവിൻ! പ്രാചീനകാലങ്ങളിൽ നമുക്കായിട്ട് അപ്രകാരമുള്ള മഹാവിഷയങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ജാതിയെ സ്നേഹിക്കുവിൻ! ഞാൻ ഓരോ അവയവങ്ങളും താരതമ്യപ്പെടുത്തി നോക്കുംതോറും, ഞാൻ നിങ്ങളെ കൂടുതലായി സ്നേഹിക്കുന്നു! എന്റെ നാട്ടിലെ സഹോദരന്മാരെ! നിങ്ങൾ പരിശുദ്ധാന്മാർ; സജ്ജനങ്ങൾ, ശാന്തന്മാർ.

൩൭൯. ഈ നാട്ടിലെ സ്ഥാപനങ്ങളെ അപേക്ഷിച്ച് ഉൽകൃഷ്ടങ്ങളായ ലക്ഷ്യങ്ങളോടും ഉദ്ദേശ്യങ്ങളോടും കൂടിയ സ്ഥാപനങ്ങൾ ലോകത്തിൽ മറ്റൊരുനാട്ടിലും ഇല്ലെന്നു നിങ്ങൾ എപ്പോഴും ഓർമ്മിക്കുവിൻ! ഞാൻലോകത്തിൽ, മിക്കവാറും ഓരോരോ ദേശത്തിലും, 'ജാതി'കളെ കണ്ടിട്ടുണ്ട്; അവയുടെ ലക്ഷ്യവും ഉപവർണ്ണനവും ഈ നാട്ടിലെപ്പോലെ മറ്റെങ്ങും അത്ര ഉൽകൃഷ്ടമായി കാണപ്പെട്ടിട്ടില്ല. ഈ പ്രകാരം ജാതി അവശ്യം വേണ്ടതാണെങ്കിൽ, ധനികമായ ഒരു ജാതിയെക്കാൾ പരിശുദ്ധതയും വിദ്യയും അഹംകാരരാഹിത്യവും ഉള്ള ഒരു ജാതിയെ ഞാൻ ആഗ്രഹിക്കുന്നു.

൩൮൦. ഈ (ആചാരപരിഷ്കരണ)സഭകളിൽ ചിലതു, ഞാൻ അവയിൽ ചേരുന്നതിന് എന്നെ ഭയപ്പെടുത്തുന്നു എന്നു ഞാൻ വിചാരിക്കുന്നു. അവരുടെ ആപ്രയത്നം വിസ്മയനീയമാണ്.. ആയുഷ്കാലത്തിലെ പതിനാലുവർഷങ്ങൾ വിശപ്പുമായി നേരിട്ടു നിന്നു യുദ്ധം നടത്തിയ ഒരു മനുഷ്യൻ അത്രയെളുപ്പത്തിൽ ഭയപ്പെടുത്തപ്പെടാൻ പ്രയാസമാണ് വിശേഷിച്ചും, വസ്ത്രംതന്നെ ഇല്ലാതിരുന്ന ഒരുവൻ, ശീതോഷ്ണപരിമാണയന്ത്രം പൂജ്യത്തിനു താഴെ (൩൦)

ഢിഗ്രി വെളിപ്പെട്ടത്തിയ സ്ഥാനത്തു വസിക്കാൻ ഒരുമ്പെട്ട മനുഷ്യൻ, അടുത്ത ഭക്ഷണം എവിടെനിന്നു ലഭിക്കുമെന്നു് അറിയാതിരുന്ന മനുഷ്യൻ അത്ര എളുപ്പത്തിൽ ഭയപ്പെട്ടുത്തപ്പെടാൻ പ്രയാസമാകുന്നു. എനിക്കു് അവരോടു് ഒന്നാമതായി പറവാനുള്ളതു് ഇതാണു്. എനിക്കു സ്വന്തമായിട്ടു് ഒരു ചെറിയ ദൃഢമനസ്സുണ്ടു്. എനിക്കു് അല്പം അനുഭവം ഉണ്ടു്. നിർഭയമായും ഭാവിയെപ്പററി ശൈാനിക്കാതെയും ലോകത്തോടു പറയേണ്ടതായിട്ടു് എനിക്കു് ഒരു പ്രമേയം ഉണ്ടു്. പരിഷ്കാരകന്മാരായിട്ടുള്ള സർവ്വിലും വച്ചു ഞാൻ ഒരു വലിയ പരിഷ്കാരകനാണെന്നു് അവരോടു പറയും. അവർ ചെറിയ വിഷയങ്ങളെ പരിഷ്കരിക്കുന്നതിനാണു ശ്രമിക്കുന്നതു്. ഞാൻ ചുവടു മുതൽ പരിഷ്കരിക്കണം എന്നുദ്ദേശിക്കുന്നവനാണു്. ഞങ്ങളുടെ വ്യത്യാസം ഉപായത്തിൽ മാത്രമാകുന്നു അവരുടെ ഉപായം നശിപ്പിക്കലും എന്റേതു സൃഷ്ടിക്കലും ആകുന്നു. എനിക്കു പരിഷ്കരിക്കലിൽ വിശ്വാസമില്ല. ഞാൻ വളർച്ചയിൽ വിശ്വസിക്കുന്നു. ഞാൻ എന്നെ ഈശ്വരസ്ഥാനത്തിൽ നിറുത്തിക്കൊണ്ടു്, "ഈ വഴിയിൽ കൂടിയാണു നീ പോകേണ്ടതു്, ആ മാർഗ്ഗത്തിൽക്കൂടി പോകാൻ പാടില്ല" എന്നു നമ്മുടെ ജനസമുദായത്തെനോക്കി ആജ്ഞാപിക്കാൻ ഞാൻ തുനികയില്ല. രാമൻ സേതുവിനെ ബന്ധിച്ചപ്പോൾ, ഒരു കൈ മണ്ണുവാരി സേതുവിലിട്ടു തന്നാൽ കഴിവുള്ളതു ചെയ്തു എന്നു കൃതാർത്ഥതപൂണ്ട അണ്ണാന്റെ നിലയെ ഞാനിച്ഛിക്കുന്നു. അതു തന്നെയാണു് എന്റെയും നില. വിസ്മയനീയമായ ഈ സമുദായയന്ത്രം എത്രയോ യുഗങ്ങളായി പ്രവർത്തിച്ചു വരുന്നു! സമുദായജീവിതമാകുന്ന ഈ അത്ഭുത നദി നമ്മുടെ മുൻപിൽ കൂടി പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ആർ അതിങ്ങനെ ചലിക്കുന്നു എന്നുള്ളതിനെപ്പററി ആരു് അറിയുന്നു? അനേകായിരം അവസ്ഥാന്തരങ്ങൾ അതിനെ ബാധിച്ചു സവിശേഷമായ പ്രേരണ നൽകി ഒരിക്കൽ മന്ദമായും മറെറാരിക്കൽ അമന്ദമായും പ്രവഹിക്കുമാറാക്കി ചെയ്യുന്നു. അതിന്റെ ചലനത്തിനു് ആജ്ഞനൽകാൻ തുനിയുന്നതാരു്? ഗീത അഭിപ്രായപ്പെടുന്നതു പോലെ ഫലത്തെ പ്രതീക്ഷിക്കാതെ നാം പ്രവർത്തിക്കണം.

ഹാ! വിഗ്രഹാരാധന തെററാണെന്നുള്ള പറച്ചിൽ ഇപ്പോൾ മിക്കവാറും അവസാനിച്ചിരിക്കുന്നു; ഓരോരുത്തരും ഇപ്പോൾ ആ ചോദ്യത്തെ വിഴുങ്ങിത്തുടങ്ങിയിരിക്കുന്നു. ഞാനൊരുകാലത്തു് അപ്രകാരം (വിഗ്രഹാരാധന തെററാണെന്നു) വിചാരിച്ചിരുന്നു; അക്കുററത്തിനു ശിക്ഷയായി, വിഗ്രഹദ്വാരാ, സർവ്വാനുഭൂതി സിദ്ധിച്ച ഒരു മഹാത്മാവിന്റെ പാദാന്തികത്തിലിരുന്നു് എന്റെ പാഠങ്ങളെ ഞാൻ പഠിക്കേണ്ടതായി വന്നു; ശ്രീരാമകൃഷ്ണപരമഹംസനെയാണു ഞാൻ സൂചിപ്പിക്കുന്നതു്. താദൃശന്മാരായ പരമഹംസന്മാർ വിഗ്രഹാരാധ

ത്താൽ ആവിർഭവിക്കപ്പെട്ടതെങ്കിൽ മറെറാന്താണു നിങ്ങൾക്കു വേണ്ടതു്? പരിഷ്കാരകന്മാരുടെ സിദ്ധാന്തമോ? അതോ, വേണ്ടത്ര വിഗ്രഹങ്ങളോ? എനിക്കു് ഒരു ഒററ മറുവടിയാണു വേണ്ടതു്. വിഗ്രഹാരാധനാദ്വാരാ, രാമകൃഷ്ണപരമഹംസന്മാരെ സൃഷ്ടിക്കുവാൻ സാധിക്കുമെങ്കിൽ ഒരായിരം വിഗ്രഹങ്ങളെ സ്വീകരിക്കുവിൻ! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! നിങ്ങൾക്കു കഴിവുള്ളിടത്തോളം, ഏതു പ്രകാരത്തിലെങ്കിലും, അപ്രകാരമുള്ള വിശിഷ്ടലക്ഷണങ്ങളെ ഉൽപാദിപ്പിക്കുവിൻ!

സ്വാ. കുട്ടികളേ! മദ്രാസ്സിനു വെളിയിൽ ഒരിക്കലും കടന്നിട്ടില്ലാത്ത, മുഖത്തു രോമം കിളുത്തിട്ടില്ലാത്ത കുഞ്ഞുങ്ങളേ! നിങ്ങൾ എഴുന്നേററുനിന്നു്, വളരെ വളരെ പഴയ പ്രശസ്തികളെ തങ്ങളുടെ മുതുകിൽ പേറിക്കൊണ്ടിരിക്കുന്ന മുപ്പത്തിമൂന്നുകോടി ജനങ്ങൾക്കു നീതിയെ ഉദ്ബോധിപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു; നിങ്ങൾക്കു ലജ്ജയില്ലേ? അങ്ങനെയുള്ള ഈശ്വരനിബന്ധനകളിൽനിന്നു പിൻമാറി നില്ക്കുവിൻ! ആദ്യമായി നിങ്ങൾക്കുള്ള പാഠങ്ങളെ പഠിക്കുക! മര്യാദയില്ലാത്ത കുട്ടികളേ! നിങ്ങൾക്കുവേണ്ടി ചില വരികൾ ഒരു കടലാസ്സിലെഴുതി, ഒരു മൂഢനു് അതിനെ പ്രചരിപ്പിക്കത്തക്കവണ്ണം ചെയ്യുന്നതിനു നിങ്ങൾക്കു കഴിയും. അതിൽനിന്നും നിങ്ങൾ ലോകത്തിനു വിദ്യാഭ്യാസത്തെ നൽകുന്നവരാണെന്നു ധരിച്ചുകൊള്ളുന്നു! ഇന്ത്യയുടെ പൊതുജനാഭിപ്രായം നിങ്ങളുടേതു തന്നെയാണെന്നു നിങ്ങൾ ധരിച്ചുവയ്ക്കുന്നു! അതു ശരിയോ?

സ്വാമി. എനിക്കു് ആചാരപരിഷ്കാരകന്മാരുടെ പേരിൽ വളരെ ബഹുമാനവും സ്നേഹവും ഉണ്ടെന്നു, മദ്രാസ്സിലെ പരിഷ്കാരകന്മാരോടു പറയേണ്ടതായിട്ടുണ്ടു്. അവരുടെ പുണ്ണിച്ച ഹൃദയങ്ങൾ ആയിട്ടും, തങ്ങളുടെ നാട്ടിന്റെ പേരിലും എളിയവരിലും, കഷ്ടതകൾ അനുഭവിക്കുന്നവരിലും അവർക്കുള്ള പ്രേമത്തിനായിട്ടും ഞാൻ അവരെ സ്നേഹിക്കുന്നു. എന്നാൽ സഹോദരബുദ്ധ്യാ, എനിക്കു അവരോടു പറയേണ്ടതായിട്ടുള്ളതു് ഇത്രമാത്രമാണു്; അവർ അനുസരിക്കുന്ന ഉപായം ശരിയായിട്ടുള്ളതല്ല; അങ്ങനെ നൂറുകൊല്ലങ്ങൾ പ്രയത്നിച്ചുനോക്കിട്ടുണ്ടു്. അപ്പോഴെല്ലാം അതു തോററിട്ടേയുള്ളൂ. നമുക്കു എന്തെങ്കിലും പുതിയ ഉപായത്തെ സ്വീകരിക്കാം. ഇന്ത്യയിൽ എപ്പോഴെങ്കിലും പരിഷ്കാരകന്മാർ ഇല്ലാതിരുന്നിട്ടുണ്ടോ? ഭാരതചരിത്രം നിങ്ങൾ വായിക്കുന്നുവോ? രാമാനുജൻ ആരു്? ശങ്കരാചാര്യർ ആരു്? നാനാക്കു് ആരു്? ചൈതന്യൻ ആരു്? കബീർ ആരു്? ദാദു് ആരു്? തെളിഞ്ഞ നക്ഷത്രങ്ങളുടെ കൂട്ടംപോലെ, തുടർച്ചയായി വന്ന ഈ വലിയ ആചാര്യന്മാരെല്ലാം ആരാണു്? രാമാനുജൻ, താഴ്ന്നവർക്കുവേണ്ടി സഹതപിച്ചില്ലേ? ചണ്ഡാലനെയും തന്റെ വർഗ്ഗ

ത്തിൽ ചേക്കുന്നതിന് ആയുഷ്കാലം മുഴുവൻ അദ്ദേഹം പ്രയത്നിച്ചില്ലേ? നാനാക്ക് ഹിന്തുക്കളോടും മഹമ്മദീയരോടും യോജിച്ചാലോചിച്ച് ഒരു പുതിയ അവസ്ഥയെ സൃഷ്ടിക്കുന്നതിനു യത്നിച്ചില്ലേ? അവരെല്ലാവരും പ്രയത്നിച്ചു. അവരുടെ പ്രവൃത്തികൾ ഇപ്പോഴും സാധിച്ചുവരുന്നു. വ്യത്യാസം ഇതുമാത്രമാണു്; ആ മഹാന്മാരിൽ ഇന്നത്തെ പരിഷ്കാരകന്മാരുടെ ആഡംബരം കണ്ടിരുന്നില്ല; ഇക്കാലത്തെ പരിഷ്കാരകന്മാരിലെന്നപോലെ അവരുടെ ശിരസ്സുകളിൽശാപങ്ങൾ ഏല്‍പ്പെട്ടിരുന്നില്ല.

സ്വന്നർ. ദാനങ്ങളിൽ ഔൽകൃഷ്ട്യം ജ്ഞാനദാനത്തിനാണു്. വിജ്ഞാനത്തിനു (ലൌകികമായ അറിവിനു) രണ്ടാമത്തെ സ്ഥാനമാകുന്നു. അതുകഴികെ പ്രാണദാനം; നാലാമതായിട്ട് അന്നദാനവും. ഈ വിസ്മയനീയമായ ധർമ്മഗുണമുള്ള ജാതിയെ നോക്കുക! ഈ എളിയ നാട്ടിൽ ചെയ്യപ്പെടുന്ന ദാനത്തിൻെറ അളവു ഗണിക്കുക! ലോകത്തിലെ സകല ശ്രേഷ്ഠതകളെയും സ്വായത്തമാക്കി, സുഹൃത്തുക്കളെപ്പോലെ എല്ലാവരാലും എല്ലായ്പ്പോഴും മാനിക്കപ്പെട്ടു്, ഹിമാലയം മുതൽ കന്യാകുമാരിവരെ സഞ്ചരിക്കുന്നതിനുള്ള സൌകര്യവും പട്ടിണികിടക്കാൻ ഇടയാകാത്തതുമായ ഇന്നാട്ടിലെ ഉപചാരത്തെ ഗൌനിക്കുവിൻ!

സ്വന്നു. ഇംഗ്ലീഷുകാരനും നിങ്ങൾക്കുമുള്ള വ്യത്യാസമെന്തു്? ഓരോരുത്തരും അവരവരുടെ മതത്തെയും കർത്തവ്യത്തെയുംപററി പ്രസംഗിക്കട്ടെ! ഞാൻ വ്യത്യാസത്തെ കാണുന്നു; ഇംഗ്ലീഷുകാരൻ തന്നിൽതന്നെ വിശ്വാസമുറപ്പിച്ചവനായിരിക്കുന്നു; ആ ആത്മവിശ്വാസം നിങ്ങൾക്കില്ല; അതിലാണു വ്യത്യാസമന്തർഭവിച്ചിരിക്കുന്നതു്. അവൻ, തൻെറ ആംഗലത്വത്തിൽ വിശ്വസിക്കുന്നു; തനിക്കു എന്തെന്നും പ്രവർത്തിക്കാൻകഴിയുമെന്നും അവൻ വിശ്വസിക്കുന്നു. അതു്, അവൻെറ ഉള്ളിലുള്ള ദൈവത്തെ വെളിയിൽ കൊണ്ടുവരികയാണു്. അവൻ ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ അവനു സാധിക്കും. നിങ്ങൾക്കാണെങ്കിൽ, യാതൊന്നും ചെയ്വാൻ സാധിക്കുകയില്ലെന്നു നിങ്ങൾ ധരിച്ചും പ്രസംഗിച്ചുംവരുന്നു. നിങ്ങൾ ദിവസംതോറും "അനാമധേയവർഗ്ഗക്കാ"രായിവരുന്നു. നമുക്കുവേണ്ടതു ബലമാണു്. അതുകൊണ്ടു, നിങ്ങൾ നിങ്ങളിൽതന്നെ വിശ്വാസത്തെ ഉറപ്പിക്കുവിൻ! നാം അശക്തന്മാരായി ഭവിച്ചിരിക്കുന്നു; നമ്മുടെ ഈ അല്പമായ ന്യൂനതകൾ അതിൽനിന്നുമാണു ഉണ്ടായിരിക്കുന്നതു്. അതിൽ വലിയ വാസ്തവങ്ങൾ ഉണ്ടു്. എന്നാൽ, അവ നമ്മെ മക്കവെറും അധഃപതിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ഞരമ്പുകളെ ബലിഷ്ഠങ്ങളാക്കിച്ചെയ്യുവിൻ! നമുക്കു വേണ്ടതു് ഇരിമ്പൊത്തമാംസവും എഴുന്ന ഞരമ്പുകളുമാണു്. നാം വേണ്ടതിലധികം, ദീർഘകാലം

കരഞ്ഞുകഴിഞ്ഞു; ഇനി കരയാനില്ല. നിങ്ങൾ മനുഷ്യരാകുവിൻ! മനുഷ്യനെ സൃഷ്ടിക്കുന്നമതമാണു നമുക്കു വേണ്ടതു്. മനുഷ്യനെ സൃഷ്ടിക്കുന്ന ആദർശങ്ങളാണു നമുക്കു വേണ്ടതു്. മനുഷ്യനെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസമാണു നമുക്കു് ആവശ്യം. സത്യത്തിനു പരീക്ഷയുണ്ടു്. ശാരീരികമായ വിഷയങ്ങളിലാകട്ടെ, മാനസികസംഗതികളിലാകട്ടെ, ജ്ഞാനസംബന്ധമായ കാര്യങ്ങളിലാകട്ടെ, നിങ്ങളെ ബലഹീനപ്പെടുത്തുന്ന ഏതൊന്നിനെയും, വിഷത്തെ എന്നപോലെ ദൂരത്തു് ത്യജിക്കുവിൻ! അതിൽ ജീവനില്ല; അതു് സത്യത്തോടു സംബന്ധിച്ചതായിരിക്കാനിടയില്ല.

൩൬൭. ദേശാഭിമാനത്തെപ്പററി പലരും പ്രസംഗിക്കുന്നു. എനിക്കു ദേശാഭിമാനത്തിൽ വിശ്വാസമുണ്ടു്. എനിക്കും ദേശാഭിമാനം എന്നൊരു സ്വന്തമായ ലക്ഷ്യമുണ്ടു്. മഹാകാര്യങ്ങളിൽ വിജയം സിദ്ധിക്കാൻ മൂന്നുവിഷയങ്ങൾ ആവശ്യമാണു്. ഒന്നാമതായി ഹൃദയാന്തരത്തിൽനിന്നും ദയ ജനിക്കണം. ബുദ്ധിയിലോ യുക്തിയിലോ എന്താണുള്ളതു്? അതു കുറേ മുമ്പോട്ടുചെന്നു്, അവിടെ നിൽക്കും. എന്നാൽ ഹൃദയംവഴി സ്നേഹം ജനിക്കുന്നു. സ്നേഹം എത്ര ഉറപ്പുള്ള കതകുകളെയും നിഷ്പ്രയാസം തുറക്കുന്നു. പ്രപഞ്ചരഹസ്യങ്ങളുടെയെല്ലാം കവാടം സ്നേഹമാകുന്നു. അതുകൊണ്ടു്, പരിഷ്കാരകന്മാരാകാൻ ഉദ്യമിക്കുന്നവരെ! ദേശാഭിമാനികളാവാൻ ശ്രമിക്കുന്നവരെ! നിങ്ങൾക്കു സ്നേഹം ജനിക്കട്ടെ. നിങ്ങൾ ദയ കാണിക്കുന്നുവോ? ദേവന്മാരുടെയും മഹർഷികളുടെയും സന്തതികളിൽ ലക്ഷോപലക്ഷം ജനങ്ങൾ മൃഗങ്ങളുടെ അയൽവീട്ടുകാരായിരിക്കുന്നു എന്നുള്ളതു നിങ്ങൾ ഗ്രഹിക്കുന്നുണ്ടോ? അനേകലക്ഷം ജനങ്ങൾ ഇന്നു പട്ടിണികിടക്കുന്നുവെന്നും, അനേകായിരം ജനങ്ങൾ ദീർഘകാലമായി പട്ടിണികിടന്നുവരുന്നുവെന്നും നിങ്ങൾ അറിയുന്നുണ്ടോ? അജ്ഞാനം, ഇരുണ്ടമേഘത്തെപ്പോലെ ഭൂമിയിൽ പർവ്വതോപമാനമായ് വളരുന്നു എന്നു നിങ്ങൾ അറിയുന്നുണ്ടോ? ആ സംഭവം നിങ്ങളെ അസമാധാനന്മാരാക്കുന്നില്ലേ? അതു നിങ്ങളെ നിദ്രാഹീനന്മാരാക്കിച്ചെയ്യുന്നില്ലേ? അതു നിങ്ങളുടെ രക്തത്തിൽ കലർന്നു, നിങ്ങളുടെ ഞരമ്പുകളിൽക്കൂടി പ്രവഹിച്ചു്, നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്നില്ലേ? അതു നിങ്ങളെ ഒരു പ്രകാരത്തിൽ ഭ്രാന്തന്മാരാക്കിച്ചെയ്യുന്നില്ലേ? നാശമെത്തിക്കഴിഞ്ഞു എന്നുള്ള ദുഃഖചിന്ത, നിങ്ങളെ പീഡിപ്പിക്കുന്നില്ലേ? നിങ്ങളുടെ പേരിനെപ്പററി, നിങ്ങളുടെ കീർത്തിയെപ്പററി, നിങ്ങളുടെ ഭാര്യമാരെപ്പററി, നിങ്ങളുടെ കുഞ്ഞുങ്ങളെപ്പററി, നിങ്ങളുടെ സ്വത്തുക്കളെപ്പററി, നിങ്ങളുടെ സ്വന്തം ശരീരങ്ങളെക്കുറിച്ചുപോലും നിങ്ങളുടെ സർവ്വചിന്തകളെയും വിസ്മരിച്ചു കഴിഞ്ഞുവോ? ദേശാഭിമാനികളാവാൻ ആദ്യത്തെപ്പടി ഇതുതന്നെയാണു്.

സ്വാ. അങ്ങനെയാണെങ്കിൽ, നിങ്ങൾക്ക് ഉണരാം. പക്ഷെ, ഒന്നു ചോദിക്കട്ടെ! വെറും വാക്കിനായി നിങ്ങളുടെ ശക്തികളെ വ്യയംചെയ്യുന്നതിനു പകരം അവരെ (എളിയവരെ) ഈ ജീവനോടുകൂടിയ മരണത്തിൽനിന്നും അകററിക്കൊണ്ടുവരുന്നതിന്, അവരുടെ ദുഃഖങ്ങളെ മാററുന്നതിന്, എന്തെങ്കിലും ഒരു നിവൃത്തി, എന്തെങ്കിലും ഒരു അനുഭവസാദ്ധ്യമായ തീരുമാനം നിങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടോ? അതുകൊണ്ടും പോരാ; പർവ്വതതുല്യങ്ങളായ പ്രതിബന്ധങ്ങളെ കടന്നുനില്ക്കുന്നതിനുള്ള ദൃഢചിത്തം നിങ്ങൾക്കുണ്ടോ? ലോകംമുഴുവൻ ഊരിപ്പിടിച്ച ഖഡ്ഗവുമായി നിങ്ങളെ എതിർത്തുനിന്നാൽ, ആ ഘട്ടത്തിലും, നിങ്ങൾക്ക് ഏതൊന്നു യുക്തമെന്നു തോന്നിയിട്ടുണ്ടോ, അതിനെ പ്രവർത്തിപ്പാൻ തയ്യാറാണോ? നിങ്ങളുടെ ഭാര്യമാരും കുഞ്ഞുങ്ങളും, നിങ്ങൾക്കു വിരോധമായി നിന്നാലും, നിങ്ങളുടെ പണമെല്ലാം നശിച്ചാലും, നിങ്ങളുടെ പേരു ദുഷിച്ചാലും, നിങ്ങളുടെ ഐശ്വര്യം അസ്തമിച്ചാൽതന്നെയും നിങ്ങൾ അപ്രകാരം പ്രവർത്തിക്കുമോ? "മഹാത്മാക്കൾ പഴിക്കട്ടെ, അല്ലെങ്കിൽ പുകഴ്ത്തട്ടെ; ലക്ഷ്മി വരട്ടെ, അല്ലെങ്കിൽ അവൾക്കിഷ്ടമുള്ളിടത്തു പോകട്ടെ; മരണം ഇന്നു നേരിടട്ടെ, അല്ലെങ്കിൽ നൂറുകൊല്ലം കഴിഞ്ഞു സംഭവിക്കട്ടെ; സത്യമാർഗ്ഗത്തിൽനിന്നും ഒരു അംഗുലംപോലും തെററാത്തവനത്രെ, പരമാർത്ഥത്തിൽ ധൈര്യവാനായ പുരുഷൻ" എന്നു ഭർത്തൃഹരി ഘോഷിക്കുന്ന ആ ധൈര്യം നിങ്ങൾക്കുണ്ടോ? ഈ മൂന്നു ഗുണങ്ങളും നിങ്ങൾക്കുണ്ടായിരുന്നാൽ നിങ്ങളിൽ ഓരോരുത്തരും സിദ്ധിയെ പ്രാപിക്കുന്നതാണ്. നിങ്ങൾ വർത്തമാനപത്രങ്ങളിൽ എഴുതേണ്ട ആവശ്യമില്ല; നിങ്ങൾ പ്രസംഗിച്ചു നടക്കേണ്ട ആവശ്യമില്ല. നിങ്ങളുടെ മുഖംതന്നെ രശ്മി പൊഴിക്കും. നിങ്ങൾ ഒരു ഗുഹയിൽ വസിച്ചാൽ നിങ്ങളുടെ ചിന്തകൾ അതിന്റെ ഭിത്തികളെ ഭേദിച്ചു വെളിയിൽകടന്നു അനേകവർഷങ്ങൾ ലോകത്തെ ചലിപ്പിച്ചുകൊണ്ടിരിക്കും. വിചാരം, സത്യം, കാര്യശുദ്ധി മുതലായവയുടെ ശക്തി അത്ര മഹത്തരമാണ്.

സ്വാ. ബുദ്ധി വലിയതുതന്നെ. എന്നാൽ, അതു ചില പരിധികൾക്കുള്ളിൽ, നിന്നുകളയുന്നു. ഹൃദയംവഴി, ഹൃദയത്തിൽക്കൂടിത്തന്നെ സ്നേഹമുണ്ടാകുന്ന ഉണർവുകളിൽ നിന്നുമാണ് ഏററവും ഉയർന്ന രഹസ്യങ്ങളെ പ്രാപിക്കുന്നത്.

സ്വാ. ധൈര്യപൂർവ്വം വർത്തിക്കുവിൻ! ഭയപ്പെടരുത്! ഈശ്വരൻ നമ്മുടെ ശാസ്ത്രങ്ങളിൽ അഭീതലക്ഷണം നൽകിയിരിക്കുന്നു. നാം അഭീതന്മാരായിരിക്കണം. എങ്കിൽ നാം നമ്മുടെ കർത്തവ്യത്തെ നിവർത്തിച്ചവരായിഭവിക്കും. ഉണരുവിൻ! എഴുന്നേല്ക്കുവിൻ! നിങ്ങളുടെ നാട്ടിനു വലിയ ത്യാഗത്തിന്റെ ആവശ്യം നേരിട്ടിരിക്കുന്നു. ചെറുപ്പക്കാ

രാണ്; അതിന് അർഹന്മാർ. യുവാക്കന്മാർ ശക്തന്മാരാണ്; ബലിഷ്ഠന്മാരാണ്; ദൃഢശരീരികളും ബുദ്ധിമാന്മാരുമാകുന്നു. അവർക്കാണ് ഇപ്പോൾ ജോലിയുള്ളത്. കൽക്കത്തയിൽ നൂറുകണക്കിനല്ല, ആയിരക്കണക്കിന് അത്തരം യുവാക്കന്മാർ ഉണ്ട്. നിങ്ങൾ പറയുന്നതുപോലെ, ഞാൻ വല്ലതും പ്രവർത്തിച്ചിട്ടുണ്ടായിരുന്നാൽ, യാതൊന്നിനും കൊള്ളരുതാത്തവനായി കൽക്കത്തയിലെ തെരുവുകളിൽ കളിച്ചുനടന്നിരുന്ന ആ പയ്യനാണ് ഞാനെന്നു നിങ്ങൾക്ക് ഓർമ്മവേണം. ഞാൻ ഇത്രയും പ്രവർത്തിച്ച സ്ഥിതിക്ക്, നിങ്ങൾ എന്തുമാത്രം പ്രവർത്തിക്കുകയില്ല!

൩൦. പാഞ്ചാലരാജ്യമാണ്, ഇപ്പോൾ ശുദ്ധമായ ആര്യാവർത്തത്തിലെ അതിപാവനമെന്നു കരുതപ്പെട്ടുപോരുന്ന ഭൂമി. നമ്മുടെ പൂർവികനായ മനു അഭിപ്രായപ്പെടുന്ന ബ്രഹ്മാവർത്തം ഇതുതന്നെ. ആത്മാവിനെ സംബന്ധിച്ച ബ്രഹ്മാണ്ഡമായ ആശ ആദ്യമായി അങ്കുരിച്ചത് ഈ ഭൂമിയിൽ നിന്നുമാണ്. അതിന്റെ മൊഴികൾ നാനാമാർഗ്ഗങ്ങളിലും പ്രവഹിച്ച് ലോകം മുഴുവൻ പരന്ന് ഇടിമുഴക്കംപോലുള്ള പ്രവാഹധ്വനി മാറ്റൊലിക്കൊള്ളുന്നതിനു കാരണമാക്കിയതും ഈ ഭൂമിതന്നെ. ആദ്യമായി ഭാരതത്തിൽ കാലൂന്നിയ യുദ്ധഭടന്മാരുടെ മർദ്ദനത്തെ സഹിക്കേണ്ടിവന്നതും ഈ പാഞ്ചാലദേശംതന്നെ. അത്യന്തങ്ങളായ സങ്കടങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടും, തന്റെ പ്രശസ്തിയെയും ബലത്തെയും നഷ്ടപ്പെടാതിരിക്കുന്നതും ഈ ഭൂമിതന്നെ. ലോകത്തിനുവേണ്ടി താൻ സൂക്ഷിച്ചിരുന്ന അത്ഭുതകരമായ സ്നേഹത്തെ, ഗുരുനാനാക്ക് ആദ്യമായി ഉദ്ബോധനം ചെയ്തതും ഇവിടെത്തന്നെയാകുന്നു. അദ്ദേഹത്തിന്റെ വിശാലമായ ഹൃദയത്തെ തുറന്ന്, ഹിന്ദുക്കളെ മാത്രമല്ല, മുഹമ്മദീയരെയും കൂടിച്ചേർത്തു ലോകം മുഴുവൻ തന്റെ കരങ്ങൾ പരത്തിയതും ഇവിടെവച്ചാണ്. നമ്മുടെ ജാതിയിലെ ഒടുവിലത്തെ ഒരു ദേഹവും, ഉൽകൃഷ്ടമായ മാഹാത്മ്യത്തെ സിദ്ധിച്ച ആളുമായ ഗുരുഗോവിന്ദസിംഗ്, മതത്തിനുവേണ്ടി തന്റെ രക്തത്തെയും തന്റെ ചാച്ചക്കാരുടെയും പരിചിതന്മാരുടെയും രക്തങ്ങളെയും ചൊരിഞ്ഞതും ഈ പുണ്യഭൂമിയിൽ വച്ചുതന്നെ. ആ രക്തങ്ങൾ, ഏതു സമുദായത്തിനുവേണ്ടി ചൊരിയപ്പെട്ടുവോ, ആ സമുദായത്താൽ കൈവിടപ്പെട്ടിട്ടും ഒന്നുമില്ലാതെകൊണ്ടു പരുക്കേറ്റ സിംഹത്തെപ്പോലെ, ദക്ഷിണദിക്കിലേക്കു പലായനംചെയ്തു മറയുന്നതിനു കാരണമാക്കിയതും ഈ പാഞ്ചാലദേശംതന്നെയാകുന്നു.

൩൧. അറിവെന്നത്, വിഭിന്നതയുടെ മദ്ധ്യേ ഐക്യത്തെ കണ്ടുപിടിക്കുക എന്നുള്ളതല്ലാതെ മറ്റൊന്നുമല്ല.

൩൨. ഹിമഗിരിയാണ് നമ്മുടെ പൂർവികന്മാരുടെ സ്വപ്നഭൂമി; അതിലാകുന്നു ഇന്ത്യയുടെ മാതാവായ പാർവതി ജനിച്ചത്. ഭാര

തത്തിലുള്ള എല്ലാ മുമുക്ഷുക്കളും തങ്ങളുടെ ജീവിതാന്ത്യത്തിൽ തങ്ങളുടെ ജീവിതനാടകത്തിന്റെ ഒടുവിലത്തെ അങ്കം അവസാനിപ്പിക്കുന്നതിനു തിരഞ്ഞെടുക്കുന്ന പുണ്യഭൂമി ഇതുതന്നെയാകുന്നു. ഈ പുണ്യഭൂമിയിലുള്ള മലകളുടെ ശിഖരങ്ങളിൽ, അതിലെ ഗുഹകളിൽ, ശക്തിയോടുകൂടി ഒഴുകുന്ന അതിലെ നദികളുടെ തീരങ്ങളിൽ, അത്ഭുതകരങ്ങളായ വിചിന്തനങ്ങൾ പരന്നിട്ടുണ്ടു്. അതിന്റെ ഒരംശമേ അന്യന്മാരുടെ പ്രശംസയ്ക്കു പാത്രമായിട്ടുള്ളു. ഇതു്, അദ്വിതീയമായ ഒരു പുണ്യഭൂമിയാണെന്നു വലിയവലിയ യോഗ്യന്മാരാൽ ഘോഷിക്കപ്പെട്ടിരിക്കുന്നു. എന്റെ ചെറുപ്പായംമുതൽ എന്റെ ജീവിതകാലത്തെ നിർവ്വഹിക്കുന്നതിനു ഞാൻ സ്വപ്നം കണ്ടിരുന്ന ഭൂമി ഇതുതന്നെയാണു്. ഞാൻ അടിക്കടി അവിടെ വസിക്കുന്നതിനു് ഉദ്യമിച്ചിട്ടുണ്ടെന്നുള്ളതു നിങ്ങളെല്ലാവരും അറിഞ്ഞിട്ടുള്ള സംഗതിയാണു്. അതിനുള്ളകാലം പക്വതയെ പ്രാപിച്ചിട്ടില്ലെങ്കിലും, എന്നാൽ ചെയ്തുതീർക്കപ്പെടേണ്ടതായിട്ടുള്ള പ്രവൃത്തികൾക്കായിട്ടു് ഈ പരിശുദ്ധഭൂമിക്കു വെളിയിൽ എനിക്കു പോകേണ്ടതായി നേരിട്ടുവെങ്കിലും, ഋഷികളാൽ അധിവസിക്കപ്പെട്ട—തത്വജ്ഞാനമങ്കുരിച്ചു—ഈ പർവ്വതപിതാവിന്റെ ഏതെങ്കിലും ഒരവയവത്തിൽ എന്റെ ജീവിതകാലത്തെ അവസാനിപ്പിക്കണമെന്നാണു് എന്റെ ജീവിതോദ്ദേശ്യം.

സനെ. ഋഷിഎന്നുവച്ചാൽ എന്തു്? പരിശുദ്ധൻ എന്നു താല്പര്യം. അതുല്യമായി പരിശുദ്ധിയെ സമ്പാദിക്കുക! നിങ്ങൾക്കു ശക്തിയുണ്ടാകട്ടെ.

സദെ. ഇക്കാലത്തു "ജാതി"കളുടെ ഇടയിൽ ഇത്ര വളരെ വിവാദങ്ങൾ നടക്കുന്നതിനെപ്പററി ഞാൻ മനസ്താപിക്കുന്നു; അതില്ലാതാകണം. രണ്ടു ഭാഗങ്ങളിലും പ്രധാനമായി, ഉന്നതജാതിയായ ബ്രാഹ്മണപക്ഷത്തിൽ അതു നിഷ്ഫലമാകുന്നു. എന്തുകൊണ്ടെന്നാൽ, ആ അവകാശങ്ങൾക്കും പ്രത്യേകമായ അധികാരങ്ങൾക്കുമുള്ള കാലം കഴിഞ്ഞുപോയി. ഓരോ ആഢംബരവർഗ്ഗക്കാരുടെ കടമകൾതന്നെ, സ്വയംശവക്കുഴിയെ നിർമ്മിക്കുന്നു. എത്രകണ്ടു വേഗത്തിൽ അങ്ങനെ ചെയ്യുന്നുവോ അത്രകണ്ടു് അതു നല്ലതുതന്നെ. എത്രത്തോളം അതിനു താമസം നേരിടുന്നുവോ അത്രത്തോളം അതു് അഴുകുന്നു; അത്രത്തോളം അതു ദുർമ്മരണത്തെ പ്രാപിക്കുന്നു. അതുകൊണ്ടു ഭാരതത്തിലെ മനുഷ്യവർഗ്ഗത്തിലുള്ള എല്ലാവരുടെയും മോക്ഷത്തിനുവേണ്ടി വേലചെയ്യേണ്ടതു ബ്രാഹ്മണന്റെ കർത്തവ്യമാകുന്നു. അവൻ അങ്ങനെ ചെയ്യുമെങ്കിൽ, അപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്തോളം അവൻ ബ്രാഹ്മണൻതന്നെ. എന്നാൽ അവൻ ധനം സമ്പാദിക്കാൻ ഒരുവെടുകയാണെങ്കിൽ അവൻ ബ്രാഹ്മണനല്ല. നിങ്ങൾ യോഗ്യതയോടുകൂടിയ, ശരിയായ, ബ്രാഹ്മണനെ മാത്രമേ സഹാ

യിക്കാൻ പാടുള്ളൂ; അതു മോക്ഷത്തിലെത്തിക്കുന്നു. എന്നാൽ ചിലപ്പോൾ യോഗ്യതയില്ലാത്ത ഒരുവനു കൊടുക്കുന്ന ദാനം അന്യസ്ഥലത്തെത്തിക്കുന്നുവെന്നു നമ്മുടെശാസ്ത്രം അഭിപ്രായപ്പെടുന്നു. നിങ്ങൾ ആ വിഷയത്തിൽ ശ്രദ്ധാലുക്കളായിരിക്കണം. ലൌകികവ്യാപാരങ്ങൾ യാതൊന്നുമില്ലാത്തവനാണു ബ്രാഹ്മണൻ ലൌകികവ്യാപാരം ബ്രാഹ്മണന്റേതല്ല; അതു മററുള്ളവരുടേതാണ്. ഞാൻ ബ്രാഹ്മണരോടു് അപേക്ഷിക്കുന്നു; അവർ തങ്ങൾക്കറിവുള്ളതിനെ ഭാരതീയജനങ്ങൾക്കു് ഉപദേശിച്ചു്, തങ്ങൾ എത്രയോശതവർഷങ്ങളായി സംഭരിച്ചുവച്ചിരിക്കുന്ന വിദ്യയെ വെളിയിൽവിട്ടു, അവരെ ഉയൎത്തുന്നതിനു കഷ്ടപ്പെട്ടും പ്രവൃത്തിയെടുക്കണം. യഥാൎത്ഥമായ ബ്രാഹ്മണത്വം വ്യക്തമായി വെളിപ്പെടുത്തേണ്ടതു് ഇന്ത്യയിലുള്ള ബ്രാഹ്മണരുടെ കൎത്തവ്യമാകുന്നു ഈ അവകാശങ്ങളും പ്രശസ്തിയും ബ്രാഹ്മണനായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ, "അവരിലത്രെ പുണ്യമാകുന്ന സ്വത്തു് അടങ്ങിയിരിക്കുന്നതു്" എന്നു ആ മനു പറയുന്നു. അവൻ ഭണ്ഡാരത്തെ തുറന്നു് അതിലുള്ള സ്വത്തുക്കളെ ലോകൎക്കായിട്ടു കൊടുക്കണം. ഭാരതജാതിക്കു ആദ്യമാദ്യം ഉപദേശിച്ചതു് അവൻതന്നെയാണെന്നുള്ളതു വാസ്തവമാണ്. ജീവിതത്തിന്റെ ഉന്നത അനുഭൂതിയെ പ്രാപിക്കുന്നതിനായി സൎവ്വവും ആദ്യം ത്യാഗംചെയ്തവൻ അവനാണ്. അവൻ മററുള്ളജാതികളുടെ മുമ്പിൽ കയറിയതിനു്, അവൻ കുററക്കാരനല്ല മററുള്ള ജാതിക്കാർ, അതറിഞ്ഞിരുന്നിട്ടും അവൻ ചെയ്തതുപോലെ എന്തുകൊണ്ടു ചെയ്തില്ല. അവർ അലസന്മാരായിരുന്നതുകൊണ്ടു ബ്രാഹ്മണർ പന്തയത്തിൽ ജയിക്കാൻ എന്തുകൊണ്ടു് ഇടയാക്കി? നന്മയെപ്രാപിക്കുകയെന്നുള്ളതു്, ഒരു വിഷയം അതിനെ തിന്മയ്ക്കും ഉപയോഗപ്പെടുത്തുകയെന്നുള്ളതു്, മററൊരു വിഷയം. ശക്തിയെ എപ്പോഴെങ്കിലും തിന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തിയാൽ, അതു ഭയങ്കരമായിത്തീരുന്നു; അതു നന്മയ്ക്കായിത്തന്നെ ഉപയോഗപ്പെടുത്തണം. അതുകൊണ്ടു ബ്രാഹ്മണൻ ധൎമ്മകൎത്താവായിരുന്നവനതിനു, കാരണമായതും, ദീർഘകാലമായി സംഭരിച്ചുവച്ചിരുന്നതുമായ ഈ വിദ്യയെ അവൻ ഇപ്പോഴാണു ജനങ്ങൾക്കു കൊടുക്കേണ്ടതു്. അവൻ പൊതുജനങ്ങൾക്കു കൊടുക്കാത്തതുകൊണ്ടാണു മുഹമ്മദിയരുടെ ആക്രമണം സുസാധമായി ഭവിച്ചതു്. അവൻ ആദ്യമേതന്നെ, ഈ ഐശ്വൎയ്യത്തെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാഞ്ഞതുകൊണ്ടാണു സഹസ്രവൎഷങ്ങളായി ഇന്ത്യയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കാൽക്കലിട്ടു നാം മർദ്ദിക്കപ്പെടുന്നതു അതുകൊണ്ടാണ് നാം അധഃപതിച്ചുപോയതും. നമ്മുടെ പൂൎവ്വികന്മാർ സംഭരിച്ചുവച്ച അത്ഭുതജനകമായ ഐശ്വൎയ്യങ്ങളെ മാച്ചുവച്ചിരുന്ന അറകളെ കുത്തിത്തുറക്കുകയാണ്. ഒന്നാമതായി നാം ചെ

യ്യേണ്ടതായിട്ടുള്ള കടമ. അതിനെ വെളിയിൽ കൊണ്ടുവരുവിൻ! ഓരോരുത്തർക്കുമായി വീതിച്ചുകൊടുക്കുവിൻ! ബ്രാഹ്മണൻതന്നെ ആദ്യം അതിന്നുവേണ്ടി പ്രവർത്തിക്കണം.

൩൭൬. ആഹാരത്തെ സംബന്ധിച്ച ചോദ്യം ഭക്തന്മാർക്കു പ്രാണാധാരസന്നിഭമായ ഒരു പ്രമേയമായിത്തീർന്നിരിക്കുന്നു. ചില ഭക്തന്മാർ അളവുകടന്നു അതിൽ പെരുമാറിവരുന്നു. അതു് അപ്രകാരമിരിക്കെ, ആഹാരത്തെ സംബന്ധിച്ച ഈ പ്രശ്നത്തിൽ ഒരു സത്യം അന്തർഭവിച്ചിരിക്കുന്നു.

൩൭൭. മനസ്സാകുന്ന സൂക്ഷ്മശരീരത്തെ അടക്കിഭരിക്കൽ, സ്ഥൂലശരീരത്തെ അടക്കി ഭരിക്കുന്നതിനെക്കാൾ ഉയർന്ന ഒരു പ്രവൃത്തിയാണു്. എന്നാൽ ഒരുവൻ സൂക്ഷ്മശരീരത്തെ അടക്കാൻ സമർത്ഥനാകണമെങ്കിൽ സ്ഥൂലശരീരത്തെ അടക്കേണ്ടതു് ആവശ്യമാകുന്നു. അതുകൊണ്ടു ശിഷ്യൻ, തന്റെ ഗുരുപരമ്പരയുടെ ആഹാരവിധികളിൽ ഓരോന്നിലും ബദ്ധശ്രദ്ധനായിരിക്കണം.

൩൭൮. ഏതൊരുവന്റെ ശരീരം പരോപകാരത്തിനായി വിനിയോഗിക്കപ്പെട്ടു നശിക്കുന്നുവോ അവൻ ഭാഗ്യവാനാകുന്നു.

൩൭൯. ഉപനിഷത്തുകളുടെ ഓരോ ഭാഗവും എന്നോടു് ഉപദേശിക്കുന്നതെന്തെന്നാൽ, 'ബലം' 'ബലം' എന്നാകുന്നു. ഇതു ഓർമ്മയിൽ വയ്ക്കേണ്ട ഒരു വലിയ വിഷയമാണു്. അതു് എന്റെ ജീവിതത്തിൽ ഞാൻ ഗ്രഹിച്ചിട്ടുള്ള ഒരു വലിയ പാഠമാകുന്നു. അതെന്തെന്നാൽ, ബലം—ബലം; ഹേ! മനുഷ്യ! ബലഹീനനായിരിക്കരുതു്! "മനുഷ്യനു ബലഹീനതകളില്ലേ?" എന്നു മനുഷ്യൻ ചോദിക്കുന്നു. "ഉണ്ടു്, ഉണ്ടു്" എന്നു ഉപനിഷത്തുകൾ സമാധാനം പറയുന്നു! എന്നാൽ അതിലുമധികം ബലഹീനത, അതിനെ ഒഴിക്കുമോ? മലിനതയെ മലിനതയാൽ കഴുകിക്കളയാൻ നീ പ്രയത്നിക്കുമോ? പാപം പാപത്തെ നശിപ്പിക്കുമോ? ബലഹീനത ബലഹീനതയെ മാറ്റുമോ? ഹേ! മനുഷ്യ; ബലം, ബലം എന്നു് ഉപനിഷത്തുകൾ പറയുന്നു. ബലവാനായി എഴുന്നേറ്റുനിൽക്കുക. ലോകത്തിൽ, 'അഭീ'(ഭയമില്ലായ്മ) എന്ന പദത്തെ അടിക്കടി ഉപയോഗപ്പെടുത്തുന്ന ഭാഷ, അതൊന്നു മാത്രമാണു്. ലോകത്തിലുള്ള മറ്റൊരു ശാസ്ത്രത്തിലും, അഭീ എന്ന ആ ലക്ഷണം ദൈവത്തിനാകട്ടെ, മനുഷ്യനാകട്ടെ നൽകപ്പെട്ടിട്ടില്ല.

൩൮൦. അലക്സാണ്ടർ എന്ന ആ വലിയ പാശ്ചാത്യചക്രവർത്തിയുടെ ഓർമ്മ എന്റെ മനസ്സിൽ പഴയ ചരിത്രത്തിൽനിന്നും ഉദിക്കുന്നു. ഒരു ചിത്രത്തിൽ കാണുന്നതുപോലെ ആ വലിയ രാജാവു്, സിന്ധുനദിയുടെ കരയിൽ നിന്നുകൊണ്ടു കാട്ടിലുള്ള നമ്മുടെ ഒരു സന്യാസിയോടു സംസാരിച്ചുകൊണ്ടിരിക്കുന്നതു ഞാൻ കാണുന്നു! ആ വൃദ്ധസന്യാസി സമാധിയിൽ ഇരിക്കുന്നു! ഒരു പാറപ്പുറത്തു സ്ഥിതി

ചെയ്യുന്നു! ചക്രവർത്തി, അദ്ദേഹത്തിന്റെ ജ്ഞാനശക്തികണ്ടു് ആശ്ചര്യപ്പെട്ടു് അദ്ദേഹം ഗ്രീസ്സുദേശത്തിലേക്കു ചെല്ലുന്നതിനായി സ്വർണ്ണനാണയങ്ങൾ കൊടുത്തു പ്രേരിപ്പിക്കുന്നു. സന്ന്യാസിയാകട്ടെ ചക്രവർത്തിയുടെ സ്വർണ്ണംകണ്ടു പുഞ്ചിരിതൂകുന്നു; ചക്രവർത്തിയുടെ പ്രേരണങ്ങളെക്കുറിച്ചു മന്ദഹസിക്കുന്നു; അല്ല, അതിനെ നിരസിക്കുന്നു. അനന്തരം ആ രാജരാജൻ, തന്റെ അധികാരഗർവ്വത്തോടുകൂടി, "നീ വന്നില്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും" എന്നു കല്പിക്കുന്നു; സന്ന്യാസി പൊട്ടിച്ചിരിച്ചുകൊണ്ടു പറയുന്നു:—"നീ ഇപ്പോൾ പറയുന്നതുപോലുള്ള ഒരു കള്ളം എന്റെ ജീവിതകാലത്തിൽ ഒരിക്കൽപോലും ഞാൻ പറഞ്ഞിട്ടില്ല. എന്നെക്കൊല്ലാൻ ആരെക്കൊണ്ടു സാധിക്കും? ജഡലോകത്തിനു ചക്രവർത്തിയായ നീയാണോ എന്നെ കൊല്ലാൻ! ഒരിക്കലുമില്ല. ഞാൻ ജനനമരണമറ്റ ആത്മാവു്; ഞാൻ ഒരിക്കലും ജനിച്ചതുമില്ല, ഒരിക്കലും മരിക്കാൻപോകുന്നുമില്ല; ഞാൻ അഖണ്ഡവസ്തു; സർവ്വവ്യാപി; സർവ്വജ്ഞൻ; നീ എന്നെ കൊല്ലാനോ? നീ ഒരു ശിശു!" ഇതാണു ബലം; ബലം ഇതുതന്നെ.

സ്വവും. എന്റെ സ്നേഹിതന്മാരേ! എന്റെ സ്വദേശികളേ! ഞാൻ ഉപനിഷത്തുകളെ അധികമധികം പഠിക്കുംതോറും, അധികമധികം ഞാൻ നിങ്ങളെച്ചൊല്ലിക്കരയുന്നു. എന്തുകൊണ്ടെന്നാൽ, അതിലത്രേ അനുഷ്ഠിക്കേണ്ടുന്നതു് അടങ്ങിയിട്ടുള്ളതു്. ബലം—നമുക്കുബലം—നമുക്കു വേണ്ടതു ബലം—നമുക്കാരു ബലം തരും? നമ്മെ ബലഹീനന്മാരാക്കാൻ അനേകായിരംഉപകരണങ്ങൾ ഉണ്ടു്. കഥകളാകട്ടെ, വേണ്ടുവോളം നമുക്കുണ്ടു്. നമ്മുടെ പുരാണങ്ങളിൽ ഓരോന്നിനെയും, നിങ്ങൾ മർദ്ദിച്ചാൽ, ലോകത്തിലുള്ള മുക്കാൽഭാഗം ഗ്രന്ഥശാലകളും നിറയത്തക്ക കഥകൾ നമുക്കു ലഭിക്കുന്നു. നമ്മെ ബലഹീനമായ ഒരു ജാതിയാക്കത്തക്ക നിസ്സീമമായ ഉപകരണങ്ങൾ ദീർഘകാലമാകി നമ്മളിൽ അടങ്ങിയിരിക്കുന്നു. അക്കാലത്തു ജാതീയജീവിതത്തിന്നു് ഒരു ഒറ്റലക്ഷ്യമേ ഉണ്ടായിരുന്നുള്ളു പോൽ! നാം പിന്നെയുംപിന്നെയും ബലഹീനരാക്കപ്പെട്ടുന്നതു എങ്ങനെയെന്നാൽ, അവസാനം തങ്ങളുടെ പാദങ്ങളെ, തങ്ങളുടെതന്നെ പുറത്തു നിക്ഷേപിക്കാൻ തുനിയുന്നവരായ ഓരോരുത്തന്റെയും ചവുട്ടടിയിൽ ചെന്നു കയറുന്ന കേവലം പുഴുക്കളായി ഭവിച്ചതിനാലാകുന്നു. അതുകൊണ്ടു്, എന്റെ സ്നേഹിതന്മാരേ! രക്തസംബന്ധമുള്ള ഒരു സഹോദരന്റെ നിലയിൽ ഒന്നിച്ചുവസിച്ചു്, ഒന്നിച്ചു മരിക്കാനിരിക്കുന്ന ഒരു സഹോദരന്റെ നിലയിൽ, ഞാൻ നിങ്ങളോടു് ഉപദേശിക്കുന്നതു ബലം, ബലം എന്നുമാത്രമാണു്. ഉപനിഷത്തുകൾ ബലത്തിന്റെ ഒരു വലിയ ഭണ്ഡാരമാണു്. ലോകത്തെ മുഴുവൻ ബലപ്പെടുത്താൻതക്ക

ബലം അതിനകത്തുണ്ട്. ലോകം മുഴുവൻ അതുമൂലം പ്രാണാധാനം ചെയ്യപ്പെട്ട്, ബലിഷ്ഠമാക്കപ്പെടാൻ അതിനു കഴിയും. ഉപനിഷത്തുകൾ എല്ലാ ജാതികളിലും, എല്ലാ ഉപജാതികളിലും എല്ലാ കക്ഷികളിലും ഉള്ള ബലഹീനന്മാരെയും ദുഃഖിതന്മാരെയും ചവിട്ടടിയിലിട്ടു മർദ്ദിക്കപ്പെടുന്നവരെയും വിളിച്ചുവരുത്തി തങ്ങളുടെ പാദാന്തികത്തിൽനിന്നു മുക്തന്മാരാകത്തക്കവണ്ണം പ്രവർത്തിക്കും; സ്വാതന്ത്ര്യം, സ്ഥൂലസ്വാതന്ത്ര്യം, മനഃസ്വാതന്ത്ര്യം മുതലായവ ഉപനിഷത്തുകളുടെ സിദ്ധാന്തങ്ങളാകുന്നു.

അസ്തു. ഉപനിഷത്തുകൾ പ്രശംസനീയങ്ങളാണെന്നിരുന്നാലും, നമ്മുടെ പൂർവ്വികന്മാർ മഹർഷിമാരാണെന്നിരുന്നാലും, മററുള്ള സമുദായങ്ങളോടു തുലനം ചെയ്തു നോക്കുമ്പോൾ നാം ഏററവും ബലഹീനന്മാരായിരിക്കുന്നു എന്ന് എനിക്കു നിങ്ങളോടു പറയേണ്ടിവരുന്നു. ഒന്നാമതായി, നമ്മുടെ ശരീരം തന്നെ ബലഹീനമായിരിക്കുന്നു. ആ ശരീര ദുർബലത, നമ്മുടെ ദുഃഖങ്ങളിൽ കുറഞ്ഞപക്ഷം മൂന്നിലൊരു ഭാഗത്തിനെങ്കിലും കാരണമായിരിക്കുന്നു. നാം അലസന്മാരായിത്തീർന്നിരിക്കുന്നു; നമുക്കു വേലചെയ്വാൻ നിവൃത്തിയില്ല; നമുക്ക് ഒത്തൊരുമിക്കാൻ നിവൃത്തിയില്ല; നാം അന്യോന്യം സ്നേഹിക്കുന്നില്ല; നാം അതിസ്വാർത്ഥന്മാരായിത്തീർന്നിരിക്കുന്നു, അന്യോന്യം ദ്വേഷിക്കാതെയും പരസ്പരം അസൂയപ്പെടാതെയും നമ്മളിൽ മൂന്നുപേർക്കുപോലും ഒന്നിച്ചു ചേരാൻ സാധിക്കുന്നതല്ല. നമ്മുടെ നില ഇതാണ്. പരസ്പരവിശ്വാസമില്ലാതെ പിരിഞ്ഞു നില്ക്കുന്ന കൂട്ടം; നിന്ദ്യമായ സ്വാർത്ഥത്തോടു കൂടിയ വർഗ്ഗം ഈ അടയാളമോ ആ അടയാളമോ നമ്മുടെ നെററിയിൽ വരയ്ക്കേണ്ടതെന്ന് അനേകനൂറാണ്ടുകളായി കലഹം നടത്തിക്കൊണ്ടിരിക്കുന്ന ജാതി; ഒരു മനുഷ്യൻ നോക്കിയാൽ ആഹാരം അശുദ്ധമാകുന്നുവോ ഇല്ലയോ എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പററി അലംഭാവമില്ലാതെ ഗ്രന്ഥം രചിക്കുന്ന വർഗ്ഗം.—കഴിഞ്ഞ ചില ശതവർഷങ്ങളായി നാം പ്രവർത്തിച്ചുവരുന്നതു് ഇങ്ങനെയാണ്. തലച്ചോറിന്റെ ശക്തിയെ ഇത്തരം വിഷയങ്ങളിലും അന്വേഷണങ്ങളിലും തികച്ചും ചെലുത്തപ്പെട്ടുവരുന്ന ഒരു ജാതിയിൽ നിന്ന് ഇതിനെക്കാൾ ഉയർന്നതായ യാതൊന്നിനെയും നമുക്കു പ്രതീക്ഷിക്കാൻ പ്രയാസമാണ്. നമ്മെപ്പററി നമുക്കുതന്നെ ലജ്ജ തോന്നുന്നില്ലേ? ഹ! ചിലപ്പോൾ നാം ലജ്ജിക്കുന്നുണ്ട്; എന്നാൽ, ഈ വിഷയങ്ങൾ നിസ്സാരങ്ങളാണെന്ന് നാം വിചാരിക്കുന്നുവെങ്കിലും നമുക്കതിനെ വിട്ടുകളയുവാൻ സാധിക്കുന്നില്ല. നാം അനേക സംഗതികളെ വിചാരിക്കുന്നു; അവയെ ഒരിക്കലും ചെയ്യുന്നില്ല. കിളിയെപ്പോലെ, വിചാരം നമുക്കൊരു പതിവായിത്തീർന്നിരിക്കുന്നു; എന്നാൽ അതിനെ പ്രവർത്തിക്കുക ഒരിക്കലും പതിവാക്കീട്ടില്ല. അതിനു കാരണമെന്ത്? ശരീരത്തിന്റെ

ദുർബലത. ഇങ്ങനെ ബലഹീനമായ തലച്ചോറ് ഒന്നുംതന്നെ ചെയ്യാൻ സമർത്ഥമല്ല; നാം അതിനെ ബലപ്പെടുത്തണം. ഒന്നാമതായി നമ്മുടെ ചെറുപ്പക്കാർ ബലമുള്ളവരായിരിക്കണം. മതം പിന്നീട് വന്നുകൊള്ളും. എന്റെ ബാല്യസ്നേഹിതന്മാരേ! നിങ്ങൾ ബലിഷ്ഠന്മാരായിത്തീരുവിൻ! ഇതത്രേ എനിക്കു നിങ്ങളോടുള്ള ഉപദേശം. ഗീതയെ പാരായണം ചെയ്യുന്നതിനേക്കാൾ * കളിപ്പന്തുകൊണ്ട് നിങ്ങൾക്ക് എളുപ്പത്തിൽ മോക്ഷത്തെ പ്രാപിക്കാം. ഇതു ധൈര്യവാന്റെ വാക്കുകളാണ്. എന്നാൽ, എനിക്ക് അതു നിങ്ങളോടു പറയേണ്ടിയിരിക്കുന്നു. കാരണം, ഞാൻ നിങ്ങളെ സ്നേഹിക്കുന്നതാണ്. നിങ്ങളുടെ കരങ്ങൾ, നിങ്ങളുടെ മാംസങ്ങൾ ഇവ കൂടുതൽ ബലമുള്ളതായിരുന്നാൽ നിങ്ങൾ ഗീതയെ പൂർവ്വാധികം ഗ്രഹിക്കുന്നു. ചെപ്പാത്തുകൊണ്ടു വേദനിക്കുന്നതെവിടെയാണെന്ന് എനിക്കറിയാം. എനിക്ക് അല്പം അനുഭൂതി കിട്ടീട്ടുണ്ട്. നിങ്ങളിൽ അല്പം "ബല" മുള്ള രക്തം നടങ്ങിട്ടുണ്ടെങ്കിൽ, ശ്രീകൃഷ്ണന്റെ മഹത്തായ സാമർത്ഥ്യവും, പരാക്രമശക്തിയും നിങ്ങളറിയും. നിങ്ങളുടെ ശരീരം നിങ്ങളുടെ കാലുകളിൽ ഉറച്ചു നിന്ന് "ഞാനും മനുഷ്യനാണ്" എന്നു ഗ്രഹിക്കുമ്പോൾ, നിങ്ങൾ ഉപനിഷത്തുകളെയും, ആത്മാവിന്റെ മാഹാത്മ്യത്തെയും, നല്ലപോലെ അറിയുന്നു.

സൂവ്വ ൨. നീ വലിയവനാണെന്നു അറിയുക; നീ വലിയവനായിത്തീരും

സുവ്വ ൩. നാം വിശ്വാസത്തെ നഷ്ടപ്പെട്ടു; ആംഗലേയ സ്ത്രീപുരുഷന്മാരെ അപേക്ഷിച്ചു നാം വിശ്വാസം കുറഞ്ഞവരായിത്തീർന്നിരിക്കുന്നു. ഇതു വാസ്തവവാക്കുകളാണ്. എനിക്കതു പറയാതിരിക്കാൻ നിവൃത്തിയില്ല. പാശ്ചാത്യ സ്ത്രീപുരുഷന്മാർ നമ്മുടെ ലക്ഷ്യങ്ങളെ മനസ്സിലാക്കുമ്പോൾ, അവർക്കതിലെത്രത്തോളം ആർത്തിയും ആസക്തിയും നേരിടുന്നു എന്നു നിങ്ങൾ കണ്ടിട്ടില്ലേ? അവർ ഭരണകർത്താക്കളായിരുന്നിട്ടും, തങ്ങളുടെ നാട്ടുകാർ അപഹസിക്കുകയും, അധിക്ഷേപിക്കുകയും ചെയ്തിട്ടുപോലും നമ്മുടെ മതത്തെ ഗ്രഹിക്കുന്നതിനായി ഇന്ത്യയിലേക്കു വരുന്നു. നിങ്ങളിൽ എത്രപേർക്കതിനു കഴിയും? അഥവാ നിങ്ങൾക്കെന്തുകൊണ്ട് അങ്ങനെ ചെയ്യാൻ കഴിഞ്ഞിട്ടില്ല? നിങ്ങൾക്കതറിഞ്ഞുകൂടെ? അവരെക്കാൾ നിങ്ങൾക്കു കൂടുതലായിട്ടറിയാം; നിങ്ങൾ ആവശ്യമുള്ളതോതിൽ കൂടുതൽ അറിവുള്ളവരായിരിക്കുന്നു; അതാണു നിങ്ങൾക്കുള്ള പ്രയാസം! നിങ്ങളുടെ രക്തം വെള്ളംപോലെ ആയിത്തീർന്നിരുന്നാൽ നിങ്ങളുടെ തലച്ചോറു ചുരുങ്ങിപ്പോ

---

* തല കാഞ്ഞിരുന്നു ഗീതാപാരായണം നടത്തുന്നതിനെക്കാൾ ഉത്സാഹപൂർവ്വം കളി ആവൃത്തി നടത്തിയാൽ എളുപ്പത്തിൽ മോക്ഷം ലഭിക്കുമെന്നു താല്പര്യം.

യി. നിങ്ങളുടെ ശരീരം ബലഹീനമായിരിക്കുന്നു. നിങ്ങൾ ശരീരത്തെ മാററണം. ശരീരബലഹീനതയാണു സകലത്തിനും കാരണം; വേറൊന്നുമല്ല. കഴിഞ്ഞ നൂറുകൊല്ലങ്ങൾക്കിപ്പുറം പരിഷ്കാരത്തെപ്പററിയും ലക്ഷ്യങ്ങളെ അധികരിച്ചും മററുള്ള വിഷയങ്ങളെസ്സംബന്ധിച്ചും വളരെ പ്രസംഗിച്ചിരിക്കുന്നു. അനുഭവത്തിൽ കൊണ്ടുവരേണ്ടിവരുമ്പോൾ, നിങ്ങൾ എങ്ങും കാണപ്പെടുന്നില്ല. അവസാനമായി, നിങ്ങൾ ലോകത്തിനു മുഴുവൻ വെറുപ്പുണ്ടാക്കിയിരിക്കുന്നു. പരിഷ്കാരമെന്ന ഒരു വാക്കുതന്നെ പരിഹാസ്യജനകമായിത്തീർന്നിരിക്കുന്നു; കാരണമെന്തു്? നിങ്ങൾക്കറിഞ്ഞുകൂടേ? നിങ്ങൾക്കു നല്ലതുപോലെ അറിയാം. കാരണം ഒന്നേ ഉള്ളൂ; നിങ്ങൾ ബലഹീനന്മാരായിത്തീർന്നിരിക്കുന്നു. നിങ്ങളുടെ മനസ്സു ദുർബ്ബലമായിഭവിച്ചിരിക്കുന്നു. നിങ്ങളിൽതന്നെ നിങ്ങൾക്കു വിശ്വാസമില്ല. എത്രയോ നൂററാണ്ടുകളായിട്ടു, ജാതികളും രാജാക്കന്മാരും ഇതരന്മാരും നിങ്ങളുടെ സ്വന്തജനങ്ങളും പ്രകടിപ്പിച്ചുവന്ന നിഷ്ഠുരമായ പ്രവൃത്തികൾ, എന്റെ സഹോദരന്മാരേ! നിങ്ങളുടെ ബലത്തെയെല്ലാം നശിപ്പിച്ചുകളഞ്ഞു! നിങ്ങളുടെ നട്ടെല്ലു് ഒടിഞ്ഞുപോയി. നിങ്ങൾ താഴത്തിട്ടു ചവിട്ടപ്പെടുന്ന മൂട്ടകളായിത്തീർന്നിരിക്കുന്നു! നിങ്ങൾക്കു് ആരു ശക്തിതരാനാണു്? ബലം! ബലം! ഇതാണു നമുക്കുവേണ്ടിയതു് എന്നു ഞാൻ നിങ്ങളോടു പറയുന്നു. ബലത്തെ പ്രാപിക്കാൻ ആദ്യമായി ഉപനിഷത്തുകളെ മുറുകെപ്പിടിച്ചുകൊണ്ടു് 'ഞാൻ ആത്മാവാണെന്നു' വിശ്വസിക്കുകയാകുന്നു.

.. വ്യ. സ്വാതന്ത്ര്യമാണു് അഭിവൃദ്ധിയുടെ ഒന്നാമത്തെ ഉപകരണം. നിങ്ങളിൽ ആരെങ്കിലും, "ഞാൻ ഈ സ്ത്രീയുടെ അഥവാ ഈ കുട്ടിയുടെ മോക്ഷത്തെ സമ്പാദിച്ചുകൊടുക്കും." എന്നു പറവാൻ ധൈര്യപ്പെട്ടാൽ അതു തെററാണു്; ഭീമാബദ്ധമാണു്. വിധവകളെപ്പററി ഞാൻ എന്തു വിചാരിക്കുന്നു എന്നും, സ്ത്രീകളെപ്പററിയുള്ള എന്റെ അഭിപ്രായമെന്തെന്നും എന്നോടു്, അടിക്കടി പലരും ചോദിക്കുന്നുണ്ടു്. ഞാനതിനെല്ലാംകൂടി ഒരു ഉത്തരം നൽകാം. "ആ വൈധവ്യത്തെക്കുറിച്ചു നീ എന്നോടു ചോദിക്കാനെന്തു്? ഞാനൊരു വിധവയോ? വീണ്ടും വീണ്ടും ആ ചോദ്യം നീ എന്നോടു ചോദിക്കാൻ കാരണമെന്തു്? ഞാൻ ഒരു സ്ത്രീയോ? സ്ത്രീകളുടെ കാര്യത്തെപ്പററി ഒരു അവസാനതീർച്ചയുണ്ടാക്കാൻ നീ ആരു്? വിധവകളെയും സ്ത്രീകളെയും ഭരിക്കാൻ നീ ഈശ്വരനാണോ? അവരെ സംബന്ധിച്ച സംഗതികൾക്കു് അവർ തീർച്ചയുണ്ടാക്കിക്കൊള്ളും. ഏതൊരാളിനും ഏതെന്നും സാധിച്ചുകൊടുക്കാൻ കഴിവുള്ളവരെന്നു വിചാരിച്ചു പ്രവർത്തിക്കുന്ന മൂഢന്മാരേ! കൈകളെ അകററുക! ഈശ്വരൻ എല്ലാവരെയുംകുറിച്ചു ശ്രദ്ധിച്ചുകൊള്ളും. നിനക്കെല്ലാം അറിയാമെന്നു നടി

ക്കുന്നതിന് നിന്താണ്? ഹേ, ഈശ്വരന്റെ പുത്രന്മാരേ! ഈശ്വരന്റെ പേരിൽ നിങ്ങൾക്കു ബാദ്ധ്യതയുണ്ടെന്നു ധരിക്കാൻ നിങ്ങൾ എന്തെന്നു തുനിയുന്നു? കാരണം ആത്മാവും ഈശ്വരന്റെ ആത്മാവാണെന്നു നിങ്ങൾ അറിയുന്നില്ലേ?"

൩൱൯. അന്യന്മാരെ ഭരിക്കുന്നതുകൊണ്ടു അവർക്കു വല്ല നന്മയും ചെയ്യാൻ നിനക്കു സാധിക്കുമെന്നുള്ള വിശ്വാസത്തെ കൈവിടുക!

൩൱൰. പ്രജ്ഞാതീതത്തെയാണു ധീരന്മാർ അന്വേഷിക്കുന്നതു്. ഇന്ദ്രിയങ്ങളാൽ ബന്ധിക്കപ്പെട്ടതാണു പ്രജ്ഞ. അതിനപ്പുറത്തു്, വിഷയങ്ങൾക്കപ്പുറത്തു്, ജ്ഞാനലോകത്തു പരമാർത്ഥത്തെ പ്രാപിക്കാനായി മനുഷ്യൻ ചെന്നെത്തണം. ഇന്ദ്രിയങ്ങളുടെ പരിധിക്കപ്പുറത്തു ചെല്ലുന്നതുകൊണ്ടു വിജയം പ്രാപിക്കുന്ന മനുഷ്യർ ഇപ്പോഴുമുണ്ടു്. അവരെ ഋഷികൾ എന്നു പറയുന്നു. എന്തുകൊണ്ടെന്നാൽ, അവർ ജ്ഞാനലോകത്തിലെ പരമാർത്ഥത്തെ അഭിമുഖമായി ദർശിക്കുന്നവരാണു്.

൩൱൧. ഇന്ത്യയ്ക്കു വെളിയിലുള്ള ലോകമില്ലാതെ നമുക്കു ജീവിക്കാൻ സാധിക്കുന്നതല്ല. സാധിക്കുമെന്നു നാം വിചാരിക്കുന്നതു നമ്മുടെ മൌഢ്യംകൊണ്ടാണു്. നാം ഒരു സഹസ്രവർഷത്തെ അടിമത്തംകൊണ്ടു ആ കുറ്റത്തിനു് അപരാധികളായി ഭവിച്ചു. ഇതരസമുദായങ്ങളോടു സാമ്യപ്പെടുത്തിനോക്കിയാൽ നാം പുറമേ പോകാത്തതാണു്, നമ്മുടെ ചുറ്റും നടമാടുന്ന അടിമത്തത്തിനു കാരണമെന്നു തെളിയും, ഭാരതീയ മനുഷ്യൻ, ഈ കുറ്റത്തിനു ഒരു തികഞ്ഞ കാരണഭൂതനായിരിക്കുന്നു. നാം അപരാധം പ്രവർത്തിച്ചുകഴിഞ്ഞു. ഇനിമേൽ നമുക്കങ്ങനെ ചെയ്യാൻ പാടില്ല. ഭാരതീയർ ഇന്ത്യയ്ക്കു വെളിയിൽ പോകാൻ പാടില്ല എന്ന മൂഢവിശ്വാസങ്ങൾ ബാലിശങ്ങളാകുന്നു.

൩൱൨. "ഇന്ത്യയിലുള്ള ഏതൊരു ആചാര്യന്റെ നാമധേയത്തെയും നിശ്ചയിക്കാൻ വളരെ പ്രയാസമായിരിക്കുന്നു" എന്നു ഒരിക്കൽ ഒരാൾ എന്നോടു പറഞ്ഞു. അതിനു ഞാൻ "അതു ഭാരതീയവിചാരം" എന്നുത്തരം നൽകി. ഭാരതത്തിലെ ആചാര്യന്മാർ ഇക്കാലത്തെ ആചാര്യന്മാരെപ്പോലെയല്ല. ഇന്നത്തെ ആചാര്യന്മാർ തങ്ങളുടെ വിചാരങ്ങളിൽ തൊണ്ണൂറു ശതമാനം മോഷ്ടിക്കുന്നു, പത്തു ശതമാനം മാത്രമേ അവരുടെ സ്വന്തമായിട്ടുള്ളൂ" "ഈ വിചാരത്തിനു ഉത്തരവാദി ഞാനാണു്" എന്നു് അവർ ഒരു മുഖവുരയായിപ്പറയുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഹൃദയങ്ങളിൽ തിങ്ങിയ ഫലങ്ങളെ ജനിപ്പിക്കുന്ന ആ വലിയ മഹാത്മാക്കൾ തങ്ങളുടെ പേരുപോലും രേഖപ്പെടുത്താതെ ഗ്രന്ഥങ്ങളെഴുതി സന്തതികൾക്കായി നിക്ഷേപിച്ചിട്ടു, ശാന്തമ

യ മരണത്തിൽ ശുപ്തന്മാരായി ഭവിച്ചു. നമ്മുടെ തത്വശാസ്ത്രകർത്താക്കളെ ആർക്കറിയാം? നമ്മുടെ പുരാണങ്ങൾ എഴുതിയവരെ ആർക്കറിയാം?

ന്വൻ. നമുക്കു വേണ്ടതു കതശക്തിയാകുന്ന ബലിഷ്ഠമായ ഞരമ്പുകളാണ്. ഉരുക്കൊത്ത മാംസവും എഴുന്ന ഞരമ്പുകളുമാകുന്നു. ശുഷ്കമായ നിഷ്പ്രയോജനചിന്തകളും മറ്റും നിഷ്കാസനം ചെയ്യപ്പെടണം. എല്ലാ രഹസ്യങ്ങളെയും തിരസ്കരിക്കുക! മതത്തിൽ രഹസ്യമേ ഇല്ല. വേദാന്തത്തിലാകട്ടെ, വേദങ്ങളിലാകട്ടെ, സംഹിതകളിലാകട്ടെ, അഥവാ പുരാണങ്ങളിലാകട്ടെ എന്തെങ്കിലും രഹസ്യമുണ്ടോ? പൂർവികന്മാരായ മഹാത്മാക്കൾ നമ്മുടെ മതത്തെ ഉദ്ബോധനം ചെയ്യുന്നതിനു വല്ല രഹസ്യ സഭയും ഏർപ്പെടുത്തിട്ടുണ്ടോ? മനുഷ്യവർഗ്ഗത്തിനു തങ്ങളുടെ ഉൽകൃഷ്ട സിദ്ധാന്തങ്ങളെ ഉപദേശിക്കുന്നതിലേക്കു അവരാൽ സ്വീകരിക്കപ്പെട്ടിട്ടില്ലാത്ത എന്തെല്ലാം തന്ത്രങ്ങളാണ് ഇന്നനാട്ടിലിരിക്കുന്നതു്. രഹസ്യാന്വേഷണവും മൂഢവിശ്വാസവും സർവ്വദാ ബലഹീനതയുടെ അടയാളങ്ങളാകുന്നു. ഇവ എല്ലായ്പോഴും അധഃപതനത്തിന്റെയും മരണത്തിന്റെയും കൊടിയടയാളങ്ങളാകുന്നു. അതുകൊണ്ടു അവയെസ്സംബന്ധിച്ചിടത്തോളം, നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം. നിങ്ങൾ ബലമുള്ളവരായിരിക്കുവിൻ! നിങ്ങൾ സ്വന്തം കാലിൽ ഉറച്ചുനില്ക്കുവിൻ! വലിയവലിയ കാര്യങ്ങൾ, ഏറ്റവും അത്ഭുതകരമായ വിഷയങ്ങൾ അതിലന്തർഭവിച്ചിരിക്കുന്നതു്. നമ്മുടെ വിചിന്തനശക്തിനടന്നുചെല്ലുന്നിടത്തോളം അനുഭവത്തെ ആസ്പദമാക്കി നാം അവയെ പ്രകൃതിയിൽ നിന്നു് അതീതങ്ങളാണെന്നുപറയാം. എന്നാൽ ഈ വിഷയങ്ങളിൽ ഒന്നുപോലും രഹസ്യമല്ല. മതപരമാർത്ഥതകളെ, രഹസ്യങ്ങളെന്നോ; ഹിമഗിരിയുടെ ഹിമശിഖരങ്ങളിലുള്ള രഹസ്യസഭകളുടെ അവശിഷ്ടമാണെന്നോ ഈ ഭൂമിയിൽ ഒരിക്കലും അറിയപ്പെട്ടിട്ടില്ല. ഞാൻ ഹിമഗിരിയിൽ താമസിച്ചിട്ടുണ്ടു്. നിങ്ങൾക്കതിനിടയായിട്ടില്ല. നിങ്ങളുടെ വീടുകളിൽനിന്നും ആ സ്ഥലത്തേക്കു്, അനേകായിരം മൈൽ ദൂരമുണ്ടു്. ഞാൻ സന്യാസി; കഴിഞ്ഞ പതിനാലു വർഷങ്ങളായി ഞാൻ ദേശാടനം നടത്തിവന്നു. ഈ രഹസ്യസംഘങ്ങൾ ഒരിടത്തുമില്ല; ഈ മൂഢവിശ്വാസങ്ങളുടെ പിറകെ ഓടാതിരിക്കുവിൻ! നിങ്ങൾ മുഴുത്ത നാസ്തികന്മാരായി ഭവിച്ചാൽ നിങ്ങൾക്കും ജാതിക്കും ഗുണമുണ്ടു്. എന്തുകൊണ്ടെന്നാൽ, നിങ്ങൾക്കു ബലമുണ്ടായിരിക്കും. എന്നാൽ ഇതു് അധഃപതനവും മരണവുമാകുന്നു. ശക്തന്മാർ ഈ മൂഢവിശ്വാസങ്ങളിൽ തങ്ങളുടെ ആയുഷ്കാലത്തെ വ്യയംചെയ്യുന്നതുകൊണ്ടും, ലോകത്തിലുള്ള ചീഞ്ഞുനാറിയ മൌഢ്യങ്ങളെ ന്യായീകരിക്കുന്നതിനു ഉപമാനകഥകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ആയുഷ്കാലത്തെ ചെലവു ചെയ്യുന്നതുകൊണ്ടും അവമാനം മ

നഷ്യവർഗ്ഗത്തിനാണു്. ധൈര്യവാന്മാരായിരിക്കുവിൻ! അപ്രകാരമുള്ള ന്യായവാദങ്ങളിൽ പ്രയത്നിക്കാതിരിക്കുവിൻ!

൩൯൦. പരിണാമമററ ഏകാവസ്ഥയിനെ അനുഭവത്തിൽകൊണ്ടുവരുന്നതിനു സഹായിക്കുന്നതേതൊന്നോ! അതുമാത്രം മതം. അതീതങ്ങളായ പരമാത്ഥങ്ങളെ അനുഭവത്തിൽ കൊണ്ടുവന്നവൻ, ആത്മാവിനെ സ്വഭാവേന അറിയുന്നവൻ; ഈശ്വരനെ നേരിൽ കാണുന്നവൻ, ഓരോന്നിലും ഈശ്വരനെത്തന്നെ ദർശിക്കുന്നവൻ ഋഷിയായി ഭവിക്കുന്നു. നീ ഋഷിയാകുന്നതുവരെ നിനക്കു മതജീവിതമില്ല. അതിനുശേഷമെ നിനക്കു മതം ആരംഭിക്കുന്നുള്ളു; അപ്പോഴാണു മതം നിനക്കുദിക്കുന്നതു്. ഇപ്പോഴാകട്ടെ, നിങ്ങൾ ബുദ്ധിയുടെ വിളയാട്ടങ്ങളെയും ശരീരത്തിൻെറ വേദനകളെയും മാത്രം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

൩൯൧. ക്രമാതീതങ്ങളായ പ്രസംഗങ്ങൾകൊണ്ടാകട്ടെ, ഉയന്നതരം ബുദ്ധിശക്തികൊണ്ടാകട്ടെ, ശാസ്ത്രപരിശീലനത്താലാകട്ടെ ആത്മാവിനെ പ്രാപിക്കാൻ സാധിക്കുന്നതല്ല. ശാസ്ത്രങ്ങൾതന്നെ ഈ വിധത്തിൽ പറയുന്നു.

൩൯൨. ജീവദ്രക്തം, ബലമുള്ളതും പരിശുദ്ധവുമായിരുന്നാൽ ആ ശരീരത്തിൽ വ്യാധിബീജങ്ങൾ യാതൊന്നും ഉണ്ടായിരിക്കയില്ല. നമ്മുടെ ജീവദ്രക്തം, ആത്മജ്ഞാനമാകുന്നു. അതു തെളിഞ്ഞു പ്രവഹിച്ചാൽ, അതു ശക്തിയോടും ഊക്കത്തോടുംകൂടി നിഷ്കളങ്കമായി പ്രവഹിച്ചാൽ മററൊക്കെ ശരിയാകും.

൩൯൩. രാഷ്ട്രീയന്യൂനതകളും സമുദായന്യൂനതകളും മററുള്ള ലൌകികന്യൂനതകളും, ഭൂമിയുടെ ദാരിദ്ര്യംപോലും, ആ രക്തം ശുദ്ധമായിരുന്നാൽ പരിഹരിക്കപ്പെടും. എന്തെന്നാൽ, രോഗബീജം വെളിയിൽ തള്ളപ്പെട്ടുകഴിഞ്ഞാൽ യാതൊന്നിനും രക്തത്തിനുള്ളിൽ നുഴഞ്ഞുകയറാൻ സാധിക്കുന്നതല്ല. താൽകാലികവൈദ്യത്തിൽനിന്നും ഒരു ദൃഷ്ടാന്തമെടുത്തു വെളിപ്പെടുത്താം. ഒരു രോഗത്തെ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും ഒരു വിഷകൃമി വെളിയിൽ ഉണ്ടായിരിക്കണം; ശരീരസ്ഥിതിയും അതിനനുകൂലമായിരിക്കണം. ഇങ്ങനെ രണ്ടുകാരണങ്ങൾ വേണ്ടതാണെന്നു നാം ഗ്രഹിക്കുന്നു. ശരീരം കൃമികളെ സ്വീകരിക്കത്തക്ക സ്ഥിതിയിലാണെങ്കിലല്ലാതെ, കൃമികൾ അകത്തുകടന്നു വളരത്തക്കവണ്ണം ശരീരം ഒരു താഴ്ന്നനിലയിൽ എത്തിയിരുന്നാലല്ലാതെ, ശരീരത്തിൽ വ്യാധിയെ സൃഷ്ടിക്കാൻ ലോകത്തിൽ ഏതൊരു കൃമിക്കും ശക്തിയില്ല. പരമാത്ഥത്തിൽ അനേകലക്ഷം കൃമികൾ ഓരോരുവൻെറ ശരീരത്തിനുള്ളിലും ഇടവിടാതെ പ്രവേശിച്ചുകൊണ്ടിരിക്കുന്നു; എന്നാൽ ശരീരത്തിനു ബലമുണ്ടായിരിക്കുന്നതുവരെ, അതു്; ആ സംഗതി ഒരിക്കലും അറിയുന്നില്ല ശരീരം ബലഹീനമായിരിക്കു

മ്പോൾ കൃമികൾ അതിനെത്തന്നു കടന്നു വ്യാധിയെ സൃഷ്ടിക്കുന്നു. ഇതുപോലെയാണ് ജാതിയജീവിതത്തിന്റെയും അവസ്ഥ.

൩൯൩. ആചാരവിഷയത്തിൽ പലപ്രകാരത്തിലുള്ള വ്യത്യാസങ്ങൾ ഉണ്ടെന്നറിയുന്നു. 'ജാട്ട്' എന്നജാതിക്കാർമുഹമ്മദീയന്മാരിൽനിന്നും, ക്രിസ്ത്യാനികളിൽനിന്നും, വിവാഹംചെയ്താൽ തന്നെയും ജാതിഭ്രഷ്ടുനേരിട്ടുവിക്കുന്നില്ല. അവർക്ക് യാതൊരു തടസ്സവു മില്ലാതെ ഏതൊരു ഹിന്ദുക്ഷേത്രത്തിലും പ്രവേശിക്കാൻ സ്വാതന്ത്ര്യം ഉണ്ട്. പഞ്ചാബിൽ പലഗ്രാമങ്ങളിലും പന്നിയിറച്ചിഭക്ഷിക്കാത്തവർ ഹിന്ദുവെന്നു കരുതപ്പെടുന്നില്ല. നേപാളത്തിൽ ബ്രാഹ്മണനു നാലുവർണ്ണങ്ങളിലും വിവാഹം ചെയ്യാം. ബംഗാളത്തിൽബ്രാഹ്മണനു സ്വജാതിയിലെ ഉപജാതികളിൽ നിന്നു പോലും വിവാഹം ചെയ്യാൻ പാടില്ല.

൩൯൪. നിങ്ങൾക്ക് ഒരു് ആയിരം സംഘടകം, ഇരുപതിനായിരം രാഷ്ട്രീയ മഹാ സഭകൾ, അമ്പതിനായിരം സ്ഥാപനങ്ങൾ ഏൎപ്പെടുത്താം. സാൎവ്വത്രികമായ ആ അനുതാപം, ആ സ്നേഹം, ആ ഹൃദയം ഉണ്ടെങ്കിലല്ലാതെ, ഇവ പ്രയോജകീഭവിക്കുന്നതല്ല. ബുദ്ധന്റെ ഹൃദയം ഇന്ത്യയിൽ ഒരു പ്രാവശ്യംകൂടി ഉണ്ടായാലല്ലാതെ, ശ്രീകൃഷ്ണപരമാത്മാവിന്റെ വാക്കുകൾ അനുഭവത്തിൽ കൊണ്ടുവന്നാലല്ലാതെ, നമുക്കു വിശ്വാസം ജനിക്കുന്നതല്ല.

൩൯൫. നാം ഈശ്വരന്റെ കുഞ്ഞുങ്ങളായിരിക്കുന്നു; നാം അഖണ്ഡമായ ദിവ്യാഗ്നിയുടെ പൊരികളാണ്. നമുക്ക് എങ്ങനെ ഒന്നുമില്ലാത്തവരായി ജീവിക്കാൻ സാധിക്കും? നാം എല്ലാമായിരിക്കുന്നു; സകലതും ചെയ്യുന്നതിനു തയ്യാറായിരിക്കുന്നു; നമുക്ക് എല്ലാം പ്രവൎത്തിക്കാൻകഴിയും; മനുഷ്യൻ എല്ലാം ചെയ്യണം. ഈ ആത്മവിശ്വാസം, നമ്മുടെ പൂൎവ്വികന്മാരുടെ ഹൃദയങ്ങളിൽ ഉണ്ടായിരുന്നു. ഈ ആത്മാവിശ്വാസമത്രെ പരിഷ്കാരഗതിയിൽ അവരെ മുമ്പോട്ടുമുമ്പോട്ടു നയിക്കുന്നതിനുള്ള കാരണശക്തിയായിരുന്നതു്. അധഃപതനം സംഭവിച്ചിട്ടുണ്ടെങ്കിൽ, ന്യൂനത നേരിട്ടിരുന്നാൽ, എന്റെ വാക്കുകളിൽ ശ്രദ്ധിക്കുവിൻ! നമ്മുടെ ജനങ്ങൾ ഈ ആത്മവിശ്വാസത്തെ എന്നു നഷ്ടപ്പെട്ടുവോ അന്ന് ഈ അധഃപതനവും ആരംഭിച്ചു, അതു നിങ്ങൾ ഓൎക്കുവിൻ! ഒരുവൻ ആത്മവിശ്വാസത്തെ നഷ്ടപ്പെട്ടു എന്നു പറഞ്ഞാൽ ഈശ്വരനിലും വിശ്വാസമില്ലാത്തവനായി ഭവിച്ചു എന്നൎത്ഥമാണ്.

൩൯൬. മരിച്ചതിനുശേഷം തന്റെ മനസ്സിനെനോക്കി അതിന്റെ പരാക്രമപ്രവൃത്തികളെയും, പരാക്രമചിന്തകളെയും, ഓൎക്കണമെന്ന് അനുശാസിച്ചു മഹാത്മാവിന്റെ മനോഹരമായദൃഷ്ടാന്തത്തെ അനുസ്മരിക്കുവിൻ! അവിടെ അദ്ദേഹം അതിന്റെ ബലഹീനതകളെ അതിന്റെ മൌഢ്യത്തെ ഓൎമ്മിക്കാനായി നമ്മുടെ മനസ്സിനോട് ഉ

ട് ബോധനംചെയ്തതായി നിങ്ങാം കണ്ടില്ല. മൂഢത്വം നേരിട്ടിരിക്കുന്നു; ബലഹീനതയുണ്ടുതന്നെ. എന്നാൽ, നിങ്ങളുടെ യഥാൎത്ഥമായ സ്വഭാവത്തെ എപ്പോഴും അനുസ്മരിക്കുവിൻ! ബലഹീനതയെ പരിഹരിക്കാൻ ആ ഒരുമാൎഗ്ഗമേയുള്ളു; മൌഢ്യത്തെമാററാൻ ആ ഒരു വഴിയേയുള്ളു.

൬൭. ഒരുകോടിയിലേ ലക്ഷ്യം, ബ്രാഹ്മണനും, മറേറക്കോടിയിലെ ലക്ഷ്യം ചണ്ഡാലനുമാകുന്നു. പ്രവൃത്തിമുഴുവൻ ചണ്ഡാലനെ ബ്രാഹ്മണനായിട്ട് ഉയൎത്തുകയാകുന്നു.

൬൮. ഇന്ത്യയിൽ മാത്രമെ ദാരിദ്ര്യത്തെ ഒരു കുററമായിക്കരുതാത്ത, ദാരിദ്ര്യത്തെ ഒരു പാപമായിക്കരുതാത്ത ജാതിയുള്ളു. ഇവിടെ ദാരിദ്ര്യത്തെ കുററമെന്നു കരുതാതിരിക്കുക മാത്രമല്ല, അതിനെ ഒരു പ്രശസ്തിയായി സ്വീകരിക്കുകയും ചെയ്യുന്ന ജാതിയുംഉണ്ട്. യാചകന്റെ ഭ്രമി, ഏററവും ഉൽകൃഷ്ടന്മാരുടെ സ്ഥാനമാകുന്നു.

൬൯. നാം പുറമേ പോകാത്തതാണ്, നാം ഇതരസമുദായങ്ങളുമായി നമ്മെ സാമ്യപ്പെടുത്തി നോക്കാത്തതാണ്, നമ്മുടെ അധഃപതനത്തിന് ഒരു പ്രധാന കാരണമായിരിക്കുന്നതു്. ആ ചെറിയ കലഹം, ഇന്ത്യയിൽ നിങ്ങാം കാണുന്ന ചെറിയ ജീവിതം, 'രാജാറാം മോഹനറായി' ആ വ്യഷ്ടിപരമായ ഭിത്തികളെ ഭേദനംചെയ്തദിവസം തുടങ്ങി ആരംഭിച്ചു എന്നു നിങ്ങളിൽ ഓരോരുത്തൎക്കും അറിവുണ്ട്.

൭൦. പാശ്ചാത്യന്മാരാൽ വെളിപ്പെടുത്തപ്പെട്ട, നിങ്ങാം കാണുന്ന പ്രാപഞ്ചികശക്തികാം, ശ്രദ്ധയുടെ ഫലങ്ങളാകുന്നു. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ മാംസങ്ങളിൽ വിശ്വാസം ഉറപ്പിച്ചിരിക്കുന്നു. നിങ്ങാം നിങ്ങളുടെ ആത്മാവിൽ വിശ്വാസം ഉറപ്പിച്ചാൽ അതു് എത്രയധികം പ്രവൎത്തിക്കയില്ല!

൭൧. യാതൊന്നിനെക്കുറിച്ചും ഭയപ്പെടരുതു്; എങ്കിൽ നിനക്ക് അത്ഭുതകരമായ പ്രവൃത്തികളെ ചെയ്യാൻ സാധിക്കും. നീ ഭയപ്പെടുന്ന നിമിഷത്തിൽ, നീ ഒന്നിനും കൊള്ളരുതാത്തവനായി ഭവിക്കുന്നു. ക്ലേശങ്ങാംക്കു പ്രധാനകാരണം ഭയമാണ്. സകല മൂഢവിശ്വാസങ്ങളിലും വച്ചു വലുതു ഭയമാണ്. നമ്മുടെ ദുഃഖങ്ങാംക്കെല്ലാം കാരണം ഭയമല്ലാതെ മറെറാന്നുമല്ല. ഒരു നിമിഷത്തിൽ തന്നെ മോക്ഷത്തെത്തരുന്നതു ധൈൎയ്യമാണ്. ഉണരുവിൻ! എഴുന്നേല്ക്കുവിൻ! ലക്ഷ്യത്തെ അടയുന്നതുവരെ നില്ക്കാതെ പ്രവൎത്തിക്കുവിൻ!

൭൨. ഉപനിഷത്തുകാം അനേകം ഉണ്ട്; ന്നൂററിയെട്ടെന്നു പറയുന്നു. അതിലും കൂടുതൽ ഉണ്ടെന്നു ചിലർ അഭിപ്രായപ്പെടുന്നു. അവയിൽചിലതു് അടുത്തകാലത്തു നിൎമ്മിക്കപ്പെട്ടവയാണ്. ദൃഷ്ടാന്തമായി 'അല്ലോ' പനിഷത്തിന്റെ നാമധേയംതന്നെ ഉദാഹ

ണഃഘമാകുന്നു. അതിൽ 'അല്ലാ'വിന്റെ സ്തോത്രം അടങ്ങിയിരിക്കുന്നു. "മഹമ്മദുരജസ്സുല്ല" എന്നു പറയപ്പെടുന്നു. അക്ബറിന്റെ കാലത്തു്, ഹിന്ദുക്കളേയും മുഹമ്മദീയരേയും കൂട്ടിയിണക്കുന്നതിലേക്കായിട്ടു് ഇതു നിർമ്മിക്കപ്പെട്ടു എന്നാണു ഞാൻ കേട്ടിട്ടുള്ളതു്. ചിലപ്പോൾ സംഹിതകളിലുള്ള 'അല്ല' അഥവാ, 'ഇല്ല' എന്നിങ്ങനെയുള്ള ചില പദങ്ങളെ അവർ ബലമായി പിടിക്കുന്നു. അതുകൊണ്ടു് ഈ അല്ലോപനിഷത്തിൽ (അത്ഭുതമെന്തായാലും) "മഹമ്മദുരജസ്സുല്ലാ" തന്നെ അടങ്ങിയിരിക്കുന്നു.

൬൦൩. മതത്തോടു കലർത്തി കൊടുക്കപ്പെട്ടാൽ ഒരു ഹിന്ദു, രാഷ്ട്രീയവിഷയത്തെയും ഗ്രഹിക്കുന്നു. ജാതീയനിയമം, മതത്തിൽ കൂടി തന്നെ സൃഷ്ടിക്കപ്പെടണം. ഓരോന്നും മതത്തിൽ കൂടിയെ സൃഷ്ടിക്കപ്പെടാൻ സാധിക്കുകയുള്ളൂ.

൬൦൪. ഹിന്ദുക്കളായ നിങ്ങൾ, ജീവിതം നിത്യമാണെന്നുള്ള വിശ്വാസത്തോടുകൂടിയവരാണു്. ചിലപ്പോൾ ചില യുവാക്കന്മാർ നാസ്തികത്വത്തെപ്പററി എന്നോടു സംസാരിക്കാൻ വരുന്നു. ഒരു ഹിന്ദുവിനു നാസ്തികനാവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അവനു പാശ്ചാത്യഗ്രന്ഥങ്ങളെ വായിക്കാം; താൻ ജഡവാദിയാണെന്നു വിശ്വസിക്കാം; എന്നാൽ, അതൊക്കെ അല്പകാലത്തേക്കേ സാധിക്കൂ. അതു നിന്റെ രക്തത്തെ സംബന്ധിക്കുന്നില്ല. നിന്റെ കെട്ടുപാടിൽ ഇല്ലാത്തതിനെ നിനക്കു വിശ്വസിക്കാൻ പ്രയാസമാണു്. അതു നിഷ്ഫലമായ ഒരു ജോലിയാകുന്നു. അത്തരം വിഷയങ്ങളിൽ പ്രവർത്തിക്കരുതു്. ഞാൻ ബാലനായിരുന്ന കാലത്തു്, ഒരു പ്രാവശ്യം അതിലേക്കു ഉദ്യമിച്ചു. എന്നാൽ, എനിക്കതു സാദ്ധ്യമല്ലാതെ വന്നു. ജീവിതം അല്പമാണു്. ആത്മാവു് അഴിവററതാകുന്നു; ശാശ്വതമാകുന്നു. മരണം എന്ന സംഗതി അവിതർക്കിതമാകയാൽ, നാം ഒരു വലിയ ലക്ഷ്യത്തെ ലാക്കാക്കി, നമ്മുടെ ജീവിതം മുഴുവൻ അതിലേക്കു വിനിയോഗിക്കണം.

൬൦൫. ഇന്ത്യയിലെ അവിവേകികൾ (തെമ്മാടികൾ) കൊടുക്കുന്നതിനെ സ്വീകരിച്ചുകൊണ്ടു തൃപ്തരായി സമാധാനപൂർവ്വം ജീവിച്ചുപോന്നു. പാശ്ചാത്യന്മാരിൽ അന്തരക്കാർ, സമുദായവിരോധികളായി, മോഷ്ടാക്കളായി, ഭവിക്കയാൽ ന്യായസ്ഥാനങ്ങളും പോലീസ്സും കാരാഗൃഹവും മററുസ്ഥാപനങ്ങളും ആവശ്യമായിത്തീർന്നു. പരിഷ്ക്കാരവ്യാധി ബാധിച്ചിരിക്കുന്നിടത്തോളം, ദാരിദ്ര്യം നിലനിൽക്കുക തന്നെ ചെയ്യും. അതുകൊണ്ടു്, അതിനു പരിഹാരമാർഗ്ഗം ആവശ്യകമായിരിക്കുന്നു.

൬൦൬. നിനക്കു പറവാനുള്ളതിനെ നീ തുറന്നു പറയുക! ലോകം അതു പ്രതീക്ഷിക്കുന്നു. എന്നാൽ മററുള്ള ജനങ്ങ

ളെപ്പററി നിനക്കുള്ള അഭിപ്രായത്തെ ലോകത്തിന്നു ചെവിക്കൊള്ളാൻ സമയമില്ല.

൧൭. എൻെറ ആലോചന മഹത്തായിട്ടുള്ളതാണെന്നു തോന്നിയേക്കാം. എന്നാൽ അതു് ആവശ്യമാണു്. 'പണമെവിടെ?' എന്നു നീ ചോദിച്ചേക്കാം; പണം ആവശ്യമില്ല. പണം അത്ര വലുതല്ല. എൻെറ ജീവിതത്തിലെ കഴിഞ്ഞ പന്ത്രണ്ടു സംവത്സരങ്ങൾ, അടുത്തപ്രാവശ്യത്തെ ആഹാരം എവിടെയാണെന്നു ഞാൻ അറിയാതെ കഴിഞ്ഞുകൂടിയിട്ടുണ്ടു്. എന്നാൽ പണവും മററും, ഞാൻ ആവശ്യപ്പെടുന്ന ഓരോന്നും, എൻെറമുമ്പിൽ വരികതന്നെവേണം എന്തുകൊണ്ടെന്നാൽ, അവ എൻെറ അടിമകളാണു്; ഞാൻ അവയുടെ അടിമയല്ല. പണവും മററുള്ള ഓരോന്നും വരികതന്നെ വേണം; വരികതന്നെ ചെയ്യും—അത്രയേ പറയേണ്ടതായിട്ടുള്ളു. "മനുഷ്യർ എവിടെ?" ഇതുതന്നെ ചോദ്യം.

൧൮. നിങ്ങളിൽതന്നെ ദൃഢമായ വിശ്വാസത്തെ ഉറപ്പിക്കുവിൻ! എൻെറ കുട്ടിക്കാലത്തു് എനിക്കുണ്ടായിരുന്ന വിശ്വാസത്തിന്നു് അനുസരിച്ചു ഞാൻ ഇപ്പോഴും അതിനെ പ്രവൃത്തിച്ചുവരുന്നു. നിങ്ങളുടെ ആത്മാവിൽ നിത്യശക്തി അന്തർല്ലീനമായിരിക്കുന്നു എന്നുള്ള ഉറപ്പോടുകൂടി നിങ്ങളിൽ ഓരോരുത്തരും നിങ്ങളിൽതന്നെ, വിശ്വാസത്തെ ചെലുത്തുവിൻ! എങ്കിൽ നിങ്ങൾ, ഇന്ത്യയെമുഴുവൻ പുനരുദ്ധരിക്കാൻ കഴിവുള്ളവരായിഭവിക്കും.

൧൯. അറിഞ്ഞോ അറിയാതെയോ നാം വേദാന്തത്തെ വിനിയോഗിക്കുന്നു; നാം വേദാന്തത്തിൽ വസിക്കുന്നു; നാം വേദാന്തത്തെ ശ്വസിക്കുന്നു; നാം വേദാന്തത്തിൽതന്നെ മരിക്കുന്നു. ഓരോ ഹിന്ദുവും, ഇങ്ങനെതന്നെ ചെയ്യുന്നുണ്ടു്.

൨൦. വേദങ്ങൾ ഒരിക്കലും എഴുതപ്പെട്ടവയല്ലെന്നാണു വിശ്വാസം. അതു് എപ്പോഴെങ്കിലും ഉത്ഭവിച്ചിട്ടുള്ളവയല്ല എന്നു കരുതുന്നു. ഒരു ക്രൈസ്തവപാതിരി, "ഞങ്ങളുടെ ശാസ്ത്രങ്ങൾ, ചരിത്രനിരൂപണത്തിന്നും വിഷയീഭവിക്കപ്പെട്ടതാകയാൽ അവ സത്യമാണു്" എന്നു എന്നോടൊരിക്കൽ പറഞ്ഞു. അതിന്നു് എൻെറ സമാധാനം ഇതായിരുന്നു:—"എന്റേതു ചരിത്രനിരൂപണത്തിന്നപ്പുറത്തുള്ളതാണു്. ആയതിനാൽ അതു സത്യമാകുന്നു. നിങ്ങളുടേതു ചരിത്രത്തോടു സംബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടുതന്നെ അടുത്തകാലത്തു് ഒരു മനുഷ്യനാൽ നിർമ്മിക്കപ്പെട്ടവയാണെന്നു തെളിയുന്നു. എന്റേതു് അങ്ങനെയല്ല. അതു് ചരിത്രത്തോടു സംബന്ധപ്പെടാത്തതുതന്നെ അതിൻെറ പാരമാർത്ഥ്യത്തിന്നു് ഒരു മതിയായ തെളിവാകുന്നു."

൨൧. മഹമ്മദീയാധിപത്യകാലം മുഴുവൻ, ശ്രീകൃഷ്ണചൈതന്യനെ ഒഴിച്ചു മററുള്ള മതാചാര്യന്മാരെല്ലാം, തെക്കേ ഇന്ത്യയിൽ ജനിന

ജനിച്ചവരാണ്. ഇപ്പോഠം ഇന്ത്യയെ പരമാൎത്ഥത്തിൽ ഭരിച്ചുവരുന്നതു്, ദക്ഷിണഭാരതത്തിൻെറ ബുദ്ധിശക്തിയാകുന്നു. എന്തുകൊണ്ടെന്നാൽ, ചൈതന്യർപോലും മധ്വാചാൎയ്യരുടെ കക്ഷിയെ സംബന്ധിച്ച ആളാണു്.

൨൧൯. നിനക്കു് ആവശ്യമുള്ളതിനെ ഭക്ഷിക്കാം. ആഹാരമൊന്നാണു തന്റെ പരിശുദ്ധിമാക്കുന്നതെങ്കിൽ, കുരങ്ങിനെ പാലുംചോറും പതിവായി കൊടുത്തു വളൎത്തുക; അതു യോഗിയായിത്തീരുമോ? അങ്ങനെവന്നാൽ, പശുവും മാനും, മഹായോഗികളായി ഭവിക്കണം. വിധിപ്രകാരം അടിക്കടിസ്നാനം ചെയ്യുന്നതുകൊണ്ടു മോക്ഷം സിദ്ധിക്കുമെങ്കിൽ മത്സ്യങ്ങഠം ആദ്യം മോക്ഷത്തിലെത്തണം.

൨൨൦. ഈ നാട്ടിൽ നാലു ജാതികഠം ഇന്നു് എവിടെയുണ്ടു്? ചൂണ്ടിക്കാണിച്ചു തരുവിൻ! നാലു ജാതികളെ ഞാൻ കാണുന്നില്ല. "തലയില്ലാത്തലവേദന" എന്നു വംഗഭാഷയിൽ ഒരു പഴഞ്ചൊല്ലുള്ളതുപോലെ, നിങ്ങഠം ഇവിടെ ഒരു വൎണ്ണാശ്രമത്തെ ഏൎപ്പെടുത്താൻ ഉദ്യമിക്കുന്നു. ഇവിടെ നാലുജാതിയില്ല. ഞാൻ ബ്രാഹ്മണജാതിയെ അത്രെകാണുന്നതു്. ക്ഷത്രിയന്മാരും വൈശ്യന്മാരും ഉണ്ടെങ്കിൽ അവർ എവിടെ? ബ്രാഹ്മണരായ നിങ്ങഠം അവരെ—ഓരോ ഹിന്ദുവും പ്രവൎത്തിക്കേണ്ടതുപോലെ—യജ്ഞോപവീതം ധരിപ്പിച്ചു്, വേദങ്ങളെ പഠിപ്പിക്കാഞ്ഞതു എന്തുകൊണ്ടു്? വൈശ്യന്മാരും ക്ഷത്രിയന്മാരും ഇല്ലാതിരുന്നാൽ, ബ്രാഹ്മണരും ശൂദ്രരും മാത്രമുണ്ടായിരുന്നാൽ, ബ്രാഹ്മണർ ശൂദ്രരോടു മാത്രം സഹവസിച്ചു പാൎക്കാൻ പാടില്ലെന്നു ശാസ്ത്രങ്ങഠം വിധിക്കുന്നതുകൊണ്ടു്, നിങ്ങഠം ഭാണ്ഡവും കെട്ടി നാട്ടിനു പുറത്തു പോകുവിൻ! നിങ്ങഠം ഒരു് ആയിരം കൊല്ലമായി പ്രവൎത്തിച്ചുവരുന്നതു പോലെ, മ്ലേച്ഛന്മാരുടെ ആഹാരങ്ങളെ ഭക്ഷിച്ചും, മ്ലേച്ഛമായ ഭരണത്തിൻകീഴിൽ വൎത്തിച്ചും വരുന്ന ജനസമുദായത്തെപ്പററി, ശാസ്ത്രങ്ങഠം എന്തുപറയുന്നു എന്നു നിങ്ങഠംക്കറിയാമോ? അതിനു പ്രായശ്ചിത്തം എന്താണെന്നറിയാമോ? തന്റെ കൈകളെക്കൊണ്ടു്, തന്നെ ദഹിപ്പിക്കുകയാണു് അതിനുള്ള പ്രായശ്ചിത്തം. നിങ്ങഠം ആചാൎയ്യന്മാരെന്ന പേരിനെ സ്വീകരിച്ചുംകൊണ്ടു് ആഷാഢഭൂതികളായി ജീവിക്കാൻ ഇച്ഛിക്കുന്നുവോ? ആ വലിയ ആളായ അലക്സാണ്ഡരുടെ മുമ്പിൽ കാഴ്ചക്കാരനായ ഒരു ബ്രാഹ്മണൻ ചെന്നിരുന്നു. അവൻ, താൻ ഒരു മ്ലേച്ഛന്റെ ആഹാരത്തെ ഭക്ഷിച്ചുപോയതുകൊണ്ടു്, തന്നെത്താൻ ദഹിപ്പിച്ചു കളഞ്ഞു. നിങ്ങഠംക്കു ശാസ്ത്രങ്ങളിൽ വിശ്വാസമുണ്ടെങ്കിൽ നിങ്ങളും അതുപോലെ തന്നെ, നിങ്ങളെ ദഹിപ്പിക്കുവിൻ! അങ്ങനെ പ്രവൎത്തിക്കുവിൻ! ജനസമുദായം മുഴുവൻ നിങ്ങളുടെ ചുവട്ടിലാകും.

൨൨൧. ഈശ്വരൻ ഈ ജഗദ്രൂപമല്ല. എന്നാൽ, ജഗത്തില്ല; ഈശ്വരനുണ്ടു്.

൫൭. കൃഷ്ണസർപ്പം കടിച്ചാൽ, അതു തന്റെ വിഷത്തെ, വിഷമേററ ആളിൽ നിന്നും ഊറ്റി എടുക്കുന്നുവെങ്കിൽ അവൻ ജീവിക്കുമെന്നു, ബംഗാളത്തിൽ ഒരു പഴയ വിശ്വാസമുണ്ട്. ശരി, ബ്രാഹ്മണൻ തന്റെ വിഷത്തെ, തന്നെത്താൻ ഊറ്റി എടുക്കേണ്ടിയിരിക്കുന്നു. ബ്രാഹ്മണേതരന്മാരായ ജാതിസ്ഥന്മാരോടു ഞാൻ ഉപദേശിക്കുന്നു; ക്ഷമിക്കുവിൻ! ധൃതിവേണ്ട. അടിക്കടി ബ്രാഹ്മണരോടു പൊരുതുന്നതിനു പുറപ്പെടാതിരിക്കുവിൻ! എന്തുകൊണ്ടെന്നാൽ, ഞാൻ വെളിപ്പെടുത്തിയതുപോലെ, നിങ്ങൾ നിങ്ങളുടെ സ്വന്തം കുററത്താലാണു ക്ലേശമനുഭവിക്കുന്നതു്. ആത്മജ്ഞാനത്തെയും സംസ്കൃത ഭാഷയെയും അലക്ഷ്യമാക്കത്തക്കവണ്ണം നിങ്ങളെ ഉപദേശിച്ചതു് ആരാണു്? ഇതുവരെ നിങ്ങൾ എന്തു പ്രവർത്തിച്ചുകൊണ്ടിരുന്നു? എന്തുകൊണ്ടു് ഉദാസീനന്മാരായിരുന്നു? നിങ്ങളെ അപേക്ഷിച്ചു മററു ചിലർക്കു കൂടുതലായ തലച്ചോറും ശക്തിയും സാമർത്ഥ്യവും ഉണ്ടായിരുന്നു എങ്കിൽ നിങ്ങൾ ഇപ്പോൾ വെറുതേ കുതിച്ചുചാടി കോപിക്കുന്നതു് എന്തിനു്? പത്രങ്ങളിൽ വൃഥാ വാദത്താൽ പോർനടത്തി നിങ്ങളുടെ ശക്തികളെ ചെലവു ചെയ്യുന്നതിനു പകരം, നിങ്ങളുടെ സ്വന്തം വീടുകളിൽ ശണ്ഠനടത്തി കലഹം വർദ്ധിപ്പിക്കുന്നതിനു പകരം,—ഈദൃശ പ്രവൃത്തികൾ പാപകരങ്ങളാകുന്നു—ബ്രാഹ്മണവിദ്യയെ സമ്പാദിക്കുന്ന വിഷയത്തിൽ നിങ്ങളുടെ സർവ്വശക്തികളെയും വിനിയോഗിക്കുവിൻ! സംഗതികളെല്ലാം നേരെയാകും. നിങ്ങൾ എന്തുകൊണ്ടു്, സംസ്കൃതപാണ്ഡിത്യം സമ്പാദിക്കുന്നില്ല? ഇന്ത്യയിലുള്ള എല്ലാ സമുദായക്കാരെയും, സംസ്കൃതഭാഷ അഭ്യസിപ്പിക്കുന്നതിലേക്കായി നിങ്ങൾ ലക്ഷക്കണക്കിനു പണം ചെലവുചെയ്യാത്തതു് എന്തുകൊണ്ടു്? ഇതാണു ചോദ്യം. ഈ വിഷയങ്ങളിൽ പ്രവർത്തിച്ചു തുടങ്ങുന്ന നിമിഷത്തിൽ, നിങ്ങൾ ബ്രാഹ്മണതുല്യന്മാരായി ഭവിക്കും. ഇന്ത്യയ്ക്കു ശക്തി ഉണ്ടാകുന്നതിനു് ഇതാണു രഹസ്യം.

൫൮. ഇന്ത്യയിൽ സംസ്കൃതവും ഗൌരവവും ഒന്നിച്ചു വർത്തിക്കുന്നു. നിങ്ങൾക്കു് അവ ഉണ്ടായിക്കഴിഞ്ഞാൽ, നിങ്ങൾക്കു വിരോധമായി യാതൊരാളും യാതൊന്നും ചെയ്വാൻ ധൈര്യപ്പെടുകയില്ല; ഇതത്രെ, ഒരു രഹസ്യം. ഇതിനെ സ്വീകരിക്കുക! പഴയ അദ്വൈതിയുടെ ഉപമയെ സ്വീകരിച്ചാൽ ജഗത്തുമുഴുവൻ ഒരുതരം ഭ്രാന്തിയിൽ വർത്തിക്കുകയാണു്. ശക്തിയുക്തമായിട്ടുള്ളതു ദൃഢചിത്തമാകുന്നു. ദൃഢചിത്തമുള്ള മനുഷ്യൻ, തന്റെ ചുററും ഒരു ജ്യോതിസ്സിനെപ്പരത്തി, തന്റെ മനസ്സിലുള്ള അതേ ചലനാവസ്ഥയിലേക്കു മററുള്ളവരെയും ആനയിക്കുന്നു. താദൃശന്മാരായ ധൈര്യചിത്തത്തോടുകൂടിയ രാക്ഷസമാനുഷന്മാർ ഉണ്ടാകുന്നു. ഉദ്ദേശമെന്തു്? ശക്തിയോടുകൂടിയ ഒരുവന്റെ ആവിർഭാവം ഉണ്ടാകുമ്പോൾ അവന്റെ വശീകരണശക്തി,

അവന്റെ വിചാരങ്ങളെ നമ്മളിൽ ചെലുത്തുന്നു; നമ്മളിൽ അനേകം പേർ ഒരേവിചാരങ്ങളോടുകൂടിയവരായിത്തീരുന്നു. അതുവഴി നാം ശക്തന്മാരായി ഭവിക്കുന്നു. സ്ഥാപനങ്ങൾ എത്ര ശക്തിയോടുകൂടിയവ ആയിരിക്കുന്നു! സ്ഥാപനങ്ങൾ, പ്രാപഞ്ചികങ്ങളാകുന്നു എന്നു പറയപ്പെടുന്നു. ദൃഷ്ടാന്തമുണ്ട്; നാലുകോടി ഇംഗ്ലീഷുകാർ ഇന്ത്യയിലുള്ള മുപ്പതുകോടി ജനങ്ങളെ എന്തുകൊണ്ടു ഭരിക്കുന്നു? അതിനു ന്യായം എന്ത്? ഈ നാലുകോടിജനങ്ങളും തങ്ങളുടെ മനസ്സുകളെ ഏകീകരിക്കുന്നു; അത്, അഖണ്ഡശക്തിയായി ഭവിക്കുന്നു. മുപ്പതുകോടിയുള്ള നിങ്ങൾക്ക് ഓരോരുത്തർക്കും പരസ്പരവിരുദ്ധമായ ചിത്തങ്ങളാണ്. അതുകൊണ്ട് ഇന്ത്യയെ ഒരു വലിയ ഭാവിയിലേക്കു സജ്ജമാക്കുന്നതിനുള്ള രഹസ്യം മുഴുവൻ, സ്ഥാപനങ്ങളിലും ശക്തിയെ ഏകീകരിക്കുന്നതിലും ചിത്തങ്ങളെ സംഘടിപ്പിക്കുന്നതിലും അന്തർഭവിച്ചിരിക്കുന്നു. എന്റെ മനസ്സിന്റെ മുമ്പിൽ അഥർവ്വണവേദസംഹിതയിലെ അത്ഭുതജനകമായ ശ്ലോകങ്ങളിൽ ഒന്നു ഉദ്ധൃതമാകുന്നു. "നിങ്ങൾ എല്ലാവരും ഒരേമനസ്സോടുകൂടിയവരായിരിക്കുവിൻ! നിങ്ങൾ എല്ലാവരും ഒരേവിചാരത്തോടുകൂടിയവരായിരിക്കുവിൻ! പണ്ട്, ദേവന്മാർ ഒരേമനസ്സോടുകൂടിയവരായിരുന്നതുകൊണ്ടാണ് അവർ യജ്ഞത്തെ സ്വീകരിക്കാൻ അർഹന്മാരായി ഭവിച്ചത്. മനുഷ്യരാൽ, ദേവന്മാർ ഉപാസിക്കപ്പെടുന്നത് എന്തുകൊണ്ടെന്നാൽ, അവർ ഒരേമനസ്സോടുകൂടിയവരായിരുന്നതുകൊണ്ടാണ്" എന്നാണ് ആ ശ്ലോകത്തിന്റെ താല്പര്യം. ജനസമുദായത്തിന്റെ രഹസ്യം ഒരേമനസ്സോടുകൂടി വർത്തിക്കുക ആകുന്നു.

൧൦. ആത്മീയശക്തിയെ ചെലുത്തുന്നതിലേക്കുള്ള ഏകമാർഗ്ഗം, പ്രേമം ഒന്നാകുന്നു.

൧൧. രാമാനുജൻ, ചൈതന്യദേവൻ, കബീർ ഇവർ ഇന്ത്യയിലെ താഴ്ന്നവർഗ്ഗക്കാരെ ഉയർത്തുന്നതിലേക്കു ചെയ്ത ശ്രമം, ആ വലിയ ദീർഘദർശികളുടെ ജീവിതകാലങ്ങളിൽ തന്നെ അത്ഭുതഫലത്തെ പ്രാപിച്ചു എന്നു വെളിപ്പെടുന്നു; എന്നിരുന്നാലും പിന്നീട്ടുണ്ടായ തകരാറുകൾക്കു ന്യായം കാണിക്കേണ്ടിയിരിക്കുന്നു. ആ മഹാത്മാക്കൾ മരിച്ച് ഒരു നൂറാണ്ടുകൾ കഴിയുംമുമ്പ് അവരുടെ ഉപദേശങ്ങളുടെ ഫലം അസ്തമിച്ചു എന്നുള്ളതിനു കാരണം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിന്റെ രഹസ്യം ഇത്രമാത്രമാണ്; അവർ താഴ്ന്നവർഗ്ഗക്കാരെ ഉദ്ധരിച്ചു; അവർ ഉയർന്നുവരുന്നതിനായി മനഃപൂർവം ശ്രമിച്ചു; എന്നാൽ സാധാരണജനങ്ങളുടെ ഇടയിൽ സംസ്കൃതഭാഷയെ പ്രചരിപ്പിക്കുന്നതിനു തങ്ങളുടെ ശക്തികളെ വിനിയോഗിച്ചില്ല. ഉത്തമോത്തമനായ ബുദ്ധൻപോലും ജനങ്ങൾ സംസ്കൃതഭാഷ അഭ്യസിക്കാതെ തടഞ്ഞത് ഒരു തെറ്റാണ്. അദ്ദേഹം, അവിളംബവും

ശീലസ്വാതന്ത്ര്യവും ആയ ഫലങ്ങളെ കാംക്ഷിച്ചു. അക്കാലത്തെ പാലി ഭാഷയിൽ തർജ്ജമചെയ്തു ഉദ്ബോധിപ്പിച്ചു. അതു പ്രശംസനീയം തന്നെ; അദ്ദേഹം ജനങ്ങളുടെ ഭാഷയിൽതന്നെ സംസാരിച്ചു; ജനങ്ങൾ അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങളെ അറിഞ്ഞു സ്വീകരിച്ചു. അതു ശ്ലാഘനീയംതന്നെ. അതു വിചാരങ്ങളെ അതിവേഗത്തിൽ പരത്തി ദീർഘദൂരത്തിൽ വ്യാപിപ്പിച്ചു; എന്നാൽ അതോടൊന്നിച്ച്, സംസ്കൃതവും പ്രചരിക്കേണ്ടതായിരുന്നു. അറിവു് സിദ്ധിച്ചു, എന്നാൽ അവിടെ ഗൌരവം ഇല്ല; പരിഷ്കാരം ഇല്ല; പ്രഹരത്തെ എതിർത്തുനില്ക്കുകയല്ലാതെ അറിവിന്റെ ആധിക്യമല്ല പരിഷ്കാരം.

൨൫൯. ജാതികൾ തമ്മിൽ പൊരുതുന്നതുകൊണ്ടു് ഫലമില്ല: അതിൽനിന്നും എന്തൊരുനന്മ സിദ്ധിക്കാനാണു്? അതു നമ്മെ ഒന്നുകൂടി വേർപെടുത്തുന്നു; പൂർവ്വാധികം ദുർബ്ബലതയെ ഉണ്ടാക്കുന്നു; ഒന്നുകൂടി അധഃപതിപ്പിക്കുന്നു. വ്യക്തിസ്വാതന്ത്ര്യങ്ങളും, വ്യക്തിപരമായ അവകാശങ്ങളും പാലിക്കപ്പെട്ടുവന്ന നാളുകൾ, അസ്തമിച്ചുകഴിഞ്ഞു.

൨൬൦. ബ്രാഹ്മണരോടു ഞാൻ പറയുന്നു:—"നിങ്ങളുടെ പൂർവ്വികന്മാർ, ശ്രേഷ്ഠന്മാരായിരുന്നു, നിങ്ങൾ ജന്മനാ വിശിഷ്ടന്മാരാണെന്നും ശഠിക്കുന്നതു വെറുതെയാണു്; ആ വിചാരത്തെ ദൂരത്താക്കുവിൻ! നിങ്ങളുടെ ശാസ്ത്രങ്ങളിൽ വിധിക്കപ്പെട്ടിരിക്കുന്ന ബ്രാഹ്മണ്യം നിങ്ങൾക്കു് ഇപ്പോഴില്ല എന്തുകൊണ്ടെന്നാൽ, നിങ്ങൾ നിരനാളായി മ്ലേച്ഛന്മാരായ രാജാക്കന്മാരുടെ കീഴിൽ ജീവിച്ചുപോരാനിടയായി. നിങ്ങൾക്കു നിങ്ങളുടെ പൂർവ്വികന്മാരുടെ വാക്കുകളിൽ ലേശമെങ്കിലും വിശ്വാസമുണ്ടെങ്കിൽ മൂടുവായ തുഷാഗ്നിയിൽ (ഉമിത്തീയിൽ) പതിച്ചു പ്രായശ്ചിത്തം നടത്തുക! കുമാരിലഭട്ടൻ ബൌദ്ധന്മാരെ കൊല്ലുന്നതിനായി, ആദ്യം ബൌദ്ധന്മാരുടെ ശിഷ്യത്വം സമ്പാദിച്ചിട്ടു പിന്നീട്ട് അവരെ കൊന്നു. ഒടുവിൽ താൻചെയ്ത പാപകർമ്മത്തിനു പ്രായശ്ചിത്തമായി തുഷാഗ്നിയിൽ പതിച്ചു. അങ്ങനെ പ്രവർത്തിക്കാനുള്ള ധൈര്യം നിങ്ങൾക്കില്ലെങ്കിൽ നിങ്ങളുടെ ദുർബ്ബലതയെ നിങ്ങൾ സമ്മതിക്കുവിൻ! സഹായിക്കാൻ കരത്തെ നീട്ടുവിൻ! എല്ലാവർക്കും ജ്ഞാനകവാടത്തെ തുറന്നുകൊടുക്കുവിൻ! ചവിട്ടടിയിലിട്ടു മർദ്ദിക്കപ്പെടുന്ന പൊതുജനങ്ങൾക്കു് അവരുടെ ന്യായമായ ബാധ്യതകളെയും സ്വാതന്ത്ര്യങ്ങളെയും വിട്ടുകൊടുക്കുവിൻ!"

൨൬൧. ലോകം ജീവിതത്തെ സ്നേഹിക്കുന്നു; സന്ന്യാസി മരണത്തെ സ്നേഹിക്കുന്നു.

൨൬൨. മരണത്തെ സ്നേഹിക്കുക എന്നു വച്ചാലെന്തു്? നാം മരിക്കും; അതു നിശ്ചയംതന്നെ. അങ്ങനെയാണെങ്കിൽ നമുക്കു് ഒരു കാര്യത്തിനായിട്ടു മരിക്കാം.

൨൯൩. ബലംതന്നെ മൂർത്തീകരിച്ചവനെപ്പോലെയും, എന്നാൽ ഒരു സ്ത്രീയുടെ ഹൃദയത്തോടുകൂടിയവനായും കാണപ്പെടുന്നവൻ യഥാർത്ഥമനുഷ്യനാകുന്നു.

൨൯൪. സ്വാതന്ത്ര്യങ്ങളും അവകാശങ്ങളുംമററും സ്നേഹത്താൽ സമ്പാദിക്കാൻ കഴിയും. തുല്യനിലയിൽ അന്തസ്സുള്ള രണ്ടുപേരിൽ സ്നേഹത്തെ പ്രതീക്ഷിക്കാൻ കഴിയും. രണ്ടുപേരിലൊരുവൻ നീചനായിരുന്നാൽ അവിടെ എന്തൊരു സ്നേഹമാണുള്ളതു്?

൨൯൫. നാശമില്ലാത്ത വിശ്വാസം, നാശമില്ലാത്ത ആശയെജനിപ്പിക്കുന്നു.

൨൯൬. നമുക്കു വേണ്ടതു് എന്തെന്നാൽ, ജഡലോകത്തിൽ അല്ലും അദ്വൈതത്തെ അനുഭവത്തിൽ കൊണ്ടുവരിക എന്നുള്ളതല്ലാതെ, വലിയ ആത്മജ്ഞാനമല്ല. ആദ്യം ആഹാരം, പിന്നീടു മതം.

൨൯൭. ഇവിടെ രണ്ടു കുറവുണ്ടു്. ഒന്നു നമ്മുടെ ബലഹീനത; മറെറാന്നു നമ്മുടെ ശത്രുത—നമ്മുടെ ഹൃദയശൈത്യം. നിങ്ങൾ ലക്ഷക്കണക്കിനു ആദർശങ്ങളെ പ്രസംഗിച്ചു എന്നുവരാം. നിങ്ങളിൽ കോടിക്കണക്കിനു പിരിവുകളുണ്ടായിരിക്കാം. എന്നാൽ, ഹാ! നിങ്ങളുടെവേദം നിങ്ങളെ ഉപദേശിക്കുന്നതുപോലെ ആ ഓരോ പിരിവുകൾക്കായിട്ടു ഗ്രഹിക്കുന്നതിനു നിങ്ങൾക്കു ഹൃദയം ഉണ്ടാകുന്നതുവരെ, അവരെ, നിങ്ങളുടെ ശരീരങ്ങളുടെഅവയവങ്ങളായി നിങ്ങൾ കാണുന്നതുവരെ, നിങ്ങളും അവരും, എളിയവനും ധനികനും, സാധുവും പാപിയും, നിങ്ങളാൽ ബ്രഹ്മം എന്നു പറയപ്പെടുന്ന ഒരു അഖണ്ഡവസ്തുവിന്റെ അംശങ്ങളാണെന്നു നിങ്ങൾ അനുഭവത്തിൽ അറിയുന്നതുവരെ, അതൊക്കെ നിഷ്ഫലങ്ങളാകുന്നു.

൨൯൮. ദ്വൈതമുള്ളതുവരെ ഭയം വിട്ടുമാറുന്നതല്ല. ഒന്നു മറെറാന്നിനെ കാണാതാകുമ്പോൾ, മറെറാന്നിനെ ഗ്രഹിക്കാതാകുമ്പോൾ, എല്ലാം ഒന്നാണെന്ന അവസ്ഥയിലെത്തുമ്പോൾ—ആ ഘട്ടത്തിൽ—ഭയം ഒഴിഞ്ഞുമാറുന്നു; അപ്പോൾ മരണം ഇല്ലാതാകുന്നു; അപ്പോൾ സംസാരം മറയുന്നു.

൨൯൯. സകലത്തും നീയായിരിക്കുമ്പോൾ, നീ അമരത്വത്തെ പ്രാപിച്ചവനായി ഭവിക്കുന്നു. നീ ജഗത്താകുമ്പോൾ ഭയമററവനായും മരണമററവനായും തീരുന്നു.

൩൦൦. നീ നിന്നോടു് എന്തൊന്നു പറയുന്നുവോ, അതിനെ തന്നെ നീ വിശ്വസിക്കുന്നു.

൩൦൧. ഒരു വസ്തുവിനെ പദാർത്ഥമെന്നും ഗുണമെന്നും പിരിക്കുന്നതു തത്വശാസ്ത്രജ്ഞന്മാരുടെ തലച്ചോറിലുള്ള ജഡാതീതമായ ഒന്നാണു്.

ദൈ.വ. അസത്യത്തെ തിരുത്തുന്നതിന് ഒരൊററ മാർഗ്ഗമെ ഉള്ളൂ; സത്യത്തെ നൽകുകയാകുന്നു.

ദൈ.മ. കൃത്രിമഭാവം, ഭീരുത്വത്തോടുകൂടിയ കൃത്രിമഭാവം; ഒരിക്കലും അഭിവൃദ്ധിക്കു മാർഗ്ഗമാകയില്ല. അതു ഭയങ്കരമായ അധഃപതനത്തിൻെറ അടയാളമാകുന്നു. ഒരുവൻ, തന്നെത്താൻ വെറുത്തു തുടങ്ങിയാൽ അവസാനപടിയിൽ എത്തിക്കഴിഞ്ഞു. "പ്രവർത്തിക്കുക! പ്രവൃത്തിമൂലം നിൻെറ ശക്തിയെ വെളിപ്പെടുത്തുക" എന്നു പാശ്ചാത്യരാജ്യം പറയുന്നു. ഇന്ത്യയാകട്ടെ, "ക്ലേശസഹനത്താൽ നിൻെറ ശക്തിയെ വെളിപ്പെടുത്തുക!" എന്നു ശാസിക്കുന്നു. ഒരു മനുഷ്യൻ എത്രത്തോളം കൂടുതൽ ബാദ്ധ്യതയുള്ളവനായിരിക്കണമെന്നുള്ളതിനെ പാശ്ചാത്യരാജ്യം തീരുമാനിച്ചിട്ടുണ്ട്. ഒരു മനുഷ്യൻ എത്രത്തോളം കുറഞ്ഞ ബാദ്ധ്യതയോടുകൂടിയവനായിരിക്കണമെന്നുള്ളതിനെ ഇന്ത്യ തീരുമാനിച്ചിട്ടുണ്ട്.

ദൈ.ർ. വളരെ വിനോദകരമായ വിഷയമാണ് അക്കാലങ്ങളിലെ യുദ്ധവിധി. പകൽ യുദ്ധം ചെയ്തിട്ടു വൈകുന്നേരം പ്രതിപക്ഷികൾ തമ്മിൽ സൌഹാർദ്ദത്തിൽ കഴിഞ്ഞുകൂടും; ഒരു കക്ഷി മറേറക്കക്ഷിയുടെ കൂടാരത്തിൽ ചെല്ലുക പോലും പതിവുണ്ട്. എന്നിരുന്നാലും പ്രഭാതമായാലുടനെ വീണ്ടും അവർ അന്യോന്യം യുദ്ധം ചെയ്തു തുടങ്ങും. മുഹമ്മദീയരുടെ ആക്രമണകാലംവരെ ഹിന്തുക്കൾ അനുഷ്ഠിച്ചുവന്ന വിനോദകരമായ ഒരു വിശിഷ്ട ഗുണമാണിതു്. അതുപോലെതന്നെ കുതിരപ്പുറത്തിരിക്കുന്ന ഒരു ഭടൻ, ഒരു കാലാളിനെ അടിയ്ക്കുവാൻ പാടില്ല; ആയുധത്തിൽ വിഷം പുരട്ടാൻ പാടില്ല; സമത്വമില്ലാത്ത യുദ്ധത്തിലാകട്ടെ, അയുക്തമായിട്ടാകട്ടെ, പ്രതിപക്ഷിയെ തോല്പിക്കാൻ പാടില്ല. ആരെങ്കിലും ഈ വിധികളെ ലംഘിച്ചാൽ അവർ അപമാനിക്കപ്പെടുക മാത്രമല്ല, ദണ്ഡിക്കപ്പെടുകയും ചെയ്യും. ക്ഷത്രിയന്മാരെ ഇപ്രകാരം പരിശീലിപ്പിച്ചിട്ടുണ്ടായിരുന്നു. അന്യന്മാരുടെ ആക്രമണം മദ്ധ്യഏഷ്യയിൽ സംഭവിച്ച കാലത്തു്, ഹിന്തുക്കൾ പ്രതിപക്ഷികളോടു് ഈ വിധത്തിലാണു പെരുമാറിയതു്. ഹിന്തുക്കൾ അവരെ അനേകം പ്രാവശ്യം തോല്പിച്ചിട്ടുണ്ട്; അപ്പോഴെല്ലാം അവർക്കു പാരിതോഷികങ്ങൾ നൽകി അവരെ അവരുടെ നാട്ടുകളിലേക്കു പറഞ്ഞയയ്ക്കുകയും ചെയ്തിട്ടുണ്ട്. നടപ്പിലിരുന്ന ചട്ടം, ഹിന്തുക്കൾ മറെറാരാളിൻെറ രാജ്യത്തെ അപഹരിക്കാൻ പാടില്ലെന്നായിരുന്നു. ഒരുവൻ തോല്പിക്കപ്പെട്ടാൽ, അവൻെറ അന്തസ്സിനനുസരിച്ചു സമ്മാനങ്ങൾ നൽകി, അവനെ അവൻെറ നാട്ടിലേക്കു മടക്കി അയയ്ക്കണമെന്നാണ് ഏർപ്പാട്.

ദൈ.ഠ. മതം എന്നതു പ്രസംഗമല്ല; ആദർശങ്ങളല്ല; സിദ്ധാന്തങ്ങളല്ല; കക്ഷിമത്സരവും അല്ല. മതം പിരിവുകളിലും സഭകളിലും

വസിക്കാൻ പ്രയാസമാണ്. അതു്, ആത്മാവിനും ഈശ്വരനുമുള്ള സംബന്ധമാണ്. അതിനെ ഒരു സഭയാക്കാൻ എങ്ങനെ കഴിയും?

൬൨൯. മനസ്സ് ക്ഷേത്രങ്ങൾ നിർമ്മിക്കുന്നതിലാകട്ടെ, ജപാലയങ്ങൾ നിർമ്മിക്കുന്നതിലാകട്ടെ, പൊതുപ്രാർത്ഥനകൾക്കുപോകുന്നതിലാകട്ടെ കാണപ്പെടുന്നില്ല; അതു പുസ്തകങ്ങളിലാകട്ടെ, സ്ഥാപനങ്ങളിലാകട്ടെ കാണപ്പെടുന്നില്ല. മനസ്സ് അനുഭവത്തിലാണു കാണുന്നതു്.

൬൩൦. ഏകമായും, അതേ സമയത്തുതന്നെ അനേകമായും വർത്തിക്കുന്ന ഒരു് ഒററപ്പരമാർത്ഥത്തെ വേറേ വേറേ നിലയിൽനിന്നു നോക്കുമ്പോൾ വേറെ വേറെയായി തോന്നിക്കപ്പെടുന്ന ഒരം മദ്ധ്യമരഹസ്യത്തെ അറിയേണ്ടതാകുന്നു.

൬൩൧. പുറമെയുള്ള ശക്തികൾ ഏതൊന്നിനും യാതൊരു സ്വാധീനശക്തിയും ചെലുത്താൻ കഴിയാത്തപ്പോൾ, തനിക്കു യാതൊരു മാററത്തെയും ഉണ്ടാക്കാൻ കഴിയാത്തപ്പോൾ, സ്വാതന്ത്ര്യം സുസാധ്യമാകും. എല്ലാവിചാരങ്ങൾക്കും അതീതമായി എല്ലാ വിയതികൾക്കും അതീതമായി, എല്ലാകാരണകാര്യബന്ധങ്ങൾക്കും അതീതമായുള്ള വസ്തുവിനു മാത്രമേ സ്വാതന്ത്ര്യം സുസാധ്യമാകയുള്ളു. വേറേ വാക്കുകളിൽ പറയുകയാണെങ്കിൽ പരിവർത്തനമില്ലാത്തതേതൊന്നോ, അതിനു മാത്രമേ സ്വാതന്ത്ര്യം ഉണ്ടായിരിക്കയുള്ളു. അതു് ആമരത്വമടങ്ങിയതാണ്.

൬൩൨. നാടകവും സംഗീതവും മതമെന്നു കരുതപ്പെടുന്നു. ഏതൊരു ഗാനവും അതു ശൃംഗാരഗാനമായാലും ശരി, മറെറാന്നായാലും ശരി—മനുഷ്യന്റെ ആത്മാവു തികച്ചും അതിൽ ലയിച്ചിരുന്നാൽ അവൻ മോക്ഷത്തെ പ്രാപിക്കുന്നു. അവൻ മറെറാന്നും ചെയ്യേണ്ടതായിട്ടില്ല. അതു നിഷ്ഠയെപ്പോലെ തന്നെ, അതേ ലക്ഷ്യത്തിലേക്കു നയിക്കുന്നു എന്നും പറയപ്പെടുന്നു.

൬൪൦. ഏതൊന്നു പ്രപഞ്ചവിഷയത്തിൽ പരമാർത്ഥമായിരിക്കുന്നുവോ, അതുതന്നെ ഓരോ അംശങ്ങളുടെ വിഷയത്തിലും പരമാർത്ഥമായിരിക്കും.

൬൪൧. തന്നിൽത്തന്നെ വിശ്വാസമുറപ്പിക്കാൻ കഴിയാത്ത മനുഷ്യന് മറെറാന്നിൽ വിശ്വാസം ചെലുത്താൻ കഴിയുമെന്ന് എങ്ങനെ പ്രതീക്ഷിക്കാം?

൬൪൨. അവർ (അവതാരപുരുഷന്മാർ) പ്രസംഗിക്കുമ്പോൾ ലോകം ശ്രവിക്കുകതന്നെ വേണം, അവർ സംസാരിക്കുമ്പോൾ ഓരോ വാക്കുകളും നേരിൽ വരുന്നു. അതു വെടിയുണ്ടപോലെ പുറപ്പെടുന്നു. ശക്തിയില്ലെങ്കിൽ വാക്കിലെന്താണുള്ളതു്?

൬൰൩. മതം വാക്കല്ല; ആദര്‍ശമല്ല; ബുദ്ധിസമ്മതമല്ല; അതു നമ്മുടെ ഹൃദയങ്ങളുടെ ഹൃദയത്തില്‍ ഉണ്ടാകുന്ന അനുഭൂതിയാകുന്നു. അതു് ഈശ്വരനെ സ്പര്‍ശിക്കുകയാകുന്നു. അതു്, പരമാത്മാവിനെയും അതിന്റെ വിജൃംഭണങ്ങളെയും സ്പര്‍ശിക്കുന്ന ആത്മാവു 'ഞാന്‍തന്നെ' എന്നറിയുകയാകുന്നു.

൬൰൪. തെററുകളെക്കൊണ്ടുതന്നെ നാം മേല്‍ക്കുമേല്‍ അറിവുള്ളവരായിത്തീരുന്നു.

൬൰൫. ബുദ്ധന്റെ പ്രവൃത്തിയെ—അതൊരു വലുതായ പ്രവൃത്തിയാകുന്നു—കേള്‍ക്കുക! നമ്മുടെ ഹൃദയത്തില്‍ അതിനു് ഒരു സ്ഥാനമുണ്ടു്. "സ്വാര്‍ത്ഥത്തെ ഉന്മൂലനം ചെയ്യിന്‍! നിങ്ങളെ സ്വാര്‍ത്ഥതല്പരന്മാരാക്കിച്ചെയ്യുന്ന ഓരോന്നിനെയും വേരോടെ നശിപ്പിക്കുവിന്‍! ഭാര്യ, മക്കള്‍, കുടുംബം എന്നൊന്നും ആവശ്യമില്ല. ലൌകികന്മാരാകാതിരിക്കുവിന്‍! പരിപൂര്‍ണ്ണമായി സ്വാര്‍ത്ഥമററവരായിരിക്കുവിന്‍!" എന്നു ബുദ്ധന്‍ അഭിപ്രായപ്പെടുന്നു.

൬൰൬. "നിന്റെ കര്‍മ്മത്തില്‍ ദുഃഖമുണ്ടായിരുന്നാലും നീ ഭയപ്പെടരുതു്. എന്തുകൊണ്ടെന്നാല്‍ ദുഃഖമില്ലാത്ത പ്രവൃത്തിയേ ഇല്ല." എന്നു കൃഷ്ണന്‍ പറയുന്നു. "പ്രവൃത്തിയെ ഈശ്വരനില്‍ സമര്‍പ്പിക്കുക! ഫലത്തെ പ്രതീക്ഷിക്കരുതു്!"

൬൰൭. ഈശ്വരനില്‍ വിശ്വാസമുറപ്പിച്ചാല്‍ മാര്‍ഗ്ഗം സുലഭമായി ഭവിക്കും.

൬൰൮ നിസ്സ്വാര്‍ത്ഥമായി പ്രവര്‍ത്തിക്കുന്നതില്‍നിന്നും പരിപൂര്‍ണ്ണത്വം സിദ്ധിക്കുന്നു.

൬൰൯. ഒരു പരിധിക്കകത്തു, നിര്‍ത്താം അടച്ചുവയ്ക്കത്തക്ക ശക്തി, ലോകത്തില്‍ ഒന്നുംതന്നെയില്ല.

൭൰ ലോകത്തിലെ സാധാരണന്മാരായ ജനങ്ങളുടെ മതങ്ങള്‍ ജഗത്തിനുവെളിയില്‍ ദേവലോകത്തില്‍ വസിക്കുകയും അവിടെ ഭരണം നടത്തുകയും ദുഷ്ടന്മാരെ ശിക്ഷിക്കുകയും ശിഷ്ടന്മാരെ സമ്മാനിക്കുകയും മററും ചെയ്യുന്ന ഒരു ഈശ്വരനെ സംബന്ധിച്ചവയായിരിക്കണം. അങ്ങനെയാണു കഴിഞ്ഞിട്ടുള്ളതു്.

൭൰൧. ആവശ്യമായിട്ടുള്ളതു പരിശുദ്ധതയാകുന്നു; അതു ഒരു സംഗതിമാത്രമാകുന്നു.

൭൰൨. പ്രകൃതിയില്‍ മുഴുവന്‍ ഒരിക്കല്‍ സംഭവിക്കുന്നതു മുമ്പൊരിക്കല്‍ സംഭവിച്ചിട്ടുള്ളതായിരിക്കും; ഭാവിയിലും അതുതന്നെയാണു സംഭവിക്കുന്നതു്. പ്രകൃതിയില്‍ നിയതിയാല്‍ അടങ്ങാത്ത യാതൊന്നുമില്ല. ഒരിക്കല്‍ എന്തു സംഭവിക്കുന്നുവോ അതു സംഭവിച്ചുകൊണ്ടേയിരിക്കും; സംഭവിക്കുകതന്നെവേണം.

൯൰൩. ഇന്ത്യയിലെ മതഗ്രന്ഥങ്ങളിൽ ഈ അനുഭവത്തെപ്പറ്റി പ്രസ്താവിക്കാത്ത ഗ്രന്ഥമേ ഇല്ല. മനുഷ്യൻ ഈശ്വരനെ അറിയണം; ഈശ്വരനെ ഗ്രഹിക്കണം; ഈശ്വരനെ കാണണം; ഈശ്വരനോടു സംസാരിക്കണം; ഇതുതന്നെയാണു മതം.

൯൰൪. ഈ ലോകത്തിൽ സത്യം, നശിപ്പിക്കുകയിലല്ല, വർദ്ധിപ്പിക്കുകയിലാണു കാണപ്പെടുന്നതു്.

൯൰൫. പരമാർത്ഥമായ മതം മനുഷ്യന്റെ ഉദ്ബോധനത്താലാകട്ടെ, പുസ്തകപ്പഠിപ്പുകൊണ്ടാകട്ടെ ഉണ്ടാകുന്നില്ല. അതു പരിശുദ്ധിയും വീരത്വവും ഉള്ള പ്രവൃത്തിമൂലം നമ്മുടെ ആത്മാവിൽ ഉണ്ടാകുന്ന അനുഭൂതിയാകുന്നു.

൯൰൬. മരണം അവസ്ഥയുടെ പരിവൎത്തനമാകുന്നു.

൯൰൭. ലക്ഷ്യത്തിന്റെ ശക്തി അനുഭവസാദ്ധ്യത്തിലാണ്.

൯൰൮. ലക്ഷ്യത്തിന്റെ പാരമാർത്ഥ്യം അനുഭവസാദ്ധ്യത്തിലന്തർഭവിച്ചിരിക്കുന്നു.

൯൰൯. അനുഭവസാദ്ധ്യത്തിന്റെ ജീവിതം ലക്ഷ്യത്തിൽ അടങ്ങിയിരിക്കുന്നു.

൱. ക്ഷത്രിയത്വം! നാം അതിനെ ക്രമിച്ചിട്ടു ബ്രാഹ്മണത്വത്തിൽ എത്തണം. പൂൎവ്വജന്മങ്ങളിൽ, ചിലർ എത്തിയിട്ടുണ്ടായിരിക്കാം; എന്നാൽ അതു് ഇക്കാലത്തു വെളിപ്പെടുത്തണം.

൱൧. ഇന്ത്യയുടെ പരമോത്തമമായ ലക്ഷ്യം ബ്രാഹ്മണത്വത്തെ പ്രാപിക്കുകയാകുന്നു. സ്വത്തില്ല; സ്വാർത്ഥമില്ല; ഏതൊരു ചട്ടത്തിനും കീഴ്പെടുന്നവരില്ല; സന്മാൎഗ്ഗത്തിനല്ലാതെ ഏതൊരു രാജാവിനും കീഴ്പെടുന്നവരില്ല.

൱൨. വലിയവലിയ കാൎയ്യങ്ങളെ നിൎവ്വഹിക്കുന്നവർ അവകാശങ്ങളെ പാലിക്കുന്നില്ല. ഉപയോഗമില്ലാത്ത അലസന്മാരായ മൂഢന്മാരാണ് അവകാശത്തെ പാലിക്കുന്നതു്.

൱൩. ഏതൊരു മനുഷ്യനും, ഏതൊരു ജനസമുദായവും, സ്ഥൂലസമത്വമില്ലാതെ സ്ഥൂലസ്വാതന്ത്ര്യത്തെയും, മനസ്സമത്വമില്ലാതെ മനസ്സ്വാതന്ത്ര്യത്തെയും പ്രാപിക്കുന്നതിനു പ്രയത്നിക്കാൻ പ്രയാസമാണ്.

൱൪. അജ്ഞാനം, അസമത്വം, ആശ ഈ മൂന്നും മനുഷ്യന്റെ ദുഃഖത്തിനു കാരണങ്ങളാകുന്നു.

൱൫. അഖണ്ഡമായി ബ്രഹ്മവസ്തു ഒന്നുമാത്രമേ പരമാർത്ഥമായിട്ടുള്ളു.

൱൬. വ്യത്യാസം രീതിയിലില്ല; അളവിലാണ്.

൱൭. മനുഷ്യൻ പാപിയാണെന്നു പറയരുതു്. അവൻ ഒരു ദേവനാണെന്നു് അവനോടു പറയണം. ഒരു പിശാചു് ഉണ്ടായി

ക്കുന്നാൽപോലും, എപ്പോഴും ഈശ്വരനെ ധ്യാനിക്കുകയാണു നമ്മുടെ കത്തവ്യം; പിശാചിനെ ധ്യാനിക്കുകയല്ല.

[illegible]. വേദാന്തസിംഹം ഗജ്ജിക്കട്ടെ! കുറുക്കന്മാർ തങ്ങളുടെ സങ്കേതങ്ങളിൽ ഓടിയൊളിക്കും.

[illegible]. ഒരുമതം ഫലപ്രദമായിരിക്കണമെങ്കിൽ ഉത്സാഹം ആവശ്യമാണു്.

[illegible]. അഭിവൃദ്ധിയെ ലക്ഷ്യമാക്കി ചെല്ലുന്ന വളച്ച്യയെതടുക്കുന്നതു്, അല്ലെങ്കിൽ കീഴ്പോട്ടുള്ള പതനത്തിനു് അനുകൂലമായിരിക്കുന്നതു്, പാപമാകുന്നു. അഭിവൃദ്ധിയിൽ എത്തുന്നതിനു സഹായിക്കുന്നതു പുണ്യവുമാകുന്നു.

[illegible]. വിദ്യാഭ്യാസമെന്നുവച്ചാൽ മനുഷ്യനിൽ മുമ്പേതന്നെയുള്ള പരിപൂൎണ്ണതയെ വെളിപ്പെടുത്തിച്ചെയ്യുകയാകുന്നു.

[illegible]. മതമെന്നുവച്ചാൽ മനുഷ്യനിൽ മുമ്പേതന്നെ അടങ്ങിയിരിക്കുന്ന ദൈവികത്വത്തെ വെളിപ്പെടുത്തുകയാകുന്നു.

[illegible]. നമ്മുടെ താഴ്ന്നവൎഗ്ഗക്കാൎക്കുവേണ്ടി നാം ചെയ്യേണ്ടതായിട്ടുള്ള ദൗത്യം അവൎക്കു വിദ്യാഭ്യാസത്തെ നൽകുകയാകുന്നു. അവർ നഷ്ടപ്പെട്ട വ്യഷ്ടിഭാവത്തെ അഭിവൃദ്ധമാക്കുകയാകുന്നു.

[illegible]. കൊടുക്കുക! എടുക്കുക! ഇതുതന്നെ നിയതി.

[illegible]. സ്നേഹമത്രെ ജീവിതം; ശത്രുത്വമത്രെ മരണം.

[illegible]. വികസിക്കുകയത്രെ ജീവിതം. ക്രമ്പുകയത്രെ മരണം.

[illegible]. നന്മയെച്ചെയ്യുകയാണു ജീവിതം. അന്യന്മാൎക്കു നന്മയെച്ചെയ്യാതിരിക്കുക പാപവും.

[illegible]. വളൎച്ച്, അതായതു് അഭിവൃദ്ധി, അഥവാ സ്നേഹം, ഇതല്ലാതെ മറെറന്താണു ജീവിതം? എല്ലാസ്നേഹവും ജീവിതമാകുന്നു; അതൊന്നാണു് ജീവിതത്തിൻെറ നിയതി; സ്വാൎത്ഥതയെല്ലാം മരണമാകുന്നു. അതാണു് ഇപ്പോഴും ഇനിമേലും ശരി; യഥാൎത്ഥമാകുന്നു.

[illegible]. ശുദ്ധിക്കുക! അയഥാൎത്ഥമായ ഓരോന്നിനെയും ശുദ്ധിക്കുവിൻ! യഥാൎത്ഥതയെ സംബന്ധിച്ചു നിൽക്കുക! നമുക്കു ജയം കിട്ടും.

[illegible]. അതിരററ ക്ഷമയെ സ്വീകരിക്കുക! ജയം നിങ്ങളുടേതായിരിക്കും.

[illegible]. ജാതി! ഇതു സൃഷ്ടിക്കപ്പെട്ടതാകുന്നു.

[illegible]. അറിവുകളെല്ലാം പരജ്ഞാനമെന്നും അപരജ്ഞാനമെന്നും പൊതുവേ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നു മരിക്കു

നാ വസ്തുക്കളെ സംബന്ധിച്ചതും മറെറാന്നു് ആത്മാവിനെ സംബന്ധിച്ചതുമാകുന്നു.

൧൦൩. നാം സാധാരണയായി, പ്രജ്ഞാതീതപ്രേമം എന്നു പറയുന്നതു്, പ്രജ്ഞയുടെ ഒരു ഉയൎന്ന അറിവുവൃദ്ധിയുടെ ഫലമാകുന്നു. അതു ദീൎഘകാലത്തെ അനസ്യൂതപ്രയത്നത്താൽ പ്രാപിക്കപ്പെടേണ്ടതാണു്.

൧൦൪. അഖണ്ഡപരിപൂൎണ്ണത്വം, വെളിപ്പെടുത്തപ്പെടാതിരുന്നാലും, അതു് ഓരോരുത്തരിലും അന്തർഭവിച്ചിരിക്കുന്നു.

൧൦൫. ഏതൊരുവൻ എല്ലായ്പോഴും എല്ലാ സംഗതികളിലും മറെറാരുവനാൽ രക്ഷിക്കപ്പെട്ടു വരുന്നുവോ, അവന്റെ സ്വരക്ഷാശക്തി ഒരിക്കലും പരിപൂൎണ്ണമായി വെളിപ്പെടുവാൻ പ്രയാസമാണു്. ഒരു ശക്തനായ ചെറുപ്പക്കാരൻ എല്ലായ്പോഴും അവരുടെ മാതാപിതാക്കന്മാരാൽ ശിശുവിനെപ്പോലെ കരുതപ്പെട്ടുവന്നാൽ അവൻ ശിശുവായിത്തന്നെ ഭവിക്കുന്നു.

൧൦൬. എല്ലാ മനുഷ്യഹൃദയവും ഇന്ദ്രിയാതീതമായ ആത്മീയലോകവുമായി ഇടപെടുന്നതിനും അതിന്റെ സഹായത്തെ സമ്പാദിക്കുന്നതിനും എപ്പോഴും ആസക്തിയുള്ളതായിരിക്കും.

൧൦൭. ജീവിതാഭിവൃദ്ധിയോടുകൂടി മരണത്തിന്റെ ബീജവും വിതയ്ക്കപ്പെടുന്നു.

൧൦൮. കുടുംബങ്ങൾക്കു് ഏതൊരു വിധി അനുയോജ്യമായിരിക്കുന്നുവോ, ആ വിധി സമുദായത്തിനും അനുഗുണമായിരിക്കും. എന്തുകൊണ്ടെന്നാൽ, സമുദായം അനേകകുടുംബങ്ങൾ ഒന്നിച്ചു ചേൎന്നതാണു്.

൧൦൯. അറിവത്രെ സ്വാതന്ത്ര്യ; പ്രേമമത്രെ സ്വാതന്ത്ര്യം.

൧൧൦. മൂന്നു മൺകട്ടകളും ഏതാനും വിറകുകഷണങ്ങളും ഉപയോഗിച്ചു്, ഇന്ത്യയിലെ ഒരു പാചകൻ ഉണ്ടാക്കുന്ന സ്വാദിഷ്ടമായ ആഹാരപദാൎത്ഥങ്ങൾ മറെറാരിടത്തു് കിട്ടുന്നതല്ല. ഒരു രൂപമാത്രം വിലപിടിക്കുന്നതായ പഴയകാലത്തെ കഴിത്തറി ഉപയോഗിച്ചു കാലിന്റെ സഹായത്തോടുകൂടി ഒരു ഗജത്തിനു് ഇരുപതു രൂപ വിലയുള്ള കൂടിയതരം വസ്ത്രങ്ങളെ നിൎമ്മിക്കുന്നതിനു് ഈ രാജ്യത്തിനു മാത്രമെ സാധിക്കുകയുള്ളൂ. ഒരു കീറിയ പായു്, ഒരു മൺവിളക്കു് ഇത്യാദി ചില നിസ്സാര സാധനങ്ങളുടെ സഹായത്തോടുകൂടി എത്ര ആളുകളാണു് ഈ നാട്ടിൽ മഹാവിദ്വാന്മാരായി ഭവിച്ചിട്ടുള്ളതു്! വിരൂപയും അംഗഹീനയുമായ ഭാൎയ്യയിൽ ആത്മാൎത്ഥമായി പ്രകടിപ്പിക്കുന്ന ഭാൎയ്യാസ്നേഹവും, ആഭാസനും കൊള്ളരുതാത്തവനുമായ ഭൎത്താവിൽ ആയുരന്തം പ്രകടിപ്പിക്കുന്ന ഭൎത്തൃഭക്തിയും, ഈ ദേശത്തു മാത്രമെ കാണപ്പെടുകയുള്ളൂ.

൧൧൧. ആത്മീയവിഷയത്തിൽ യൂറോപ്പിനെയും അമേരിക്ക

യെയും ജയിക്കുക എന്നുള്ളതാണു നമ്മുടെ പരമോദ്ദേശ്യം. നമ്മുടെ നാട്ടിന്റെ അഭിവൃദ്ധി അതിലാണു് അന്തർഭവിച്ചിരിക്കുന്നതു്.

൩൱൮. അരശതവർഷമായി ആചാരപരിഷ്കാരവിഷയത്തെസ്സംബന്ധിച്ചു് ഒരു വലിയ പ്രക്ഷോഭം സംഭവിച്ചുവരുന്നു. ഇക്കഴിഞ്ഞ പത്തു സംവത്സരങ്ങളായി ഇന്ത്യയിലെ പലരാജ്യങ്ങളിലും സഞ്ചരിച്ചു്, അവിടങ്ങളിൽ തിങ്ങിനിൽക്കുന്ന ആചാരപരിഷ്കരണസാധനങ്ങളെ ഞാൻ നേരിൽകണ്ടു. എന്നാൽ, ഏതൊരാളുകളുടെ രക്തത്തെ ഊററി "ധനികന്മാർ" എന്നു പറയപ്പെടുന്ന ചിലർ ആ നിലയിൽ എത്തിയിരിക്കുന്നുവോ, അവർക്കായിട്ടു യാതൊരു സ്ഥാപനവും ഞാൻ കണ്ടില്ല.

൩൱൯. ഗ്രഹിക്കാൻ യാതൊന്നുമില്ലെന്നു കരുതിയിരിക്കുന്ന ഒരു മനുഷ്യൻ, അഥവാ ഒരു ജനസമുദായം, മരണത്തിന്റെ വായിൽ വർത്തിക്കുന്നു.

൩൱൰. ആത്മപ്രേമമത്രെ ആത്മത്യാഗത്തിനു പ്രഥമഗുരു.

൩൱൰൧. ജ്ഞാനം, വിജ്ഞാനം, ഐശ്വര്യം, ബലം, പരാക്രമം, മനുഷ്യൻ ഇവമാത്രമല്ല, പ്രകൃതി നമ്മോടു സംബന്ധിപ്പിച്ചുവയ്ക്കുന്ന സകലവും, ആവശ്യം നേരിടുമ്പോൾ വ്യാപ്തിയിൽ വരുത്താനായിട്ടുള്ളവയാകുന്നു.

൩൱൰൨. ശക്തിയെ ഏകീകരിക്കുക എത്രകണ്ടു് ആവശ്യമായിരിക്കുന്നുവോ അത്രകണ്ടു് അതിനെ വ്യാപിപ്പിക്കുന്നതും ആവശ്യമാകുന്നു; അല്ല, അത്യാവശ്യമാകുന്നു. ഹൃദയത്തിൽ രക്തത്തെ വർദ്ധിപ്പിക്കുക ജീവിതത്തിന്നു് അത്യന്താപേക്ഷിതമായിട്ടുള്ള ഒരു സംഗതിയാണ്. അതുതന്നെ ശരീരം മുഴുവൻ വ്യാപിക്കാതിരുന്നാൽ മരിച്ചു നിശ്ചയം.

൩൱൰൩. ലൌകികവിജ്ഞാനവും ആത്മീയജ്ഞാനവും അന്യോന്യവിരുദ്ധങ്ങളല്ല; രണ്ടും ഒന്നുതന്നെയാണ്. അഖണ്ഡമായ ഒരേ അറിവാകുന്നു. പരമാണു തുടങ്ങി അത്യുൽകൃഷ്ടമായ ബ്രഹ്മവസ്തുവരെ, അതു് (ആ അഖണ്ഡജ്ഞാനം) വ്യാപിച്ചിരിക്കുന്നു. അതു അടിക്കടി അഭിവൃദ്ധമാവുകയും ചെയ്യുന്നു. വിരുദ്ധാവസ്ഥകളിൽ അതിനു * പൃഥഗ്ഭാവം സംഭവിക്കുന്നു.

൩൱൰൪. കാലത്തിന്റെയും സ്ഥലത്തിന്റെയും പ്രതികൂലതപോലും, മനുഷ്യന്റെ ബലംകൊണ്ടും ധൈര്യംകൊണ്ടും നിഷ്പ്രയാസം ജയിക്കപ്പെടാൻ കഴിയും.

൩൱൰൫. മനുഷ്യാത്മാവു്, അഖണ്ഡജ്ഞാനത്തിന്റെ ആധാരസ്ഥാനമാണ്. പുറമെയുള്ള ഏതൊന്നിന്നു് അതിനെ പ്രകാശിപ്പിക്കാൻ കഴിയും?

---

* വെവ്വേറെയായി കാണപ്പെടുക.

വ്യ൦ാ. പ്രസരിപ്പോടുകൂടിയിരിക്കുവിൻ! അതിനെ സർവ്വത്ര പരത്തുവിൻ! പ്രവർത്തിക്കുവിൻ! പ്രവർത്തിക്കുവിൻ! നായകത്വം വഹിക്കുമ്പോഴും ദാസനായിരിക്കുക! സ്വാർത്ഥമററിരിക്കുക! ഒരു സ്നേഹിതൻ മറെറാരു സ്നേഹിതനെ ദ്വേഷിച്ചാൽ അവൻ ആ സ്നേഹിതൻെറ വാക്കിനു ചെവി കൊടുക്കരുത്. സീമാതീതമായ ക്ഷമയെ വഹിക്കുക! ജയം സിദ്ധിക്കും.

വ്യ൦ഫ. ഒരുവൻ പരമാർത്ഥത്തിൽ ഏതൊന്നിനെ ലഭിക്കാൻ യോഗ്യനായിരിക്കുന്നുവോ അത് അവനു സിദ്ധിക്കാതെതടുക്കാനുള്ള ശക്തി പ്രപഞ്ചത്തിലില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

വ്യ൦൨. ജ്ഞാനം!—അതൊക്കെ ശരി; എന്നാൽ ബുദ്ധിയെ വററുമെന്നൊരു ദോഷം അതിനുണ്ട്. പ്രേമം മഹത്തായിട്ടുള്ളതു തന്നെ; അത്യുൽകൃഷ്ടവുമാണ്. പക്ഷേ, വഴിതെററിയതായി ഭവിച്ചേക്കും.

വ്യ൦ന്മ. നാമരൂപങ്ങളോടുകൂടിയവയെല്ലാം നാമരൂപങ്ങളില്ലാത്തവയുടെ കീഴ്പെട്ടതാകുന്നു.

വ്യ൦ർ. ഹൈന്ദവജാതി നിശ്ശേഷം നശിച്ച് ഒരു പുതിയ ജാതി ഭൂമിയിൽ ആവിർഭവിച്ചാലല്ലാതെ—കിഴക്കോ അല്ലെങ്കിൽ പടിഞ്ഞാറോ ശ്രമിക്കട്ടെ; അങ്ങനെഒരു സംഭവം ഉണ്ടാകുന്നതല്ല—ഇന്ത്യ മരിക്കുന്നതുവരെ, അത് ഒരുകാലത്തും യൂറോപ്പാകുന്നതല്ല.

വ്യ൦ൠ. ശരീരം! ശരീരം! ശരീരത്തിൽ നിന്നുമാണ് ഈ ലോകത്തിലെ പ്രേമങ്ങളെല്ലാം അങ്കുരിക്കുന്നത്. സ്ത്രീപുരുഷവ്യത്യാസമില്ല; അവകാശങ്ങളില്ല; ഇവ അകന്നു മാറുമ്പോഴും ജ്ഞാനദൃഷ്ടി തുറക്കപ്പെടുന്നു. ആത്മാവ് തൻെറ അഖണ്ഡശക്തിയെ വീണ്ടും സ്വീകരിക്കുന്നു.

വ്യ൦ന്ത. ഓരോ പുതിയ ചിന്തകളും എതിരിനെ ഉണ്ടാക്കുകതന്നെ ചെയ്യും; പരിഷ്കൃതന്മാരിൽ നിന്നും സമർത്ഥമായ ആക്ഷേപങ്ങളും, മൃഗീയന്മാരായ നിന്ദ്യന്മാരിൽ നിന്നു, 'കൂക്കിവിളി'കളും ആഭാസമായ നിന്ദനങ്ങളും ഉണ്ടാവുകതന്നെ ചെയ്യും.

വ്യാ൦. ജഡശാസ്ത്രത്തിനു ലൌകികമായ ഐശ്വര്യത്തെ മാത്രം പ്രദാനം ചെയ്യാൻ സാധിക്കും. ആത്മീയശാസ്ത്രത്തിനു നിത്യമായ ജീവിതത്തെ നൽകാൻ സാധിക്കും.

വ്യ൦വ്യ. ജീവിതവും മരണവും കലർന്ന—നന്മയും തിന്മയും കലർന്ന—ജ്ഞാനവും അജ്ഞാനവും കലർന്ന—ഈ കലർപ്പ് മായ എന്നു പറയപ്പെടുന്നു.

വ്യ൦ൻ. സൂര്യൻ നമ്മുടെ ശിരസ്സിനു മുകളിൽ നിൽക്കുമ്പോഴാണ് നിഴലില്ലാതിരിക്കുന്നത്.

വൃ൧൦. എൻെറ പിതാവു് * ഒരു പിതാവു തന്നെയായിരുന്നു. എന്നിരുന്നാലും, എൻെറ സ്നേഹിതന്മാരിൽ ആരെങ്കിലും വക്കീലായാൽ എനിക്കതു രുചിക്കുന്നതല്ല. എൻെറ ഗുരു അതിനെ (വക്കീൽ ജോലിയെ) വെറുത്തുവന്നു. ഏതൊരു കുടുംബത്തിൽ വക്കീലന്മാരായ അംഗങ്ങൾ വൎദ്ധിക്കുന്നുവോ, ആ കുടുംബം ദുഃഖത്തെ അനുഭവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

വൃ൧൧. ജീവിതമെന്നതു് ഒരു തുടൎച്ചയായ യുദ്ധവും ഭ്രാന്തിയുമാകുന്നു.

വൃ൧൨. മനുഷ്യവൎഗ്ഗത്തിനു സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നവർ തങ്ങളുടെ സ്വന്തം സുഖത്തെയും ദുഃഖത്തെയും പേരിനെയും യശസ്സിനെയും നാനാപ്രകാരത്തിലുള്ള സ്വാൎത്ഥങ്ങളെയും ഒരു ഭാണ്ഡമായി കെട്ടി കടലിൽ നിക്ഷേപിച്ചിട്ട് ഈശ്വരനിലേക്കു വരണം. എല്ലാ ആചാൎയ്യന്മാരും വിധിച്ചതും പ്രവൎത്തിച്ചതും ഇതു തന്നെ.

വൃ൧൩. ഒരു സാധാരണമനുഷ്യൻെറ കടമ ജനസമുദായമാകുന്ന ദൈവത്തിൻെറ ആജ്ഞയ്ക്കു കീഴ്പെട്ടവനാകുന്നു, എന്നാൽ, ഒരു ജ്യോതിഷ്പുത്രൻ ഒരിക്കലും അങ്ങനെ പ്രവൎത്തിക്കുന്നില്ല.

വൃ൧൪. നമ്മുടെ മാതൃഭൂമിക്കു് ഹിന്ദുമതം, മുഹമ്മദുമതം ഈ രണ്ടു മഹാമതങ്ങളുടെയും ഏകീകരണം—വേദാന്തമസ്തിഷ്കവും ഇസ്ലാംശരീരവും ഒന്നിച്ചു ചേരുക—ആവശ്യമാകുന്നു; ഇതെത്ര വിശ്വാസയോഗ്യം.

വൃ൧൫. ഇതൊരു വിനോദകരമായ ലോകമാണു്. നി കണ്ടിട്ടുള്ളവരിൽ ഏറ്റവും വിനോദകരനായ പയ്യൻ 'അവൻ' ആകുന്നു—അഖണ്ഡപ്രേമമാകുന്നു; ഇതൊരു വിനോദമല്ലേ? സഹോദരത്വം, അഥവാ, വിനോദസൗഹൃദ് ഭാവം! ലോകമാകുന്ന ഈ കളിപ്പന്തലിൽ കളിക്കാനായി അയയ്ക്കപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ പള്ളിക്കൂടം! ആരെ സ്തുതിക്കാനാണു്? ആരെ ദ്വേഷിക്കാനാണു? എല്ലാം അദ്ദേഹത്തിൻെറ കളി. അദ്ദേഹം ന്യായത്തെ ആഗ്രഹിക്കുന്നു; എന്നാൽ, അദ്ദേഹത്തെ എങ്ങനെ ന്യായീകരിക്കാൻ കഴിയും.? അദ്ദേഹത്തിനു തലച്ചോറില്ല; അദ്ദേഹത്തിനു ന്യായവുമില്ല; അദ്ദേഹം ചെറിയ തലച്ചോറും ഹ്രസ്വബുദ്ധിയുമുള്ള നമ്മെ മുട്ടാളന്മാരാക്കുന്നു.

വൃ൧൬. മതത്തിൻെറ രഹസ്യം സിദ്ധാന്തങ്ങളിലില്ല; എന്നാൽ, അനുഷ്ഠാനത്തിലുണ്ടു്. നന്മയോടുകൂടിയിരിക്കുകയും നന്മയെ ചെയ്യുകയും വേണം; അതുതന്നെ മതം.

---

* സ്വാമികളുടെ പിതാവിനു വക്കീൽപണിയായിരുന്നു.

വ്൫൦. സത്യത്തെയും സ്നേഹത്തെയും പാരമാർത്ഥ്യത്തെയും എതിർക്കാൻ യാതൊന്നിനാലും സാധിക്കപ്പെടുന്നതല്ല. നീ പരമാർത്ഥതയോടുകൂടി വർത്തിക്കുന്നുവോ? മരണത്തെ എതിർത്തു സ്വാർത്ഥരഹിതനായിരിക്കുന്നുവോ? നീ പ്രേമവാനായിരിക്കുന്നുവോ? അങ്ങനെയാണെങ്കിൽ നീ ഭയപ്പെടേണ്ട. മരണത്തെക്കണ്ടും നീ ഭയപ്പെടേണ്ട.

വ്൫൧. ഒരു ലൌകികനായി പിപീലികാതുല്യനായിരിക്കുന്നതിനേക്കാൾ സത്യത്തെ അറിഞ്ഞു കർത്തവ്യമാകുന്ന കളത്തിൽ മരിക്കുന്നതു് ഉത്തമം; അത്യുത്തമം.

വ്൫൨. സംഗീതം ഒരു വിശിഷ്ടകലയാകുന്നു. സംഗീതമുള്ളവർക്ക് അതു് ശ്രേഷ്ഠമായ ഒരു ഉപാസനാമാർഗ്ഗമാകുന്നു.

വ്വ൦. എനിക്കു രാഷ്ട്രീയവിഷയത്തിൽ വിശ്വാസമില്ല. ദൈവവും സത്യവുമാകുന്നു ലോകത്തിലെ രാഷ്ട്രീയവിഷയങ്ങൾ; മറ്റൊക്കെ നിസ്സാരങ്ങളാണു്.

വ്വ൫. നീ നിന്നെത്തന്നെ പ്രമാണിയാക്കി മുമ്പിൽ നിർത്തുന്നുവെങ്കിൽ നിന്നെ സഹായിക്കാൻ യാതൊരാളും ഉണ്ടായിരിക്കയില്ല. നിനക്കു ജയം കിട്ടണമെന്നുണ്ടെങ്കിൽ ഒന്നാമതായി 'ഞാൻ' എന്നതിനെ കൊല്ലുക!

വ്വ൧. ധൈര്യത്തെ നഷ്ടപ്പെടുത്തരുതു്! നിന്റെ ഗുരുവിന്റെ പേരിൽ നിനക്കുള്ള വിശ്വാസത്തെ നശിപ്പിക്കരുതു്! ഈശ്വരനിൽ ഉള്ള വിശ്വാസത്തെ കൈവിടരുതു്. ഇമ്മൂന്നും നിനക്കുണ്ടായിരിക്കുന്നിടത്തോളം നിനക്കു കെടുതലിനേല്പ്പാൻ ഒരുത്തനും സാധിക്കുന്നതല്ല.

വ്വ൨. ഏകത്വം, സൃഷ്ടിക്കുമുൻപാണു്. നാനാത്വം സൃഷ്ടിയാകുന്നു.

വ്വ൪. ഏതൊരുവന്റെ ഹൃദയം എളിയവരെച്ചൊല്ലി രക്തം ചൊരിയുന്നു, അവനെ ഞാൻ മഹാത്മാവെന്നുവിളിക്കുന്നു. ഇല്ലെങ്കിൽ അവൻ ദുരാത്മാവാണു്.

വ്വ൭. അടിമയെന്നും നിർദ്ദയഭരണാധിപനെന്നും പറയുന്നതിന്റെ അർത്ഥം ഒന്നാണു്.

വ്വ൩. ലോകം ഒരു ദുഃഖാലയമാകുന്നു; മഹാത്മാക്കളും ദീർഘദർശികളും അനുതാപം, ക്ഷമ, സർവ്വോപരി പ്രപഞ്ചം ധൂളീകൃതമായാലും ചലിക്കാത്ത സങ്കല്പശക്തി, ഇവയെ പഠിപ്പിക്കുന്ന പള്ളിക്കൂടവുമാകുന്നു.

വ്വ൯. ധനികന്മാരെന്നു പറയപ്പെടുന്നവരെ വിശ്വസിക്കരുതു്. അവർ ജീവനോടുകൂടിയിരിക്കുന്നു എന്നു പറയുന്നതിൽഭേദം മരിച്ചവരായിരിക്കുന്നു എന്നു പറയുന്നതാണു്. വിശ്വാസം നിങ്ങളിലും

വിനീതന്മാരിലും താഴ്ന്നവരിലും എന്നല്ല, വിശ്വാസമുള്ളവരിലും അടങ്ങിയിരിക്കുന്നു. ഈശ്വരനെ വിശ്വസിക്കുവിൻ! അതു തന്ത്രമല്ല: ദുഃഖിതന്മാരിൽ ദയകാണിക്കുവിൻ! സഹായത്തിന്റെ മുകളിൽ നോക്കുവിൻ! അതുണ്ടാവുകതന്നെവേണം.

വൃവൃ. ധനികന്മാർ, വലിയവർ എന്നിങ്ങനെ പറയപ്പെട്ടുന്നവരെ എതിക്കരുത്. ഹൃദയത്തിൽ സ്പർശിക്കാതെ ബുദ്ധിശക്തികൊണ്ടുമാത്രം എഴുതുന്നവരെയും അവരുടെ കള്ളമയുള്ള ലേഖനങ്ങളെയും ഗണ്യമാക്കരുത്. വിശ്വാസം! അനുതാപം! ദൃഢമായവിശ്വാസവും അകളങ്കമായ അനുതാപവും! ജീവിതം വലുതല്ല; വിശപ്പുവലുതല്ല; ശീതം വലുതല്ല; മേല്പോട്ടുകയറുവിൻ! ഈശ്വരനാത്രെ നമ്മുടെ നേതാവ്. ആരുവീഴുന്നു എന്നു കാണാനായി പിറകോട്ടുതിരിഞ്ഞുനോക്കരുത്! മുമ്പോട്ടു നടക്കുവിൻ! പുരോഗമനം ചെയ്യുവിൻ!

വൃൻ. യാതൊന്നു പൌരസ്ത്യപരിഷ്കാരത്തിന്റെ ബീജത്തെ വിതരണംചെയ്തുവോ, യാതൊന്നു യൂറോപ്യന്മാരെ അഭിവൃദ്ധിയിൽ എത്തിച്ചുവോ, അതു് അമേരിക്കയിലെ സ്ത്രീകളെയും ജനസാമാന്യത്തെയും അഭിവൃദ്ധിയിലേക്കു നയിക്കുന്നു.

വൃ൨൦. നീ എളിയവനാണെന്നു വിചാരിക്കരുത്. ധനം, ബലമല്ല. എന്നാൽ നന്മയാണു്, പരിശുദ്ധതയാണു ശക്തി. ലോകംമുഴുവൻ ആ അവസ്ഥയിലാകുന്നു; മുമ്പോട്ടു കയറിനിന്നു നോക്കുവിൻ!

വൃ൨ഫ. യഥാർത്ഥമായ ശക്തി എന്താണെന്നു നീ അറിഞ്ഞിട്ടുണ്ടോ? ദൈവം ജഗത്തിൽ സർവ്വവ്യാപിയായ ശക്തിയായി വർത്തിക്കുന്നു. ആ ശക്തിയുടെ പ്രകടനം സ്ത്രീകളിൽ കാണപ്പെടുന്നു.

വൃ൨വ. ഇന്ത്യയ്ക്കു് അകത്തും പുറത്തും മനുഷ്യവർഗ്ഗം അഭിവൃദ്ധമാക്കിയിരിക്കുന്ന ചിന്തകളെ, ഏററവും താഴ്ന്നവരുടെ, ഏറ്റം എളിയവരുടെ കുടിലുകളിൽ കൊണ്ടുചെന്നു്, അവരുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കത്തക്കവണ്ണം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

വൃ൨൨. ജാതി ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ; ആദർശം ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ; സ്വാതന്ത്ര്യചിന്തനശക്തിയെയും മനുഷ്യവ്യക്തിയുടെ പ്രവൃത്തിയെയും തടയുന്ന ഏതൊരുമനുഷ്യനോ അല്ലെങ്കിൽ വർഗ്ഗമോ അഥവാ, ഏതൊരുശക്തിയും, അതുമല്ലെങ്കിൽ ഏതൊരു ജനസമുദായവും പൈശാചികമാകുന്നു. അതു നശിക്കുകതന്നെ ചെയ്യും.

വൃ൨ർ. ഉൽകൃഷ്ടവിചാരങ്ങളെ ഓരോവീട്ടിലുമുള്ള ഓരോ സ്ത്രീപുരുഷന്മാരുടെയും തീരുമാനത്തിനു വിഷയീഭവിക്കത്തക്കവണ്ണം എ

ത്തിച്ചുകൊട്ടുക്കുന്നതിന് ഒരു യന്ത്രത്തെ ചലിപ്പിച്ചുവിടണമെന്നാണ ഞാൻ അഭിപ്രായപ്പെടുന്നതു്.

വൃ൩ഒ. നിങ്ങൾ തന്നെത്താൻ വിശ്വസിക്കുവിൻ!

വൃ൩൩ ദൃഢനിശ്ചയമാണ മഹാകൃത്യങ്ങളുടെ മാതാവു്.

വൃ൩൪. ജാതികളും വേദത്തിനും സമാധാനവും സമത്വവും നേരിടുമ്പോൾ സത്യയുഗം ആരംഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

വൃ൩൫. വലിയകാര്യങ്ങൾ, വലിയ ത്യാഗംകൊണ്ടല്ലാതെ സാധിക്കപ്പെടുന്നതല്ല.

വൃ൩൬. മരണം തന്നെ സംഭവിച്ചാലും നിസ്സ്വാർത്ഥമായി പ്രവർത്തിക്കുക!

വൃ൩൭ ജീവിതത്തിന്റെ അടയാളം ചലനവും വളർച്ചയുമാണെന്ന് ഓർമ്മയിൽ വയ്ക്കുവിൻ!

വൃ൩൮ ഏഷ്യയിലെ ജനങ്ങൾ ലോകത്തിലെ ധർമ്മചിന്തകന്മാരിൽ മികച്ചവരാണെന്നു ഞാൻ ബലമായി വിശ്വസിക്കുന്നു. എന്നാൽ അവർ വളരെ എളിയവരാണ്.

വൃ൩൯. ഹിന്ദുസമുദായത്തെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനു മതത്തെ നശിപ്പിക്കേണ്ട ആവശ്യമില്ലെന്നും സമുദായത്തിന്റെ ഈ അവസ്ഥാന്തരത്തിനു കാരണം മതമല്ലെന്നും, എന്നാൽ, എപ്രകാരം മതം അനുഷ്ഠിക്കപ്പെടണമോ അപ്രകാരം സമുദായം മതത്തെ അനുഷ്ഠിച്ചിട്ടില്ലെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

വൃ൪൦. താൽക്കാലികമായ ഹിന്ദുസമുദായം ആത്മീയപുരുഷന്മാർക്കായിട്ട് ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. മറ്റുള്ളവരെ എല്ലാം വിശ്വാസമില്ലാതെ അകറ്റി നിർത്തുന്നു. എന്തുകൊണ്ട്? ലോകത്തെ അതിന്റെ അല്പചിലവുകളിടയിൽ ഒട്ടൊന്നു ഭോഗിക്കാൻ ആഗ്രഹിക്കുന്നവർക്ക് എവിടെ സ്ഥാനമുണ്ട്? നമ്മുടെ മതം എല്ലാവരെയും സ്വീകരിക്കുന്നതുപോലെ നമ്മുടെ സമുദായവും എല്ലാവരെയും അംഗീകരിക്കണം.

വൃ൪൧. വിധവയുടെ കണ്ണീരിനെ തുടയ്ക്കാൻ കഴിവില്ലാത്ത, അനാഥബാലന്റെ വയറ്റിന് ഒരു അപ്പക്കഷണത്തെ നൽകാൻ സാധിക്കാത്ത, ദൈവത്തെ, അഥവാ മതത്തെ, ഞാൻ വിശ്വസിക്കുന്നില്ല.

വൃ൪൨. നിനക്കു സ്നേഹമുണ്ടോ? ഉണ്ടെങ്കിൽ നീ സർവ്വശക്തികളും തികഞ്ഞവനാണ്. നീ പൂർണ്ണമായി സ്വാർത്ഥമറ്റവനാണോ? ആണെങ്കിൽ നി എതിർക്കപ്പെടാൻ സാധിക്കാത്തവനാണ്. എവിടെയും ചെലവാകുന്നതു സദാചാരമാകുന്നു. (ദുഃഖ)സാഗരത്തിന്റെ

അടിത്തട്ടിൽ കിടന്നു ക്ലേശിക്കുന്ന തന്റെ സന്താനങ്ങളെ ഈശ്വരൻ രക്ഷിക്കുന്നു.

വൃ൪൬. കണ്ണു മുഖത്താണു്; പിറകിലല്ല; അതുകൊണ്ടു്, തിരിഞ്ഞുനോക്കാതെ മുമ്പോട്ടു നടക്കുക!

വൃ൪൭. സാധിക്കും എന്നു നിശ്ചയമുള്ളപ്പോൾ മൂഢന്മാർ എഴുന്നേററുനിന്നു എന്തുവരാം; ഭീരുക്കൾ, ധീരന്മാരെന്നു നടിച്ചേക്കാം; എന്നാൽ യഥാർത്ഥവീരൻ ശാന്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കും.

വൃ൪൮. ഞാൻ ഈശ്വരനെ വിശ്വസിക്കുന്നു; ഞാൻ മനുഷ്യനെ വിശ്വസിക്കുന്നു. ക്ലേശിക്കുന്നവരെ സഹായിക്കുക എന്നുള്ളതിൽ എനിക്കു വിശ്വാസമുണ്ടു്. അന്യന്മാരെ രക്ഷിക്കുന്നതുകൊണ്ടു നരകത്തിൽപോകുമെങ്കിൽ, അതിലും എനിക്കു വിശ്വാസമുണ്ടു്.

വൃ൪൯. ഏതൊരു മനുഷ്യനും ഏതൊരു ജനസമുദായത്തിനും അന്യന്മാരിൽ ശത്രുത പ്രകടിപ്പിച്ചുകൊണ്ടു ജീവിക്കാൻ പ്രയാസമാണു്.

വൃ൫൦. ഇന്ത്യക്കാർ "മ്ലേച്ഛൻ" എന്ന പദത്തെ സൃഷ്ടിച്ചു് അന്യന്മാരുമായുള്ള ബന്ധത്തെ വേർപെടുത്തിയതു് ഏതൊരു ദിവസത്തിലാണോ, ആ ദിവസത്തിൽ ഇന്ത്യയുടെ അധഃപതനത്തിനു് അടിക്കല്ലിട്ടു.

വൃ൫൧. ജഡാതീതമൌഢ്യത്താൽ നിന്റെ തലച്ചോറിനെ കലക്കരുതു്; നിന്റെ മക്കടമുഷ്ടികൊണ്ടു് അന്യന്മാരെ അലട്ടുകയുമരുതു്.

വൃ൫൨. അസൂയ, അടിമത്തം അനുഭവിക്കുന്ന ഏതൊരു ജാതിയുടെയും ദുർഗ്ഗുണമാകുന്നു. ഡംഭവും യോജിപ്പില്ലായ്മയുമാണു് അടിമത്തത്തെ ഉണ്ടാക്കി നിലനിർത്തുന്നതു്.

വൃ൫൩. പ്രവൃത്തി എടുക്കുന്നതിൽ സന്തോഷം തോന്നട്ടെ. എല്ലാററിനും പുറമേ, നിനക്കായിട്ടുതന്നെ, നീ പാരമാർത്ഥികനായിരിക്കുക!

വൃ൫൪. സത്യത്തെ സംബന്ധിച്ച ഒരു വാക്കുപോലും ഒരിക്കലും നിഷ്ഫലമാകുന്നതല്ല. യുഗയുഗങ്ങളായി അതു ചേറിൽ പുതഞ്ഞുകിടന്നാലും ഉടനെ അല്ലെങ്കിൽ പിന്നീടെങ്കിലും, വെളിപ്പെടുകതന്നെ ചെയ്യും. സത്യം അഴിവററതാകുന്നു; പുണ്യം നാശമില്ലാത്തതാകുന്നു; അതുപോലെതന്നെ ശുദ്ധതയും.

വൃ൫൫. പരിശുദ്ധനായിരിക്കുക! ഈശ്വരനിൽ വിശ്വാസത്തെ ഉറപ്പിക്കുക! എപ്പോഴും അദ്ദേഹത്തെ സംബന്ധിച്ചു നിൽക്കുക! നീ നല്ലവഴിയിൽ നിൽക്കുന്നുവെങ്കിൽ നിനക്കു വിരോധമായി നിൽക്കാൻ യാതൊന്നിനും സാധിക്കുന്നതല്ല.

വൃ൫൬. ലക്ഷോപലക്ഷം ആളുകൾ വിശപ്പും അജ്ഞാനത്തോടു

ക്രൂരിയും ജീവിക്കുന്നിടത്തോളം അവരെപ്പററി ലേശംപോലും അനുകമ്പ തോന്നാത്ത മനുഷ്യനെ ഞാൻ ദ്രോഹി എന്നു വിളിക്കും.

വൃ൬൧. എളിയവരെ മർദ്ദിച്ച് അവരുടെ പണമപഹരിച്ച്, ആഡംബരജീവിതത്തെ കൈക്കൊള്ളുന്നവർ, വിശപ്പു സഹിക്കാതെ കാട്ടുമൃഗങ്ങളെക്കാൾ താണനിലയിൽ ജീവിക്കുന്ന ഇരുപതുകോടി ജനങ്ങൾക്കു യാതൊരുസഹായവും ചെയ്യാത്തവർ, നിന്ദ്യന്മാരാണെന്നു ഞാൻ പറയുന്നു.

വൃ൬൨. യഥാർത്ഥജ്ഞാനി എവിടെയും വിശാലഹൃദയമുള്ളവനായിരിക്കും.

വൃ൬൩. ഏതൊരുവന് അടക്കമായി പ്രവർത്തിക്കാൻ കഴിയുന്നുവോ, അവനത്രെ വിശിഷ്ടനായ രാജാവ്.

വൃ൬൪. മരണത്തെ എതിർത്തും സത്യത്തെ പാലിക്കുക!

വൃ൬൫. ഏററവും ശ്രേഷ്ഠമായിട്ടുള്ളതു ജീവിതമാകുന്നു. മനുഷ്യഹൃദയങ്ങളെ കലക്കുന്നതിനും അതുകാരണമായിത്തീർന്നേക്കാം.

വൃ൬൬. അലസതയെ വേരോടെ പറിച്ചെറിയുക!

വൃ൬൭. ഇവിടെയുള്ള, അഥവാ, ഭാവിയിൽ പ്രദർശിക്കപ്പെടുന്ന രോഗങ്ങളെ നിഷ്കാസനം ചെയ്യുക.

വൃ൬൮. ഓരോജീവനും ഓരോ നക്ഷത്രമാകുന്നു. ഓരോനക്ഷത്രവും അഖണ്ഡമായ, നീലനിറത്തോടുകൂടിയ, നിത്യമായ, ആകാശമാകുന്ന ദൈവത്തിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

വൃ൬൯. എനിക്കു ഭാഗ്യത്തിൽ വിശ്വാസമില്ല; ഞാൻ സമദർശിത്വത്തിൽ വിശ്വസിക്കുന്നു.

വൃ൭൦. സാധാരണമനുഷ്യന്റെ കടമ, അവന്റെ ദൈവമാകുന്ന ജനസമൂഹത്തിനു കീഴ്പെട്ടു നടക്കുകയാകുന്നു. എന്നാൽ ജ്ഞാനികൾ ഒരിക്കലും അങ്ങനെ പ്രവർത്തിക്കുന്നില്ല. ഇതു് ഒരു ശാശ്വതനിയതിയാകുന്നു.

വൃ൭൧. എല്ലാസ്നേഹവും എല്ലാരാഗവും ഒരു ബന്ധമാകുന്നു.

വൃ൭൨. സൂര്യന്റെ താഴെ അല്ലെങ്കിൽ സൂര്യന്റെ മുകളിൽ എനിക്കു യാതൊരു ജോലിയുമില്ല.

വൃ൭൩. സ്വാതന്ത്ര്യം — മുക്തി — ഇതാണു് എന്റെ പൂർണ്ണമതം. അതിനെ അടക്കാനെ പ്രയത്നിക്കുന്ന ഓരോന്നിനെയും ഞാൻ എതിർത്തു തോല്പിക്കും; അല്ലെങ്കിൽ ഞാൻ ഒഴിഞ്ഞു മാറിക്കൊള്ളും.

വൃ൭൪. ജനങ്ങൾ ലോകമെന്നു പറയുന്ന മൂഢമായ ഈ വലയുകളിൽ നിന്നും കഴിയുമെങ്കിൽ വെളിയിൽ വരിക!

വൃ൭൫. ലൗകികവും ഈശ്വരത്വവും ഒന്നിച്ചു ഗതിക്കുന്നതല്ല.

വ്യ൨൮. അളവററ ക്ഷമയും അതിരററ പരിശുദ്ധതയും അവിച്ഛിന്നപ്രയത്നവും ഒരു മഹാവിഷയത്തിൽ വിജയത്തെ നൽകുന്ന രഹസ്യോപകരണങ്ങളാകുന്നു.

വ്യ൨൯. "പ്രധാനമായ പരമാർത്ഥമെന്തു?" എന്ന ചോദ്യത്തിനു സ്വാമികളുടെ ഉത്തരമായിതു്:— "അന്തർഗ്ഗതമായുള്ള ഈശ്വരത്വമാകുന്നു; ഓരോ ജീവനും എത്ര താണനിലയിൽ ഇരുന്നാലും അവ ഈശ്വരത്വത്തിന്റെ വിജൃംഭണങ്ങളാകുന്നു. ഈശ്വരത്വം, കാണപ്പെടാത്ത വിധത്തിൽ മൂടപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ ശിപായിലഹളക്കാലത്തു നടന്ന ഒരു സംഗതി, ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. അനേകവർഷങ്ങളായി നിത്യമൌനവ്രതത്തെ അംഗീകരിച്ചിരുന്ന ഒരു സന്ന്യാസിയെ ഒരു മുഹമ്മദീയൻ ഖഡ്ഗംകൊണ്ടു കുത്തി. ശിപായികൾ പിന്തുടർന്നു അവനെ പിടിച്ചു്, അദ്ദേഹത്തിന്റെ മുമ്പിൽകൊണ്ടുവന്നു നിർത്തിയിട്ടു്, 'സ്വാമിൻ! ഒരു അനുവാദം കിട്ടിയാൽമതി; ഇവനെ കൊന്നുകളയാം' എന്നു പറഞ്ഞു. ദീർഘകാലമായി മൌനവ്രതത്തിൽ കഴിഞ്ഞുകൂടുന്ന ആ മഹാത്മാവു മൌനത്തെ ഭഞ്ജിച്ചു്, തന്റെ അവസാനശ്വാസത്തോടുകൂടി "എന്റെ കുഞ്ഞുങ്ങളേ! നിങ്ങളാരും പരമാർത്ഥത്തെ അറിയുന്നില്ല. ഈ മനുഷ്യൻ ഈശ്വരനാകുന്നു്." എന്നു് അരുളി. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ട ഒരു വലിയ പാഠം എല്ലാററിന്റെയും പിറകെ ഏകത്വം ഒന്നുണ്ടെന്നാകുന്നു".

വ്യ൩൦.—സാമുദായികം, രാഷ്ട്രീയം മുതലായ പ്രമേയങ്ങൾക്കെല്ലാം അസ്ഥിവാരം മനുഷ്യന്റെ സദ്വിചാരത്തിന്മേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ജനപ്രതിനിധിസഭ ഓരോ നിയമങ്ങളെ സൃഷ്ടിച്ചുവിടുന്നതു നിമിത്തം ഏതൊരു ജനസമുദായത്തിനും ആശാസ്യമായ വളർച്ച ലഭിക്കുന്നില്ല. എന്നാൽ, ആ സമുദായത്തിലുൾപ്പെട്ട ജനങ്ങൾ സദ്വൃത്തന്മാരായി കഴിയുന്നതുകൊണ്ടു് അഭിവൃദ്ധി ഉണ്ടാകുന്നു.

വ്യ൩൧. "വലുതായ സൈനികശക്തിയോടുകൂടാത്ത ഏതെങ്കിലും ഒരു ജനസമുദായം എപ്പോഴെങ്കിലും പ്രശസ്തിയെ സമ്പാദിച്ചിട്ടുണ്ടോ?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനമായിതു്: "ഉണ്ടു്, ചൈനയ്ക്കു പ്രസിദ്ധിയുണ്ടായിട്ടുണ്ടു്. വിദേശങ്ങളിൽ ചൈനയിലും ജപ്പാനിലും ഞാൻ യാത്രചെയ്തു. ഇന്നു ചൈന, ഒരു രീതിയില്ലാത്ത, കഥയില്ലാത്ത രാജ്യമായിരിക്കുന്നു. എന്നാൽ, അതു പ്രശസ്തിയോടുകൂടിയിരുന്ന കാലത്തു യാതൊരു ജനസമുദായവും ഇന്നോവരെ ഗ്രഹിച്ചിട്ടില്ലാത്ത ചില ഉൽകൃഷ്ട നിയതികൾ അതിനുണ്ടായിരുന്നു. ഇക്കാലത്തേതെന്നു നാം കരുതിപ്പോരുന്ന തന്ത്രങ്ങളും ഉപായങ്ങളും അനേകം ചൈനാക്കാർ, അനേകശതവർഷങ്ങൾക്കു മുമ്പുതന്നെ അനുഷ്ഠിച്ചു പോന്നിരുന്നു."

വ്യ൩൨.—"അതു കഥയില്ലാത്തതായിത്തീരാൻ കാരണമെന്തു്?" ഈ ചോദ്യത്തിനു സ്വാമികളുടെ സമാധാനം ഇതാണു്:—"കാരണം,

കഥയുള്ളമനുഷ്യരെ സൃഷ്ടിക്കാൻ അതിനു കഴിയാത്തതാണു്."

വ്വൈ:—ജനപ്രതിനിധിസഭയുടെ നിയമമൊന്നിനാൽ മനുഷ്യരെ, യോഗ്യന്മാരാക്കാൻ സാധിക്കയില്ലെന്നു നിങ്ങൾക്കൊരു പഴഞ്ചൊല്ലുണ്ടു്. ചൈനാക്കാർ, ഈ തത്വം, നിങ്ങൾ ഗ്രഹിക്കുന്നതിനു മുൻപ് അനുഭവത്തിൽ അറിഞ്ഞുകഴിഞ്ഞു.

വ്വെ:—"അദ്വൈതശാസ്ത്രപ്രകാരമുള്ള മുക്തിയുടെ താല്പര്യമെന്തു്? അതു പ്രജ്ഞയോടുകൂടിയ ഒരവസ്ഥയാണോ? അദ്വൈതമുക്തിക്കും ബൌദ്ധനിർവാണത്തിനും വല്ലവ്യത്യാസവും ഉണ്ടോ?" ഈ ചോദ്യങ്ങൾക്കു സ്വാമികളുടെ സമാധാനം ഇതാകുന്നു:—"മുക്തിയിൽ ഒരു തരം പ്രജ്ഞയുണ്ടു്; ഞങ്ങൾ അതിനെ പ്രജ്ഞാതീതാവസ്ഥ എന്നു പറയുന്നു. അതു നിങ്ങളുടെ വർത്തമാനപ്രജ്ഞയിൽനിന്നും വ്യത്യസ്തമാണു്. മുക്തിയിൽ പ്രജ്ഞയില്ലെന്നു പറയുന്നതു താർക്കികവിരുദ്ധമാകുന്നു. പ്രജ്ഞ മൂന്നു പ്രകാരത്തിൽ ഉണ്ടു്. മന്ദപ്രജ്ഞ, മദ്ധ്യപ്രജ്ഞ, അത്യന്തപ്രജ്ഞ ഇവയാകുന്നു. ചലനം തീവ്രമായിരിക്കുമ്പോൾ, നയനത്തിനു സങ്കോചം സംഭവിക്കുമാറു പ്രകാശത്തിനു ശക്തിയുണ്ടായിരിക്കും. കാര്യത്തിൽ മങ്ങിയ വിളക്കുപോലെ നിഷ്ഫലമായിരിക്കും. ബൌദ്ധന്മാർ എന്തുതന്നെ അഭിപ്രായപ്പെട്ടാലും ബൌദ്ധനിർവാണം താദൃശമായ പ്രജ്ഞയോടുകൂടിയതുതന്നെയായിരിക്കണം. മുക്തിയെപ്പററി ഞങ്ങൾക്കുള്ള അഭിപ്രായമാകട്ടെ, അതു സ്വാഭാവികമായിട്ടുള്ളതാണെന്നാകുന്നു. എന്നാൽ ബൌദ്ധനിർവാണത്തിനും എതിരഭിപ്രായമുണ്ടു്."

വ്വൻ. "ബന്ധരഹിതമായബ്രഹ്മം പ്രപഞ്ചസൃഷ്ടികാര്യത്തിനായി ബന്ധത്തെ സ്വീകരിക്കുന്നതെന്തിനു്?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനം ഇതാണു്:—"ചോദ്യംതന്നെ താർക്കികവിരുദ്ധമാകുന്നു. വസ്തു, മനസ്സിനും വാക്കിനും അതീതമായിട്ടുള്ളതാണു്; ദേശത്തിനും കാലത്തിനും കാരണകാര്യനിയതിക്കും അതീതമാകുന്നു; മനുഷ്യമനസ്സിനു ഗ്രഹിക്കാൻ കഴിവില്ലാത്തതാണു്. തർക്കവും വിചാരണയുമാകുന്ന പ്രവൃത്തികൾ കാലദേശകാരണകാര്യപരിധിയിലടങ്ങിയതാണു്. വസ്തുസ്ഥിതി ഇവ്വിധമിരിക്കെ, മനസ്സിന്റെ കല്പനകളാകുന്ന സാദൃശ്യകാര്യങ്ങൾക്കപ്പുറത്തുള്ളവയെപ്പററി ചോദിക്കുന്നതു വൃഥാ പ്രയത്നമാകുന്നു."

വ്വ൦. "ഇംഗ്ലീഷുകാരുടെ സ്വഭാവത്തിൽ അങ്ങേക്കു ശ്രദ്ധിക്കാൻ കഴിഞ്ഞ വിശേഷമായ ഗുണമെന്താണു്?" ഈ ചോദ്യത്തിനു സ്വാമികളുടെ സമാധാനം:—"ഇംഗ്ലീഷുകാരൻ ഏതെങ്കിലുമൊന്നിൽ വിശ്വാസം ഉറപ്പിച്ചുകഴിഞ്ഞാൽ ഉടനെ അനുഭവത്തിൽ കൊണ്ടുവരുന്നതിനായി അതിൽ പ്രവർത്തിച്ചുതുടങ്ങും. അപ്രകാരമുള്ള പ്രവൃത്തിക്കു് ഇംഗ്ലീഷുകാരനു് ഒരു പ്രത്യേകശക്തിയുണ്ടു്. ആംഗലേയസ്ത്രീപുരുഷന്മാരെക്കാൾ ഉയർന്ന ഒരു മനുഷ്യവർഗ്ഗം ലോകത്തിൽ ഒരി

ടത്തുമില്ല: അതുതന്നെയാണു ഞാൻ അവരിൽ വിശ്വാസമുറപ്പിക്കുന്നതിലേക്കുള്ള പരമാർത്ഥമായ കാരണം. ഒരു വിചാരം അവന്റെ തലച്ചോറിൽ പതിയുന്നതുവരെ, നീ അതിനെ വീണ്ടുംവീണ്ടും തള്ളിക്കയറ്റണം. ഒരു പ്രാവശ്യം അതവിടെ എത്തിക്കഴിഞ്ഞാൽ പിന്നീട് അതു വെളിയിൽ വരുന്നതല്ല. ഇംഗ്ലണ്ടിൽ ഒരു പാതിരിയാകട്ടെ, അല്ലെങ്കിൽ മററാരെങ്കിലുമാകട്ടെ എനിക്കു വിരോധമായി യാതൊന്നും പറഞ്ഞിട്ടില്ല; യാതൊരാളും എന്നെ അധിക്ഷേപിക്കാൻ ഒരുമ്പെട്ടിട്ടില്ല. എന്റെ സ്നേഹിതന്മാരിൽ പലർ ഇംഗ്ലണ്ടിലെ ദേവാലയത്തിൽ സംബന്ധിച്ചവരാണെന്നുള്ളതു് എനിക്കു് ആശ്ചര്യത്തെ ജനിപ്പിക്കുന്നു. ഈ പാതിരിമാർ ഇംഗ്ലണ്ടിലുള്ള ഉയർന്ന വർഗ്ഗക്കാരിൽനിന്നും ആ നിലയിൽ വന്നവരല്ലെന്നു് എനിക്കറിയാം. ജാതി ഇവിടത്തെപ്പോലെ തന്നെ അവിടെയും കർക്കശമായ നിലയിലാണു്; ആംഗലദേവാലയങ്ങളെ സംബന്ധിച്ചവർ ഉയർന്ന വർഗ്ഗക്കാരായിരിക്കും."

വ്യ. ൫. "അങ്ങയുടെ ജനസാമാന്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അങ്ങു് എന്താണു പ്രവർത്തിക്കാൻ വിചാരിക്കുന്നതു്?" ഇതിനു സ്വാമികളുടെ ഉത്തരം:—"നാം അവർക്കു ലൌകിക വിദ്യാഭ്യാസത്തെ നൽകണം. നമ്മുടെ പൂർവികന്മാരാൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ചിട്ടകളെ നമ്മൾ അനുകരിക്കണം; ഓരോ ലക്ഷ്യത്തെയും ക്രമേണ ജനസാമാന്യത്തിന്റെ ഇടയിൽ പരത്തണം. സാവധാനത്തിൽ അവരെ ഉയർത്തിക്കൊണ്ടുവരണം. സമത്വത്തിലേക്കു് ഉയർത്തണം. മതത്തിൽ കലർത്തി ലൌകികമായ അറിവിനെ നൽകണം."

വ്യ. ൨. ഓരോ മനുഷ്യനും നന്മതിന്മകളെപ്പററി വിചിന്തനം ചെയ്തു തീർച്ചപ്പെടുത്താനുള്ള ശക്തിയുണ്ടു്.

വ്യ. ൩. വിധവകൾക്കു ലഭിക്കുന്ന പുരുഷന്മാരുടെ തുകകൊണ്ടു്, അഭിവൃദ്ധിയെ തീരുമാനിക്കപ്പെടുക എന്നുള്ള വിശ്വാസത്തോടുകൂടിയ ഒരു ജനസമൂഹത്തെ ഞാൻ ഇതാ കാണാൻ പോകുന്നു.

വ്യ. ൪. ഇന്ത്യയുടെ ജാതീയലക്ഷ്യങ്ങൾ, ത്യാഗവും സേവനവുമാകുന്നു. ആ ലക്ഷ്യങ്ങളെ ലാക്കാക്കി ശീഘ്രഗമനം ചെയ്യുവിൻ! മറ്റൊക്കെ തനിയേ ഉണ്ടായിക്കൊള്ളും.

വ്യ. ൭. ഹിന്ദുമതം, മനുഷ്യജീവനു് ഒരൊററ ധർമ്മത്തെ മാത്രമെ നിർദ്ദേശിക്കുന്നുള്ളു; അനിത്യങ്ങൾക്കിടയിൽ നിത്യത്തെ സ്വാനുഭവത്തിൽ അറിയുക എന്നുള്ളതാണതു്.

വ്യ. ൯. "ഈ ദേശത്തെ സ്ത്രീകൾക്കായി അങ്ങുപദേശിക്കുന്നതെന്തു്?" ഈ ചോദ്യത്തിനു സ്വാമികളുടെ സമാധാനം—"ഇന്നാട്ടിലെ സ്ത്രീകളോടു് എനിക്കു് ഉപദേശിക്കാനുള്ളതു പുരുഷന്മാർക്കുള്ള ഉപദേശംതന്നെയാണു്. ഭാരതത്തെ വിശ്വസിക്കുവിൻ! ഭാരതമതത്തെ വിശ്വസിക്കുവിൻ! ശക്തന്മാരായും വിശ്വാസമുള്ളവരായും സങ്കോച

മില്ലാത്തവരായും വൎത്തിക്കവിൻ! അല്പം സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നിരുന്നാലും, ലോകത്തിലുള്ള ഏതൊരു ജനസമുദായത്തെയും അപേക്ഷിച്ച്, ഹിന്തുക്കളിൽ അലംഭാവമില്ലാത്ത കൊടുക്കുന്നതിലേക്കു വേണ്ടതു ധാരാളമുണ്ടെന്നു് എപ്പോഴും ഓൎമ്മയുണ്ടായിരിക്കട്ടെ.”

൨൮൭. മുഹമ്മദീയർ ഇന്ത്യയിൽ ആദ്യമായി പ്രവേശിക്കുമ്പോൾ—മുഹമ്മദീയരുടെ ഏററവും പുരാതനമുഹമ്മദചരിത്രകൎത്താവായ ‘ഫെരിഷ്ട’ എന്ന ദേഹം പറഞ്ഞതായിട്ടാണു് എൻെറ ഓൎമ്മ—നമ്മൾ അറുപതുകോടിഹിന്തുക്കൾ ഉണ്ടായിരുന്നതായിട്ടാണു് അറിവ്. ഇപ്പോഴാകട്ടെ, നമ്മുടെസംഖ്യ ഏതാണ്ടു് ഇരുപതുകോടിയാകുന്നു.

൨൮൮. നമ്മുടെ മതത്തിൻെറ സാരാംശം, ഈ ഇഷ്ടദേവതാരാധനസ്വാതന്ത്ര്യത്തിൽ അന്തൎഭവിച്ചിരിക്കുന്നു.

൨൮൯. പ്രകൃതിയുടെ ഒരേരീതിയിലുള്ള കഠിനതയും, ഭാഗ്യമാഹിനതയുമാകുന്നു.

൨൯൦. ഏററവും അനുഭൂതിയുള്ള മനുഷ്യൻ, ജീവിതം നല്ലതെന്നോ, ചീത്തയെന്നോ അഭിപ്രായപ്പെടുകയില്ല.

൨൯൧. നിസ്സ്വാൎത്ഥതയുടെ തോതനുസരിച്ചാണു് എവിടെയും വിജയത്തിൻെറ അളവുവെളിപ്പെടുന്നതു്.

൨൯൨. യാതൊന്നിനെക്കുറിച്ചും ദുഃഖിക്കാതിരിക്കുന്നവന്നു് എല്ലാം വന്നുചേരും.

൨൯൩. ഈ ജീവിതത്തിൽ വലുതായനന്മ, ശീഘ്രമായ പ്രയത്നമാകുന്നു. അതിൽക്കൂടിയാണു നാം മുമ്പോട്ടുചരിക്കേണ്ടതു്. സ്വൎഗ്ഗത്തിലേക്കു് ഏതെങ്കിലും ഒരു മാൎഗ്ഗമുണ്ടെങ്കിൽ അതു നരകത്തിൽക്കൂടിയാകുന്നു.

൨൯൪. സകലതും അവർ—അവൾ—മാതാവു്! മാതാവുകളിക്കുന്നു. ഈ കളിയിൽ—ലീലയിൽ—നാം മാതാവിൻെറ സഹായികളാണു്. പാവകളെപ്പോലെയാണു നമ്മുടെ അവസ്ഥ. മാതാവു്, ഇപ്പോൾ ഇവിടെ ഒരുവനെ ഭിക്ഷുവിൻെറ വേഷത്തിൽ അണിയിച്ചിരുന്നു; അടുത്തനിമിഷത്തിൽ അവനെ ഒരു മഹാത്മാവിൻെറ വേഷത്തെ സ്വീകരിപ്പിക്കുന്നു. അവനെത്തന്നെ വീണ്ടും പിശാചിൻെറ വേഷത്തിൽ വരുത്തുന്നു. ജ്ഞാനമാതാവിൻെറ ലീലയിൽ അവരെ സഹായിക്കുന്നതിനായി നാം വേറെ വേറെ വേഷങ്ങൾ ധരിക്കുകയാണു്.

൨൯൫. കാരണങ്ങൾ ചേൎന്നു കാൎയ്യമാകുന്നതത്രെ കൃത്രിമം.

൨൯൬—അഹങ്കാരം ലേശമെങ്കിലും ഉണ്ടായിരിക്കുന്നതുവരെ നമ്മുടെ മനസ്സിൽ ഒരിക്കലും പരമാൎത്ഥം ഉദിക്കുന്നതല്ല.

൨൯൭. സന്യാസി, യാതൊരുമതത്തെയും സംബന്ധിച്ചിരിക്കുന്നത

൯൭. അവന്റെ ജീവിതം എല്ലാമതങ്ങളിലുംനിന്നു സ്വീകരിക്കുന്നാസ്വാതന്ത്ര്യത്തെ ആധാരമാക്കിയതാകുന്നു. അതു സ്വാനുഭൂതിയുക്തമായൊരുജീവിതമാണു്. സിദ്ധാന്തങ്ങളും അയുക്തവിശ്വാസങ്ങളും നിറഞ്ഞതല്ല; മക്കടമുഷ്ടിയോടുകൂടിയ ജീവിതവുമല്ല.

൯൮. ധനികന്മാരെ ബഹുമാനിച്ചു് അവരിൽനിന്നു ആദായത്തെ ഉദ്ദേശിച്ചു വണങ്ങിനില്ക്കുക എന്നതു നമ്മുടെ നാട്ടിലെ സന്യാസിവർഗ്ഗത്തിനുള്ള ഒരു വലുതായ ദോഷമാകുന്നു. ഒരു യഥാർത്ഥസന്യാസി ആ നയത്തിൽനിന്നും ഒഴിഞ്ഞുമാറിനിൽക്കണം. ആ നയം ലോകത്തെ ജയിച്ചവനെന്നു് അഭിമാനിക്കുന്നവനെക്കാൾ വേശ്യകൾക്കാണു് അനുരൂപമായിരിക്കുന്നതു്.

൯൯. "എന്നെ തൊടരുതു്" എന്നതു നിന്റെ ആദർശമായും ഛോററുകലം നിന്റെ ഇഷ്ടദേവതയായുമിരിക്കുന്നിടത്തോളം ആത്മീയവിഷയത്തിൽ നിനക്കു് അഭിവൃദ്ധി ഉണ്ടാകുന്നതല്ല.

൧൦൦. ഒന്നാമതായി ഭൂമിയെ ആത്മീയവിചാരങ്ങളാൽപൂരിതമാക്കിച്ചെയ്യുക! മാറുള്ള വിചാരങ്ങൾ അതിനെ തുടർന്നുകൊള്ളും. ആത്മീയദാനവും ജ്ഞാനദാനവുമത്രെ അത്യുൽകൃഷ്ടങ്ങളായിട്ടുള്ളവ. അവ അനേകജന്മങ്ങളിൽനിന്നും രക്ഷിക്കുന്നു. അടുത്ത നില ലൌകികവിജ്ഞാനദാനത്തിനാകുന്നു. അതു മനുഷ്യവർഗ്ഗത്തിന്റെ കണ്ണുകളെ ആത്മീയജ്ഞാനമാർഗ്ഗത്തിലേക്കു തുറന്നുകാട്ടുന്നു. നാലാമതായി ജീവനെ രക്ഷിക്കുന്നതു് അന്നദാനമത്രെ

൧൦൧. പുകവലിക്കാൻ പുകയില തയാറാക്കിക്കൊടുത്തു് ഒരുവനെ സേവിക്കുന്നതു വലുതായ ധ്യാനത്തെക്കാൾ ശ്രേഷ്ഠമാണെന്നു മനുഷ്യർ ധരിക്കുന്നതായ ഒരു കാലം ഉണ്ടാകാൻ പോകുന്നു.

൧൦൨. സ്വാനുഭൂതി സാധുക്കളുമായിട്ടുള്ള നിരന്തരസഹവാസത്താൽ ക്രമേണ സിദ്ധിക്കുന്നതാണു്.

൧൦൩. ഗുരു ശിഷ്യന്റെ പാപഭാരത്തെ വഹിക്കേണ്ടിയിരിക്കുന്നു; വലിയ ആചാര്യന്മാരുടെ ശരീരത്തിൽ പോലും വ്യാധികളും മററും സംഭവിച്ചുകാണുന്നതിനുള്ള കാരണം ഇതല്ലാതെ മറെറാന്നുമല്ല.

൧൦൪. ഏതൊരാളിൽകൂടി ഈശ്വരശക്തിപ്രവൎത്തിക്കുന്നുവോ ആ ആളത്രെ ആചാര്യൻ

൧൦൫. എല്ലാജീവന്മാരും കളിക്കുന്നു; ചിലർ അറിഞ്ഞും ചിലർ അറിയാതെയും കളിനടത്തുന്നു; അറിവോടുകൂടി കളിക്കുന്നതിലേക്കു് അഭ്യസിക്കുകയത്രെമതം.

൧൦൬. ജീവിതമെന്നതു മരണത്തിന്റെ നിഴലാണു്; മരണം ജീവിതത്തിന്റെ നിഴലുമാകുന്നു.

൧൦൭. ദൈവം, എല്ലാ സ്ഥലവും മദ്ധ്യഭാഗമായിട്ടുള്ളതും പരിവേഷത്തോടുകൂടാത്തതുമായ ഒരുവൃത്തമാകുന്നു.

൯൦൮. ജീവൻ എന്നതു് ചുററളവില്ലാത്തതും, എന്നാൽ ഏതെങ്കിലും ഒരു ശരീരത്തിന്റെ മദ്ധ്യഭാഗം അടങ്ങിയതുമായ ഒരു വൃത്തമാകുന്നു.

൯൦൯. ജ്ഞാനമെന്നതു് സിദ്ധാന്തമററ ഭാവമാകുന്നു; എന്നാൽ സിദ്ധാന്തങ്ങളെ അതു് അപലപിക്കുന്നു എന്നു് അൎത്ഥമില്ല.

൯൧൦. ലോകത്തിൽ വസിച്ചും ലോകത്തോടു ചേരാതെനില്ക്കുകയാണു ത്യാഗത്തിന്റെ യഥാൎത്ഥമായ പരീക്ഷ.

൯൧൧. ഏററവും ശ്രേഷ്ഠമായിട്ടുള്ളതിനെ, എല്ലായ്പോഴും അത്യുൽകൃഷ്ടമായിട്ടുള്ളതിനെത്തന്നെ ലക്ഷീകരിക്കുക! എന്തുകൊണ്ടെന്നാൽ അതിലാണു നിത്യാനന്ദം സ്ഥിതിചെയ്യുന്നതു്. ഞാൻ വേട്ടയാടുന്നുവെങ്കിൽ സിംഹത്തെത്തന്നെ വേട്ടയാടും. ഞാൻ കവൎച്ചനടത്തുന്നുവെങ്കിൽ രാജാവിന്റെ ഭണ്ഡാരത്തിൽത്തന്നെ കവൎച്ച നടത്തും. ഏററവും ശ്രേഷ്ഠമായിട്ടുള്ളതിനെത്തന്നെ ലക്ഷ്യമാക്കുക!

൯൧൨. സഹോദര! എന്തിനു കരയുന്നു! നിനക്കു മരണവുമില്ല, രോഗവുമില്ല. സഹോദരാ! എന്തിനു കരയുന്നു? നിനക്കു ദുഃഖവുമില്ല, ഭാഗ്യഹീനതയുമില്ല. സഹോദര! എന്തിനു കരയുന്നു? നിനക്കു പരിവൎത്തനവുമില്ല, മരണവുമില്ല. നീ അഖണ്ഡസത്താമാത്രമായ വസ്തുവാണു്.

൯൧൩. പുനൎജ്ജന്മം എന്നതു പ്രകൃതിയുടെ അഭിവൃദ്ധിയും അന്തഃസ്ഥിതമായ ഈശ്വരന്റെ പ്രകടനവുമാകുന്നു.

൯൧൪. നമുക്കു ദൌഷ്ട്യത്തെ സംബന്ധിച്ച ആദൎശങ്ങളില്ല. നാം അതിനെ അജ്ഞാനമെന്നു പറയുന്നു.

൯൧൫. നിൎവ്വാണത്തെ ഇവിടെ, ഇപ്പോൾത്തന്നെ, പ്രാപിക്കാൻ സാധിക്കുമെന്നു കരുതി, നാം അതിനെ പ്രാപിക്കുന്നതിലേക്കു മരണംപൎയ്യന്തം കാത്തിരിക്കേണ്ട ആവശ്യമില്ലെന്നു വേദാന്തം പറയുന്നു.

൯൧൬. നമ്മുടെ തുടക്കം ഈശ്വരനിലും മുക്തിയിലുമാണു്; നമ്മുടെ ഒടുക്കവും അവയിൽത്തന്നെ.

൯൧൭. ഏതൊരു സമുദായത്തിൽ സീമാതീതമായ നിയമങ്ങൾ ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നുവോ, ആ സമുദായം അതിശീഘ്രം മരിക്കുമെന്നുള്ളതു നിശ്ചയമാണു്.

൯൧൮. യഥാൎത്ഥമായ ആനന്ദം ഈശ്വരനാണു്. പ്രേമമത്രെ ഈശ്വരൻ; സ്വാതന്ത്ര്യമത്രെ ഈശ്വരൻ; ബന്ധമുള്ള യാതൊന്നും ഈശ്വരനല്ല.

൯൧൯. നമുക്കു വേണ്ടതു നിയതിയല്ല. എന്നാൽ, നിയതിയെ ലംഘിക്കുന്നതിനുള്ള ശക്തി, നാം നിയതിഭ്രഷ്ടന്മാരാകാൻ പ്രേരിപ്പിക്കുന്നു. നീ നിയതികളാൽ നിൎബദ്ധനായാൽ നീ ഒരു കളിമൺ

കട്ടയായിത്തീരും. നീ നിയതിക്ക് അതീതനാണോ അല്ലയോ എന്നുള്ള ചോദ്യം. എന്നാൽ, നാം നിയതിക്കധീനന്മാരാണെന്നുള്ള വിചാരം മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിന്നാകമാനം അസ്ഥിവാരമായി നില്ക്കുന്നു.

൯൨൦. "മായ അല്ലെങ്കിൽ അജ്ഞാനം വന്നിരിക്കുന്നതെന്തിന്നു?" എന്ന ചോദ്യത്തിന്നു സ്വാമികളുടെ സമാധാനം ഇതാണു്:— "എന്തിന്നെന്ന ചോദ്യം കാരണകാര്യപരിധിക്കപ്പുറത്തുള്ളതിനെക്കുറിച്ചു ചോദിക്കാൻ പാടില്ല. മായയ്ക്കകത്തുള്ളതിനെപ്പറ്റിയെ അങ്ങിനെ ചോദിക്കാൻ പാടുള്ളു. അച്ചോദ്യം താർക്കികവാദമനുസരിച്ചു ചോദിക്കപ്പെട്ടമ്പോൾ നാം അതിന്നു സമാധാനം നൽകുമെന്നു പറയുന്നു. അതിന്നുമുൻപു് ഉത്തരം പറവാൻ നമുക്കു് അവകാശമില്ല."

൯൨൧. "മനുഷ്യൻ, അഖണ്ഡാവസ്ഥയിനെ അറിയുന്നതിന്നുള്ള പ്രധാന മാർഗ്ഗമേതാണു്?" ഈ ചോദ്യത്തിന്നു സ്വാമികളുടെ സമാധാനമാവിതു്— "രണ്ടു മാർഗ്ഗമുണ്ടെന്നു നാം പറയുന്നു. ഒന്നു സുസമ്മതവും മറ്റൊന്നു വിവാദാർത്ഥവുമാകുന്നു. യാതൊന്നുമൂലം പ്രപഞ്ചം പ്രവർത്തിക്കുന്നുവോ അതു്— പ്രേമമാകുന്ന മാർഗ്ഗം— അത്രെ സുസമ്മതമായിട്ടുള്ളതു്. ഈ പ്രേമം പരിവേഷമെത്ര പ്രവൃദ്ധമായിക്കൊണ്ടിരുന്നാൽ നാം സമഷ്ടിപ്രേമത്തെ പ്രാപിക്കുന്നു. മറ്റേതു 'നേതി, നേതി" (ഇതല്ല, ഇതല്ല) മനസ്സിനെ വെളിയിലേക്കു വലിക്കുന്ന ഓരോ തിരയേയും നിർത്തുകയാകുന്നു; ഒടുവിൽ മനസ്സു മരിക്കുന്നു; സത്യാവസ്ഥ പ്രകാശിക്കുന്നു. ആ അവസ്ഥയെ സമാധി അല്ലെങ്കിൽ പ്രജ്ഞാതീതം എന്നു നാം പറയുന്നു.

൯൨൨. "അങ്ങിനെയാണെങ്കിൽ, അതു ഭാവത്തെ പ്രത്യക്ഷത്തിൽ ലയിപ്പിക്കുകയാണെല്ലോ" എന്ന സംശയത്തിന്നു സ്വാമികളുടെ സമാധാനം:— "പ്രത്യക്ഷത്തെ ഭാവത്തിൽ ലയിപ്പിക്കുകയെന്നതു്, ഭാവത്തെ പ്രത്യക്ഷത്തിൽ ലയിപ്പിക്കുകയല്ല. യഥാർത്ഥത്തിൽ ഈ ലോകം മരിക്കുന്നു; ഞാൻ ശേഷിക്കുന്നു. ഞാൻ ഒരുവൻതന്നെ ശേഷിക്കുന്നവൻ"

൯൨൩. "ആ പ്രജ്ഞാതീതാവസ്ഥയെ അവർ പ്രാപിക്കുകയാണെങ്കിൽ അതിനെപ്പറ്റി പറവാൻ അവർക്കു സാധിക്കുമോ?" എന്ന ചോദ്യത്തിന്നു സ്വാമികളുടെ സമാധാനം:— "സാധിക്കുകയില്ല; എന്നാൽ, നമുക്കു് അതിനെ ഫലങ്ങളെക്കൊണ്ടു നിശ്ചയിക്കാം. ഒരു മൂഢൻ നിദ്രചെയ്തുംവച്ചു് ഉണർന്നു വെളിയിൽ വരുന്നതു മൂഢനായിട്ടോ, അഥവാ, അതിനേക്കാൾ നികൃഷ്ടമായ അവസ്ഥയോടുകൂടിയവനായിട്ടോ ആയിരിക്കും. എന്നാൽ മറ്റൊരുവൻ ധ്യാനാവസ്ഥയിൽ വർത്തിച്ചതിന്നുശേഷം വെളിയിൽ വരുന്നവനായിരിക്കട്ടെ; അവന്റെ അപ്പോഴത്തെ അവസ്ഥ ഒരു തത്വജ്ഞാനിയുടേതോ, ഒരു

ഋഷിയുടേതോ, ഒരു വലിയ മഹാത്മാവിന്റേതോ ആയിരിക്കും. ഈ രണ്ടവസ്ഥകൾക്കുമുള്ള വ്യത്യാസത്തെ അവ വെളിപ്പെടുത്തുന്നു.

൯൨൪. "ഒരു യോഗിയുടെ വെളിപ്പെടുത്തലുകൾ എന്തെല്ലാമാണെന്നു ചുരുക്കത്തിലെങ്കിലും, അങ്ങേക്കു പറവാൻ സാധിക്കുമോ?" ഈ ചോദ്യത്തിനു സ്വാമികളുടെ സമാധാനം:-"വസ്തുപരിശോധന നടത്തുന്നതിനു പര്യാപ്തമായ പരിഷ്കൃത വിശ്വാസത്തെ ഒഴിച്ച്, മററുള്ള ശാസ്ത്രങ്ങൾക്കു നല്കപ്പെടുന്ന അനാവശ്യമായ വിശ്വാസങ്ങളെ തന്റെ ശാസ്ത്രത്തിൽ ഘടിപ്പിക്കണമെന്നു യോഗി ആഗ്രഹിക്കുന്നില്ല. യോഗിയുടെ ലക്ഷ്യം അപാരമാകുന്നു. മനശ്ശക്തികൊണ്ടു നിസ്സാരവിഷയങ്ങൾ നിർവഹിക്കപ്പെടുന്നതു ഞാൻ കണ്ടിട്ടുണ്ട്; എന്നുവച്ച്, അത്യുത്കൃഷ്ടമായ വിഷയങ്ങളെ നിർവ്വഹിക്കാൻ കഴിയുകയില്ലെന്നു വിശ്വസിക്കുന്നതിന് എനിക്കു് അവകാശമില്ല. യോഗിയുടെ ലക്ഷ്യം സർവ്വജ്ഞത്വത്താലും സർവ്വശക്തിത്വത്താലും നിത്യശാന്തിയെയും പ്രേമത്തെയും പ്രാപിക്കുകയെന്നുള്ളതാകുന്നു. കൃഷ്ണസർപ്പത്താൽ ദംശിക്കപ്പെട്ടു മൂർച്ഛിച്ചു ഭൂമിയിൽവീണ ഒരു യോഗിയെ എനിക്കറിയാം. വൈകുന്നേരം സുസ്ഥിരനായി അദ്ദേഹം എഴുന്നേററു. എന്തുസംഭവിച്ചു എന്നു് അദ്ദേഹത്തോടു ചോദിച്ചപ്പോൾ, "എന്റെ സുഹൃത്തിന്റെ അടുക്കൽനിന്നും ഒരു ദൂതൻ വന്നിരുന്നു" എന്നാണു് അദ്ദേഹം പറഞ്ഞ സമാധാനം. പ്രതികാരബുദ്ധിയും കോപവും അസൂയയുമെല്ലാം ഈ മനുഷ്യനിൽ ദഹിപ്പിക്കപ്പെട്ടുകഴിഞ്ഞു. അദ്ദേഹത്തെ എതിർക്കാൻ യാതൊരുവനാലും യാതൊന്നിനാലും സാധിക്കുന്നതല്ല; അദ്ദേഹം എല്ലായ്പോഴും അഖണ്ഡപ്രേമസ്വരൂപിയായി വർത്തിക്കുന്നു; അദ്ദേഹം തന്റെ പ്രേമശക്തിയിൽ സർവ്വശക്തനായിരിക്കുന്നു. അദ്ദേഹമാണു യഥാർത്ഥയോഗി. വേറെ വേറെ വിഷയങ്ങളെ ഏല്പെടുത്തുകയെന്നതു് മാർഗ്ഗമദ്ധ്യേ അവിചാരിതമായി സംഭവിക്കുന്നവയാണു്. യോഗി അവയെ ആശിക്കുന്നില്ല. യോഗിയെ ഒഴിച്ചു മററുള്ളവരെല്ലാം അടിമകളാണെന്നു പറയപ്പെടുന്നു. ഓരോ മനുഷ്യനും ആഹാരത്തിനും വായുവിനും ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും എന്നല്ല, ഒരു നാണയത്തിനുതന്നെയും അടിമയായി ഭവിച്ചിരിക്കുന്നു. അവൻ ജനസമുദായത്തിന്റെ അടിമയാണു്; പേരിനും പെരുമയ്ക്കും അടിമയാണു്; ഈ ലോകത്തിലുള്ള ഒരു് ആയിരം വിഷയങ്ങളുടെ അടിമയാണു്.

൯൨൫. "പ്രജ്ഞാതീതാവസ്ഥയെ സംബന്ധിച്ച ഈ വിചാരങ്ങൾക്കും ഇന്ത്യയുടെ ഉൽകൃഷ്ടസ്ഥിതിക്കും വല്ല സംബന്ധവുമുണ്ടോ?" ഈ പ്രശ്നത്തിനു സ്വാമികളുടെ ഉത്തരമാവിതു :—"ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഈ തത്വജ്ഞാനങ്ങളെല്ലാം കടൽനിരപ്പിൽനിന്നും പതിനായിരം അടി ഉയരത്തിലുള്ള ഹിമഗിരി

യിൽ വച്ചു്, മിക്കവാറും ശുദ്ധശീതോഷ്ണാവസ്ഥയിൽവച്ചു മനനംചെയ്യപ്പെട്ടിട്ടുള്ളവയാകുന്നു."

൯൮൩. "ശീതളമായ പ്രദേശത്തു്, വിജയം സിദ്ധിക്കുന്ന കാര്യം അനുഭവസാദ്ധ്യമാണോ?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനമാവിതു്.—"അതെ; ഈ ലോകത്തിൽ അനുഭവസാദ്ധ്യമായിട്ടുള്ള വിഷയം അതൊന്നുമാത്രമാണു്. നിങ്ങളിൽ ഓരോരുത്തരും ജന്മനാവേദാന്തികളാണെന്നു ഞാൻ പറയുന്നു. നീജീവിച്ചിരിക്കുന്ന ഓരോനിമിഷത്തിലും ഓരോവസ്തുവുമായി നിനക്കുള്ള ഐക്യത്തെ നീ വെളിപ്പെടുത്തിവരുന്നു. ലോകത്തെ നോക്കി നിന്റെ ഹൃദയം ഉച്ചരിക്കുന്ന ഓരോനിമിഷത്തിലും നീ ഒരു യഥാർത്ഥവേദാന്തിയായിരിക്കുന്നു; എന്നാൽ നീ അതറിയുന്നില്ല; അത്രയേ ഉള്ളൂ. എന്തിനെന്നറിയാതെ നീ സഭ്യത്തനായിരിക്കുന്നു. വിശകലനം ചെയ്യപ്പെട്ടു അറിവോടുകൂടി സദാചാരത്തെയും മനുഷ്യനു് ഉപദേശിച്ച തത്വശാസ്ത്രമാണു വേദാന്തം. അതു സർവ്വമതങ്ങളുടെയും സാരാംശമാകുന്നു!

൯൮൬. നാഗരികത്വമെന്നതു മനുഷ്യനിലുള്ള ഈശ്വരത്വത്തെ വെളിപ്പെടുത്തുകയാകുന്നു.

൯൮൭. "വേദങ്ങളിൽ എന്താണു വിശേഷം?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനം.—"വേദങ്ങളിലുള്ള ഒരു വിശേഷമെന്താണെന്നാൽ, അവയെ കടന്നു ചെല്ലണമെന്നു വീണ്ടും വീണ്ടും ഉപദേശിക്കുന്ന ശാസ്ത്രം അവതന്നെയാണു് എന്നുള്ളതാകുന്നു. വേദങ്ങൾ ശൈശവമനസ്സിനായിട്ടു രചിക്കപ്പെട്ടിട്ടുള്ളവയാണെന്നു് അവതന്നെ പറയുന്നു; നീ വളർന്നുകഴിഞ്ഞാൽ അവയെ കടന്നുചെല്ലണം."

൯൮൯. "ഗുരു എന്നു് ആരെ വിളിക്കാം?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനം.—"നിന്റെ ഭൂതകാലത്തെയും ഭാവികാലത്തെയും പ്രത്യാപനം ചെയ്യുന്നതു യാതൊരാളാണോ, ആ ആളാണു ഗുരു".

൯൯൦. "മനുഷ്യജന്മത്തിൽനിന്നു താഴ്ന്ന ജന്മത്തെ പ്രാപിക്കുക സംഭാവ്യമാണോ?" സ്വാമികളുടെ സമാധാനം—"സംഭാവ്യം തന്നെ. പുനർജ്ജന്മം കർമ്മത്തെ അപേക്ഷിച്ചിരിക്കുന്നു. മൃഗീയമായ കർമ്മത്തെ ഒരുവൻ കൂട്ടുന്നുവെങ്കിൽ അവൻ അതിലേക്കു് ആകർഷിക്കപ്പെടുന്നു".

൯൯൫. "നമ്മുടെ ഏറ്റവും ഉൽകൃഷ്ടമായ ലക്ഷ്യം എന്തായിരിക്കണം?" സ്വാമികളുടെ ഉത്തരം—"ത്യാഗം."

൯൯൮. "ഈശ്വരകാരുണ്യമില്ലാതെ മുക്തിയെ പ്രാപിക്കാൻ സാധിക്കുമോ?" സ്വാമികളുടെ സമാധാനം—"മുക്തിക്കും ഈശ്വരനും സംബന്ധമേ ഇല്ല. സ്വാതന്ത്ര്യം ആദ്യമേ ഉണ്ടു്."

൯൩൩. "മായാവാദം അദ്വൈതവാദത്തിൽനിന്നു വ്യത്യസ്ത മാണോ?" സ്വാമികളുടെസമാധാനം:—"ഇല്ല; അവ ഒന്നുതന്നെയാ ണു്. അദ്വൈതവാദത്തിനുമായാവാദത്തെക്കൂടാതെ വേറെന്യായമില്ല."

൯൩൪. നമ്മുടെമനസ്സിന്റെയുംശരീരത്തിന്റെയും ശക്തികളി ൽ ഏതെങ്കിലുമൊന്നിനെ യഥായോഗ്യം ഉപയോഗപ്പെടുത്തിയാൽ അതു പുണ്യമായിത്തീരുന്നു; ന്യായരഹിതമായി ഉപയോഗപ്പെടുത്തി യാൽ, അല്ലെങ്കിൽ നിഷ്ഫലമാക്കപ്പെട്ടാൽ, അതുപാപമായിഭവിക്കുന്നു.

൯൩൫. കാലദേശകാരണങ്ങളത്രെ, മായ എന്നുപറയപ്പെടുന്ന തു്.

൯൩൬. കർമ്മരഹസ്യങ്ങളിൽ ഒന്നു്, കഴിയുന്നിടത്തോളം നി രാക്ഷേപമായ മാർഗ്ഗത്തിൽക്കൂടി കടന്നുപോവുകയാകുന്നു.

൯൩൭. സന്മാർഗ്ഗംസിദ്ധിക്കത്തക്ക, മനഃശക്തി വർദ്ധിക്കത്തക്ക, ബുദ്ധി വികസിക്കത്തക്ക, മനുഷ്യൻസ്വന്തംകാലിൽ എഴുന്നേറ്റുനിൽ ക്കത്തക്ക, വിദ്യാഭ്യാസമാണു നമുക്കു വേണ്ടതു്.

൯൩൮ അത്ഭുതകരമായ വാഗ്വൈഭവം, ഈശ്വരാനുഭൂതി സിദ്ധി ക്കണമെന്ന ഒരേ ലക്ഷ്യത്തോടുകൂടി പന്ത്രണ്ടു സംവത്സരം ഏതൊരു വൻ അവിച്ഛിന്നമായി ബ്രഹ്മചര്യത്തെ അനുഷ്ഠിക്കുന്നുവോ അവനു ലഭിക്കുന്നു.

൯൩൯. "നമ്മുടെ ബാലന്മാർക്കു വിദ്യാഭ്യാസത്തെ നൽകേ ണ്ടതെങ്ങനെ?" എന്നചോദ്യത്തിനു സ്വാമികളുടെ സമാധാനം—"ഗു രുകുലവാസത്താൽ".

൯൪൦. "അതെങ്ങനെ?" സ്വാമികളുടെസമാധാനം "പുരാതനരീ തിയിൽ. എന്നാൽ അതു പഠനത്തോടുകൂടി നവീന പാശ്ചാത്യശാസ്ത്ര ത്തെയും സംഘടിപ്പിക്കണം; ഇതുരണ്ടും ആവശ്യമാണു"

൯൪൧. ഇന്നത്തെ "സർവ്വകലാശാലാഭ്യസനരീതിയിൽ എ ന്തു ന്യൂനതയാണുള്ളതു്?" സ്വാമികളുടെ ഉത്തരം—"അതു് അധിക വും ന്യൂനതകളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണു്. എന്തുകൊണ്ടു്? അ തു ഗുമസ്ഥന്മാരെ (Clerks)സൃഷ്ടിക്കുന്നതിനു പര്യാപ്തമായ ഒരു യന്ത്ര മാണെന്നല്ലാതെ മറ്റൊന്നും അതിനെപ്പറ്റി പറവാനില്ല. അതിന്റെ സ്ഥിതി അതുമാത്രമാണെന്നു വന്നാലും വലിയ തരക്കേടില്ലായിരുന്നേ നെ. എന്നാൽ അനുഭവം അങ്ങനെയല്ല. മനുഷ്യൻ ശ്രദ്ധയേയും വിശ്വാസത്തെയും എങ്ങനെ നഷ്ടപ്പെടുന്നു എന്നു നോക്കുക! ഗീത ഇടക്കാലത്തു് എഴുതിച്ചേർത്തിട്ടുള്ളതാണെന്നും വേദങ്ങൾ പട്ടിക്കാട്ടി ലെപാട്ടുകളാണെന്നും പറവാൻ അവർ ധൈര്യപ്പെടുന്നു. ഇന്ത്യയ്ക്കു പുറമേയുള്ള വിഷയങ്ങളെയും ജനസമൂഹങ്ങളെയും പറ്റി വിശദമായി ഗ്രഹിക്കുന്നതിനു് അവർ ഉത്സുകരാകുന്നു; എന്നാൽ ഏഴാമത്തെ ത

ലമുറവരെയുള്ള അവരുടെ സ്വന്തം പൂർവ്വികന്മാരുടെ പേരു കേട്ടാൽ അവർ അറിയുന്നില്ല.”

൯൪൨. ഒരിക്കൽ ദക്ഷിണേശ്വരംക്ഷേത്രത്തിൽ വിഷ്ണുപൂജ നടത്തിക്കൊണ്ടിരുന്ന ബ്രാഹ്മണൻ ആ വിഗ്രഹത്തിന്റെ കാൽ ഒടിച്ചുകളഞ്ഞു. അതിനെപ്പററിയുള്ള അഭിപ്രായരൂപവൽക്കരണത്തിനായി ഒരു പണ്ഡിതസദസ്സു വിളിച്ചുകൂട്ടി; അവർ പഴയഗ്രന്ഥങ്ങളെയും മററും തിരിച്ചും മറിച്ചും നോക്കിയിട്ട് ഈ ഭഗ്നമായ വിഗ്രഹത്തെ ഉപാസിക്കുന്നതിനു ശാസ്ത്രങ്ങളിൽ അനുവദിച്ചിട്ടില്ലെന്നും, ഒരുപുതിയ വിഗ്രഹത്തെ പ്രതിഷ്ഠിക്കണമെന്നും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. ഈ അഭിപ്രായം ഒരു വലിയ കഴപ്പത്തിനു കാരണമായി. ഒടുവിൽ ശ്രീരാമകൃഷ്ണനെ വരുത്തി അദ്ദേഹം സംഗതികൾ ഗ്രഹിച്ചിട്ടു, “ഭർത്താവിനു മുറിവു സംഭവിച്ചു എന്നുവച്ചു, ഭാര്യ ആ ഭർത്താവിനെ ഉപേക്ഷിച്ചു കളയാറുണ്ടോ?” എന്നു ചോദിച്ചു. പണ്ഡിതന്മാർക്കു സമാധാനമില്ലെന്നു വന്നു; അവരുടെശാസ്ത്രീയ വ്യാഖ്യാനങ്ങൾക്കും ആഡംബരമായ പ്രസംഗങ്ങൾക്കും മററും ഈ സാധാരണ ചോദ്യത്തിന്റെ ശക്തിയുടെ മുമ്പിൽ നില്ക്കാൻ സാധിച്ചില്ല.

൯൪൩. പ്രധാനവിഷയം ത്യാഗമാകുന്നു; ത്യാഗമില്ലാതെ ഏതൊരാളിനും അന്യന്മാരെസേവിക്കുന്നവിഷയത്തിൽ തന്റെ ഹൃദയം മുഴുവൻ ചെലുത്തുന്നതിനു കഴിയുന്നതല്ല.

൯൪൪. നീ മരിക്കുകതന്നേ ചെയ്യും; എന്നാൽ മരിക്കുന്നതിനായിട്ടു ഒരു വലിയ ലക്ഷ്യത്തെ സ്വീകരിച്ചു കൊൾക! ജീവിതത്തിൽ ഒരു വലിയ ലക്ഷ്യത്തെ സ്വീകരിച്ചുകൊണ്ടുമരിക്കുന്നതു ശ്ലാഘ്യമാകുന്നു.

൯൪൫. പ്രേമത്തിന്റെ പരിപൂർണ്ണാനുഭൂതിയിൽ ശാരീരികമായ ഓർമ്മപോലും ഉണ്ടായിരിക്കുന്നതല്ല.

൯൪൬. ഒരുവൻ പരിപൂർണ്ണജ്ഞാനിയായിത്തീർന്നാലല്ലാതെ ഭക്തിയുടെ അനുഭൂതി അവനു ഉണ്ടാകുന്നതല്ല.

൯൪൭. ദേശത്തെ ഉയർന്നനിലയിലേക്കു കൊണ്ടുവരണം; ‘മഹാവീര’ന്റെ ഉപാസനാക്രമം അനുകരിക്കപ്പെടണം; ശക്തിപൂജ,നമ്മുടെ നിത്യാനുഷ്ഠാനത്തിന്റെ ഒരംശമായിത്തീരണം; ശ്രീരാമചന്ദ്രൻ ഓരോ ഗൃഹത്തിലും പൂജിക്കപ്പെടണം; അതിലാണു നന്മ അടങ്ങിയിരിക്കുന്നതു; നാട്ടിന്റെ അഭിവൃദ്ധി അതിൽ അന്തർഭവിച്ചിരിക്കുന്നു; ഇതല്ലാതെ മാർഗ്ഗാന്തരമില്ല.

൯൪൮. ഒരിക്കൽ ശ്രീരാമകൃഷ്ണപരമഹംസൻ ദക്ഷിണേശ്വരം ക്ഷേത്രത്തിലെ ഉദ്യാനത്തിൽ വച്ചു് എന്റെ ഹൃദയത്തിൽ സ്പർശിച്ചു;

ഗൃഹങ്ങൾ, മുറികൾ, കതകുകൾ, ജനേലുകൾ, മരങ്ങൾ, താഴ്വരകൾ, സൂര്യൻ, ചന്ദ്രൻ, ഇവയൊക്കെ ഉണ്ടാകുന്നതും അനന്തരം അവ ഖണ്ഡം ഖണ്ഡമായി ശിഥിലീകരിക്കപ്പെടുന്നതും എന്നല്ല, ധൂളീകരിക്കപ്പെടുന്നതും ഒടുവിൽ ആകാശത്തിൽചെന്നു ലയിക്കുന്നതും മറ്റും ഞാൻ കണ്ടുതുടങ്ങി; അതിന്റെശേഷം ആകാശവും സാവധാനത്തിൽ മറഞ്ഞുതുടങ്ങി. അതോടുകൂടി എന്റെ അഹംകാരപ്രജ്ഞ നീങ്ങി; ഒടുവിൽ എന്തു സംഭവിച്ചു എന്ന് എനിക്ക് ഓർമ്മയില്ല. ആദ്യം ഞാൻ ഭയന്നുപോയി. ആ നിലയിൽനിന്നും തിരികെ വരുമ്പോൾ വീടുകളെയും കതകുകളെയും ജനേലുകളെയും മറ്റുള്ള സാധനങ്ങളെയും അനുക്രമമായി ഞാൻ കാണുകയും ചെയ്തു.

൱൪൯. പൂർവ്വജന്മത്തിലെ കർമ്മഫലങ്ങൾ, ഈശ്വരചൈതന്യത്തെ, വെളിക്കു പ്രകാശിപ്പിക്കാതെ മറച്ചു നിറുത്തുന്നു.

൱൫൦. നിഷിദ്ധമായ കാമകാഞ്ചനങ്ങളാൽ ബന്ധിക്കപ്പെട്ടുകിടക്കുന്ന ജനങ്ങൾ ബ്രഹ്മാനന്ദത്തെ അനുഭവിപ്പാൻ പ്രയാസമാണ്

൱൫൧. ഈശ്വരനാമോച്ചാരണം, ധ്യാനം, ഉപാസന, പരിശുദ്ധമായ അഗ്നിയിൽ ആഹുതി ചെയ്യുക ഇവയെല്ലാം, ത്യാഗത്തെ ഉണ്ടാക്കുന്നതിനുള്ളവയായിട്ടാകുന്നു.

൱൫൨. ത്യാഗം; ത്യാഗമത്രെ സ്വാനുഭൂതികളുടെയെല്ലാം മൂലമന്ത്രം; യഥാർത്ഥമായ രഹസ്യം.

൱൫൩. "ബുദ്ധമതവും വൈഷ്ണവമതവും 'അഹിംസാപരമോധർമ്മഃ' എന്നു പ്രഖ്യാപനം ചെയ്യുന്നതെന്തിന്?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനം:—"ബൗദ്ധമതവും വൈഷ്ണവമതവും, രണ്ടും, രണ്ടുവിഷയങ്ങളോടുകൂടിയവയല്ല. ഇന്ത്യയിൽ ബൗദ്ധമതത്തിനു ക്ഷീണതനേരിട്ടപ്പോൾ, ഹിന്ദുമതം അതിൽനിന്നു ചില പ്രധാനപ്പെട്ട ആദർശങ്ങളെയും സിദ്ധാന്തങ്ങളെയും തന്റേതാക്കി സ്വീകരിച്ചു. അവയിപ്പോൾ വൈഷ്ണവമതം എന്ന പേരിൽ അറിയപ്പെട്ടുവരുന്നു. 'അഹിംസാപരമോധർമ്മഃ' എന്ന ബൗദ്ധമതസിദ്ധാന്തം ഏററവും ഉൽകൃഷ്ടമായിട്ടുള്ളതാകുന്നു; എന്നാൽ പൊതുജനങ്ങളുടെ പക്വതയെക്കുറിച്ചു ലേശംപോലും ശ്രദ്ധിക്കാതെ, എല്ലാവരും അതിനെ അനുഷ്ഠിക്കണമെന്നു നിർബന്ധമായ ചട്ടങ്ങളാൽ പ്രയത്നിച്ചതുകൊണ്ട്, ബൗദ്ധമതം ഇന്ത്യയുടെ നാശത്തെ ഉണ്ടാക്കിയിരിക്കുന്നു."

൱൫൪. "മത്സ്യവും മാംസവും ഭക്ഷിച്ചാൽ, മനുഷ്യനു രജോഗുണം വർദ്ധിക്കുകയില്ലേ?" എന്ന ചോദ്യത്തിനു സ്വാമികളുടെ സമാധാനമായിതു—"നിങ്ങൾക്കു രജോഗുണം വർദ്ധിക്കുന്നതാണെന്നാണ് എന്റെ കാംക്ഷ. ഇപ്പോൾ രജസ്സാണു ചരക്കേണ്ടതു്. സത്വഗുണമല്ല

ധാനന്മാരെന്നു നിങ്ങളാൽ കരുതപ്പെട്ടുപോരുന്നവരിൽ തൊണ്ണൂറുശതമാനം പേരും മൂഢത്വതമസ്സിൽ മുങ്ങിക്കിടക്കുന്നവരാണ്. അവരിൽ പതിനാറുശതമാനം ആളുകളെങ്കിലും യഥാർത്ഥസാത്വികന്മാരായിരുന്നാൽ മതിയാകും. ഇന്നാട്ടിലെ ജനങ്ങൾ പോഷിപ്പിക്കപ്പെടണം; വസ്ത്രധാരണംചെയ്യിക്കപ്പെടണം; എഴുന്നേൽപ്പിക്കപ്പെടണം. അവരെ നല്ലപ്രസരിപ്പുള്ളവരാക്കിച്ചെയ്യണം"

൯൰൦. മനുഷ്യൻ പ്രകൃതിയെ ജയിക്കാനായി ജനിച്ചവനാണ്; അതിനെ അനുഗമിക്കാനായി ജനിച്ചവനല്ല.

൯൰൧. ബലം നന്മയിൽ അടങ്ങിയിരിക്കുന്നു; പരിശുദ്ധതയിൽ അന്തർഭവിച്ചിരിക്കുന്നു.

൯൰൨. ജഗത്ത് എന്നത് പ്രത്യക്ഷീകരിക്കപ്പെട്ട ദൈവമാകുന്നു.

൯൰൩. നീ നിന്നെത്തന്നെ വിശ്വസിക്കാതിരിക്കുന്നിടത്തോളം, നിനക്ക് ഈശ്വരനെ വിശ്വസിക്കാൻ സാധിക്കുന്നതല്ല.

൯൰൪. സത്യത്തെ ഒരായിരം വിഭിന്നമാർഗ്ഗങ്ങളിൽക്കൂടി വെളിപ്പെടുത്താം. എന്നാൽ, അവ ഓരോന്നും സത്യമായിരിക്കുകതന്നെ ചെയ്യും.

൯൰൫. ഏതൊരു ജഡവസ്തുവിനാലും ചലിപ്പിക്കപ്പെടാത്ത മനുഷ്യൻ അമരത്വത്തെ പ്രാപിക്കുന്നു.

൯൰൬. എല്ലാററിനെയും പരമാർത്ഥത്തിനായിട്ടു ത്യാഗം ചെയ്യാം; എന്നാൽ പരമാർത്ഥത്തെ യാതൊന്നിനുവേണ്ടിയും ത്യജിക്കാൻ പ്രയാസമാണ്.

൯൰൭. ഈശ്വരൻ മനുഷ്യനായിരിക്കുന്നു; മനുഷ്യൻ വീണ്ടും ഈശ്വരനായിഭവിക്കുന്നു.

൯൰൮. ഇവിടെ നമുക്ക് ഇപ്പോൾതന്നെ പരിപൂർണ്ണതയെ പ്രാപിക്കാൻ സാധിക്കുകയില്ലെങ്കിൽ വേറൊരുജന്മത്തിൽ പരിപൂർണ്ണതയിൽ എത്താൻ സാധിക്കുമെന്നുള്ളതിനു യാതൊരു പ്രമാണമില്ല.

൯൰൯. യഥാർത്ഥക്രിസ്ത്യൻ, യഥാർത്ഥഹിന്ദുവാണ്; യഥാർത്ഥഹിന്ദു, യഥാർത്ഥക്രിസ്ത്യനുമാകുന്നു.

൯൰൰. ആശ അളവററതാണ്; അതിന്റെ പൂർണ്ണത അളവുള്ളതുമാകുന്നു. ആശ ഓരോ മനുഷ്യനിലും അളവററതായി കാണപ്പെടുന്നു; എന്നാൽ പൂർത്തികരിക്കാനുള്ള ശക്തി ഒഴിഞ്ഞുനില്ക്കുന്നു.

൯൰൰൧. ഭാവികാലം, വർത്തമാനകാലത്തിന്റെ വിശദീകൃതരൂപമാകുന്നു.

ൻ.ൃ൦. മരണം എല്ലാവസ്തുക്കളുടെയും അന്ത്യമാകുന്നു. പരിവൎത്തനം എല്ലാപ്രത്യക്ഷവസ്തുക്കളുടെയും ധൎമ്മമാകുന്നു.

ൻന്നവ്യ. സ്വാതന്ത്ര്യം ജഗത്തിന്റെ ഉദ്ദേശ്യമാകുന്നു; സ്വാതന്ത്ര്യംജഗത്തിന്റെ ലക്ഷ്യമാകുന്നു.

ൻന്നൻ. സ്വാതന്ത്ര്യം, കൎമ്മം ഭക്തി ജ്ഞാനം ഈ ത്രിവിധോപായങ്ങളാൽ പ്രാപിക്കപ്പെടുന്നു. കൎമ്മമെന്നതു പരോപകാരം ചെയ്യുകയും അനവസ്യൂതമായി പ്രവൎത്തിക്കുകയും അന്യന്മാരെ സ്നേഹിക്കുകയുമാകുന്നു. ഭക്തിയാകട്ടെ, പ്രാൎത്ഥനയും സ്തുതിയും ധ്യാനവുമാണു്. ജ്ഞാനം, നിഷ്ഠാനന്തരം സംഭവിക്കുന്നതുമത്രെ.

ൻ൦൦. ആശ വൎദ്ധിക്കുംതോറും സുഖഭോഗശക്തിയും വൎദ്ധിക്കുന്നു; അതുപോലെതന്നെ ദുഃഖാനുഭവശക്തിയും അധികപ്പെടുന്നു.

ൻ൧൧. ഏതൊരുവൻ ജഡവസ്തുക്കളിൽ സുഖത്തെ കാംക്ഷിക്കുന്നുവോ അവൻ അതിനെ പ്രാപിക്കുന്നു; എന്നാൽ അവൻ അതോടുകൂടി ദുഃഖത്തെയും സ്വീകരിക്കേണ്ടിവരുന്നു.

ൻ൨൨. പ്രത്യക്ഷസുഖങ്ങളെല്ലാം ഒടുവിൽ ദുഃഖത്തെത്തന്നെയുണ്ടാക്കും; എന്തുകൊണ്ടെന്നാൽ, മരണം, അഥവാ പരിവൎത്തനം, പരമാൎത്ഥമാണല്ലോ!

ൻ൩൩. പാപവുമില്ല, പുണ്യവുമില്ല; അജ്ഞാനമേ ഉള്ളൂ. അദ്വൈതാനുഭൂതിയാൽ അജ്ഞാനം നിഷ്കാസനം ചെയ്യപ്പെടുന്നു.

ൻരെ. ഈശ്വരകൃപകൊണ്ടു ശിഷ്യൻ, പുസ്തകം പഠിക്കാതെതന്നെ വിദ്വാനായിഭവിക്കുന്നു.

ൻ൫. നീ എന്തെങ്കിലും ദോഷം ചെയ്വാൻ കാംക്ഷിക്കുന്നുവെങ്കിൽ നിന്റെ പൂൎവ്വികന്മാരുടെ കൺമുമ്പിൽ ചെയ്യുക!

ൻന്ന. പരമാൎത്ഥമായ മതമുള്ള സ്ഥാനത്തു പുസ്തകാഭ്യസനം കടന്നുകൂടാനിടയില്ല.

ൻ൧. ഉപാസകന്മാരെല്ലാവരും സാധാരണജനങ്ങളെന്നും ധീരപുരുഷന്മാരെന്നും വിഭജിക്കപ്പെടുന്നു.

ൻ൭. ഈ ലോകം നമ്മെ ശക്തന്മാരാക്കിത്തീൎക്കുന്നതിനു, നാം എത്തിച്ചേരുന്ന ഒരു വലിയ സൈനികാഭ്യസനക്കളരിയാകുന്നു.

ൻൻ. ഏതൊരുവന്റെ ഹൃദയമാകുന്ന പുസ്തകം തുറന്നിരിക്കുന്നുവോ അവനു് അന്യപുസ്തകങ്ങളുടെ ആവശ്യമില്ല.

ൻവ്യാ. ജഡാണുക്കൾ ഒരിടത്തു ചേരുന്നതുപോലെ, മനഃകല്ലോലങ്ങൾ കാലത്തിൽ ചേരുന്നു.

ൻവ്യഥ. ദുഃഖത്തിന്റെ ബീജം, 'താൻ' ശരീരമാണെന്നുള്ള ഭ്രാന്തിയാകുന്നു. പാപം എന്നു് ഒന്നുണ്ടെങ്കിൽ, ഇതുതന്നെയാണു് (ഈ ഭ്രാന്തിയാണു്) ഒന്നാമത്തെ പാപം.

൯൭൨. മനുഷ്യൻ ഒരിക്കലും മരിക്കുന്നില്ല; ഒരിക്കലും ജനിക്കുന്നുമില്ല; മരിക്കുന്നതു ശരീരമാണ്.

൯൭൩. ഓരോ പ്രവൃത്തിയും പരിഹാസം, എതിരിടൽ, അനന്തരസ്വീകരണം ഇമ്മൂന്നിനെയും കടന്നു ചെല്ലേണ്ടിയിരിക്കുന്നു.

൯൭൪. സത്യമാണ് എന്റെ ദൈവം, ജഗത്താണ് എന്റെ ദേശം; കടമയെന്നു പറയപ്പെടുന്നതിൽ എനിക്കു വിശ്വാസമില്ല; കടമ സംസാരിക്കായിട്ടുള്ള ഒരു ശാപമാകുന്നു; സന്ന്യാസിക്കില്ല. കടമ ഒരു വഞ്ചനയാണ്.

൯൭൫. ഈശ്വരനും സത്യവുമത്രെ ലോകത്തിലെ രാഷ്ട്രീയവിഷയങ്ങൾ; മററൊക്കെ നിസ്സാരങ്ങളാകുന്നു.

൯൭൬. ഗുരുഭക്തിയത്രേ ജ്ഞാനാഭിവൃദ്ധിയുടെ അസ്ഥിവാരം.

൯൭൭. ഗുരുഭക്തിയുള്ളവൻ ലോകത്തെ ജയിക്കുന്നു. ഇതിനു ചരിത്രത്തിൽ ദൃഷ്ടാന്തങ്ങളുണ്ട്.

൯൭൮. അസൂയയെയും സ്വാർത്ഥത്തെയും അകററുക! സത്യത്തിനും മനുഷ്യവർഗ്ഗത്തിനും നിന്റെ രാജ്യത്തിനും കീഴ്പ്പെടുക! എന്നും സത്യത്തോടെ ജീവിക്കുക! നീ ലോകത്തെ ഇളക്കിമറിക്കും.

൯൭൯. മനുഷ്യസമുദായങ്ങളും മനുഷ്യവ്യക്തികളെപ്പോലെ, തങ്ങളെ തങ്ങൾതന്നെ സഹായിക്കണം.

൯൮൦. അസൂയ എല്ലാ അടിമകൾക്കുമുള്ള ഒരു ദോഷമാകുന്നു. നമ്മുടെ സമുദായത്തിനുമുള്ള ഒരു ദോഷം അതുതന്നെയാണ്.

൯൮൧. ഒരു പുഴുവിനെപ്പോലെ മരിക്കുന്നതിനെക്കാൾ പരമാർത്ഥത്തെ ഗ്രഹിച്ചുകൊണ്ടു കർത്തവ്യമാകുന്ന കളത്തിൽ മരിക്കുക ശ്ലാഘ്യമാകുന്നു; അത്യന്തം പ്രശംസനീയമാകുന്നു.

൯൮൨. ബലം പൌരുഷവും ക്ഷാത്രതേജസ്സുമാകുന്നു.

൯൮൩. ത്യാഗം, അഹിംസ, നശീകരണരാഹിത്യം ഇവ ചെറിയ ലൌകികത്തെക്കൊണ്ടും ചെറിയ എതിർപ്പുകൊണ്ടും ചെറിയ നശീകരണംകൊണ്ടും സമ്പാദിക്കപ്പെടേണ്ടതാണ്. ലക്ഷ്യത്തെ കൺമുമ്പിൽ നിർത്തിക്കൊണ്ട് അതിനെ നോക്കി പ്രവർത്തിക്കുക! എതിർപ്പില്ലാതെ, നശീകരണമില്ലാതെ, ഇച്ഛയില്ലാതെ, ആർക്കും ലോകത്തിൽ ജീവിക്കാൻ സാധിക്കുന്നതല്ല.

൯൮൪. ഒരുഭാഗത്തു മർക്കടമുഷ്ടിസമൂഹം ശവക്കുന്നുപോലെ സ്ഥിതിചെയ്യുന്നു; മറുഭാഗത്തു സമാധാനമററ, ക്ഷമയററ, തീപ്പൊരിപരത്തുന്ന, പരിഷ്കരണസമുദായവും. നമുക്കുള്ള മാർഗ്ഗം ഈ രണ്ടിന്റെയും ഇടയ്ക്കാണ്.

൯൮൫. ഓരോരുത്തരുടെയും ഈശ്വരൻ ഒരു പ്രത്യേകപുരുഷനായിരിക്കാൻ ഇടയില്ല; അദ്ദേഹം സമഷ്ടിപുരുഷനാണ്.

൯൯൬. നമ്മുടെ ആദർശം പ്രേമമായിരിക്കണം; ഭയമായിരിക്കാൻ പാടില്ല.

൯൯൭. നവീനവിചാരങ്ങൾ ഓരോന്നും, എതിരിനെ ഉണ്ടാക്കുകതന്നെ ചെയ്യും. പരിഷ്കൃതന്മാരിൽ വിനയപൂർവ്വമായ പരിഹാസത്തെയും മൃഗീയന്മാരിൽ ഹാസ്യസൂചകമായ "കൂക്കിവിളി"യെയും ആഭാസമായ അധിക്ഷേപങ്ങളെയും ജനിപ്പിക്കും.

൯൯൮. സ്ത്രീപുരുഷവ്യത്യാസത്തെയും അവകാശങ്ങളെസ്സംബന്ധിച്ച ചിന്തകളെയും കൈവിടുക! വേറെ ബന്ധമില്ല.

൯൯൯. വിവാഹവും സ്ത്രീപുരുഷവ്യത്യാസവും പണവുമത്രെ ജീവനോടുകൂടിയ പിശാചികൾ.

൧൦൦൦. സ്വാതന്ത്ര്യമെന്നുവച്ചാൽ, പണത്തെയുംമററും, നീയും ഞാനും വഴിതെററി വിനിയോഗിക്കുമ്പോൾ അതിനെ തടുക്കുന്ന പ്രതിബന്ധങ്ങൾ നേരിടാതിരിക്കത്തക്ക ഒരു അവസ്ഥയാണെന്ന് അർത്ഥമാക്കരുത്. എന്നാൽ അത്, നമ്മുടെ സ്വന്തം ശരീരത്തെയോ ബുദ്ധിയെയോ ഐശ്വര്യത്തെയോ അന്യന്മാരുടെ നന്മയ്ക്കായി, നമ്മുടെ ഇഷ്ടപ്രകാരം വിനിയോഗിക്കുന്നതിന് അനുവദിക്കപ്പെടുന്ന ജന്മബാദ്ധ്യതയാണ്.

൧൦൦൧. ശാരീരികവും മാനസികവും ആത്മീയവുമായ അഭിവൃദ്ധിയോടുകൂടി ഒരുവൻ മുക്തിയെ അഭിമുഖീകരിച്ചു പുരോഗമനം ചെയ്യുകയും അന്യന്മാരെ അതിലേക്കു സഹായിക്കുകയുമാണ് ഒരു മനുഷ്യന്റെ പരമോൽകൃഷ്ടമായ കർത്തവ്യവും സേവനവും.

൧൦൦൨. ഏതൊരുവൻ പ്രമാദവും, ഭ്രാന്തിയും, ദുഃഖവും നിറഞ്ഞ സംസാരസാഗരത്തിലെ തിരകൾ കണ്ടു ഭയപ്പെടാതെ ഒരു കൈകൊണ്ടു തിരയെ മുറിച്ചും മറേറ കൈകൊണ്ടു തുഴഞ്ഞും നിവൃത്തിമാർഗ്ഗത്തെ ലക്ഷ്യമാക്കി നീന്തുന്നുവോ അവനത്രെ വീരൻ.

൧൦൦൩. സ്ഥൈര്യവും വിശ്വാസവുമുള്ള നമ്മുടെ യുവാക്കന്മാർ വിവാഹമെന്നു പറയപ്പെടുന്ന മൃഗീയമായ ബലിപീഠത്തിൽ കൊലചെയ്യപ്പെടാതിരുന്നാൽ അവരിൽ എല്ലാം അടങ്ങിയിരിക്കും.

൧൦൦൪. ഏതെങ്കിലും ഒരാളിനെ സംബന്ധിച്ചു നിൽക്കുന്നവന്, സത്യമാകുന്ന ദൈവത്തെ സേവനം ചെയ്വാൻ പ്രയാസമാണ്. ഹേ, ആത്മൻ! സമാധാനത്തോടുകൂടി വർത്തിക്കുക! ഏകാഗ്രമായിരിക്കുക! ഈശ്വരൻ നിന്റെ ഒന്നിച്ചുണ്ട്.

## * ശ്രീവിവേകാനന്ദ

# വീരഗൎജ്ജനം.

---

ഞാൻ, പാശ്ചാത്യന്മാൎക്കു നൽകീട്ടുള്ള ഉപദേശങ്ങളും ഉദ്ബോധനങ്ങളും അസംഖ്യങ്ങളാകുന്നു. അവ ഭക്തിരസപ്രധാനങ്ങളും വീരരസം തുളുമ്പുന്നവയുമാണു്. എന്നാൽ, എന്റെ സഹോദരങ്ങളും സ്വദേശികളുമായ നിങ്ങൾക്കായിട്ടുള്ള എന്റെ ഉപദേശങ്ങൾ, അതിനെക്കാൾ പതിന്മടങ്ങു ഭക്തിരസത്തെയും വീരരസത്തെയും പ്രദാനം ചെയ്യുന്നവയാകുന്നു. പുരാതനഭാരതത്തിലെ ഉപദേശവാക്യങ്ങളെ എന്റെ ശക്തിക്കു് അനുസരിച്ചു പാശ്ചാത്യരാജ്യങ്ങളിൽ അടിക്കടി ഞാൻ ഉദ്ഘോഷിച്ചിട്ടുണ്ടു്. എന്റെ പ്രയത്നങ്ങൾ എത്രകണ്ടു ഫലപ്രദമാകുമെന്നു് എനിക്കു നിശ്ചയമില്ല. എന്നാൽ എന്റെ അനന്തരസന്തതികൾ അതു ഗ്രഹിക്കാതിരിക്കയില്ലെന്നു് എനിക്കു ബലമായ വിശ്വാസമുണ്ടു്.

പലേ രാജ്യങ്ങളിൽ സഞ്ചരിച്ചു്, പലേ ജാതിക്കാരുമായി ഇടപെട്ടു്, അവരുടെയെല്ലാം ആചാരങ്ങളെയും ജീവിതരീതികളെയും നടപടികളെയും സാമുദായമുറകളെയും അന്യോന്യമത്സരങ്ങളെയുംകുറിച്ചു നല്ലവണ്ണം മനസ്സിലാക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ അവരുടെ ഓരോരുത്തരുടെയും ആചാരങ്ങളും നടപടികളും മററും വ്യത്യസ്തങ്ങളായിരുന്നാലും, അവൎക്കു് എന്നല്ല, മനുഷ്യവൎഗ്ഗങ്ങൾക്കു് എല്ലാംതന്നേ, ഒരു വിഷയത്തിൽ ഐകരൂപ്യം കണ്ടുവരുന്നു എന്നുള്ള ഒരു സംഗതി എനിക്കു വലുതായ ആശ്ചൎയ്യത്തെ ജനിപ്പിക്കുന്നു. മനുഷ്യസമുദായത്തിലെ ഓരോ വ്യക്തിയും ജാതിമതവ്യത്യാസമൊ കാലദേശഭേദമോ കൂടാതെ സുഖദുഃഖങ്ങൾക്കും സന്തോഷസന്താപങ്ങൾക്കും തുല്യനിലയിൽ സ്വാഗതം നൽകുന്നു.

സുഖവും ദുഃഖവും എല്ലായിടത്തുമുണ്ടു്. അവ തുലാസ്സിലിട്ടു തുല്യതൂക്കം വരുത്തിവയ്ക്കപ്പെട്ടതുപോൽ കാണപ്പെടുന്നു. അതുപോലെതന്നെ, സ്വഭാഷയിൽ സംസാരിച്ചു് അന്യന്മാരെ കാൎയ്യം മനസ്സിലാക്കാൻ കഴിവുള്ള നിൎമ്മലമനസ്കന്മാർ എവിടെയുമുണ്ടു്. ഓരോ ജാതിയിലും മനുഷ്യസമുദായത്തിനുവേണ്ടി നന്മയെ ചെയ്യുന്നവരായ

---

* ഒരു ഗ്രന്ഥത്തിനു മുഖവുരയായി, സ്വാമികൾ സ്വന്തം, ഡയറിയിൽ എഴുതിയിട്ടിരുന്ന ഒരു പ്രബന്ധത്തിൽനിന്നും സംഗ്രഹിച്ചതു്.

പരോപകാരബുദ്ധിയുള്ള സ്ത്രീപുരുഷന്മാരുമുണ്ട്. ഇതിനെ ഒന്നുകൂടി വെളിപ്പെടുത്തുന്നതിനായി, "എല്ലാരാജ്യങ്ങളിലും ബ്രാഹ്മണന്മാരും ചണ്ഡാളന്മാരും വസിക്കുന്നു" എന്ന അശോകചക്രവത്തിയുടെ അഭിപ്രായത്തെ ഇവിടെ ഉദ്ധരിക്കാം.

പാശ്ചാത്യന്മാരിൽ തികച്ചും കൃതജ്ഞത പ്രകടിപ്പിക്കേണ്ട വിഷയത്തിൽ പലപ്രകാരത്തിലും ഞാൻ അവക്കു കടപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാക്കളായ പരോപകാരതല്പരന്മാരുമായ പലരും പ്രേമത്തോടും ഭക്തിയോടുംകൂടി എന്നെ എതിരേററു സ്വീകരിച്ചിട്ടുണ്ട്. എന്നാൽ എൻെറ ജനനത്തെ സംബന്ധിച്ചുള്ള അവകാശം എൻെറ മാതൃഭൂമിയായ ഈ ഭാരതവഷത്തിനു മാത്രമാകുന്നു. എനിക്ക് ഇനിയും ആയിരം ജന്മങ്ങളെടുക്കാൻ സംഗതിയാകുമെങ്കിൽ, അല്ലയോ, പ്രിയസഹോദരങ്ങളെ! ആ സഹസ്രം ജന്മങ്ങളും ഭാരതത്തിനുവേണ്ടി വേലചെയ്യുന്നതിനു ഞാൻ വിനിയോഗിക്കുന്നതാണ്. അതേ, ഇപ്പുണ്യഭൂമിയ്ക്കായി എൻെറ ദേഹവും ദേഹിയും ധനവും— അല്ല, എൻെറ സർവസ്വവും—ഞാൻ ഇതാ സമർപ്പണം ചെയ്യുന്നു! ഏതെങ്കിലും ഒരു വിഷയത്തിൽ എനിക്കു വിജയം സിദ്ധിക്കുന്നു എങ്കിൽ ആ വിജയത്തിനും തജ്ജന്യമായ യശസ്സിനും അവകാശികൾ നിങ്ങളല്ലാതെ ഞാനല്ല; അതേ, എനിക്ക് അതിന് അവകാശമില്ല. എനിക്ക് അവകാശപ്പെടുന്നുവെങ്കിൽ, അതു് എൻെറ പ്രയത്നത്തിനു നേരിടുന്ന അപജയത്തെയും അയശസ്സിനെയുമാകുന്നു. പരിപാവനമായ ഈ ഭാരതവഷത്തിൽ ജനിക്കുന്നതുകൊണ്ടുതന്നെ ഏതൊരുവനും ഉൽകൃഷ്ടവിചാരവും വിശിഷ്ടബുദ്ധിയും സിദ്ധിക്കുന്നു ഈ പുണ്യഭൂമിയിൽ അപജയവും അയശസ്സും ഞാൻ സമ്പാദിക്കുന്നുവെങ്കിൽ അവ എൻെറ ബലഹീനതയെയും അജ്ഞതയെയും വെളിപ്പെടുത്തുകയായിരിക്കും.

ആര്യാവത്തം; ഹാ! എത്ര മഹത്തമം! എന്തൊരുപുണ്യഭൂമി! ഈ വിശിഷ്ടഭൂമിയിൽ കാലൂന്നിനില്ക്കുന്ന ഏതൊരുത്തനും, സ്വദേശിയോ വിദേശിയോ ആയിക്കൊള്ളട്ടെ, മൃഗീയതപത്തെ അവൻ അനുകരിക്കാതിരിക്കുന്നിടത്തോളം, തൻെറ ചുററും ലോകഗുരുക്കന്മാരെയും അഭിജ്ഞന്മാരെയും ദർശിക്കുന്നു. ഭൂതാന്തരീക്ഷത്തിൽ വിശുദ്ധനാകാറുപോലും ഭക്തിസൌരഭ്യസംപൂർണ്ണമാകുന്നു. ഈ ഭാരതവഷം അദ്ധ്യാത്മവിഷയത്തിൽ അദ്വിതീയമാകുന്നു. ഈ ഭാരതഭൂമിയത്രെ പരമാനന്ദത്തിൻെറ പാപ്പിടം. പരമദുഃഖത്തിന് ഇരിപ്പിടമായിരിക്കുന്നതും ഈ ഭാരതഭൂമിതന്നെ. ആദ്യമാദ്യമായി "ഇക്കണ്ടതെല്ലാം കളി" യെന്നു പ്രഖ്യാപനംചെയ്തതും ഈ പരിശുദ്ധഭൂമിയാകുന്നു. സന്തോഷസംപൂർണ്ണമായ യൌവനപ്രായത്തിൽ, സർവസമ്പൽസമൃദ്ധമായ

ജീവിതദശയിൽ, സകലവിധസൌഭാഗ്യങ്ങളും സവിശേഷം ആയ ത്തമായ ഘട്ടത്തിൽ, സർവ്വം മായയായിക്കണ്ടു തിരസ്കരിച്ചവരെ പ്രസവിച്ചതും ഈ പുണ്യഭൂമിയാകുന്നു. സുഖദുഃഖങ്ങൾക്കിടയിലും കുബേരകുചേലത്വത്തിന്റെ മദ്ധ്യത്തിലും സന്തോഷസന്താപങ്ങളുടെ നടുക്കും ഹാസരോദനങ്ങൾക്കുമദ്ധ്യേയും ജനനമരണങ്ങൾക്കിടയിലും, അനശ്വരമായ പരമാനന്ദത്തിന്റെയും ശാന്തിയുടെയും മദ്ധ്യത്തിലും "ത്യാഗം" എന്ന ദിവ്യാസനം അധിവസിക്കുന്നതു് ഈ ഭാരതഖണ്ഡത്തിൽ മാത്രമാകുന്നു. ഈ ഭൂമിയാണു്, ജനനമരണങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കു് ആദ്യമായി കച്ചകെട്ടിയതു്. അതിനുമുമ്പു യാതൊരു ഭൂഖണ്ഡവും ഇതിനെപ്പററി ഇത്രത്തോളം വിശദമായി ചർച്ചചെയ്തിട്ടില്ല; ഇനിചെയ്യുമെന്നു വിചാരിക്കാനുമില്ല. എന്തുകൊണ്ടെന്നാൽ, ഈ അദ്ധ്യാത്മഭൂഖണ്ഡമത്രേ, ജനനം ദുഃഖമയമായ ഒരു ഭാരമാണെന്നും വാസ്തവത്തിൽ അതു് ഏതോ ഒരു വസ്തുവിന്റെ പ്രതിഫലനം അല്ലാതെ മറെറാന്നുമല്ലെന്നും ഒന്നാമതായിക്കണ്ടറിഞ്ഞതു്. മതം എന്നതു ജീവിതത്തിനു് അനുഗുണമായും പാരമാർത്ഥികമായും കാണപ്പെട്ടുന്നതു് ഈ നാട്ടിലല്ലാതെ മറെറങ്ങുമല്ല. സ്വാർത്ഥത്തെ മുന്നിർത്തി, പരധനത്തെ അപഹരിക്കുന്നവരെ അനുകരിക്കാതെ, മതത്തിൽ മാത്രം ശ്രദ്ധിക്കുന്ന സ്ത്രീകളും പുരുഷന്മാരും ഈ ഭാരതഭൂമിയിലത്രേ കാണപ്പെടുന്നതു്. മനുഷ്യരുടെ ഹൃദയം, സാമുദായികസന്തോഷസന്താപചിന്താപരിധിയെ കടന്നു്, പക്ഷിമൃഗാദികളുടെയും സുഖദുഃഖങ്ങളെക്കുറിച്ചു ചിന്തിച്ചുതുടങ്ങിയതു് ആദ്യമായി ഈഭാരതഖണ്ഡത്തിലാകുന്നു. രാജാവിനെയും യാചകനെയും സമനിലയിൽ വീക്ഷിച്ചതും ഈ വിശിഷ്ടഭൂഖണ്ഡമാണു്. പരമാണു മുതൽ പരബ്രഹ്മംവരെ ഏകമാണെന്നു ബോധിച്ചതും ഈ ഭാരതവർഷമാകുന്നു.

ചില വിഷയങ്ങളെസ്സംബന്ധിച്ചിടത്തോളം ഇന്നു് ഇന്ത്യ അധഃപതിച്ചിരിക്കുന്നു എന്നും, അത്രമാത്രം അതിന്റെ മാഹാത്മ്യത്തിനു വൈകല്യം സംഭവിച്ചുപോയെന്നുമുള്ള മുറവിളികൾ പലപ്പോഴും നാം കേൾക്കുന്നുണ്ടു്. ഒരിക്കൽ ഞാനും അതുവിശ്വസിച്ചിരുന്നു. എന്നാൽ അനുഭവം ആ വിശ്വാസത്തെ ശിഥിലീകരിച്ചിരിക്കുന്നു. ആര്യന്മാരാൽ അതിശയേനപോററപ്പെട്ട ഹേ! ആര്യാവർത്തമേ! നിനക്കുണ്ടോ അധഃപതനം? ഇല്ല; ഒരിക്കലുമില്ല. അനേകചെങ്കോലുകൾ നിന്നെ ഭരിക്കുകയും മുറത്തൊടുങ്ങുകയും ചെയ്തു, ഭരണചക്രം ഉരുണ്ടുരുണ്ടുചെന്നു കൈമാറിക്കൈമാറിമറഞ്ഞു. ഇന്ത്യയിലെ ഓരോ രാജാക്കന്മാരും സ്വപ്രജകളെ പ്രാണനിർവിശേഷം സ്നേഹിച്ചു പാലിച്ചുപോന്നു. കാലചക്രത്തിന്റെ വക്രഗതി എന്റെ വന്ദ്യമാതാവായ ഇന്ത്യാദേവിയെ ചിലപ്പോൾ തലതാഴ്ത്തി കണ്ണീർപൊഴിപ്പിച്ചും മാറു ചില

പ്പോൾ ഇളംപുഞ്ചിരിതൂകിച്ചും ചില ഘട്ടങ്ങളിൽ ശിരസ്സുയർത്തി ആഹ്ലാദഭരിതമായ മുഖത്തോടുകൂടി സഗൌരവം നടത്തിയും പോരുന്നതിൽ എനിക്ക് അനല്പമായ ആശ്ചര്യമുദിക്കുന്നു. ഭാരതമാതാവിന്റെ ഗതിയെ നിർദ്ദേശിക്കാൻ മനഃകരുത്തുള്ളവർ ആരുണ്ട്! കർമ്മഫലത്തെ നീക്കാൻ 'മൂവ'രാലും സാദ്ധ്യമല്ല.

എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ! എന്റെ ഉദ്ബോധനത്തെ സശ്രദ്ധം ചെവിക്കൊൾവിൻ! ഇന്ത്യയ്ക്കു പുറമെ ഞാൻ നടത്തിയ പ്രചാരണ പ്രവൃത്തികളുടെ ഫലം എന്തായിരിക്കുമെന്നു നിങ്ങളെ ധരിപ്പിക്കുവാൻ എനിക്കിപ്പോൾ നിവൃത്തിയില്ല. എന്നാൽ ഒരു സംഗതി തീർത്തു പറയാം; നവീനപരിഷ്ക്കാരത്തിന്റെ പരമകോടിയിലെത്തിയ കോടാനുകോടിജനങ്ങൾ ലോകായത—ചാർവാക—ശാസ്ത്രമാകുന്ന പടുകുഴിയിൽ പതിച്ചു ഗത്യന്തരമില്ലാതെ നട്ടംതിരിയുന്നു. തങ്ങളെ രക്ഷിക്കാൻ ആരാണുണ്ടാകുമെന്ന് അവർ ഇതാ ഉററുനോക്കുന്നു. ഈ സംഗതി ഞാൻ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ട്. നവീനാചാര പരിഷ്ക്കാരകാരകന്മാരിൽ, ചിലർ മാത്രം വേദാന്തം ഒന്നുമാത്രമെ തൽപരിഹാരമാർഗ്ഗമായിട്ടുള്ളു എന്നു വിശ്വസിക്കുന്നു. അതു യുക്തവുമത്രേ.

സുഹൃത്തുക്കളെ! തങ്ങളുടെ വംശം രാജപരമ്പരയിൽ പെട്ടതാണെന്നു പറവാൻ മടിക്കുന്ന—പ്രത്യുത, ജിതേന്ദ്രിയന്മാരായി, തപോനിഷ്ഠന്മാരായി വനത്തിൽ വസിക്കുന്ന മഹർഷീശ്വരന്മാരുടെ വംശപരമ്പരയിൽ ഉൾപ്പെട്ടതാണെന്നു പറവാൻ ഔത്സുക്യം പ്രകടിപ്പിക്കുന്ന—രാജാക്കന്മാരാൽ ഭരിക്കപ്പെടുന്ന ഏതെങ്കിലും ഒരു രാജ്യത്തെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ രാജ്യം ഈ ഭാരതഭൂമിയല്ലാതെ മറെറതാണ്? വിദേശങ്ങളിലാകട്ടെ, ഒരു വലിയ മതാചാര്യൻ തന്റെ വംശം, രാജവംശമാണെന്നു പറയും; നേരെമറിച്ചു ഭാരതഖണ്ഡത്തിലാണെങ്കിൽ രാജാക്കന്മാരും ചക്രവർത്തികളും തങ്ങളുടെ വംശം പുരാതനമുനിവംശത്തിൽ ചേർന്നതാണെന്നു പറയുകയുള്ളൂ; അതിലാണ് അവരുടെ അഭിമാനവും ആഭിജാത്യവും അന്തർഭവിച്ചിരിക്കുന്നതെന്ന് അവർ ഹൃദയപൂർവ്വം വിശ്വസിക്കുന്നു. അതുകൊണ്ട്, നിങ്ങൾക്കു മതവിഷയത്തിൽ വിശ്വാസമുണ്ടെങ്കിലും ഇല്ലെങ്കിലും ശരി, നിങ്ങളുടെ ദേശാചാരത്തെ അനുസ്മരിച്ചെങ്കിലും, നിങ്ങൾ മതപ്പററുള്ളവരായിരിക്കണം. പിന്നിട്ടു നിങ്ങൾ ആശിക്കുന്ന ഇതരാചാരങ്ങളെ സ്വീകരിച്ചുകൊള്ളുവിൻ! എന്നാൽ അപ്രകാരം സ്വീകരിക്കപ്പെടുന്നവ നിങ്ങളുടെ ജീവിതയാത്രയിൽ ഏതെങ്കിലും ഒരു ലക്ഷ്യത്തെക്കുറിക്കുന്നവയായിരിക്കണം. അങ്ങനെ വരുമ്പോൾ ഇന്ത്യ പല വിഷയത്തിലും അഭിവൃദ്ധിയെ പ്രാപിക്കുന്നതാണ്; അടുത്ത ഭാവിയിൽ ക്രമേണ ഉന്നതമായ സ്ഥാനത്തിൽ എത്തുന്നതാണ്; പുരാതനകാലത്തെ

അപേക്ഷിച്ച് ഇന്ത്യയ്ക്കു മാഹാത്മ്യം സിദ്ധിക്കുകയും ചെയ്യും. പണ്ടുണ്ടായിരുന്ന ഋഷിവര്യന്മാരെക്കാൾ ശ്രേഷ്ഠന്മാരായ മഹാന്മാരും മഹാത്മാക്കളും ഉണ്ടാകുന്നതുമാണു്; നിങ്ങളുടെ പൂർവ്വികന്മാർ പരലോകത്തിലിരുന്നു തങ്ങളുടെ സന്തതികളുടെ സൌഭാഗ്യത്തെക്കണ്ടു സംതൃപ്തിയും സന്തുഷ്ടിയും അടയുകയും ചെയ്യും. ആയതിനാൽ എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ, നമുക്ക് അല്പം മുമ്പോട്ടു കടന്നു വേല ചെയ്യാം. ഉറക്കംതൂങ്ങികളായിരിക്കാനുള്ള സമയമിതല്ല. ഇന്ത്യയുടെ ശോഭനമായ ഭാവി, നമ്മുടെ പ്രയത്നത്തെ ആശ്രയിച്ചിരിക്കുന്നു. ഭാരതമാതാവു് ഇതാ, നമ്മെക്കാത്തുനിൽക്കുന്നു; അല്ല, ആ അമ്മ ഉറങ്ങിക്കിടക്കുന്നു. നിങ്ങളും ഉണർന്നു ജനനിയെ ഉണർത്തുവിൻ! പണ്ടെങ്ങും അനുഭവിച്ചിട്ടില്ലാത്ത പരമാനന്ദത്തോടും വൈഭവത്തോടും കൂടി ഭാരതദേവിയെ എന്നേയ്ക്കുമായി സിംഹാസനത്തിൽ ആരോഹണം ചെയ്യിക്കുവിൻ!

ശൈവന്മാർക്കു ശിവനായും വൈഷ്ണവന്മാർക്കു വിഷ്ണുവായും ബൌദ്ധന്മാർക്കു ബുദ്ധനായും ക്രൈസ്തവന്മാർക്കു ക്രിസ്തുവായും മുഹമ്മദീയർക്കു നിബിയായും ഓരോകാലത്തിന്റെ നാഥനായും വേദാന്തികൾക്കു ബ്രഹ്മമായും ഏതൊരു ദിവ്യശക്തിയുണ്ടോ, സർവ്വവ്യാപിയായ ആ മഹാശക്തി നമ്മെ രക്ഷിപ്പൂതാക!

ഓം ശാന്തി! ശാന്തി!! ശാന്തി!!!

B117

MUL
066799